KOTTAYAM PUBLIC LIBRARY

Call No M200 SHE:S Acc. No 11440

Author ഷീൻ, മോൺ ഫുൾട്ടൻ. ജെ

Title സ്വാതന്ത്ര്യത്തിലേക്ക്

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

924

11440.

# സ്വാതന്ത്ര്യത്തിലേയ്ക്കു്

(മോൺ. ഫുൾട്ടൻ ജെ. ഷീൻ)

രണ്ടാം പതിപ്പു്

പരിഭാഷകൻ

കുറിയാക്കോസ് ഏണേക്കാടൻ ബി. ഏ.

പൊൻകുന്നം

(പ്രകർപ്പവകാശം)
എസ്. എച്ച്. ലീഗ്, ആലുവാ
1953

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

[കോപ്പി 1500] [വില രൂ. 1—14—0

M200

Nihil Obstat

Fr. Aurelian, O. C. D., Rector,
*Ap. Seminary, Alwaye*

Ap. Seminary,
*2nd March 1953.*

Re-Imprimatur.

† Joseph Attipetty,
Abp., Verapoly.

*Ernakulam,*
*25th April 1953.*

Printed at the J. M. Press, Alwaye, and Published by
"S. H. League", Apostolic Seminary, Alwaye, 1953.

No 11440.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# സമർപ്പണം

എന്റെ വന്ദ്യപിതൃവ്യൻ

ദിവ്യശ്രീ ഏണേക്കാട്ട യൗസേപ്പുകത്തനാർ

അവർകൾക്കു്

—പരിഭാഷകൻ

# പ്രസ്താവന

അനുദിവസം, അനുനിമിഷം, നാം സ്വാതന്ത്ര്യത്തിനു വേണ്ടി ദാഹിക്കുകയും യത്നിക്കുകയും ചെയ്യുന്നു. എന്നാൽ, എന്താണീ സ്വാതന്ത്ര്യം? എങ്ങനെയാണതു സമ്പാദിക്കുക? —അധികം പേർക്കും നിശ്ചയമില്ല. വ്യക്തിയുടെയായാലും ജനതയുടെയായാലും സ്വാതന്ത്ര്യപ്രാപ്തിയെ സംബന്ധിച്ചിടത്തോളം പരമപ്രാധാന്യം അർഹിക്കുന്ന ഈ പ്രശ്നങ്ങൾക്ക് ഒരു നിർഭയചിന്തകനായ മോൺസിഞ്ഞോർ ഷീൻ നല്കുന്ന മറുപടിയാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

പ്രോത്സാഹജനകമായ ഒരവതാരിക സസ്നേഹം ഇതിനെഴുതിത്തന്ന എന്റെ വന്ദ്യഗുരുഭൂതൻ റെവ. ഡോക്ടർ എൽ. ജെ. ചിറ്റൂർ പി. എച്ച്. ഡി., ഡി. ഡി. അവർകൾക്കു ഹൃദയപൂർവ്വം നന്ദി പറഞ്ഞുകൊള്ളുന്നു. 'വിദ്യാഭ്യാസപ്രക്ഷോഭണ' കാലത്തു് ഒരു യഥാർത്ഥസ്വാതന്ത്ര്യവാദിയെന്നു പ്രസിദ്ധി സമ്പാദിച്ച അദ്ദേഹത്തിന്റെ അവതാരിക ഈ ഗ്രന്ഥത്തിനു സർവ്വഥാ ഭൂഷണമത്രേ. തർജ്ജിമയ്ക്കു പുസ്തകം നിർദ്ദേശിച്ചതും, നിരന്തരമായ ഉത്തേജനത്താൽ പ്രതിപദം അതിനെ പുരോഗമിപ്പിച്ചു്, അനുവാചകലോകത്തെ ഇങ്ങനെ അഭിവാദനം ചെയ്യുവാൻ ഈ ഗ്രന്ഥശിശുവിനെ ശക്തമാക്കിയതു്, നിശ്ശബ്ദസേവനത്തെ ജീവിതവ്രതമാക്കിയിരിക്കുന്ന മററു രണ്ടു ഗുരുനാഥന്മാരാണ് — വെരി റെവ. ഫാദർ സക്കറിയാസ് ഒ. സി. ഡി. യും വിദ്വാൻ, ദിവ്യശ്രീ ഫാദർ ജോൺ കുന്നപ്പിള്ളി അവർകളും. ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ അവർക്കു കടപ്പെട്ടിട്ടുള്ള അംശം നീക്കിയാൽ, ഈ തർജ്ജിമയിൽ അധികമൊന്നും ശേഷിക്കയില്ല. അവർക്കിരുവർക്കും എന്റെ കൃതജ്ഞതാദരങ്ങൾ! പ്രൂഫ് വായിക്കുവാനും മററും യഥാവസരം സഹായിച്ചിട്ടുള്ള മാന്യസുഹൃത്തുക്കൾക്കും എന്റെ കൂപ്പുകൈ.

—പരിഭാഷകൻ

# അവതാരിക

(റവ. ഡോക്ടർ എൽ. ജെ. ചിററൂർ, പി. എച്ച്. ഡി., ഡി. ഡി.)

സ്വാതന്ത്ര്യതൃഷ്ണ വളരെ വർദ്ധിച്ചിരിക്കുന്ന ഒരു കാലമാണിതു്. എല്ലാ രാജ്യങ്ങളിലും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം നടക്കുന്നതായി നാം കാണുന്നു. രാഷ്ട്രീയസ്വാതന്ത്ര്യം പ്രാപിച്ചിട്ടില്ലാത്ത രാജ്യങ്ങൾ വിദേശമേധാവിത്വത്തെ വലിച്ചെറിയുന്നതിന് ഏതു ത്യാഗവും ചെയ്യുവാൻ സന്നദ്ധരാണ്. നമ്മുടെ ഭാരതത്തിൽ രക്തച്ചൊരിച്ചിൽകൂടാതെയാണെങ്കിലും സ്വരാജ്യം സമ്പാദിക്കുവാൻവേണ്ടി നടന്ന പരിശ്രമങ്ങളും നേതാക്കന്മാർ അനുഭവിച്ച യാതനകളും ഇന്നും നമ്മുടെ സ്മൃതിപഥത്തിൽ സജീവമായിരിക്കുന്നു. സ്വേച്ഛാധിപതികളായ രാജാക്കന്മാരെയും മന്ത്രിമാരെയും വച്ചുവാഴിക്കയില്ലെന്നു നമ്മുടെ നാട്ടിലും വിദേശങ്ങളിലും നടക്കുന്ന സംഭവങ്ങൾ ഉദ്ഘോഷിക്കുന്നുണ്ടു്.

സ്വാതന്ത്ര്യത്തിനു രാഷ്ട്രീയവശം മാത്രമല്ല ഉള്ളതു്. ഒരു രാജ്യത്തിനകത്തുതന്നെ തൊഴിലാളികൾ അവരുടെ സ്വാതന്ത്ര്യത്തേയും മുതലാളികൾ അവരുടെ സ്വാതന്ത്ര്യത്തേയും ഭദ്രമാക്കുവാൻ പരിശ്രമിക്കുന്നുണ്ടു്. വിദ്യാർത്ഥിസംഘടനകളും വനിതാസംഘടനകളും ഇതേ ഉദ്ദേശ്യത്തോടെ പ്രവത്തിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നു. സാമ്പത്തികസ്വാതന്ത്ര്യം കൈവരേണ്ടതാണാവശ്യമെന്നു ധനതത്വശാസ്ത്രജ്ഞന്മാരും, ആരാധനാസ്വാതന്ത്ര്യത്തിനുവേണ്ടി മറ്റെന്തും ബലിയർപ്പിക്കാൻ സന്നദ്ധരാണെന്നു മതവിശ്വാസികളും വാദിക്കുന്നു. ആദർശത്തേയും അതു പ്രാപിക്കുന്നതിനു സ്വീകരിക്കേണ്ട

മാറ്റങ്ങളേയുംസംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങളും ഉണ്ടെ ന്നു നമുക്കറിയാം. പലരും ചിന്തിക്കുന്നതിനു പ്രാപ്തരല്ലാതെ മുദ്രാവാക്യങ്ങളുടെ പിന്നാലേ ഓടിക്കൂടുകയാണു ചെയ്യുന്നതു്.

ഈ അവസരത്തിൽ സ്വാതന്ത്ര്യത്തിൻെറ വിവിധവശങ്ങളെസംബന്ധിച്ച്, അതിൻെറ അടിസ്ഥാനവും മാറ്റങ്ങളും ഏവയാണെന്നു ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം സാധാരണജനങ്ങളിൽ ചിന്താശീലം ഉളവാക്കുന്നതിനും യാഥാൎത്ഥ്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും ഉതകുന്നതാണ്. 'സ്വാതന്ത്ര്യത്തിലേയ്ക്കു്'' എന്ന പേരിൽ പ്രസിദ്ധം ചെയ്യുന്ന ഈ പുസ്തകം പ്രസ്തുതാവശ്യം നിൎവ്വഹിക്കുന്നതാണ്.

അമേരിക്കയിൽ ഇന്നു ജീവിച്ചിരിക്കുന്നവരിൽ ഒന്നാംകിടയിൽ നില്ക്കുന്ന ഒരു പ്രസംഗകനും എഴുത്തുകാരനുമാണു മോൺസിഞ്ഞോർ ഷീൻ. അനേകം കൊല്ലങ്ങളായി അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്ന റേഡിയോപ്രസംഗംതന്നെ അദ്ദേഹത്തിൻെറ പ്രശസ്തിയുടെ ലക്ഷ്യമാണ്. ഇരുപതാം നൂററാണ്ടിലെ 'തോമസ് അക്വിനാസ്'' എന്നുപോലും അദ്ദേഹത്തെപ്പററി പറയാറുണ്ടു്. അതിഗഹനങ്ങളായ താത്വികവിഷയങ്ങൾ ലളിതമായി അദ്ദേഹം പ്രതിപാദിക്കുന്നതു വായിക്കാൻ ഒരു പ്രത്യേകരസമുണ്ടു്. 'Freedom Under God' എന്ന പേരിൽ അദ്ദേഹം എഴുതിയിരിക്കുന്ന ഈ ഗ്രന്ഥം അദ്ദേഹത്തിൻെറ അനേകഗ്രന്ഥങ്ങളിൽ മുന്നണിയിൽ നില്ക്കുന്ന ഒന്നാണ്.

സരളമായ ഗദ്യശൈലിയും സമ്പന്നമായ പദ്യവാസനയും കൈവന്ന ഏഃണക്കാട്ട് ബ. കുര്യാക്കോസ് ശ. ഈ വിശ്രുതഗ്രന്ഥത്തിൻെറ പരിഭാഷ കേരളീയൎക്കു പ്രദാനം ചെയ്യുന്നു. അവസരോചിതമായ ഈ പ്രസിദ്ധീകരണം, അദ്ദേഹത്തിൻെറ സാഹിത്യസേവനത്തിൻെറ ശാശ്വതസ്മാരകമായിരിക്കുമെന്നാണെൻെറ പ്രതീക്ഷ. ഗുരുശിഷ്യവാത്സല്യം വളൎന്നു

സ്നേഹിതസമത്വത്തിലെത്തിയിരിക്കുന്ന എൻെറ ബഹുമാന്യ സുഹൃത്തിൻെറ കൃതിയെ മംഗളാശംസകളോടു പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളട്ടെ. യഥാൎത്ഥസ്വാതന്ത്ര്യം വേണ്ട വിധത്തിൽ അനുഭവിക്കുന്നതിന് ഈ ഗ്രന്ഥം കേരളീയൎക്കു സഹായകമാകട്ടെ.

പൊൻകുന്നം
3–10–1949

എൽ. ജെ. ചിറയ്ക്കൽ.

# വിഷയവിവരം


| | | പേജ് |
|---|---|---|
| | പ്രസ്താവന | iv |
| | അവതാരിക | v |
| I | മതത്തിനെന്തു സ്ഥാനം? | 1 |
| II | സ്വാതന്ത്ര്യത്തിന്റെ പേരിൽ | 15 |
| III | യഥാർത്ഥസ്വാതന്ത്ര്യം | 31 |
| IV | സ്വാതന്ത്ര്യത്തിന്റെ സാമ്പത്തികാലംബം | 46 |
| V | സ്വാതന്ത്ര്യവും അമിതസിദ്ധാന്തങ്ങളും | 66 |
| VI | തൊഴിലിന്റെ മാഹാത്മ്യം | 99 |
| VII | തൊഴിലാളിയും സ്വാതന്ത്ര്യവും | 125 |
| VIII | രാഷ്ട്രവും സ്വാതന്ത്ര്യവും | 150 |
| IX | സ്വാതന്ത്ര്യവും ജനകീയഭരണവും | 167 |
| X | സ്വാതന്ത്ര്യത്തിന്റെ അതിര് | 186 |
| XI | സ്വാതന്ത്ര്യവും സമത്വവും | 203 |
| XII | സ്വാതന്ത്ര്യവും സംയമനവും | 224 |
| XIII | സ്വാതന്ത്ര്യവും മതവും | 248 |

No. 11440
PUBLIC LIBRARY KOTTAYAM

# സ്വാതന്ത്ര്യത്തിലേയ്ക്ക്

## ഒന്നാം അദ്ധ്യായം

### മതത്തിനെന്തു സ്ഥാനം?

മതവും സാമുദായികകാര്യങ്ങളും തമ്മിൽ എന്തു ബന്ധമാണുള്ളതെന്ന ചോദ്യത്തിനു പരസ്പരഭിന്നങ്ങളായ രണ്ടുത്തരങ്ങളാണു കഴിഞ്ഞ നൂററാണ്ടിൽ ലഭിച്ചിരുന്നതു്. ഒന്നു്: മതത്തിനു സാമുദായികകാര്യങ്ങളുമായി യാതൊരു ബന്ധവുമില്ല. രണ്ടു്: മതം സാമുദായികകാര്യങ്ങളുടെ ശത്രുവാണു്.

ഇവയിൽ ആദ്യത്തെ അഭിപ്രായത്തെ മുറുകെപ്പിടിച്ചിരുന്നവരാണു ലിബറലിസ്ററു കക്ഷികൾ. ദൈവത്തേയും മാമ്മോനേയും ഒരേ കാലത്തു സേവിക്കുവാൻ കഴിയുമെന്നായിരുന്നു അവരുടെ വിശ്വാസം. കേവലം വികാരപരവും ഇഷ്ടാനുസരണം മനുഷ്യനു സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാവുന്നതും എന്നാൽ സാമ്പത്തികലോകത്തിലാകട്ടെ രാഷ്ട്രീയമണ്ഡലത്തിലാകട്ടെ യാതൊരു കാരണത്താലും കണ്ടുപോകരുതാത്തതുമായ ഒരാഡംബരമായിട്ടാണു മതവിശ്വാസത്തെ അവർ പരിഗണിച്ചതു്. ആഴ്ചയിൽ ആറുദിവസം ജീവസന്ധാരണത്തിനുവേണ്ടി അദ്ധ്വാനിക്കുന്നതിനും ഏഴാമത്തെ ദിവസം വിശ്രമിക്കുന്നതിനുമുള്ളതാണു്. അന്നു വിശ്രമിക്കുന്നതിനു പകരം 'പള്ളിയിൽപോകണ'മെന്നു് ഒരുവൻ ആഗ്രഹിക്കുന്നപക്ഷം അവൻ പൊയ്ക്കൊള്ളട്ടെ; അതു് അവന്റെ കാര്യമാണു്. എന്നാൽ തിങ്കളാഴ്ച രാവിലെ ജോലിസ്ഥല

ത്തു് അവൻ പ്രത്യക്ഷപ്പെടുമ്പോൾ 'പള്ളിയിൽ പോയ'തിന്റെ യാതൊരു ലക്ഷണവും അവനിൽ കണ്ടുപോകരുതു്. മതം 'സ്വകാര്യ'മാണു്. തൊഴിൽ 'പൊതുക്കാര്യ'വും. സുഹൃത് സമ്മേളനങ്ങളിൽവച്ചു്, അന്യരുടെ രാഷ്ട്രീയാഭിപ്രായങ്ങളെക്കുറിച്ചും മനസ്സാക്ഷിയെക്കുറിച്ചും എത്ര സുദീർഘമായ വാദപ്രതിവാദങ്ങൾ വേണമെങ്കിലും നടത്താം—വിരോധമില്ല. എന്നാൽ, 'മതപരമായ കാര്യങ്ങൾ' എടുത്തിടുന്നതുമാത്രം ഒരു ഭംഗിയാണു്. രാഷ്ട്രീയവും സാമ്പത്തികവുമായ രംഗങ്ങളിൽ ധർമ്മാധർമ്മങ്ങളെ വിഭവചിച്ചു വിധി പ്രസ്താവിക്കുവാനുള്ള അവകാശം ഓരോ വ്യക്തിക്കുമുള്ളതാകയാൽ അവിടെ ഏതെങ്കിലും ധാർമ്മികതത്ത്വമുപദേശിക്കുവാൻ കത്തോലിക്കാസഭ മുതിരുന്നപക്ഷം അതു് അനധികൃതമായ ഒരു കൈകടത്തലായിരിക്കും. കാഴ്ച, കേൾവി മുതലായ ഇന്ദ്രിയധർമ്മങ്ങളെപ്പോലെ മനുഷ്യജീവിതത്തോടു് അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്ന ഒരവശ്യഘടകമായിട്ടല്ല, യഥേഷ്ടം ഉടുക്കുകയും ഉരിഞ്ഞു കളയുകയും ചെയ്യാവുന്ന ഒരു വസ്ത്രമായിട്ടാണു മതത്തെ അവർ പരിഗണിച്ചു പോന്നതു്.

കാൽവരിമലയിൽ നിർവ്വഹിക്കപ്പെട്ട രക്ഷാകൃത്യത്തിനു സാമൂഹികവ്യവസ്ഥിതിയുമായി ബന്ധമൊന്നുമില്ലെന്നുള്ള ഒരു മനോഭാവം അങ്ങനെ വളൎന്നുവന്നു. ധനാർജ്ജനത്തിനുള്ള ശ്രമങ്ങളിൽ ആത്മാവിനു് ഒരു സ്ഥാനവുമില്ലെന്നായി. മതസംബന്ധമായ കാര്യങ്ങളിൽ രാഷ്ട്രവും സാമ്പത്തികതത്ത്വങ്ങളും ഇടപെടുന്നില്ലെങ്കിൽ, രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങളിൽ മതം എന്തിനിടപെടുന്നുവെന്നു് അവർ ചോദിച്ചു തുടങ്ങി. സാമ്പത്തികമണ്ഡലത്തുനിന്നു നിശ്ശേഷം മാറിനിന്നുകൊള്ളാമെന്നുള്ള വ്യവസ്ഥയിന്മേൽ മാത്രമേ മതത്തിനു് എന്തെങ്കിലും സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നുള്ളു. ലിബറലിസ്ററു ചിന്തകന്മാർ മതത്തെ ക്ലിപ്തമായ ഒരു പരിധിക്കുള്ളിൽ ഒതുക്കി നിർത്തിക്കൊണ്ടു്, വ്യവസായലോകത്തിൽ ധാർമ്മികചിന്തയും സദാചാരബോധവും വളർത്തുവാനുള്ള അതി

ന്റെ ശ്രമങ്ങളെയെല്ലാം അനാവശ്യകവും അനഭിലഷണീയവുമായ കൈകടത്തലുകളായി വ്യാഖ്യാനിച്ചു. അവരുടെ അഭിപ്രായത്തിൽ, ദൈവാലയത്തിലെ പ്രസംഗപീഠത്തിൽനിന്നുകൊണ്ടു വൈദികനു ഞായറാഴ്ച പ്രസംഗിക്കുവാനുള്ള ഒരു വിഷയമാണു നീതി. അല്ലാതെ, തിങ്കളാഴ്ച രാവിലെ തൊഴിൽസ്ഥലത്തുവച്ചു തൊഴിലാളിക്കു പരിശീലിക്കുവാനുള്ള ഒരു സുകൃതമല്ല. ജീവിതത്തിന്റെ പരമലക്ഷ്യമെന്താണെന്നു ചൂണ്ടിക്കാണിക്കുവാൻ മതത്തിനു കഴിയുമെന്ന് അവർ സമ്മതിച്ചിരുന്നുവെങ്കിലും ആ ലക്ഷ്യം പ്രാപിക്കുവാൻവേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊടുക്കുവാൻ മതത്തെ അവർ അനുവദിച്ചിരുന്നില്ല.

ചുരുക്കത്തിൽ, സർ ഐസക് ന്യൂട്ടന്റെ ജ്യോതിശ്ശാസ്ത്രസിദ്ധാന്തങ്ങളിൽ ദൈവത്തിനുണ്ടായിരുന്ന സ്ഥാനംമാത്രമേ ലൗകികകാര്യങ്ങളിൽ മതത്തിനു നല്കപ്പെട്ടിരുന്നുള്ളൂ. പ്രപഞ്ചത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ചില സാമാന്യനിയമങ്ങൾ ന്യൂട്ടൺ കണ്ടുപിടിച്ചതിന്റെ ഫലമായി, ജ്യോതിർഗ്ഗോളങ്ങളുടെ ഇടയിൽ പ്രത്യക്ഷപ്പെടുന്ന ക്രമപരിപാലനവും ചേർച്ചയും ദൈവത്തെക്കൂടാതെതന്നെ കാരണം കണ്ടുപിടിക്കാമെന്ന് അദ്ദേഹത്തിന്റെ അനുയായികൾ തീർച്ചപ്പെടുത്തി. നിയമം കണ്ടുപിടിച്ചുകഴിഞ്ഞാൽപ്പിന്നെ നിയമദാതാവിനെ ആവശ്യമില്ലെന്നായിരുന്നു അവരുടെ ഭാവം. എന്നാൽ നിശ്ചലങ്ങളായ ചില നക്ഷത്രങ്ങൾ വീണുപോകാതെയും വ്യത്യസ്തപഥങ്ങളിൽക്കൂടി സഞ്ചരിക്കുന്ന ചില ഗോളങ്ങൾ കൂട്ടിമുട്ടാതെയുമിരിക്കുന്നത് എന്തുകൊണ്ടാണെന്നു വിശദീകരിക്കുവാൻ ന്യൂട്ടന്റെ നിയമങ്ങൾക്കു കഴിഞ്ഞില്ല. തന്മൂലം ദുർജ്ഞേയങ്ങളായ ആ രണ്ടു വസ്തുതകളുടെമാത്രം ഹേതുവായി ദൈവത്തെ അവർ കണക്കാക്കി. ഇങ്ങനെ ദൈവം ശാസ്ത്രത്തെ അതിന്റെ വിഷമസന്ധികളിൽനിന്ന് രക്ഷിക്കുവാനുതകുന്ന ഉത്തമോപകരണവും ന്യൂട്ടന്റെ പ്രപഞ്ചത്തിൽ കാണ

പ്പെടുന്ന പോരായ്മകളെ പരിഹരിക്കുവാനുള്ള ഒരു ശില്പിയു മായി രൂപാന്തരപ്പെട്ടു.

സമുദായമദ്ധ്യത്തിലും ഇതുപോലുള്ള ഒരു സ്ഥാനമാണു ദൈവത്തിനു ലഭിച്ചതു്. രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങളിൽ കണ്ടേക്കാവുന്ന തകരാറുകൾ പരിഹരിക്കുവാൻ ദൈവത്തിന്റെ സഹായം നല്ലതുതന്നെ. ആതുരസംരക്ഷ ണം, ദുരിതനിവാരണം മുതലായ പരോപകാരപ്രവർത്തനങ്ങ ളിൽ ഈശ്വരന്റേയും ഈശ്വരവിശ്വാസികളുടേയും സേവ നം ഇന്നു നമുക്കു് ആവശ്യകമാണെന്നു സമ്മതിക്കാം. എങ്കി ലും കാലക്രമത്തിൽ ശാസ്ത്രത്തിനുണ്ടാകുന്ന പുരോഗതിയുടെ ഫലമായി കഷ്ടപ്പാടും ദുരിതങ്ങളും ഭൂമുഖത്തുനിന്നു് അന്തർദ്ധാ നം ചെയ്യുമ്പോൾ മതവും താനേ ഇല്ലാതായിക്കൊള്ളും. ഈ ശ്വരബോധവും സന്മാർഗ്ഗികതത്ത്വങ്ങളുമെല്ലാം സാമൂഹിക രംഗത്തുനിന്നു് ഇങ്ങനെ പുറംതള്ളപ്പെട്ടു. അനുദിനജീവിതവു മായി പ്രത്യേക ബന്ധമൊന്നുമില്ലാത്ത ഇടുങ്ങിയ ഒരിരുട്ടറയ്ക്കു ള്ളിലേയ്ക്കു് അവയെ അവരൊതുക്കി നിർത്തി. ഞായറാഴ്ച രാവി ലെ ദൈവാലയത്തിൽപ്പോയ ആളല്ല പിറേറദിവസം രാവി ലെ ജോലിസ്ഥലത്തേയ്ക്കു പോകുന്നതെന്നു തോന്നിപ്പോകും. വ്യക്തിയെന്ന നിലയിൽ മനുഷ്യനു് ആദ്ധ്യാത്മികസത്യങ്ങളു മായി ബന്ധമൊന്നുമില്ലത്രെ. പൊതുക്കാര്യരംഗത്തുനിന്നു മത ത്തെ ഇങ്ങനെ മാററി നിർത്തിയതിനെത്തുടർന്നു അവ തമ്മിലു ള്ള അന്തരം ഒന്നിനൊന്നു വർദ്ധിച്ചുവന്നു. "ഞാനെന്തോ മത ത്തെ ഉപദ്രവിക്കുവാൻ ചെല്ലുന്നു? എന്തുകൊണ്ടാണു പിന്നെ മ തം എന്നെ അലട്ടുന്നതു്?" എന്നായി ആളുകളുടെ മനോഭാവം. ശിരസ്സും ശരീരവുംപോലെ അവിഭക്തങ്ങളായിരിക്കേണ്ട രണ്ടു ഘടകങ്ങളെ തമ്മിൽ അവർ എത്രമാത്രം അകററിയെന്നു് ഇ തിൽനിന്നു വ്യക്തമാണല്ലോ.

സാമൂഹികപ്രവർത്തനങ്ങളും മതവും തമ്മിൽ ബന്ധമൊ ന്നുമില്ലെന്നുള്ള വാദഗതി അവ പരസ്പരം ശത്രുക്കളാണെന്നുള്ള

രണ്ടാമത്തെ അഭിപ്രായത്തിന് എളുപ്പത്തിൽ വഴി തെളിച്ചു. അതിനു വലിയ കാലതാമസം വേണ്ടിവന്നില്ല. സാമൂഹികവ്യവസ്ഥിതിയിൽനിന്നു മതം മാററിനിന്നുകൊള്ളണമെന്നു പറഞ്ഞാൽ നിർമ്മതത്വം അവിടെ നടമാടിക്കൊള്ളട്ടെ എന്നാണർത്ഥം. ഒരു വസ്തുവിൽനിന്ന് അതിൻെറ അപ്രധാനമോ ആഡംബരപരമോ ആയ അംശം നീക്കിക്കളയുന്നതുപോലെയല്ല പൊതുക്കാര്യപ്രവർത്തനങ്ങളിൽനിന്ന് മതബോധത്തെ മാററിക്കളയുന്നത്. അതു മനുഷ്യശരീരത്തിൽനിന്നു കണ്ണുകൾ ചുഴന്നുകളയുന്നതുപോലെയാണ്. കണ്ണും ജീവിതവും തമ്മിൽ ബന്ധമില്ലെന്നുള്ളവാദം സ്വീകരിച്ചാൽ അതിൻെറ ഫലം അന്ധതയായിരിക്കും. പ്രണയവുമായി ബന്ധമില്ലാത്ത ദാമ്പത്യജീവിതം അസമാധാനത്തിലും നീതിബോധത്തിൽ അടിയുറയ്ക്കാത്ത വ്യാവസായികപ്രവർത്തനങ്ങൾ രക്തച്ചൊരിച്ചിലിലും അവസാനിക്കുന്നു. ഇപ്രകാരം സാമുദായികരംഗത്തുനിന്നു മതത്തെ നിഷ്കാസനം ചെയ്താൽ സമുദായം മതരഹിതമായിത്തീരുമെന്നുമാത്രമല്ല, നശിച്ചു തുടങ്ങുകയും ചെയ്യും. മതം സമുദായത്തിൻെറ ഒരപരിത്യാജ്യഘടകമാണെന്നതത്രേ അതിൻെറ കാരണം. മതോപദിഷ്ടങ്ങളായ നീതി, പരസ്നേഹം തുടങ്ങിയ പുണ്യങ്ങളും, മനുഷ്യൻെറ മൗലികാവകാശങ്ങൾ, ചുമതലകൾ ആദായവയെക്കുറിച്ചുള്ള അനുശാസനങ്ങളും സാമുദായികജീവിതത്തിൽനിന്നു തിരോധാനം ചെയ്യുന്നതു ശരീരത്തിൽനിന്ന് ആത്മാവു വേർപിരിയുന്നതിനോടു തുല്യമാണ്. ജീവനെ പരിത്യജിക്കുന്ന ശരീരം നിർജ്ജീവമായിത്തീരുകമാത്രമല്ല ചെയ്യുന്നത്. അതു ഉടൻതന്നെ ദ്രവിച്ചുനശിച്ചു തുടങ്ങുന്നു. ഈശ്വരവിശ്വാസത്തെ കൈവെടിയുന്ന ഭൗതികസംസ്കാരത്തിനും ഇതേ അനുഭവമാണുണ്ടാകുക. എപ്പോഴൊക്കെ സമുദായം മതത്തെ മറന്നുകളഞ്ഞുവോ അപ്പോഴെല്ലാം അതു മതരഹിതമായിമാത്രം നില്ക്കുകയല്ല, മതവിദ്വേഷത്തിൽ ചെന്നു ചാടുകയാണു ചെയ്തിട്ടുള്ളതെന്നു ചരിത്രം പരിശോധി

ച്ചാൽ കാണാൻ കഴിയും. മരണത്തോട മല്ലടിച്ചുകൊണ്ടിരിക്കുന്ന വിവിധശക്തികളുടെ ഒരു സമാഹാരമത്രെ ജീവിതം. ആ ശക്തികളുടെ എതിർപ്പു നിലയ്ക്കുന്നതിനോടെ ജീവിതവും അവസാനിക്കുന്നു. ഇതുപോലെ സാമൂഹികവും രാഷ്ട്രീയവുമായ വ്യവസ്ഥിതികളിൽ മതത്തിനുള്ള സ്ഥാനം എന്നു നാമാവശേഷമാകുന്നുവോ അന്നു മതവിദ്വേഷം അവിടെ സ്ഥലം പിടിച്ചുകഴിയും. എങ്ങും തൊടാതെ വെറും ശൂന്യതയിൽ നിലനില്ക്കുവാൻ മനുഷ്യസമുദായത്തിനു സാധിക്കുകയില്ല. നിഷ്പക്ഷത പാലിക്കുവാനും അതിനു കഴിയുകയില്ല. മതവിശ്വാസം ഉപേക്ഷിക്കുവാനും ദൈവത്തിന്റേതു ദൈവത്തിനു നല്കാതിരിക്കുവാനും ജനങ്ങൾ തുടങ്ങുന്നതിനോടുകൂടി, താൻ ദൈവത്തെക്കാൾ വലിയവനാണെന്നു സീസർ അവകാശവാദം ചെയ്തുതുടങ്ങും. കമ്മ്യൂണിസത്തിന്റെയും നാസിസത്തിന്റെയും പ്രണേതാക്കൾ എവിടെയും സ്വച്ഛന്ദവിഹാരം നടത്തും. നീതിയുടെയും പരസ്നേഹത്തിന്റെയും പേരു പറയുന്നതുതന്നെ അസംഗതമായി ഗണിക്കപ്പെടും. പരസ്നേഹത്തോട് അവസാനയാത്ര പറയുന്നവൻ വർഗ്ഗീയവിദ്വേഷമാകുന്ന ചെങ്കടലിൽ മുങ്ങി മരിക്കുന്നതുപോലെയും നീതിബോധത്തെ ഉപേക്ഷിക്കുന്നവൻ രാഷ്ട്രീയവഞ്ചനകളിൽ അകപ്പെടുന്നതുപോലെയും, മനുഷ്യരക്ഷ, സാഹോദര്യം മുതലായ മൗലികതത്ത്വങ്ങളെ കൈവിട്ടുകളയുന്ന ജനത അവശ്യം സ്ഥിതിസമത്വവാദത്തിൽ ചെന്നുചേരുന്നു.

രാഷ്ട്രീയജീവിതത്തിൽനിന്നു മതത്തെ ബഹിഷ്കരിച്ചശേഷവും ലോകം പഴയസ്ഥിതിയിൽത്തന്നെ തുടർന്നുകൊള്ളുമെന്നു ലോകായതികന്മാർ ചിലപ്പോൾ കരുതാറുണ്ട്. പക്ഷേ ആ ധാരണ അബദ്ധമാണ്. ചതുരംഗമോ പന്തുകളിയോ പോലെ സാമൂഹികജീവിതത്തിന്റെ കേവലം അപ്രധാനമായ ഒരംശമല്ല മതം. അതു സമുദായമദ്ധ്യത്തിൽ നീതിയും ശാന്തിയും പുലരുവാൻ അവശ്യമുണ്ടായിരിക്കേണ്ട ഉൽകൃഷ്ടഗു

ണിൾളുടെ ഒരു സംഘടിതയാണ്. അററുപ്പാപ്പില്ലാത്ത കെട്ടിടം ക്രമേണ ജീണ്ണിച്ച പൊളിഞ്ഞുതുടങ്ങുന്നതുപോലെ മതരഹിതമായ സമുദായം ഒടുവിൽ മതവിരുദ്ധസമുദായമായി രൂപാന്തരപ്പെടുന്നു. സ്വസന്താനങ്ങളെ വേണ്ടവിധം നിയന്ത്രിക്കാത്ത ഒരു മാതാവു കാലക്രമേണ അവരുടെതന്നെ നിയന്ത്രണത്തിനു വിധേയയായിത്തീരും. അതുപോലെ ലൗകികവ്യവസ്ഥിതിയിൽ ഇടപെടുവാൻ മതം വിസമ്മതിച്ചാൽ ലൗകികവ്യവസ്ഥിതി താമസിയാതെ മതത്തിൽ ഇടപെടുന്നതായി കാണാം.

രാഷ്ട്രീയവും സാമ്പത്തികവുമായ കാൎയ്യങ്ങൾക്ക മതവുമായി ഒരു ബന്ധവുമില്ലെന്ന് ഏതാനും കൊല്ലങ്ങൾക്കമുമ്പു തീരുമാനിച്ചവർതന്നെ ഇന്നു മതത്തെ പീഡിപ്പിക്കുവാൻ കച്ചകെട്ടി പുറപ്പെടുന്നു. കുററത്തിനുശേഷം ശിക്ഷയെന്നതുപോലെ മതത്തിൻെറ അധഃപതനത്തിനുശേഷം നിരീശ്വരത്വം, ദുഷ്പ്രഭുത്വം മുതലായവ ഉണ്ടാകുകയല്ല ചെയ്യുന്നതു്. പ്രത്യുത, ഒരു പൂവ് അഴുകിത്തുടങ്ങുന്നതിനോടുകൂടിത്തന്നെ അതിൻെറ ദുർഗ്ഗന്ധവും വ്യാപിക്കുന്നതുപോലെ മതബോധം ക്ഷയിക്കുന്നതിനോടൊപ്പം ദുഷ്പ്രഭുത്വം മുതലായവ അവശ്യം ആവിർഭവിക്കുകയാണ്. കൃഷിചെയ്യാത്ത വയൽ വിളവു നല്കുന്നില്ലെന്നു മാത്രമല്ല, കളകളാൽ മൂടപ്പെടുകയും ചെയ്യുന്നു. നമ്മുടെ ആത്മാവു ദൈവത്തിനുള്ളതാണോ രാഷ്ട്രത്തിനുള്ളതാണോ എന്നു നാം നന്നായി ചിന്തിക്കാത്തപക്ഷം തീർച്ചയായും നാമറിയാതെതന്നെ ആത്മാവിനേയും ശരീരത്തേയും രാഷ്ട്രം കൈവശമാക്കും. ഇതിനാണു ടോട്ടാലിറേററിയനിസം അല്ലെങ്കിൽ രാഷ്ട്രത്തിൻെറ സൎവ്വാധിപത്യം എന്നു പറയുന്നതു്. ഈ സിദ്ധാന്തമനുസരിച്ച മനുഷ്യൻ പൂണ്ണമായും രാഷ്ട്രത്തിൻെറ വകയാണ്. മതമാകട്ടെ മനുഷ്യനു രാഷ്ട്രത്തിൻെറ സീമകളെ അതിലംഘിക്കുന്ന ചില മൗലികാവകാശങ്ങളുണ്ടെന്നു സിദ്ധാന്തിക്കുന്നു. അതുകൊണ്ട് മതബോധത്തെ നിർമാജ്ജനം ചെയ്യാതെ രാഷ്ട്രത്തിനു മനുഷ്യനെ പൂണ്ണമായി അവകാശപ്പെടുവാൻ സാധിക്കുകയില്ല. ഇവിടെയാണു മതവും രാഷ്ട്ര

വും തമ്മിൽ കൂട്ടിമുട്ടുന്നതു്. വ്യക്തികൾ രാഷ്ട്രത്തിന്റെ ഒരംശമെന്നതിൽ കവിഞ്ഞു യാതൊരു വിലയുമില്ലെന്നു വാദിക്കുന്ന ഒരാദർശസംഹിതയ്ക്കു മതവുമായി ഏററുമുട്ടാതിരിക്കുവാൻ നിവൃത്തിയില്ല. രാഷ്ട്രാധിപത്യത്തിന്റെ നിലനില്പിനു് ഇത്തരമൊരു സംഘട്ടനം കൂടിയേ കഴിയൂ. രാഷ്ട്രം വ്യക്തിയെ ഗ്രസിച്ചുകളയുവാൻ തുനിയുമ്പോൾ മതമാണു് അതിനു പ്രതിബന്ധമായി നില്ക്കുന്നതു്. മതത്തെക്കൂടി രാഷ്ട്രീയകാര്യങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തിയാൽപ്പിന്നെ മതത്തിന്റെ ഓരോ പ്രവർത്തനവും രാഷ്ട്രീയമണ്ഡലത്തിലേയ്ക്കുള്ള കൈകടത്തലായി പരിഗണിക്കുവാൻ എളുപ്പമുണ്ടു്. 'സമസ്തവും രാഷ്ട്രത്തിനുവേണ്ടി' എന്ന തത്വം തെററാണെന്നു മതം പഠിക്കുന്നതു് ആ തത്വം ഏകാധിപത്യത്തിനു വഴി തെളിക്കുന്നതുകൊണ്ടല്ല. ഏകാധിപതി തന്റെ അധികാരാതിർത്തി കടന്നു വ്യക്തികളുടെ ആത്മാക്കളെപ്പോലും അടക്കിബ്ഭരിക്കുവാൻ പലപ്പോഴും ഉദ്യമിക്കുന്നതുകൊണ്ടാണു്. അയാളുടെ ദൃഷ്ടിയിൽ വ്യക്തി പൊതുനന്മയ്ക്കുള്ള ഒരുപകരണം മാത്രമാണു് — തൊഴിൽശാലയിലെ വെറുമൊരു യന്ത്രം. രാഷ്ട്രത്തിനു മനുഷ്യാത്മാവിന്റെമേൽ ഉണ്ടെന്നു പറയുന്ന അവകാശത്തെ മതം അംഗീകരിക്കാത്തതുനിമിത്തം ഏകാധിപത്യരാജ്യങ്ങളിൽ മിക്കപ്പോഴും മതമർദ്ദനം പൊട്ടിപ്പുറപ്പെടുന്നു. മതം മെക്സിക്കോയിൽ ഒരു 'പ്രതിലോമ'കക്ഷിയായും റഷ്യയിൽ വിപ്ളവവിരുദ്ധകക്ഷിയായും ജർമ്മനിയിൽ ഒരു രാഷ്ട്രീയസംഘടനയായും മുദ്രയടിക്കപ്പെട്ടതു് ഇങ്ങനെയാണു്. താൻതന്നെയാണു ദൈവമെന്നു സീസർ കരുതുന്ന കാലത്തോളം അയാൾ ക്രിസ്തുവിനെ കുരിശിൽ തറയ്ക്കുകതന്നെ ചെയ്യും.

ക്രിസ്തുമതത്തിന്റെ ആരംഭകാലങ്ങളിൽ സംഭവിച്ചതെന്തോ അതാണു് ഇന്നും ആവർത്തിക്കപ്പെടുന്നതു്. ലോകത്തിനു ക്രിസ്തുവുമായി ഒരു ബന്ധവുമില്ലെന്നു പറഞ്ഞുകൊണ്ടു് ആദ്യം മനുഷ്യർ അങ്ങയെ വിസ്മരിച്ചുകളഞ്ഞു. അനന്തരം അവരങ്ങയെ പീഡിപ്പിച്ചു.

ആരെ രക്ഷിക്കുവാൻവേണ്ടി ക്രിസ്തു തിരുവവതാരം ചെയ്തുവോ ആ ലോകംതന്നെ അങ്ങയെ നിരസിച്ചു. "സ്വജനങ്ങളുടെ പക്കലേയ്ക്കു് അവൻ വന്നുവെങ്കിലും അവർ അവനെ സ്വീകരിച്ചില്ല." അതു കരുതിക്കൂട്ടിച്ചെയ്ത പ്രകടമായ ഒരു തിരസ്കരണമായിരുന്നെന്നു പറഞ്ഞുകൂടാ. ആരും അങ്ങയുടെ കാര്യത്തിൽ ശ്രദ്ധിച്ചില്ലെന്നുമാത്രം. ബേസ്‌ലഹേമിൽവച്ചു പടിവാതിൽതോറും ചെന്നു മുട്ടിവിളിച്ചു പാർപ്പിടമപേക്ഷിച്ചു അവിടുത്തെ ദിവ്യജനനിയുടെനേരേ ആരും ഒരു ബലപ്രയോഗവും നടത്തിയില്ല. 'സ്ഥലമില്ല' എന്നു പറഞ്ഞതേയുള്ളു. സാമ്പത്തികവ്യവസ്ഥിതിയിൽ മതത്തിനു നേരിടുന്ന അനുഭവവും മറ്റൊന്നല്ല. പണപ്പെട്ടിയുടേയും കണക്കുബുക്കുകളുടേയും ആദായനികുതിയുടേയും കാര്യത്തിൽ വ്യഗ്രചിത്തനായിരുന്നതുനിമിത്തം സ്രഷ്ടാവിനെക്കുറിച്ചു ചിന്തിക്കുവാൻ അന്നു മനുഷ്യനു് അവസരം കിട്ടിയില്ല. ഇന്നാകട്ടെ രാഷ്ട്രീയകാര്യങ്ങൾ അവന്റെ സർവ്വശ്രദ്ധയേയും ആകർഷിക്കുന്നു. ദൈവം വേണമെങ്കിൽ ലോകത്തിലേയ്ക്കു വന്നുകൊള്ളട്ടെ; എവിടെയെങ്കിലും സ്ഥലവും കണ്ടുപിടിച്ചുകൊള്ളട്ടെ. ഏതായാലും ഇവിടെ ഇടമില്ലെന്നുമാത്രം. മനുഷ്യൻ തന്റെ സ്രഷ്ടാവിനെ പരിത്യജിച്ചുവെന്ന വസ്തുത കൂടുതൽ സ്പഷ്ടമാകുവാൻവേണ്ടി അവിടുന്നു പട്ടണത്തിൽനിന്നു ഗുഹാന്തരത്തിലേയ്ക്കും സത്രങ്ങളിൽനിന്നു തൊഴുത്തിലേയ്ക്കും മനുഷ്യരിൽനിന്നു മൃഗങ്ങളുടെ ഇടയിലേയ്ക്കും ബഹിഷ്കരിക്കപ്പെട്ടു. സൃഷ്ടികളാൽ പരിത്യക്തനായി, തന്റെ പിതാക്കന്മാരുടെ നഗരത്തിൽനിന്നു പുറംതള്ളപ്പെട്ടു്, ഗോഗർദ്ദങ്ങളുടെ നടുവിൽ വൈക്കോലിൽ പള്ളികൊള്ളുവാൻ നിർബന്ധിതനായ ദിവ്യകുമാരന്റെ തിരുനയനങ്ങളിലേയ്ക്കു നോക്കുമ്പോഴാണു "സത്രത്തിൽ സ്ഥലമില്ലായിരുന്നു" എന്ന വാക്കുകളുടെ രൂക്ഷത നാം പൂർണ്ണമായി ഗ്രഹിക്കുന്നതു്.

മതത്തോടു് ആദ്യം പ്രദർശിപ്പിക്കുന്ന ഈ നിഷ്പക്ഷതയും അനാസ്ഥയും പിന്നീടുണ്ടാകുവാൻപോകുന്ന വിദ്വേഷത്തി

ന്റെ ഒരു നാന്ദിയാണെന്നു പറഞ്ഞുവല്ലോ. ക്രിസ്തുനാഥനോളം ഇങ്ങനെയാണ് അവർ പെരുമാറിയത്. അഭയം യാചിച്ചുചെന്ന അങ്ങേ തിരുമാതാവിനെതിരായി പടിവാതിലടച്ചുവെന്നതിൽകവിഞ്ഞു ക്രിസ്തുവിന്റെ ജനനവേളയിൽ ആരും അങ്ങയെക്കുറിച്ചു ചിന്തിച്ചതേയില്ല. പക്ഷേ രണ്ടുകൊല്ലം തികയുന്നതിനുമുമ്പ് ഒരു കൊടുംപാതകിയെന്നപോലെ അവർ അങ്ങയെ സർവ്വത്ര തിരയുകയായി. അവിടുന്ന് എവിടെ ജനിച്ചാലും വേണ്ടുകയില്ലെന്നായിരുന്നു ആദ്യത്തെ ഭാവം. അതു കഴിഞ്ഞപ്പോൾ അങ്ങയുടെ ജനനംതന്നെ അവർക്ക് അസഹനീയമായിത്തോന്നി. സത്രത്തിൽ അങ്ങേയ്ക്കു സ്ഥലമില്ലെന്നായിരുന്നു ആദ്യം. പിന്നീടാകട്ടെ അങ്ങയെ ലോകത്തിൽ കൊണ്ടുപോകരുതെന്നായി. അങ്ങയോടൊരു ബന്ധവുമില്ലെന്നു പറഞ്ഞുകൊണ്ടു മൃഗങ്ങളുടെ കൂട്ടത്തിലേയ്ക്ക് ആദ്യം അവർ അങ്ങയെ തള്ളി. ഉത്തരക്ഷണത്തിൽ അവിടുന്നു തങ്ങളുടെ ജന്മശത്രുവാണെന്ന് അവരുൽഘോഷിച്ചു. റഷ്യ ഇന്നു സക്രാരിയിൽനിന്നുപോലും ക്രിസ്തുവിനെ തുരത്തുവാൻ ശ്രമിക്കുന്നതുപോലെ അന്നത്തെ ആളുകൾ രക്ഷകനെ മൃഗശാലയിൽനിന്നുപോലും പലായനം ചെയ്യിച്ചു. രണ്ടുവയസ്സു തികയാത്ത ആൺകുട്ടികളെയെല്ലാം കൊന്നൊടുക്കുവാൻ ഹേറോദേസ് അന്നാജ്ഞാപിച്ചു. കാരണം വിശദമാണ്. രാജ്യാധികാരത്തിന് അവകാശവാദം ചെയ്യുന്ന ഒരു രാജകീയശിശു ജീവിച്ചിരിക്കുന്ന കാലത്തോളം ഒരു രാജാവിനും ഏകാധിപതിയായിരിക്കുവാൻ സാധിക്കുകയില്ല. അവതീർണ്ണനായ ഈ ചെറുപൈതൽ സ്വയം രാജാവാണെന്നു പ്രഖ്യാപിക്കുന്നപക്ഷം മനുഷ്യന്റെമേൽ ഹേറോദേസ് അവകാശപ്പെടുന്ന പൂർണ്ണാധികാരം അദ്ദേഹത്തിനു ലഭിക്കുകയില്ലെന്നു തീർച്ചയാണ്. ആദ്യം ഈ ശിശുവിനെ അവഗണിച്ച ഹേറോദേസ് പിന്നീട് ഇതിനെ ഭയപ്പെടുന്നതും, ഒരു തസ്കരന്റെയോ കൊലപ്പുള്ളിയുടേയോ താവളത്തിലേയ്ക്കെന്നപോലെ ആ പിഞ്ചുപൈതലിന്റെ വാസസ്ഥലത്തേയ്ക്കു വജ്രായുധരായ

പടയാളികളെ നിയോഗിക്കുന്നതും അതുകൊണ്ടാണ്. മതത്തിൻെറ സ്ഥാനത്തു മതവിദ്വേഷവും നിഷ്പക്ഷതയുടെ സ്ഥാനത്തു മർദ്ദനവും പ്രത്യക്ഷപ്പെട്ടു. നിരപരാധനായ ഒരു ശിശുവിൻെറ ജനനത്തെത്തുടർന്ന് അനേകം നിർമ്മലശിശുക്കൾ വധിക്കപ്പെട്ടു. ക്രിസ്തുവിനോടു നിഷ്പക്ഷമായും അനാസ്ഥമായും പെരുമാറുവാൻ ശ്രമിക്കുന്ന ഏതൊരുവനും അടുത്തനിമിഷം അങ്ങയെ അവശ്യം ദ്വേഷിക്കുകയും പീഡിപ്പിക്കുകയും ചെയ്യുമെന്നത്രേ ഇതിൽനിന്നുള്ള അനുമാനം.

അന്നത്തെ ആ സംഭവം ഇന്നും ആവൎത്തിക്കപ്പെടുന്നു. അവസാനംവരെ ആവൎത്തിക്കപ്പെടുകയും ചെയ്യും. ക്രിസ്തുവിൻെറ നാമം ശ്രവിക്കുന്ന മാത്രയിൽ ഇന്നു യൂറോപ്പു കലികൊള്ളുകയും മുഷ്ടിചുരുട്ടുകയും ചെയ്യുന്നു. മതത്തിൻെറനേരെയുള്ള നിഷ്പക്ഷതയല്ല, ഒടുങ്ങാത്ത വിദ്വേഷമാണ് ഇന്നവിടെ പ്രത്യക്ഷമാകുന്നത്. ദൈവികകാൎയ്യങ്ങളിലുള്ള അനാസ്ഥയല്ല, തിളച്ചുപൊങ്ങുന്ന നിരീശ്വരത്വമാണ് ആധുനികയൂറോപ്പിൻെറ പ്രധാനലക്ഷണം.

എന്നാൽ മതവിദ്വേഷത്തിനു് ഇന്നു കാണുന്ന ശക്തിയും ഊൎജ്ജിതത്വവും എങ്ങനെയുണ്ടായി? അന്തിക്രിസ്തുവിനുവേണ്ടി പ്രേഷിതവൃത്തി സ്വീകരിക്കുവാനുള്ള കൎമ്മധീരതയും വിശുദ്ധവസ്തുക്കളെ കൊള്ളചെയ്യുവാനുള്ള മനഃക്കരുത്തും നിരീശ്വരത്വത്തിനു ലഭിച്ചതു് എവിടെനിന്നാണ്? — ദൈവമാകുന്ന യാഥാൎത്ഥ്യത്തിൽനിന്ന് അയഥാർത്ഥമായ ഒരു വസ്തുവിൻെറ പേരിൽ മനുഷ്യൻ വികാരഭരിതനായിത്തീരുന്നില്ല. സങ്കല്പമാത്രങ്ങളായവയോടു് അവൻ മല്ലടിക്കാറില്ല. മരിച്ചു മണ്ണടിഞ്ഞവരോടു് അവൻ മത്സരിക്കാറുമില്ല. മനുഷ്യൻെറ പോരാട്ടമെല്ലാം സജീവശക്തികളോടും യാഥാൎത്ഥ്യങ്ങളോടുമാണ്. തന്മൂലം, ക്രിസ്തുവിനെതിരായി ഇന്നു സമരം നടത്തുന്നവർ അങ്ങയുടെ യാഥാൎത്ഥ്യത്തെ പ്രകാരാന്തരേണ പ്രഖ്യാപിക്കുകയത്രേ ചെയ്യുന്നതു്. നെപ്പോളിയനെയോ സീസറിനെയോ

ഇന്ന് ആരും ദ്വേഷിക്കുന്നില്ലെങ്കിൽ അതിൻെറ കാരണം അവരിന്നു ജീവിച്ചിരിക്കുന്നില്ലെന്നുള്ളതാണ്. ദ്വേഷപാത്രമായ ആളിൻെറ അവസാനത്തോടുകൂടി ദ്വേഷവും നിർജ്ജീവമായിത്തീരുന്നു. പരാക്രമിയായ അലക്സാണ്ഡറിൻെറ ശത്രുക്കളിലാരുംതന്നെ മരണാന്തരം അദ്ദേഹത്തിൻെറ ശവകുടീരത്തിങ്കൽ കാവൽനിന്നതായോ അദ്ദേഹത്തെ വെല്ലുവിളിച്ചതായോ നാം കേട്ടിട്ടില്ല. എന്നാൽ ക്രിസ്തുവിൻെറ കാര്യം അങ്ങനെയല്ല. അനേകംപേർ ഇന്നും അങ്ങയുടെനേരെ മുഷ്ടിചുരുട്ടുന്നു. അവിടുന്നു മരിച്ചുവെന്ന് അവർ പറയുന്നുണ്ടെങ്കിലും അങ്ങയുടെ ശ്മശാനത്തിനു പുറവും അവരിന്നും കാവൽനില്ക്കുന്നു. ശിശുവിനെപ്പോലെ അവിടുന്നു നിസ്സഹായനാണെന്ന് അവർ ഘോഷിക്കുന്നുണ്ടെങ്കിലും ആ ശിശുവിനെത്തേടി പല ഹേറോദേസുമാരും ഇന്നും പടയാളികളെ അയയ്ക്കുന്നു.

പരമാർത്ഥമിതാണ്: നിരീശ്വരവാദികൾക്കു വാസ്തവത്തിൽ ഈശ്വരവിശ്വാസമുണ്ട്. അല്ലെങ്കിൽ അവർ ഈശ്വരനെ ദ്വേഷിക്കുകയില്ല. പക്ഷേ അവരുടെ ഈശ്വരവിശ്വാസം നിത്യരക്ഷയ്ക്ക് ഉപകരിക്കുന്നതരത്തിലുള്ള ഒരു വിശ്വാസമല്ല. നിത്യശിക്ഷയിൽ നിപതിക്കുന്നവർക്കുള്ളയിനം വിശ്വാസമാണ്. രോഗമില്ലെങ്കിൽ ചികിത്സയും മധുവില്ലെങ്കിൽ മധുവർജ്ജനവും അസാദ്ധ്യമായിത്തീരുന്നതുപോലെ, ഈശ്വരനില്ലെങ്കിൽ നിരീശ്വരത്വവും അസാദ്ധ്യമായിരുന്നേനെ. ഈശ്വരനെ നിന്ദിക്കുവാനുള്ള അവരുടെ നിഷ്ഫലശ്രമം ഈശ്വരദ്വേഷമായി രൂപംമാറുകയാണു ചെയ്യുന്നത്. ദൈവത്തെ സ്നേഹിക്കേണ്ടവരാണെന്ന ഏകകാരണത്താൽ അങ്ങയെ അവർ ദ്വേഷിക്കുന്നു.

ക്രിസ്തുവിനെയും ക്രിസ്തുമതത്തെയും ബഹിഷ്കരിച്ച രാജ്യങ്ങളിൽ മനുഷ്യത്വത്തിൻെറ വിലയും താനേ ഇടിഞ്ഞുപോയെന്നുള്ളതു വാസ്തവത്തിൽ അത്ഭുതജനകമാണ്. എവിടെയെല്ലാം ക്രിസ്തുമതം പീഡിപ്പിക്കപ്പെട്ടിട്ടുണ്ടോ അവിടെ

യൊക്കെ മനുഷ്യത്വവും പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യൻ അമൂല്യനാണെന്നുപദേശിച്ചവനെ ആരൊക്കെ പീഡിപ്പിക്കുന്നുവോ അവരുടെയൊക്കെ ദൃഷ്ടിയിൽ മനുഷ്യൻ വിലയില്ലാത്തവനായിത്തീരുന്നു. മറിച്ചു സംഭവിക്കുവാൻ നിവൃത്തിയില്ല. മനുഷ്യന്റെ വില മനസ്സിലാക്കുകയും അവന്റെ രക്ഷയ്ക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി ജീവൻ ബലികഴിക്കുകയും ചെയ്ത രക്ഷകനെ ഏതൊരു രാജ്യം സ്വജീവിതത്തിൽനിന്ന് ഉപേക്ഷിക്കുന്നുവോ അവിടെ മനുഷ്യൻ ഒരു നിസ്സാരവസ്തുവായി തരംതാഴാതെ നിവൃത്തിയില്ല. ആത്മാവിന്റെ അമൂല്യതയെ നാം വിസ്മരിക്കുന്ന ക്ഷണത്തിൽ അതു രാഷ്ട്രത്തിന്റെ ഉപകരണമായിത്തീരുന്നു. ജീവിതവിജയത്തിനുവേണ്ട വിഭവസമൃദ്ധിയും അനുകൂലസാഹചര്യങ്ങളുമുണ്ടായിരുന്ന റഷ്യ, നാസിജമ്മനി മുതലായ രാജ്യങ്ങളിൽത്തന്നെയാണു മനുഷ്യത്വത്തിനു ഈ പരാജയം നേരിട്ടതെന്നറിയുമ്പോളാണു നമ്മുടെ വിസ്മയം ശതഗുണീഭവിക്കുന്നത്. രാഷ്ട്രം നല്കുന്നതിൽക്കവിഞ്ഞ് ഈ രാജ്യങ്ങളിൽ മനുഷ്യനു യാതൊരവകാശവുമില്ല. ഇന്നുള്ളേടത്തോളം ശക്തിയും ബുദ്ധിവൈഭവവും മുമ്പൊരിക്കലും മനുഷ്യനു സിദ്ധിച്ചിട്ടില്ലെങ്കിൽ, ആ ശക്തിവിശേഷങ്ങൾ മനുഷ്യന്റെ നാശത്തിനായിമാത്രം ഇന്നത്തേതുപോലെ മുമ്പൊരിക്കലും പ്രയോഗിക്കപ്പെട്ടിട്ടുമില്ല. മുമ്പെങ്ങും വിദ്യാഭ്യാസത്തിൽ മനുഷ്യൻ ഇത്ര പുരോഗമിച്ചിട്ടില്ല: മുമ്പെങ്ങും സത്യത്തിൽനിന്ന് അവനിത്രയേറെ വ്യതിചലിച്ചിട്ടുമില്ല. സാമ്പത്തികവിഭവങ്ങൾ മുമ്പൊരുകാലത്തും ഇന്നത്തേതുപോലെ വർദ്ധിച്ചിട്ടില്ലായിരുന്നു— ശരിതന്നെ: എന്നാൽ ദാരിദ്ര്യവും ഇന്നത്തേതുപോലെ മുമ്പെങ്ങും ഉൽക്കടമായിരുന്നിട്ടില്ല. ഭക്ഷണപദാർത്ഥങ്ങൾ ഇന്നു ധാരാളമാണ്: പട്ടിണിക്കാരുടെ എണ്ണവും അതുപോലെതന്നെ. പൂർവ്വികന്മാർ സ്വപ്നത്തിൽപ്പോലും കണ്ടിട്ടില്ലാത്ത ആഡംബരങ്ങളും സുഖോപകരണങ്ങളും നിറഞ്ഞതാണ് ആധുനികലോകമെങ്കിൽ, അവർക്ക് ഊഹിക്കുവാൻപോലും കഴിയാത്തവിധത്തിൽ മനുഷ്യന്റെ ജീവിതം ഇന്നു ദയ

നീയവും ഭാവി അനിശ്ചിതവുംകൂടിയാണ്. എല്ലാമുണ്ട്: എന്നാൽ ഒന്നുമില്ല — ഇതാണ് ഇന്നത്തെ അവസ്ഥ. കാരണം മറെറാന്നുമല്ല. തന്റെ ആന്തരികമായ വിലയും അത്യുന്നതമായ ലക്ഷ്യവും മനുഷ്യൻ വിസ്മരിച്ചുകളഞ്ഞു. മനുഷ്യനെ വില കൊടുത്തു വാങ്ങിയവനുമാത്രമേ അവന്റെ ശരിയായ വില അറിയുവാൻ വശമുള്ളൂ. 'അമൂല്യം' എന്നു രേഖപ്പെടുത്തിയിരിക്കുന്ന മനുഷ്യരക്ഷയുടെ വിലവിവരപ്പട്ടിക നഷ്ടപ്പെട്ടുകഴിയുമ്പോളാണ് മനുഷ്യൻ കാശിനു വിലയില്ലാത്ത സാധനവും ആര്യവംശത്തിന്റെ ധമനിയിൽക്കൂടി ഒഴുകുന്ന ഒരു രക്തത്തുള്ളിയും രാഷ്ട്രമാകുന്ന മഹായന്ത്രത്തിന്റെ വെറുമൊരു കമ്പിയുമാണെന്നു സ്വേച്ഛാധിപതികൾ വിധിയെഴുതുന്നത്.

മനുഷ്യന്റെ ഭൗതികവശത്തെക്കുറിച്ച് അത്ഭുതജനകമായ അറിവു നമുക്കിന്നുണ്ടെങ്കിലും അവന്റെ ഉത്തമാംശത്തിന്റെ കഥയെ നാം മറന്നുകഴിഞ്ഞു. അകയാൽ ആദ്ധ്യാത്മികമായി അവനുള്ള നിലയും വിലയും തേടിക്കണ്ടുപിടിക്കുകയെന്നതാണ് ഇന്നത്തെ നമ്മുടെ സർവ്വപ്രധാനമായ ആവശ്യം. അതിനാദ്യം വേണ്ടത്, നാം ആരുടെ ഛായയിലും മാതൃകയിലും നിർമ്മിക്കപ്പെട്ടിരിക്കുന്നുവോ ആ സ്രഷ്ടാവിനെ വേണ്ടവിധത്തിൽ അറിയുകയാണ്. കാരണം, ദൈവത്തോടുള്ള നമ്മുടെ ബന്ധം നാം എപ്പോൾ അംഗീകരിക്കുന്നുവോ അപ്പോൾമാത്രമേ നാം സ്വതന്ത്രരായിത്തീരുകയുള്ളൂ.

# രണ്ടാം അധ്യായം

## സ്വാതന്ത്ര്യത്തിന്റെ പേരിൽ

ഇന്ന മനുഷ്യർ സർവ്വസാധാരണമായി ദുഷ്പ്രയോഗിക്കുന്ന രണ്ടു പദങ്ങളാണ സ്നേഹവും സ്വാതന്ത്ര്യവും. സ്നേഹം വിഷയാസക്തിയുടെ ഒരു പര്യായമായിത്തീർന്നിരിക്കുകയാണ്. അതുപോലെ സ്വാതന്ത്ര്യമെന്നുപറഞ്ഞാൽ എന്തും പ്രസംഗിക്കുന്നതിനുള്ള അവകാശം എന്നാണ സാധാരണക്കാർ മനസ്സിലാക്കുന്നത്. സ്വാതന്ത്ര്യമെന്ന പേരിൽ അറിയപ്പെടുന്ന രണ്ട് അബദ്ധസിദ്ധാന്തങ്ങളെക്കുറിച്ചുമാത്രമേ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുള്ളൂ. അവയിൽ ഒന്നാമത്തേതിന നിഷ്പക്ഷതാസ്വാതന്ത്ര്യമെന്നും രണ്ടാമത്തേതിന നിർബന്ധസ്വാതന്ത്ര്യമെന്നും നാമകരണം ചെയ്യാം. ആദ്യത്തേതു സമുദായാന്തരീക്ഷത്തിൽനിന്ന മിക്കവാറും അസ്തമിച്ചുകഴിഞ്ഞു. രണ്ടാമത്തേതാകട്ടെ, സർവ്വാധിപത്യരാഷ്ട്രത്തിന്റെ തണലിൽ ഉദിച്ചുയരുകയാണ്.

ആദ്യത്തെ സിദ്ധാന്തമനുസരിച്ച്, സത്യം, സന്മാർഗ്ഗം, പൊതുനന്മ മുതലായവയുടെനേരെ നിഷ്പക്ഷമായും ഉദാസീനമായും വർത്തിക്കുന്നതിലത്രേ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്. നിഷ്പക്ഷതാരൂപത്തിലുള്ള സ്വാതന്ത്ര്യമെന്ന് അതിന പേരിട്ടതു് അതുകൊണ്ടാണ്. അനേകം നൂററാണ്ടുകാലത്തേയ്ക്കു ഈ സിദ്ധാന്തത്തെ ലോകം വകവച്ചുപോന്നു. നന്മതിന്മകളെ വിവേചിക്കുന്നതിന ക്ലിപ്തമായ മാനദണ്ഡമൊന്നുമില്ലെന്നുള്ള സങ്കല്പത്തിൽ, ഓരോ വ്യക്തിക്കും ഇഷ്ടാനുസരണം എന്തും ചിന്തിക്കുന്നതിനും പറയുന്നതിനും പ്രവർത്തിക്കുന്നതിനും അവകാശമുണ്ടെന്നും, ഒരു കാര്യം ശരിയോ തെററോ എന്നു നിർണ്ണയിക്കുവാനുള്ള പരമമായ മാനദണ്ഡം വ്യക്തികൾതന്നെയാകയാൽ വ്യക്തികളുടെ സ്വാതന്ത്ര്യത്തിന് അതിരു വയ്ക്കുവാനുള്ള

ഏതൊരു ശ്രമവും അന്യായ്യവും അനധികൃതവുമാണെന്നുമത്രേ ഈ സിദ്ധാന്തത്തിന്റെ ചുരുക്കം. നന്മയെ തിരഞ്ഞെടുക്കുവാനുള്ള ധാർമ്മികമായ ഒരവകാശമായിട്ടല്ല, കേവലം കായികമായ ഒരു നിരങ്കുശതയായിട്ടാണു സ്വാതന്ത്ര്യത്തെ ഇക്കൂട്ടർ വീക്ഷിക്കുന്നതു്. തത്വശാസ്ത്രം, മതം, വിദ്യാഭ്യാസം, സാമ്പത്തികശാസ്ത്രം എന്നു തുടങ്ങിയവയിലെല്ലാം ഈ സിദ്ധാന്തം ഓരോ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതായും കാണാം. അവരുടെ തത്വശാസ്ത്രമനുസരിച്ചു്, നിത്യസത്യമെന്നൊന്നില്ല. സത്യമെന്നു പറഞ്ഞാൽ കേവലം വീക്ഷണകോണമെന്നേ അർത്ഥമുള്ളു. അതിനാൽ ഒരു കാര്യംതന്നെ ഒരാളെ സംബന്ധിച്ച സത്യവും മററൊരാളെ സംബന്ധിച്ചു് അസത്യവും ആകാം. അന്യോന്യനിഷേധകങ്ങളായ പ്രസ്താവങ്ങൾ രണ്ടും ശരിയാണെന്നും വരാം. കാരണം, വ്യക്തികൾതന്നെയാണല്ലോ സത്യാസത്യങ്ങളുടെ അവസാനനിർണ്ണേതാക്കൾ. ആകയാൽ എത്ര മനുഷ്യരുണ്ടോ അത്രയും സത്യങ്ങളുമുണ്ടു്. അഭിപ്രായവൈജാത്യങ്ങളെല്ലാം ശരിയാണെന്നു സമ്മതിക്കുന്നതു ഹൃദയവിശാലതയുടെ ലക്ഷണമായിട്ടാണു കരുതപ്പെട്ടിരുന്നതു്. സത്യത്തിനു വ്യക്തിയുടെ ചിന്താഗതിക്കു് അതീതമായ ഒരടിസ്ഥാനമുണ്ടെന്നു വിശ്വസിക്കുകയോ സത്യത്തെ അസത്യത്തിൽനിന്നു വേർതിരിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതു സങ്കുചിതമനഃസ്ഥിതിയുടെ അടയാളമാണത്രേ. മതകാര്യങ്ങളിലാണെങ്കിൽ, നാമെന്തുവിശ്വസിച്ചാലും തെററില്ല. എന്തുകൊണ്ടെന്നാൽ ഏതു മതവും മററു് ഏതൊരു മതത്തെയുംപോലെ നല്ലതാണു്. എല്ലാമതങ്ങളും ഒന്നുപോലെ ചീത്തയാണെന്നർത്ഥം. വിദ്യാഭ്യാസരംഗത്തും ഈ വിശാലമനസ്കത പ്രത്യക്ഷപ്പെടേണ്ടതാകയാൽ, അവിടെ ശിക്ഷണപരിപാടികളൊന്നും പാടില്ല. എല്ലാ വ്യക്തികൾക്കും "ആത്മപ്രകാശന"ത്തിനു് അവകാശമുള്ളതുകൊണ്ടു് അതിനെ നിരോധിക്കുന്ന ശിക്ഷണനടപടികൾ സ്വാതന്ത്ര്യത്തോടു ചെയ്യുന്ന ഒരു കയേററമാണു്. രാഷ്ട്രീയരംഗത്തും ഈ അഭിപ്രായത്തിനായിരുന്നു പ്രാബല്യം. വ്യക്തികളുടെ അവകാശങ്ങ

ളെ ആളംഗമായി സംരക്ഷിക്കകമാത്രമാണന്നത്ര ഗവണ്മെൻറി ന്റെ ചുമതല. ധാർമ്മികബോധമാണെങ്കിൽ, അതു ഗണിത ശാസ്ത്രത്തെ ആശ്രയിച്ചു സ്ഥിതി ചെയ്യുന്നു. വോട്ടിന്റെ എണ്ണ മനുസരിച്ചുവേണം ഒരു കാര്യം ശരിയോ തെറേറാ എന്നു തീ ർച്ചപ്പെടുത്തുവാൻ. അസത്യമെന്നു ലോകം ഏകകണ്ഠമായി വി ധിച്ചാലും സത്യം സത്യമായിരിക്കുമെന്നും, തെററായ ഒരു സം ഗതി ആരൊക്കെ ശരിവച്ചാലും തെററായിത്തന്നെ ഇരിക്കുമെ ന്നുമുള്ള പരമാർത്ഥം അവരോർമ്മിച്ചില്ല. വ്യക്തികളുടെ യഥേ ഷ്ടമുള്ള വ്യാപാരങ്ങളിൽ രാഷ്ട്രം തലയിടാതിരുന്നാൽ മതി, പൊതുജനക്ഷേമം താനേ പുലർന്നുകൊള്ളുംപോലും. തന്മൂലം സ്വകാര്യസ്വത്തിന്റെ വിനിയോഗത്തെ നിയന്ത്രിക്കുന്ന രാ ഷ്ട്രീയനടപടികളെല്ലാം വ്യക്തിസ്വാതന്ത്ര്യത്തിന്റെ നേ രെയുള്ള വെല്ലുവിളികളാണെന്നു നിഷ്പക്ഷതാവാദികൾ അഭിപ്രായപ്പെട്ടു.

നിഷ്പക്ഷത അല്ലെങ്കിൽ ഉദാസീനതയാണു സ്വാത ന്ത്ര്യമെന്നു ധരിച്ചതിന്റെ ഫലമായിരുന്നു ഈ ചിന്താഗതി. ഈ വിചിത്രസിദ്ധാന്തത്തിനു ധനതത്ത്വശാസ്ത്രത്തിൽ വ്യക്തി മാത്രവാദമെന്നു പേർ പറയാം. ഇതിന്റെ അനിഷ്ടഫലങ്ങൾ പ്രധാനമായി സാമുദായികരംഗത്തും സാമ്പത്തികരംഗത്തുമാ ണു പ്രത്യക്ഷപ്പെട്ടതു്. പരസ്പരവിരുദ്ധങ്ങളായ വ്യക്തികളു ടെ തൻകാര്യചിന്തകൾ സമുദായമദ്ധ്യത്തിൽ ഒരു നവീനവ്യ വസ്ഥിതി സൃഷ്ടിക്കുകയും അതിനു 'ജീവിതസമരം' എന്നു പേ രിട്ടുകൊണ്ടു വ്യക്തികൾ സർവ്വസ്വാതന്ത്ര്യവും അനുവദിച്ചുകൊടു ക്കുകയും ചെയ്തു. പൊതുജനനന്മയിൽ ആരും ശ്രദ്ധിച്ചില്ല. ഓ രോ വ്യക്തിയും തന്നെത്തന്നെ പൂജിക്കുന്നതിൽമാത്രം ഉത്സു കനായിത്തീർന്നു. സമുദായം ആത്മപൂജകരായ അത്തരം ചെറു ദേവന്മാരുടെ ഒരാലയമായി പരിണമിച്ചു. സാമ്പത്തികലോ കത്തു് ഈ വാദം വരുത്തിക്കൂട്ടിയ അസമത്വങ്ങൾ ഭയാനക ങ്ങളാണു്. ധനവും ഉൽപാദനോപകരണങ്ങളും ഏതാനും ചി

ലരുടെ പിടിയിൽച്ചെന്നൊതുങ്ങിയപ്പോൾ, സമുദായത്തിന്റെ വമ്പിച്ച ഭൂരിപക്ഷം വരുന്ന മററുള്ളവർ കേവലം കൂലിക്കാരുടെ നിലയിലേയ്ക്കു് അധഃപതിച്ചു. ഒരുനേരത്തെ ഭക്ഷണത്തിനുള്ള വകപോലും പിറേറദിവസത്തേയ്ക്കു കരുതിവയ്ക്കുവാൻ കഴിവില്ലാതെ അധികമാളുകളും വലഞ്ഞു തുടങ്ങി. ധനികനു ധനികനായിത്തന്നെ കഴിയുന്നതിനും നിർദ്ധനനു് ഉത്തരോത്തരം നിർദ്ധനനായിത്തീരുന്നതിനുമുള്ള ഒരവകാശമാണു് ഈ വ്യവസ്ഥിതിയിൽനിന്നു സംജാതമായതു്. വ്യക്തികൾക്കു സാമ്പത്തികമണ്ഡലത്തിൽ അനിയന്ത്രിതമായ വ്യാപാരസ്വാതന്ത്ര്യം ഇങ്ങനെ അനുവദിച്ചതു നിമിത്തം ധനത്തിന്റെ ദുർവിതരണം ഏററവും ഭീമമായിത്തീർന്നു. 1936-ൽ എടുത്ത ഒരു കണക്കനുസരിച്ചു്, അമേരിക്കയിലെ നൂറു കുടുംബങ്ങളിൽ ഒടുവിലത്തെ പത്തെണ്ണത്തിനു് ആദ്യത്തെ പത്തിന്റെ പതിനെട്ടിരട്ടി വരവുണ്ടത്രെ. അതേസമയം, ഒടുവിലത്തെ പത്തു കുടുംബങ്ങൾക്കുള്ളതിന്റെ അറുപതിരട്ടി അംഗങ്ങളാണു് ആദ്യത്തെ പത്തിനുള്ളതെന്നുംകൂടി ഓർക്കണം.

## തിരിച്ചടി

സാമ്പത്തികമായ ഈ അസമത്വങ്ങൾക്കും വ്യക്തികളുടെ നിയന്ത്രണരഹിതമായ സ്വാർത്ഥലോലുപതയ്ക്കും എന്തെങ്കിലും പ്രതിവിധി കണ്ടുപിടിക്കാതെ ഗത്യന്തരമില്ലെന്നായി. വ്യക്തികളെ സ്വകാര്യമാത്രങ്ങളായ ചിന്തകളിൽനിന്നു വിടർത്തി പൊതുനന്മയിൽക്കൂടി തൽപരരാക്കുവാനുള്ള കാലം അതിക്രമിച്ചു. സാമ്പത്തികശക്തികളുടെ പ്രവർത്തനങ്ങളെ പൊതുജനക്ഷേമത്തിലേയ്ക്കു തിരിച്ചു വിടുവാനും അസമത്വങ്ങളെ സമീകരിക്കുവാനും സാമ്പത്തികവ്യാപാരങ്ങളുടെയെല്ലാം ലക്ഷ്യം സമുദായോൽകർഷമായിരിക്കണമെന്നുള്ള ബോധം വ്യക്തികളുടെ മനസ്സാക്ഷിയിൽ അങ്കുരിപ്പിക്കുവാനുമുള്ള കാലം സമാഗതമായി. പക്ഷേ വ്യക്തിക്കു തന്റെ സഹോദരനെക്കു

ടി രക്ഷിക്കുവാൻ ചുമതലയുണ്ടെന്നു് എങ്ങനെ തെളിയിക്കും? പൊതുനന്മയിൽ അനാസ്ഥ കാണിക്കുന്നതല്ല യഥാർത്ഥസ്വാതന്ത്ര്യമെന്നു് ആരു വ്യക്തികളെ പറഞ്ഞു മനസ്സിലാക്കും? മതത്തിനു് അതു സാധിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ പരസ്നേഹം, നീതി ആദിയായ ഗുണങ്ങൾ ഏതു സമുദായത്തിൻെറയും സുസ്ഥിതിക്കു് അനുപേക്ഷണീയമാണെന്നു മനുഷ്യരെ പഠിപ്പിക്കുവാനും അങ്ങനെ സാമ്പത്തികവും സാമുദായികവുമായ കാര്യങ്ങളെ സംബന്ധിച്ചെടത്തോളം ആന്തരികമായ ഐകമത്യബോധം ജനതാമദ്ധ്യത്തിൽ വളർത്തുവാനുമുള്ള ശക്തി മതത്തിനുണ്ടു്. എന്നാൽ സത്യത്തോടുള്ള സ്നേഹം മനുഷ്യമനസ്സിൽനിന്നു നിഷ്കാസിതമായതോടെ മതം ത്യാജ്യകോടിയിൽ തള്ളപ്പെട്ടു. ദുരിതങ്ങൾക്കു പ്രതിവിധി നിർദ്ദേശിക്കുവാനും പ്രയോഗിക്കുവാനുമുള്ള അതിൻെറ ധാർമ്മികശക്തിയെക്കുറിച്ചു് ആരും ചിന്തിക്കുകപോലുമില്ലെന്നായി. ഒരു വഴിമാത്രം ശേഷിച്ചു: ബലപ്രയോഗം. സമുദായത്തിൻെറ പൊതുക്ഷേമത്തിൽ വ്യക്തികൾ സ്വയമേവ ശ്രദ്ധിക്കാഞ്ഞതിനാൽ അവരുടെ സ്വത്തും ശക്തിയും ബലം പ്രയോഗിച്ചു നിയന്ത്രിക്കുകയും അങ്ങനെ സാമുദായികാസമത്വത്തിനു പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടതു് ആവശ്യകമായിത്തീർന്നു. അതുകൊണ്ടാണു ഫാസിസം, നാസിസം, കമ്മ്യൂണിസം തുടങ്ങിയുള്ള ഏകാധിപത്യങ്ങൾ യൂറോപ്പിൽ മുളച്ചുവളരുവാൻ ഇടയായതു്. തനിയെ ചെന്നു തൊഴുത്തിൽ കയറാത്ത ആടുകളെ നായ്ക്കൾ കുരച്ചും കടിച്ചും തൊഴുത്തിലേയ്ക്കു് ഓടിക്കുന്നതുപോലെ, ദൈവദത്തമായ മനസ്സാക്ഷിയുടെ പ്രേരണയ്ക്കു വശഗരായി വ്യക്തികൾ തങ്ങളുടെ സാമുദായികചുമതലകൾ സ്വയമേവ നിർവ്വഹിക്കാഞ്ഞതിനാൽ സ്വേച്ഛാധിപതികൾ കയ്യൂക്കു പ്രയോഗിച്ചു് അവരെക്കൊണ്ടു് അതു നിർവ്വഹിപ്പിച്ചു. ഇങ്ങനെയുണ്ടായ സാമുദായികൈക്യം മതബോധത്തിൽനിന്നുത്ഭവി

ച്ച ഒരാന്തരികൈക്യമല്ല. പ്രത്യുത, ബാഹ്യശക്തിയുടെ നിർബ്ബന്ധത്തിൽനിന്നുണ്ടായ ഒരു യോജിപ്പു മാത്രമാണു്.

വ്യക്തിക്കു സർവ്വവിധസ്വാതന്ത്ര്യങ്ങളുമുണ്ടായിരുന്ന ഒരു വ്യവസ്ഥിതിയിൽനിന്നു രാഷ്ട്രത്തിനുമാത്രം സർവസ്വാതന്ത്ര്യവുമനുവദിച്ചുകൊടുക്കുന്ന മറെറാരു വ്യവസ്ഥിതിയിലേക്കുള്ള ഒരു തിരിഞ്ഞോട്ടത്തെയാണു് ഇന്നത്തെ സ്വേച്ഛാധിപത്യസമ്പ്രദായം സൂചിപ്പിക്കുന്നതു്. അബദ്ധജടിലമായ ഒരു സിദ്ധാന്തത്തെ വിട്ടു്, തുല്യാബദ്ധമായ എതിർസിദ്ധാന്തത്തിലേയ്ക്കു ലോകം കുതിച്ചു പായുന്നു. ലിബറലിസത്തിൻെറ കാലത്തു് അശക്തന്മാരെ ശക്തന്മാർ ഗ്രസിച്ചുപോന്നു. ആ പരോക്ഷമായ ബലപ്രയോഗത്തിൻെറ തിരിച്ചടിയാണു കമ്മ്യൂണിസപ്രഭൃതികളായ സ്വേച്ഛാധിപത്യങ്ങളിൽ നാമിന്നു കാണുന്ന പ്രത്യക്ഷമർദ്ദനങ്ങൾ. പക്ഷേ സ്വാതന്ത്ര്യത്തിൻെറ മധുരവാഗ്ദാനങ്ങൾകൊണ്ടല്ലാതെ ജനങ്ങളെ വശീകരിക്കുവാൻ ഒരു സ്വേച്ഛാപ്രഭുവിനും സാധിക്കുകയില്ല. അവർ ആയുധം പ്രയോഗിക്കുകയോ, അഴിമതികൾ പ്രവർത്തിക്കുകയോ, രാഷ്ട്രീയ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻവേണ്ടി ന്യൂനപക്ഷത്തെ സമൂലം സംഹരിക്കുകയോ എന്തുതന്നെ ചെയ്താലും അതെല്ലാം എപ്പോഴും സ്വാതന്ത്ര്യത്തിൻെറ പരിപാവനമായ നാമത്തിലായിരിക്കും. ഇങ്ങനെ സ്വാതന്ത്ര്യത്തിനു് ഒരു പുതിയ അർത്ഥകല്പനം വന്നുകൂടി.

## നിർബ്ബന്ധിതസ്വാതന്ത്ര്യം

നിഷ്പക്ഷതയാണു സ്വാതന്ത്ര്യമെന്നുള്ള വാദം അവസാനിച്ചു. പിന്നീടു വന്നതു് ഒരു പുതിയ സിദ്ധാന്തമാണു്. അതനുസരിച്ചു്, നിർബന്ധിക്കപ്പെടുന്നതിലാണു സ്വാതന്ത്ര്യമടങ്ങിയിരിക്കുന്നതു്. "ആവശ്യകതതന്നെ സ്വാതന്ത്ര്യം" എന്നാണു് കമ്മ്യൂണിസ്ററു പ്രണേതാവായ ഫ്റഡറിക് ഏഞ്ചത്സ് നല്കുന്ന നിർവ്വചനം, ഉദാഹരണമായി, ഒരു കല്ലു് ആകർഷ

ണനിയമത്തിനു വിധേയമായി നിലത്തേയ്ക്കു വീഴുമ്പോഴാണ് അതു സ്വാതന്ത്ര്യമനുഭവിക്കുകയാണു ചെയ്യുന്നതു്. താഴോട്ടു പതിക്കുവാൻ ആകർഷണശക്തി കല്ലിനെ നിർബന്ധിക്കുന്നു; കല്ലു് അതനുസരിക്കുന്നു. ഇതുപോലെ മനുഷ്യനും താൻ അവശ്യം ചെയ്യേണ്ടതെന്താണെന്നു ഗ്രഹിച്ചു് അതു ചെയ്യുമ്പോഴാണ് മാത്രമേ സ്വാതന്ത്ര്യമനുഭവിക്കുന്നുള്ളത്രേ. സ്വേച്ഛാധിപതികളും ഈ അഭിപ്രായക്കാരാണ്. പൊതുജനക്ഷേമമെന്നു പറയുന്നതും തങ്ങളുടെ ഹിതവും ഒന്നുതന്നെയാണെന്നു് അവകാശപ്പെട്ടുകൊണ്ടു് അവർ തങ്ങളുടെ ഹിതമനുസരിച്ചു പ്രവർത്തിക്കുവാൻ മററുള്ളവരെ നിർബന്ധിക്കുകയും തങ്ങളെ അനുസരിക്കുന്നവർ വാസ്തവത്തിൽ സ്വാതന്ത്ര്യമാസ്വദിക്കുന്നുവെന്നു പഠിപ്പിക്കുകയും ചെയ്യുന്നു.

ഈ വാദഗതിയനുസരിച്ചു്, സ്റ്റലിനെ അനുകൂലിച്ചു് എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നിടത്തോളംകാലം റഷ്യയിലെ പൗരന്മാർക്കു ലേഖനസ്വാതന്ത്ര്യവും പ്രസംഗസ്വാതന്ത്ര്യവുമുണ്ടു്. സ്റ്റലിനെ അനുകൂലിക്കാത്തവൻ രാഷ്ട്രത്തിന്റെ ശത്രുവാണ്. രക്തം ചൊരിയുവാനുള്ള സ്വാതന്ത്ര്യമേ അയാൾക്കു ശേഷിക്കുകയുള്ളൂ. ഹിററ്ലറിന്റെ ജർമ്മനിയിലും സ്റ്റലിന്റെ റഷ്യയിലും മുസ്സോളിനിയുടെ ഇററലിയിലും രാഷ്ട്രീയ രംഗത്തു് ഒരു ന്യൂനകക്ഷിയെപ്പോലും നാം കാണുകയില്ല. ഭരണാധികാരം മുഴുവൻ ഒരു കക്ഷി കയ്യടക്കിയിരിക്കുന്നതു നിമിത്തം, ആ രാജ്യങ്ങളിൽ വോട്ടു ചെയ്യുവാനുള്ള സ്വാതന്ത്ര്യമെന്നു പറഞ്ഞാൽ സ്വേച്ഛാധിപതിയുടെ ഹിതത്തെ ശരിവയ്ക്കുവാനുള്ള സ്വാതന്ത്ര്യമെന്നാണർത്ഥം. താത്വികദൃഷ്ട്യാ നോക്കുന്നപക്ഷം സ്വേച്ഛാധിപതികൾ ആധ്യാത്മികകാര്യങ്ങളിൽ കൈകടത്തേണ്ടയാവശ്യമില്ല. അവരുടെ സകല പ്രവർത്തനങ്ങളും രാഷ്ട്രീയവും സാമ്പത്തികവുമായ രംഗങ്ങളിൽ ഒതുങ്ങിനില്ക്കേണ്ടതാണ്. എങ്കിലും അനുഭവം അതല്ല. തങ്ങളുടെ സ്വേച്ഛാധിപത്യത്തെ അന്യരുടെ മനസ്സാക്ഷിയുടെ പരി

പാവനമണ്ഡലത്തിലേയ്ക്കുകൂടി അവർ വ്യാപിപ്പിക്കുന്നുണ്ടെന്നു റഷ്യയിലെയും ജർമ്മനിയിലെയും സ്ഥിതിഗതികൾ വ്യക്തമാക്കുന്നു. മനുഷ്യജീവിതത്തെ വെറുമൊരു സാമ്പത്തികോൽപന്നമായി ഗണിച്ചാൽ മതിയെന്നും, കൃഷിയെയും വ്യവസായത്തെയും നിയന്ത്രിക്കുന്ന നിയമങ്ങൾതന്നെ മനുഷ്യാത്മാവിനെയും നയിച്ചുകൊള്ളുമെന്നുമാണ് അവരുടെ ഭാവം. മറിച്ചു ചിന്തിക്കുന്നവരെ തേടിപ്പിടിക്കുവാൻ ചാരന്മാരേയും രഹസ്യദൂതന്മാരേയും അവർ നിയോഗിക്കുന്നതിൻെറ കാരണവും ഇതുതന്നെ. തന്മൂലം ഈ പുതിയ സ്വാതന്ത്ര്യം അഴിമതികളെ ദൂരീകരിക്കുന്നതിനു പകരം സമുദായത്തിന് ഉപരിതലസ്പർശകമായ ഒരു ക്രമീകരണം നല്കുകമാത്രമേ ചെയ്യുന്നുള്ളു. പുറമേയൊക്കെ സൈനികശക്തിയുപയോഗിച്ച് ഐക്യത്തിൻെറ ഏതാണ്ടൊരു ഛായ വരുത്തുവാനല്ലാതെ സംതൃപ്തിയിൽനിന്നുളവാകുന്ന ആന്തരികമായ ഒരൈക്യം സമുദായത്തിനു പ്രദാനം ചെയ്യുവാൻ ഏകാധിപതികൾക്ക് ഇന്നോളം സാധിച്ചിട്ടില്ല. ഒരു നൂതന വ്യവസ്ഥിതി ഉദ്ഘാടനം ചെയ്യുവാൻ അവക്കു കഴിയാത്തതും അതുകൊണ്ടാണ്. ഇന്നു കാണുന്ന സ്വേച്ഛാധിപത്യസമ്പ്രദായം നാമോരോരുത്തരും ഭാവിയിൽ സൃഷ്ടിക്കേണ്ടതായ ആ നവ്യവ്യവസ്ഥിതിയിലേയ്ക്കുള്ള ഒരു പരിവത്തനംമാത്രമാണ്.

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിഭിന്നങ്ങളും എന്നാൽ ഒപ്പമബന്ധങ്ങളുമായ രണ്ടു ധാരണകളിൽ ഒന്നിൻെറ തിരോഭാവവും മറേറതിൻെറ ആവിർഭാവവുമാണു നാമിന്നു ദർശിക്കുന്നതു്. ആദ്യത്തെ അഭിപ്രായമനുസരിച്ചു പൊതുനന്മയെ വിഗണിച്ചുകൊണ്ടുതന്നെയും സ്വകാര്യലാഭത്തിനുവേണ്ടി പരിശ്രമിക്കാം; പൊതുനന്മയുടെ കാര്യത്തിൽ കാണിക്കുന്ന ആ നിഷ്ക്രിയത സാക്ഷാൽ സ്വാതന്ത്ര്യംതന്നെയാണ്. രണ്ടാമത്തേതനുസരിച്ചാകട്ടെ, വ്യക്തിക്കു യാതൊരു സ്വാതന്ത്ര്യവുമില്ല. സ്വേച്ഛാനുസാരം മനുഷ്യനു യാതൊന്നും തിരഞ്ഞെടുക്കുവാൻ പാടില്ല. രാഷ്ട്രത്തിൻെറയോ പാർട്ടിയുടെയോ ഗുണത്തിനായി വ്യ

ക്തികളെ യഥേഷ്ടം ബലികഴിക്കുവാൻ രാഷ്ട്രത്തിനു പൂർണ്ണാവകാശമുണ്ട്. രാഷ്ട്രത്തിന്റെ ഈ അവകാശത്തിൽ വ്യക്തിയുടെ യഥാൎത്ഥസ്വാതന്ത്ര്യം അന്തർഭവിച്ചിരിക്കയും ചെയ്യുന്നു. നിയന്ത്രണരാഹിത്യമായിരുന്നു ആദ്യത്തെ സിദ്ധാന്തത്തിന്റെ ഫലമെങ്കിൽ രണ്ടാമത്തേതിന്റെ ഫലം അടിമത്തമാണ്. ഒന്നു സത്യത്തോടു നിഷ്പക്ഷത അവലംബിച്ചു. മററതു സത്യവും സ്വേച്ഛാധിപതിയുടെ ഹിതവും ഒന്നാണെന്നു സമ്മതിക്കുന്നു. ഒന്നാമത്തേതു വ്യക്തികളുടെ ധനസമ്പാദനത്തിനുവേണ്ടി സമുദായക്ഷേമത്തെ ബലികഴിച്ചു. രണ്ടാമത്തേതു സാമുദായികസുഭിക്ഷത്തെ വാഗ്ദാനം ചെയ്തുകൊണ്ടു വ്യക്തിസ്വാതന്ത്ര്യത്തെ നിഹനിക്കുന്നു. ആദ്യത്തേതു സമുദായത്തെ വിസ്മരിച്ചുവെങ്കിൽ രണ്ടാമത്തേതു മനുഷ്യനെ വിസ്മരിക്കുന്നു. ലിബറലിസ്ററുസ്വാതന്ത്ര്യം, കെട്ടിടത്തിനുള്ളിൽ കുഴിച്ചുവച്ചിരിക്കുന്ന ഒരു സ്ഫോടകബോംബുപോലെയാണ്. അതു പൊട്ടിയാൽ സമുദായസൗധത്തിന്റെ ഓരോ കല്ലും കെട്ടിടത്തിന്റെ സുഭദ്രതയെ തൃണവൽഗണിച്ചുകൊണ്ടു നാലുവഴിക്കും ചിതറും. നേരെമറിച്ച്, സൎവ്വാധിപത്യസിദ്ധാന്തമനുസരിച്ചുള്ള സ്വാതന്ത്ര്യം ഒരുതരം എണ്ണച്ചക്കാണ്. അതിൽ ചെന്നു വീഴുന്ന പദാൎത്ഥങ്ങളുടെ വ്യക്തിത്വത്തെ അരച്ചു നശിപ്പിച്ച് അവയുടെ സത്ത് അത് ഊററിയെടുക്കുകയും എല്ലാംകൂടി ഒരു കട്ടയാക്കിത്തീർക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, പൊതുജനക്ഷേമത്തെ അവഗണിക്കുവാൻ വ്യക്തികൾക്കുള്ള നിരങ്കുശമായ അവകാശമാണു സ്വാതന്ത്ര്യമെന്നു വാദിച്ചുകൊണ്ട് ആദ്യത്തെ കൂട്ടർ സമുദായത്തെ തച്ചുടച്ചപ്പോൾ, രാഷ്ട്രം ചിന്തിക്കുന്നതുപോലെയല്ലാതെ ചിന്തിക്കുവാനോ രാഷ്ട്രം നിർദ്ദേശിക്കുന്നതുപോലെയല്ലാതെ പ്രവൎത്തിക്കുവാനോ വ്യക്തികൾക്കു കഴിയാത്തവിധത്തിൽ സ്വേച്ഛാധിപതികൾ മനുഷ്യരുടെ വ്യക്തിത്വത്തെ നിശ്ശേഷം നശിപ്പിക്കുന്നതിലാത്രേ യഥാൎത്ഥമായ

സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതെന്നു ശഠിച്ചുകൊണ്ടാണല്ലോ മറ്റേക്കൂട്ടർ മനുഷ്യത്വത്തെത്തന്നെ നിർമ്മാർജ്ജനം ചെയ്തു.

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഈ അമിതവാദങ്ങളുടെ അനാശാസ്യഫലങ്ങളെക്കുറിച്ചു ദീർഘദൃക്കായ ലെയോ പതിമ്മൂന്നാമൻ തിരുമനസ്സുകൊണ്ടു 1888-ൽ നമുക്കു മുന്നറിയിപ്പു നല്കിയിട്ടുള്ളതാണു്: "ഓരോരുത്തരും അവരവരുടെ ഇഷ്ടമനുസരിച്ചുമാത്രം പ്രവർത്തിക്കുന്നപക്ഷം അതു് അസമാധാനത്തിനും കലാപത്തിനും രാഷ്ട്രത്തിന്റെ വിനാശത്തിനും കാരണമായിത്തീരുന്നതിനാൽ മനുഷ്യസമുദായത്തിന്റെ യഥാർത്ഥസ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു് അതിലല്ല....അന്യായ്യവും സ്വേച്ഛാനുസാരവുമായ നിയമങ്ങൾക്കു ഭരണീയരെ വിധേയരാക്കുവാനുള്ള ഭരണാധികാരിയുടെ ശക്തിയിലുമല്ല യഥാർത്ഥ സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നതു്. ഈ രണ്ടു സിദ്ധാന്തങ്ങളും അക്രമപരവും രാജ്യത്തിന്റെ നിലനില്പിനും ഒട്ടേറെ ഹാനികരവുമാണു്."

അർത്ഥശൂന്യങ്ങളായ ഈ രണ്ടു വാദങ്ങളും ക്രിസ്തുവിന്റെ കുരിശാരോഹണത്തിൽ ഗണ്യമായ പങ്കു വഹിക്കുകയുണ്ടായി. അങ്ങയെ കുരിശിൽ തറച്ചതുതന്നെ തെറ്റായ സ്വാതന്ത്ര്യത്തിന്റെ പേരിലാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. നിഷ്പക്ഷതാസ്വാതന്ത്ര്യത്തിന്റെ അഥവാ 'വിശാലമനസ്കത'യുടെ പ്രതിനിധിയായി പീലാത്തോസിനെ നമുക്കു കണക്കാക്കാം. അങ്ങയെ കുരിശിൽ തറയ്ക്കുവാൻ മുറവിളികൂട്ടിയ സാമാന്യജനങ്ങൾ അസഹിഷ്ണുതയുടെ, അല്ലെങ്കിൽ നിർബന്ധസ്വാതന്ത്ര്യത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നു. രാത്രി മുഴുവൻ പടയാളികൾ അങ്ങയുടെ മുഖം മൂടിക്കെട്ടിക്കൊണ്ടു നിഷ്ഠുരമായ പീഡനങ്ങൾക്കും മുൾമുടിധാരണത്തിനും ദുസ്സഹമായ മററവമാനങ്ങൾക്കും വിധേയനാക്കിയശേഷം പ്രഭാതത്തിൽ പീലാത്തോസിന്റെ മുമ്പിൽ അങ്ങയെ ഹാജരാക്കി. പീലാത്തോസിന്റെ ചോദ്യത്തിനു മറുപടിയായി, തന്റെ രാജ്യം ഐഹികമല്ലെന്നു ക്രിസ്തു അരുൾചെയ്തു. അ

No. 11446.



അനന്തരം അവിടുന്നു് ഇങ്ങനെ തുടർന്നു: "ഇതിനായിട്ടത്രേ ഞാൻ ജനിച്ചതും ഭൂമിയിലേയ്ക്കു വന്നതും — സത്യത്തിനു സാക്ഷ്യം നല്കുവാൻ. സത്യപ്രണയികൾ ഓരോരുത്തരും എന്റെ സ്വരം ശ്രവിക്കുന്നു" (യോ. xviii, 37). പീലാത്തോസാകട്ടെ പരമമായ സത്യത്തിലും നന്മയിലുമുള്ള വിശ്വാസം പണ്ടേ ഉപേക്ഷിച്ചിരിക്കയാണു്. ശരിയെന്നും തെറ്റെന്നും പറയുന്നതു് ഓരോരുത്തരുടെ വീക്ഷണപഥത്തെമാത്രം ആശ്രയിച്ചു സ്ഥിതിചെയ്യുന്നതാകയാൽ സ്ഥലകാലാദിസംവരണങ്ങൾക്കതീതമായി സാമാന്യസത്യം എന്നൊന്നില്ലെന്നു് അദ്ദേഹം നേരത്തേ ധരിച്ചിട്ടുള്ളതാണു്. സത്യത്തിന്റെ ഈ ആപേക്ഷികസ്വഭാവത്തെ വിശദമാക്കുവാൻവേണ്ടി 'എന്താണു സത്യം?' എന്നു നിന്ദാഗർഭമായി ചോദിച്ചുകൊണ്ടു്, മറുപടി കേൾക്കുവാൻപോലും കാത്തുനില്ക്കാതെ, സനാതനസത്യത്തിന്റെനേരേ അദ്ദേഹം പുറംതിരിഞ്ഞുകളഞ്ഞു.

പീലാത്തോസ് അവലംബിച്ച ഈ നിഷ്പക്ഷത ഒരു മണിക്കൂറിനകം അതിന്റെ സ്വാഭാവികമായ പരിണാമത്തിലെത്തി. ക്രിസ്തുവിനെയും തസ്കരപ്രമാണിയായ ബറബ്ബാസിനെയും ഒപ്പം തന്റെ മട്ടുപ്പാവിൽ ജനങ്ങൾക്കഭിമുഖമായി നിർത്തിക്കൊണ്ടു് അയാൾ ചോദിച്ചു: "ഇവരിലാരെയാണു ഞാൻ നിങ്ങൾക്കു വിട്ടുതരേണ്ടതു് — ബറബ്ബാസിനെയോ ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന ഈശോയെയോ?" ഇവിടെ, വഴിപിഴച്ച വിശാലമനസ്കതയെ അതിന്റെ പാരമ്യത്തിൽ നാം ദർശിക്കുന്നു. ക്രിസ്തുവും ബറബ്ബാസും തമ്മിൽ, ശരിയും തെറ്റും തമ്മിൽ, സത്യവും അസത്യവും തമ്മിൽ, നന്മയും തിന്മയും തമ്മിൽ അയാൾക്കൊരു വ്യത്യാസവുമില്ല! നിഷ്പക്ഷതയാണു സ്വാതന്ത്ര്യമെന്നുള്ള വാദത്തിന്റെ ഒരു പാഠാന്തരമായിരുന്നു പീലാത്തോസിന്റെ ആ ചോദ്യം. സത്യത്തോടു പ്രദർശിപ്പിച്ച നിഷ്പക്ഷതയുടെ ഫലമായി അന്നു 'പരമസത്യം' കുരിശിൽ തറയ്ക്കപ്പെട്ടു. അന്നുമുതൽ ഇന്നുവരെ അതുതന്നെയാണു്

ഓരോ വിനാഴികയിലും സംഭവിച്ചുകൊണ്ടിരിക്കുന്നതും. സത്യത്തിൻേറയും നന്മയുടേയും നേരെ നിഷ്പക്ഷമായിരിക്കുവാനുള്ള സ്വാതന്ത്ര്യമാണു പ്രജാധിപത്യഭരണത്തിൻെറ മാനദണ്ഡമെന്നു വന്നാൽ അവ രണ്ടും സമുദായമദ്ധ്യത്തിൽ കണികാണുവാൻപോലും ശേഷിക്കുകയില്ല.

പൊതുജനങ്ങൾ എപ്പോഴും ശരിയായിട്ടുള്ളതുമാത്രമല്ല തിരഞ്ഞെടുക്കുന്നതു്. ഭൂരിപക്ഷം അനുകൂലിച്ചതുകൊണ്ടു് ഒരു കാര്യം സത്യമാണെന്നു സിദ്ധിക്കുന്നുമില്ല. രക്ഷകനെ ഉപേക്ഷിച്ചുകൊണ്ടു തസ്കരനെ തിരഞ്ഞെടുക്കുവാനുള്ള അവകാശമോ, നീതിസ്വരൂപനെ കുരിശിൽ തറയ്ക്കുവാനുള്ള വിശാലമനസ്കതയോ അല്ല സ്വാതന്ത്ര്യം. നിഷ്പക്ഷതയും സ്വാതന്ത്ര്യവും ഒന്നാണെന്നു കരുതുന്നവർ, ആ കരുതലിൻെറ അനിഷ്ടഫലങ്ങൾ ഓരോന്നായി പ്രത്യക്ഷപ്പെട്ടുതുടങ്ങുമ്പോൾ അതിൽ തങ്ങൾക്കു പങ്കില്ലെന്നു പറഞ്ഞേക്കാം. "ഈ നീതിമാൻെറ രക്തത്തിൽ എനിക്കു പങ്കില്ല" എന്നു പരസ്യമായി പ്രസ്താവിച്ചുകൊണ്ടു ജനസംഘയത്തിൻെറ മുമ്പിൽവച്ചു പീലാത്തോസ് തൻെറ കരങ്ങൾ പ്രക്ഷാളനംചെയ്തു; പക്ഷേ ശുദ്ധജലംകൊണ്ടു സമ്മാർജ്ജനം ചെയ്യാവുന്നതല്ല അത്തരം കളങ്കം. സമുദ്രജലം മുഴുവൻ ഒഴിച്ചു കഴുകിയാലും ആ നിർമ്മലരക്തത്തിൻെറ കറ അയാളുടെ കൈകളിൽനിന്നു മായുകയില്ല. ഇന്നും ക്രിസ്തു "പീലാത്തോസിൻെറ നാളുകളിൽ പീഡകൾ സഹിച്ചു"വെന്നാണു നാം പറഞ്ഞുവരുന്നതു്.

ബറബ്ബാസിനെ മോചിക്കണമെന്നും ക്രിസ്തുവിനെ കുരിശിൽ തറയ്ക്കണമെന്നും ജനങ്ങൾ ആവശ്യപ്പെട്ടപ്പോൾ പീലാത്തോസിന് ആദ്യമതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല: തൻെറ ചെവികൾ തന്നെ വഞ്ചിക്കുന്നുവോയെന്നു് അദ്ദേഹം സംശയിച്ചു. അന്തരീക്ഷം ഭേദിക്കുമാറു് അതേ മുറവിളി അവർ വീണ്ടും ആവർത്തിച്ചപ്പോൾ ഗത്യന്തരമില്ലെന്നു കണ്ടു് അദ്ദേഹം ചോദിക്കുകയാണു്: "നിങ്ങളുടെ രാജാവായ ക്രിസ്തുവിനെ

ഞാൻ എന്തു ചെയ്യണം?" അസന്ദിഗ്ധമായ ഭാഷയിൽ അതിന് അവരിങ്ങനെ പ്രത്യുത്തരിച്ചു: "ഈ മനുഷ്യനെ വിട്ടയയ്ക്കുന്നപക്ഷം നീ സീസറിന്റെ മിത്രമായിരിക്കുകയില്ല. കാരണം, രാജാവാണെന്നു സ്വയം പ്രഖ്യാപനം ചെയ്യുന്നവരൊക്കെ സീസറിന്റെ പ്രതിയോഗികളാണ്."

നിഷ്പക്ഷതയാകുന്ന സ്വാതന്ത്ര്യം അവിടെയവസാനിച്ചു. സത്യസ്വരൂപനെ കുരിശിൽ തറയ്ക്കണമെന്നു ഭൂരിപക്ഷം തീരുമാനിച്ചതിനോടെ നിഷ്പക്ഷതയുടെ ഭാഗം പൂർത്തിയാകുകയും രണ്ടാമത്തെ സ്വാതന്ത്ര്യാഭാസമായ നിർബന്ധം രംഗപ്രവേശം ചെയ്യുകയും ചെയ്തു. സ്വേച്ഛാപ്രഭുവും തങ്ങളുടെ വിശേഷപാത്രവുമായിരുന്ന സീസറിന്റെ നാമത്തിൽ യഹൂദന്മാർ ക്രിസ്തുവിന്റെ മരണം ആവശ്യപ്പെട്ടതുതന്നെ അതിനുദാഹരണമാണ്. സീസറിനെക്കാൾ വലിയ ദൈവവും ഗവണ്മെന്റു നല്കുന്നതിൽ കവിഞ്ഞ അവകാശവും രാഷ്ട്രീയകക്ഷിയുടെ താൽപര്യങ്ങൾക്ക് അതീതമായ മനസ്സാക്ഷിസ്വാതന്ത്ര്യവും ഇല്ലെന്നാണ് അവരുടെ വാക്കുകളുടെ പ്രായോഗികാർത്ഥം. "ക്രിസ്തു സീസറിനെ അനുസരിക്കുകയും 'സീസറിന്റേതു സീസറിനും ദൈവത്തിന്റേതു ദൈവത്തിനു'മെന്ന തത്വം ഉപേക്ഷിക്കുകയും ചെയ്യാത്തപക്ഷം അദ്ദേഹം മരിക്കട്ടെ. സീസറല്ലാതെ രാജാവില്ല. സ്വേച്ഛാധിപതിയുടെ ഹിതമല്ലാതെ നിയമവുമില്ല. ദൈവത്തിനുതന്നെയും സീസർ നിർണ്ണയിക്കുന്ന അവകാശങ്ങളെയുള്ളൂ. തന്മൂലം ഒന്നെങ്കിൽ അയാൾ അനുസരിക്കട്ടെ, അല്ലെങ്കിൽ കുരിശിൽ തൂങ്ങട്ടെ"— ഏതാണ്ടിപ്രകാരമായിരുന്നു അവരുടെ അന്നത്തെ ചിന്താഗതി. സ്വേച്ഛാപ്രഭുവിന്റെ അഭിമതം അനുസരിക്കുന്നതിലാണു സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതെന്ന് അവർ വിശ്വസിച്ചു.

അങ്ങനെ സത്യത്തിന്റെനേരെ നിഷ്പക്ഷതാനയം അനുവർത്തിച്ച ഒന്നാമത്തെയിനം സ്വാതന്ത്ര്യവും, സീസർതന്നെ

യാണു സത്യമെന്നു വാദിച്ച രണ്ടാമത്തേയിനം സ്വാതന്ത്ര്യവും കൂടി ക്രിസ്തുവിനെ മരണത്തിനു വിധിച്ചു. അദ്ദേഹം ക്രൂശിക്കപ്പെടുകയും ചെയ്തു.

അന്നത്തേ കാൽവരി ആധുനികലോകത്തിന്റെ തനിപ്പകപ്പാണു്. അന്നത്തേയും ഇന്നത്തേയും മൗലികപ്രശ്നം സ്വാതന്ത്ര്യത്തെസംബന്ധിച്ചുള്ളതുമാണു്. അന്നു ക്രിസ്തുവിനെ കുരിശിൽ തറച്ചതുപോലെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അബദ്ധാഭിപ്രായം ഇന്നു് ഓരോ മനുഷ്യനെയും കുരിശിൽ തറയ്ക്കുന്നു. യഥാർത്ഥസ്വാതന്ത്ര്യം എന്താണെന്നു് അനേകം നൂററാണ്ടുകളായിട്ടു ലോകം അറിഞ്ഞിട്ടില്ല. അതിന്റെ ശരിയായ നിർവ്വചനം പഠിക്കുന്നതുവരെ അതൊട്ടറിയുകമില്ല. സത്യം, സദാചാരം മുതലായവയുടെനേരേ അനാസ്ഥ പ്രദർശിപ്പിച്ചുപോന്ന മുതലാളിത്തവും ലിബറലിസവും വ്യക്തികളുടെ സ്വാർത്ഥബുദ്ധിയെ സാധൂകരിക്കുവാനാണു് ഉപകരിച്ചതെങ്കിൽ, ഇന്നു നാം കാണുന്ന കമ്മ്യൂണിസവും ഏകാധിപത്യവും രാഷ്ട്രത്തിന്റെ സർവ്വാധിപത്യവാദവുമെല്ലാം സാമൂഹികമായ ഒരു തൻകാര്യചിന്തയെ ന്യായീകരിക്കുവാൻമാത്രമേ പര്യാപ്തമാകുന്നുള്ളു. ഒന്നാമത്തേതിൽനിന്നു സാമ്പത്തികമായ അടിമത്തവും രണ്ടാമത്തേതിൽനിന്നു രാഷ്ട്രീയമായ അടിമത്തവും പൊട്ടിപ്പുറപ്പെട്ടു. രണ്ടുകൂട്ടരും തങ്ങൾ സ്വാതന്ത്ര്യപ്രേമികളാണെന്നു് അഭിമാനിക്കുന്നുണ്ടു്. എന്നാൽ അവർ സ്നേഹിക്കുന്നതു് അവരുടെ അഭിപ്രായമനുസരിച്ചുള്ളതരം സ്വാതന്ത്ര്യത്തെയാണു്. തങ്ങൾക്കെന്നപോലെ അന്യർക്കും സ്വതന്ത്രരായിരിക്കുവാൻ അവകാശമുണ്ടെന്നു സമ്മതിക്കുകയും പ്രസ്തുതാവകാശം സമ്പാദിക്കുവാൻ അഭിലഷിക്കുകയും ചെയ്യുന്നവരത്രേ യഥാർത്ഥത്തിൽ സ്വാതന്ത്ര്യസ്നേഹികൾ. ലിബറലിസവും മുതലാളിത്തവും സത്യത്തിന്റെനേരേ നിഷ്പക്ഷത പ്രദർശിപ്പിച്ചതുനിമിത്തം കമ്മ്യൂണിസം, നാസിസം മുതലായ വിനാശശക്തികളിൽനിന്നു തന്നെത്തന്നെ രക്ഷിക്കുവാൻ പ്രജാധിപത്യത്തിനു കഴിയാതെവന്നു. സത്യമെ

ന്നൊന്ന് വാസ്തവത്തിലില്ലെങ്കിൽ അതിനുവേണ്ടി പോരാടുന്ന തേ മൗഢ്യമാണല്ലോ.

ഇന്നു ക്ഷയോന്മുഖമായിരിക്കുന്ന ലിബറലിസ്ററു പ്രജാധിപത്യത്തിൻെറ അഭിപ്രായത്തിൽ, സ്വാതന്ത്ര്യം ഒരു സാമ്പത്തികവസ്തുതയാണ്. അതൊരു തനി രാഷ്ട്രീയവസ്തുതയാണെന്നു സ്വേച്ഛാധിപതികൾ വാദിക്കുന്നു. സമ്പൽസമൃദ്ധിയിൽനിന്നനുഭവിക്കുന്ന ഒരു തരം പ്രഭുത്വമാണു സ്വാതന്ത്ര്യമെന്നു മുതലാളികൾ വാദിക്കുമ്പോൾ, അതു പ്രത്യേകരാഷ്ട്രീയാവകാശങ്ങളുടെ ഫലമായ ആഢ്യതയാണെന്നു കമ്മ്യൂണിസ്ററുകാർ എതിർവാദം ചെയ്യുന്നു. യഥാർത്ഥസ്വാതന്ത്ര്യം ഇവയെക്കാളെല്ലാം എത്രയോ മഹത്തരമാണ്! സാക്ഷാത്തായ സ്വാതന്ത്ര്യം രാഷ്ട്രീയകാര്യങ്ങളെക്കാൾ ഉൽകൃഷ്ടവും സാമ്പത്തികമാത്രങ്ങളായ പരിഗണനകളെക്കാൾ ഉന്നതവുമത്രെ. അതു ലിബറലിസ്ററുകാർ ജല്പിക്കുന്നതുപോലെ ഉത്തരവാദിത്വംകൂടാതെയുള്ള അവകാശംമാത്രമോ, കമ്മ്യൂണിസ്ററുകാർ ഘോഷിക്കുന്നതുപോലെ അവകാശം കൂടാതെയുള്ള ഉത്തരവാദിത്വം മാത്രമോ അല്ല. സ്വാതന്ത്ര്യം ചിന്തയുടെ അനിയന്ത്രിതത്വമല്ല. എന്നാലതു സ്വേച്ഛാധിപതിയുടെ അഭിപ്രായമനുസരിച്ചുമാത്രം ചിന്തിക്കുന്ന ചിന്താപാരതന്ത്ര്യവുമല്ല. ക്രിസ്തുവിനെയും ബറബാസിനെയും തമ്മിൽ, ധർമ്മവും അധർമ്മവും തമ്മിൽ, ഇഷ്ടാനുസരണം തിരഞ്ഞെടുക്കുന്നതിനു വ്യക്തികൾക്കുള്ള അവകാശമാണു സ്വാതന്ത്ര്യത്തിൻെറ മൗലികലക്ഷണമെന്നു 'വിശാലമനസ്കരായ' വ്യക്തിമാത്രവാദികളും, അതല്ല, സീസറല്ലാതെ ദൈവമില്ലെന്നു പറയുവാനുള്ള അവകാശമാണു സ്വാതന്ത്ര്യമെന്ന് അസഹിഷ്ണുക്കളായ കമ്മ്യൂണിസ്ററുപക്ഷപാതികളും ഒന്നുപോലെ വിശ്വസിക്കുന്നു.

യഥാർത്ഥസ്വാതന്ത്ര്യത്തിൻെറ കണികപോലും ഇന്നു കാണാൻ കിട്ടുകയില്ല. എങ്കിലും അതന്വേഷിച്ചു പ്രാപിക്കേണ്ടതു നമ്മുടെ സുസ്ഥിതിക്ക് ആവശ്യകമാണ്. ലിബറലിസ്ററു

സിദ്ധാന്തങ്ങളെ ഉപേക്ഷിക്കുന്നതുകൊണ്ടോ ഏകാധിപത്യത്തെ സ്വാഗതം ചെയ്യുന്നതുകൊണ്ടോ മാത്രം ഒരു സമുദായം സ്വാതന്ത്ര്യം പ്രാപിക്കുന്നില്ല. സ്വാതന്ത്ര്യത്തിന്റെ നിഴൽപോലും അവ രണ്ടിലും നാം കാണുകയില്ല. കലർപ്പില്ലാത്ത സ്വാതന്ത്ര്യം കൈവരിക്കുവാൻ ഒരു മാർഗ്ഗമേയുള്ളു:—അതായത്, മനുഷ്യന്റെ പരമാർത്ഥത്തിൽനിന്നു വ്യതിരിക്തമല്ലാത്തതും ഭൂരിപക്ഷത്തെയാകട്ടെ ന്യൂനപക്ഷത്തെയാകട്ടെ ആശ്രയിച്ചു സ്ഥിതിചെയ്യാത്തതുമായ പരമസത്യത്തിലേയ്ക്കു നാം തിരിച്ചുവരണം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നമ്മുടെ അവസാനലക്ഷ്യമായ ദൈവത്തോടു നാം ഐക്യപ്പെടണം. ചിന്തയിലും പ്രവൃത്തിയിലും മനുഷ്യൻ തന്റെ പരമലക്ഷ്യത്തോട് എത്രമാത്രം അനുയോജിക്കുന്നുവോ അത്രത്തോളം അവൻ സ്വതന്ത്രനാണ്. കാരണം, അപ്പോൾമാത്രമേ അവൻ സത്യം പ്രാപിക്കുന്നുള്ളു. ഈ വാക്കുകൾ കുറെ കഠിനമാണെന്ന്, ഒരു പക്ഷേ, ചില ആധുനികർക്കു തോന്നിയേക്കാം. നമ്മുടെ ഇന്നത്തെ പരിഷ്കൃതലോകത്തെ ലിബറലിസവും കമ്മ്യൂണിസവുംകൂടി — നിഷ്പക്ഷതാസ്വാതന്ത്ര്യവും നിർബന്ധസ്വാതന്ത്ര്യവുംകൂടി — ക്രിസ്തുവിനെയെന്നപോലെ കുരിശിൽ തറച്ചാൽമാത്രമേ അതിനു പുനരുജ്ജീവിക്കുവാൻ സാധിക്കുകയുള്ളുവെന്നുണ്ടോ?—ദൈവത്തിനറിയാം. എന്നാൽ ഇത്രയും നമുക്കു തീർച്ച പറയുവാൻ കഴിയും: സത്യത്തെ നാം സ്നേഹിക്കുന്നപക്ഷം 'സത്യം നമ്മെ സ്വതന്ത്രരാക്കും.'

# മൂന്നാം അദ്ധ്യായം

## യഥാർത്ഥസ്വാതന്ത്ര്യം

സ്വാതന്ത്ര്യത്തിന്റെ തനിരൂപം മനസ്സിലാക്കണമെങ്കിൽ അതിനെക്കുറിച്ചുള്ള അമിതസിദ്ധാന്തങ്ങൾ രണ്ടും ആദ്യം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. ലിബറലിസവും കമ്മ്യൂണിസവുമാണ് ആ അമിതസിദ്ധാന്തങ്ങൾ.

ലിബറലിസ്റ്റുകാരുടെ അഭിപ്രായമനുസരിച്ച്, യഥേഷ്ടം എന്തും ചിന്തിക്കുന്നതിനും പറയുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള അവകാശമാണു സ്വാതന്ത്ര്യം. സ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളികൂട്ടുന്ന ഇന്നത്തെ രാഷ്ട്രീയപ്രക്ഷോഭകന്മാരും തൊഴിലാളിനേതാക്കന്മാരും നിയമസഭാസ്ഥാനാർത്ഥികളും തങ്ങളുടെ ഗംഭീരങ്ങളായ പ്രസംഗങ്ങളിൽ പ്രകീർത്തിക്കുന്നതും ആവശ്യപ്പെടുന്നതും ഇത്തരമൊരു നിയന്ത്രണരാഹിത്യത്തെയാണ്. സ്വാതന്ത്ര്യത്തെ ഒരുപാധിയായിട്ടല്ല, ലക്ഷ്യമായിട്ടാണ് അക്കൂട്ടർ വിഭാവനം ചെയ്യുന്നത്. അതിനുവേണ്ടി മുക്തകണ്ഠാ അവകാശവാദം ചെയ്യുന്നവരിൽ ആരുംതന്നെ അതിന്റെ ലക്ഷ്യമെന്താണെന്ന് ഒരിക്കൽപ്പോലും സൂചിപ്പിച്ചുകേട്ടിട്ടില്ല. എന്തിൽനിന്നൊക്കെയാണു മോചനം ലഭിക്കേണ്ടതെന്ന് അവർ വിവരിച്ചുപറയുമെങ്കിലും ആ മോചനംകൊണ്ട് എന്താണു ചെയ്യുവാൻ പോകുന്നതെന്ന് അവർക്കുതന്നെ നിശ്ചയമില്ല. തന്റെ കാലിന്റെ വൈകല്യം നീങ്ങിക്കിട്ടണമെന്ന് ഒരു മുടന്തൻ ആവശ്യപ്പെടുന്നപക്ഷം, ശരിയായി നടക്കുവാനുള്ള സ്വാതന്ത്ര്യം അവനുണ്ടായിരിക്കണമെന്നത്രേ അതിന്റെ അർത്ഥം. ഉദ്ദേശ്യമില്ലാത്ത സ്വാതന്ത്ര്യവാദം നിരർത്ഥകമാണ്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള വാദകോലാഹലത്തിനിടയിൽ അതിന്റെ ലക്ഷ്യം പരിതാപകരമാംവിധം വിസ്മരിക്കപ്പെട്ടുപോയി. നിർദ്ദിഷ്ടമായ കാര്യത്തിനുവേണ്ടിയല്ലാതെ

കേവലം സ്വാതന്ത്ര്യത്തിനായിമാത്രം സ്വാതന്ത്ര്യത്തെ കാം ക്ഷിക്കുക അർത്ഥശൂന്യമാണു്.

മനുഷ്യൻെറ ജീവിതലക്ഷ്യത്തെ വിസ്മൃതകോടിയിൽ തള്ളിക്കൊണ്ടുള്ള ഈ സ്വാതന്ത്ര്യവാദത്തിൽനിന്നാണു് ഇന്ന ത്തെ പുരോഗമനവാദം മുളയെടുത്തിട്ടുള്ളതു്. ഒരു ലക്ഷ്യവുമി ല്ലെങ്കിലും ശരി, ചലിച്ചുകൊണ്ടിരിക്കണമെന്നതാണു പുരോഗ മനപ്രണയികളുടെ പക്ഷം. അവരുടെ അഭിപ്രായത്തിൽ, ശരി യായ മാർഗ്ഗത്തിൽക്കൂടി ചരിക്കുക എന്നു പറയുന്നതും മുമ്പോട്ടു പോവുക എന്നു പറയുന്നതും തമ്മിൽ ഒരു വ്യത്യാസവുമില്ല. ലക്ഷ്യത്തിൽനിന്നു വ്യതിചലിച്ചുകൊണ്ടു് അതിനെ അവർ പുരോഗമനമെന്നു വിളിച്ചു. ഒരു വസ്തുവിൻെറ ചലനം പുരോ ഗമനമാണോ പശ്ചാദ്ഗമനമാണോ എന്നു നിർണ്ണയിക്കുന്ന തിനുതന്നെയും സുനിശ്ചിതവും അചഞ്ചലവുമായ ഒരു സ്ഥാനം അന്വേഷണീയമാണെന്നുള്ള തത്വം അവരോർമ്മിച്ചുത യില്ല. "ഒരിക്കലും പുരോഗമിക്കാത്ത ഒരു കാര്യമുണ്ടു്: അതായ തു്, പുരോഗമനത്തെക്കുറിച്ചുള്ള നമ്മുടെ ബോധം" എന്നു ചെസ്റ്റേർട്ടൺ ഒരിക്കൽ പറഞ്ഞതു് ഈ അർത്ഥത്തിൽ തിക ച്ചും പരമാർത്ഥമാണു്.

ഈ തെററിദ്ധാരണയുടെ ദയനീയഫലങ്ങളിൽ ഒന്നു്, ല ക്ഷ്യത്തിൽനിന്നും മാർഗ്ഗത്തിലേക്കുള്ള മനുഷ്യമനസ്സിൻെറ വ്യ തിചലനമായിരുന്നു. സത്യപ്രാപ്തിയിലെന്നതിനേക്കാൾ സ ത്യാന്വേഷണത്തിൽ മനുഷ്യരുടെ ശ്രദ്ധ പതിഞ്ഞുതുടങ്ങി. അ വർ അന്വേഷിച്ചു; പക്ഷേ അതു കണ്ടെത്തുന്നതിനല്ല, അന്വേ ഷണത്തിലുള്ള രസത്തിനുവേണ്ടിമാത്രം. അവർ മുട്ടി വിളിച്ചു; പക്ഷേ അതു സത്യത്തിൻെറ കവാടം തുറന്നുകിട്ടുവാനല്ല, ത ങ്ങളുടെ വിളിയുടെ സ്വരമാധുരി ആസ്വദിക്കുവാൻമാത്രം. സ ത്യാന്വേഷണത്തിൻെറ മാഹാത്മ്യത്തെ അവർ വാനോളം പ്ര കീർത്തിച്ചുവെങ്കിലും സത്യം കണ്ടുപിടിക്കാതിരിക്കുവാൻ അ വർ പ്രത്യേകം കരുതലുള്ളവരായിരുന്നു. കാരണം, അതിൻെറ അന്വേഷണം യാതൊരു പ്രത്യേകചുമതയും നമ്മുടെമേൽ

ഷ്യമത്തുന്നില്ല. കണ്ടുപിടുത്തമാകട്ടെ അങ്ങനെയല്ല. സത്യം കണ്ടുപിടിച്ചുകഴിയുമ്പോൾ അതനുസരിച്ചു പ്രവൎത്തിക്കുവാനും ജീവിക്കുവാനുമുള്ള അപ്രതിരോദ്ധ്യമായ ഒരാഹ്വാനം നമുക്ക് അനുഭവപ്പെടാതിരിക്കുകയില്ല. പക്ഷേ, ആ ആഹ്വാനത്തെ പിഞ്ചെല്ലുന്നതിനു ധൈൎയ്യമുള്ളവർ തീരെ കുറവാണ്. ഇങ്ങനെ നോക്കുമ്പോൾ, ലക്ഷ്യത്തെ വിസ്മരിച്ചതാണു സ്വാതന്ത്ര്യപ്രാപ്തിക്കുള്ള ശ്രമത്തിൽ നമുക്കു നേരിട്ട അദ്യത്തെ പരാജയമെന്നു കാണാം.

കമ്മ്യൂണിസം സിദ്ധാന്തിക്കുന്നതുപോലെ, ഒരു സ്വേച്ഛാധിപതിക്കു മനുഷ്യൻ വഴങ്ങിക്കൊടുക്കുന്നതിലത്രേ സ്വാതന്ത്ര്യമടങ്ങിയിരിക്കുന്നതെന്നു വ്യാമോഹിച്ചതായിരുന്നു രണ്ടാമത്തെ മൗഢ്യം. ബാഹ്യമായ ഒരു ലക്ഷ്യം അല്ലെങ്കിൽ അദർശം മനുഷ്യനുവേണ്ടതാണെന്ന് ഏകാധിപതികളും സമ്മതിക്കുന്നു. പക്ഷേ, അവരുടെ അഭിപ്രായമനുസരിച്ച് ആ ലക്ഷ്യം ഓരോരുത്തരുടേയും വ്യക്തിവിലാസത്തെ വികസിപ്പിക്കുന്നതിലല്ല, ഒരു സമൂഹത്തിന്റെ — അതു രാഷ്ട്രമോ വൎഗ്ഗമോ എന്തുമാകാം— പ്രതാപത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിലാണ് അടങ്ങിയിരിക്കുന്നത്. അങ്ങനെ വ്യക്തിയുടെ സ്ഥാനത്തു സംഘടന, അഥവാ, സമൂഹം പ്രതിഷ്ഠിതമായി. സ്വാതന്ത്ര്യത്തിന് ഒരുദ്ദേശ്യമുണ്ടെന്നുള്ള പ്രസ്താവം ശരിതന്നെ. എന്നാൽ അതു രാഷ്ട്രത്തിന്റെ സൎവ്വാധിപത്യമാണെന്നുള്ള അഭിപ്രായം പരമാബദ്ധമാണ്. കമ്മ്യൂണിസം, ഫാസിസം മുതലായ രാഷ്ട്രീയസിദ്ധാന്തങ്ങൾ ആദ്ധ്യാത്മികമായ ഒരു ലക്ഷ്യത്തിൽനിന്നു ലൗകികമായ ഒന്നിലേക്കു സ്വാതന്ത്ര്യത്തെ വ്യതിചലിപ്പിക്കുകയും ദൈവത്തിന്റെ സ്ഥാനത്തു സീസറിനെ അവരോധിക്കുകയും ചെയ്യുന്നു. വാക്സ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം മുതലായവയുടെയെല്ലാം തിരോധാനമായിരിക്കും ഇവയുടെയൊക്കെ അവസാനഫലം. നാസിജൎമ്മനിയിലും കമ്മ്യൂണിസ്റ്റുറഷ്യയിലും ഏതു തരത്തിലുള്ള സ്വാതന്ത്ര്യമാണു നമുക്കു കാണുവാൻ ക

ഴിയുന്നതു്? ജയിലിൽ കിടക്കുന്ന രണ്ടുപേർ 'നിന്നോടൊപ്പമുള്ള അവകാശം ഇവിടെ എനിക്കുമുണ്ടു്' എന്നു വാദിച്ചുകൊണ്ടു് അന്യോന്യം വഴക്കടിക്കുന്നതുപോലെയാണു് അവിടുത്തെ ജീവിതം. തങ്ങളുടെ സ്വാതന്ത്ര്യം എത്ര പരിപൂർണ്ണമാണെന്നു ജനങ്ങൾ വിശ്വസിച്ചാലും കൊള്ളാം, ഭരണാധികാരി ഒരാംഗ്യം കാണിക്കുമ്പോൾ നൂറു ശതമാനം വോട്ടും അവർ അയാൾക്കു നല്കിക്കൊള്ളണം. അല്ലാത്തപക്ഷം, അതു വാങ്ങിക്കുവാൻ അയാൾക്കറിയാം. ഈ തത്വമനുസരിച്ചു നോക്കുമ്പോൾ, മനുഷ്യൻ എന്തു് ആയിരിക്കുന്നുവെന്നതിലല്ല, എന്തു ചെയ്യുന്നുവെന്നതിലാണു സ്വാതന്ത്ര്യം അന്തർഭവിച്ചിരിക്കുന്നതെന്നും സ്വാതന്ത്ര്യമെന്നു പറയുന്നതു മനുഷ്യൻ്റെയല്ല, സംഘടനയുടെ അഥവാ സമൂഹത്തിൻ്റെ ഒരു ഗുണവിശേഷമാണെന്നും തോന്നിപ്പോകും. ഒരു വണ്ടിയുടെ ചക്രത്തിൽ അതിൻ്റെ കമ്പികൾക്കുള്ള സ്ഥാനംമാത്രമേ കമ്മ്യൂണിസ്റ്റുരാജ്യത്തിൽ വ്യക്തികൾക്കുണ്ടായിരിക്കുകയുള്ളു. ചക്രത്തോടൊത്തു് ഉരുളുവാൻ ആ കമ്പികൾക്കു സ്വാതന്ത്ര്യമുണ്ടു്. അതിനപ്പുറമുള്ള ഏതൊരു സ്വാതന്ത്ര്യപ്രകടനവും ആത്മഹത്യാപരമായിരിക്കും. രാഷ്ട്രത്തിൻ്റെ സ്വേച്ഛാധിപത്യത്തെ ചോദ്യംചെയ്യുന്നവർക്കു സ്വേച്ഛാധിപതികൾ പറയുന്ന പേരു വിധ്വംസകോപകരണങ്ങൾ (wreckers) എന്നത്രേ. ഈ പേരു മനുഷ്യനു നല്കുന്നതുകൊണ്ടുതന്നെ രാജ്യത്തെ, സ്വാതന്ത്ര്യം തുടങ്ങിയുള്ള അനേകം അനിഷേധ്യാവകാശങ്ങളോടുകൂടിയ വ്യക്തികളുടെ ഒരു ധാർമ്മികസംഘടനയായിട്ടല്ല, വെറുമൊരു യന്ത്രമായിട്ടാണു തങ്ങൾ കണക്കാക്കുന്നതെന്നു പരോക്ഷമായിട്ടെങ്കിലും അവർ സമ്മതിക്കുന്നു.

ഈ രണ്ടു് അമിതവാദങ്ങളിൽനിന്നും രക്ഷ പ്രാപിക്കുന്നതിനോടുകൂടി സാക്ഷാത്തായ സ്വാതന്ത്ര്യത്തിൻ്റെ രൂപം കുറേക്കൂടി വ്യക്തമായി നമുക്കു കാണുവാൻ കഴിയും. ഇഷ്ടമുള്ളതെല്ലാം ചെയ്യുവാനുള്ള അവകാശമല്ല സ്വാതന്ത്ര്യം. അതു സ്വേ-

ച്ഛാധിപതിയെ അനുസരിക്കുവാൻ നാം നിർബന്ധിതരായിത്തീരുന്ന ഒരവസ്ഥയുമല്ല. ചെയ്യേണ്ടതു ചെയ്യുവാനുള്ള അവകാശമത്രെ സ്വാതന്ത്ര്യം. ചെയ്യുവാൻ കഴിയുന്നതു്, ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്നതു്, ചെയ്യേണ്ടതു് — ഇവ തമ്മിലുള്ള വ്യത്യാസം നന്നായി ഗ്രഹിച്ചിരിക്കേണ്ടതാണു്. ഈ മൂന്നു പദങ്ങളിൽ 'ചെയ്യേണ്ടതു്' അല്ലെങ്കിൽ കൎത്തവ്യം എന്ന വാക്കു്, മനുഷ്യൻ സ്വതന്ത്രനാണെന്നു സൂചിപ്പിക്കുന്നു. താങ്ങില്ലാത്ത ഒരു വസ്തു താഴെ വീഴുകതന്നെ വേണം; അക്കാൎയ്യത്തിൽ അതിനു സ്വാതന്ത്ര്യമില്ല. വേണമെങ്കിൽ നമുക്കു് അന്യന്റെ ധനം അപഹരിക്കുവാനും അശക്തനെ പീഡിപ്പിക്കുവാനും കഴിയും. എന്നാൽ ആ കഴിവും സ്വാതന്ത്ര്യമല്ല; കാരണം, അവ ചെയ്യരുതാത്തവയാണു്. ചെയ്യേണ്ടതു് എന്ന പദമാകട്ടെ സന്മാൎഗ്ഗബോധത്തെയും ധാൎമ്മികാവകാശങ്ങളെയും ചുമതലകളെയുമെല്ലാം ഒന്നുപോലെ ഉൾക്കൊള്ളുന്നു. തന്മൂലം സ്വാതന്ത്ര്യം കായികമായ ഒരു കഴിവല്ല, പ്രത്യുത, ധാൎമ്മികമായ ഒരു ശക്തിയാണെന്നു സ്പഷ്ടം.

ഓരോ കൎത്തവ്യവും ഓരോ ഉദ്ദേശ്യത്തോടു ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നുള്ള വസ്തുതയാണു് ഇനി നാം അനുസ്മരിക്കേണ്ടതു്. 'വിദ്യാഭ്യാസം എന്റെ കൎത്തവ്യമാണു്' എന്നൊരാൾ പറയുമ്പോൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യമായ ജ്ഞാനസമ്പാദനത്തിന്റെ സൂചനകൂടി അതിലടങ്ങിയിട്ടുണ്ടു്. ഓരോ ദിവസവും പ്രഭാതംമുതൽ പ്രദോഷംവരെ, 'അതു ഞാൻ ചെയ്യേണ്ടതാണു്,' 'അതു് എന്റെ കൎത്തവ്യമാണു്' എന്നൊക്കെ പല കാൎയ്യങ്ങളെക്കുറിച്ചും നാം പറയാറുണ്ടല്ലോ. അല്പമൊന്നു് ആലോചിച്ചുനോക്കിയാൽ കാണാം അവയിലോരോ കൎത്തവ്യത്തിനും പിന്നിൽ അതിനു പ്രേരണ നല്കുന്ന ഓരോ ഉദ്ദേശ്യംകൂടി മറഞ്ഞു നില്പുണ്ടെന്നു്. എന്നാൽ ദൈനംദിന ജീവിതത്തിലെ ഈ അനേകായിരം കൎത്തവ്യങ്ങളുടെ പിറകിൽ, സൎവ്വപ്രധാനമായ മറെറാരു കൎത്തവ്യമുണ്ടു്: അതായതു്, ഞാൻ

ഏതൊരുദ്ദേശ്യത്തോടുകൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ അതിന്റെ സംപ്രാപ്തി. പരമപ്രധാനമായ ഈ കർത്തവ്യം കഴിഞ്ഞേയുള്ളു മററുള്ള കർത്തവ്യങ്ങളെല്ലാം. 'എന്റെ ജീവിതത്തിന്റെ ഉദ്ദേശ്യമെന്തു്?' എന്നു് ആത്മാർത്ഥമായി സ്വയം ചോദിച്ചിട്ടുള്ളവർ എത്രപേരുണ്ടാകും? തങ്ങളുടെ മേശപ്പുറത്തു് ഒരു തുണ്ടു കടലാസു കിടക്കുന്നതു കണ്ടാൽ അതു്, എന്തിനു്, അതവിടെ വച്ചിരിക്കുന്നുവെന്നറിയുവാൻ അക്ഷമ പ്രദർശിപ്പിക്കുന്നവരാണു മനുഷ്യരിൽ അധികവും. പക്ഷേ, ജനനംമുതൽ മരണംവരെയുള്ള കാലഘട്ടത്തിനിടയിൽ തങ്ങളുടെ ജീവിതോദ്ദേശ്യമെന്തെന്നു തങ്ങളോടുതന്നെ അവർ ഒരിക്കൽപ്പോലും ചോദിക്കാറില്ല! ജീവിതത്തിൽ നാം ചിന്തിക്കേണ്ടതായ ഒരു പ്രശ്നമുണ്ടെങ്കിൽ അതു് ഇതുമാത്രമാണു്. ഇതിനു നല്കുന്ന മറുപടിയെ ആശ്രയിച്ചിരിക്കും നമ്മുടെ ജീവിതസ്വഭാവവും പരലോകസൗഭാഗ്യംതന്നെയും.

ഞാൻ എന്തിനായി സൃഷ്ടിക്കപ്പെട്ടു? ജീവിതംകൊണ്ടു് എന്താണു ഞാൻ സാധിക്കേണ്ടതു്? കുടുംബസംരക്ഷണമെന്നു് ഒരാൾ മറുപടി പറയും. ധനാർജ്ജനമെന്നു മറെറാരുവൻ പ്രത്യുത്തരിക്കും. മൂന്നാമതൊരുവനാകട്ടെ, ജ്ഞാനസമ്പാദനമാണു ജീവിതത്തിന്റെ പരമോദ്ദേശ്യമെന്നും വാദിച്ചേക്കാം. എന്നാൽ ഈ ഉത്തരങ്ങളെല്ലാം അപൂർണ്ണങ്ങളാണു്. ജീവിതകാലം മുഴുവൻ ആനന്ദത്തെയത്രേ നാം ആരായുന്നതു്. ധനാർജ്ജനവും ജ്ഞാനസമ്പാദനവുമെല്ലാം അതിനുള്ള ഉപാധികൾമാത്രം. ജീവൻ, സത്യം, സ്നേഹം—ഇവയ്ക്കായി മനുഷ്യഹൃദയം ദാഹിക്കുന്നു. അമർത്യമായ ജീവനും സമ്പൂർണ്ണമായ സത്യവും അക്ഷയമായ സ്നേഹവുംതേടി ജീവിതകാലംമുഴുവൻ നാം അലയുകയാണു്. "രണ്ടുകൊല്ലത്തേയ്ക്കു നമുക്കു പരസ്പരം സ്നേഹിക്കാം" എന്നു പറഞ്ഞുകൊണ്ടു രജിസ്റ്റർവിവാഹം കഴിക്കുന്ന യുവതീയുവാക്കന്മാരുടെ സ്നേഹം എത്ര പൊള്ളയാണെന്നുള്ളതു തന്നൂലം അനുഭവസിദ്ധം. യഥാർത്ഥസ്നേഹത്തിനു ശാശ്വതമായിരിക്കാനേ കഴിയൂ. സൃഷ്ടവസ്തുക്കൾ മനുഷ്യന്റെ ഈ അന്തർദാഹ

ത്തെ വളർത്തുവാനല്ലാതെ ശമിപ്പിക്കുവാൻ അപര്യാപ്തങ്ങളാകയാൽ ഈലോകജീവിതത്തിനപ്പുറത്താണ് അതിന്റെ സമ്പൂർണ്ണതൃപ്തിയെ നാം ആരായേണ്ടതു്. പരിപൂർണ്ണമായ സൗഭാഗ്യം കഴിമാടത്തിനപ്പുറമെങ്കിലും ഉണ്ടായിരിക്കണമെന്നുള്ളതിൽ തർക്കമില്ല; കാരണം, വിശപ്പു ഭക്ഷണത്തിന്റെയും ഇന്ദ്രിയങ്ങൾ അവയുടെ ഗോചരവസ്തുക്കളുടെയും അസ്തിത്വത്തെ തെളിയിക്കുന്നതുപോലെ അനന്തമായ ജീവിതത്തിനും അവികലമായ ജ്ഞാനത്തിനും അഭംഗമായ പ്രേമത്തിനുംവേണ്ടിയുള്ള നമ്മുടെ തൃഷ്ണതന്നെ അതിനൊരു പൂർത്തീകരണമുണ്ടെന്നുള്ളതിനു തെളിവാണു്.

ജീവിതലക്ഷ്യം എന്താണെന്നുള്ള പ്രശ്നത്തിനു നമ്മുടെ യുക്തി കണ്ടുപിടിച്ച ഈ ഉത്തരംതന്നെയാണു ദിവ്യാവിഷ്കരണവും നല്കുന്നതു്. ഒരു വസ്തുവിന്റെ ഉദ്ദേശ്യമെന്തെന്നു് അറിയുവാനുള്ള സുകരവും സുനിശ്ചിതവുമായ മാർഗ്ഗം അതിന്റെ നിർമ്മാതാവിനോടുതന്നെ ചോദിക്കുകയാണല്ലോ. ദൈവം എന്തിനായിട്ടു നമ്മെ സൃഷ്ടിച്ചുവെന്നുള്ള ചോദ്യത്തിനു്, തന്നെ അറിഞ്ഞു സ്നേഹിച്ചു് ഈ ലോകത്തിൽ തന്റെ ആജ്ഞകളെ അനുവർത്തിച്ചതിനുശേഷം പരലോകത്തിൽ തന്നോടുകൂടി അനന്തമായി ആനന്ദിക്കുന്നതിനാണെന്നു ദൈവം തന്നെ പ്രത്യുത്തരിക്കുന്നു. സമ്പൂർണ്ണമായ ജീവനേയും സത്യത്തേയും സ്നേഹത്തേയും പ്രാപിച്ചുകൊണ്ടു നമ്മുടെ വ്യക്തിവിശേഷതയെ വേണ്ടത്ര വികസിപ്പിക്കുകയാണു ജീവിതത്തിലെ പരമമായ കർത്തവ്യമെന്നു പറഞ്ഞുകഴിഞ്ഞല്ലോ. പ്രസ്തുത ലക്ഷ്യം പ്രാപിക്കുന്നതിനുവേണ്ട മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കുന്ന കാര്യത്തിലാണു സ്വാതന്ത്ര്യത്തിന്റെ പ്രവർത്തനരംഗം പ്രത്യക്ഷമാകുന്നതു്.

ഉദ്ദേശ്യസിദ്ധിക്കു് ഉതകുന്ന ഉപാധികളെ സ്വീകരിക്കുവാനോ സ്വീകരിക്കാതിരിക്കുവാനോ നമുക്കു സ്വാതന്ത്ര്യമുണ്ടു്.

എന്നാൽ ഇവയിലേതാണു് ഉൽകൃഷ്ടതരമെന്നാണു ചിന്തിക്കേണ്ടതു്.

ചെയ്യേണ്ടതു ചെയ്യുന്നതും ചെയ്യുവാനിഷ്ടമുള്ളതു ചെയ്യുന്നതും സ്വാതന്ത്ര്യത്തിന്റെ വകഭേദംതന്നെ; സംശയമില്ല. എന്നാൽ കർത്തവ്യം നിറവേററുന്നതിനുള്ള സ്വാതന്ത്ര്യമാണു യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തെക്കാൾ മഹത്തരമെന്നു് ആർക്കാണു് അറിഞ്ഞുകൂടാത്തതു്? ആദ്യത്തേതിന്റെ ഫലം വ്യക്തിവിലാസത്തിന്റെ വികാസമാണെങ്കിൽ രണ്ടാമത്തേതിന്റെ ഫലം പാരതന്ത്ര്യം അഥവാ അടിമത്വമാണു്. മദ്യപാനത്തിൽ മിതത്വം പാലിക്കുക നമ്മുടെയൊക്കെ കടമയാണു്. ഒരുവൻ അതു വകവയ്ക്കാതെ, കുടിക്കുവാൻ തനിക്കു സ്വാതന്ത്ര്യമുണ്ടെന്നു വാദിച്ചുകൊണ്ടു് അമിതപാനം നടത്തുന്നുവെന്നു കരുതുക. ചുരുങ്ങിയ കാലത്തിനുള്ളിൽ തീർച്ചയായും അവൻ മദ്യത്തിനു് അടിമയായിത്തീരും. അപ്പോൾമുതൽ അവൻ കുടിക്കുന്നതു് ഇഷ്ടാനുസരണമാണെന്നു പറഞ്ഞുകൂടാ. കുടിക്കാതിരിക്കുന്നതിൽനിന്നുണ്ടാകുന്ന അസുഖത്തെ മാററുന്നതിനായി കുടിക്കുവാൻ അവൻ നിർബന്ധിതനാകയാണു ചെയ്യുന്നതു്. അങ്ങനെ അവന്റെ സ്വാതന്ത്ര്യം പാരതന്ത്ര്യമായി പര്യവസാനിക്കുന്നു. ആധുനികലോകത്തിനു പിണഞ്ഞിരിക്കുന്ന അമളിയും ഇതുതന്നെ. യാതൊരു നിയമവും അനുസരിക്കാതിരിക്കുന്നതാണു സ്വാതന്ത്ര്യമെന്നു് അതു തെററിദ്ധരിച്ചുപോയി. വ്യക്തിവിലാസത്തിന്റെ പേരിൽ ദൈവത്തിന്റെ അനുശാസനങ്ങളെ അതു് അതിലംഘിച്ചു. ഉത്തമന്മാരായ പൗരന്മാരും മാതാപിതാക്കന്മാരും വിദ്യാഭ്യാസപ്രവർത്തകന്മാരുമായി നാം തീരണമെന്നുണ്ടെങ്കിൽ, നിയമരാഹിത്യമല്ല സ്വാതന്ത്ര്യം എന്നുള്ള പ്രാഥമികപാഠം നാം ആദ്യം ഹൃദിസ്ഥമാക്കണം. സ്വാതന്ത്ര്യത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ നിയമവിധേയത്വമാണു്. നിയമത്തിനു പുറത്തല്ല, അതിന്റെ പരിധിക്കുള്ളിലാണു യഥാർത്ഥസ്വാതന്ത്ര്യം നാം

കണ്ടെത്തുന്നത്. സർവ്വവ്യാപകമായ ഈ തത്വത്തിനു ശാസ്ത്രലോകത്തിലാകട്ടെ, സമുദായരംഗത്തിലാകട്ടെ, ധാർമ്മികമണ്ഡലത്തിലാകട്ടെ മാററമൊന്നുമില്ല. വിശാലമായ വായുമണ്ഡലത്തിൽ നിർബാധം പറന്നുയരുവാൻ അഭിലഷിക്കുന്ന ഒരു വിമാനസഞ്ചാരി ഭൂമിയുടെ ആകർഷണനിയമങ്ങളെ സുസൂക്ഷ്മം ഗ്രഹിക്കുകയും സനിഷ്കർഷം അനുസരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ആകർഷണനിയമങ്ങളെ അവഗണിക്കുന്നേടത്തോളംകാലം വ്യോമയാനത്തിനുള്ള സ്വാതന്ത്ര്യം അയാൾക്കുണ്ടായിരിക്കുകയില്ല. കേവലം അന്തരികവാസനകളനുസരിച്ചു പ്രവർത്തിക്കുവാൻ തനിക്കു സ്വാതന്ത്ര്യമുണ്ടെന്നു സിദ്ധാന്തിച്ചുകൊണ്ട്, അംബരചുംബിയായ മണിമാളികയുടെ മുകളിൽനിന്ന് ഒരാൾ താഴത്തേയ്ക്കു ചാടുന്നപക്ഷം അയാളുടെ സ്വാതന്ത്ര്യത്തിന്റെ കഥ എന്തായിരിക്കും? ഒരു കടലാസിൽ ഋജുരേഖ വരയ്ക്കുവാനുദ്യമിക്കുന്ന വിദ്യാർത്ഥി അതിന്റെ നിയമങ്ങളെ വകവയ്ക്കാതെ ഒരു വക്രഗതി സ്വീകരിച്ചാൽ അതു് അയാളുടെ വിശാലമനസ്കതയുടെ ലക്ഷണമായി ആരെങ്കിലും പരിഗണിക്കുമോ? ഹൃദയവിശാലതയുടെ പേരിൽ നേർവ്വരയുടെ നിയമത്തിൽനിന്ന് അയാൾ എത്രമാത്രം വ്യതിചലിക്കുന്നുവോ അത്രമാത്രം അതു വരയ്ക്കുവാനുള്ള സ്വാതന്ത്ര്യവും അയാൾക്കു നഷ്ടപ്പെടുന്നു.

ധാർമ്മികനിയമങ്ങളുടെ സ്വഭാവവും ഇതുതന്നെ. വ്യക്തിവിശേഷതയെ വികസിപ്പിക്കുകയും സനാതനസൗഭാഗ്യത്തെ പ്രാപിക്കുകയുമാണല്ലോ മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം. ആ ലക്ഷ്യത്തിന്റെ പ്രാപ്തിക്ക് അനുയോജ്യമായ നിയമങ്ങളെ അനുസരിക്കുമ്പോളത്രേ നമ്മുടെ സ്വാതന്ത്ര്യം പരിപൂർണ്ണമാകുന്നതു്. ധാർമ്മികാനുശാസനങ്ങളെ തൃണവൽഗണിച്ചുകൊണ്ടു പരമാനന്ദത്തെ പ്രാപിച്ചുകൊള്ളാമെന്നു കരുതുന്നതു് ആകർഷണനിയമത്തെ വിഗണിച്ചുകൊണ്ട് ആകാശയാനത്തിനു ശ്രമിക്കുന്നതിനു തുല്യമത്രേ. നിയമത്തെ വിഗണിക്കുന്നവൻ

സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നു. വ്യക്തിവിലാസത്തിന്റെ
പരിപോഷണത്തിനും ജീവിതോദ്ദേശ്യത്തിന്റെ സംപ്രാപ്തി
ക്കും ആവശ്യമുള്ള നിയമങ്ങൾ ദൈവം തന്റെ പരിശുദ്ധമായ
മതത്തിലും മനുഷ്യസ്വഭാവത്തിൽത്തന്നെയും നിക്ഷേപിച്ചി
ട്ടുണ്ടു്. പുരോഗമനത്തിന്റെ പാതയിൽ വിലങ്ങിക്കിടക്കുന്ന
പ്രതിബന്ധങ്ങളല്ല ആ നിയമങ്ങൾ. കടലിന്റെ ആക്രമണ
ത്തിൽനിന്നു ഭൂവിഭാഗങ്ങളെ സംരക്ഷിക്കുവാൻ നാം കെട്ടി
പ്പടുക്കാറുള്ള അണകൾപോലെ അവ മനുഷ്യസൗഭാഗ്യത്തി
ന്റെ വളർച്ചയെ സഹായിക്കുകയേ ചെയ്യുന്നുള്ളു. അവയെ
അനുസരിച്ചു കർത്തവ്യം നിർവ്വഹിക്കുന്നപക്ഷം നാം സ്വതന്ത്ര
രായി. അല്ലാത്തപക്ഷം, നമ്മുടെ സ്വഭാവത്തിനെതിരായിത്ത
ന്നെ നാം പ്രവർത്തിക്കുകയായിരിക്കും. ഏതെങ്കിലുമൊരു യന്ത്ര
വിശേഷം അതിന്റെ നിർമ്മാതാവിന്റെ നിർദ്ദേശത്തിനെ
തിരായി നാം ഉപയോഗിക്കുമ്പോൾ അതു് ആ യന്ത്രമല്ലാതായി
പ്പരിണമിക്കുന്നു. അതുപോലെ, ഒരു മനുഷ്യൻ പാപം ചെയ്യു
ന്ന ഓരോ അവസരത്തിലും അവന്റെ മനുഷ്യത്വം ഒന്നിനൊ
ന്നു നശിക്കുകയത്രേ ചെയ്യുന്നതു്. പാപം ചെയ്യുവാനുള്ള
സ്വാതന്ത്ര്യം സ്വാതന്ത്ര്യമല്ല. അതു് അടിമത്തത്തിന്റെ ആ
രംഭമാണു്. 'പാപം ചെയ്യുന്നവൻ പാപത്തിനു് അടിമയാകു
ന്നു'വെന്നു ക്രിസ്തുനാഥൻ അരുൾചെയ്യുന്നു.

സ്വാതന്ത്ര്യം സർവ്വോപരി ഒരു ധാർമ്മികാവകാശ
മാണു്. വ്യവസ്ഥാപിതമായ ഒരു ഭരണഘടന അനുവദിച്ചു ത
രുന്നതും, സ്വാഭാവികവും സാമുദായികവുമായ പരിഗണന
കൾ പ്രദാനം ചെയ്യുന്നതുമായ അവകാശങ്ങളെക്കാൾ അതി
നു് ഒരു പ്രാമാണ്യക്കൂടുതലുണ്ടു്. സ്വേച്ഛാധിപതികളുടേയും
ലിബറലിസക്കാരുടേയും മനസ്സിൽ ആഴമായിപ്പതിയേണ്ട ഒരു
തത്വമാണിതു്. മനുഷ്യജീവിതത്തിന്റെ പരമോദ്ദേശ്യത്തെ
വിസ്മരിക്കുന്നതുകൊണ്ടാണു വ്യക്തിസ്വാതന്ത്ര്യത്തെ വേണ്ടു
വിധം നിയന്ത്രിക്കുവാൻ പ്രജായത്തഭരണകൂടങ്ങൾക്കു പല

ല്പോഴും കഴിയാതെ വരുന്നതു്. ഒരുവന്റെ സ്വാതന്ത്ര്യം ഒരിക്കലും അപരന്റെ പാരതന്ത്ര്യമായിത്തീൎന്നുകൂടാ. ദുൎബ്ബലനെ ഞെരുക്കുവാനുള്ള സ്വാതന്ത്ര്യം ബലവാനും രക്ഷാമാൎഗ്ഗം കാണാതെ ഉഴലുവാനുള്ള സ്വാതന്ത്ര്യം ബലഹീനനും അനുവദിക്കുന്നതിലല്ല പ്രജായത്തഭരണത്തിന്റെ വിജയം അടങ്ങിയിരിക്കുന്നതു്. രാഷ്ട്രത്തിലോ സമുദായത്തിലോ വൎഗ്ഗത്തിലോ അല്ല സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നതെന്നുള്ള പരമാൎത്ഥവും സ്വേച്ഛാധിപതികൾ ധരിച്ചിരിക്കണം. യഥാൎത്ഥസ്വാതന്ത്ര്യം മനുഷ്യനിലത്രേ കുടികൊള്ളുന്നതു്. മനുഷ്യഹൃദയമാകുന്ന ഭദ്രാസനത്തിൽ ദൈവം പ്രതിഷ്ഠിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ അവിടെനിന്നു നിഷ്കാസനം ചെയ്യുവാൻ ഒരു രാഷ്ട്രത്തിനും അവകാശമോ അധികാരമോ ഇല്ല. ഈ പരമാൎത്ഥം വകവയ്ക്കാത്തതുനിമിത്തം ലിബറലിസ്ററുസ്വാതന്ത്ര്യം ഇന്നത്തെ ഭീമമായ സാമ്പത്തികാനീതികളേയും, സ്വേച്ഛാധിപത്യസ്വാതന്ത്ര്യം അടിമത്തത്തേയും ഉൽപാദിപ്പിക്കുവാനിടയായി. തൻകാൎയ്യചിന്തയ്ക്കു സ്വാതന്ത്ര്യമനുവദിക്കുന്ന ലിബറലിസ്ററുസിദ്ധാന്തവും, പാർട്ടിക്കു് അഥവാ വൎഗ്ഗത്തിനു സൎവ്വസ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു വാദിക്കുന്ന കമ്മ്യൂണിസവും ഭൂമുഖത്തു പ്രത്യക്ഷമാകുന്നതിനുമുമ്പുതന്നെ യഥാൎത്ഥസ്വാതന്ത്ര്യം മനുഷ്യന്റെ ആധ്യാത്മികപ്രകൃതിയിൽ ബീജാവാപം ചെയ്യപ്പെട്ടിരുന്നു. അതു സംഘടനകളെക്കാൾ പുരാതനതരമാണു്. തന്മൂലം മനുഷ്യസ്വാതന്ത്ര്യത്തിനു മാൎഗ്ഗം തെളിച്ചതു തങ്ങളാണെന്നു സ്വേച്ഛാധിപതികളും ലിബറലിസ്ററുവാദികളും ഇനിയെങ്കിലും ജല്പിക്കാതിരിക്കട്ടെ. മനുഷ്യനിൽനിന്നു ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യമേ അവൎക്കുതന്നെയുമുള്ളു. മനുഷ്യനുള്ള സ്വാതന്ത്ര്യമാകട്ടെ അവന്റെ പരമാന്ത്യത്തെ പ്രാപിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്നു.

സ്വാതന്ത്ര്യമുണ്ടെങ്കിൽ സത്യത്തിൽ നാം താനേ എത്തിച്ചേർന്നുകൊള്ളുമെന്നു പലരും വിചാരിക്കുന്നുണ്ടു്. ആ ധാ

രണ ത്യജിച്ചേ മതിയാവൂ. പരമാർത്ഥം നേരേ മറിച്ചാണ്. സ്വാതന്ത്ര്യം നമ്മെ സത്യത്തിലേയ്ക്കു് ആനയിക്കുമെന്നല്ല, സത്യം നമ്മെ സ്വതന്ത്രരാക്കുമെന്നാണു ക്രിസ്തുവിൻെറ പ്രബോധനം. ഇതിൻെറ അർത്ഥം, ജീവിതോദ്ദേശ്യത്തെക്കുറിച്ചുള്ള പ്രമാദരഹിതമായ ബോധം നമുക്കുണ്ടാകുമ്പോൾ നാം വാസ്തവത്തിൽ സ്വതന്ത്രരായിത്തീരുമെന്നാണ്. പക്ഷേ, സത്യത്തോടു പ്രദർശിപ്പിക്കുന്ന ഉദാസീനതനിമിത്തം അതിനുള്ള തൃഷ്ണ തന്നെയും നമ്മിൽനിന്നു നശിച്ചിരിക്കുന്നു. തൽഫലമായി, ജീവൻ ബലികഴിച്ചോ ത്യാഗങ്ങൾ സഹിച്ചുപോലുമോ നാം സംരക്ഷിക്കുവാൻ സന്നദ്ധത പ്രദർശിപ്പിക്കുന്ന ആദർശങ്ങൾ ഇന്നു വളരെ വിരളമാണ്. അചഞ്ചലങ്ങളും സനാതനങ്ങളുമായ ആദർശങ്ങളുടെനേരെ അന്ധമായ നിഷ്പക്ഷത പ്രദർശിപ്പിക്കത്തക്കവിധത്തിൽ നമ്മുടെ 'ഹൃദയവിശാലത' നമ്മെ മൂടിക്കളഞ്ഞു. ജീവിതോദ്ദേശ്യത്തെ വിസ്മരിക്കുന്നതിനോടൊപ്പം അതിനെ പ്രാപിക്കുവാനുള്ള നമ്മുടെ ശക്തിയും അവശ്യം ക്ഷയിച്ചുതുടങ്ങും. സത്യം, നീതി മുതലായ ധാർമ്മികാദർശങ്ങളിലുള്ള നമ്മുടെ വിശ്വാസം ദുർബ്ബലമായാൽ അവയ്ക്കുവേണ്ടി പോരാടുവാനുള്ള കഴിവും ശൂന്യമായിത്തീരും. ജീവിതത്തിലെ സർവ്വസാധാരണങ്ങളായ ധാർമ്മികബന്ധങ്ങൾക്കുപോലും ഒരടിത്തറയില്ലെന്നായിട്ടുണ്ട്. യാതൊരാദർശത്തിനുവേണ്ടിയും ആത്മാർത്ഥമായും തൻെറ കഴിവിൻെറ പരമാവധി വരെയും ഒരു ധർമ്മയുദ്ധം നടത്തുവാൻ ഇന്നു് ഒരുവനും തയ്യാറില്ല.

ധാർമ്മികാദർശങ്ങളോടുള്ള നമ്മുടെ ഭക്തി നാമാവശേഷമായതിൻെറ ഫലമായി തിന്മയോടു സഹിഷ്ണുത പ്രദർശിപ്പിക്കുവാനും നിർമ്മതതത്വങ്ങളുടെ പ്രചരണത്തെ സഹായിക്കുവാനും ഇന്നു നമുക്കു് ഒരു സങ്കോചവുമില്ല. പ്രജാഹിതഭരണരീതിക്കു് ഇതിൽപ്പരം എന്തൊരത്യാഹിതമാണു നേരിടുവാനുള്ളതു്? സാമുദായികനീതിയോടുള്ള സ്നേഹമല്ല, മുതലാളി

അതിനോടുള്ള ദ്വേഷമാണ് ഇക്കാലത്ത് എവിടെയും പ്രത്യക്ഷമാകുന്നത്. സ്നേഹം, സത്യം, നീതി മുതലായ ധാർമ്മികഗുണങ്ങൾക്കു പകരം വിദ്വേഷം മനുഷ്യപ്രവൃത്തികൾക്ക് ഒരു പ്രേരകശക്തിയായിത്തീർന്നുകഴിഞ്ഞാൽ ഏതൊരു നാഗരികതയാണ് അധ:പതിക്കാതിരിക്കുക? വർഗ്ഗീയവിദ്വേഷത്തെ ഉദ്ദീപിപ്പിക്കുവാൻ ഉപകരിക്കുമെങ്കിൽ ദാംഭികത്വംപോലും ഒരു സുകൃതമായി പരിഗണിക്കപ്പെടാമെന്നാണ് ആധുനികലോകത്തിൻെറ മനോഭാവം. "വർഗ്ഗത്തിനുമാത്രമേ ജീവിക്കുവാൻ അവകാശമുള്ളു," "കൈയ്യുക്കുകൊണ്ടുവേണം കാര്യം നടത്തുവാൻ", "രാഷ്ട്രത്തിൻെറ നന്മയാണു സർവ്വപ്രധാനം" എന്നും മററുമുള്ള മുദ്രാവാക്യങ്ങൾ നിർലജ്ജം വിളിച്ചുപറയുവാൻ നാം ധൈര്യപ്പെടുന്നതിൻെറ കാരണവും അതുതന്നെ.

മനുഷ്യൻെറ ജീവിതലക്ഷ്യത്തെ ഒരു പാർട്ടിയുടെയോ വർഗ്ഗത്തിൻെറയോ താൽപര്യങ്ങൾക്കുള്ളിൽ ഒതുക്കിനിർത്തുവാനത്രെ കമ്മ്യൂണിസ്ററുകാർ യത്നിക്കുന്നത്. തങ്ങളുടെ പരമാധികാരത്തിനു ജനങ്ങൾ തലകുനിച്ചുകഴിഞ്ഞാൽ പിന്നെ ജീവിതലക്ഷ്യത്തിൽനിന്നു നിഷ്പ്രയാസമായും നിശ്ശേഷമായും അവരെ വിച്ഛേദിക്കാമെന്നു കമ്മ്യൂണിസ്ററുകാർക്കു നിശ്ചയമുണ്ട്. സാംക്രമികരോഗംപോലെ ഇന്നു സർവ്വത്ര പടർന്നുപിടിച്ചിട്ടുള്ള നിർമ്മതസിദ്ധാന്തങ്ങളും മതനിഷ്പക്ഷതയും അവരെ അതിനു സഹായിക്കുകയും ചെയ്യും. മതം വെറുമൊരു മയക്കമരുന്നാണെന്നും സ്വർഗ്ഗസൗഭാഗ്യമെന്നു പറയുന്നതു ദൈവശാസ്ത്രജ്ഞന്മാരുടെ കേവലം കെട്ടുകഥയാണെന്നുമുള്ള സ്ഥിതിസമത്വവാദികളുടെ പ്രസ്താവങ്ങളെ ആധുനികമനുഷ്യൻ കണ്ണുമടച്ചു വിശ്വസിച്ചു. സൗഭാഗ്യപൂർണ്ണമായ ഒരു പറുദീസ ഈ ലോകത്തിൽത്തന്നെ സൃഷ്ടിക്കാമെന്നുള്ള മിഥ്യാഭിലാഷത്തോടുകൂടി മതോൽബോധനങ്ങളെ. അവരുടെ ഉപദേശമനുസരിച്ച് അവൻ ഉപേക്ഷിക്കുകയും ചെയ്തു. പക്ഷേ, ഇത്രയുമായപ്പോൾ അവൻെറ കണ്ണുകൾ തുറന്നു. ഐ

ഹികമായ ഒരു പറുദീസായിൽ എത്തിച്ചേരുന്നതിനു പകരം ഓരോ ദിവസം കഴിയുംതോറും തൻെറ സ്ഥിതി ഉത്തരോത്തരം ശോചനീയമായിട്ടാണു തീരുന്നതെന്നും പരലോകസൗഭാഗ്യത്തെക്കുറിച്ചുള്ള പ്രത്യാശയുടെ മധുരകിരണങ്ങൾപോലും തൻെറ ദൃഷ്ടിപഥത്തിൽനിന്നു നീക്കപ്പെട്ടിരിക്കുന്നുവെന്നും അവൻ മനസ്സിലാക്കി.

സ്വാതന്ത്ര്യത്തോടു പ്രവത്തിക്കപ്പെട്ട ഈ വിശ്വാസവഞ്ചനയെ പരിഹരിക്കുവാൻ ഒരേയൊരു മാഗ്ഗമേയുള്ളു: അതായതു്, മനുഷ്യജീവിതത്തിൻെറ പരമാന്ത്യത്തെക്കുറിച്ചുള്ള ക്രിസ്തുമതത്തിൻെറ പ്രബോധനങ്ങളെ മനസ്സിരുത്തി പഠിക്കുക; ഈ ലോകത്തിൽവച്ചു സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ തൻെറ വ്യക്തിവിശേഷതകളെ വേണ്ടവിധത്തിൽ വികസിപ്പിച്ചതിനുശേഷം പരലോകത്തിലെത്തി അനന്തസൗഭാഗ്യം അനുഭവിക്കുന്നതിനാണു താൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നുള്ള പരമാത്ഥം ഓരോ വ്യക്തിയുടേയും കൺമുമ്പിൽ എപ്പോഴും ഉണ്ടായിരിക്കുക—അതു മാത്രമാണു യഥാത്ഥസ്വാതന്ത്ര്യത്തിലേയ്ക്കുള്ള രാജപഥം. വേണമെങ്കിൽ ബലം പ്രയോഗിച്ചു് അടിമത്തത്തിൽനിന്നും കലാപങ്ങളിൽനിന്നും നമ്മെ രക്ഷിക്കുവാൻ ദൈവത്തിനു കഴിയും. പക്ഷേ, അതു നമ്മുടെ സ്വാതന്ത്ര്യത്തിൻെറ ഭഞ്ജനമായിരിക്കും. ഇതു് അവിടുന്നു് അഭിലഷിക്കുന്നില്ല. സ്വതന്ത്രമായും പരപ്രേരണകൂടാതെയും തൻെറ ദിവ്യാഹ്വാനത്തിനു നാം ചെവികൊടുക്കണമെന്നാണു് അവിടുത്തെ തിരുമനസ്സ്. ശക്തിഹീനനായി കുരിശിൽ തൂങ്ങിയ അവസാനവിനാഴികയിൽപോലും, ജീവിതലക്ഷ്യത്തിലേയ്ക്കു നാം പിന്തിരിയുവാൻ കരുണാജ്ഞളായ കണ്മുനകൾകൊണ്ടുമാത്രം അവിടുന്നു നമ്മെ ക്ഷണിച്ചതും അതുകൊണ്ടത്രേ. കൊടുംപാതകികളിൽനിന്നുപോലും അവരുടെ സ്വാതന്ത്ര്യത്തെ അവിടുന്നു് എടുത്തുകളഞ്ഞില്ല. സത്യത്തിൻെറനേരേ ഉദാസീനതയും അസത്യത്തിൻെറനേരേ സഹിഷ്ണുതയും അവലംബിക്കുന്ന

സ്വാതന്ത്ര്യമല്ല സ്വാതന്ത്ര്യം. യഥാർത്ഥസ്വാതന്ത്ര്യം പരിപാവനമായ സത്യത്തിനുവേണ്ടി കുരിശുമരണത്തെപ്പോലും ആശ്ലേഷിക്കുവാൻ മടിക്കുകയില്ല. കാൽവരിയിലേ പരമസത്യത്തിലുള്ള വിശ്വാസം മനുഷ്യസ്വാതന്ത്ര്യത്തിലുള്ള വിശ്വാസംതന്നെയാണ്. കുരിശിന്റെ തണലിൽനിന്നുകൊണ്ടുമാത്രം നമുക്കു ഗ്രഹിക്കുവാൻ കഴിയുന്ന ഒരു പരമാർത്ഥമുണ്ട്: അതായതു്, സത്യത്തിൽനിന്നു വിടുതൽ പ്രാപിക്കുകയോ അതിനടിമപ്പെടുവാൻ നിർബന്ധിതനായിത്തീരുകയോ ചെയ്യുന്നതല്ല സ്വാതന്ത്ര്യം. ജീവിതോദ്ദേശ്യത്തെ മനസ്സിലാക്കിക്കൊണ്ടും, 'ദൈവമേ, ഞാൻ നിന്റെ സ്വന്തമാകുന്നു, നിന്റെ സൃഷ്ടിയായ എന്നെ സഹായിക്കേണമേ' എന്ന് ആത്മാർത്ഥതയോടുകൂടി വിളിച്ചുപറഞ്ഞുകൊണ്ടും മനുഷ്യാത്മാവിനു സത്യത്തെ സ്നേഹപൂർവ്വം സമാലിംഗനം ചെയ്യുവാൻ കുരിശിന്റെ ചുവട്ടിൽ വച്ചേ സാധിക്കൂ. അതുതന്നെയാണു യഥാർത്ഥസ്വാതന്ത്ര്യവും.

# നാലാം അദ്ധ്യായം

## സ്വാതന്ത്ര്യത്തിന്റെ സാമ്പത്തികാലംബം.

സ്വാതന്ത്ര്യം ആത്മാവിലാണ് അടിയുറച്ചിരിക്കുന്നത്. ചിന്താശക്തിയും ആധ്യാത്മികസ്വഭാവവുമുള്ള ജീവികൾക്കു മാത്രമേ അത് അനുഭവവേദ്യമാകുകയുള്ളൂ. കരിങ്കല്ലിനാകട്ടെ, സസ്യജാലങ്ങൾക്കാകട്ടെ, പക്ഷിമൃഗാദികൾക്കാകട്ടെ സ്വാതന്ത്ര്യമില്ല. ജന്മസിദ്ധമായ ഒരാന്തരികവാസന അവയെയെല്ലാം നയിക്കുന്നു. മനുഷ്യൻമാത്രം സ്വന്തം പ്രവൃത്തികളെ നിർണ്ണയിക്കുന്നു. ചിന്താശക്തിയുള്ളതുകൊണ്ടു സ്വന്തമായ ഒരു പരിപാടി രൂപീകരിക്കുവാനും അതിന്റെ നിർവ്വഹണത്തിനുള്ള മാർഗ്ഗങ്ങളെ തിരഞ്ഞെടുക്കുവാനും അവനു കഴിയും. തന്റെ അസ്തിത്വത്തിന്റെ നിയമത്തിൽനിന്നു വ്യതിചലിക്കാതെ, വ്യക്തിവിലാസത്തെ ദൈവഹിതാനുസരണം വികസിപ്പിച്ചു സമ്പൂർണ്ണതയിലെത്തിക്കുമ്പോൾ ഓരോ മനുഷ്യനും പരമമായ സ്വാതന്ത്ര്യം അനുഭവിക്കുന്നു. ഇതാണു സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥപ്രകൃതിയെക്കുറിച്ച് ഇതുവരെ നാം നടത്തിയ ചർച്ചകളിൽനിന്നു ലഭിക്കുന്ന നിഗമനം. ഈ സ്വാതന്ത്ര്യത്തിന് ഉറപ്പു നല്കുന്ന ഒരു സാമ്പത്തികഘടകം, അഥവാ, വ്യവസ്ഥയാണു സ്വകാര്യസ്വത്തെന്നത്രേ അടുത്തതായി സമർത്ഥിക്കുവാൻ പോകുന്നത്.

സ്വാതന്ത്ര്യത്തിന്റെ ആന്തരികമായ അടിസ്ഥാനം ആലോചനാശക്തിയോടുകൂടിയ ആത്മാവിലാണെന്നു പ്രസ്താവിച്ചുവല്ലോ. എന്നാൽ അതിന് ഉപോദ്ബലകമായി ബാഹ്യലോകത്തിൽ എന്തെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്? നാം കേവലം അശരീരികളായിരുന്നുവെങ്കിൽ ഇത്തരമൊരു ബാഹ്യലക്ഷണത്തെക്കുറിച്ചു ചിന്തിക്കേണ്ട ആവശ്യമേ നേരിടുകയില്ലായിരുന്നു. മനുഷ്യനാകട്ടെ ആത്മാവും ശരീരവുമുള്ള ഒരു

ജീവിയാണ്. തന്മൂലം അദൃശ്യവും ആധ്യാത്മികവുമായ അവ ന്റെ സ്വാതന്ത്ര്യത്തിനു ദൃശ്യവും ബാഹ്യവുമായ ഒരടയാളം ഉ ണ്ടായിരിക്കണം. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇന്ദ്രിയ ഗോചരമായ ഈ അടയാളം അത്യന്താപേക്ഷിതമെന്നു കണ്ടത്തു കൊണ്ടാണ്, അദൃശ്യമായ പ്രസാദവരത്തെ ദിവ്യസംസ്കാര ങ്ങൾ വഴിയായി നമ്മുടെ ആത്മാവിലേയ്ക്കു ചിന്തുമ്പോൾ അവ യ്ക്കൊരു നീർച്ചാലായി ബാഹ്യമായ ചില സങ്കേതങ്ങളെക്കൂടി സ്ഥാപിക്കുവാൻ ക്രിസ്തുനാഥൻ തിരുമനസ്സായത്. ജ്ഞാനസ്നാ നജലം നമ്മുടെ ശരീരത്തിൽ വീഴുമ്പോൾ ആത്മാവിൽനിന്നു പാപമാലിന്യം പ്രക്ഷാളനം ചെയ്യപ്പെടുന്നുവെന്നും, അപ്പത്തി ന്റെ ബാഹ്യാകൃതിയിൽ ദിവ്യകാരുണ്യം സ്വീകരിക്കുമ്പോൾ ആത്മാവിന്റെ ഭക്ഷണമായ ദിവ്യജീവനെത്തന്നെ നാം സ്വീ കരിക്കുന്നുവെന്നും നമുക്കറിയാം.

അനുദിനജീവിതത്തിൽ നമ്മുടെ ആന്തരികവികാരങ്ങളെ ഓരോ അടയാളങ്ങൾകൊണ്ടും സങ്കേതങ്ങൾകൊണ്ടും നാം പു റമേ പ്രകടിപ്പിക്കുക സാധാരണമാണ്. ഒരു ഹസ്തദാനം ആന്ത രികമായ സ്നേഹത്തെ സൂചിപ്പിക്കുന്നു. അങ്ങനെ നോക്കു മ്പോൾ, ഒരുവൻ ആത്മാവിൽ സ്വാതന്ത്ര്യമനുഭവിക്കുന്നുവെ ങ്കിൽ ആ സ്വാതന്ത്ര്യത്തിനു ബാഹ്യമായ ഒരു ചിഹ്നം ഉണ്ടാ യിരിക്കുക സമുചിതമല്ലേ? ആന്തരികമായ ആത്മാവ് അവന്റെ സ്വന്തമായിരിക്കുന്നതുപോലെ, സ്വന്തമെന്നു പറയാവുന്ന ഒരു ബാഹ്യവസ്തുവും അവനുണ്ടായിരിക്കണം. സ്വാതന്ത്ര്യമെന്നു പറഞ്ഞാൽ ഉത്തരവാദിത്വം, അല്ലെങ്കിൽ, സ്വന്തം പ്രവൃത്തി കളുടെമേലുള്ള കർതൃത്വം എന്നാണർത്ഥം. എന്നാൽ ആന്തരി കമായ ഈ ഉത്തരവാദിത്വത്തെ, ഇഷ്ടാനുസരണം എന്തും ചെ യ്യാവുന്ന ഒരു പദാർത്ഥത്തിന്റെ ഉടമകൊണ്ടല്ലാതെ ഒരുവൻ എങ്ങനെയാണു ബാഹ്യമായി പ്രകടിപ്പിക്കുക? കട്ലാസും തൂ ലികയും കൈവശമുണ്ടെങ്കിൽമാത്രമേ ഉള്ളിലുള്ള സുന്ദരമായ ആശയങ്ങളെ പ്രകടിപ്പിക്കുവാൻ ഒരു ചിത്രകാരനുള്ള സ്വാത

ന്ത്ര്യം പൂർത്തിയാകുന്നുള്ളു. ആന്തരികമായ തന്റെ ആദർശത്തെ മാർബിൾക്കല്ലിൽ പ്രതിഫലിപ്പിക്കുവാനുള്ള ഒരു വിദഗ്ധ ശില്പിയുടെ സ്വാതന്ത്ര്യം പരിപൂർണ്ണമാകണമെങ്കിൽ മാർബിൾക്കല്ലു് അയാൾക്കുണ്ടായിരിക്കണം. ഇപ്രകാരംതന്നെ, വ്യക്തിമുദ്രയെ പതിക്കുവാനുള്ള ഒരു ബാഹ്യവസ്തു സ്വന്തമായി ഉണ്ടെങ്കിൽമാത്രമേ ഒരു മനുഷ്യന്റെ ആന്തരികസ്വാതന്ത്ര്യവും സമ്പൂർണ്ണമാകുന്നുള്ളു. വ്യക്തിമുദ്രയെ പ്രകടിപ്പിക്കുവാൻ യാതൊന്നും അവനില്ലെങ്കിൽ ഉള്ളിലും പുറമേയും അവൻ സ്വതന്ത്രനാണെന്നു പറഞ്ഞുകൂടാ. ദൈവം സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചതുപോലെ, മനുഷ്യനു തന്റെ ഛായയും വ്യക്തിമുദ്രയും അനുസരിച്ചു രൂപവൽക്കരിക്കാവുന്ന ഒരു വസ്തു അവനു പ്രദാനം ചെയ്യുക — അപ്പോൾ അവൻ സാമ്പത്തികമായി സ്വതന്ത്രനാകും. ആ വസ്തുവിനെ അല്ലെങ്കിൽ ഉപകരണത്തെയാണു സ്വകാര്യസ്വത്തു് എന്നു നാം വിളിക്കുന്നതു്. സ്വകാര്യസ്വത്തു സ്വാതന്ത്ര്യത്തിന്റെ സാമ്പത്തികഘടകമാണെന്നു പ്രസ്താവിച്ചതും ഇക്കാരണത്താലാണ്. ആന്തരികമായി മാത്രമല്ല, ബാഹ്യമായും മനുഷ്യൻ സ്വതന്ത്രനാണെന്നുള്ളതിന് ഒരു തെളിവും, അവനെക്കുറിച്ചും അവന്റെ വസ്തുക്കളെക്കുറിച്ചും ഉള്ള ഉത്തരവാദിത്വത്തിന്റെ ഉൽപത്തിസ്ഥാനം അവൻതന്നെയാണെന്നുള്ളതിന് ഒരുറപ്പുമാണു സ്വകാര്യസ്വത്തു്, അഥവാ, തന്മുതൽ.

സ്വകാര്യസ്വത്തിനുള്ള അവകാശം രാഷ്ട്രത്തിന്റെ അനുമതിയിലല്ല, മനുഷ്യന്റെ വ്യക്തിവിലാസത്തിലത്രേ അധിഷ്ഠിതമായിരിക്കുന്നതു്. രാഷ്ട്രം അതിനെ ഉൽപാദിപ്പിക്കുകയല്ല, അംഗീകരിക്കുകമാത്രമാണു ചെയ്യുന്നതു്. ഈ വസ്തുത പതിമ്മൂന്നാം ലെയോ തിരുമനസ്സുകൊണ്ടു് ഇങ്ങനെ വിശദീകരിക്കുന്നു:—

"സ്വത്തു തന്റെ സ്വന്തമായി വച്ചുകൊണ്ടിരിക്കുവാനുള്ള അവകാശം ഓരോ മനുഷ്യനും പ്രകൃതിസിദ്ധമായിട്ടുതന്നെ

ഉള്ളതാകുന്നു. ഇതുതന്നെയാണു മനുഷ്യരും തിര്യക്കുകളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളിൽ ഒന്ന്. മൃഗത്തിന്നു സ്വയം നിയന്ത്രിക്കുവാൻ ശക്തിയില്ല. പ്രധാനമായ രണ്ടു വാസനകളാണ് അതിനെ നിയന്ത്രിക്കുന്നത്. ആ വാസനകളത്രേ ജന്തുവിൻെറ ശക്തികളെ ജാഗരൂകമാക്കിനിറുത്തുകയും, അവയെ വേണ്ടുംവിധം വികസിപ്പിക്കുവാൻ അതിനെ പ്രേരിപ്പിക്കുകയും, വിവേചനാശക്തിയൊന്നുംകൂടാതെതന്നെ അതിനെ പ്രവൃത്തിക്കായി ഉത്തേജിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇവയിൽ ഒന്നാമത്തെ വാസന ആത്മസംരക്ഷണമാണ്; മറേറത്, സ്വവർഗ്ഗപ്രസരണവും. ഇപ്പറഞ്ഞ വാസനകൾ രണ്ടിന്നും അവയുടെ പിടിയിൽ അടുത്തുനില്ക്കുന്ന മാർഗ്ഗങ്ങൾ ഉപയോഗിച്ചുമാത്രമേ ഉദ്ദിഷ്ടകാര്യം നടത്തുവാൻ സാധിക്കുകയുള്ളു; പരിതഃസ്ഥിതികളുടെ ആ പരിധിയെ അതിലംഘിച്ചു വ്യാപരിക്കുവാൻ തിര്യക്കുകൾക്കു സാധിക്കുകയില്ല. കാരണം, ഇന്ദ്രിയങ്ങളുടെ പ്രേരണകൊണ്ടുമാത്രവും, അവ നിർദ്ദേശിക്കുന്ന പ്രത്യേകമാർഗ്ഗത്തിൽ മാത്രവുമാണ് അവയുടെ പ്രവൃത്തി. എന്നാൽ മനുഷ്യൻെറ സ്ഥിതി ഇതിൽനിന്നു തികച്ചും വ്യത്യസ്തമാണ്. ഒരു വശത്ത്, മൃഗീയപ്രകൃതിയുടെ പരിപൂർണ്ണത അവന്നു തികച്ചും സിദ്ധിച്ചിരിക്കുന്നു; തന്നിമിത്തം ഭൗതികവസ്തുക്കളെ, ചുരുങ്ങിയപക്ഷം മററു മൃഗജാലങ്ങളോടൊപ്പമെങ്കിലും, അവൻ അനുഭവിക്കുന്നു. എന്നാൽ മൃഗപ്രകൃതി എത്രതന്നെ പൂർണ്ണമായിരുന്നാലും, അതു മനുഷ്യത്വത്തിൻെറ പൂർണ്ണതയോടു ലേശവും കിടപിടിക്കുകയില്ലല്ലോ. മനുഷ്യത്വത്തിൻെറ വിനീതദാസനെന്ന നിലയിൽ അതിനെ ശുശ്രൂഷിക്കുകയും അനുസരിക്കുകയും ചെയ്യുകമാത്രമാണു മൃഗപ്രകൃതിയുടെ ധർമ്മം. മനുഷ്യജീവികളായ നമ്മിൽ പ്രബലമായി നില്ക്കുന്ന ഘടകം, മനസ്സ് അഥവാ വിശേഷബുദ്ധി അത്രേ. ഇതുതന്നെയാണു മനുഷ്യനെ മനുഷ്യനാക്കുന്നതും, അവൻ മൃഗത്തിൽനിന്നു തികച്ചും വ്യത്യസ്തമായ വർഗ്ഗത്തിൽപ്പെട്ടവനാണെന്നു കാണിക്കുന്നതും.

ഈ ഒരു കാരണത്താൽത്തന്നെ — അതായതു്, ജീവജാലങ്ങളിൽവച്ചു മനുഷ്യൻമാത്രം വിശേഷബുദ്ധിയാൽ അനുഗൃഹീതനായിരിക്കുന്നു എന്ന കാരണത്താൽത്തന്നെ — മററുജീവികൾ ഓരോരോ സാധനങ്ങൾ ഉപയോഗിക്കുന്നതുപോലെ താൽകാലികവും ക്ഷണികവുമായ ഉപയോഗത്തിനുമാത്രമായിട്ടല്ല, പിന്നെയോ സ്ഥാവരവും സ്ഥിരവുമായ ഉടമസ്ഥതയിൽത്തന്നെ, ആ വിളവുകളെ വച്ചു സൂക്ഷിക്കുവാനുള്ള അവകാശം മനുഷ്യനുണ്ടായിരിക്കണം. ഉപയോഗംകൊണ്ടു നശിച്ചുപോകുന്ന സാധനങ്ങൾമാത്രമല്ല, ഉപയോഗിച്ചാലും ഭാവിയിലെ ഉപയോഗത്തിനായി പിന്നെയും സ്വന്തമായി സൂക്ഷിക്കാവുന്ന സാധനങ്ങളും അവനുണ്ടായിരിക്കേണ്ടതാണു്.

"മനുഷ്യപ്രകൃതിയെക്കുറിച്ചു് ഒന്നുകൂടി ഗാഢമായി ചിന്തിക്കുന്നപക്ഷം, ഈ വസ്തുത കൂടുതൽ സ്പഷ്ടമായിത്തീരും. എന്തുകൊണ്ടെന്നാൽ മനുഷ്യൻ തൻെറ വിവേചനാശക്തിയാൽ അസംഖ്യം കാര്യങ്ങളെ അഗാധമായി പരിശോധിക്കുകയും, വരും കാര്യങ്ങളെ ഇപ്പോൾ നടക്കുന്ന കാര്യങ്ങളുമായി കൂട്ടിയിണക്കുകയും, ബുദ്ധിപൂർവ്വകമായ മുൻകരുതലുകൾമുഖേന സ്വന്തം പ്രവൃത്തികളുടെ അധികാരിയായി വർത്തിക്കുകയും ചെയ്തുകൊണ്ടു്, സർവ്വലോകങ്ങളെയും ഭരിച്ചു പരിപാലിച്ചുപോരുന്ന ദൈവത്തിൻെറ സനാതനമായ നിയമത്തിൻെറയും ശക്തിയുടെയും കീഴിലാണു വ്യാപരിക്കുന്നതു്. അതിനാൽ അവൻെറ താൽകാലികക്ഷേമത്തിനാവശ്യകമായ പദാർത്ഥങ്ങൾ മാത്രമല്ല, ഭാവികാലത്തു തനിക്കു പ്രയോജനപ്പെടുമെന്നു തോന്നുന്നവയും തിരഞ്ഞെടുത്തു സൂക്ഷിക്കുവാനുള്ള അവകാശം അവനുണ്ടു്. തന്മൂലം നിലത്തിലെ ഫലങ്ങൾമാത്രമല്ല, നിലംതന്നെയും അവനു് ഉടമപ്പെടുത്തിവയ്ക്കാവുന്നതാണു്; കാരണം, ആ നിലത്തിൻെറ ഉൽപന്നങ്ങളിൽനിന്നു വേണമല്ലോ അവനു ഭാവിയിലേയ്ക്കുള്ളവ കരുതിവയ്ക്കുവാൻ. മനുഷ്യൻെറ ആവശ്യങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ല; അവ എന്നും ആവർത്തിച്ചുണ്ടായിക്കൊണ്ടിരി

കകയുമാണ്. ഇന്ന് അവന്റെ ആവശ്യങ്ങളെല്ലാം സാധിച്ചാലും, നാളെ പുതിയ ആവശ്യങ്ങൾ നേരിടുകയായി. അതിനാൽ മനുഷ്യനു തുടരെത്തുടരെ വിളവുകൾ കിട്ടിക്കൊണ്ടിരിക്കത്തക്കവണ്ണം സ്ഥിരമായതും അവന് എല്ലായ്പ്പോഴും കൈവശം വച്ചുകൊണ്ടിരിക്കാവുന്നതുമായ ഒരു ധനാഗമമാർഗ്ഗം പ്രകൃതിതന്നെ അവനു നല്കിയിരിക്കണമെന്നുള്ളത് അനുക്തസിദ്ധമാകുന്നു. ഭൂമിയിലും അതിന്റെ ഫലപുഷ്ടിയിലും മാത്രമാണു സ്ഥിരമായ ഈ മാർഗ്ഗം അവനു കണ്ടെത്തുവാൻ സാധിക്കുക.

"ഈ സ്ഥിതിയിൽ രാഷ്ട്രത്തെ ഇടപെടുത്തേണ്ട ആവശ്യമില്ല. മനുഷ്യൻ രാഷ്ട്രത്തിനു മുമ്പേയുള്ളവനാണ്; ഏതെങ്കിലും ഒരു രാഷ്ട്രത്തിന്റെ രൂപവൽകരണത്തിനുമുമ്പുതന്നെ മനുഷ്യനു തന്റെ ശരീരസംരക്ഷണത്തിന് ആവശ്യകമായ വക കരുതിവയ്ക്കുവാനുള്ള അവകാശം ലഭിച്ചുകഴിഞ്ഞിട്ടുള്ളതുമാണ്. ദൈവം മനുഷ്യവംശം മുഴുവന്റെയും ആവശ്യത്തിനും അനുഭവത്തിനുംവേണ്ടിയാണു ഭൂമിയെ നല്കിയിരിക്കുന്നതെന്നുള്ള വസ്തുത സ്വകാര്യസ്വത്തുടമയ്ക്കു് ഒരുവിധത്തിലും പ്രതിബന്ധമാകുന്നില്ല. എന്തുകൊണ്ടെന്നാൽ, ദൈവം ഭൂമിയെ മർത്ത്യവംശത്തിനു പൊതുവെ നല്കിയിരിക്കുന്നുവെന്നു പറഞ്ഞാൽ അതിന്റെയർത്ഥം, യാതൊരു വ്യത്യാസവും കൂടാതെ എല്ലാവർക്കും തങ്ങളുടെ ഇഷ്ടംപോലെ അതു കൈകാര്യംചെയ്യാമെന്നല്ല, പിന്നെയോ, ഭൂമിയുടെ ഒരു ഭാഗവും ഏതെങ്കിലും ഒരാൾക്കു പ്രത്യേകമായി ദൈവം കൈയൊഴിഞ്ഞുകൊടുത്തിട്ടില്ലെന്നും, സ്വകാര്യസ്വത്തുടമയുടെ സീമകൾ ഓരോ മനുഷ്യന്റെയും പരിശ്രമശീലത്തിന് അനുരൂപമായും ഓരോ ജനസമുദായത്തിന്റെയും നിയമങ്ങൾക്കനുസൃതമായും നിർണ്ണയിക്കപ്പെടുവാനായി വിട്ടിരിക്കയാണെന്നുമത്രേ. കൂടാതെ, ഭൂമി സ്വകാര്യസ്വത്തുടമസ്ഥന്മാരുടെയിടയിൽ വീതിക്കപ്പെട്ടിരിക്കയാണെങ്കിലും, ആ കാരണത്താൽ അത് എല്ലാവരുടേയും ആവശ്യങ്ങൾക്ക് ഉപകരിക്കാതെ വരുന്നില്ല; കാരണം,

ഭൂമിയിൽനിന്നുള്ള ഉൽപന്നങ്ങൾകൊണ്ടുതന്നെയാണ് എല്ലാവരും ജീവസന്ധാരണം ചെയ്യുന്നത്. ഭൂസ്വത്തില്ലാത്തവർ തങ്ങളുടെ പ്രയത്നത്തെ ഭൂസ്വത്തുള്ളവർക്കു നല്കുന്നു; അങ്ങനെ നോക്കുമ്പോൾ, മനുഷ്യരുടെയെല്ലാം ജീവസന്ധാരണം നടക്കുന്നതു്, ഒന്നെങ്കിൽ സ്വന്തം ഭൂമിയിൽ ചെയ്യുന്ന പ്രയത്നത്താൽ, അല്ലെങ്കിൽ ഏതെങ്കിലുംവിധത്തിലുള്ള വേലയോ വ്യവസായമോ ചെയ്തുകൊടുത്തിട്ട് അതിനു ഭൂമിയിൽനിന്നുള്ള വിളവായിട്ടോ അതിനു പകരമായിട്ടോ ലഭിക്കുന്ന പ്രതിഫലത്താൽ ആണെന്നു യഥാർത്ഥത്തിൽ പറയാം."

(റേരും നൊവാരും.)

തന്മൂലം മനുഷ്യപ്രകൃതിതന്നെയാണു സ്വകാര്യസ്വത്തിന്റെ അടിസ്ഥാനം. കമ്മ്യൂണിസ്റ്റുകാർ സിദ്ധാന്തിക്കുന്നതുപോലെ അതു രാഷ്ട്രത്തിൽനിന്നു ലഭിക്കുന്ന ഒരവകാശമല്ല. രാഷ്ട്രത്തിന്റെ ജനനത്തിനുമുമ്പുതന്നെ മനുഷ്യനുണ്ടായിരുന്ന ആ നൈസർഗ്ഗികാവകാശത്തെ നശിപ്പിക്കുക രാഷ്ട്രത്തിനു സാദ്ധ്യവുമല്ല. മനുഷ്യസ്വഭാവത്തെ നശിപ്പിച്ചാൽമാത്രമേ പ്രസ്തുതാവകാശത്തേയും നശിപ്പിക്കുവാൻ സാധിക്കുകയുള്ളു. ഇതു് ഒന്നുകൂടി വിശദമാക്കാം. ഉടമസ്ഥാവകാശം മനുഷ്യന്റെ വ്യക്തിത്വത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ്. 'ഞാൻ ആകുന്നു' എന്നു പറയുവാനുള്ള കഴിവാണല്ലോ ഒരു മനുഷ്യനെ മനുഷ്യൻ അല്ലെങ്കിൽ വ്യക്തിയാക്കിത്തീർക്കുന്നതു്. 'ഞാൻ മറെറാരുവന്റേയുമല്ല, എനിക്ക് എന്നോടുതന്നെയാണ് ഉത്തരവാദിത്വമുള്ളതു്' എന്നാണ് ആ പ്രസ്താവനകൊണ്ടു നാം ഉദ്ദേശിക്കുന്നതു്. ഓരോ മനുഷ്യനും സ്വന്തമായ ഓരോ പേരുണ്ടെന്നുള്ള വസ്തുതതന്നെ വ്യക്തിയുടെ പ്രത്യേകതയെ അല്ലെങ്കിൽ 'അനന്യത'യെ ധാരാളം തെളിയിക്കുന്നു.

'ഞാൻ ആകുന്നു' എന്നു പറഞ്ഞുകൊണ്ടു്, അന്യാപേക്ഷകമല്ലാത്ത ഒരസ്തിത്വത്തെ നിർദ്ദേശിക്കുവാൻ മനുഷ്യനു സാധി

കുന്നതുകൊണ്ടുതന്നെ തന്റെ ഉടമസ്ഥാവകാശത്തെ സൂചിപ്പിക്കുവാനായി 'എനിക്കു് ഉണ്ടു്' എന്നു പ്രസ്താവിക്കുവാനും അവനു് അവകാശമുണ്ടു്. എന്നാൽ ഉടമയെക്കാൾ പ്രാധാന്യമർഹിക്കുന്നതു് അസ്തിത്വമാണു്. കാരണം, മരണത്തോടുകൂടി 'നമുക്കുള്ളവ'യോടു നാം യാത്രപറയുന്നു. നാം 'ആയിരിക്കുന്ന'തെന്തോ അതുമാത്രം നമ്മോടുകൂടി ശേഷിക്കുന്നു. നമ്മുടെ സമ്പത്തു് അന്യനായി മാററിവയ്ക്കുവാൻ നമുക്കു കഴിയും. നാം എന്തായിരിക്കുന്നുവോ അതു നമ്മിൽനിന്നു മാററിനിർത്തുക അസാദ്ധ്യമാണു്. അതു നമ്മോടുകൂടി നിത്യതയിലേയ്ക്കു പ്രവേശിക്കും.

'എനിക്കുണ്ടു്' എന്ന പ്രസ്താവം അല്ലെങ്കിൽ ഉടമയെക്കുറിച്ചുള്ള ബോധം എന്റെ അസ്തിത്വത്തിന്റെ ഒരു വ്യാപ്തിയാണെന്നാണല്ലോ നാം കണ്ടുകഴിഞ്ഞതു്. ഏതോ ഒരു പ്രത്യേകത അസ്തിത്വത്തിനു സ്വന്തമായിട്ടുണ്ടെന്നുള്ള കാരണത്താൽത്തന്നെ, തനിക്കുള്ള വസ്തുവിന്മേൽ ആ പ്രത്യേകതയെ മുദ്രണം ചെയ്യുവാനും മനുഷ്യൻ അവകാശിയായിത്തീരുന്നു. അങ്ങനെ, അവനു 'സ്വന്ത'മായിട്ടുള്ളതെന്തോ അതു് അവന്റെ 'സ്വത്തു്' ആയി രൂപാന്തരപ്പെടുന്നു; അതിന്മേൽ അവനു് അധികാരം സിദ്ധിക്കുന്നു. ഞാനൊരു വ്യക്തിയാകകൊണ്ടു് എന്റെ വ്യക്തിവികാസത്തെ സംരക്ഷിക്കുവാൻ ആവശ്യമുള്ള വസ്തുക്കളുടെമേൽ എനിക്കൊരവകാശമുണ്ടു്. എന്റെ വ്യക്തിത്വത്തിലാകട്ടെ ശരീരവും ആത്മാവും ഉൾപ്പെടുന്നു. ഞാനൊരു ശരീരിയാകയാൽ ശാരീരികജീവിതത്തിനു് അത്യന്താപേക്ഷിതങ്ങളായ ഭക്ഷണഭവനാദികൾക്കുള്ള എന്റെ അവകാശം അവിതർക്കിതമാണു്. ശരീരസംരക്ഷണത്തിനായുള്ള എന്റെ ശ്രമത്തിൽ ഭക്ഷണംവഴിയായും മററും ബാഹ്യലോകത്തെ എന്നിലേയ്ക്കു പകർത്തുകയത്രേ ഞാൻ ചെയ്യുന്നതു്. അതു് അസ്തിത്വത്തെ നിലനിർത്തുവാൻവേണ്ടിയുള്ള ഒരു തരം 'സമ്പാദന'മാണു്. ചിന്താശക്തിയും ഇച്ഛാശക്തിയുമുള്ള ഒരാത്മാവുംകൂടി എനിക്കുള്ളതുകൊണ്ടു്, ബാഹ്യലോകത്തിൽനിന്നു്

എന്റെ സ്വാതന്ത്ര്യസംരക്ഷണത്തിന് ആവശ്യകമായ അംശം എന്നിലേക്കു വലിച്ചെടുക്കുവാനുള്ള ഒരവകാശവും എനിക്കു കൂടിയേ കഴിയൂ. അതായത്, പരാശ്രയംകൂടാതെ ജീവിക്കുവാനുള്ള വക എനിക്കുണ്ടായിരിക്കണം. ഭക്ഷണപാനീയങ്ങൾ കായികജീവിതത്തിന് എങ്ങനെ അനുപേക്ഷണീയമായിരിക്കുന്നുവോ അതുപോലെ, താരതമ്യേന ആധ്യാത്മികജീവിതത്തിനു സ്വകാര്യസ്വത്തും അപരിത്യാജ്യമാണ്. ആധ്യാത്മികജീവിതത്തിന്റെ ആലംബവും അച്ചാരവുമത്രെ അത്.

സ്വകാര്യസ്വത്തു സമ്പാദിക്കുവാനുള്ള ഈ അവകാശം എന്റെ വ്യക്തിവിലാസത്തിൽനിന്നുമാണ് ഉറവെടുക്കുന്നത്. ഒരു വസ്തു എന്റെ വ്യക്തിത്വത്തോട് എത്രയധികം സമീപിച്ചിരിക്കുന്നുവോ അത്രത്തോളം അത് എന്റെ സ്വന്തമായിത്തീരുന്നു. ഗ്രന്ഥകർത്താവിനു തന്റെ ചിന്താവ്യാപാരത്തിന്റെ ഫലമായ ഗ്രന്ഥത്തിന്മേലും, മാതാപിതാക്കന്മാർക്കു തങ്ങളുടെ ഉടലിൽനിന്നു നേരിട്ട് ഉടലെടുത്തവരായ സന്താനങ്ങളുടെമേലും അനന്യലബ്ധമായ ഒരവകാശം ലഭിക്കുന്നത് ഈ ന്യായത്താലത്രേ. നിയമങ്ങൾ നിർമ്മിച്ചുകൊണ്ടു രാഷ്ട്രം തന്നെയും ഗ്രന്ഥകാരന്റെ പകർപ്പവകാശത്തെ സംരക്ഷിക്കുന്നു. മാതാപിതാക്കന്മാരുടെ അവകാശത്തെ ആദരിച്ചുകൊണ്ടു് അതു കുട്ടികളുടെ വിദ്യാഭ്യാസകാര്യം അവർക്കായി വിട്ടുകൊടുക്കുകയും ചെയ്യുന്നു. സമ്പാദിക്കുവാനുള്ള അവകാശം, അസ്തിത്വത്തിന്മേലുള്ള അവകാശത്തിൽനിന്നു നേരിട്ടു ലഭിക്കുന്ന ഒരു നിഗമനംമാത്രമാണ്.

സ്വകാര്യസ്വത്തിനു വ്യക്തിവിലാസത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ള അനേകം മേഖലകളുണ്ട്. ചില വസ്തുക്കൾ വ്യക്തിത്വത്തോടു വളരെ സമീപിച്ചു കിടക്കുന്നുവെങ്കിൽ മററു ചിലതു് അതിൽനിന്നു തുലോം വിദൂരസ്ഥങ്ങളാണ്. ഒരുവന്റെ ശരീരം, ഭക്ഷണം, വസ്ത്രം, സാഹിത്യപരിശ്രമത്തിന്റെ ഫലമായ ഗ്രന്ഥങ്ങൾ, കായികാദ്ധ്വാനത്തിന്റെ ഫലമായ ഇതര

പദാർത്ഥങ്ങൾ മുതലായവ അല്പേതര ഗണത്തിൽ ഉൾപ്പെടുന്നു. ആവശ്യത്തിലധികമുള്ളവയും ആഡംബരങ്ങൾക്കും ഏറവും പുറത്തുള്ള നിരയിൽമാത്രമേ സ്ഥാനമുള്ളു. സമ്പാദിക്കുവാനുള്ള അവകാശം എല്ലാ വസ്തുക്കളെസ്സംബന്ധിച്ചും മനുഷ്യനു തുല്യമല്ലെന്നാണു തന്മൂലം നാം ഗ്രഹിക്കേണ്ടതു്. വ്യക്തിത്വത്തോടുള്ള ഒരു വസ്തുവിന്റെ സാമീപ്യമനുസരിച്ചു് അതു സമ്പാദിക്കുവാനുള്ള അവന്റെ അവകാശവും വർദ്ധിച്ചുവരുന്നു. വ്യക്തിത്വത്തിന്റെ സാമീപ്യവും സമ്പാദനത്തിനുള്ള അർഹതയും തമ്മിലുള്ള ബന്ധം ക്രമാനുഗതമാണു്. അഗ്നിയോടു സമീപിക്കുംതോറും നമുക്കു് അനുഭവപ്പെടുന്ന ചൂടും വർദ്ധിച്ചുവരുന്നതുപോലെ, ആന്തരികമായ ഉത്തരവാദിത്വത്തോടു് ഒരു വസ്തു എത്രമാത്രം അടുത്തു സ്ഥിതിചെയ്യുന്നുവോ അത്രമാത്രം അതിന്റെ സമ്പാദനത്തിനുള്ള നമ്മുടെ അവകാശവും അനിഷേധ്യമായിത്തീരുന്നു. വ്യവസായത്തിൽനിന്നു ലഭിക്കുന്ന ആദായത്തിന്റെ അംശത്തിന്മേൽ ഒരു പാവപ്പെട്ട തൊഴില്ക്കാരനുള്ള അവകാശം, ഒരു കോടീശ്വരനു മറെറാരു കോടികൂടി സമ്പാദിക്കുവാനുള്ള അവകാശത്തെക്കാൾ പാവനമാണു്. ഒരു വേലക്കാരനു് അയാളുടെ കൂലിയിന്മേലുള്ളേടത്തോളം മൗലികമായ ഒരവകാശം ഒരു ധനാഢ്യനു് അയാളുടെ പ്ളഷർകാറിന്മേലില്ല. സ്വകാര്യസ്വത്തിനുള്ള അവകാശത്തെ മുറുകെപ്പിടിച്ചുകൊണ്ടു് അമിതാദായനികുതി കൊടുക്കാതിരിക്കുവാൻ ശ്രമിക്കുന്ന ഒരു മുതലാളിയുടേയും തന്റെ ആടുമാടുകളുടെമേൽ തനിക്കുള്ള അവകാശം അഭംഗമായിരിക്കണമെന്നു വാദിക്കുന്ന ഒരു ഗ്രാമീണകർഷകന്റേയും അവകാശവാദങ്ങൾ തമ്മിൽ അജഗജാന്തരമുണ്ടു്. കാരണം, വ്യക്തിപരമായ ഉത്തരവാദിത്വത്തിന്റെ ഉൽഫുല്ലമാണു സ്വത്തു്: അതിന്മേൽ മനുഷ്യനുള്ള അവകാശം പരിപൂർണ്ണമോ അഭേദ്യമോ അല്ല. വ്യക്തിവിലാസത്തോടുള്ള അതിന്റെ സാമീപ്യവിദൂരതകളെ ആശ്രയിച്ചു് അതിന്മേലുള്ള അവകാശ

ത്തിനും ഏററക്കുറവുകൾ സംഭവിക്കുന്നു. ധനികനുതന്നെയും അയാളുടെ സാമുദായികനിലയനുസരിച്ചു ജീവിക്കുവാൻ ആവശ്യകങ്ങളായ വിഭവങ്ങളുടെമേലുള്ള അവകാശം ആഡംബരവസ്തുക്കളുടെമേലുള്ളതിനെക്കാൾ ബലവത്താണ്. സ്വകാര്യസ്വത്തുസമ്പാദിക്കുവാൻ മനുഷ്യനുള്ള അവകാശം ജന്മസിദ്ധമായതുകൊണ്ട് അതിന് ഒരു പരിധിയും വയ്ക്കുവാൻ പാടില്ലെന്നൊരു ധാരണ പലർക്കുമുണ്ട്. അതെത്ര അടിസ്ഥാനരഹിതമാണെന്ന് ഇനി പറയേണ്ടതില്ലല്ലോ.

സ്വകാര്യസ്വത്തും സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധമാണല്ലോ നമ്മുടെ ചിന്താവിഷയം. ബാഹ്യവസ്തുക്കളുടെ ഉടമ സ്വാതന്ത്ര്യത്തിന്റെ ഒരടയാളമാണെന്നുള്ള പരിഗണനമൂലമാണു സ്വകാര്യസ്വത്തിന്റെ വിതരണത്തെ കത്തോലിക്കാസഭ തന്റെ സാമുദായികപരിപാടിയുടെയെല്ലാം മൂലതത്വമായി സ്വീകരിച്ചിരിക്കുന്നതു്. സ്വകാര്യസ്വത്തിൽനിന്നുണ്ടാകുന്ന പ്രശ്നങ്ങൾക്കു മൂന്നു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ കഴിയും: സ്വത്തു മുഴുവൻ ചുരുക്കം ചിലരുടെ അധീനതയിൽ വിട്ടുകൊടുക്കുക — അതായതു്, മുതലാളിത്തം; അല്ലെങ്കിൽ ഒരു വ്യക്തിക്കും സ്വകാര്യസ്വത്തു് അനുവദിക്കാതിരിക്കുക — അതാണു കമ്മ്യൂണിസം; അതുമല്ലെങ്കിൽ, കഴിയുന്നിടത്തോളം കൂടുതൽ വ്യക്തികളെ ഉടമസ്ഥന്മാരാക്കിത്തീർക്കുക; അതാണു സഭ നിർദ്ദേശിക്കുന്ന പ്രതിവിധി.

ഏതാനും ചില വ്യക്തികളുടെ കൈവശം സമ്പത്തിന്റെ സിംഹഭാഗവും ചെന്നു ചേരുകയും വമ്പിച്ച ഭൂരിപക്ഷത്തിനു നിത്യവൃത്തിക്കുള്ള വകപോലും ഇല്ലാതെവരികയും ചെയ്തതുകൊണ്ടാണ് ഇന്നത്തെ സാമ്പത്തികദുരിതങ്ങൾ ഇത്ര ഭീമമായിരിക്കുന്നതു്. "നിസ്സ്വരായ കൂലിവേലക്കാരുടെ സംഖ്യാബാഹുല്യം ഒരുവശത്തു്, അപരിമേയമായ സാമ്പത്തികവിഭവങ്ങളാൽ അനുഗ്രഹീതമായ ഒരു ന്യൂനപക്ഷം മറുവശത്തു് —

ഭൗതികവിഭവങ്ങൾ കണക്കില്ലാതെ ഉൽപാദിപ്പിക്കപ്പെടുന്ന ഇന്നത്തെ വ്യവസായയുഗത്തിൽ അവ വിവിധവർഗ്ഗക്കാരുടെയിടയിൽ നീതിപൂർവ്വം വിതരണം ചെയ്യപ്പെടുന്നില്ലെന്നുള്ളതിന് ഇതുതന്നെ അനിഷേധ്യമായ തെളിവ്." സോഷ്യലിസത്തിന്റേയും കമ്മ്യൂണിസത്തിന്റേയും ദൃഷ്ടിയിൽപ്പെട്ട ഈ സാമുദായികാനീതി സഭയുടെ ദൃഷ്ടിയിലും പെടാതിരുന്നില്ല. അതിന്റെ ഉച്ചാടനത്തിനു സ്വന്തമായ ഒരു പരിപാടി അവർ നിർദ്ദേശിക്കുകയും ചെയ്യുന്നു. "മിതവ്യയംകൊണ്ടു തങ്ങളുടെ സ്വത്തു വർദ്ധിപ്പിക്കുവാൻ നമ്മുടെ സകല കഴിവുകളുമുപയോഗിച്ചു തൊഴിലാളികളെ ഭാവിയിലെങ്കിലും നാം പ്രേരിപ്പിക്കേണ്ടതാണ്. അനുദിനമുള്ള വരവു വിവേകപൂർവ്വം കൈകാര്യം ചെയ്യുന്ന ഒരു തൊഴിലാളിക്കു കുടുംബഭാരം ദുർവ്വഹമായി അനുഭവപ്പെടുകയില്ല. 'അന്നന്നു വേണ്ടവ അന്നന്നു നേടുന്ന' സമ്പ്രദായത്തിന്റെ ഫലമായി ഒരനിശ്ചിതാവസ്ഥ തൊഴിലാളിലോകത്തെ ഇന്നു പൊതുവെ ബാധിച്ചിട്ടുണ്ട്. അതിൽനിന്ന് അവർ വിമുക്തി പ്രാപിക്കണം. അങ്ങനെ, ജീവിതത്തിലെ ഭാഗ്യവിപര്യയങ്ങളെ നിഷ്പ്രയാസം തരണം ചെയ്യുവാനും തുച്ഛമായ ഒരു നേട്ടമെങ്കിലും മരണവേളയിൽ സന്താനങ്ങൾക്കായി മാററിവയ്ക്കുവാനും അവർക്കു സാധിക്കും. . . . സാമ്പത്തികവും സാമുദായികവുമായ പുരോഗതിയുടെ ഫലമായി സ്വത്തു നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ പൊതുനന്മയെ ലാക്കാക്കി അതു വ്യക്തികളുടേയും സാമുദായികവിഭാഗങ്ങളുടേയും ഇടയിൽ വേണ്ടതുപോലെ വിതരണംചെയ്താൽ മതി." (പതിനൊന്നാം പീയൂസ്.)

ഇവിടെ ഒരു സംശയത്തിനു വകയുണ്ട്: സ്വകാര്യസ്വത്തിന്റെ വ്യാപകമായ വിതരണത്തിൽ സഭ എന്തുകൊണ്ടാണ് ഇത്ര ഔൽസുക്യം പ്രദർശിപ്പിക്കുന്നത്?

അതു പറയാം. മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഒരു സാമ്പ

ത്തികാലംബമാണു സ്വകാര്യസ്വത്ത്. സ്വകാര്യസ്വത്തിനെ
പരിവർജ്ജിക്കുന്നവൻ അവശ്യം പരാശ്രയിയായിഭവിക്കുന്നു.
സ്വകാര്യസ്വത്തിന്മേലുള്ള അവകാശം ഞാൻ കൈവെടിയു
ന്നപക്ഷം ഒന്നെങ്കിൽ രാഷ്ട്രത്തെ, അല്ലെങ്കിൽ സഹജീവി
യെ, അതുമല്ലെങ്കിൽ ദൈവത്തെ ഞാൻ പരിപൂർണ്ണമായി സ
മാശ്രയിക്കേണ്ടിവരുന്നു. ഇവയിൽ ഒന്നാമത്തെ സമ്പ്രദായം
കമ്മ്യൂണിസത്തിനും രണ്ടാമത്തേതു മുതലാളിത്തത്തിനുമാണു
മാർഗ്ഗം തെളിക്കുന്നത്. ദൈവത്തെ സമാശ്രയിക്കുന്നവരാകട്ടെ,
ദാരിദ്ര്യം ഒരു വ്രതമായി സ്വീകരിക്കുന്നവരാണ്. ദാരിദ്ര്യ
വ്രതം നേർന്നുകൊണ്ടു് എല്ലാം പരിത്യജിക്കുന്നവർ ഒരുവി
ധത്തിൽ എല്ലാം സമ്പാദിക്കുന്നുവെന്നു പറയാം. നിഷ്കാമ
ന്മാർക്കു കാമ്യമായി യാതൊന്നുമില്ലല്ലോ. തന്മൂലം, നമ്മുടെ
പ്രായോഗികപരിചിന്തനത്തിൽ തൽക്കാലം അവരുടെ കാ
ര്യം ഉൾപ്പെടുത്തേണ്ടാ. സ്വകാര്യസ്വത്തിന്റെ നിർമ്മാർ
ജ്ജനം അടിമത്തത്തിന്റെ ആരംഭമായതുകൊണ്ടാണു സ്വ
ത്തു മുഴുവൻ രണ്ടോ നാലോ പേരുടെ കൈയിൽ കേന്ദ്രീകരി
ക്കുന്ന മുതലാളിത്തത്തേയും, അതു മുഴുവൻ രാഷ്ട്രത്തിന്റെ
പേരിൽ കണ്ടുകെട്ടുന്ന കമ്മ്യൂണിസത്തെയും സഭ ഒന്നുപോലെ
എതിർക്കുന്നതു്. മനുഷ്യസ്വാതന്ത്ര്യത്തിൽ സഭാമാതാവിനു്
അഗാധമായ ഒരു താൽപര്യമുണ്ടു്. തന്മൂലം, ആ സ്വാതന്ത്ര്യ
ത്തെ സംരക്ഷിക്കുവാനുള്ള ഏററവും പ്രായോഗികമായ ഒരു മാ
ർഗ്ഗം അവർ നിർദ്ദേശിക്കുകയും ചെയ്യുന്നു—അതായതു്, സ്വ
ന്തമെന്നു പറയാവുന്ന ഏതെങ്കിലുമൊരു വസ്തു മനുഷ്യനു
നല്കുക.

ഒന്നെങ്കിൽ സ്വകാര്യസ്വത്തിനെ അംഗീകരിക്കുക; അ
ല്ലെങ്കിൽ സ്വാതന്ത്ര്യം ബലികഴിക്കുക—ഇവയിൽ ഏതെങ്കി
ലും ഒന്നുമാത്രമേ ഇന്നു നമുക്കു സാദ്ധ്യമായിട്ടുള്ളൂ. തൊഴിലാളി
വർഗ്ഗത്തിന്റെ ഏകാധിപത്യം നമ്മുടെ അസമത്വങ്ങളെ ദൂ
രീകരിക്കുവാൻ അപര്യാപ്തമാണെന്നും, യഥാർത്ഥത്തിൽ അതു

തൊഴിലാളികളുടെ ഏകാധിപത്യമല്ല, തൊഴിലാളികളുടെമേലുള്ള ഏകാധിപത്യമാണ് എന്നും റഷ്യയിൽ അന്നന്നത്തെ രക്തച്ചൊരിച്ചിലുകൾ വിളിച്ചു പറയുന്നു. ഉൽപാദകസമ്പത്തിനെ നിഷേധിക്കുന്ന കമ്മ്യൂണിസ്റ്റുകാർ സ്വയം വിധ്വംസ്വഷം കെട്ടുകയാണു ചെയ്യുന്നത്. സമ്പത്ത് അതിൽത്തന്നെ തെററാണെന്നുള്ള വിശ്വാസം കൊണ്ടല്ല, മുതലാളിമാർ അതു തങ്ങളിൽനിന്നും അപഹരിച്ചുകളഞ്ഞുവെന്നുള്ള ബോധം നിമിത്തമാണ് അവർ അതിനെ എതിർക്കുന്നത്. അസൂയയാണ് അവരുടെ എതിർപ്പിൻെറ പ്രധാനഹേതു. മുതലിനെ അഗ്രഹിക്കുന്നതുമൂലം അവർ മുതലാളിയെ വെറുക്കുന്നു. മുതലാളിത്തത്തെ അവർ അപലപിക്കുന്നതുതന്നെ സ്വയം മുതലാളിമാരായിത്തീരാനാണ്. ഒരിക്കൽ ഒരു കമ്മ്യൂണിസ്റ്റുകാരൻ സ്ഥിതിസമത്വവാദത്തിൻെറ തത്ത്വങ്ങൾ ഒരു കർഷകനെ വിവരിച്ചു കേൾപ്പിക്കുകയായിരുന്നു.

"അതായത്, നിങ്ങൾക്കു നാലു പശുക്കളുണ്ടെങ്കിൽ അവയിൽ രണ്ട് എനിക്കു തരും, അല്ലേ?" കൃഷിക്കാരൻ ഇടയ്ക്കു കയറി ചോദിച്ചു.

"അതേ, അങ്ങനെതന്നെ."

"നിങ്ങൾക്ക് ഇരുപതു കോഴിയുണ്ടെങ്കിൽ, പത്ത് എൻേറതായിരിക്കും?"

"അതേ."

കൃഷിക്കാരൻ വീണ്ടും ചോദിച്ചു: "നിങ്ങൾക്കു പത്തു കുതിരയുണ്ടെങ്കിൽ അഞ്ചെണ്ണം എനിക്കു തരും, അല്ലേ?"

"അതു നടപ്പില്ല." കമ്മ്യൂണിസ്റ്റുകാരൻ തുറന്നു പറഞ്ഞു, "കാരണം, എനിക്കു വാസ്തവത്തിൽ പത്തു കുതിരയുണ്ട്."

ചുരുക്കത്തിൽ, കത്തോലിക്കാസഭ നിർദ്ദേശിക്കുന്ന ല

ക്ഷ്യത്തെയാണു താനും സമീപിക്കുന്നതെന്നുള്ള പരമാർത്ഥം, തന്റെ വികാരഗതി അത്മാർത്ഥമായി പരിശോധിക്കുന്ന ഓരോ സ്ഥിതിസമത്വവാദിയും സമ്മതിക്കേണ്ടതായി വരുന്നു. വെറും കൂലിവേലക്കാരുടെ നിലയിൽനിന്നു തൊഴിലാളികളെ സമുദ്ധരിക്കണമെന്നാണു സഭയും നിർബന്ധിക്കുന്നതു്. മുതലാളിയെ ആശ്രയിച്ചുകൊണ്ടായാലും കൊള്ളാം, കമ്മ്യൂണിസ്റ്റു നേതാവിനെ അനുസരിച്ചുകൊണ്ടായാലും കൊള്ളാം, പരാശ്രയിയായി ജീവിക്കുന്നിടത്തോളംകാലം ഒരു തൊഴിലാളിക്കും സ്വാതന്ത്ര്യം ആസ്വദിക്കുക ശക്യമല്ലതന്നെ.

അകയാൽ, മനുഷ്യസ്വാതന്ത്ര്യത്തിന്റെ നിലനില്പിനു സ്വകാര്യസ്വത്തു കുറേക്കൂടി വിപുലമായ തോതിൽ വിതരണം ചെയ്യണമെന്നുതന്നെയാണു സഭ വീണ്ടും വീണ്ടും ആവശ്യപ്പെടുന്നതു്. ഓരോ വ്യക്തിക്കും സ്വകാര്യസ്വത്തു കൂടിയേ കഴിയൂ എന്നല്ല അതിൽനിന്നു നാം മനസ്സിലാക്കേണ്ടതു്. സമുദായത്തിന്റെ ഒരു സാമാന്യസ്വഭാവമെന്നു പറയത്തക്കവിധത്തിൽ ഭൂരിപക്ഷം വ്യക്തികൾക്കും തന്മുതൽ ഉണ്ടായിരുന്നാൽമതി. രാഷ്ട്രീയരംഗത്തെതുപോലുള്ള ഒരു ജനാധിപത്യസമ്പ്രദായത്തെ സാമ്പത്തികരംഗത്തിലും അങ്ങനെ അവതരിപ്പിക്കണമെന്നേ സഭയ്ക്കു് ഉദ്ദേശ്യമുള്ളൂ. വ്യവസായമണ്ഡലം ജനാധിപത്യതത്വങ്ങളെ സ്വീകരിച്ചുവെന്നു പറഞ്ഞാൽ, കമ്മ്യൂണിസ്റ്റുകാർ ശഠിക്കുന്നതുപോലെ വ്യവസായത്തിന്റെ ഭരണവും നിർവ്വാഹകത്വവുമെല്ലാം തൊഴിലാളികൾ കൈയടക്കണമെന്നോ, മുതലാളിവർഗ്ഗം വാദിക്കുന്നതുപോലെ, തൊഴിൽ ഒരു ക്രയവിക്രയവസ്തുവായിത്തീരണമെന്നോ അല്ല നാം ഗ്രഹിക്കുന്നതു്. ജനാധിപത്യരാജ്യത്തിലെ ഒരു പൗരനോടൊപ്പം തന്റെ ആവശ്യങ്ങളെയും അവകാശങ്ങളെയും അഭിലാഷങ്ങളെയും പ്രകാശിപ്പിച്ചു് അവയെ നേടുവാനുള്ള അവസരം ഓരോ തൊഴിലാളിക്കും ലഭിക്കുന്നുവെന്നാണു് അതുകൊണ്ടു നാം അർത്ഥമാക്കുന്നതു്. അതോടുകൂടി രാഷ്ട്രീയസ്വാത

ന്ത്ര്യം വ്യവസായസ്വാതന്ത്ര്യത്തിൻെറ നാന്ദിയായി പരിണമിക്കുന്നു. രാഷ്ട്രീയമണ്ഡലത്തിൽ ഒരു തൊഴിലാളി ഉത്തരവാദിത്വമുള്ള ഒരു പൗരനായിരിക്കുന്നതുപോലെ വ്യവസായലോകത്തിൽ അയാറം ആദായവീതവും ഉടമസ്ഥാവകാശവും അനുഭവിക്കുന്ന ഉത്തരവാദിത്വമുള്ള ഒരു പങ്കുകാരനുമായിത്തീരും. വ്യവസായം അതിൻെറ ഇന്നത്തെ നിലയിൽ പുലർത്തിക്കൊണ്ടുപോകണമെന്നാണു മുതലാളിത്തത്തിൻെറ മോഹം. കമ്മ്യൂണിസമാകട്ടെ മുതലാളിത്തത്തെ തകർത്തെറിഞ്ഞു റഷ്യയിലേതുപോലുള്ള ഒരടിമത്തം സ്ഥാപിക്കുവാൻ യത്നിക്കുന്നു. മുതലാളിത്തത്തിനു കടിഞ്ഞാണിട്ടുകൊണ്ടു കൂടുതൽ ആളുകളെ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരാക്കിത്തീർക്കുവാനും അങ്ങനെ മനുഷ്യൻെറ രാഷ്ട്രീയവും സ്വാഭാവികവുമായ സ്വാതന്ത്ര്യം സുഭദ്രമാക്കുവാനും ശ്രമിക്കുന്നതായി കത്തോലിക്കാസഭമാത്രമേയുള്ളു.

നിക്കൊളാസ് റൂസ്‌വെൽററ് എന്ന ഗ്രന്ഥകാരൻെറ 'സ്വാതന്ത്ര്യത്തിൻെറ നവോദയം' എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗം ഇത്തരുണത്തിൽ ശ്രദ്ധേയമാണു്:

"സ്വത്തിൻെറ പുനർവിഭജനത്തെ അനുകൂലിക്കുന്നവരെല്ലാം സമുദായത്തിൻെറ അസ്ഥിവാരം കുടുംബമാണെന്നു് ആത്മാർത്ഥമായി വിശ്വസിക്കുന്നവരത്രേ. കുടുംബമാകട്ടെ ഒരു വീടിനെ — അതെത്ര പാവപ്പെട്ടതുമായിക്കൊള്ളട്ടെ — ആശ്രയിച്ചും സ്ഥിതി ചെയ്യുന്നു. ഒരു വീടിൻെറ ഉടമസ്ഥതയിൽ സാമ്പത്തികവും ആദ്ധ്യാത്മികവുമായ ചില മൂല്യങ്ങളം അടങ്ങിയിട്ടുണ്ടെന്നു് അവക്കറിയാം. തൻെറ സ്വന്തം വീടിനോടു തോന്നുന്ന മമത ഒരു വാടകക്കെട്ടിടത്തോടു് ഒരിക്കലും ഒരുവനുണ്ടാകുകയില്ല. സ്വന്തമായിട്ടു് ഒരു കുടിൽമാത്രമേയുള്ളുവെങ്കിലും കൂലിക്കു് എടുക്കുന്ന ഒരു വലിയ കെട്ടിടത്തെക്കാറം അതു് അവനു പ്രിയംകരമായിരിക്കും. മനുഷ്യൻെറ ധാർമ്മികസ്വഭാവ

ത്തിൽ അന്തർലീനങ്ങളായിരിക്കുന്ന ഉൽപാദകശക്തികളെയെല്ലാം ഉത്തേജിപ്പിക്കുവാനുള്ള ഒരു കഴിവു് ഉടമസ്ഥതയ്ക്കുണ്ടു്. അതിൽനിന്നുവേണം ഏതൊരു കുടുംബത്തിന്റേയും പൂർണ്ണമായ ആദ്ധ്യാത്മികവളർച്ചയ്ക്കു് ആവശ്യമുള്ള വേരുകൾ പൊട്ടിപ്പുറപ്പെടുവാൻ. വാടകക്കെട്ടിടത്തിനു നല്കുവാൻ കഴിയാത്ത ധനപരവും മാനസികവുമായ ഉറപ്പു് അതു പ്രദാനം ചെയ്യുന്നു. എപ്പോൾ ഒരു കുടുംബത്തിനു സ്വന്തമായ ഒരു ഭവനവും, ഏതാനും ചെടികളും പച്ചക്കറിസാധനങ്ങളുമെങ്കിലും നട്ടുവളർത്തുവാൻമാത്രമുള്ള സ്ഥലവും ഇല്ലാതെവരുന്നുവോ—എപ്പോൾ അതിന്റെ അംഗങ്ങൾക്കു സ്വന്തമെന്നു പറയാവുന്നതായി ഒരിഞ്ചുസ്ഥലംപോലും ഇല്ലെന്നാകുന്നുവോ, അപ്പോൾമുതൽ അതിന്റെ സന്മുദായികനില ഇടിഞ്ഞുതുടങ്ങും. നിസ്സ്വന്മാർ എന്നും നിരാശരും പീഡിതരുമായിട്ടാണിരുന്നിട്ടുള്ളതു്. ധനികന്റേയും ബലവാന്റേയും കാരുണ്യംകൊണ്ടു വേണം അവർ കഴിഞ്ഞുകൂടുവാൻ.

"നേരെമറിച്ചു്, സ്വത്തുള്ളവൻ എന്നും സ്വതന്ത്രനായിരുന്നു. സ്വകാര്യസ്വത്തിന്റെ ഉടമസ്ഥതയും സാമ്പത്തികസ്വാതന്ത്ര്യവും പുരാതനകാലംമുതൽ ഏറെക്കുറെ അഭേദ്യങ്ങളായിരുന്നെന്നു പറയാം. പട്ടണങ്ങളിൽ വസിച്ചിരുന്ന തൊഴിൽക്കാരേയും വ്യാപാരികളേയും ഒഴിച്ചാൽ, സ്വന്തമായി വസ്തുവില്ലാതിരുന്നവരെല്ലാം അടിമകളെക്കാൾ ഒരു തരത്തിലും മെച്ചമായിരുന്നില്ലെന്നു യൂറോപ്പിന്റെ ചരിത്രം പഠിപ്പിക്കുന്നു. സ്വകാര്യസ്വത്തു സ്വതന്ത്രജീവിതത്തിനുള്ള ഒരു മാർഗ്ഗമായിരുന്നു. അതുള്ളവൻ അന്യനുവേണ്ടി അദ്ധ്വാനിക്കേണ്ടിയിരുന്നില്ല. അങ്ങനെ പണ്ടേതന്നെ ഉടമസ്ഥതയും വ്യക്തിസ്വാതന്ത്ര്യവും ഒന്നായിത്തീർന്നിരുന്നു. വസ്തുക്കളുള്ളവർമാത്രമേ സ്വതന്ത്രർ എന്ന പേരിൽ അറിയപ്പെട്ടിരുന്നുള്ളു. തന്മൂതലില്ലാത്തവരെക്കാൾ കൂടുതൽ പ്രാബല്യവും അവകാശങ്ങളും അവർ അനുഭവിച്ചിരുന്നു; അതുപോലെതന്നെ കൂടുതൽ ഉത്തര

വാദിത്വവും. രാജ്യത്തിൽ സുസ്ഥിരമായ ഒരു താല്പര്യം അവർക്കുണ്ടായിരുന്നതുകൊണ്ടു സമുദായമദ്ധ്യത്തിൽ ക്രമം പാലിക്കുവാനും നിയമം നടപ്പിലാക്കുവാനും പാരമ്പര്യം സംരക്ഷിക്കുവാനും അവർ എന്നും പ്രത്യേകം ശ്രദ്ധാലുക്കളായിരുന്നു. സാമൂഹികകാര്യങ്ങളിൽ അവർക്കു ഉള്ളേടത്തോളം താല്പര്യം നിർദ്ധനരും നിലത്തോടു ബന്ധമില്ലാത്തവരും അന്നന്നു കിട്ടുന്ന കൂലികൊണ്ടു നിത്യവൃത്തി കഴിക്കുന്നവരുമായ സ്ത്രീപുരുഷന്മാരിൽ കണ്ടിട്ടില്ല; കാണുവാൻ വഴിയുമില്ല."

തൊഴിലാളികളെയും ഇതുതരുണത്തിൽ ഒരു കാര്യം അനുസ്മരിപ്പിക്കേണ്ടതായിട്ടുണ്ട്. തൊഴിൽസമയം കുറവുപ്പെടുത്തുന്നതിനും, ജോലിസ്ഥലം അനാരോഗ്യകരമായ സാഹചര്യങ്ങളിൽനിന്ന് വിടർത്തുന്നതിനും സംഘടനാസ്വാതന്ത്ര്യം സമ്പാദിക്കുന്നതിനും അമേരിക്കമുതലായ രാജ്യങ്ങളിൽ അവർക്കു കുറെയൊക്കെക്കഴിഞ്ഞിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. ഇവയൊക്കെ നല്ലതും പ്രോത്സാഹനാർഹങ്ങളുമാണ്; സംശയമില്ല. പക്ഷെ, സംഘടനാസ്വാതന്ത്ര്യത്തിനും ശമ്പളക്കൂടുതലിനും വേണ്ടിമാത്രം വാദിക്കുന്ന തൊഴിലാളികൾ ലക്ഷ്യത്തിനല്ല, ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗത്തിനാണു പ്രാധാന്യം കല്പിക്കുന്നത്. ഭൗതികാവശ്യങ്ങളെ നിർവഹിക്കുവാനല്ലാതെ തങ്ങളുടെ 'മനുഷ്യത്വ'ത്തെ ഉന്നമിപ്പിക്കുവാൻ അവർ ശ്രമിക്കാറില്ല. സ്വാതന്ത്ര്യത്തെക്കാൾ കൂടുതലായി അവർ ഭൗതികവിഭവങ്ങളെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചും ചിന്തിക്കുന്നു.

പക്ഷെ, യഥാർത്ഥസ്വാതന്ത്ര്യം അതിനാലംബമായ സ്വകാര്യസ്വത്തിൽനിന്നുമാത്രമേ ലഭിക്കുകയുള്ളു. സ്വകാര്യസ്വത്തുകൊണ്ടു ഭവനം, ഭക്ഷണം മുതലായ ഭോജ്യവസ്തുക്കളെ (consumable goods) യല്ല, നിലം, സഹകരണപദ്ധതികൾ, ഉടമസ്ഥത തുടങ്ങിയ ഉൽപാദകഘടകങ്ങളെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഒരു മുതലാളിയിൽനിന്നോ

'കായ്സ്ഥ'നിൽനിന്നോ കൂലി വാങ്ങിക്കുകയും ജോലിയുടെ സ്ഥിരതയ്ക്കും മററു വ്യവസ്ഥകൾക്കുമായി ഒരു സംഘടനയെ ആശ്രയിക്കുകയും ചെയ്താൽ തൊഴിലാളികൾക്കു തങ്ങളുടെ വയറു നിറയ്ക്കുവാൻ സാധിച്ചേക്കുന്നുവരാം. പക്ഷേ, അവർ സ്വതന്ത്രരായിരിക്കുകയില്ല; വർഗ്ഗീയഗണനയുടെ മർദ്ദനത്തിൽനിന്നു വ്യക്തിവിലാസത്തെ വിമോചിപ്പിക്കുന്നതാണു സ്വാതന്ത്ര്യം. ഏററവും നല്ല ഭക്ഷണം കൊടുത്തുകൊണ്ടും ഒരു രാജ്യത്തിലുള്ളവരെ മുഴുവൻ അടിമകളായിത്തന്നെ വളർത്തുവാൻ സാധിക്കുമെന്നുള്ള പരമാർത്ഥം തൊഴിലാളികൾ ഓർമ്മിക്കുന്നതു കൊള്ളാം. രാഷ്ട്രീയരംഗത്തുപോലെ സാമ്പത്തികരംഗത്തും സ്വാതന്ത്ര്യമാണു തൊഴിലാളികൾക്കു വേണ്ടതു്. സ്വകായ്സ്വത്തിന്റെ ഉടമസ്ഥതയുടെ ഫലമായ ഒരു സ്വാതന്ത്ര്യത്തിനുവേണ്ടി തൊഴിൽക്കാർ വാദിക്കാത്ത പക്ഷം സാമ്പത്തികമായ അടിമത്തത്തിലേയ്ക്കു് അവർ അധഃപതിച്ചുകൊണ്ടിരിക്കും. വിപ്ലവമുണ്ടാക്കുമെന്നുള്ള ഭീഷണികൊണ്ടല്ലാതെ തങ്ങളുടെ സുസ്ഥിതിയെ നിലനിർത്തുവാനും അവർക്കു സാധിക്കുകയില്ല. തൊഴിലാളിലോകത്തെ വ്യവസായത്തോടു ബന്ധിക്കുകയെന്നതല്ല, ഏറെക്കുറെ അതിൽനിന്നു സ്വതന്ത്രരാക്കുക എന്നതായിരിക്കണം നമ്മുടെ ആദർശം. അതിനുള്ള ഒന്നാമത്തെ വ്യവസ്ഥയാണു സ്വകായ്സ്വത്തു്. തൊഴിലാളികളെ തൊഴിലാളികളായിത്തന്നെ നിലനിർത്തുകയാണു കമ്മ്യൂണിസത്തിന്റെ ഉന്നം. സമോകളെ അവരുടെ വ്യക്തിവിലാസത്തെ സമുദ്ധരിക്കുവാനായി അവരെ ഉടമസ്ഥന്മാരാക്കിത്തീർക്കുവാൻ അഭിലഷിക്കുന്നു. ആത്മാവുള്ളതുകൊണ്ടു് ആന്തരികസ്വാതന്ത്ര്യവും, ആ സ്വാതന്ത്ര്യത്തിനു തെളിവായി സ്വകായ്സ്വത്തുള്ളതുകൊണ്ടു ബാഹ്യസ്വാതന്ത്ര്യവും ഏകകാലത്തിൽ ആസ്വദിക്കുന്ന സ്വതന്ത്രവ്യക്തികളായി തൊഴിലാളിവർഗ്ഗം രൂപാന്തരപ്പെടുന്നതുവരെ അവർക്കുവേണ്ടിയുള്ള അവകാശവാദം അവർ തുടരുകയും ചെയ്യും.

വയറുനിറയുന്നതല്ല സ്വാതന്ത്ര്യത്തിൻെറ മാനദണ്ഡം. കരുണാശീലനായ ഒരു യജമാനൻെറ അടിമകൾക്കു ഭക്ഷണപാനീയങ്ങളിലും വേഷഭൂഷാദികളിലും ഒരു കുറവും അനുഭവപ്പെടുകയില്ല. പക്ഷേ, അതുകൊണ്ടുമാത്രം അവർ സ്വതന്ത്രരാകുന്നില്ല. ഭൗതികവിഭവങ്ങൾ എത്രമാത്രമുണ്ടായാലും രാഷ്ട്രത്തിൻെറ സർവ്വാധിപത്യത്തെ നിഷേധിക്കുവാൻ സ്വാതന്ത്ര്യമില്ലെങ്കിൽ, അവകൊണ്ടു് ഒരുവനു് എന്തു പ്രയോജനമാണുള്ളതു്? ആഴ്ചതോറും ലോകത്തിലുള്ള സിനിമകൾക്കെല്ലാം ടിക്കററു സൗജന്യമായിക്കിട്ടിയാലും ഒരു തൊഴിലാളിക്കു തൻെറ മനസ്സാക്ഷിയുടെ പ്രബോധനമനുസരിച്ചു ദൈവത്തെ ആരാധിക്കുവാൻ അനുവാദമില്ലെങ്കിൽ, അവനു സ്വാതന്ത്ര്യമെവിടെ? വേണ്ടിവന്നാൽ അടിമത്തത്തേക്കാൾ പട്ടിണിയെ വരിക്കുവാൻ നാം തയ്യാറായിരിക്കണം.

അലോകസാധാരണമായ അഴകും ആത്മശുദ്ധിയും നിറഞ്ഞൊഴുകിയിരുന്ന ആ വെള്ളിനക്ഷത്രം — കന്യകാമറിയം— തൻെറ ദിവ്യകുമാരൻെറ ജനനത്തിനുമുമ്പു്, ആസന്നമായ ക്രൈസ്തവപരിവർത്തനങ്ങളെ സൂചിപ്പിച്ചുകൊണ്ടു് ആലപിച്ച ആ മനോഹരഗാനത്തിൽ മനുഷ്യകുലത്തിൻെറ സ്വാതന്ത്ര്യഗാഥയും അടങ്ങിയിട്ടുണ്ടു്. അതിൽ അവർ പാടുകയാണു്: "ശക്തന്മാരെ അവൻ പീഠത്തിൽനിന്നു് ഇറക്കുകയും വിനയശാലികളെ ഉയർത്തുകയും ചെയ്തു." ശക്തന്മാരെ അവരുടെ സിംഹാസനങ്ങളിൽനിന്നു്, നീതിയും പരസ്നേഹവും സത്യവുമുപയോഗിച്ചു് — അല്ലാതെ വിപ്ളവവും ബലപ്രയോഗവുംകൊണ്ടല്ല — താഴെയിറക്കുകയാണു് ആദ്യം ചെയ്യേണ്ടതു്. അതു കുറെയൊക്കെ സാധിക്കുന്നുണ്ടെന്നും പറയാം. എന്നാൽ, സ്വകാര്യസ്വത്തും ആദ്ധ്യാത്മികപ്രബുദ്ധതയും സമ്പാദിച്ചുകൊടുത്തുകൊണ്ടു്, മനുഷ്യസമുദായത്തിൽ ഭൂരിപക്ഷം വരുന്ന പാവങ്ങളെ സ്വാതന്ത്ര്യത്തിലേക്കുയർത്തുകയെന്ന ദുഷ്കരകൃത്യം ഇനിയും അവശേഷിക്കുന്നതേയുള്ളു.

# അഞ്ചാം അധ്യായം

## സ്വാതന്ത്ര്യവും അമിതസിദ്ധാന്തങ്ങളും

ഭൗതികാവശ്യങ്ങളുടെ നിർവ്വഹണത്തിൽ കവിഞ്ഞു് ഇന്നത്തെ നിയമനിർമ്മാതാക്കൾക്കും രാഷ്ട്രീയനേതാക്കന്മാർക്കും യാതൊരു ലക്ഷ്യവുമില്ലെന്നുള്ളതു ദയനീയമായ ഒരു പരമാർത്ഥമാണു്. രാഷ്ട്രീയനേതാക്കന്മാർ തൊഴിലും, നിയമകർത്താക്കൾ തൊഴിലിന്റെ സുരക്ഷിതത്വവുംമാത്രം വാഗ്ദാനം ചെയ്യുന്നു. പോരെങ്കിൽ ഭൗതികമാത്രമായ ഇന്നത്തെ നാഗരികതയുടെ ദുരന്തഫലങ്ങൾക്കു് ഇരയായിത്തീർന്ന ജനങ്ങളിൽ ഒരു വലിയ പങ്കു്, സുരക്ഷിതത്വമാകുന്ന അപ്പക്കഷണത്തിനുവേണ്ടി സ്വാതന്ത്ര്യത്തിന്റെ അവസാനകണികകൂടി ബലികഴിക്കുവാൻ സന്നദ്ധരുമാണു്. അവർ മുറവിളികൂട്ടുന്നതു് എന്തിനുവേണ്ടിയാണെന്നു് ഒരു സമുദായപരിഷ്കർത്താവും മനസ്സിലാക്കിയിട്ടില്ല. തങ്ങളുടെ ജീവനമാർഗ്ഗം സുരക്ഷിതമായിരിക്കണമെന്നേ ജനങ്ങൾ ആവശ്യപ്പെടുന്നുള്ളു. അതുകൊണ്ടു്, അവർ സുരക്ഷിതത്വം ആവശ്യപ്പെടുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നു കണ്ടുപിടിക്കുവാൻ ഒരു സാമുദായികപ്രവർത്തകനും തുനിഞ്ഞിട്ടില്ല. വിശന്നുപൊരിയുന്നവൻ ആഹാരം യാചിക്കുന്നതു ജീവനെ പോററുവാനാണു്. "ശരീരം വസ്ത്രത്തെക്കാളും ജീവൻ ഭക്ഷണത്തെക്കാളും ഉൽകൃഷ്ടമാണല്ലോ." സമുദായത്തിൽനിന്നു് പുറംതള്ളപ്പെട്ടു്, ഒരു തൊഴിലും കിട്ടാതെ കിടന്നു നരകിക്കുന്ന മനുഷ്യകീടങ്ങൾ "തൊഴിലിനു" വേണ്ടി നിലവിളിക്കുമ്പോൾ സ്വാതന്ത്ര്യത്തെ അഥവാ സ്വാശ്രയത്വത്തെയാണു് ആവശ്യപ്പെടുന്നതു്. ഗവണ്മെൻറിൽനിന്നോ സാമുദായികസ്ഥാപനങ്ങളിൽനിന്നോ ചെലവിനു പററിക്കൊണ്ടു ജീവിതം കഴിച്ചുകൂട്ടുവാൻ സാമാന്യജനങ്ങളിലാരും ഇഷ്ടപ്പെടുകയില്ല. അവനവ

ന്റെ ചെലവിനുള്ള വക സ്വയം സമ്പാദിക്കണമെന്നാണ് ഓരോ മനുഷ്യന്റേയും ആശ. മററുവിധത്തിൽ പറഞ്ഞാൽ, എല്ലാവരും സ്വാതന്ത്ര്യമാണാഗ്രഹിക്കുന്നത്. എന്നാൽ മുന്നദ്ധ്യായത്തിൽ നാം പ്രസ്താവിച്ചതുപോലെ, വ്യക്തിസ്വാതന്ത്ര്യത്തിന് ഒരേയൊരു സാമ്പത്തികാധാരമേയുള്ളു — അതായത്, സ്വത്തിന്റെ വ്യാപകമായ വിതരണം.

സ്വത്ത് എന്ന പദംകൊണ്ട് ഇവിടെ പ്രധാനമായി ഉദ്ദേശിക്കുന്നതു നിലം, ആദായവീതം, വ്യവസായത്തിന്റെ ഉടമസ്ഥത മുതലായ ഉൽപാദകവസ്തുക്കളെയാണ്. അരി, സിനിമാടിക്കററ് തുടങ്ങിയുള്ള വിഭവങ്ങൾ എത്ര സുലഭമായാലും അതുകൊണ്ടു സ്വത്തിന്റെ വിതരണം വ്യാപകമായെന്നുവരുന്നില്ല. ധനം ഉൽപാദിപ്പിക്കുവാൻ ഉതകുന്ന വസ്തുക്കൾമാത്രമേ സ്വത്താകുന്നുള്ളു. നമ്മുടെ സ്വാതന്ത്ര്യം യഥാർത്ഥവും അനുഭവവേദ്യവുമായിത്തീരണമെങ്കിൽ അതിനു സാമ്പത്തികരംഗത്ത് ഒരാലംബം അഥവാ അടിസ്ഥാനം ഉണ്ടായിരിക്കണം. അതാണ് ആത്മാപേക്ഷകത്വം. റോസ്സ് ഹോഫ്മൻ പറയുന്നതു ശ്രദ്ധിക്കുക: "സ്വാതന്ത്ര്യം എന്ന പദം ഒരുമാതിരി അയഞ്ഞ അർത്ഥത്തിലാണ് ഇടതുപക്ഷക്കാർ ഉപയോഗിക്കുന്നത്. അവരുടെ ഭാഷയിൽ, ഒരു മനുഷ്യനു തന്നെ സംബന്ധിക്കുന്ന സർവ്വപ്രധാനമായ കാര്യങ്ങളിൽ യഥേഷ്ടം ഒരു കർമ്മപദ്ധതി തിരഞ്ഞെടുത്തു് അതനുസരിച്ചു പ്രവർത്തിക്കുവാനുള്ള കഴിവെന്നല്ല, സാമാന്യജനങ്ങൾക്കു ലഭിക്കുന്ന ജീവിതവിഭവങ്ങളുടേയും വിശ്രമാവസരങ്ങളുടേയും അളവെന്നാണ് ആ വാക്കിന്റെ അർത്ഥം. വ്യാവസായികമുതലാളിത്തം സ്വാതന്ത്ര്യത്തോടു ചെയ്ത ഏററവും വലിയ പാതകം, സ്വത്തിന്റെ വ്യാപകമായ ഉടമസ്ഥതയെ അതു നശിപ്പിച്ചുവെന്നതാണ്. എന്നാൽ അതിനാർക്കും പരാതിയില്ല. കൂലി കൂട്ടിക്കിട്ടണം, ജോലിസമയം കുറഞ്ഞിരിക്കണം, ആ വ്യവസായവും ഈ ഫാക്ടറിയുമൊക്കെ ഗവണ്മെ

ൻറ് ഏറെറടുക്കണം, ഇൻഷ്വറൻസ് പദ്ധതികൾ സ്ഥാപിക്കണം, ഗവൺമെൻറിൽനിന്നു വീടുകളാക്കിത്തരണം എന്നിങ്ങനെ പോകുന്നു അവരുടെ അവകാശവാദങ്ങൾ. ഇമ്മാതിരി കാര്യങ്ങൾക്കായി പ്രക്ഷോഭണം നടത്തുവാനല്ല ഒരു രാഷ്ട്രീയാവകാശം എന്നോ മറേറാ ഉള്ള അർത്ഥത്തിലല്ലാതെ സ്വാതന്ത്ര്യത്തിൻെറ പാവനമായ നാമംപോലും ആരും ഉച്ചരിക്കാറില്ല. അതിൻെറയൊക്കെ കാരണമിതാണു്— ഇച്ഛാശക്തിയോടുകൂടിയ മനുഷ്യനു യോജിച്ചതരത്തിലുള്ള ഒരു സ്വാതന്ത്ര്യത്തെയല്ല, ഭൗതികാഭിലാഷങ്ങളുടെ അതിരില്ലാത്ത സന്തർപ്പണത്തിനു പററിയ ഒരു സാമ്പത്തികസംവിധാനത്തെയാണു തങ്ങളുടെ മിക്ക സംയുക്തശ്രമങ്ങളുടേയും ലക്ഷ്യമായി അവർ കണക്കാക്കുന്നതു്."

ഒരു സ്വത്തിൻെറയും സഹായംകൂടാതെ ആധ്യാത്മിക സ്വാതന്ത്ര്യം പ്രാപിക്കുവാൻ വിശുദ്ധന്മാർക്കു കഴിഞ്ഞേക്കും. എന്നാൽ ഇന്നത്തെ സാമുദായികസ്ഥിതി പരിഗണിക്കുന്നപക്ഷം, ഒരു സ്വത്തുമില്ലാതെ അതു പ്രാപിക്കുവാൻ പുണ്യവാനിൽ കുറഞ്ഞ ഒരു മനുഷ്യനെക്കൊണ്ടും സാധിക്കുകയില്ല. തോന്നുന്നതുപോലെ ചെയ്യുവാനോ ഒന്നും ചെയ്യാതിരിക്കുവാനോ അല്ലാതെ, യഥാർത്ഥസ്വാതന്ത്ര്യം വീണ്ടെടുക്കുവാനുത്സാഹിക്കുന്നവർ നമ്മുടെയിടയിൽ എത്രയോ വിരളമാണു്! ബലംപ്രയോഗിച്ചു് അന്യരുടെമേൽ കെട്ടിയേല്പിക്കാവുന്ന ഒന്നല്ല സ്വാതന്ത്ര്യം. ആദ്യമായി സ്വാതന്ത്ര്യത്തെ നാം സ്നേഹിക്കണം. സ്നേഹിച്ചാൽ അതു സമ്പാദിക്കുവാൻ നാം സ്വയമേവ ശ്രമിക്കും. ഇങ്ങനെയുള്ള ഒരു സ്വാതന്ത്ര്യപ്രബുദ്ധതയിലേയ്ക്കു നമ്മുടെ ജനങ്ങൾ ഉണരാത്തപക്ഷം, അവരെ തീററിപ്പോററുന്നവരെന്തു കല്പിക്കുമോ അതുപോലെ ചിന്തിക്കുവാനും പ്രവൎത്തിക്കുവാനും ജീവിക്കുവാനും അവർ നിർബന്ധിതരായിത്തീരും. പ്രസ്തുത സ്വാതന്ത്ര്യത്തിനാകട്ടെ സ്വകാര്യസ്വത്തു് അനുപേക്ഷണീയവുമത്രേ. തന്മൂലം, കുടുംബഭദ്രതയുടെ സാമ്പത്തികാധാരവും

സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ അർത്ഥവും മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനവും സർവ്വോപരി ഏതൊരു രാജ്യത്തിലേയും പൗരന്റെ ന്യായാനുസൃതമായ അവകാശവുമാകുന്ന സ്വകാര്യസ്വത്തു സമ്പാദിക്കുവാനുള്ള ഒരഭിനിവേശം പാവങ്ങളുടെ മനസ്സിൽ അങ്കുരിപ്പിക്കുകയും, അങ്ങനെ സാക്ഷാത്തായ സ്വാതന്ത്ര്യത്തോടുള്ള സ്നേഹം അവരുടെ ഹൃദയങ്ങളിൽ ഊതിപ്പിടിപ്പിക്കുകയുംചെയ്യുക എന്നതാണ് ഈ അദ്ധ്യായങ്ങളുടെ ഉദ്ദേശ്യം.

സംരക്ഷണത്തെക്കാൾ സ്വാതന്ത്ര്യത്തെ സ്നേഹിക്കുവാൻ സാമാന്യജനങ്ങളെ നാം അഭ്യസിപ്പിച്ചാൽപ്പോലും മുതലാളിവർഗ്ഗത്തിന്റെ മനോഭാവത്തിന് എന്തെങ്കിലും വ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. കൈവശം വന്നുചേർന്ന മുതൽ പിടിയിൽനിന്നു വഴുതിപ്പോകാതിരിക്കുവാൻ അവർ കഴിവുള്ള ഉപായങ്ങളൊക്കെ പ്രയോഗിക്കും. "എന്റെ ധനത്തിന്മേൽ എനിക്കുള്ള അവകാശം പരമവും നിരുപാധികവുമാണ്. മനുഷ്യന്റെ പ്രകൃതിയിൽനിന്നുത്ഭവിക്കുന്നതും രാഷ്ട്രം അംഗീകരിക്കുന്നതുമായ ആ അവകാശം നിയന്ത്രിക്കുവാൻ മറ്റൊരുവന് എന്തധികാരമാണുള്ളത്? എന്റെ മുതൽ എന്റെ ഇഷ്ടംപോലെ എനിക്കുപയോഗിച്ചുകൂടെന്നോ?" എന്നിങ്ങനെ മുതലാളികൾ ന്യായവാദം ചെയ്യാം.

തീർച്ചയായും; മനുഷ്യനു തന്റെ സ്വത്തിന്മേൽ അവകാശമുണ്ട്. ആ അവകാശം ജന്മായത്തവുമാണ്. സമുദായാംഗമെന്ന നിലയിൽ പ്രസ്തുതാവകാശം ഓരോരുത്തർക്കും പ്രയോഗിക്കാമെന്നുമാത്രമല്ല, പ്രയോഗിക്കുവാൻ ചുമതലയുമുണ്ട്. "സ്വകാര്യസ്വത്തിന്റെ നിർമ്മാർജ്ജനം ഒരനുഗ്രഹമായിട്ടല്ല, ഗുരുതരമായ ഒരു വിപത്തായിട്ടേ അനുഭവപ്പെടുകയുള്ളു."

(പതിനൊന്നാം പീയൂസ്)

തന്മുതൽ സമ്പാദിക്കുവാനും കൈകാര്യം ചെയ്യുവാനും
മനുഷ്യനുള്ള അവകാശം പ്രകൃതിസിദ്ധമാണെങ്കിലും അതു
നിരുപാധികമാണെന്നു വിധിച്ചുകൂടാ. പരമമായ അവകാശം
ദൈവത്തിനുമാത്രമുള്ളതാണ്. ധനം, സാമ്പത്തികവിഭവങ്ങൾ
മുതലായവയുടെമേൽ മനുഷ്യന് അവിച്ഛിന്നമായ അവകാശ
മുണ്ടെന്നുള്ള അഭിപ്രായം ഒരിക്കലും ശരിയല്ല. മനുഷ്യൻ ധന
ത്തിന്റെ സൂക്ഷിപ്പുകാരൻമാത്രമാണ്. അല്ലാതെ സ്രഷ്ടാവല്ല.
സ്വത്തിനെക്കുറിച്ചു ചർച്ചചെയ്യുവാൻ തുടങ്ങുന്നതിനുമുമ്പുത
ന്നെ സഭ അതിന്റെ 'അവകാശവും' 'ഉപയോഗവും' തമ്മിൽ
സസൂക്ഷ്മം വിവേചിക്കുന്നു. ഈ വിവേചനം അതിപ്രധാനമാ
ണ്. "സ്വത്തിനുള്ള അവകാശവും അതിന്റെ ഉപയോഗവും
രണ്ടും രണ്ടാണ്. . . . ഉടമസ്ഥാവകാശവും ശരിയായ ഉപയോ
ഗവും തമ്മിൽ വ്യത്യാസമില്ലെന്നുള്ള വാദം നിരർത്ഥകമത്രേ."
സ്വത്തിനു രണ്ടു വശങ്ങളുണ്ട്: ഒന്നു വ്യക്തിപരവും മറേറ
തു സാമൂഹികവും. അവയിൽ ഉടമസ്ഥാവകാശം വ്യക്തിപര
മാണ്; ഉപയോഗം സാമൂഹികവും. ഒരു വസ്തുവിന് 'എ
ന്റേതു' അല്ലെങ്കിൽ 'നിന്റേതു' ആയിരിക്കുവാൻ കഴി
യുന്നതുപോലെ, 'നമ്മുടേതും' ആയിരിക്കുവാൻ സാധിക്കും.
കാരണം, ചില പ്രത്യേകസാഹചര്യങ്ങളിൽ അതിന്മേൽ
മറെറാരുവനുള്ള അവകാശം എനിക്കുള്ളതിനെക്കാൾ ബല
വത്താകാം. ആ വസ്തു അവന്റെ സ്വന്തമായിത്തീരത്ത
ക്കവിധം എന്റെ അവകാശം ദുർബ്ബലപ്പെട്ടുവെന്നും അ
വന്റെ അവകാശം പ്രബലപ്പെട്ടുവെന്നും വരാം. ഒരുദാഹര
ണം പറയാം. വിശന്നു ചാകാൻതുടങ്ങുന്ന ഒരു ഭിക്ഷക്കാ
രൻ ഒരു ധനികനോടു ധർമ്മം യാചിക്കുന്നു. ആ നിർദ്ദയനാ
കട്ടെ, ചില്ലിക്കാശു കൊടുക്കുവാൻ ഭാവമില്ല. തീർച്ചയായും
അങ്ങനെയുള്ള സാഹചര്യത്തിൽ പിച്ചക്കാരന് തന്റെ
വിശപ്പടക്കുവാനുള്ള വക ധനികന്റെ മുതലിൽനിന്നു എടുക്കു
വാനവകാശമുണ്ട്. അതൊരിക്കലും മോഷണമല്ല. ജീവിക്കു

വാൻ ആ പാവപ്പെട്ടവനുള്ള അവകാശം ധനികനു തന്റെ സ്വത്തിന്മേലുള്ള അവകാശത്തെക്കാൾ പാവനമാണ്, മൗലികമാണ്. തന്മൂലം, മരണാസന്നനായ ആ പട്ടിണിക്കാരന്റെ അവകാശത്തിനു മുമ്പിൽ ധനികന്റെ ഉടമസ്ഥാവകാശം മാഞ്ഞുപോകുന്നു. നേരേമറിച്ച്, ഉടമസ്ഥനു തന്റെ സ്വത്തിന്മേലുള്ള അവകാശം നിരുപാധികമാണെങ്കിൽ, ആ യാചകന്റെ പ്രവൃത്തി ഒരു പ്രകാരത്തിലും ന്യായീകരിക്കുവാൻ പാടില്ല. സാമാന്യമായിപ്പറഞ്ഞാൽ, ഭരണാധികാരികളാണു സ്വത്തിന്റെ ഈ സാമൂഹികപരിഗണനകൾക്കു പരിധി കല്പിക്കുന്നത്.

അവകാശവും അവകാശത്തിന്റെ ഉപയോഗവും തമ്മിലുള്ള വ്യത്യാസം എത്ര മൗലികമാണെന്നറിയുവാൻ നമ്മുടെ ജീവിതത്തിലെ ചില അനുദിനസംഭവങ്ങൾ പരിശോധിച്ചു നോക്കിയാൽ മതി. മൃഗങ്ങളെ വളർത്തുവാൻ നമുക്ക് അവകാശമുണ്ട്. പക്ഷേ, ധാരാളം വാഹനങ്ങൾ സഞ്ചരിക്കുന്ന ഒരു റോഡിൽ അവയെ യഥേഷ്ടം അഴിച്ചുവിടുവാൻ ആർക്കും അനുവാദമില്ല. നമ്മുടെ ഉടമസ്ഥാവകാശത്തിനു സാമൂഹികങ്ങളായ ചില വ്യവസ്ഥകൾ അല്ലെങ്കിൽ അതിരുകളുണ്ടെന്നാണ് അതിന്റെ അർത്ഥം. മറ്റുള്ളവരെക്കുറിച്ച് ഒരു ചിന്തയുമില്ലാതെ നമ്മുടെ അവകാശങ്ങളെ നമുക്കു വിനിയോഗിക്കുവാൻ പാടില്ല. സ്വന്തമായി ഒരു മോട്ടാർകാർ ഉണ്ടായിരിക്കുവാൻ ഒരുവനുള്ള അവകാശം ന്യായയുക്തമാണ്. എന്നാൽ ആളുകൾ തിങ്ങിസ്സഞ്ചരിക്കുന്ന ഒരു വഴിയിൽക്കൂടി അലക്ഷ്യമായി അതോടിക്കുവാൻ അയാൾക്ക് അവകാശമില്ല. ഉടമയും ഉപയോഗവും അവിഭക്തങ്ങളല്ലെന്നാണ് ഇവയിൽനിന്നൊക്കെയുള്ള അനുമാനം. ഉടമാവകാശം വ്യക്തിപരമാണെങ്കിലും ചില പ്രായോഗികവ്യവസ്ഥകൾ അതിനെ നിയന്ത്രിക്കുന്നതുനിമിത്തം നമ്മുടെ അവകാശങ്ങൾ ഒരിക്കലും പൊതുജനക്ഷേമത്തിനു ഹാനികരമാകാത്തവിധത്തിലേ നാം പ്രയോഗിക്കാവൂ. ഒരു ക്രൈസ്ത

വനാണെങ്കിൽ, നമ്മുടെ സഹോദരൻ മിശിഹായുടെ മൗതിക ശരീരത്തിൻെറ ഒരവയവമാണെന്നും, അതിനാൽ അയാളുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കു നമ്മുടെ അവകാശവിനിയോഗം ഒരു വിഘാതമായിത്തീരരുതെന്നുംകൂടി പ്രത്യേകം കരുതേണ്ടതാണു്.

ഇനിയും, ഉടമാവകാശം ഒരുവൻ ദുരുപയോഗിക്കുന്നുവെന്നിരിക്കട്ടെ. അക്കാരണത്താൽ അയാളുടെ അവകാശം തീരെ ഇല്ലാതായിപ്പോകുമോ? തീർച്ചയായുമില്ല. ഒരു വ്യവസായി നീതിനിരക്കിൽനിന്നു തുലോം കുറഞ്ഞ ഒരു ശമ്പളമേ ജോലിക്കാൎക്കു കൊടുക്കുന്നുള്ളുവെങ്കിലും അയാളുടെ ഉടമസ്ഥാവകാശം നിഷേധിക്കുവാൻ അവർക്കു് അവകാശമില്ല. "ദുരുപയോഗമോ ഉപയോഗരാഹിത്യംതന്നെയുമോ ഒരുവൻെറ അവകാശം പാടേ നശിപ്പിക്കുന്നില്ല" (ലെയോ പതിമ്മൂന്നാമൻ). തൊഴിലാളികളുടെ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുവാൻ ഈ തത്വം പ്രത്യേകിച്ചു സഹായകമായിരിക്കും. ഒരു വഴിപോക്കൻെറ ദേഹത്തു് ഒരു സൈക്കിൾ മുട്ടിയാൽ സൈക്കിൾക്കാരനു തൻെറ വാഹനത്തിന്മേലുള്ള അവകാശം അതോടെ നഷ്ടപ്പെടുന്നില്ല. ആ അവകാശത്തിൻെറ പ്രയോഗം നിയന്ത്രിക്കപ്പെടുമെന്നുമാത്രം.

സ്വകാൎയ്യസ്വത്തിൻെറ കാൎയ്യത്തിലും ഇങ്ങനെതന്നെ സംഭവിക്കുന്നു. വ്യവസായപ്രവൎത്തകന്മാർ തങ്ങളുടെ ഉടമസ്ഥാവകാശം ദുഷ്പ്രയോഗിക്കുന്നപക്ഷം പൊതുജനക്ഷേമത്തെ മുൻനിൎത്തി രാഷ്ട്രം അവരെ നിയന്ത്രിക്കേണ്ടതാണു്. "ഉമസ്ഥാവകാശം യാതൊരുതരത്തിലും വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്ത ഒന്നല്ല. . .പൊതുനന്മയെ ലാക്കാക്കി അതിനെ ആവശ്യാനുസാരം അദ്ധ്യവസാനം ചെയ്യുവാനും സ്വാഭാവികനിയമം അവ്യക്തമായി സൂചിപ്പിക്കുന്ന സംഗതികളെ വ്യാഖ്യാനിച്ചു വിശദീ

കരിക്കവാനുമുള്ള ചുമതല രാഷ്ട്രത്തിനുണ്ട്. ദിവ്യാനുശാസനങ്ങളെയും സ്വാഭാവികനിയമത്തെയും അതിക്രമിക്കാത്ത വിധത്തിൽ ഉടമസ്ഥാവകാശത്തിന്റെ ന്യായ്യാന്യായ്യതകളെ നിർണ്ണയിക്കവാൻ ഗവണ്മെൻറിനുള്ള അധികാരം സ്വയം വിശദമാണ്." പതിമ്മൂന്നാം ലെയോ തിരുമനസ്സുകൊണ്ടു പറയുന്നു: "സ്വകാര്യസമ്പത്തു നിർണ്ണയിക്കവാനുള്ള ഭാരം മനുഷ്യനായി ദൈവം വിട്ടുതന്നിരിക്കുകയാണ്. . . സഹകരണമനോഭാവത്തോടുകൂടിയും സഭയുടെ പാരമ്പര്യം വിഗണിക്കാതെയും സാമുദായികജീവിതത്തിൽ സ്വകാര്യസ്വത്തിന്റെ അവകാശോപയോഗങ്ങളെ നിർണ്ണയിച്ചു നിയന്ത്രിക്കവാനുള്ള ഏതൊരു ശ്രമവും ഇക്കാരണത്താൽ അഭിനന്ദനീയവും ഉപകാരപ്രദവുമത്രേ. എന്നാൽ ഉടമാവകാശത്തിന്റെ മുദ്ര തീരെ മാഞ്ഞുപോകത്തക്കവിധത്തിൽ അതിനെ ദുർബ്ബലമാക്കുന്നതു് ഒരിക്കലും ശരിയല്ല... എങ്കിലും പൊതുജനശ്രേയസ്സു പുലർത്തുവാൻവേണ്ടി ഉടമാവകാശത്തെ നിയന്ത്രിക്കുന്ന ഒരു രാഷ്ട്രത്തെ ഉടമസ്ഥന്മാരുടെ ശത്രുവായിട്ടല്ല, മിത്രമായിട്ടുവേണം എണ്ണുവാൻ. മനുഷ്യജീവിതത്തിന്റെ സംരക്ഷണത്തിനു സ്രഷ്ടാവു പ്രദാനം ചെയ്തിരിക്കുന്ന സ്വകാര്യവിഭവങ്ങൾ സ്വയം വിനാശഗർത്തത്തിൽ നിപതിക്കാതെയും സമുദായത്തിനു ദുർവ്വഹമായ ഒരു ഭാരമായി പരിണമിക്കാതെയുമിരിക്കുവാൻ രാഷ്ട്രീയനിയന്ത്രണം സഹായകമാണ്. അങ്ങനെ നിയന്ത്രിക്കുന്ന ഒരു ഭരണകൂടം സ്വകാര്യസ്വത്തിനെ ഉന്മൂലനം ചെയ്യുകയോ ദുർബ്ബലമാക്കുകയോ അല്ല, പ്രത്യുത, സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയുമത്രേ ചെയ്യുന്നതു്."

## മുതലാളിത്തം

സ്വത്തിന്റെ ഉടമയും ഉപയോഗവും തമ്മിലുള്ള ഈ വ്യത്യാസം ഗ്രഹിച്ചിരുന്നാൽ മുതലാളിത്തത്തിലും കമ്മ്യൂണിസത്തിലും അന്തർഭവിച്ചിരിക്കുന്ന സാമ്പത്തികാബദ്ധങ്ങൾ

ഏതെല്ലാമെന്നു കണ്ടുപിടിക്കുവാൻ പ്രയാസമില്ല. മുതലാളിത്തം ഉടമസ്ഥാവകാശത്തിൻെറ പരിപാവനതയെ കൊട്ടിഘോഷിക്കുകയും സമ്പത്തിൻെറ സാമൂഹികോപയോഗത്തെക്കുറിച്ചു മൗനം ദീക്ഷിക്കുകയും ചെയ്യുന്നു. കമ്മ്യൂണിസം സാമൂഹികോപയോഗത്തെ അതിവർണ്ണനം ചെയ്തുകൊണ്ടു വ്യക്തികളുടെ അവകാശം വിസ്മരിക്കുന്നു. കത്തോലിക്കാസഭമാത്രം പൊതുജനക്ഷേമത്തിനു ഭംഗം നേരിടാതെ വ്യക്തികളുടെ ഉടമസ്ഥതം രക്ഷിക്കപ്പെടണമെന്നു സിദ്ധാന്തിക്കുന്നു. "രണ്ടുപകടങ്ങളിലാണു നാം ചെന്നു ചാടാതെ പ്രത്യേകം സൂക്ഷിക്കേണ്ടതു്. ഉടമസ്ഥതയുടെ സാമൂഹികവശം നാം നിഷേധിക്കുകയോ നിസ്സാരമാക്കുകയോ ചെയ്താൽ വ്യക്തിമാത്രവാദത്തിൽ അല്ലെങ്കിൽ അതുപോലുള്ള മററു വഴിപിഴച്ച സിദ്ധാന്തങ്ങളിൽ നാം ചെന്നു വീഴും. അതുപോലെ സമ്പത്തിൻെറ വ്യക്തിപരമായ അവകാശങ്ങളെ നിരാകരിച്ചാൽ സ്ഥിതിസമത്വവാദത്തിലെത്തിച്ചേരുകയോ കുറഞ്ഞപക്ഷം അതിൻെറ പ്രമാണങ്ങളെ സ്വീകരിക്കുവാൻ നിർബന്ധിതരായിത്തീരുകയോ ചെയ്യും" (പതിനൊന്നാം പീയൂസ്). വ്യക്തികൾ പൊതുനന്മയെ വിഗണിക്കുന്നതു മുതലാളിത്തം; പൊതുക്കാര്യം സ്വകാര്യവ്യക്തികളെ ഗ്രസിക്കുന്നതു കമ്മ്യൂണിസം; സ്വകാര്യവ്യക്തികൾ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതാകട്ടെ കത്തോലിക്കത്വം—ഇതാണു് ഇവ തമ്മിലുള്ള വ്യത്യാസം.

"എൻെറ സ്വത്തിന്മേൽ എനിക്കവകാശമുള്ളതുകൊണ്ടു് അതു് ഇന്ന തരത്തിലേ ഉപയോഗിക്കാവു എന്നു പറയുവാൻ രാഷ്ട്രത്തിനാകട്ടെ, സഭയ്ക്കാകട്ടെ തൊഴിലാളിസംഘടനകൾക്കാകട്ടെ അധികാരമില്ല," എന്നാണു മുതലാളിമാരുടെ വാദം. ധനത്തിൻെറ ഉടമയ്ക്കുള്ള അവകാശമൊന്നു്, അതു യഥേഷ്ടം വിനിയോഗിക്കുവാനുള്ള അവകാശം മറെറാന്നു്. വിനിയോഗിക്കുന്നതിനുള്ള അവകാശം, ദുരുപയോഗിക്കുന്നതിനോ പൊതുനന്മയെ അവഗണിക്കുന്നതിനോ ഉള്ള അവകാ

ശമല്ല, സ്വത്തിന്മേലുള്ള വ്യക്തിപരമായ അവകാശത്തിന് ഒരു ന്യായീകരണം ആവശ്യമാണ്. വ്യക്തിക്കു തന്റെ മുതലിനെ സംബന്ധിച്ചിടത്തോളം തന്നോടുമാത്രമല്ല അയല്ക്കാരനോടും ഈശ്വരനോടും ഉത്തരവാദിത്വമുണ്ട്. ക്രിസ്തുനാഥന്റെ അന്യാപദേശത്തിൽ കാണപ്പെടുന്ന ആ ധനവാൻ അന്യരെ വഞ്ചിച്ചതായോ ഭൃത്യന്മാരെ ചൂഷണം ചെയ്തതായോ ഒന്നും സുവിശേഷം സൂചിപ്പിക്കുന്നില്ല. അയാൾ എല്ലാദിവസവും മോടിയായി വസ്ത്രം ധരിച്ചും സമൃദ്ധിയായി വിരുന്നുകഴിച്ചും അങ്ങനെയങ്ങു ജീവിച്ചുവെന്നുമാത്രം. അതിൽ എന്തെങ്കിലും നീതികേടുള്ളതായി നമുക്കു തോന്നുന്നുമില്ല. പക്ഷേ പടിവാതില്ക്കൽ പട്ടിണികിടന്ന ആ പാവപ്പെട്ട ലാസറിന്റെ കാര്യത്തിൽക്കൂടി ശ്രദ്ധ പതിച്ചുകൊണ്ടു തന്റെ സ്വത്തിന്റെ സാമൂദായികധർമ്മം നിറവേററുവാൻ അയാൾ ഉപേക്ഷ കാണിച്ചതുനിമിത്തം അയാളുടെ ആത്മാവു നിത്യനാശത്തിന് ഇരയായിത്തീർന്നു. അയാൾക്ക് അയാളുടെ സ്വത്തിന്മേൽ അവകാശമില്ലാതിരുന്നതുകൊണ്ടല്ല, അതിന്റെ ഉപയോഗം വേണ്ടവിധത്തിലല്ലാതിരുന്നതുനിമിത്തമാണ് അങ്ങനെ സംഭവിച്ചത്. സ്വകാര്യസ്വത്തിന്റെ വിനിയോഗം നീതിയും സ്നേഹവുംകൊണ്ടു നിയന്ത്രിക്കപ്പെടണമെന്നാണ് ഇതിൽനിന്നു നാം പഠിക്കുന്ന ഗുണപാഠം. അവകാശം വ്യക്തിപരമാണെങ്കിലും ഉപയോഗം സാമൂഹികമായിരിക്കണമെന്നുള്ള മൗലികതത്വം ഓരോ ഉടമസ്ഥനും ഹൃദിസ്ഥമാക്കിയിരിക്കണം.

ലിബറലിസത്തിന്റെയും മുതലാളിത്തത്തിന്റെയും അഭിപ്രായത്തിൽ, നിയമാധിഷ്ഠിതമായ അവകാശമുള്ള ഒരു വസ്തു ഉടമസ്ഥന് ഇഷ്ടംപോലെ ഉപയോഗിക്കാമെന്നു മാത്രമല്ല, രാഷ്ട്രത്തിനു പ്രസ്തുതാവകാശം സംരക്ഷിക്കുക എന്നതൊഴികെ ഒന്നും ചെയ്യേണ്ടതായുമില്ല. പക്ഷേ, സ്വത്തിന്റെ കാര്യത്തിൽ, നിയമസാധുത്വമുള്ള ഒരവകാശപത്രംമാത്രമുണ്ടായിരുന്നാൽ പോരാ എന്നു മുതലാളികൾ ഓർത്തിരുന്നാൽ നന്ന്.

നിയമദത്തമായ അവകാശപത്രത്തിനു പുറമേ, സാമൂഹിക താൽപര്യങ്ങൾക്കും പൊതുഗുണത്തിനുമെതിരായി അതൊരിക്കലും ഉപയോഗിച്ചിട്ടില്ലെന്നു തെളിയിക്കുന്ന ഒരു ധാർമ്മികാവകാശപത്രികകൂടി സ്വത്തിനുണ്ടായിരിക്കണം. നിയമാവകാശവും ധാർമ്മികാവകാശവും തമ്മിൽ വ്യത്യാസമുണ്ട്. ലാത്തി കൊണ്ടുനടക്കുവാൻ ഒരു പോലീസുകാരനെ നിയമം അനുവദിക്കുന്നു. എന്നാൽ അതുകൊണ്ട്, നിരപരാധരായ വിദ്യാർത്ഥികളെ പ്രഹരിക്കുവാനുള്ള ധാർമ്മികാവകാശം അയാൾക്കു ലഭിക്കുന്നില്ല. നിർഭാഗ്യവശാൽ, ഉടമയുടെ അവകാശത്തെ പർവ്വതീകരിച്ചുകാണിക്കുന്ന ഒരു ചിന്താഗതിയാണ് ഇന്നെവിടെയും പ്രത്യക്ഷപ്പെടുന്നതു്. ഇന്നത്തെ സാമുദായികവ്യവസ്ഥിതിതന്നെ കേവലം ഉപരിതലസ്പർശകമാണ്. അതിൽ മുതലാളികൾ സ്വത്തിനുള്ള തങ്ങളുടെ അവകാശത്തെക്കുറിച്ചും, തൊഴിലാളികൾ ജോലിക്കുള്ള തങ്ങളുടെ അവകാശത്തെക്കുറിച്ചും മാത്രമേ സംസാരിക്കുന്നുള്ളു. 'കർത്തവ്യം' എന്ന പദമാണു വാസ്തവത്തിൽ നാഗരികതയുടേയും സംസ്കാരത്തിന്റേയുമെല്ലാം അടിസ്ഥാനമെന്ന് ഇരുകൂട്ടരും ഓർമ്മിക്കുന്നില്ല.

മനുഷ്യർക്കു സ്വകാര്യസ്വത്തിനെക്കുറിച്ചുണ്ടായിരുന്ന ശരിയായ ബോധം ഇന്നു മിക്കവാറും നഷ്ടപ്പെട്ടിരിക്കുകയാണ്. വിശുദ്ധ തോമസ് അക്വീനാസിന്റെ ഭാഷയിൽ പറഞ്ഞാൽ, സമ്പാദിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള കഴിവാണു സ്വത്ത്. കഴിവിന് അവകാശത്തെക്കാൾ അർത്ഥവ്യാപ്തിയുണ്ട്. അവകാശവും വിനിയോഗവുംകൂടി ചേരുന്നതാണു കഴിവ്: വ്യക്തിഗതമായ ഒരവകാശവും പൊതുഗുണത്തെ ലക്ഷ്യമാക്കിയുള്ള ഒരു വിനിയോഗവും. ലിബറലിസ്റ്റുകാരുടെ അഭിപ്രായമനുസരിച്ച്, അവകാശമാണു സ്വത്ത്. അതുതന്നെയായിരുന്നു പണ്ടത്തെ റോമൻനിയമവും. 'ഉപയോഗിക്കുന്നതിനും ദുരുപയോഗിക്കുന്നതിനുമുള്ള അവകാശം' എന്നാണു റോമാക്കാർ സ്വത്തിനെ നിർവ്വചിച്ചിരുന്നതു്. സ്വത്തി

ന്റെ ശരിയായ അർത്ഥം പരിശോധിച്ചാൽ അതു് ഉത്തരവാദിത്വത്തിൽനിന്ന് അവിഭജനീയമാണെന്നു ഗ്രഹിക്കാം. സ്വത്തിനെക്കുറിച്ചുള്ള ബോധത്തിൽനിന്ന് ഉത്തരവാദിത്വചിന്ത നിശ്ശേഷം നശിച്ചതു മുതലാളിത്തത്തിന്റെ കാലത്താണു്. ആദായത്തോടൊപ്പം ഉത്തരവാദിത്വംകൂടി പ്രദാനംചെയ്യുന്ന ഒരു വസ്തുവായിട്ടല്ല ആദായത്തെമാത്രം ഉൽപാദിപ്പിക്കുന്ന ഒരു പദാർത്ഥമായിട്ടാണു സമ്പത്തിനെ ആധുനികലോകം പരിഗണിക്കുന്നതു്.

ഉടമയും ഉത്തരവാദിത്വവും തമ്മിലുള്ള ഈ വേർതിരിവിനെക്കുറിച്ചു ഹെർബർട്ട് ആഗർ എന്ന ഗ്രന്ഥകാരൻ ഇങ്ങനെ പ്രസ്താവിക്കുന്നു: "എന്റെ സ്വത്തു കുറേ നിലമോ ഒരു കച്ചവടപ്പീടികയോ ആണെങ്കിൽ അതിന്മേലുള്ള ഉത്തരവാദിത്വവും നിയന്ത്രണാധികാരവും എനിക്കുതന്നെയായിരിക്കും. കൃഷിയുടെ, അല്ലെങ്കിൽ കച്ചവടത്തിന്റെ വിജയാപജയങ്ങൾ എന്റെ സ്വഭാവത്തെയും പ്രാപ്തിയെയും നേരിട്ട് ആശ്രയിച്ചുമിരിക്കും. നഷ്ടം നേരിട്ടേക്കാവുന്ന അവസരങ്ങളിൽ അതിനെ തടയുവാൻ പരിശ്രമിക്കാനെങ്കിലും എനിക്കു സാധിക്കും. എന്റെ ശ്രമം സഫലമായാലും ഇല്ലെങ്കിലും അക്കാര്യത്തിൽ ഞാൻ പരതന്ത്രനായിരിക്കയില്ല. ഇത്തരം സ്വകാര്യസ്വത്തിന് ഉടമസ്ഥന്റെമേൽ ചില ധാർമ്മികപ്രേരണകൾ ചെലുത്തുവാൻ കഴിയും. തന്മൂലം ഇത്തരത്തിലുള്ള സ്വത്തിന്മേൽമാത്രമേ ഉടമസ്ഥനും ധാർമ്മികമായ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. നേരെമറിച്ച്, ഒരു വലിയ ബാങ്കിന്റെ ഏതാനും ഷെയറുകളാണ് എന്റെ സ്വകാര്യസ്വത്തെങ്കിൽ ആ സ്വത്തിന്മേൽ എനിക്കു നിയന്ത്രണാധികാരമാകട്ടെ ഉത്തരവാദിത്വമാകട്ടെ കാണുകയില്ല. ധാർമ്മികാംശത്തിന്റെ കണികപോലുമില്ലാത്ത ഒരുടമസ്ഥതയാണതു്. ഏറെക്കുറെ അതൊരു ഭാഗ്യക്കുറിയുടെ ടിക്കററുപോലെയാണ്. എനിക്കു യോഗമുണ്ടെങ്കിൽ ഒരു നല്ല തുക കിട്ടും. അല്ലെങ്കിൽ മുതൽക്കൂടി വെള്ളത്ത

ളാകും. അക്കാര്യത്തിലുള്ള എന്റെ ഭാഗധേയം എന്റെ കാര്യശേഷിയെയോ പരിശ്രമത്തെയോ ഒരു തരത്തിലും ബാധിക്കുന്നില്ല.

"ചുരുക്കം ചില വ്യവസായങ്ങൾ ഇക്കാലത്തു വമ്പിച്ച തോതിൽ നടത്തുന്നവയായതുകൊണ്ട് അവയുടെ ഉടമസ്ഥാവകാശം പലരിൽ നിക്ഷേപിക്കുകയോ രാഷ്ട്രം ഏറ്റെടുക്കുകയോ ആയിരിക്കും നല്ലതെന്നു സമ്മതിക്കുന്നു. പക്ഷേ, സ്വാതന്ത്ര്യത്തിന്റെയും സ്വയംഭരണത്തിന്റെയും ആധാരമായ സ്വകാര്യസ്വത്ത് ഇതുപോലുള്ള അവ്യക്തവും ഉത്തരവാദിതാരഹിതവുമായ നാമമാത്രാവകാശമാണെന്നു പറഞ്ഞുകൂടാ. വിഭിന്നങ്ങളായ മൂന്നർത്ഥത്തിൽ 'സ്വത്ത്' എന്ന വാക്കു പ്രയോഗിക്കാം. തലപ്പാവ്, റേഡിയോ ഇത്യാദി സ്വകാര്യവസ്തുക്കൾക്കു സ്വത്ത് എന്നു പറയാം. ബാങ്കുഷെയറുകൾ, ഭാഗ്യക്കുറിയുടെ ടിക്കറ്റ് മുതലായവയും ഒരർത്ഥത്തിൽ സ്വത്താണ്. അതുപോലെ ഉൽപാദനകാരകങ്ങളുടെ ഉത്തരവാദിത്വബോധത്തോടുകൂടിയ ഉടമസ്ഥതയ്ക്കും സ്വത്ത് എന്നാണു പറയുക. ഇവയിൽ ഒടുവിൽ പറഞ്ഞയിനത്തിൽപ്പെട്ട സ്വകാര്യസ്വത്തുമാത്രമേ മനുഷ്യനെ സ്വതന്ത്രനാക്കുവാൻ പര്യാപ്തമാകയുള്ളൂ."

സ്വത്ത് എന്നുപറഞ്ഞാൽ ആദായമാർഗ്ഗം എന്നാണു പ്രായേണ ഇന്നുള്ള അർത്ഥം. മുൻകാലങ്ങളിൽ സ്വത്തിനുണ്ടായിരുന്ന ലക്ഷണങ്ങൾ രണ്ടും— ഉടമസ്ഥതയും നിയന്ത്രണാധികാരവും — ഇന്നു തുലോം വ്യതിരിക്തങ്ങളായിട്ടുണ്ട്. ഉടമസ്ഥന്മാർ ഒരു കൂട്ടർ; നിയന്ത്രകന്മാർ അഥവാ നിർവ്വാഹകന്മാർ മറ്റൊരുകൂട്ടർ—ഇതാണ് ഇന്നത്തെ സ്ഥിതി. തന്മൂലം ഒരു ഭൂസ്വത്തുടമസ്ഥന്റെയും ബാങ്കുഷെയറുകാരന്റെയും സ്വകാര്യസ്വത്തുക്കളിൽ അവരവർക്കുള്ള അവകാശം ഒരേ തരമല്ല. ഭൂസ്വത്തുടമസ്ഥന് ഉടമസ്ഥതയും നിയന്ത്രണാധികാരവുമുണ്ട്. ബാങ്കുടമസ്ഥനാകട്ടെ നിയന്ത്രണാധികാരമില്ല. ഉടമസ്ഥനു നി

യന്ത്രണാധികാരവും നിയന്ത്രകന് ഉടമസ്ഥതയും ഇല്ലെന്നുവന്നതുനിമിത്തം ഇന്നത്തെ സാമ്പത്തികാനീതികൾക്കുള്ള ഉത്തരവാദികൾ ആരാണെന്നു നിർണ്ണയിക്കുക ദുശ്ശകമായിത്തീർന്നിരിക്കുന്നു. ആദായവിഭജനത്തിലും ഇതുകൊണ്ടു കുഴപ്പം നേരിടുന്നു. ആദായത്തിന്റെ സിംഹഭാഗവും ഉടമസ്ഥന്മാർക്കായി പോകുന്നതുകൊണ്ടു തൊഴിലാളിക്കാകട്ടെ നിർവ്വാഹകനാകട്ടെ അതിന്റെ ന്യായ്യമായ ഓഹരി ഒരിക്കലും കിട്ടുന്നില്ല. പഴയ സമ്പ്രദായത്തിലുള്ള ഉടമസ്ഥന്മാക്കു മനസ്സിലാക്കുവാൻ പ്രയാസമുള്ള ഒരു പരമാർത്ഥമാണിതു്. അദ്ധ്വാനം, നിർവ്വഹണം, ഉടമ — ഈ മൂന്നു ഘടകങ്ങളുടെ സംയുക്തഫലമാണു് ആദായം. ഇവ മൂന്നും ഒരു വ്യക്തിയിൽ നിക്ഷിപ്തമായിരുന്ന കാലത്തു് അയാൾ ആദായത്തിന്റെ ഏകാവകാശിയായിരുന്നുവെന്നതു ശരിതന്നെ. പക്ഷെ അവ മൂന്നും മൂന്നു വ്യക്തികളിലായി വിഭജിക്കപ്പെട്ടിരിക്കുന്ന ആധുനികസമ്പ്രദായത്തിലും ആദായം മുഴുവൻ ഉടമസ്ഥനു വേണമെന്നു ശഠിക്കുന്നതാണു് അന്യായ്യം. സ്വത്തിന്റെ ഉടമസ്ഥതയിൽ കടന്നുകൂടിയിരിക്കുന്ന ഈ പരിണാമത്തെ നാം ശരിക്കു ഗ്രഹിക്കുന്നപക്ഷം ആദായത്തെക്കുറിച്ചുള്ള നമ്മുടെ ബോധവും അതിനനുസരണം തിരുത്തേണ്ടതാണെന്നു് എളുപ്പത്തിൽ തെളിയും.

"ഇന്നത്തെ കോർപ്പറേഷൻപദ്ധതിയും സ്വകാര്യസ്വത്തും" (Modern Corporation and Private Property) എന്ന ഗ്രന്ഥത്തിൽ, ഉടമസ്ഥതയ്ക്കു നേരിട്ടിട്ടുള്ള ഈ വ്യതിയാനത്തെ സമ്യക്കായി സംഗ്രഹിച്ചിട്ടുണ്ടു്:—

"സജീവവും കർമ്മോന്മുഖവുമായ ഒരു ഘടകമെന്ന നിലയിൽനിന്നു് ഒരു നിർജ്ജീവഘടകമെന്ന നിലയിലേയ്ക്കു് ഉടമസ്ഥതയ്ക്കു നേരിട്ട അധഃപതനം നമ്മുടെ സർവ്വപ്രധാനമായ ശ്രദ്ധയെ അർഹിക്കുന്നുണ്ടു്. ഉത്തരവാദിത്വത്തോടുകൂടി ഉപയോഗിക്കാവുന്ന ഭൗതികവസ്തുക്കളായിരുന്നു മുൻകാലങ്ങ

ളിൽ ഒരുടമസ്ഥനുണ്ടായിരുന്നതു്. ഇന്നാകട്ടെ ഉടമയെന്നു പറഞ്ഞാൽ, ഒരു കമ്പനിയുടെ ഓഹരിയിന്മേലുള്ള അവകാശത്തെ സൂചിപ്പിക്കുന്ന ഒരു കഷണം കടലാസ് എന്നേ അർത്ഥമുള്ളു. ആ കമ്പനിയുടെ പ്രവർത്തനത്തിന്മേൽ ഉടമസ്ഥനുള്ള നിയന്ത്രണാധികാരം ശൂന്യമാണു്.

"ഉടമസ്ഥതയുടെ ആദ്ധ്യാത്മികമൂല്യങ്ങൾക്കു വളരെ ഇടിവുതട്ടിയിട്ടുണ്ടു്. സ്വന്തമായി യഥേഷ്ടം കൃഷി ചെയ്യാവുന്ന കുറെ നിലം, ആദായത്തിനുപുറമേ അനിർവ്വചനീയമായ ഒരു സംതൃപ്തികൂടി ഉടമസ്ഥനു പ്രദാനം ചെയ്യുന്നു. അതു് അയാളുടെ വ്യക്തിവിലാസത്തിന്റെ ഒരംശമായിത്തന്നെ രൂപാന്തരപ്പെടുന്നു. പക്ഷേ കമ്പനി സമ്പ്രദായം വന്നതിനോടെ ഈ ആദ്ധ്യാത്മികഗുണം ഉടമസ്ഥതയിൽനിന്നു തിരോധാനംചെയ്തു.

"ഒരു വ്യക്തിയുടെ സ്വത്തിന്റെ വില പൂർണ്ണമായി അയാളുടെ പ്രവൃത്തിമണ്ഡലത്തിനുപുറമേയുള്ള ചില ശക്തികളെ ആശ്രയിച്ചാണു് ഇന്നു സ്ഥിതിചെയ്യുന്നതു്. ഒന്നാമതായി നിർവ്വാഹകരുടെ അല്ലെങ്കിൽ നടത്തിപ്പുകാരുടെ പ്രവർത്തനങ്ങൾ; രണ്ടാമതു്, അനിശ്ചിതമായ ഒരു വിപണിയുടെ വിക്രിയകൾ —ഇവ രണ്ടിന്മേലും ഉടമസ്ഥനു് ഒരധികാരവുമില്ലാത്തതിനാൽ ഇവയുടെ പ്രവർത്തനങ്ങളും പ്രതിപ്രവർത്തനങ്ങളുമനുസരിച്ചു വിലയും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.

"വിലയിലുണ്ടാകുന്ന ഈ പാതോൽപാതങ്ങൾക്കുപുറമേ, അപ്പഴപ്പോഴുള്ള തന്റെ സാമ്പത്തികനില എന്താണെന്നു ഗ്രഹിക്കുവാനുള്ള ഒരു ശക്തി ഉടമസ്ഥനു ലഭിക്കുന്നു.

"സ്വത്തിന്റെ ഉറപ്പു കുറഞ്ഞുവരുന്നുവെന്നുള്ളതാണു് ഈ പരിണാമത്തിൽനിന്നുണ്ടാകുന്ന മറ്റൊരനുഭവം. പറയത്തക്ക തകരാറുകളൊന്നും കമ്പോളത്തിൽ നേരിടാത്തപക്ഷം ഇന്നത്തെ ഒരുടമസ്ഥനു തന്റെ സ്വത്തു് ഏതാനും നിമിഷ

ങ്ങൾക്കുള്ളിൽ ഒരു രൂപത്തിൽനിന്നു മറ്റൊരു രൂപത്തിലേയ്ക്കു പകർത്തുവാൻ കഴിയും.

"സ്വത്ത് ഒന്നിനൊന്നിന് ഉടമസ്ഥനു നേരിട്ടു യാതൊന്നും ചെയ്യുവാൻ സാധിക്കാത്ത ഒരു രൂപം പ്രാപിച്ചുവരുന്നു. നിലത്തിന്റെ വില എത്ര കുറഞ്ഞുപോയാലും ഒരു ഭൂസ്വത്തുടമസ്ഥനു തന്റെ ഭൂമിയിൽ ഔൽസുക്യപൂർവം തുടർന്നു ജോലിചെയ്യുവാൻ സാധിക്കും. ഒരു പ്രത്യേക സംതൃപ്തി അതിലയാൾക്ക് അനുഭവപ്പെടുകയും ചെയ്യും. പക്ഷേ, ഒരു കമ്പനിയുടമസ്ഥന്റെ സ്വത്തിന്റെ വില ഉൽപന്നവസ്തുക്കളുടെ കമ്പോളവിലയനുസരിച്ചു കൂടിയും കുറഞ്ഞുമിരിക്കുന്നതിനാൽ ഇത്തരത്തിലുള്ള ഒരു സംതൃപ്തി ഒരിക്കലും അയാൾക്കു ലഭിക്കുന്നില്ല. അയാളുടെ സകല ഭാഗധേയങ്ങളും കമ്പോളവിലയെ ആശ്രയിച്ചിരിക്കുന്നു.

"അവസാനമായി സംഘടനാരൂപത്തിലുള്ള ഒരു സാമ്പത്തികവ്യവസ്ഥിതിയനുസരിച്ച്, 'ഉടമസ്ഥന്' വ്യവസായത്തിന്മേൽ കേവലം നാമമാത്രമായ അവകാശംമാത്രമേ ശേഷിക്കുകയുള്ളൂ. അധികാരം, ഉത്തരവാദിത്വം മുതലായി ഉടമസ്ഥതയുടെ അവിഭാജ്യഘടകങ്ങളെന്നു മുൻകാലങ്ങളിൽ ഗണിക്കപ്പെട്ടിരുന്നവയോരോന്നും പരഹസ്തങ്ങളെ പ്രാപിക്കുന്നു."

## കമ്മ്യൂണിസം

ഉടമസ്ഥതയെക്കുറിച്ചുള്ള രണ്ടാമത്തെ അമിതസിദ്ധാന്തമാണല്ലോ, കമ്മ്യൂണിസം. മുതലാളിത്തം ഉടമസ്ഥന്റെ അവകാശങ്ങളെ പർവ്വതീകരിച്ചുകാണിക്കുകയും സ്വത്തിന്റെ വിനിയോഗത്തെക്കുറിച്ചു മൗനം ദീക്ഷിക്കുകയും ചെയ്യുമ്പോൾ, കമ്മ്യൂണിസം സ്വത്തിന്റെ വിനിയോഗത്തെക്കുറിച്ചുമാത്രം സംസാരിച്ചുകൊണ്ട് ഉടമസ്ഥന്റെ അവകാശങ്ങളെ പാടേ

വിസ്മരിച്ചുകളയുന്നു. മുതലാളിത്തത്തിന്റെ ഏക പ്രതിയോഗിയും പ്രതിവിധിയുമാണു കമ്മ്യൂണിസമെന്നു പലക്കും ഒരു ധാരണയുണ്ട്. പക്ഷേ മുതലാളിത്തത്തിന്റെ ദൂഷിച്ചവശങ്ങളെല്ലാം കമ്മ്യൂണിസത്തിലും പ്രത്യക്ഷപ്പെടുന്നുണ്ടെന്നുമാത്രമല്ല, അതിന്റെ നല്ല വശങ്ങളിൽ പലതും കമ്മ്യൂണിസത്തിൽ കണികാണ്മാൻപോലുമില്ലതാനും. കമ്മ്യൂണിസവും മുതലാളിത്തവും ഒന്നുപോലെ ഉടമയെ കേന്ദ്രീകരിക്കുന്നു: കമ്മ്യൂണിസം ചില ഭരണാധികാരികളുടെ കൈയിൽ,—മുതലാളിത്തം ചില ധനികന്മാരുടെ കൈയിൽ. മുതലാളിത്തം ഭൂരിപക്ഷം ജനങ്ങളിൽനിന്ന് ഉൽപാദകവസ്തുവിന്റെ ഉടമസ്ഥതയെ നീക്കിക്കളയുന്നു. കമ്മ്യൂണിസം അതെല്ലാവരിലും നിന്ന് എടുത്തുകളയുന്നു. ഭൗതികവിഭവങ്ങൾ ഉൽപാദിപ്പിക്കുകയാണു മനുഷ്യന്റെ പ്രധാനോദ്ദേശ്യമെന്നു മുതലാളിത്തം വാദിക്കുന്നു. കമ്മ്യൂണിസം അത് അവന്റെ ഏകോദ്ദേശ്യമാണെന്നു പഠിപ്പിക്കുന്നു. സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ട സ്വകാര്യസ്വത്തു സമ്പാദിക്കുവാൻ മുതലാളിത്തത്തിന്റെ കീഴിൽ ദുഷ്കരമാണെങ്കിൽ കമ്മ്യൂണിസത്തിന്റെ കീഴിൽ അത് അസാധ്യമാണ്. പണിമുടക്കിനുള്ള അവകാശത്തെ മുതലാളിത്തസമ്പ്രദായം കുറേയൊക്കെ വകവച്ചുതരും. കമ്മ്യൂണിസമാകട്ടെ അതിനെ നിയമവിരുദ്ധമായ ഉന്മൂലനമായി പരിഗണിക്കും. മുതലാളിത്തം തൊഴിലാളികളുടെമേൽ ചില സാമ്പത്തികാവകാശങ്ങളെ പ്രയോഗിച്ചുകൊണ്ട് അവരുടെ ജീവിതരീതിയെ ഗണ്യമായ തോതിൽ നിയന്ത്രിക്കുന്നു. എന്നാൽ കമ്മ്യൂണിസം സാമ്പത്തികാവകാശത്തോടൊപ്പം നിയമപരമായ അവകാശത്തെക്കൂടി അവർക്കെതിരായി പ്രയോഗിച്ചുകൊണ്ട്, തൊഴിലാളികൾ എങ്ങനെ, എപ്പോൾ മരിക്കണമെന്നുകൂടി തീർച്ചപ്പെടുത്തുന്നു.

സ്വത്തു മുഴുവൻ ചില വ്യക്തികളുടെ കൈയിൽ കേന്ദ്രീകരിക്കുന്ന നയത്തെ കമ്മ്യൂണിസം പ്രതിഷേധിക്കുന്നു. അ

പ്രതിഷേധം ശരിയുമാണു്. എന്നാൽ അതിനൊരു പ്രതിവിധിയായി, രാഷ്ട്രമല്ലാതെ വ്യക്തികളാരും ഉടമസ്ഥത സമ്പാദിച്ചുകൂടാ എന്നു സിദ്ധാന്തിക്കുന്നപക്ഷം അതു സ്വത്തിന്റെ കേന്ദ്രീകരണത്തെ ഒന്നുകൂടി ഉറപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. ഉൽപാദകവസ്തുക്കളെല്ലാം രാഷ്ട്രം ഏറെറടുക്കുന്നതു കൊണ്ടു സാമ്പത്തികപ്രശ്നത്തിനു പരിഹാരമുണ്ടാകുന്നില്ല. കമ്മ്യൂണിസത്തിന്റെ സിദ്ധാന്തത്തിൽ അന്തർഭവിച്ചിരിക്കുന്ന ചില മഹാപ്രമാദങ്ങളെ ഇതിനുപരി ചൂണ്ടിക്കാണിക്കാം.

1. അമേരിക്കയിൽ പ്രസിദ്ധപ്പെടുത്തിയ കമ്മ്യൂണിസത്തിന്റെ ഔദ്യോഗികപരിപാടിയിൽ ഇങ്ങനെ കാണുന്നു: "മുതലാളിത്തത്തിൽനിന്നു കമ്മ്യൂണിസത്തിലേയ്ക്കുള്ള സാമുദായിക പരിവർത്തനം വിപ്ലവപരമാണു്. . . തൊഴിലാളിവിപ്ലവമെന്നു പറഞ്ഞാൽ സ്വകാര്യസ്വത്തിന്മേൽ തൊഴിലാളികൾ ബലം പ്രയോഗിച്ചു നടത്തുന്ന കയ്യേററമെന്നാണർത്ഥം. ഉടമസ്ഥന്മാരുടെ പ്രാബല്യത്തെയും മുതലാളിത്തരാഷ്ട്രത്തിന്റെ ഉപകരണങ്ങളായ പട്ടാളം, പോലീസ്, ഉദ്യോഗസ്ഥലോകം, നിതീന്യായവകുപ്പ്, നിയമസഭ മുതലായവയെയും ബലാൽകാരേണ തട്ടിമറിച്ചുകൊണ്ടാണു തൊഴിലാളികൾ അധികാരം പിടിച്ചെടുക്കുന്നതു്. പൊതുജനങ്ങളുടെ സ്വഭാവത്തിനു് ഒരു മാററം സംഭവിച്ചെങ്കിലേ അവർക്കു് ഒരു കമ്മ്യൂണിസ്ററുമനഃസ്ഥിതി വന്നുചേരുകയുള്ളൂ. ആ മാററം ഒരു വിപ്ലവസന്ധിയിൽ മാത്രമേ സംഭവിക്കുകയുള്ളൂ. തന്മൂലം ഇന്നത്തെ ഭരണാധികാരികളെ തകിടംമറിക്കുവാൻമാത്രമല്ല, തൊഴിലാളികൾക്കുതന്നെ തങ്ങൾ വാർത്തുണ്ടാക്കുവാൻപോകുന്ന പുതിയ വ്യവസ്ഥിതിക്കു് അനുയോജിച്ച ഒരു മനോഭാവം കൈവരുവാനും ഒരു വിപ്ലവം കൂടിയേ കഴിയൂ" (പേജ് 34–52). പക്ഷേ ഇന്നത്തെ സാമ്പത്തികവും സാമുദായികവുമായ ദുരിതങ്ങൾക്കെല്ലാം ഒരു വിപ്ലവം കഴിയുന്നതിനോടെ എങ്ങനെ സുകരമായ പരിഹാര

മുണ്ടാകുമെന്നു മനസ്സിലാകുന്നില്ല. വിപ്ളവവും രക്തച്ചൊരിച്ചിലുമുണ്ടായെങ്കിലേ യഥാൎത്ഥസമാധാനം സ്ഥാപിതമാകുകയുള്ളുവെന്നു വാദിക്കുന്നതു്, കരൾ പഴുപ്പും കവിൾവാൎപ്പും ക്ഷയവും എല്ലാംകൂടി പിടിപെട്ടാലേ മനുഷ്യനു പൂൎണ്ണാരോഗ്യം ലഭിക്കുകയുള്ളുവെന്നു് അഭിപ്രായപ്പെടുന്നതുപോലെയാണു്. നമ്മുടേതുപോലെ സങ്കീൎണ്ണമായ ഒരു സമുദായത്തിൽ വിപ്ളവം കമ്മ്യൂണിസത്തിനല്ല കാട്ടാളത്തത്തിനായിരിക്കും കാരണമാവുക. ബാർസലോണായിലേയും ഹംഗറിയിലേയും റഷ്യയിലേയും അനുഭവങ്ങൾതന്നെ നോക്കുക.

സമുദായോന്നമനത്തിനായി വൎഗ്ഗീയവിദ്വേഷവും രക്തച്ചൊരിച്ചിലും പ്രസംഗിച്ചവരെല്ലാം വാസ്തവത്തിൽ അപഥരണപ്രിയന്മാരായിരുന്നു. അവനവൻെറ കാൎയ്യങ്ങൾ വേണ്ടതുപോലെ നടത്തുവാൻ കെല്പില്ലാത്തവരും ജീവസന്ധാരണത്തിനു് അന്യരെ ആശ്രയിക്കുന്നവരുമാണു സാമുദായികതിന്മകൾക്കു വിപ്ളവപരമായ പ്രതിവിധികൾ സാധാരണ നിൎദ്ദേശിക്കുന്നതു്. കമ്മ്യൂണിസത്തിൻെറ ജനയിതാവായ കാറൾമാൎക്സ്തന്നെ ഇംഗ്ലണ്ടിലെത്തിയ ദിവസംമുതൽ മരണംവരെ ഒരു കാശുപോലും ജോലിചെയ്തു സമ്പാദിച്ചിട്ടില്ല. "മുതലിനെക്കുറിച്ച് എഴുതുന്നതിനുപകരം അതു് അല്പമെങ്കിലും സമ്പാദിക്കുവാൻ നിങ്ങൾ ശ്രമിച്ചിരുന്നെങ്കിൽ എത്രയോ സുഖമായി നമുക്കു ജീവിക്കാമായിരുന്നു!" എന്നു മാൎക്സിനോടു് ഒരിക്കൽ അദ്ദേഹത്തിൻെറ ഭാൎയ്യ പറഞ്ഞതു് എത്രയോ പരമാൎത്ഥം!

2. സ്വത്തു മുഴുവൻ മുതലാളികളിൽനിന്നെടുത്തു് ഏതാനും കമ്മ്യൂണിസ്റ്റുനേതാക്കന്മാരെ ഏല്പിക്കുന്നതുകൊണ്ടു സാമുദായികദുരിതങ്ങൾക്കു് എങ്ങനെ പരിഹാരമുണ്ടാകും? വാസ്തവത്തിൽ സ്വത്തല്ല, സ്വത്തു വിനിയോഗിക്കുന്ന ഉടമസ്ഥന്മാരാണു് ഇന്നത്തെ ദുരിതങ്ങൾക്കെല്ലാം കാരണം. നീതിയു

ടേയും പരസ്സ്വത്തിന്റെയും തത്വങ്ങൾ അവരുടെ മന സ്സിൽ നിവേശിപ്പിച്ചാൽമാത്രമേ സാമൂഹികതിന്മകൾക്ക മതിയായ പ്രതിവിധിയുണ്ടാകുകയുള്ളു. അതാകട്ടെ മതത്തിന്റെ ധർമ്മമാണ്. മതത്തിന്ന കമ്മ്യൂണിസ്റ്റുവ്യവസ്ഥിതിയിൽ സ്ഥാനമില്ലാത്തതിനാൽ വസ്തുവുടമസ്ഥന്മാരിൽ ഈ ധാർമ്മിക മനഃസ്ഥിതി ജനിപ്പിക്കുവാൻ കമ്മ്യൂണിസത്തിന് ഒരു നാളും സാധിക്കുകയില്ല. ഉടമസ്ഥാവകാശം കമ്മ്യൂണിസ്റ്റുനേതാക്കന്മാരിലേയ്ക്കു മാററിയാൽ സാമ്പത്തികാനീതികളും ചൂഷണവുമെല്ലാം സമുദായമദ്ധ്യത്തിൽനിന്ന തിരോഭവിച്ചുകൊള്ളുമെന്ന വിചാരിക്കുന്നത്, ഒരു മോട്ടോർകാർ ഒരു രാജ്യത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുപകരം മറെറാരു രാജ്യത്തു രജിസ്റ്റർ ചെയ്താൽ അതിന്റെ യന്ത്രങ്ങൾക്ക കേടുവരാതിരിക്കുമെന്ന വിചാരിക്കുന്നതുപോലെയാണ്. ധനം മുഴുവൻ രാഷ്ട്രത്തിന്റെ വകയായിത്തീർന്നാലും അനീതിക്കും അത്യാഗ്രഹത്തിനും കുറവൊന്നുമുണ്ടാകുന്നില്ല. ബലംപ്രയോഗിച്ച് അധികാരം കൈക്കലാക്കിയവരിൽ ആരുംതന്നെ ആ അധികാരം ബലപ്രയോഗം കൂടാതെ നടപ്പിൽവരുത്തിയതായോ സ്വമനസ്സാ ഉപേക്ഷിച്ചതായോ ഇന്നുവരെ കേട്ടിട്ടില്ല. മുതൽ സമ്പാദിക്കുന്നതുതന്നെ അന്യായമായിട്ടാണെങ്കിൽ അതു വിനിയോഗിക്കുന്നതു ന്യായപൂർവ്വമേ ആയിരിക്കുകയുള്ളുവെന്ന് എങ്ങനെ തീർച്ചപ്പെടുത്താം? തസ്കരന്മാർ തങ്ങൾ മോഷ്ടിച്ചെടുത്ത മുതൽ പരോപകാരപ്രവൃത്തികൾക്ക ചെലവാക്കുന്നതായോ, ഘാതകന്മാർ ജീവകാരുണ്യപ്രവൃത്തികളിൽ നിമഗ്നരാകുന്നതായോ നാമാരും കേട്ടിട്ടില്ല.

3. കമ്മ്യൂണിസത്തിന്റെ കീഴിൽ തൊഴിലാളികൾക്ക തങ്ങളുടെ അവസ്ഥ ഇപ്പോഴത്തേതിനെക്കാൾ മെച്ചമായിരിക്കുമെന്ന തീർച്ചപ്പെടുത്തുവാൻ ന്യായമൊന്നുമില്ല. കാരണം, ഇന്നത്തെ സാമ്പത്തികപ്രശ്നം മുതലിന്റെ ഉടമസ്ഥനെയല്ല, ആദായം പങ്കിടുന്നവനെയാണ പ്രധാനമായി പരാമർശിക്കു

ന്നതു്. സ്വകാര്യസ്വത്തിനെ നിർമ്മാർജ്ജനം ചെയ്യുവാൻ കമ്മ്യൂണിസത്തിനു കഴിഞ്ഞേക്കാം. പക്ഷേ ആദായം പങ്കിട്ടുന്നവനിൽനിന്നു് അവൻെറ ദ്രവ്യാഗ്രഹം ഉന്മൂലനം ചെയ്യുവാൻ ആക്കു കഴിയും? റഷ്യയിലുള്ള കമ്മ്യൂണിസ്റ്റുകാരും സാമ്പത്തികകാര്യങ്ങളിൽ അത്ര നിഷ്കാമന്മാരല്ലെന്നാണു പ്രതിദിനമെന്നോണം അവിടെ നടക്കുന്ന മനുഷ്യവേട്ടകൾ തെളിയിക്കുന്നതു്. കമ്മ്യൂണിസ്റ്റുറഷ്യയിലെ തൊഴിലാളികളുടെ അവസ്ഥ അമേരിക്കയിലെ യാചകന്മാരുടേതിലും ദയനീയമാണെന്നു സ്ഥിതിഗതികൾ നേരിട്ടു ഗ്രഹിച്ചു ആൻഡർജൈഡ്, സർ വാൾട്ടർ സിട്രെൻ, വില്യം ചേംബർലിൻ, ഹാരോൾഡ് ഡെന്നി, ജോൺ ലിററിൽപേജ്, എഡ്മൺഡ് ലൗറി തുടങ്ങിയ ഡസൻകണക്കിനുള്ള നിഷ്പക്ഷനിരിക്ഷകന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടുന്നു.

4. നിർമ്മാണശാലകൾ, ഹോട്ടലുകൾ, കൃഷി, അലക്കുകമ്പനികൾ, കശാപ്പുകടകൾ മുതലായവയെല്ലാം ഗവണ്മെൻറ് ഏറെറടുത്തു നേരിട്ടു നടത്തുന്നതായ ഒരാസൂത്രണപദ്ധതി നടപ്പിൽ വരുമ്പോഴാണു് അതിൻെറ പ്രായോഗികവൈഷമ്യങ്ങൾ വെളിപ്പെടുന്നതു്. വിതരണത്തിലും വിഭവങ്ങളുടെ അനുഭവത്തിലും വന്നുകൂടുന്ന തകരാറുകൾ കുറച്ചൊന്നുമല്ല. രാജ്യത്തു് ആകെ ഇത്ര മൃഗങ്ങളെ കശാപ്പുചെയ്യണം, ഇത്ര ഉടുപ്പുകൾ തയ്ക്കണം, അവ ഇന്നയിന്ന തരത്തിലും അളവിലുമായിരിക്കണം, ഇത്ര ക്ഷൗരക്കത്തികൾ ഉണ്ടാക്കണം എന്നിങ്ങനെ സകല കാര്യങ്ങളും ഗവണ്മെൻറുതന്നെ കണക്കുകൂട്ടി തിട്ടപ്പെടുത്തി നിർമ്മിച്ചു വിതരണം ചെയ്യുവാൻ പോകുന്നുവെന്നു കരുതുക. എത്രപേർക്കു തങ്ങളുടെ ആവശ്യങ്ങൾ യഥാസമയം വേണ്ടവിധത്തിൽ സാധിച്ചുകിട്ടും? കണ്ടറിയണം. അതുപോലെ, കറന്നെടുത്ത പാൽ രാഷ്ട്രത്തിനു കൊടുക്കുവാൻ വിസമ്മതിക്കുന്ന് ആട്ടിടയനും, ഗവണ്മെൻറിനുവേണ്ടി ചേനകൃഷി നടത്തുവാൻ മടികാണിക്കുന്ന കൃഷിക്കാരനും, രാജ്യ

ത്തിൻവേണ്ടിമാത്രം ഉന്തുവണ്ടി തള്ളിക്കൊണ്ടു നടക്കുവാൻ സ
മ്മതമില്ലാത്ത കൂലിക്കാരനമെല്ലാം രാഷ്ട്രത്തിന്റെ ശത്രുക്ക
ളായിത്തീരും. തടങ്കൽപാളയങ്ങളോ വെടിയുണ്ടകളോ ആയി
രിക്കും അത്തരക്കാരുടെ അഭയകേന്ദ്രം!

"ഓരോരുത്തനിൽനിന്നും അവനവന്റെ കഴിവുപോലെ;
ഓരോരുത്തനും അവനവന്റെ ആവശ്യംപോലെ" എന്ന പ്ര
മാണം ശ്രവണമാത്രയിൽ ആകർഷകമായിത്തോന്നിയേക്കാം.
പക്ഷേ, ഒരുവന്റെ കഴിവ് എത്രമാത്രമെന്നും ആവശ്യം എ
ത്രമാത്രമെന്നും ആരാണു തീർച്ചപ്പെടുത്തുക? 'ഭരണാധികാരി
കൾ' എന്നു നിങ്ങൾ പറയുമായിരിക്കും. എന്നാൽ ആരാണു
ഭരണാധികാരികളെ നിശ്ചയിക്കുന്നത്? സ്വേച്ഛാധിപതി.
എന്താണീ സ്വേച്ഛാധിപത്യം? ലെനിന്റെ വാക്കുകളിൽത്ത
ന്നെ അതിനെ നിർവ്വചിക്കാം: "ബലപ്രയോഗത്തെ നേരിട്ട് ആ
ശ്രയിച്ചിരിക്കുന്നതും ഒരു നിയമത്തിനും വിധേയമല്ലാത്തതുമാ
യ അധികാരമാണു സ്വേച്ഛാധിപത്യം. തൊഴിലാളികളുടെ വി
പ്ലവപരമായ സ്വേച്ഛാധിപത്യമെന്നു പറഞ്ഞാൽ എല്ലാ
വിധ നിയമങ്ങൾക്കും അതീതവും, തൊഴിലാളിവർഗ്ഗം ഉടമസ്ഥ
ന്മാരുടെമേലും ഉടമസ്ഥന്മാക്കെതിരായും ബലംപ്രയോഗിച്ചു
നിലനിർത്തിക്കൊണ്ടുപോകുന്നതുമായ അധികാരമെന്നത്രേ അ
ർത്ഥം" (The Proletarian Revolution, p. 15). വ്യക്തികൾ
ക്ക് ഉൽപാദകവസ്തുക്കൾ അനുവദിച്ചുകൊണ്ടുള്ള ഒരു കളക്
ടീവുപദ്ധതി ഇന്നത്തേതുപോലെ സങ്കീർണ്ണമായ ഒരു സമുദായ
ഘടനയിൽ ഒരിക്കലും വിജയകരമാകുകയില്ല. റഷ്യയിൽ തുട
ർച്ചയായി നടത്തുന്ന പരീക്ഷണങ്ങളിൽനിന്നു നാം പഠിക്കുന്ന
ഗുണപാഠം അതാണ്.

5. "എല്ലാവരുടേയും കാര്യം ആരുടേയും കാര്യമല്ല" എ
ന്നു മഹാനായ അരിസ്റ്റോട്ടിൽ ഒരിക്കൽ പറയുകയുണ്ടായി. ഉൽ
പാദകവസ്തുവിന്റെ ഉടമസ്ഥാവകാശം വ്യക്തികളിൽനിന്നെ

ടുത്തു രാഷ്ട്രത്തിൽ അഥവാ സമുദായത്തിൽ നിക്ഷേപിക്കുന്ന കമ്മ്യൂണിസ്റ്റുകാർ മനുഷ്യസ്വഭാവത്തിന്റെ ഈ മൗലികതത്വം വിസ്മരിക്കുകയാണു ചെയ്യുന്നതു്. ഉൽപാദകപ്രവൎത്തനങ്ങളിൽനിന്നു വ്യക്തിപരമായ താൽപര്യവും പ്രചോദനവും നീക്കംചെയ്യുന്നപക്ഷം ഉന്മൂലനമായിരിക്കും അതിന്റെ അനുഭവം. നമ്മുടെ പട്ടണങ്ങളിലെ പാൎക്കുകളെക്കുറിച്ച് ഒരു സാധാരണ വ്യക്തിക്കുള്ള താൽപര്യമേ സോവ്യറ്റുതൊഴിലാളികൾക്കു തങ്ങളുടെ ഫാക്റ്ററികളുടെ പേരിൽ കാണുകയുള്ളു. 'പാൎക്കു പൊതുമുതലാണു്; അതു നന്നായി കിടക്കണം' എന്നു പറഞ്ഞുകൊണ്ടു്, രാവിലെ അതിൽ കാണുന്ന കുപ്പയും കരടും പെറുക്കിമാറ്റുവാൻ നമ്മിൽ എത്രപേർ സന്നദ്ധരാകും? ഏതെങ്കിലുമൊരു വസ്തു സ്വന്തമാണെങ്കിൽമാത്രമേ അതിന്റെ സംരക്ഷണത്തിൽ മനുഷ്യൻ വേണ്ടതുപോലെ ശ്രദ്ധ പതിക്കുകയുള്ളു. സ്റ്റാലിൻതന്നെ ഈ പാഠം അനുഭവത്തിൽനിന്നു പഠിച്ചിട്ടുണ്ടു്. കൃഷിക്കാരുടെ ആടുമാടുകളുടേയും കുതിരകളുടേയും ഉടമസ്ഥത രാഷ്ട്രം ഏറ്റെടുത്തതിനോടെ അവയുടെ കാൎയ്യത്തിൽ കർഷകർക്കുണ്ടായിരുന്ന ശുഷ്കാന്തി നഷ്ടപ്പെട്ടുവെന്നു് അദ്ദേഹത്തിനു മനസ്സിലായി. 1928-ൽ ആകെ മുപ്പതുകോടി എഴുപതുലക്ഷം വളൎത്തുമൃഗങ്ങളായിരുന്നു കൃഷിക്കാർക്കുണ്ടായിരുന്നതു്. പത്തുകൊല്ലത്തെ സംയുക്തപദ്ധതി കഴിഞ്ഞപ്പോൾ 1938-ൽ അവയുടെ എണ്ണം നേർപകുതിയായി (Bolchevik, No. 7, 1938). അതുകൊണ്ടാണു പിന്നീടു് ഒരാൾ ഒരു പശുവിനെ വീതം സ്വന്തമായി വളൎത്തിക്കൊള്ളുവാൻ സ്റ്റാലിൻ കൃഷിക്കാർക്കു് അനുവാദം കൊടുത്തതു്.

എന്തിനധികം? ഉൽപാദകസ്വത്തു മുഴുവൻ രാഷ്ട്രത്തിന്റേതായിക്കഴിഞ്ഞാൽ, വ്യക്തികളെക്കൊണ്ടു പിന്നെ എന്തും ചെയ്യിക്കാം. ആഹാരസാധനവും വസ്ത്രവും വിദ്യാഭ്യാസവും തൊഴിലും വീടും എല്ലാം ഗവണ്മെന്റിന്റെ കൈയിൽ

നിന്നു സ്വീകരിക്കുന്ന ഒരു വ്യക്തി അയാളുടെ ചിന്താഗതിയും അഭിപ്രായങ്ങളുംകൂടി ഗവണ്മെൻറിൻെറ പക്കൽനിന്നു വാങ്ങിത്തുടങ്ങുവാൻ വലിയ താമസം നേരിടുകയില്ല. കൂടിയാൽ അതിന് ഒന്നോ രണ്ടോ പോലീസുകാർ വേണ്ടിവരും. അയാളുടെ സ്വാതന്ത്ര്യം അതിനോടെ അവസാനിക്കുമെന്നുള്ളതു തീർച്ചയാണ്.

സ്വാതന്ത്ര്യഹനനം — അതാണു കമ്മ്യൂണിസത്തിൻെറ മൗലികദോഷം. സ്വത്തെവിടെയോ അവിടെയായിരിക്കും ശക്തിയും. സ്വത്തുമുഴുവൻ രാഷ്ട്രത്തിൻെറ കീഴിലാകുന്നതിനോടെ യഥാർത്ഥമായ സ്വാതന്ത്ര്യവും വ്യക്തികളോടു യാത്ര പറയുന്നു. കമ്മ്യൂണിസത്തെ വിമർശിക്കുന്ന മാതാപിതാക്കന്മാരെ ഒററിക്കൊടുക്കുവാൻ അവരുടെ കുട്ടികളെത്തന്നെ രാഷ്ട്രം ഉപകരണമാക്കുന്നു. ഇതരരാജ്യങ്ങളിൽ ലജ്ജാവഹവും മക്കൾക്കു് അനുചിതവുമായി ഗണിക്കപ്പെടുന്ന ഇത്തരം ചാരവൃത്തി 'തൊഴിലാളിരാജ്യ'ത്തിൽ സാധാരണമത്രേ! അഭിപ്രായസ്വാതന്ത്ര്യമുണ്ടെന്നു് അവകാശപ്പെടുന്ന റഷ്യയിലെ ഉയർന്ന ഉദ്യോഗസ്ഥമണ്ഡലത്തിൽനിന്നുതന്നെ 1937, 1938 ഈ വർഷങ്ങളിൽ വധിക്കപ്പെട്ടവരുടെ അപൂർണ്ണമായ ഒരു പട്ടിക താഴെ ചേർക്കാം.

| | |
|---|---|
| കമ്മീസ്സറന്മാർ .... | 15 |
| മന്ത്രിമാർ .... | 11 |
| ഉപമന്ത്രിമാർ .... | 6 |
| സൈനികോദ്യോഗസ്ഥന്മാർ | 59 |

കമ്മ്യൂണിസ്ററുകക്ഷിയുടെ പ്രമേയങ്ങളെല്ലാം ഐകകണ്ഠ്യേന പാസ്സാകുന്നതിൻെറ രഹസ്യം ഇതിൽനിന്നു തെളിയുന്നുണ്ടല്ലോ.

റഷ്യയിൽ എന്തുമാത്രം ജനകീയസ്വാതന്ത്ര്യമുണ്ടെന്നു്

അറിയണമെങ്കിൽ, അവിടെയുള്ള കമ്മ്യൂണിസ്ററു പാർട്ടിയിൽപ്പെടാത്ത തൊഴിലാളികൾക്കു നമ്മുടെ നാട്ടിലെ ഏതെങ്കിലുമൊരു പ്രതിദിനപ്പത്രത്തിൻെറ കുറെ പ്രതികൾ സൗജന്യമായി പരീക്ഷണാൎത്ഥം അയച്ചുകൊടുത്തുനോക്കുക. അവ കാണുവാൻപോലും അവിടത്തെ ഗവണ്മെൻറു് അവരെ അനുവദിക്കുകയില്ല. കാരണം, റഷ്യയ്ക്കു പുറത്തുള്ള പത്രങ്ങളിൽ പ്രതിഫലിക്കുന്ന വ്യക്തിസ്വാതന്ത്ര്യം കാണുമ്പോൾ, മററു രാജ്യങ്ങളിലെല്ലാം തൊഴിലാളികൾ ദുർഭരമായ അടിമത്തത്തിൽക്കിടന്നു നരകിക്കുകയാണെന്നും റഷ്യയിലേടത്തോളം തൊഴിലാളികൾ സ്വാതന്ത്ര്യമനുഭവിക്കുന്ന ഒരു രാജ്യം ലോകത്തിൽ മറെറാരിടത്തുമില്ലെന്നുമുള്ള കമ്മ്യൂണിസ്ററുപല്ലവികളുടെ പൊള്ളത്തരം അവർ ഗ്രഹിച്ചേക്കും. അല്ലെങ്കിൽ, കമ്മ്യൂണിസ്ററുതത്വങ്ങളുടെ പ്രചാരകന്മാരായി ഇന്നത്തെ വമ്പിച്ച 'മുതലാളിത്ത'രാജ്യങ്ങളിൽ ജീവിക്കുന്ന വിദ്വാന്മാരോടു് ആ 'തൊഴിലാളിസ്വൎഗ്ഗ'ത്തിലേയ്ക്കു പോകുവാൻ അവർക്കു് ഇഷ്ടമുണ്ടോ എന്നു ചോദിക്കുക. പാസ്സ്പോർട്ടും യാത്രച്ചെലവുമൊക്കെ നാംതന്നെ വാങ്ങിക്കൊടുക്കാമെന്നും ഉറപ്പുപറയുക. ഒരൊററക്കുഞ്ഞുപോലും പോകുകയില്ല. കാരണമറിയാമോ? മുതലാളിത്തരാജ്യങ്ങളിൽ ജീവിക്കുന്നിടത്തോളംകാലം അവർക്കു കമ്മ്യൂണിസം നല്ലതാണു്. അതിൽനിന്നു പുറത്തിറങ്ങുന്ന നിമിഷം അവരുടെ അഭിപ്രായം മാറും.

ധനത്തിൻെറ സാമൂഹികധർമ്മത്തേയും ഉത്തരവാദിത്വത്തേയുംകുറിച്ചു മുതലാളിമാരെയും, സ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനമെന്ന നിലയിൽ സ്വകാൎയ്യസ്വത്തുണ്ടായിരിക്കുവാൻ വ്യക്തികൾക്കുള്ള അവകാശത്തെക്കുറിച്ചു കമ്മ്യൂണിസ്ററുപക്ഷപാതികളെയും ഒന്നുപോലെ ഉദ്ബോധിപ്പിച്ചുകൊണ്ടു് ഇന്നു ലോകത്തിൽ ഒരു മദ്ധ്യവൎത്തിയായി പരിലസിക്കുന്ന ഏകസ്ഥാപനം കത്തോലിക്കാസഭയാണു്.

ചെസ്റ്റർട്ടൺ ഒരിക്കൽ പ്രസ്താവിച്ചതുപോലെ, സ്വത്തും വിഷയസുഖവും തമ്മിൽ പല സാധർമ്മ്യങ്ങളുമുണ്ട്. രണ്ടും ദുരുപയോഗിക്കുവാൻ സാധിക്കും. പ്രേമം എന്ന വാക്കിനു വിഷയാസക്തിയെന്നോ ഇന്നർത്ഥമുള്ളു. അതുപോലെ സ്വത്ത് എന്നു പറഞ്ഞാൽ പണം എന്നാണു മിക്കവരും മനസ്സിലാക്കുന്നത്. സന്താനനിയന്ത്രണം പ്രേമത്തിന്റെ സാഫല്യത്തെ എങ്ങനെ കൃത്രിമമായി തടയുന്നുവോ, അതുപോലെ കമ്മ്യൂണിസം സ്വത്തിന്റെ സഫലതയെ നിരോധിക്കുന്നു. പ്രണയം, സമ്പത്തു മുതലായവ കേവലം ആസ്വാദനത്തിനുവേണ്ടി ഉള്ളവയാണെന്നത്രേ പലരും കരുതുന്നത്. യഥാർത്ഥത്തിൽ സ്ത്രീപുരുഷബന്ധത്തിന്റെ പ്രധാനോദ്ദേശ്യം മനുഷ്യവർഗ്ഗത്തിന്റെ നിലനില്പും, സ്വത്തിന്റെ പ്രധാനോദ്ദേശ്യം ജീവിതാവശ്യങ്ങളുടെ നിർവ്വഹണവുമത്രേ. അവയിൽനിന്നു ലഭിക്കുന്ന ആനന്ദം താരതമ്യേന അപ്രധാനമാണെന്നു പറയാം. പ്രകൃതിയുടെ സ്രഷ്ടാവ് ഇവയ്ക്കു നിർദ്ദേശിച്ചിരിക്കുന്ന ഈ മൗലികോദ്ദേശ്യങ്ങളെ വ്യഭിചരിപ്പിച്ചുകൊണ്ടു സന്താനനിയന്ത്രണവും കമ്മ്യൂണിസവും മനുഷ്യനെ ഒരനുഭോക്താവായിമാത്രം കണക്കാക്കുന്നു. സ്വകാര്യസ്വത്ത് അനുവദിക്കാത്ത നാടുകളിൽ കുടുംബജീവിതവും അസാധ്യമായിത്തീരുന്നതു് അതുകൊണ്ടാണു്. കമ്മ്യൂണിസത്തിന്റെപേരിൽ സ്വകാര്യസ്വത്തും തൊഴിലാളിവർഗ്ഗത്തിന്റെപേരിൽ കുടുംബജീവിതവും റഷ്യയിൽ നാമാവശേഷമാക്കപ്പെട്ടു. അന്നന്നു കിട്ടുന്നതു മുഴുവൻ അന്നന്ന് ചെലവാക്കിത്തീർക്കുവാൻ കമ്മ്യൂണിസ്ററുപദ്ധതി തൊഴിലാളികളെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്തു. അടുത്തദിവസത്തേയ്ക്കു് അല്പം മിച്ചം വയ്ക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നതു് അപരാധമാണു്, അക്ഷന്തവ്യമാണു്. അങ്ങനെ മിതവ്യയം ഒരു കുററമായിത്തീർന്നു. കിട്ടുന്നതു മുഴുവൻ അന്നന്നു ധൂർത്തടിച്ചു തവിടുപൊടിയാക്കുവാനാണു കമ്മ്യൂണിസം തൊഴിലാളികളെ പരിശീലിപ്പിച്ചതു്. പ്രതിദിനമുള്ള അ

ദായത്തിൽനിന്ന് അല്പാല്പം മിച്ചംവരുത്തി ഓരോ തൊഴിലാളിയും സമ്പാദിക്കുന്നപക്ഷം അങ്ങനെയുണ്ടാകുന്ന സ്വത്തിന്റെ സഹായത്താൽ തൊഴിലാളികൾ അടിമത്തത്തിൽനിന്നു പടിപടിയായുയർന്നു സ്വാതന്ത്ര്യപ്രാപ്തിയിൽ എത്തിച്ചേർന്നേക്കും. അതു വരാതിരിക്കുവാനുള്ള മുൻകരുതൽ കമ്മ്യൂണിസ്റ്റുഭരണാധികാരികൾ കാലേക്കൂട്ടി ചെയ്തിട്ടുണ്ട്. അവരുടെ ഭരണഘടനയുടെ 131-ാമത്തെ വകുപ്പനുസരിച്ച്, ഉൽപാദനസഹായകമായ ഏതൊരു വസ്തുവും സ്വന്തമായി സമ്പാദിക്കുന്നവൻ "പൊതുജനശത്രു"വായി എണ്ണപ്പെടും.

പ്രണയമണ്ഡലത്തിലായാലും സാമ്പത്തികരംഗത്തായാലും അവകാശവും ഉപയോഗവും തമ്മിൽ വ്യത്യാസമുണ്ടെന്നു സമ്മതിച്ചേ തീരൂ. ഭാര്യാഭർത്താക്കന്മാർക്ക് അന്യോന്യമുള്ള അവകാശം, ഉടമസ്ഥനു സ്വത്തിന്മേലുള്ള അവകാശംപോലെതന്നെ വ്യക്തിപരവും അനിഷേധ്യവുമാണെന്നതു ശരിതന്നെ. എങ്കിലും ദമ്പതിമാരും സ്വത്തുകാരും തങ്ങളുടെ അവകാശം അനുഭവിക്കുമ്പോൾ ആ അവകാശത്തിന്റെ സാമൂഹികധർമ്മത്തെക്കൂടി പരിഗണിക്കുവാൻ അവർക്കു ചുമതലയുണ്ട്. വംശാഭിവൃദ്ധി ദാമ്പത്യജീവിതത്തിന്റേയും സ്വാതന്ത്ര്യപ്രാപ്തി സ്വകാര്യസ്വത്തിന്റേയും സാമൂഹികധർമ്മങ്ങളാകയാൽ, സ്വന്തം സുഖത്തിനുമാത്രംവേണ്ടി പ്രസ്തുത ധർമ്മങ്ങളെ ബലികഴിക്കുന്ന വ്യക്തിയുടെ പ്രവൃത്തി ഒരിക്കലും സാധൂകരിക്കാവുന്നതല്ല. ദമ്പതികൾ തങ്ങളുടെ സാമൂഹികധർമ്മം വിസ്മരിക്കുന്നുവെന്നിരിക്കട്ടെ: ഗാർഹികജീവിതം തകർന്നുവീഴും. അതുപോലെ തന്റെ സാമുദായികമായ ഉത്തരവാദിത്വത്തെ ഗൗനിക്കാത്ത സ്വത്തുടമസ്ഥനും വാസ്തവത്തിൽ ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതിയുടെ അടിത്തറ മാന്തുകയത്രേ ചെയ്യുന്നത്.

സ്വത്തുടമയെ കുറേക്കൂടി ന്യായ്യമായവിധത്തിൽ വിത

രണം ചെയ്യേണ്ടതാണെന്ന കത്തോലിക്കാസഭ വാദിക്കു മ്പോൾ, ഇന്നത്തെ വമ്പിച്ച വ്യവസായങ്ങളെയെല്ലാം തച്ചുട ച്ച് ഓരോ വ്യക്തിക്കും ഓരോ തുണ്ടുവീതം കൊടുക്കണമെന്നാ ണ് അവർ പറയുന്നതെന്ന പലരും തെററിദ്ധരിക്കുന്നു. ഒരു സംഗതി വലുതാണെന്നുള്ള കാരണത്താൽ അതു തെററാണെ ന്നു സഭ അഭിപ്രായപ്പെട്ടുകയില്ല. ഏതു വമ്പിച്ച വ്യവസായ ത്തിന്റെയും പരിണാമത്തിനു ഹാനിവരാതെതന്നെ സ്വ ത്തിന്റെ ഉടമസ്ഥാവകാശത്തെ വിഭജിക്കുവാൻ കഴിയും. മാ ത്രമല്ല, വ്യവസായത്തിന്റെ വലുപ്പം ഉടമസ്ഥതയുടെ വിതര ണത്തെ ഒരുവിധത്തിൽ സഹായിക്കുകയാണു ചെയ്യുന്നതു്. ഒ രാളിൽ ഉടമസ്ഥത മുഴുവൻ കേന്ദ്രീകരിക്കുന്നതുകൊണ്ടുണ്ടാ കുന്ന പ്രധാനദോഷം ഉത്തരവാദിത്വമില്ലായ്മയാണ്. വമ്പി ച്ച വ്യവസായത്തിലും ഈ കുഴപ്പം നേരിടാവുന്നതാണ്. അതു പോലെ സ്വത്തുടമസ്ഥന്മാരുടെ എണ്ണം വർദ്ധിപ്പിക്കണ മെന്നുപറഞ്ഞാൽ, ഭൂസ്വത്തുമുഴുവൻ വെട്ടിപ്പകുത്ത്, തൊഴി ലില്ലാതെ അലഞ്ഞുനടക്കുന്ന ഓരോരുത്തനും പത്തോ പതി മൂന്നോ സെൻറുവീതം കൊടുക്കണമെന്നുമല്ല സഭാമാതാ വു വിവക്ഷിക്കുന്നതു്. സ്വത്തിന്റെ മൗലികഘടകങ്ങൾ ഉടമയും ഭരണാധികാരവുമാകകൊണ്ട്, ഇവ രണ്ടും കൂടുതൽ വ്യക്തികളിലേയ്ക്കു വ്യാപിപ്പിക്കുന്നതിനോടുകൂടി സ്വത്തി ന്റെ വിഭജനവും താനേ സാധിച്ചുകൊള്ളും. അല്ലാതെ സ്വ കാര്യസ്വത്തിന്റെ വിപുലീകരണത്തിനു കമ്പനികളും വ്യ വസായസ്ഥാപനങ്ങളും ഇടിച്ചു നിരത്തണമെന്നില്ല. വ്യവ സായത്തിന്റെ ഉത്തരവാദിത്വത്തിൽ തൊഴിലാളികളെക്കൂടി പങ്കുകാരാക്കുന്നപക്ഷം വിഭവോൽപാദനം വർദ്ധിക്കുമെന്നുമാ ത്രമല്ല, മുതലാളികളും തൊഴിലാളികളും തമ്മിലുള്ള വടംവ ലി അവസാനിക്കുകയും ചെയ്യും. വ്യവസായത്തിന്റെ ലാഭന ഷ്ടങ്ങൾ തങ്ങളെക്കൂടി ബാധിക്കുമെന്നു കണ്ടാൽ ഇത്രയധികം പണിമുടക്കുകൾക്കു തൊഴിലാളികൾ സന്നദ്ധരാകുകയില്ല. മനു

ഷ്യസ്വഭാവത്തിന്റെ ഒരു മൗലികതത്ത്വമാണിത്. അലസനായി ഒഴുകിനടക്കുന്ന ഒരു യുവാവിനെപ്പിടിച്ച് ഉത്തരവാദിത്വമുള്ള ഒരു സ്ഥാനത്തു വയ്ക്കുക. അവൻ താനേ മര്യാദ പഠിക്കും. അതുപോലെ തൊഴിലാളിയിൽ ഉത്തരവാദിത്വബോധം ഉളവാക്കുവാൻ പററിയ മാർഗ്ഗം, വ്യവസായത്തിന്റെ ഉത്തരവാദിത്വത്തിൽ ഒരംശം അവനെക്കൂടി ഏല്പിക്കുകയാണ്. പരിശുദ്ധപിതാവിന്റെ വാക്കുകളിൽ പറഞ്ഞാൽ, ഉടമസ്ഥതയിൽ തൊഴിലാളികളെക്കൂടി ഭാഗഭാക്കുകളാക്കിക്കൊണ്ടു്, സ്വകാര്യസ്വത്തു സമ്പാദിക്കുവാൻ അവർക്കുള്ള നൈസർഗ്ഗികതൃഷ്ണയെ നാം ശമിപ്പിക്കുന്നപക്ഷം അവരുടെ അടിമത്തം സ്വയം അവസാനിച്ചുകൊള്ളും.

ഇന്നത്തെ കുത്തകമുതലാളിത്തത്തിനു മൂന്നു പ്രതിവിധികളാണുള്ളതു്. ഒന്നുകിൽ ഭാരിച്ച അമിതമായ നികുതി ചുമത്തിക്കൊണ്ടു മുതലാളികളുടെ അധികമുള്ള സ്വത്തു ഗവണ്മെൻറ് വലിച്ചെടുക്കുക; അല്ലെങ്കിൽ തൊഴിലാളികൾ ബലംപ്രയോഗിച്ചു മുതലാളിമാരുടെ വസ്തുക്കൾ പിടിച്ചടക്കുക; അതുമല്ലെങ്കിൽ മുതലാളിമാർ ഉടമസ്ഥാവകാശത്തിലും ഉത്തരവാദിത്വത്തിലും തൊഴിലാളികളെക്കൂടി സ്വമേധയാ പങ്കുകാരാക്കുക. ഇവയിൽ ഒടുവിൽപ്പറഞ്ഞ പ്രതിവിധിയാണു സംതൃപ്തിക്കും സ്വാതന്ത്ര്യത്തിനും ഒപ്പം വഴിതെളിക്കുന്നതെന്നുള്ളതു സംശയരഹിതമാണ്. ഒരു കലാകാരൻ തന്റെ കളിമണ്ണിലും കർഷകൻ തന്റെ കൃഷിസ്ഥലത്തും സ്വന്തം വ്യക്തിമുദ്രകൾ പതിക്കുന്നതുപോലെ, തന്റെ വ്യക്തിത്വത്തെ സ്വന്തമെന്നു പറയാവുന്ന ഒരു വസ്തുവിൽ നിവേശിപ്പിക്കുവാൻ ഓരോ മനുഷ്യനും അപ്പോൾ ശക്തനായിത്തീരും. ദൈവദത്തമായ ഒരവകാശം അങ്ങനെ സമാദരിക്കപ്പെടുകയും സ്വകാര്യസ്വത്തു ജനകീയഭരണത്തിന്റെതന്നെ ഉപകരണമായി പരിണമിക്കുകയും ചെയ്യും.

പണ്ടത്തെ ജനാസേനന്മാർക്കുണ്ടായിരുന്ന മനോഭാവമാ

ണ്ട് ഇന്നത്തെ മുതലാളിവർഗ്ഗത്തിനുള്ളത്. അന്നൊരിക്കൽ ക്രിസ്തുനാഥൻ ജരാസേനന്മാരെ സന്ദർശിക്കുവാൻ ചെന്നപ്പോൾ പിശാചഗ്രസ്തനായ ഒരു മനുഷ്യനെ അവിടെവെച്ചു കാണുകയുണ്ടായി. കുഴിമാടങ്ങളായിരുന്നു ആ ദുർഭഗൻെറ വാസസ്ഥാനം. കാടും മലയും കയറി അട്ടഹസിച്ചും കരിങ്കൽക്കഷണങ്ങൾകൊണ്ടു തന്നെത്തന്നെ പീഡിപ്പിച്ചും നടന്നിരുന്ന ആ ഭ്രാന്തനെ ബന്ധിക്കുവാൻ ആ നാട്ടിലാരുമുണ്ടായിരുന്നില്ല. ക്രിസ്തുവിന്ന് അയാളുടെമേൽ അനുകമ്പ തോന്നി. അശുദ്ധാത്മപിയോട് അയാളെ വിട്ടുപോകുവാൻ അവിടുന്നാജ്ഞാപിച്ചു. ഗത്യന്തരമില്ലാഞ്ഞതിനാൽ പിശാചൻ ആജ്ഞയനുസരിച്ചുവെങ്കിലും അടുത്തു മേഞ്ഞുകൊണ്ടിരുന്ന ഒരു പററം പന്നികളെ ഒന്നാകെ കടലിലേയ്ക്കു പായിച്ചു നശിപ്പിച്ചുകൊണ്ടു തൻെറ അമർഷം അവൻ പ്രകടിപ്പിച്ചു. പന്നിപ്പററത്തിൻെറ ഉടമസ്ഥന്മാർക്ക് അതു തീരെ രസിച്ചില്ല. അവർ ക്രിസ്തുവിൻെറ ചുററും ഓടിക്കൂടി. പിശാചഗ്രസ്തനായിരുന്ന യുവാവു പരിപൂർണ്ണസുഖം പ്രാപിച്ചു ക്രിസ്തുവിൻെറ സമീപം നില്ക്കുന്നതു കണ്ടു് അവർ വിസ്മയിച്ചെങ്കിലും അവരുടെ ചിന്ത മുഴുവൻ ചത്തുപോയ പന്നികളെക്കുറിച്ചായിരുന്നു. തന്മൂലം ക്രിസ്തുവിനു സ്നേഹാദരങ്ങളോടെ സ്വാഗതമരുളുകയും തങ്ങളുടെ ഒരു സഹോദരൻെറ സുഖപ്രാപ്തിയിൽ സന്തോഷിച്ച് അങ്ങയുടെ നേരേ കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്യുന്നതിനുപകരം, തങ്ങളുടെ നാട്ടിൽനിന്ന് എങ്ങോട്ടെങ്കിലും മാറിപ്പോകുവാൻ നിർബന്ധപൂർവ്വം അങ്ങയോടപേക്ഷിക്കുകയാണ് അവർ ചെയ്തത്. മുതലാളിത്തപക്ഷക്കാർ കത്തോലിക്കാസഭയോടും ഇങ്ങനെതന്നെ അപേക്ഷിക്കുന്നു: "ജീവനക്കൂലിയേയും മനുഷ്യത്വത്തിൻെറ മാഹാത്മ്യത്തേയും കുറിച്ചു പ്രസംഗിച്ചുകൊണ്ടു ഞങ്ങളുടെ ആദായം ഇല്ലാതെയാക്കുവാനാണു നീ വന്നിരിക്കുന്നതെങ്കിൽ നിൻെറ സാന്നിധ്യം ഇവിടെയാവശ്യമില്ല. മനുഷ്യനെ മനുഷ്യത്വത്തിലേയ്ക്കു പുനരുദ്ധരിക്കുകയത്രേ ധനം സമ്പാ

ിക്കുന്നതിനെക്കാൾ ആവശ്യകമെന്നാണു നിൻെറ അഭിപ്രായമെങ്കിൽ ഉടൻ സ്ഥലംവിട്ടുകൊള്ളണം." സുഖപ്രാപ്തനായ മനുഷ്യനെക്കാൾ ജരാസേനന്മാർ തങ്ങളുടെ സൂകരവൃന്ദത്തെ കാര്യമായി കരുതിയതുപോലെ, തൊഴിലാളികളുടെ മനുഷ്യത്വപ്രാപ്തിയെക്കാൾ സ്വന്തം ലാഭമാണു മുതലാളിമാർ അഗ്രഹിക്കുന്നതു്.

കമ്മ്യൂണിസത്തിൻെറ സ്വഭാവവും ഒരു സുവിശേഷസംഭവംകൊണ്ടു് ഉദാഹരിക്കുവാൻ കഴിയും. മുതലാളിത്തസമ്പ്രദായം മനുഷ്യത്വത്തെ ബലികഴിക്കുന്നതു് അമിതാദായത്തിനുവേണ്ടിയാണെങ്കിൽ, കമ്മ്യൂണിസം ബലികഴിക്കുന്നതു രാഷ്ട്രത്തിനുവേണ്ടിയാണു്. ക്രിസ്തുവിനെ കുരിശിൽ തറയ്ക്കുന്നതിനുമുമ്പ് അന്നത്തെ പ്രധാനാചാര്യനായിരുന്ന കയ്യേഫാസ് ഒരു വിധി പ്രസ്താവിച്ചു — രാഷ്ട്രത്തിനു് അഥവാ സമുദായത്തിനു കുഴപ്പം നേരിടുന്നതിനെക്കാൾ ക്രിസ്തു മരിക്കുന്നതാണു സമീചീനമെന്നു്. ഏതെല്ലാം തരത്തിൽ ശ്രമിച്ചിട്ടും ഒരപരാധംപോലും ക്രിസ്തുവിൻെറമേൽ സ്ഥാപിക്കുവാൻ സാധിക്കാഞ്ഞതുകൊണ്ടാണു് ഇങ്ങനെയൊരു യുക്തി അയാൾ പ്രയോഗിച്ചതു്. ഈശ്വരദത്തമായ വ്യക്തിവിലാസം സാമുദായികതാൽപര്യങ്ങൾക്കു വഴങ്ങിക്കൊടുക്കണമത്രേ! രാഷ്ട്രത്തിനുപോലും ലംഘിക്കുവാൻ പാടില്ലാത്ത ചില പ്രാഥമികാവകാശങ്ങൾ വ്യക്തികൾക്കുണ്ടെന്ന ബോധമേ അയാൾക്കില്ലായിരുന്നു. സ്വന്തം പാർട്ടിയുടെയും വർഗ്ഗത്തിൻെറയും നില സുരക്ഷിതമാക്കുവാനായിരുന്നു അയാളുടെ ശ്രമമെല്ലാം. ഇതേ മനോഭാവമാണു കമ്മ്യൂണിസ്റ്റുകാരിലും നിഴലിക്കുന്നതു്. "നിരപരാധരായ വ്യക്തികൾ നശിച്ചാലും വേണ്ടുകയില്ല, പാർട്ടിയുടെ നില ഭദ്രമായിരുന്നാൽ മതി. മനസ്സാക്ഷിസ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുകയും, മതം രാഷ്ട്രാരാധനയെക്കാൾ ഉന്നതമാണെന്നു ശഠിക്കുകയും പാർട്ടി അനുവദിക്കുന്നതിൽക്കവിഞ്ഞ അവകാശങ്ങൾ വ്യക്തികൾക്കുണ്ടെന്നു ചിന്തിക്കുകയും

ചെയ്യുന്നവരൊക്കെ മരിച്ചേ മതിയാവൂ. ദൈവത്തിനുള്ളതു ദൈവത്തിനുമാത്രമേ കൊടുക്കാവൂ എന്നു നിർബ്ബന്ധിക്കുന്ന മതത്തെയും ഉന്മൂലനം ചെയ്യണം. എന്തുകൊണ്ടെന്നാൽ സീസറല്ലാതെ വേറേ ദൈവമില്ല." ഇതാണു കമ്മ്യൂണിസ്റ്റ്വാദത്തിന്റെ സംഗ്രഹം.

ജരാസേനന്മാരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ട സാമ്പത്തികസ്വാതന്ത്ര്യതയും കയ്യേഫാസിന്റെ വാക്കുകളിൽ നിഴലിച്ച രാഷ്ട്രീയസ്വാതന്ത്ര്യതയും ക്രിസ്തുവിന്റെ കുരിശാരോഹണത്തിൽ ഗണ്യമായി പങ്കെടുത്തു. ഈ രണ്ടു സ്വാതന്ത്ര്യശക്തികളോടും ക്രിസ്തുനാഥൻ പ്രദർശിപ്പിച്ച വിധേയത്വത്തെ അപഹസിച്ചുകൊണ്ടാണു കുരിശിൽനിന്നു് ഇറങ്ങിവരുവാൻ അവർ അന്നു് അങ്ങയെ ക്ഷണിച്ചതു്. എന്നാൽ ഇറങ്ങിവരുവാൻ അവിടുന്നു വിസമ്മതിച്ചു. കാരണം, സ്വശക്തി വെളിപ്പെടുത്തുവാൻ ഇറങ്ങിവരുന്നപക്ഷം അതുവഴിയായി അവരുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുകയായിരിക്കും അവിടുന്നു ചെയ്യുന്നതു്. ക്രിസ്തുനാഥനാകട്ടെ, സ്വാതന്ത്ര്യത്തിൽനിന്നുൽഭവിക്കുന്ന മനോഹരസ്നേഹത്തെയല്ലാതെ അസ്വതന്ത്രരായ അടിമകളുടെ സേവനത്തെ അഗ്രഹിക്കുന്നില്ല. ശക്തിപ്രയോഗത്തെ പ്രതിശക്തികൊണ്ടു പരാജയപ്പെടുത്തുവാൻ വിസമ്മതിച്ചതുമൂലം തന്റെ ആത്മാവിന്റേയും ശരീരത്തിന്റേയും സ്വാതന്ത്ര്യം പരിരക്ഷിക്കുവാൻ ആ പുരുഷോത്തമനു കഴിഞ്ഞു. ആത്മാവു സ്വതന്ത്രമായിരുന്നതിനാൽ അതു തന്റെ സ്വർഗ്ഗീയപിതാവിനും ശരീരം സ്വതന്ത്രമായിരുന്നതിനാൽ അതു മനുഷ്യർക്കും അവിടുന്നു സ്വയം നല്കി. തന്റെ ആത്മാവിനെ ദൈവത്തിനു തിരിച്ചേല്പിക്കുന്ന അവസരത്തിൽ, മനുഷ്യനായ ദൈവം അതിന്റെ സ്വാതന്ത്ര്യത്തെ സംരക്ഷിച്ചു. ആ കൃത്യം ഒരു സ്വാതന്ത്ര്യപ്രഖ്യാപനമായിരു

നു—ആദ്ധ്യാത്മികവും പ്രഥമവുമായ ഒരു സ്വാതന്ത്ര്യപ്രഖ്യാപനം. അതു രണ്ടാമത്തെ രാഷ്ട്രീയസ്വാതന്ത്ര്യപ്രഖ്യാപനത്തിനു പ്രേരകമായി ഭവിച്ചു. വ്യക്തിക്കു രാഷ്ട്രത്തിന്റെ പരിധികൾക്കതീതമായ ചില അവകാശങ്ങളുണ്ടെന്നാണു രണ്ടാമത്തെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ രത്നച്ചുരുക്കം. ഇനി വിളംബരം ചെയ്യുവാനുള്ളതു്, സ്വകാര്യസ്വത്തു സമ്പാദിക്കുവാൻ മനുഷ്യനുള്ള അവകാശത്തെക്കുറിച്ചുള്ള പ്രഖ്യാപനമാണു്. അതാണു തൊഴിലാളികൾക്കുവേണ്ടി കത്തോലിക്കാസഭ ഇന്നു ലോകത്തോടു് അനുസ്യൂതം പ്രഖ്യാപനം ചെയ്തുകൊണ്ടിരിക്കുന്നതു്.

# ആറാം അദ്ധ്യായം

## തൊഴിലിന്റെ മാഹാത്മ്യം

സമൃദ്ധിയുടെ കാലത്തു നാം കൂടെക്കൂടെ ഉപയോഗിക്കുന്ന ഒരു പദമുണ്ടു് —'പുരോഗതി'. അതുപോലെ സാമ്പത്തികാധഃപതനത്തിന്റെ കാലത്തു 'തൊഴിൽ' എന്ന പദവും. പക്ഷേ, പുരോഗതിയുടെ ലക്ഷ്യം അല്ലെങ്കിൽ ഉദ്ദേശ്യം 'നല്ലകാല'ത്തു നാം പലപ്പോഴും മറന്നുപോകുന്നതുപോലെ അധഃപതനകാലത്തു തൊഴിലിന്റെ സ്വഭാവവും മാഹാത്മ്യവും നാം വിസ്മരിക്കുവാനും എളുപ്പമുണ്ടു്.

ജീവിതത്തിലെ മററു കാൎയ്യങ്ങളുമായി ബന്ധമൊന്നുമില്ലാത്ത ഒരു വിഭക്തവസ്തുവല്ല തൊഴിൽ. വിഭവോല്പാദനത്തിൽ അതു മൂലധനത്തോടു സഹകരിക്കുന്നു. ആകയാൽ സാമ്പത്തികമായി അതിനു മൂലധനത്തോടു ബന്ധമുണ്ടു്. സാമുദായികമായി അതിനു വിശ്രമത്തോടു ബന്ധമുണ്ടു്. ആദ്ധ്യാത്മികദൃഷ്ട്യാ, അതിനു് ആത്മരക്ഷയോടു ബന്ധമുണ്ടു്. സ്വാതന്ത്ര്യത്തെസംബന്ധിച്ചെന്നപോലെ തൊഴിലിനെസംബന്ധിച്ചും തുല്യബലങ്ങളായ രണ്ടു സിദ്ധാന്തങ്ങൾ ലോകചരിത്രത്തിൽ കാണുവാൻ കഴിയും. അവയിൽ ഒന്നാമത്തേതു പുരാതനഗ്രീക്കുകാരുടേതാണു്; മറേറതു് ആധുനികലോകത്തിന്റേതും. തൊഴിലിനെ വിശ്രമത്തോടു ദൈവം ആദ്യംതന്നെ സംയോജിപ്പിക്കുകയും അവയെ തമ്മിൽ വേർതിരിക്കരുതെന്നു മനുഷ്യനോടു കല്പിക്കുകയും ചെയ്തുവെങ്കിലും പുരാതനയവനരും ആധുനികമനുഷ്യരും അതു വകവച്ചില്ല. ഇരുകൂട്ടരും തൊഴിലിനെ വിശ്രമത്തിൽനിന്നു വിച്ഛേദിച്ചു. ഗ്രീക്കുകാർക്കു്

അഭ്യാസനത്തോടായിരുന്നു അവജ്ഞയെങ്കിൽ, ഇന്നുള്ളവർക്ക വിശ്രമത്തോടാണ് അവജ്ഞ.

തൊഴിൽ ചെയ്യുക മനുഷ്യോചിതമല്ലെന്നായിരുന്നു യവനമതം. മനുഷ്യസ്വഭാവത്തോട്ട ബന്ധമില്ലാത്തതും യുക്തിക്ക ചേരാത്തതുമായ ഒരാവശ്യം മാത്രമാണത്രെ തൊഴിൽ. ആത്മാവിനെയും ശരീരത്തെയും വെവ്വേറെ എടുത്തുകൊണ്ട പ്ലേറൊ അവയിലോരോന്നിൻേറയും സൗന്ദര്യത്തെക്കുറിച്ചു പ്രതിപാദിച്ചിരുന്നു. അവ രണ്ടിൻേറയുംകൂടിയുള്ള സൗന്ദര്യം ഏകകാലത്ത് അദ്ദേഹം പരിഗണിച്ചിരുന്നില്ല. അഭ്യാസനം മുതലായി ശരീരത്തിന് ഉപദ്രവകരമായവയെല്ലാം ആത്മാവിനും അവശ്യം ഉപദ്രവകരമാണെന്നും ആദായത്തിനുവേണ്ടി ജോലി ചെയ്യുന്നവൻ സത്യം ഗ്രഹിക്കുവാൻ അശക്തനായിരിക്കമെന്നും അദ്ദേഹം വാദിച്ചു. അരിസ്റ്റോട്ടലിനും തൊഴിലിനോട്ട വെറുപ്പായിരുന്നു. അടിമകൾക്ക സ്വാതന്ത്ര്യമില്ലാത്തതുനിമിത്തം, അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, നീതി, ശമം, ധൈര്യം മുതലായ ഗുണവിശേഷങ്ങളും അവർക്കില്ല. കൈത്തൊഴിൽ ചെയ്യുന്നവനു സുഹൃത്തുക്കളെ സമ്പാദിക്കുവാനും രാഷ്ട്രീയകാര്യങ്ങളിൽ ശ്രദ്ധിക്കുവാനും സമയം കിട്ടുകയില്ലെന്നായിരുന്നു സെനോഫൻെറ ആരോപണം. അന്നത്തെ താത്വികന്മാരുടെ അവജ്ഞാപൂർവ്വകമായ ഈ അഭിപ്രായം രാഷ്ട്രീയനിയമങ്ങളിലും നിഴലിച്ചിരുന്നു. പത്തുകൊല്ലം ഒരു തൊഴിലിലും ഏർപ്പെടാതെ ഇരുന്നിട്ടുള്ള ആളിനെമാത്രമേ തീബ്സിലേ നിയമം ന്യായാധിപനായിരിക്കുവാൻ അനുവദിച്ചിരുന്നുള്ളു. സ്പാർട്ടായിലേ നിയമമനുസരിച്ച്, ഒരു പൗരനും ഒരു തൊഴിലും ചെയ്യുവാൻ പാടില്ലായിരുന്നു. എന്നു പറഞ്ഞാൽ, തൊഴിലാളിക്ക പൗരത്വം അനുവദിച്ചിരുന്നില്ലെന്നർത്ഥം.

ഈ മനോഭാവത്തിൻെറ ഫലമായി ഗ്രീസിലേ ജനത രണ്ടുവർഗ്ഗങ്ങളായിത്തിരിഞ്ഞു: ഒന്നാമത്തേത് അധ്വാനിച്ചിരു

ന്നവർ അഥവാ അടിമകൾ, രണ്ടാമത്തേതു വിശ്രമം അനുഭവിച്ചിരുന്നവർ അഥവാ സ്വതന്ത്രർ. പ്ലേറ്റോയുടെ ഭാഷയിൽ പറഞ്ഞാൽ, യോദ്ധാക്കളെന്നും തത്വജ്ഞന്മാരെന്നും രണ്ടു കൂട്ടരാണു രാജ്യത്തിലുണ്ടായിരുന്നതു്. അവർ ഒരു തരത്തിലും തുല്യരായിരുന്നില്ല. കാരണം, വിഭവങ്ങളുടെ ഉൽപാദനം അവയുടെ അനുഭവത്തെ അപേക്ഷിച്ചു നികൃഷ്ടമാണത്രേ. അടിമയോ വേലക്കാരനോ എന്തെങ്കിലും മാഹാത്മ്യമുണ്ടെങ്കിൽ അതു യജമാനനിൽനിന്നു ലഭിക്കുന്നതുമാത്രമാണു്. സ്വന്തമായി അവർക്കു് ഒരു മഹിമയുമില്ല. അത്തരമൊരു നാഗരികതയിൽ വിശ്രമത്തിനു സമയവും സൗകര്യവുമുള്ള പൗരന്മാർക്കുമാത്രമേ സ്ഥാനമുണ്ടായിരിക്കുകയുള്ളൂവെന്നു പറയേണ്ടതില്ലല്ലോ. സത്യം ഗ്രഹിക്കുവാൻ തൊഴിലാളി അശക്തനായതുകൊണ്ടു്, ആദായത്തിനുവേണ്ടി ജോലിചെയ്യുക അധമത്വത്തിന്റെ ഒരു ലക്ഷണമായി പരിഗണിക്കപ്പെട്ടുപോന്നു. വാസ്തവത്തിൽ, ക്രിസ്തുമതത്തിന്റെ ഉദയത്തിനുമുമ്പു തൊഴിലാളിയുടെ വില ആരും വകവെച്ചുകൊടുത്തിരുന്നില്ല. കായികാദ്ധ്വാനം ചെയ്യാത്തവരെ അപലപിക്കാതെതന്നെ വേലക്കാരനു് ആദ്യമായി സ്വാതന്ത്ര്യം പ്രദാനം ചെയ്തതു ക്രിസ്തുനാഥനാണു്.

ആധുനികർക്കു പററിയ തെററു് ഇതിനു നേരേ എതിരാണു്. അവർക്കു വിശ്രമത്തോടാണു് അവജ്ഞ. പണ്ടുണ്ടായിരുന്നവർ തൊഴിലാളികളെ നിന്ദിച്ചിരുന്നു. ഇന്നുള്ളവർ ധ്യാനശീലന്മാരെ നിന്ദിക്കുന്നു. ഗ്രീക്കുകാർ തത്വശാസ്ത്രജ്ഞന്മാരെ വാഴ്ത്തിയിരുന്നുവെങ്കിൽ ആധുനികർ പ്രവത്തകന്മാരെയാണു കീത്തിക്കുന്നതു്. തൊഴിലിനെക്കുറിച്ചുള്ള ഇന്നത്തെ ആളുകളുടെ മനോഭാവത്തിനു പ്രധാനമായി മൂന്നു പരിവത്തനദശകളാണുണ്ടായിട്ടുള്ളതു്.

മതപരമായ ഒരു പരിവത്തനമായിരുന്നു ആദ്യത്തെ ഘട്ടത്തിൽ നടന്നതു്. ജപധ്യാനങ്ങളോടു മനുഷ്യനു തീരെ ഖ

ഹുമാനമില്ലെന്നായി. ജപത്തിലും ധ്യാനത്തിലും കഴിക്കുന്ന ജീവിതം വെറും അലസജീവിതമാണെന്നൊരു ധാരണ പടർന്നുപിടിച്ചു. സന്യാസജീവിതത്തെ ഇങ്ങനെ എതിർത്തുതുടങ്ങിയതിന്റെ ഫലമായി കർമ്മോല്പ്പകതമായ സുകൃതങ്ങൾമാത്രമേ സുകൃതങ്ങൾ എന്ന പേരു അർഹിക്കുകയുള്ളുവെന്നു വന്നുകൂടി. ബുദ്ധിപൂർവ്വകമായ വിശ്രമത്തിനു വഴിതെളിക്കുന്നതിലാണു തൊഴിലിന്റെ പ്രാധാന്യം അടങ്ങിയിരിക്കുന്നതെന്നുള്ള അഭിപ്രായം പ്രോട്ടസ്റ്റൻറുമതത്തിന്റെ ആവിർഭാവത്തിനുമുമ്പു സർവ്വസമ്മതമായിരുന്നു. ഇന്നാകട്ടെ തൊഴിലാളിയെ സ്തുതിക്കുവാനുള്ള കാരണം മററൊന്നാണു്. തൊഴിലാളി വിശ്രമിക്കുന്നില്ലെന്നുള്ളതുമാത്രമാണു് അയാളുടെ പ്രധാനഗുണമായി ഇന്നു കണക്കാക്കുന്നതു്. വിശ്വാസവും പ്രവൃത്തിയും അവിഭക്തങ്ങളാണെന്നായിരുന്നു പണ്ടുണ്ടായിരുന്ന അഭിപ്രായം. കാരണം, വിശ്വാസമില്ലാത്ത പ്രവൃത്തി ചത്തതാണു്. ഇന്നത്തെ സിദ്ധാന്തമാകട്ടെ, വിശ്വാസംകൊണ്ടുമാത്രം മനുഷ്യൻ നീതീകരിക്കപ്പെട്ടുമെന്നാണു്. പ്രവൃത്തിക്കു് ആത്മരക്ഷയുമായി ബന്ധമൊന്നുമില്ല. തത്വചിന്തകന്മാരായ യവനപണ്ഡിതന്മാരോ ധ്യാനശീലന്മാരായ ക്രൈസ്തവസന്യാസികളോ അല്ല നാഗരികതയുടെ ബന്ധുക്കൾ. മനുഷ്യനാഗരികതയുടെ ഏററവും വലിയ സഹായകൻ 'പ്രവർത്തിക്കുന്നവൻ' അഥവാ തൊഴിലാളിയാണു്. തന്മൂലം "ആദ്യം വചനമുണ്ടായിരുന്നു"വെന്നല്ല, ആദ്യം തൊഴിലാളിയുണ്ടായിരുന്നുവെന്നാണത്രേ പറയേണ്ടതു്.

വ്യവസായമണ്ഡലത്തിൽ സംഭവിച്ച പരിവർത്തനമാണു രണ്ടാമത്തെ ഘട്ടത്തിലേതു്. തൊഴിലാളിയെ പ്രകീർത്തിച്ചിരുന്നവരെല്ലാം വ്യവസായപരിവർത്തനത്തിനുശേഷം തൊഴിലിനെ കീർത്തിച്ചുതുടങ്ങി. അങ്ങനെ, അവരുടെ പ്രശംസ ആളിൽനിന്നു് ആളിന്റെ വ്യാപാരത്തിലേയ്ക്കു മാറി. ഈ വ്യതിയാനം യന്ത്രയുഗത്തിൽ സ്വാഭാവികമാണെന്നുവേണം പറയുവാൻ. വ്യവസായപ്രവർത്തകന്മാർക്കു തൊഴിലാളിയെക്കാൾ

തൊഴിലായിരുന്നു ആവശ്യം. യന്ത്രങ്ങൾ നടത്തുവാനായി അവയുടെ സമീപം 'ഒരു മനുഷ്യയന്ത്രം' നിന്നാൽ മതി. ഇത്രയുമായപ്പോഴേയ്ക്കും തൊഴിൽ ഒരു ക്രയവിക്രയവസ്തുവായി തീർന്നുകഴിഞ്ഞു. ക്രൈസ്തവനാഗരികതയിൽ ഒരു വ്യക്തിയായിരുന്ന തൊഴിലാളി, വ്യവസായയുഗത്തിൽ മാങ്ങയോ മത്തങ്ങയോപോലെ വില പേശാവുന്ന ഒരു വസ്തുവായി പരിണമിച്ചു. അതുമുതൽ തൊഴിലാളിയുടെ കൂലി അയാളുടെ അവകാശങ്ങളെയോ വ്യക്തിമാഹാത്മ്യത്തെയോ അല്ല, തൊഴിലിന്റെ ആവശ്യത്തെയും അതു കിട്ടാനുള്ള സാദ്ധ്യതകളെയുമത്രേ ആശ്രയിച്ചിരുന്നതു്. തൊഴിൽ സുലഭമാകുമ്പോൾ കൂലി കുറയും: വിരളമാകുമ്പോൾ കൂലി താനേ വർദ്ധിക്കും—ഇതായിരുന്നു അന്നത്തെ നില.

മനുഷ്യത്വത്തിന്റെ അവസാനകണികകൂടി തൊഴിലാളിയിൽനിന്നു് ഊററിക്കളയുവാൻ പിന്നീടു വലിയ താമസം ആവശ്യമില്ലായിരുന്നു. അതുതന്നെയാണു മൂന്നാമത്തെ ഘട്ടത്തിൽ സംഭവിച്ചതും. മതപരമായ പരിവത്തനം തൊഴിലിനെ അതിന്റെ ലക്ഷ്യത്തിൽനിന്നു വ്യതിചലിപ്പിച്ചു. വ്യവസായപരിവത്തനം അതിനെ തൊഴിലാളിയുടെ വ്യക്തിവിലാസത്തിൽനിന്നു വേർതിരിച്ചു. ഇത്രയുമായപ്പോൾ സ്വാഭാവികമായിത്തന്നെ കമ്മ്യൂണിസം രംഗപ്രവേശം ചെയ്യുകയും മുതലാളിത്തത്തെ അതിന്റെ പാരമ്യത്തിലെത്തിച്ചുകൊണ്ടു് മനുഷ്യന്റെ അധഃപതനത്തെ പൂണ്ണമാക്കുകയും ചെയ്തു. കമ്മ്യൂണിസം തൊഴിലാളിയെയുമല്ല തൊഴിലിനെയുമല്ല കായ്യമായി ഗണിക്കുന്നതു്: ഉൽപാദനത്തെയാണു്. തൊഴിൽ വ്യക്തിയെ പരിഗണിക്കുന്നു; ഉൽപാദനമാകട്ടെ വഗ്ഗത്തെ പരിഗണിക്കുന്നു—ഇതാണു് അവ തമ്മിലുള്ള വ്യത്യാസം. ഇത്തരമൊരു വ്യവസ്ഥിതിയുടെ കീഴിൽ കണക്കുപറഞ്ഞു കൂലി വാങ്ങിക്കുവാൻ തൊഴിലാളിക്കു സാധിക്കുകയില്ല. അവനു് എന്തുകൂലി കൊടുക്കണമെന്നു രാഷ്ട്രം തീച്ചപ്പെടുത്തും. ഫ്റാൻസ് മുതലായ രാ

ജ്യങ്ങളിലുള്ള യാചകന്മാർ റഷ്യയിലുള്ള തൊഴിലാളികളെക്കാറം മെച്ചമായിട്ടാണു ജീവിക്കുന്നതെന്നു പറഞ്ഞാൽ സോവ്യറ്റുറഷ്യ അവിടത്തെ തൊഴിലാളികൾക്കു കൊടുക്കുന്ന കൂലി എത്രമാത്രമാണെന്നു് ഊഹിക്കാമല്ലോ. അവരുടെ കൂലി നിർണ്ണയിക്കുന്നതു സേച്ഛാധിപതിയാണെന്നു മാത്രമല്ല, കൂലി കൂട്ടിക്കിട്ടുന്നതിനായി പണിമുടക്കു നടത്തുവാൻ അവർക്കു് അവകാശവുമില്ല. സ്ട്രൈക്കു റഷ്യയിൽ ഒരു രാജ്യദ്രോഹക്കുററമാണു്. തൊഴിൽ മുടക്കുന്നവൻ പൊതുജനശത്രുവാകയാൽ അവനെ വെടിവെച്ചുവീഴ്ത്തും. കമ്മ്യൂണിസ്ററുരാജ്യത്തിൽ സ്ട്രൈക്കു വെറുമൊരു കുററമല്ല, വാസ്തവത്തിൽ ആത്മഹത്യയാണെന്നു പറയാം. അതുകൊണ്ടുമായില്ല. രാഷ്ട്രം നിശ്ചയിച്ചുകൊടുക്കുന്ന ഏതെങ്കിലുമൊരു തൊഴിൽ ഒരു തൊഴിലാളി സ്വീകരിക്കുന്നില്ലെന്നു കരുതുക: മററാരിടത്തും ഒരു തൊഴിലും അയാൾക്കു കിട്ടുകയില്ല. കാരണം, രാഷ്ട്രമാണു് എവിടെയും യജമാനൻ. അതുപോലെതന്നെ, തൊഴിലാളിക്കു് എവിടെയൊക്കെ സഞ്ചരിക്കാമെന്നു തീരുമാനിക്കുന്നതും രാഷ്ട്രമാണു്. പാസ്സ്പോർട്ടുകൂടാതെ അയാൾക്കു പുറത്തിറങ്ങുവാൻ വയ്യാ. ഉൽപാദകവസ്തുക്കൾ സ്വന്തമായി വച്ചുകൊണ്ടിരിക്കുവാനും തൊഴിലാളിക്കു് അനുവാദമില്ല. സ്വാതന്ത്ര്യത്തിൻെറ അടയാളമായി ഏതെങ്കിലുമൊരു തൊഴിൽ സ്വന്തമായി നടത്താമെന്നു് അയാൾ ആശിക്കുകയേ വേണ്ടാ. സ്റ്റലിൻഗ്രാഡിൽ, ക്ലിവീവാ എന്നൊരു തൊഴിലാളി ഒരിക്കൽ ആറു റാത്തൽ അപ്പം വിലയ്ക്കു കൊടുത്തു. അതിനു രാഷ്ട്രം അയാൾക്കു കല്പിച്ച സമ്മാനം പത്തുമാസത്തെ കഠിനതടവായിരുന്നു. അപ്പം മോഷ്ടിച്ചുവെന്നല്ല, വിററുവെന്നാണു് അയാളുടെ പേരിലുണ്ടായിരുന്ന ആരോപണമെന്നു് ഓർമ്മിക്കണം. അപ്പം വില്ക്കുവാനുള്ള അവകാശം രാഷ്ട്രത്തിനുമാത്രമേയുള്ളു.

തൊഴിലാളികളെ ചൂഷണത്തിൽനിന്നു രക്ഷിക്കുകയല്ല,

രാഷ്ട്രത്തെ രക്ഷിക്കുവാൻവേണ്ടി അവരെ ചൂഷണം ചെയ്യുകയാണു കമ്മ്യൂണിസ്ററുഗവണ്മെൻറ് ചെയ്യുന്നതു്. തൊഴിലാളിയുടെ നന്മയല്ല, വിഭവങ്ങളുടെ ഉൽപാദനമാണു കമ്മ്യൂണിസത്തിന്റെ ലക്ഷ്യം. ഇതു് ഔദ്യോഗികരേഖകളിൽനിന്നുതന്നെ തെളിയിക്കാം. സോവ്യററുയൂണിയനിലെ ഒമ്പതാമത്തെ യൂണിയൻകോൺഗ്രസിന്റെ ഒരു തീരുമാനം ഇങ്ങനെയാണു്: "വളർച്ച തോതിലുള്ള വിഭവോൽപാദനവും അതിന്റെ ഫലമായ സാധനങ്ങളുടെ വിലക്കുറവും ഉൽപന്നങ്ങളുടെ ഗുണപരിഷ്കല്യവുമായിരിക്കണം തൊഴിലാളിസംഘടനകളുടെ പ്രധാനോദ്ദേശ്യങ്ങൾ". ജീവനക്കൂലിക്കുള്ള തൊഴിലാളിയുടെ അവകാശത്തെക്കുറിച്ച് ഒരക്ഷരംപോലും അതിൽ മിണ്ടിയിട്ടില്ല. സോവ്യററുഭരണഘടനയുടെ 126-ാമത്തെ വകുപ്പനുസരിച്ച്, തൊഴിലാളിസംഘടനകളുടെയെല്ലാം ലക്ഷ്യം "സ്ഥിതിസമത്വസിദ്ധാന്തത്തെ ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയുമാണു്." അതായതു്, പച്ചമലയാളത്തിൽ പറഞ്ഞാൽ, മനുഷ്യൻ രാഷ്ട്രത്തിനുവേണ്ടിയും തൊഴിലാളി വിഭവോൽപാദനത്തിനുവേണ്ടിയുമാണു ജീവിക്കുന്നതു്. മുമ്പുണ്ടായിരുന്ന ഒന്നിലധികം മുതലാളിമാരുടെ സ്ഥാനത്തു് ഇന്നു രാഷ്ട്രമെന്ന ഏകമുതലാളി സ്ഥലംപിടിച്ചുവെന്നുമാത്രം. മനുഷ്യന്റെ വ്യക്തിവിലാസം മങ്ങിമറഞ്ഞു. രാഷ്ട്രത്തിനു മുതൽ വർദ്ധിപ്പിക്കുവാനുള്ള യന്ത്രങ്ങൾ നടത്തുന്ന ഒരു മൃഗമായി അവൻ പരിണമിച്ചു. എല്ലുമുറിഞ്ഞു് അവൻ പണിയെടുത്തുകൊള്ളണം. സാമ്പത്തികവ്യവസ്ഥിതി ആവശ്യപ്പെടുന്ന തൊഴിൽ അവൻ ചെയ്തുകൊള്ളണം. രാഷ്ട്രം അനുവദിച്ചുകൊടുക്കുന്ന അവകാശങ്ങളേ അവനുള്ളു. ഉൽപാദനം വർദ്ധിപ്പിക്കണമെന്ന ഏകചിന്തയേ ജോലിസമയത്തു് അവനുണ്ടായിരിക്കാവൂ. ഇവയെല്ലാം എത്രനാളത്തേയ്ക്കെന്നോ? പ്രതിയോഗിയായ മുതലാളിത്തത്തെ അടിച്ചമർത്തി കമ്മ്യൂണിസ്ററുരാഷ്ട്രം ലോകത്തിലെ ഏകമുതലാളിയായിത്തീരുന്ന ദിവസംവരെ. ചുരുക്കത്തിൽ, തൊഴിലാളികളെക്കൊണ്ടു കമ്മ്യൂണിസ്ററുകാർക്കു്

ഒരുപയോഗമേയുള്ളു: അതായതു്, ഏതാനും ചില വ്യക്തികളുടെ— അക്രമപ്രവൃത്തികൾവഴിയായി തൊഴിലാളിസിംഹാസനങ്ങളിൽ സ്വയം ആരോഹണം ചെയ്യുകയും മനുഷ്യരെ മരപ്പാവകളാക്കിപ്പകർത്തി അവരുടെ അടിമാരാധന സ്വീകരിക്കുകയും ചെയ്യുന്ന ഏതാനും ചില അവസരസേവകന്മാരുടെ— ചൂഷണത്തിനു് ഇരയായിത്തീരുക. എങ്കിലും നാം ഒന്നോർക്കണം: ആ മരപ്പാവകൾ ഒരു കാലത്തു മനുഷ്യരായിരുന്നു: ഈശ്വരസഹായത്താൽ സ്വാതന്ത്ര്യം ലഭിക്കുന്നപക്ഷം അവർ ഒരിക്കൽക്കൂടി മനുഷ്യരായിത്തീരുകയും ചെയ്യും.

## സഭയുടെ നില

ലോകചരിത്രത്തിൽ തൊഴിലിനെസ്സംബന്ധിച്ചു കാണുന്ന രണ്ടു വികൃതാഭിപ്രായങ്ങളാണു മുകളിൽ വിവരിച്ചതു്. തൊഴിൽ അപമാനകരമാണെന്നായിരുന്നു പണ്ടത്തെ തെററിദ്ധാരണ. മുതലാളിത്തത്തിൻെറ അഭിപ്രായമനുസരിച്ചു് അതൊരു കച്ചവടസാധനമാണു്. കമ്മ്യൂണിസ്ററുകാരൻ പറയും തൊഴിൽ രാഷ്ട്രത്തിൻെറ മുതലാണെന്നു്. തൻെറ ഫാക്ടറിയിൽ ജോലിചെയ്യുവാൻ എത്ര തൊഴിലാളികളുണ്ടെന്നല്ല, എത്ര കൈകൾ ഉണ്ടെന്നാണു മുതലാളി നോക്കുന്നതു്. തൊഴിലിനെ ഒരു കച്ചവടവസ്തുവായിമാത്രമേ അയാൾ കണക്കാക്കുന്നുള്ളുവെന്നാണു് അതിൻെറയർത്ഥം. കമ്മ്യൂണിസ്ററുകാരൻ അവിടെയും നിന്നില്ല. അയാൾ മുതലാളിയെക്കാൾ ഒരുപടി കൂടിക്കടന്നു തൊഴിലാളിയെ യന്ത്രമായിട്ടെണ്ണി — വിഭവോൽപാദനത്തിനുവേണ്ടി രാഷ്ട്രം തീററികൊടുത്തു വളർത്തുന്ന ജീവനുള്ള ഒരുതരം യന്ത്രം. മനുഷ്യൻ അദ്ധ്വാനിക്കുവാൻവേണ്ടി ജീവിക്കുന്നുവെന്ന അബദ്ധതത്ത്വമാണു് ഈ രണ്ടു സിദ്ധാന്തങ്ങളുടെയും അടിയിൽ തെളിഞ്ഞുകാണുന്നതു്.

എന്നാൽ, കത്തോലിക്കൻെറ അഭിപ്രായം നേരേമറിച്ചാ

ണ്. മനുഷ്യൻ തൊഴിലിനുവേണ്ടിയല്ല; തൊഴിൽ മനുഷ്യനു വേണ്ടിയാണ്. ആദായമാകട്ടെ വിളവോൽപാദനമാകട്ടെ അവൻെറ ജീവിതലക്ഷ്യവുമല്ല. മുതലാളികൾ പറയുന്നതുപോലെ ആദായമോ, കമ്മ്യൂണിസ്ററുകാർ പറയുന്നതുപോലെ വിളവോൽപാദനമൊ ആണു ജീവിതത്തിൻെറ ഉദ്ദേശ്യമെങ്കിൽ മനുഷ്യൻ അവയുടെ അടിമയാണെന്നത്രേ സിദ്ധിക്കുന്നതു്. ഇതുകൊണ്ടാണു നാം ആദ്യം പറഞ്ഞതു്, ഇന്നത്തെ പരമപ്രധാനമായ പ്രശ്നം സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഒന്നാണെന്ന്. മനുഷ്യൻ സ്വതന്ത്രനായിത്തീരുമോ? അതോ, ആദായത്തിലും വിളവോൽപാദനത്തിലും താഴ്ന്ന ഒരു നിലയിലേയ്ക്കു് ഇനിയും അധഃപതിച്ചുകൊണ്ടിരിക്കുമോ? മനുഷ്യൻ സകല ചരാചരങ്ങളേയുംകാൾ വിലയുള്ളവനാണെന്നു ദിവ്യഗുരു പഠിപ്പിച്ചു. സാമാന്യം സുഖമായും മാനമായും ജീവിക്കുവാൻ ഒരു വ്യക്തിക്കുള്ള അവകാശം, മുതലാളിക്കു കിട്ടുന്ന അമിതമായ ലാഭത്തെക്കാളും വിളവുകൾ വർദ്ധിപ്പിക്കുവാൻ സോവ്യററുഷ്യ ദിവസംതോറും ഉപയോഗിക്കുന്ന അനേകായിരം കാർഷികയന്ത്രങ്ങളെക്കാളും വിലയേറിയതാണെന്നാണ് അതിൻെറ വിവക്ഷ. ഈ പ്രസ്താവം കുറെ കടുപ്പമാണു്. എങ്കിലും അതു സത്യമാണെന്നു നമ്മുടെ ഹൃദയത്തിൻെറ ഉള്ളറയിൽ നമുക്കറിയാം. സാമ്പത്തികവിളവുകളുടെ ഉൽപാദനത്തിനു മനുഷ്യത്വത്തെ ഉഴിഞ്ഞുകൊടുക്കുകയല്ലെങ്കിൽ പിന്നെയെന്താണു കഴിഞ്ഞ ഏതാനും വ്യാഴവട്ടങ്ങളായി നാം ചെയ്തുകൊണ്ടിരിക്കുന്നതു്? മനുഷ്യനുപകരം ഉൽപാദനത്തെ നാം ലക്ഷ്യമാക്കി. ആ ലക്ഷ്യം നാം പ്രാപിക്കയും ചെയ്തു. ആവശ്യത്തിലധികം സാധനങ്ങൾ നാം ഉണ്ടാക്കിക്കഴിഞ്ഞു. അങ്ങനെ വിളവുകൾ അധികമായിക്കഴിഞ്ഞപ്പോൾ ഉൽപാദനോപകരണമായ മനുഷ്യൻ ചവററുകൊട്ടയിൽ തള്ളപ്പെട്ടു. വിളവോൽപാദനത്തെ നിയന്ത്രിച്ചുകൊണ്ടു നാം വിളവുകളുടെ വില വർദ്ധിപ്പിച്ചു. അങ്ങനെ നമ്മുടെ കൂലിയുടെ ഒരംശം കൊടുത്തു നാം ദാരിദ്ര്യം വിലയ്ക്കുവാങ്ങി. മനുഷ്യൻ ഉൽപാദനത്തിനുവേണ്ടിയ

ല്ല, ഉൽപാദനം മനുഷ്യനുവേണ്ടിയാണ് എന്നുള്ള ബോധത്തോടുകൂടി നാം പ്രവർത്തിച്ചിരുന്നെങ്കിൽ സമൃദ്ധിയുടെ നടുവിൽക്കിടന്നു മനുഷ്യനിങ്ങനെ പട്ടിണിമൂലം മരിക്കയില്ലായിരുന്നു. ഒരു നേരത്തെ ആഹാരത്തിനു വകയില്ലാതെ അനേകലക്ഷം പാവങ്ങൾ ഇങ്ങനെ ചാകാതെ ചാകുന്ന അവസരത്തിൽപ്പോലും മനുഷ്യർ ഭൂമിയുടെ വിളവോൽപാദകശക്തിയുടെമേൽത്തന്നെ 'ജനനനിരോധന'സമ്പ്രദായങ്ങൾ പ്രയോഗിക്കുകയും കമ്പോള വിലയിടിയാതിരിക്കുവാൻ ലക്ഷക്കണക്കിനു കോതമ്പു ചാക്കുകളും അരിച്ചാക്കുകളും കടലിൽത്താഴ്ത്തുകയും ചെയ്യുന്നുവെങ്കിൽ അതിൻെറ കാരണം ഒന്നുമാത്രമാണ്: അതായത്, സ്വത്തു മനുഷ്യനുവേണ്ടിയല്ല മനുഷ്യൻ സ്വത്തിനുവേണ്ടിയാണ് എന്നുള്ള വിചാരം.

തൊഴിൽ ഏറെക്കുറെ ഭക്ഷണംപോലെയാണെന്നാണു കത്തോലിക്കാസഭയുടെ പഠനം. അതു് ഒരു നിർദ്ദിഷ്ടലക്ഷ്യത്തിലേയ്ക്കുള്ള മാർഗ്ഗമാണ്. ആ ലക്ഷ്യമാകട്ടെ സ്വാതന്ത്ര്യമാണ്—സ്വർഗ്ഗീയരാജ്യത്തിൻെറ അവകാശിയും ദൈവത്തിൻെറ വത്സലകുമാരനുമെന്ന നിലയിൽ സ്വന്തം വ്യക്തിവിലാസത്തെ വികസിപ്പിച്ചു പരിപൂർണ്ണമാക്കുവാനുള്ള ഒരു സ്വാതന്ത്ര്യം. ഭക്ഷിക്കുവാനല്ലല്ലോ നാം ജീവിക്കുന്നതു്. അതുപോലെ, അദ്ധ്വാനിക്കുവാനുമല്ല. നാം തൊഴിൽ ചെയ്യുന്നതു ജീവിക്കുവാനാണ്: കന്നുകാലിയെയോ കഴുതയെയോപോലെ കായികമായി മാത്രമല്ല, ബുദ്ധിശക്തിയും ഇച്ഛാശക്തിയുമുള്ള വിശിഷ്ടസൃഷ്ടികളെന്ന നിലയിൽ ആദ്ധ്യാത്മികമായിക്കൂടെയും ജീവിക്കുവാൻ.

നമ്മുടെ വ്യക്തിവിലാസത്തെ പരിപൂർണ്ണതയിലെത്തിക്കുവാനുള്ള അപരിത്യാജ്യമായ വ്യവസ്ഥയാണു തൊഴിൽ. കാരണം, തൊഴിൽ നമ്മെ ദൈവത്തോടും സഹജീവിയോടും പ്രകൃതിയോടും ചേർത്തു ബന്ധിക്കുന്നു. അതു് ആത്മാവിൻെറ

മോക്ഷപ്രാപ്തിക്കും സമുദായത്തിൻെറ അഭിവൃദ്ധിക്കും നാഗരികതയുടെ പുരോഗതിക്കും ഉപകരണമായിത്തീരുന്നു.

തൊഴിൽ നമ്മെ ദൈവത്തോടു ബന്ധിക്കുന്നു. നമ്മുടെ അധമവികാരങ്ങൾക്കു കടിഞ്ഞാണിട്ടു് അവയെ ഉത്തമാംശത്തിന്നു വിധേയമാക്കിത്തീർക്കുന്ന ഒരു സംയമനസ്വഭാവം തൊഴിലിനുണ്ടു്. ഇങ്ങനെ തൊഴിൽ നമ്മെ ദൈവത്തോടു് അടുപ്പിക്കുന്നു. എന്നാൽ, ഭൂതാത്മകമായ ഈ ലോകം തൊഴിലാളിയുടെ ഉദ്ദേശ്യശുദ്ധിവഴിയായി, ദൈവത്തിങ്കലേയ്ക്കു പ്രത്യാനയിക്കപ്പെടുന്നുവെന്ന രണ്ടാമത്തേ കാരണമാണു് ഇതിലും ഉൽകൃഷ്ടതരം. "എല്ലാം നിങ്ങളുടേതാണു്; നിങ്ങൾ ക്രിസ്തുവിനുള്ളവർ; ക്രിസ്തുവാകട്ടെ ദൈവത്തിൻേറതും" എന്നാണു പ്രേഷിതാഗ്രണിയായ പൗലോസിൻെറ ഉദ്ബോധനം. എല്ലാം — നദികളും കടലുകളും, പക്ഷികളും മൃഗങ്ങളും, സ്വർണ്ണവും രത്നങ്ങളും, എന്നുവേണ്ടാ, ലോകത്തിൻെറ സമ്പൂർണ്ണത മുഴുവൻ — മനുഷ്യൻെറ വകയാണു്. എന്നാൽ തൻകാര്യത്തിനുമാത്രമായി അവ ഉപയോഗിക്കുവാൻ പാടില്ല. തന്നെയും അവയെയും ക്രിസ്തുവഴി ദൈവത്തിങ്കലേയ്ക്കു സമുന്നമിപ്പിക്കുവാനുള്ള ഉപകരണങ്ങളായിമാത്രമേ മനുഷ്യൻ അവയെ ഉപയോഗിക്കാവൂ. സ്രഷ്ടാവിൻെറ പക്കലേയ്ക്കു കയറിച്ചേരുവാനുള്ള ചവിട്ടുപടികളാണു സൃഷ്ടവസ്തുക്കൾ. അവ ദൈവത്തിൻെറ പ്രസാദവരം നമ്മിലേയ്ക്കു് ഒഴുകിവരുന്ന നീർച്ചാലുകൾ കൂടിയാണു്. വൃക്ഷലതാദികൾക്കാകട്ടെ ശിലാശൈലാദികൾക്കാകട്ടെ സംസാരശക്തിയില്ല. പൂവിൻെറ ഭാഷ അതിൻെറ സൗരഭ്യമാണു്. ഇളങ്കാററു തട്ടി പുറപ്പെടുന്ന മർമ്മരങ്ങളല്ലാതെ വൃക്ഷങ്ങൾക്കും മററു ഭാഷയൊന്നുമില്ല. അവയുടെ മൂകമായ ഹൃദയാഭിലാഷങ്ങളെ വാക്കുകളിൽ പകർത്തി, ഈശ്വരസിംഹാസനത്തിൻമുമ്പാകെ അവയ്ക്കു ശബ്ദാത്മകമായ പ്രകാശനം നല്കുവാൻ ചിന്താശക്തിയും സംസാരശക്തിയുമുള്ള ഒരു ജീവിയുടെ സഹായം അവയ്ക്കു് അനപേക്ഷണീയമായിത്തീരുന്നു.

അതാണു തൊഴിലാളി ചെയ്യുന്നതു്. അവൻ ഭൂഗർഭത്തിലിറങ്ങിച്ചെന്നു് അവിടെ മണ്ണിലും കരിയിലും പുതഞ്ഞുകിടക്കുന്ന കനകക്കട്ടകളോടു "കർത്താവിനെ വാഴ്ത്തുവിൻ" എന്നു മന്ത്രിക്കുന്നു. ഉത്തരക്ഷണത്തിൽ, അവന്റെ ചുററികയുടെ അടികളേററു്, കാൽവരിമലയിൽവച്ചു ചൊരിയപ്പെട്ട ആ ജീവദായകമായ ദ്രാക്ഷാരസത്തെ വഹിക്കുവാൻ ഭാഗ്യം സിദ്ധിക്കുന്ന ഒരു സ്വർണ്ണപാനപാത്രമായി അവ രൂപാന്തരപ്പെടുന്നു. അവരുടെ മൂകാഭിലാഷങ്ങൾ സാധിതങ്ങളായി. ഉൽകൃഷ്ടമായ പ്രാർത്ഥനവഴിയായി ആ തൊഴിലാളി ദൈവത്തോടു സംയോജിപ്പിക്കപ്പെടുകയും ചെയ്തു. നിർമ്മാണശാലയുടെ ഒരു കോണിലിരുന്നു്, വെളുക്കുമ്പോൾമുതൽ അസ്തമിക്കുന്നതുവരെ ആണി തറയ്ക്കുകമാത്രം ചെയ്യുന്ന ഒരു ജോലിക്കാരനു്, മനസ്സുണ്ടെങ്കിൽ തന്റെ ജോലി ഒരു പ്രാർത്ഥനയായി മാററുവാൻ കഴിയും. 'കർത്താവേ, ഇതു നിന്നെപ്രതി' എന്നു് ഓരോ പ്രാവശ്യവും ഹൃദയംകൊണ്ടു് അവൻ ഉരുവിടട്ടെ. ഉരുക്കുകൊണ്ടുണ്ടാക്കിയ ആണികളോരോന്നും ദൈവതിരുമുമ്പാകെ സ്വീകാര്യയോഗ്യമായ പ്രാർത്ഥനാകുസുമമായി രൂപം പ്രാപിക്കും. ശാസ്ത്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി സഹിക്കുന്ന മഹാത്യാഗങ്ങളെക്കാൾ ആ ചെറിയ പ്രവൃത്തി അവന്റെ ആത്മരക്ഷയ്ക്കു് ഉപകരിക്കുകയും ചെയ്യും. മുട്ടിന്മേൽനിന്നു ചൊല്ലുന്ന പ്രാർത്ഥനകൾമാത്രമേ യഥാർത്ഥപ്രാർത്ഥനകളാവൂ എന്നില്ല. ജോലിസ്ഥലത്തുവച്ചും പ്രാർത്ഥിക്കാം. ജോലിതന്നെ പ്രാർത്ഥനയാക്കിപ്പകർത്താം. അമ്മയ്ക്കു സമ്മാനിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി നാം ഒരു പൂവു് പറിച്ചെടുക്കുന്നുവെന്നിരിക്കട്ടെ. അതിനു സ്വതവേ ഇല്ലാത്ത ഒരഴകും വിലയും നമ്മുടെ ഉദ്ദേശ്യം അതിനു പ്രദാനം ചെയ്യുന്നു. തെരുവു തൂത്തു വൃത്തിയാക്കുന്ന ഒരു തൂപ്പുകാരൻ തന്റെ ജോലി ദൈവസ്നേഹത്തെപ്രതി ചെയ്യുന്നപക്ഷം ആ പ്രവൃത്തിയുടെ വില അതുല്യമായിരിക്കും. ജോലി എന്തുമായിക്കൊള്ളട്ടെ, ആരെപ്രതി നാം അതു ചെയ്യുന്നുവെന്നതിലാണു് അതിന്റെ വില അടങ്ങിയിരിക്കുന്നതു്. ഒരു

പാത്രം പച്ചവെള്ളമായാലും അതു് ഈശോനാമത്തിൽ കൊടുക്കുന്നവൻ സ്വർഗ്ഗത്തിൽ നൂറിരട്ടി പ്രതിസമ്മാനത്തിനു് അർഹനായിബ്ഭവിക്കുന്നു. ദൈവസ്നേഹത്തെപ്രതി തന്റെ തൊഴിൽ ചെയ്തുതീർക്കുന്ന വിനീതനായ ഒരു ചെരുപ്പുകുത്തി, കീർത്തി സമ്പാദിക്കുവാൻവേണ്ടി ശാസ്ത്രീയമണ്ഡലത്തിൽ അക്ഷീണയത്നം നടത്തുന്ന പ്രതിഭാശാലിയായ ഗവേഷണപടുവിനെക്കാൾ അനേകമടങ്ങു് അഭിനന്ദനാർഹനാണു്. ഇതുപോലെ ജഗദീശ്വരന്റെ ദിവ്യാനുശാസനങ്ങൾക്കനുരൂപമായി ജീവിക്കുന്ന വെറുമൊരു 'പത്രച്ചെറുക്കൻ' കൊഴുത്ത ശമ്പളത്തിനുവേണ്ടി ജോലിനോക്കുന്ന സർവ്വകലാശാലാ പ്രൊഫസ്സറെക്കാൾ ഉൽകൃഷ്ടനായിരിക്കും.

ഇപ്രകാരം നിയോഗശുദ്ധികൊണ്ടു ജോലിയെ വിശുദ്ധീകരിക്കുന്നവർ കത്തോലിക്കരുടെയിടയിൽ ഇന്നു ധാരാളം പേരുണ്ടു്. അവരുടെ ആദ്ധ്യാത്മികപാലകന്മാരൊഴിച്ചു മററാരും അതറിയുന്നില്ലെന്നുമാത്രം. യന്ത്രത്തിലേയ്ക്കു കടലാസുവയ്ക്കുന്ന ഓരോ അവസരത്തിലും ഈശോയുടെ മധുരമനോഹരമായ തിരുനാമം ഉച്ചരിക്കുന്ന അച്ചടിവേലക്കാരനും, തപാലുരുപ്പടികളിൽ മുദ്രയടിക്കുമ്പോഴൊക്കെ ക്രിസ്തുനാഥന്റെ പീഡാനുഭവത്തെ അനുസ്മരിക്കുന്ന ശിപായിയും, ജപമാല ഉരുവിട്ടുകൊണ്ടു രാത്രികാവലിൽ ഏർപ്പെടുന്ന കാവൽക്കാരനും, നിസ്സഹായനായിക്കിടക്കുന്ന ഓരോ രോഗിയിലും പ്രച്ഛന്നവേഷനായ 'ശോകപുരുഷ'നെത്തന്നെ ദർശിക്കുന്ന ഭിഷഗ്വരന്മാരും, രാവിലെ ജോലിസ്ഥലത്തേയ്ക്കു പോകുമ്പോഴെല്ലാം ക്രിസ്തുവിന്റെ മരണയാത്രയേയും ഗാഗുൽത്തായിലെ ദിവ്യബലിയേയുംപററി ധ്യാനിച്ചുകൊണ്ടു് ആ ദിവസത്തെ മുഴുവൻ ദൈവത്തിനു സമർപ്പിക്കുന്ന ഉദ്യോഗസ്ഥന്മാരും, പരമപരിശുദ്ധമായ ത്രിത്വത്തിന്റെ കുടുംബാംഗങ്ങളും സഭാമാതാവിന്റെ ഭാവിപൗരന്മാരുമായിത്തീരുവാനുള്ള തങ്ങളുടെ ശിശുക്കളെ ദൈവത്തിനുവേണ്ടി പരിപാലിച്ചുവളർത്തുന്ന അമ്മമാ

രും, പന്തടിക്കുന്ന അവസരത്തിലെല്ലാം ദിവ്യജനനിയുടെ അനുഗ്രഹീതനാമത്തെ നിശ്ശബ്ദമായി ജപിക്കുന്ന ഫുട്ബോൾ കളിക്കാരനും തങ്ങളുടെ പ്രവൃത്തികളെ ദൈവത്തിങ്കലേക്കുയരുവാനുള്ള ഉദ്ധാരകയന്ത്രങ്ങളാക്കിത്തീർക്കുകയത്രേ ചെയ്യുന്നതു്. അവർക്കാർക്കും തൊഴിൽ അതിൽത്തന്നെ ഒരു ലക്ഷ്യമായിട്ടല്ല, ആത്മരക്ഷയും ദൈവസ്തുതിയും നേടുവാനുള്ള മാർഗ്ഗമായിട്ടാണു പരിണമിക്കുന്നതെന്നു മററുള്ളവർ അറിയുന്നില്ല.

തൊഴിൽ നമ്മെ ദൈവത്തോടുമാത്രമല്ല മനുഷ്യരോടും ചേർത്തുകെട്ടുന്നു. അതു സമുദായസേവനം അഭ്യസിക്കുവാനുള്ള കളരിയും മനുഷ്യസാഹോദര്യത്തിന്റെ അടിസ്ഥാനവുമാണു്. പരസഹായംകൂടാതെ ഏകാകിയായി തന്റെ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുവാൻ മനുഷ്യൻ അശക്തനാണു്. ഈ അശക്തിയിലാണു തൊഴിലിന്റെ സാമൂഹികസ്വഭാവം അധിഷ്ഠിതമായിരിക്കുന്നതു്. മററുള്ളവരോടുകൂടി തൊഴിലിലേർപ്പെടുന്ന മനുഷ്യൻ സമുദായത്തോടു തനിക്കുള്ള കടപ്പാടു സ്ഥിരീകരിക്കുകയും സ്വാഭാവികമായ പരസ്നേഹത്തെ പ്രവൃത്തിമൂലം പ്രത്യക്ഷമാക്കുകയും ചെയ്യുന്നു. അന്യർക്കു പ്രയോജനകരമായ വസ്തുക്കൾ നിർമ്മിച്ചുകൊണ്ടു് അവരുടെ സൗഭാഗ്യം അയാൾ വർദ്ധിപ്പിക്കുന്നു. തൊഴിൽവഴിയായി നമ്മുടെ സഹോദരനെ നമ്മിൽനിന്നു് അകററുകയല്ല ഉത്തരോത്തരം നമ്മോടു് അടുപ്പിക്കുകയാണു വേണ്ടതു് എന്നത്രേ സഭാമാതാവു നിഷ്കർഷിക്കുന്നതു്.

തൊഴിലിനെ വർഗ്ഗീയകലഹത്തിന്റെ ഉൽപത്തിസ്ഥാനമായും തൊഴിലാളിയെ മുതലാളിയുടെ നിത്യശത്രുവായും ചിത്രീകരിക്കുന്നതാണു കമ്മ്യൂണിസത്തിനു പററുന്ന തെററു്. ഭാര്യയ്ക്കും ഭർത്താവിനും ജീവിതത്തിൽ നിർവ്വഹിക്കുവാനുള്ള ധർമ്മങ്ങൾ വിഭിന്നങ്ങളാകയാൽ അവർ സദാ പരസ്പരം വഴക്കടിച്ചുകൊള്ളണമെന്നു വാദിക്കുന്നതുപോലെയാണു് ഈ സിദ്ധാ

ന്തം. തൊഴിലാളിയുടെ അദ്ധ്വാനവും മുതലാളിയുടെ അദ്ധ്വാനവും ഒരേയൊരു ശൃംഖലയുടെ കണ്ണികളാണു്. ഇരുകൂട്ടരുടേയും ആവശ്യങ്ങൾ സാധിക്കുവാൻവേണ്ടിയുള്ള ഒരു പൊതു സംരംഭത്തിൽ അതു് അവരെ അന്യോന്യം ബന്ധിക്കുന്നു. മുതൽകൂടാതെ തൊഴിലാളിക്കോ തൊഴിൽകൂടാതെ മുതലാളിക്കോ ജീവിക്കുക ശക്യമല്ല.

പതിനൊന്നാം പീയൂസിനെ ശ്രവിച്ചാലും: "തൊഴിൽ ചെയ്യുന്നവരും ചെയ്യിക്കുന്നവരുമായ എല്ലാ പൗരന്മാരുടെയും നിസ്തന്ദ്രപരിശ്രമംവഴിയായിട്ടല്ലാതെ യാതൊരു രാജ്യവും ദാരിദ്ര്യത്തിൽനിന്നു സമൃദ്ധിയിലേയ്ക്കു് ആരോഹണം ചെയ്തിട്ടില്ലെന്നു ലോകത്തിൻെറ അനുഭവം നമ്മെ പഠിപ്പിക്കുന്നു. എങ്കിലും സർവ്വലോകത്തിൻെറയും സ്രഷ്ടാവായ ദൈവം തൻെറ കാരുണ്യാതിരേകം നിമിത്തം പ്രകൃതിയുടെ വിഭവസമ്പത്തും അതിൻെറ അമൂല്യനിക്ഷേപങ്ങളും ശക്തികളും ആദ്യമായി നമുക്കു നല്കിയില്ലായിരുന്നുവെങ്കിൽ മനുഷ്യൻെറ ഏതു് അവിശ്രമപരിശ്രമവും നിഷ്ഫലമായിട്ടേ ഇരിക്കുമായിരുന്നുള്ളുവെന്നതു സ്വയം സ്പഷ്ടമാണു്. തൊഴിലെന്നു പറയുന്നതു്, കായികവും മാനസികവുമായ നമ്മുടെ ശക്തികളെ വികസിപ്പിക്കുവാൻ അവയെ പ്രകൃതിവിഭവങ്ങളുടെമേൽ നാം പ്രയോഗിക്കുന്ന വ്യാപാരവിശേഷമല്ലാതെ മറെറന്താണു്? മനുഷ്യൻെറ ജീവിതാവശ്യങ്ങൾ നിറവേററുവാൻ ഇങ്ങനെ പ്രകൃതിവിഭവങ്ങളുടെമേൽ നമ്മുടെ ശക്തികളെ നാം പ്രയോഗിക്കുന്നതു ശരിയായ ക്രമത്തിലായിരിക്കണമെന്നു പ്രകൃതിനിയമം അനുശാസിക്കുന്നു. പ്രകൃതിനിയമം ഈശ്വരഹിതത്തിൻെറ പ്രകാശനമാണല്ലോ. തന്മൂലം ഇതു ദൈവത്തിൻെറ കല്പനതന്നെയാണു്. ഓരോ വസ്തുവിനും ഉടമസ്ഥന്മാരായിരിക്കുക എന്നതത്രേ ഈ ക്രമം. സ്വന്തമായി വസ്തുവില്ലാത്തവൻ സ്വപ്രയത്നം അന്യരുടെ വസ്തുവിൽ നിക്ഷേപിക്കുവാൻ നിർബന്ധിതനായിത്തീരുന്നു. പ്രയത്നിക്കുന്നവൻ

വസ്തുവിൻെറ ഉടമസ്ഥനമായി എന്തെങ്കിലും ഒരു ഉടമ്പടിയു ണ്ടാക്കാതെ ഇതു സാദ്ധ്യമല്ല. അങ്ങനെ ഒരുവൻെറ അദ്ധ്വാനവും അപരൻെറ വസ്തുവും തമ്മിൽ സംയോജിക്കുന്നു. അവർ പരസ്പരാപേക്ഷകരായി ബന്ധിക്കുകയും ചെയ്യുന്നു. ഇതുദ്ദേശിച്ചാണു 'മുതലാളിയെക്കൂടാതെ തൊഴിലാളിക്കും തൊഴിലാളിയെക്കൂടാതെ മുതലാളിക്കും ജീവിക്കുക സാദ്ധ്യമല്ലെ'ന്നു പതിമൂന്നാം ലെയോ തിരുമനസ്സുകൊണ്ടു് എഴുതിയതു്. ഇരുക്കൂട്ടരുടെയും സംയുക്തയത്നത്തിൻെറ ഫലം മുഴുവൻ ഒരുവൻേറതാണെന്നുള്ള പ്രസ്താവം തന്മൂലം അവാസ്തവമത്രെ. ഇതരൻെറ അവകാശം വിഗണിച്ചുകൊണ്ടു് ആദായം മുഴുവൻ തൻേറതാണെന്നു് ഒരുവൻ സിദ്ധാന്തിക്കുന്നപക്ഷം അതു് അനീതിയുടെ അരങ്ങേററമായിരിക്കും."

(കാർഡ്രേജ സീമോ അന്നോ)

ഒരു രാജ്യത്തിൻെറ ഭൗതികപരിഷ്കാരം അഭിവൃദ്ധി പ്രാപിക്കുംതോറും അവിടത്തെ ജനങ്ങളുടെ പരസ്പരബന്ധം ദൃഢതരമായിത്തീരുന്നു. റോഡുകൾ, കമ്പിത്തപാൽ, വാഹനങ്ങൾ, റെയിൽവേ, കപ്പലുകൾ മുതലായവയെല്ലാം മനുഷ്യനെ മനുഷ്യനോട്ട് ഉത്തരോത്തരം അടുപ്പിക്കുകയാണു ചെയ്യുന്നതു്. നമ്മുടെ അയൽക്കാരൻ നമ്മിൽനിന്നു് അകലെയല്ല. അയാൾ ഭൂഗോളത്തിൻെറ മറുവശത്തിരുന്നാലും അയാളുടെ സ്വരം നാം കേൾക്കുകയും രൂപം കാണുകയും ചെയ്യുന്നു. ഇന്നത്തെ കണ്ടുപിടുത്തങ്ങളും യന്ത്രവിശേഷങ്ങളുമെല്ലാം ഭൗതികമാത്രങ്ങളാണെന്നുള്ള ജല്പനം അപക്വചിന്തയുടെ ഫലമാണു്. എപ്പോഴെങ്കിലും അവ അങ്ങനെയായിത്തീരുന്നുവെങ്കിൽ അതു് അവയുടെ കുററമല്ല. നമ്മെ ദൈവത്തോടും സഹജീവികളോടും സമീപിപ്പിക്കുന്ന ഘടകങ്ങൾ വിജാതീയങ്ങളല്ല; രണ്ടിൻേറയും ഉൽപത്തിസ്ഥാനം ഒന്നാണു്: അതായതു തൊഴിൽ.

ദൈവത്തിൻെറ സൃഷ്ടികർമ്മം നമ്മുടെ പ്രവൃത്തിവഴി

യായി നാം തുടരുന്നതുനിമിത്തമാണു തൊഴിൽ മനുഷ്യനെ പ്രകൃതിയോടു ബന്ധിക്കുന്നുവെന്നു പ്രസ്താവിച്ചതു്. അപ്പോസ്തലന്റെ ഭാഷയിൽ പറഞ്ഞാൽ, മനുഷ്യൻ ദൈവത്തിന്റെ സഹപ്രവർത്തകനാണു്. വിശ്വൈകശില്പിയായ അവിടുന്നു തന്റെ പ്രതിച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ഇതരവസ്തുക്കളെ നമ്മുടെ രൂപത്തിൽ ആക്കിത്തീർക്കുന്നതിനുള്ള കലാത്മകമായ കഴിവും അവിടുന്നു നമ്മിൽ നിക്ഷേപിച്ചു. ശൂന്യതയിൽനിന്നു ചരാചരങ്ങളെ മുഴുവൻ ഭാവാവസ്ഥയിലാക്കിയ സർവ്വശക്തൻതന്നെയാണു് ഒരു വസ്തുവിൽനിന്നു വേറൊരു വസ്തു ഉണ്ടാക്കുവാനുള്ള ശക്തി മനുഷ്യനു കൊടുക്കുന്നതു്. ജീവിതത്തിനു് ആവശ്യമുള്ള വസ്തുക്കൾ ആവശ്യപ്പെടുന്ന രൂപത്തിൽത്തന്നെയുണ്ടാക്കി മുൻകൂട്ടി എല്ലാം തയ്യാറാക്കിയശേഷം മനുഷ്യനെ ലോകത്തിലേയ്ക്കു് അവതരിപ്പിക്കുകയല്ല ദൈവം ചെയ്തതു്. തനിക്കാവശ്യമുള്ള പദാർത്ഥങ്ങൾ മനുഷ്യൻ യഥേഷ്ടം നിർമ്മിച്ചുകൊള്ളണമെന്നാണു സ്രഷ്ടാവിന്റെ അഭിമതം. അതിനുവേണ്ട ഉപകരണങ്ങളും അവിടുന്നു പ്രദാനംചെയ്തു. അതായതു ബുദ്ധിശക്തിയും പ്രകൃതിവിഭവങ്ങളും. പ്രകൃതിവസ്തുക്കളും ബുദ്ധിശക്തിയും കൂടിയുള്ള പ്രവർത്തനം ഒരുവിധത്തിൽ പറഞ്ഞാൽ മനുഷ്യന്റെ 'സൃഷ്ടികർമ്മ'മാണു്. ഈ വീക്ഷണകോണത്തിൽനിന്നു നോക്കിയാൽ, തൊഴിൽ ഓരോരുത്തരുടേയും സ്വന്തമാണെന്നു കാണാം. ജീവിതത്തോടൊപ്പം തൊഴിലും വ്യക്തിപരം അഥവാ പുരുഷാത്മകമാണെന്നു സിദ്ധം. പ്രകൃതിവിഭവങ്ങളും മനുഷ്യശക്തിയും തമ്മിലുള്ള ഈ സംയോഗത്തിന്റെ ഫലമാണു നാഗരികത. ഭൗതികപദാർത്ഥത്തിന്മേൽ മനുഷ്യൻ മുദ്രണം ചെയ്യുന്ന ആശയങ്ങളും ചിന്തകളും എത്ര ഉൽകൃഷ്ടമായിരിക്കുമോ, അത്രയ്ക്കു് അതിൽനിന്നുളവാകുന്ന നാഗരികതയും വിശിഷ്ടമായിരിക്കും. ഇങ്ങനെയെങ്കിൽ, തന്റെ സഹജീവികൾക്കു ജീവനാശം വരുത്തുവാൻവേണ്ടി വിഷവാതകം തയ്യാ

റാക്കുന്ന ഒരു തൊഴിലാളി നാഗരികതയെയല്ല, നാരകീയത യെയത്രേ ത്വരിതപ്പെടുത്തുന്നതു്. ഉത്തമമായ പരിഷ്കാര ത്തിൽ സച്ചിന്തയ്ക്കുള്ള സ്ഥാനം എത്ര വലുതാണെന്നു് ഇതിൽ നിന്നു വിശദമാണല്ലോ. നമ്മുടെ വിശ്വാസവും വിചാരവും എങ്ങനെയിരുന്നാലും തരക്കേടില്ല, പ്രവൃത്തി നന്നായിരുന്നാൽ മതി എന്നു നാം പലപ്പോഴും കേൾക്കാറുണ്ടു്. എത്ര അർത്ഥ ശൂന്യമായ ഒരു പല്ലവിയാണതു്! വിശ്വാസമെങ്ങനെയോ, അങ്ങനെയായിരിക്കും പ്രവൃത്തിയും. പ്രകൃതിയുടെ നിക്ഷേപ ങ്ങളെ നാം വിനിയോഗിക്കുന്ന വിധത്തിൽനിന്നു നമ്മുടെ ചി ന്താഗതി ഏതുതരത്തിലുള്ളതാണെന്നും ഓരോ വസ്തുവിനും എന്തു വിലയാണു നാം കല്പിക്കുന്നതെന്നും നിഷ്പ്രയാസം അനുമിക്കാം. ധാരാളം വിശുദ്ധന്മാരുള്ള ഒരു കാലഘട്ടത്തെ ക്കാൾ, ധാരാളം ഇലക്ട്രിക്കുദീപങ്ങളുള്ള കാലഘട്ടമാണു കൂടു തൽ പരിഷ്കൃതമെന്നു് ആരെങ്കിലും പറയുമോ? നിക്ഷേപം എവിടെയോ അവിടെ ഹൃദയവും. മനുഷ്യാത്മാവു ദൈവത്തി ന്റെ പ്രസാദവരത്തോടു സഹകരിക്കുന്നതുപോലെ മനുഷ്യൻ ഈശ്വരനിർമ്മിതമായ പ്രകൃതിവസ്തുക്കളോടു യഥായോഗ്യം സഹകരിച്ചു പ്രവർത്തിക്കുന്ന കാലമേതോ അതാണു കത്തോ ലിക്കന്റെ ദൃഷ്ടിയിൽ, സാക്ഷാൽ പരിഷ്കാരകാലം. സൃ ഷ്ടവസ്തുക്കളെ മനുഷ്യൻ പരിപൂർണ്ണതയിലെത്തിക്കണമെന്നാ ണു് ഈശ്വരനിശ്ചയം. ശ്രീയേശുനാഥൻ മനുഷ്യവർഗ്ഗത്തെ പരിത്രാണം ചെയ്തതുപോലെ മനുഷ്യൻ ഭൗതികവസ്തുക്കളെ ഉദ്ധരിച്ചു രക്ഷിക്കുന്നു. ആ പരിത്രാണത്തെയാണു പ്രയത്നം അഥവാ തൊഴിൽ എന്നു സംബോധനം ചെയ്യുന്നതു്. യഥാ ർത്ഥമായ നാഗരികത ഇപ്പറഞ്ഞ രണ്ടു പരിത്രാണകൃത്യങ്ങ ളുടെയും സംയുക്തഫലമത്രേ. സൃഷ്ടവസ്തുക്കൾ മനുഷ്യനെയും മനുഷ്യൻ സ്രഷ്ടാവായ ദൈവത്തെയും യഥാവിധി സേവിക്കു മ്പോൾ നാഗരികത പൂർത്തിയായി.

ഇങ്ങനെ തൊഴിൽ മനുഷ്യനെ സ്രഷ്ടാവിനോടും സമസ്ത

ഷ്ടിയോടും പ്രകൃതിയോടും ചേൎത്തു ബന്ധിക്കുന്നുവെന്നു നാം കണ്ടുകഴിഞ്ഞു. പ്രസ്തുത ബന്ധങ്ങൾ മൂന്നും തൊഴിലാളിയുടെ മൂന്നു മൗലികപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം യഥാക്രമം വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. അചഞ്ചലമായ ഒരു നിലയാണ് ഇക്കാൎയ്യത്തിൽ കത്തോലിക്കാസഭ അവലംബിക്കുന്നതു്.

ജീവനക്കൂലി സംബന്ധിച്ചുള്ളതാണ് ആദ്യത്തെ പ്രശ്നം. തൊഴിലാളിക്കു കൊടുക്കുന്ന കൂലി അവന്റെ ജീവസന്ധാരണത്തിനും കുടുംബസംരക്ഷണത്തിനും പൎയ്യാപ്തമായിരിക്കണമെന്നു സഭ നിർബന്ധിക്കുന്നതിന്റെ രഹസ്യമെന്തായിരിക്കും? തീർച്ചയായും അവന് ഒന്നാംതരം രണ്ടു കാറും അതിനടുത്ത മററു് അമിതാഡംബരങ്ങളും ഉണ്ടാക്കിക്കൊടുക്കണമെന്നുദ്ദേശിച്ചല്ല. പ്രത്യുത, യാതൊന്നിനായി അവന്റെ ആത്മാവു സൃഷ്ടിക്കപ്പെട്ടുവോ അതിന്റെ പ്രാപ്തിക്കു ദാരിദ്ര്യം ഒരിക്കലും പ്രതിബന്ധമായിത്തീരരുതെന്നു മാത്രമേ അവൾക്കു് ഉദ്ദേശ്യമുള്ളു. തൊഴിൽ നമ്മെ ദൈവത്തോടു സമീപിപ്പിക്കുന്നുവെന്ന തത്ത്വവും ജീവനക്കൂലിയും തമ്മിൽ ബന്ധമുണ്ടെന്നു പ്രസ്താവിച്ചതു് ഇക്കാരണത്താലാണ്. കറവപ്പശുവിനെ നാം തീററി വളൎത്തുന്നതു് അതിന്റെ പാലിനുവേണ്ടിയാണ്. മനുഷ്യനെ അങ്ങനെയല്ല. മനുഷ്യനെ മനുഷ്യനായിരിക്കുവാൻവേണ്ടിത്തന്നെ നാം സംരക്ഷിക്കണം. മനുഷ്യനായിരിക്കുക എന്നു പറഞ്ഞാൽ മറെറാരു സൃഷ്ടിയെക്കാളും കൂടുതൽ വിലയുള്ളവനായിരിക്കുക എന്നൎത്ഥം. കൂലി മനുഷ്യനുവേണ്ടിയാണ്: അല്ലാതെ, മനുഷ്യൻ കൂലിക്കുവേണ്ടിയല്ല. വിശന്നിരിക്കുമ്പോൾ പ്രാൎത്ഥിക്കുക വിഷമമാണ്. അതുപോലെ സാധാരണങ്ങളായ ജീവിതസൗകൎയ്യങ്ങൾകൂടാതെ ബുദ്ധിശക്തിയെയാകട്ടെ ആദ്ധ്യാത്മികശക്തിയെയാകട്ടെ പുഷ്ടിപ്പെടുത്തുവാൻ മനുഷ്യനു സാധിക്കുകയില്ല. അതുകൊണ്ടാണ് ഒരു തൊഴിലാളിക്ക് അവന്റെ ജീവിതാവശ്യങ്ങൾക്കു മതിയായ കൂലി കിട്ടണമെന്നു

നാം വാദിക്കുന്നതു്. അദ്ധ്യാത്മികമൂല്യങ്ങൾ, മാനസികശക്തികൾ ഇവയൊക്കെയാണു മനുഷ്യന്റെ യഥാർത്ഥസ്വത്തു്. അവന്റെ ഐഹികജീവിതം എത്ര സുഖസമൃദ്ധമായിരുന്നാലും ശരി, അതല്ല അവന്റെ ജീവിതലക്ഷ്യം, ഐഹികജീവിതമൊരു മാർഗ്ഗം മാത്രമാണു് — സത്യത്തിൽ എത്തിച്ചേരുവാനും നന്മ പ്രവർത്തിക്കുവാനുമുള്ള വെറുമൊരുപകരണം. സത്യപ്രാപ്തിയിലും സൽപ്രവൃത്തിയിലുമാണു് ആത്മാവിന്റെ പൂർണ്ണമായ ജീവൻ അടങ്ങിയിരിക്കുന്നതു്. ആത്മാവാണു ദൈവത്തിന്റെ ച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. സൃഷ്ടികളുടെ മകുടവും രാജാവുമായി മനുഷ്യനെ ഉയർത്തുന്ന അധികാരപൂർണ്ണത സ്ഥിതിചെയ്യുന്നതും ആത്മാവിലാണു്. "ഭൂമി മുഴുവൻ നിറഞ്ഞു് അതു നീ കീഴടക്കുക. സമുദ്രത്തിലെ മത്സ്യങ്ങളുടെമേലും ആകാശത്തിലെ പറവകളുടെമേലും ഭൂമുഖത്തു സഞ്ചരിക്കുന്ന സകല ജീവജാലങ്ങളുടെമേലും നീ അധികാരം നടത്തുകയും ചെയ്യുക"(R. N). അതുകൊണ്ടാണു വേലക്കൂലി, ജോലിസമയം, തൊഴിൽശാലയുടെ ചുററുപാടുകൾ മുതലായവയെക്കുറിച്ചു ചിന്തിക്കാതെ പാരത്രികകാര്യങ്ങളിൽമാത്രം ദൃഷ്ടിപതിക്കുവാനോ പാരത്രികകാര്യങ്ങളെല്ലാം വിസ്മരിച്ചു ലൗകികാഭിവൃദ്ധിയിൽമാത്രം മനസ്സിരുത്തുവാനോ സഭ വിസമ്മതിക്കുന്നതു്. അതു രണ്ടും അമിതനിലകളാണു്. 'അതിസർവ്വത്ര വർജ്ജയേൽ' എന്നാണല്ലോ. അവൾ മദ്ധ്യവർത്തിനിയാണു്. രണ്ടിലും ഉൽസുകയാണു്. കാരണം, തൊഴിലും നിത്യാനന്ദവും അഭേദ്യങ്ങളാണെന്നു് അവൾക്കറിയാം. തൊഴിലാളിയുടെ സുഖസൗകര്യാദികളെക്കുറിച്ചു സഭയ്ക്കു് ഉൽകണ്ഠയുണ്ടു്. പക്ഷേ അവന്റെ നില നന്നാക്കുവാൻ അവൾ ശ്രമിക്കുന്നതു് അവനെ സ്വതന്ത്രനാക്കുവാൻവേണ്ടിയാണു്. ജീവസന്ധാരണത്തിനുള്ള വക കൂടാതെ അദ്ധ്യാത്മികാഭിവൃദ്ധി സാദ്ധ്യമല്ലതന്നെ. പുണ്യവാനും പണ്ഡിതോത്തംസവുമായ അക്വിനാസ് ഇങ്ങനെ പറയുന്നു: "മനുഷ്യന്റെ സുസ്ഥിതിക്കു രണ്ടു കാര്യങ്ങളാണാവ

ശ്യം. പ്രഥമവും പ്രധാനവുമായി, സുകൃതങ്ങൾ അഭ്യസിക്കുക; രണ്ടാമത്തു്, സുകൃതാചരണത്തിനു് ആവശ്യകമായ ഭൗതികവസ്തുക്കൾ വേണ്ടിടത്തോളമുണ്ടായിരിക്കുക". നിത്യരക്ഷയും മാനമായി ജീവിക്കുവാൻവേണ്ട സാമ്പത്തികാവകാശങ്ങളും തമ്മിൽ അവിഭാജ്യങ്ങളാണെന്നുള്ള സഭയുടെ ഉൽബോധനം തന്നെയാണു് ഈ വാക്കുകളിൽ പ്രതിധ്വനിക്കുന്നതു്.

രണ്ടാമത്തെ പ്രശ്നം വർഗ്ഗീയപോരാട്ടമാണു്. തൊഴിൽ സഹജീവിയോടു നമ്മെ ബന്ധിക്കുന്നുവെന്ന സഭയുടെ സിദ്ധാന്തവും, കമ്മ്യൂണിസത്തിന്റെ വർഗ്ഗീയസമരവാദവും തമ്മിൽ ചേരുകയില്ല. തൊഴിലിന്റെ സ്വഭാവംതന്നെ ഭിന്നിപ്പിക്കുകയല്ല, യോജിപ്പിക്കുകയാണു്. ഒരു വസ്തുവിന്റെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ടു ജോലിക്കാർ ഒരേകൃത്യംതന്നെയാണു നിർവ്വഹിക്കുന്നതു്. എന്തുകൊണ്ടു സഭ വർഗ്ഗീയമത്സരത്തെ എതിർക്കുന്നുവെന്നു ചോദിച്ചാൽ, തൊഴിൽ അന്യോന്യസാമീപ്യത്തിന്റെ അടിസ്ഥാനമാകകൊണ്ടു് എന്നാണുത്തരം. അത്യാഗ്രഹികളായ മുതലാളിമാരെയും വിപ്ലവകാരികളായ തൊഴിലാളിനേതാക്കന്മാരെയും ഗവണ്മെന്റുതന്നെ കടിഞ്ഞാണിട്ടു നിർത്തിക്കൊള്ളണമെന്നു് അതുകൊണ്ടാണു സഭ ആവശ്യപ്പെടുന്നതു്. "അതിരില്ലാത്ത ദ്രവ്യഗ്രഹം എവിടെയും വിളയാടുന്ന ഇക്കാലത്തു മനുഷ്യരെ അവരുടെ ധർമ്മപരിധിക്കുള്ളിൽ ഒതുക്കിനിർത്തേണ്ടതു് അത്യാവശ്യമാണു്. തന്റെ നില നന്നാക്കുവാൻ ന്യായാനുസൃതമായ മാർഗ്ഗങ്ങളിൽക്കൂടിയെല്ലാം ആർക്കും ശ്രമിക്കാം. എന്നാൽ അന്യന്റെ മുതൽ കയ്യേറ്റം ചെയ്യുവാനും അപ്രായോഗികവും ഗർഹണീയവുമായ ഒരു സമത്വവാദത്തിന്റെ മറപിടിച്ചുകൊണ്ടു് അയല്ക്കാരന്റെ സ്വത്തു കവർന്നെടുക്കുവാനും നീതിയാകട്ടെ പൊതുജനക്ഷേമമാകട്ടെ ആരെയും അനുവദിക്കുന്നില്ല. അന്യനെ ദ്രോഹിച്ചു മുതൽ സമ്പാദിക്കുവാനല്ല, സ്വപ്രയത്നംകൊണ്ടും സന്ന്യസന്ധതകൊണ്ടും ഒരു നല്ല നിലയിലെത്തുവാനാണു തൊ

ഴിലാളികളിൽ ഭൂരിപക്ഷത്തിനും ഇഷ്ടമെന്നുള്ളതു എതിരില്ലാത്ത പരമാർത്ഥമാണു്. പക്ഷേ, തലതിരിഞ്ഞ ചില ആദർശങ്ങളുമായി, ജനതാമദ്ധ്യത്തിൽ അസ്വാസ്ഥതകൾ കുത്തിപ്പൊക്കുവാനും രക്തപ്പുഴയിൽ മാഘസ്നാനം വരുത്തുവാനുംവേണ്ടി മുറവിളികൂട്ടുന്നവരുടെ സംഖ്യയും കുറവല്ല. ഇത്തരം സമാധാനഭഞ്ജകന്മാരെ അമർച്ചചെയ്തു് അവരുടെ കൃത്രിമതന്ത്രങ്ങളിൽനിന്നു തൊഴിലാളിലോകത്തെ രക്ഷിക്കുവാനും ഉടമസ്ഥന്മാരുടെ നിയമാധിഷ്ഠിതമായ സ്വത്തു മററുള്ളവർ കയ്യേറാതെ സൂക്ഷിക്കുവാനും രാഷ്ട്രം ജാഗരൂകമായിരിക്കണം".

(റേരും നൊവാരും)

തൊഴിൽ മനുഷ്യനെ ദൈവവുമായി യോജിപ്പിക്കുന്നുവെന്നുള്ള ക്രൈസ്തവതത്വം നാം വിസ്മരിച്ചതുകൊണ്ടാണു് അതു് അയൽക്കാരനോടു നമ്മെ ബന്ധിക്കുന്നുവെന്നുള്ള രണ്ടാമത്തെ വസ്തുതയും നാം മറക്കുവാനിടയായതു്. വാർത്താവിതരണത്തിലും ഗതാഗതസൗകര്യങ്ങളിലും ഉണ്ടാകുന്ന പുതിയ പരിഷ്കാരങ്ങളോരോന്നും വാസ്തവത്തിൽ മനുഷ്യരെ ഐക്യത്തിലേയ്ക്കു് ഉപര്യുപരി അടുപ്പിക്കുകയാണു വേണ്ടതെങ്കിലും അവ കൂടുതൽ കൂടുതൽ അഭിപ്രായഭിന്നതയ്ക്കു വഴിതെളിക്കുന്നതായിട്ടാണു് അനുഭവം.

'രണ്ടും രണ്ടും നാലു്' എന്നു തുടങ്ങിയ ഗണിതശാസ്ത്രതത്വങ്ങൾ എല്ലാ ശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നതിനാൽ അവ അവരുടെ പരസ്പരബന്ധത്തിന്റെ ആധാരമായിപ്പരിണമിക്കുന്നു. വിശ്വാസസത്യങ്ങൾ സഭാസന്താനങ്ങളെയും അന്യോന്യം ബന്ധിക്കുന്നു. അതുപോലെ നമ്മുടെ പൊതുവായ ഭൗതികപുരോഗമനവും ഐക്യത്തിനാണു വഴിതെളിക്കേണ്ടതു്. പരിഷ്കാരം അഭിവൃദ്ധിപ്പെടുന്തോറും മനുഷ്യരെല്ലാവരും ഒരു പിതാവിന്റെ സന്താനങ്ങളും ഒരു കുടുംബത്തിലെ അംഗങ്ങളുമാണെന്നുള്ള ബോധവും വളർന്നുവരേണ്ടതാണു്. പക്ഷേ സംഭവിക്കുന്നതു് അങ്ങനെയല്ല. ഡഗ്ലസ് ജെറോൾഡ്

(Douglas Jerrold) പറയുന്നതുപോലെ, നമ്മുടെ ബന്ധം വിസ്തൃതമാകുന്തോറും ബന്ധത്തിൻെറ ആഴം വിസ്മൃതമാകുന്നതായിട്ടാണു കണ്ടുവരുന്നതു്.

"പതിനെട്ടാം നൂററാണ്ടിൻെറ അവസാനത്തിൽ മററൊരു ഗ്രഹത്തിൽനിന്നു ഭൂമിയിലെത്തിയ ഒരു സന്ദർശകൻ, ഭൂമിയിലെ ഇന്നത്തെ സ്ഥിതി എന്തായിരിക്കുമെന്നു്, അന്നു താൻ കണ്ട ചുററുപാടുകളെ ആധാരമാക്കി ഊഹിക്കുന്നുവെന്നു സങ്കല്പിക്കുക. ഒരു നൂററാണ്ടുകാലത്തെ ശാസ്ത്രാഭിവൃദ്ധിയുടെ ഫലമായ വിജ്ഞാനവിതരണത്തെക്കുറിച്ചുള്ള അയാളുടെ അഭ്യൂഹം യാഥാർത്ഥ്യത്തിൽനിന്നു് എത്രയോ വിഭിന്നമായിരിക്കും! ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ വർദ്ധിച്ചതുനിമിത്തം, അന്നു സർവ്വത്ര കാണപ്പെട്ടിരുന്ന തൻകാര്യചിന്തയും മററും ഇപ്പോൾ പമ്പകടന്നിരിക്കുമെന്നും, നിർബ്ബന്ധിതവിദ്യാഭ്യാസത്തിൻെറ ഫലമായി പരിഷ്കൃതരാജ്യങ്ങളിലെല്ലാം മനുഷ്യരെല്ലാവരും സംസ്കാരസമ്പന്നരായിത്തീർന്നിരിക്കുമെന്നും, പത്രപ്രവർത്തകന്മാരെക്കൊണ്ടു പരിഷ്കൃതമാനദണ്ഡങ്ങൾ സ്വീകരിപ്പിക്കത്തക്ക വിധത്തിൽ പൊതുജനങ്ങളുടെ വിവേചനാശക്തി ഉയൎന്നു കഴിഞ്ഞിരിക്കുമെന്നും അയാൾ അനുമിക്കും. അച്ചടിവിദ്യയിൽ വന്നിട്ടുള്ള അത്ഭുതകരങ്ങളായ പരിഷ്കാരങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ, നല്ലനല്ല പുസ്തകങ്ങൾ കുറഞ്ഞവിലയ്ക്കു് എല്ലാത്തരക്കാരുടേയും ഇടയിൽ ധാരാളം പ്രചരിക്കുന്നുവെന്നും, ലോകത്തിൻെറ ഏതു കോണിലുമുണ്ടാകുന്ന വിശേഷങ്ങൾ മിന്നൽവേഗത്തിൽ സകലരുമറിയുന്നുവെന്നും, സാഹിത്യാദിസുകുമാരകലകളെക്കുറിച്ചു നല്ല ജ്ഞാനവും പൊതുക്കാര്യങ്ങളിൽ ശരിയായ അഭിപ്രായം പറയുവാൻമാത്രമുള്ള പാകതയും കൈവരാത്തവരായി ആരും കാണുകയില്ലെന്നും അയാൾ വിചാരിക്കും. അതുപോലെ, കമ്പിയില്ലാക്കമ്പി മുതലായവയുണ്ടായിട്ടുള്ള പരിഷ്കാരങ്ങളെക്കുറിച്ചു കേൾക്ക

മ്പോഠം, മററു കാര്യങ്ങളൊക്കെ എങ്ങനെയിരുന്നാലും മനുഷ്യകലത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചു പഠിക്കുവാനും ദേശീയവും വർഗ്ഗീയവുമായ മുൻവിധികളും തെററിദ്ധാരണകളും അവസാനിപ്പിക്കുവാനും അജ്ഞതയെ ഭൂമുഖത്തുനിന്നു് ഉച്ചാടനം ചെയ്യുവാനും പര്യാപ്തമായ ഒരു മാർഗ്ഗം മനുഷ്യൻ കണ്ടുപിടിച്ചുകഴിഞ്ഞുവെന്നും അയാഠം അനുമാനിക്കും.

“പക്ഷേ ഈ അനുമാനങ്ങളിൽ ഓരോന്നും പരമാബദ്ധമായിരിക്കും. അജ്ഞത, മതരാഹിത്യം, വർഗ്ഗീയമുൻവിധികഠം, ദേശീയമത്സരങ്ങഠം മുതലായി ഒരു നൂറുവർഷങ്ങഠംമുമ്പു ലോകത്തിൽ കാണപ്പെട്ടിരുന്ന തിന്മകളോരോന്നും ഇന്നു് ഊഹിക്കുവാൻപോലും കഴിയാത്തവിധത്തിൽ വളർന്നുകഴിഞ്ഞിരിക്കുന്നു. അവയുടെ വേരുകൾ നമ്മുടെ നാഗരികതാസൗധത്തിന്റെ അടിക്കല്ലുപോലും ഇളക്കിക്കളയുമെന്ന മട്ടിലായിട്ടുണ്ടു്. നെപ്പോളിയൻ ആരംഭിച്ച ആ ദേശീയസമരം, ആധുനിക യൂറോപ്പിനെയും പൗരാണികനാഗരികതയെയും തമ്മിൽ യോജിപ്പിക്കുന്ന ചങ്ങലയുടെ അവസാനക്കണ്ണികൂടെയും വിച്ഛേദിച്ചു സമുദായത്തിന്റെ അസ്ഥികൂടം പുറത്തുനിന്നുകൊണ്ടു തകർക്കത്തക്കവിധത്തിൽ ഇന്നു പുനരാവിർഭവിച്ചിരിക്കുന്നു. പൗരാണികനാഗരികതയിൽനിന്നു ലോകചരിത്രത്തിനു ലഭിച്ചിട്ടുള്ള പിതൃസ്വത്താണു ദേശീയപരിഗണനകഠക്കു് അതീതമായ ഒരേകാധിപത്യത്തെക്കുറിച്ചുള്ള ബോധം. അതേസമയം, അജ്ഞതയുടെ ഫലമായ അസൂയയും ദ്വേഷ്യവുംകൂടി സമുദായധർമ്മത്തെ അകത്തുനിന്നുകൊണ്ടു് ഇടിച്ചുനിരത്തുവാൻ ശ്രമിക്കുന്നു.”

സത്യവും ജീവിതോദ്ദേശ്യവുമാകുന്ന സാമാന്യഘടകങ്ങഠം നഷ്ടമായതുനിമിത്തമാണു മനുഷ്യരുടെ സാഹോദര്യചിന്ത ഇങ്ങനെ ഛിന്നഭിന്നമായിത്തീർന്നതു്. കർതൃനിഷ്ഠമായ തോന്നലുകഠക്കപ്പുറം സത്യമോ, ക്ഷണികമായ ഭൗതികതാൽ

പത്ത്യങ്ങളൊഴിച്ച മനുഷ്യജീവിതത്തിന്ന മററു ലക്ഷ്യമോ ഇല്ലെന്നു ശഠിച്ചുകൊണ്ടു നമ്മുടെ കഴിവുകളെ നാം ദുർവ്വിനിയോഗിച്ചു. ഐകൃത്തിൻെറയും ശാന്തിയുടേയും ഇഴകറം നെയ്തുചേർത്തു മനുഷ്യരെ അന്യോന്യം ബന്ധിക്കുന്നതിന്നുപകരം അവരുടെ അകല്ച്ച വദ്ധിപ്പിക്കുവാനാണ നമ്മുടെ ശ്രമം മുഴുവനും.

തൊഴിലില്ലായ്മ—അതാണ് ഒരു തൊഴിലാളിക്കു നേരിടേണ്ട മൂന്നാമത്തേ വൈഷമ്യം. പ്രകൃതിയിൽ കാണുന്ന അസംസ്കൃതപദാത്ഥങ്ങളെ സ്വപ്രയത്നംകൊണ്ടു സംസ്കരിച്ച് ഉദ്ധരിക്കുന്ന മനുഷ്യൻ പരിഷ്കാരത്തിൻെറ പുരോഗമനത്തെ സഹായിക്കുന്നു. തൊഴിലിന്ന പ്രകൃതിയുമായുള്ള ഈ ബന്ധം നാഗരികതയുടെ അടിസ്ഥാനമാണെന്നു പറയാം. തൊഴിലില്ലായ്മയെ സഭ പ്രതിഷേധിക്കുന്നതും ഇതുകൊണ്ടാണ്. നാഗരികതയെ മുമ്പോട്ടു നയിക്കുന്ന പ്രയത്നശാലികളുടെ അണിനിരയിൽ തനിക്കു സ്ഥാനമില്ലല്ലോ എന്ന ഖേദമാണ് ആത്മാഭിമാനമുള്ള ഒരു തൊഴിലാളിയെ തൊഴിലില്ലായ്മയുടെ കാലങ്ങളിൽ മുഖ്യമായി പീഡിപ്പിക്കുന്നത്. തൊഴിൽ ചെയ്യുന്നവൻ വിശ്രമത്തിനുള്ള അവകാശവും അവസരവും സമ്പാദിക്കുന്നു; തൊഴിലില്ലായ്മയാകട്ടെ ആരും സമ്പാദിക്കുന്നതല്ല. ചുററും കാണുന്ന പരിഷ്കൃതലോകത്തിൽ തനിക്കു യാതൊരു പങ്കുമില്ലെന്നുള്ള ചിന്ത ഒരു തൊഴിലും ചെയ്യുവാനില്ലാത്ത മനുഷ്യൻെറ ഹൃദയത്തെ സദാ കരണ്ടുകൊണ്ടിരിക്കും. അതുകൊണ്ടാണ തൊഴിലില്ലായ്മമൂലം മനുഷ്യൻെറ സാമ്പത്തികവശത്തിനെന്നതിനെക്കാറം ധാർമ്മികവശത്തിനാണ കൂടുതൽ ഇടിവു തട്ടുന്നതെന്നു കത്തോലിക്കാസഭ അഭിപ്രായപ്പെടുന്നത്. മടിശ്ശീല ശോഷിക്കുന്നുവെന്നല്ല, ഹൃദയം ശുഷ്കമാകുന്നുവെന്നത്രേ തൊഴിലില്ലായ്മയുടെ ഫലങ്ങളിൽ ഏററവും ദാരുണമായിട്ടുള്ളത്.

ദൈവത്തോടും സമസൃഷ്ടങ്ങളോടും പ്രകൃതിയോടും ബന്ധ

മില്ലാത്ത മനുഷ്യൻ അപൂർണ്ണനാണു്. ആ നിലയിൽ മുമ്പോട്ടു പോയാൽ അവന്റെ ചിന്താഗതിക്കു മാർഗ്ഗഭ്രംശം നേരിടും. തന്റെ ജീവിതാവശ്യങ്ങൾ സാധിച്ചുതരേണ്ട ഭാരം സമുദായത്തിന്റേതാണെന്നും അയൽക്കാരന്റെ സ്വത്തു തന്നെ അല്പാല്പമായി ചൂഷണംചെയ്തും വഞ്ചിച്ചും അയാൾ സമ്പാദിച്ചിട്ടുള്ളതാണെന്നും അവൻ വിചാരിച്ചുതുടങ്ങും. പിന്നീടു് എവിടെവച്ചെങ്കിലും ഒരു കമ്യൂണിസ്റ്റു് ഏജൻറിന്റെ തീപ്പൊരിപ്രസംഗം കേൾക്കാത്ത താമസമേയുള്ളു, സ്വകാര്യസ്വത്താണു സകല തിന്മകളുടെയും മൂലകാരണമെന്നും അസമത്വങ്ങളെയെല്ലാം തട്ടിനിരത്തി യഥാർത്ഥസ്വാതന്ത്ര്യം തൊഴിലാളികൾക്കു പ്രദാനംചെയ്യുന്ന ലോകത്തിലെ ഏക സംഘടന കമ്യൂണിസ്റ്റു പാർട്ടിയാണെന്നുമുള്ള ഭൂലോകവെടി. ആ പാവം വിശ്വസിക്കുവാൻ.

# ഏഴാം അദ്ധ്യായം

## തൊഴിലാളിയും സ്വാതന്ത്ര്യവും

മൗലികതത്വങ്ങൾ ഇങ്ങനെ വ്യക്തമായി. തൊഴിലാളിപ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുന്ന കാര്യത്തിൽ അവയെ എങ്ങനെയെല്ലാം പ്രയോഗിക്കാമെന്നാണു് ഇനി നോക്കേണ്ടതു്. തൊഴിലിന്റെ പൂർവ്വചരിത്രത്തെയും തൊഴിലാളി ഇന്നു സഹിച്ചുകൊണ്ടിരിക്കുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ മുതലായ അവശതകളെയുംകുറിച്ചു പര്യാലോചിക്കുമ്പോൾ, തൊഴിലാളികളോടു് അവരുടെ ചുമതലകളെപ്പററി പ്രസംഗിക്കുവാൻ ആർക്കും മടി തോന്നും. നേരെമറിച്ചു്, മർദ്ദിതരുടേയും പരിത്യക്തരുടേയും പേരിൽ അലിവു തോന്നുന്നവർക്കു്, എപ്പോഴും തൊഴിൽക്കാരുടെ ഭാഗം പിടിച്ചു വാദിക്കുന്ന വിപ്ലവകാരികളെ അനുകൂലിക്കുവാൻ ഒരു വിഷമവുമില്ല. വിപ്ലവകാരികൾ തൊഴിലാളിയുടെ നന്മയെക്കാൾ തൻകാര്യമാണു പ്രധാനമായി ഉന്നുന്നതെന്നു പലപ്പോഴും തൊഴിലാളികൾതന്നെ മനസ്സിലാക്കുകയില്ല. നാം തൊഴിലാളികളുടെ ശത്രുവാണെന്നും പൊതുജനങ്ങളോടു് അനുഭാവമില്ലാത്തവരാണെന്നും മററും ആരൊക്കെ കൊട്ടിഘോഷിക്കുമായിരുന്നാലും ശരി, വിപ്ലവകാരികൾ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം അപ്രായോഗികമാണെന്നു തുറന്നുപറയുവാൻ തക്ക ചങ്കുറപ്പു നമുക്കുണ്ടായിരിക്കണം. അവർ പറയുന്നതു് ഒരിക്കലും നടപ്പുള്ള കാര്യമല്ല. റഷ്യയിൽ അവരതു പരീക്ഷിച്ചുനോക്കി. ഫലം പരാജയമായിരുന്നു. റഷ്യയുടെ ദയനീയമായ അനുഭവം നമുക്കു പാഠമായിരിക്കേണ്ടതാണു്.

സ്വാതന്ത്ര്യത്തെ പുനഃപ്രതിഷ്ഠിക്കണമെന്നു നാം മുതലാളികളെ ഉൽബോധിപ്പിച്ചുകഴിഞ്ഞു. ഇനി തൊഴിലാളികളോടാണു രണ്ടു വാക്കു പറയുവാൻ ശേഷിച്ചിരിക്കുന്നത്.

മുതലാളിമാരും കമ്മ്യൂണിസ്റ്റുകാരും തൊഴിലാളിക്കു സ്വൈരമുരുവിട്ടുകൊടുക്കുന്ന ഒരു പാഠമുണ്ട്—അതായത് തൊഴിൽ ഒരു കച്ചവടസാധമാണെന്ന്. ആ പാഠം തൊഴിലാളികൾ ഒരു നാളും പഠിച്ചുകൂടാ. തൊഴിൽ ഒരു ക്രയവിക്രയവസ്തുവാണെന്നു തൊഴിലാളി സമ്മതിച്ചുപോയാൽ, മുതലാളിമാർ ഏക്കമനുസരിച്ച് അതിനു വില പേശിത്തുടങ്ങും. കമ്മ്യൂണിസ്റ്റുകാർ തൊഴിലാളികളുടെമേൽ കുതിരകയറും. ഒരു വില്പനവസ്തു അഥവാ നിർമ്മാണോപകരണമെന്ന നിലയിൽ തൊഴിൽ കമ്പോളത്തിൽ പ്രത്യക്ഷപ്പെടട്ടേ, അപ്പോൾ കാണാം വാഴക്കുലയ്ക്കോ കോഴിമുട്ടയ്ക്കോ എന്നപോലെ ആവശ്യക്കാർ അതിനു വില പേശുന്നത്. തൊഴിലാളി ഒരു മനുഷ്യവ്യക്തിയാണെന്നോ കുടുംബനായകനാണെന്നോ യജമാനൻ കരുതുകയില്ല. ചന്തയിൽനിന്നു വാങ്ങിയ വസ്തുവാണെന്നായിരിക്കും യജമാനന്റെ ഭാവം. ജോലിക്കു കൂലി പേശുന്ന സമ്പ്രദായമേ നീതിരഹിതമാണെന്ന് ഇതുകൊണ്ടു വിധിക്കരുത്. "കൂലി പേശൽ തീർത്തും അനീതിപരമാണെന്നുള്ള വാദം തീർച്ചയായും തെററാണ്" (കാർഡിനൽ ജസിമോ ആന്റോ). കൂലിപേശലല്ല, കൂലി നിർണ്ണയിച്ചിരുന്ന വിധമാണ് അന്യായം. തൊഴിലിന്റെ ഏക്കമനുസരിച്ചു കൂലി കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നവർ തൊഴിലാളിയുടെ വ്യക്തിവിലാസത്തെ അപമാനിക്കുകയും മനുഷ്യവംശം മുഴുവനെയും രണ്ടായി വിഭജിക്കുകയുമാണു ചെയ്യുന്നത്. തൊഴിൽ ഏററവും കുറഞ്ഞ വിലയ്ക്കു വാങ്ങിക്കുവാൻ ഒരുകൂട്ടരും, അത് ഏററം കൂടിയ വിലയ്ക്കു വില്ക്കുവാൻ മററുള്ളവരും അവസരം നോക്കിയിരിക്കും. അനേകം ശതവത്സരങ്ങളായിട്ടു ലോകം ഇങ്ങനെയാണു ചെയ്തുപോരുന്നത്. തന്മൂലം ഒരു തൊഴിൽച്ചന്തയും മീൻചന്തയും തമ്മിൽ

സാരമായ വ്യത്യാസമെന്തെങ്കിലുമുള്ളതായി നമുക്ക് ഇന്നു തോന്നുന്നില്ല. ഒന്നിൽനിന്നു മത്സ്യവും മററതിൽനിന്നു മനുഷ്യനെയും വാങ്ങിക്കുന്നുവെന്നേ ഉള്ളൂ! ഈ അഭിപ്രായത്തെയാണു 1893-ൽ ലെയോ പതിമ്മൂന്നാമൻ ശക്തിയേറിയ ഭാഷയിൽ ഇങ്ങനെ പ്രതിഷേധിച്ചതു്: "ജോലിക്കാർ അടിമകളല്ലെന്നു മതം സമ്പന്നനെയും യജമാനനെയും ഉൽബോധിപ്പിക്കുന്നു. ക്രിസ്തുവിൻെറ അനുയായിയും മനുഷ്യസമുദായത്തിൻെറ അംഗവുമെന്ന നിലയ്ക്കു് ഓരോ വ്യക്തിക്കുമുള്ള മാഹാത്മ്യത്തെ മുതലാളിമാർ ആദരിക്കണമെന്നും, ശരിയായ യുക്തിയും ക്രിസ്തീയ തത്ത്വശാസ്ത്രവും അനുസരിച്ചു നോക്കുന്നപക്ഷം തൊഴിൽ ലജ്ജാകരമല്ലെന്നും, നേരേമറിച്ചു്, മാനമായി ജീവിക്കുവാൻ മനുഷ്യനെ ശക്തനാക്കുന്ന ബഹുമാനാർഹമായ ഒരു വ്യാപാരമാണു് അതെന്നും, ധനസമ്പാദനത്തിനുള്ള വെറുമൊരുപകരണമായി മനുഷ്യനെ കണക്കാക്കുന്നതാണു വാസ്തവത്തിൽ ലജ്ജാവഹവും മനുഷ്യാനുചിതവുമെന്നും സഭ അവരെ എന്നും അനുസ്മരിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. അതുപോലെ മതാനുഷ്ഠാനത്തിനും ആദ്ധ്യാത്മികവും മാനസികവുമായ വളർച്ചയ്ക്കു് ആവശ്യമുള്ള ഇതര പ്രവർത്തനങ്ങൾക്കും വേണ്ട സൗകര്യങ്ങൾ തൊഴിലാളിക്കു് അനുവദിച്ചുകൊടുക്കുവാനും, അസാന്മാർഗ്ഗികമായ വശീകരണശക്തികളിൽനിന്നും അപകടകരമായ സാഹചര്യങ്ങളിൽനിന്നും അവനെ കാത്തുരക്ഷിക്കുവാനും, കുടുംബാവശ്യങ്ങളെക്കുറിച്ചു ചിന്തയില്ലാതെ, കിട്ടുന്ന കൂലി മുഴുവൻ അവൻ ധൂർത്തടിച്ചു ചിതറിക്കാതെ നോക്കുവാനും മുതലാളിക്കു ചുമതലയുണ്ടു്. തൊഴിലാളികളുടെ ശക്തിയിൽക്കവിഞ്ഞതൊന്നും മുതലാളിമാർ അവരിൽനിന്നു് ഈടാക്കുകയാകട്ടെ അവരുടെ പ്രായത്തിനും വർഗ്ഗത്തിനും യോജിക്കാത്ത തൊഴിലുകളിൽ അവരെ നിയോഗിക്കുകയാകട്ടെ പാടില്ല" (റേരും നൊവാരും).

തൊഴിലിനു നേരിട്ടിരിക്കുന്ന വിപത്തിൻെറ സ്വഭാവം

ഇപ്പോൾ വിശദമായല്ലോ. തൊഴിലാളികൾക്കു് ഇന്നു് എവിടെയും കയററമാണു്: അവരതു് അർഹിക്കുന്നുമുണ്ടു്. മുതലാളികളാകട്ടെ അടിയറവു പറഞ്ഞു തുടങ്ങിയിരിക്കുന്നു. പക്ഷേ തൊഴിലാളികൾ തങ്ങളുടെ മനുഷ്യത്വവും സ്വാതന്ത്ര്യവും പരിരക്ഷിക്കുവാനല്ല, കൂടുതൽ കൂലിവാങ്ങിക്കുവാനുള്ള അവകാശം ഉറപ്പിച്ചുകിട്ടുവാൻമാത്രമാണു തിടുക്കം കൂട്ടുന്നതു്. അവരുടെ ഈ മനോഭാവം തൊഴിൽ ഒരു വില്പനവസ്തുവാണെന്നുള്ള മുതലാളിത്തമനോഭാവത്തെ പരോക്ഷമായി അനുകൂലിക്കുകയാണു ചെയ്യുന്നതു്. മുതലാളിയുടെ ശക്തിയെ തങ്ങളുടെ സംഘടനാബലംകൊണ്ടു് അടിപ്പെടുത്തി ആവശ്യമുള്ളതെല്ലാം അയാളിൽനിന്നു വാങ്ങിക്കുവാനാണു തൊഴിലാളികളുടെ പുറപ്പാടു്. തൊഴിലാളികൾ സുലഭമായിരുന്ന കാലങ്ങളിൽ യഥേഷ്ടം കൂലി കുറയ്ക്കുവാൻ മുതലാളിമാർക്കു സാധിച്ചിരുന്നു. അതുപോലെ, പണിമുടക്കുകൾകൊണ്ടും മററും തൊഴിലാളികളെ ഇഷ്ടാനുസരണം നിയന്ത്രിക്കുവാൻ തൊഴിലാളിസംഘടനകൾക്കു് ഇന്നു സാധിക്കും. തന്മൂലം, പണ്ടു മുതലാളിമാർ തങ്ങളോടു് അനുവർത്തിച്ച നയം ഇന്നു തൊഴിലാളികൾ അവരുടെ നേരേ അവലംബിച്ചുവരുന്നു. തങ്ങൾക്കു് അളന്ന അളവുകൊണ്ടു് അവർ തിരിച്ചളക്കുകയാണു്. ഇന്നലെ തൊഴിലാളി അനുഭവിച്ചതുപോലെ ഇന്നു മുതലാളി അതിൻെറ ഫലം അനുഭവിക്കുകയും ചെയ്യുന്നു. സമുദായമദ്ധ്യത്തിൽ സമാധാനമില്ലെന്നതാണു് ഇവയുടെയൊക്കെ ഫലം. "നമ്മുടെ പുരോഗാമി തൻെറ ചാക്രികലേഖനത്തിൽ പ്രസ്താവിച്ചതുപോലെ, തൊഴിൽ വിലയ്ക്കു വാങ്ങിക്കാവുന്ന ഒരു വസ്തുവല്ല. തൊഴിലാളിയുടെ മാനുഷികമഹിമയെക്കൂടി കൂട്ടിച്ചേർത്തുകൊണ്ടുവേണം തൊഴിലിനെ നാം പരിഗണിക്കുവാൻ. എങ്കിലും തൊഴിൽ ആവശ്യമുള്ളവരും അതു കൊടുക്കുവാനുള്ളവരും എന്നു രണ്ടുകൂട്ടരെയാണു് ഇന്നു ലോകത്തിൽ കാണുന്നതു്. രണ്ടു പാളയങ്ങളായി അവർ തിരിഞ്ഞിരിക്കുകയാണു്. അവർ തമ്മിൽ ഏററു

മുട്ടി പൊരുതുന്ന യുദ്ധരംഗമാണു തൊഴിൽച്ചന്ത. സമുദായത്തെ നാശഗർത്തത്തിലേയ്ക്കു പിടിച്ചുതള്ളുന്ന ഈ ദുരവസ്ഥയ്ക്കു തക്ക പരിഹാരം ഉടനടി ഉണ്ടാകേണ്ടിയിരിക്കുന്നു"

(കാൺഗ്രിജസിമോ ആന്റോ).

യാതൊരു മനസ്സാക്ഷിയുമില്ലാത്ത നേതാക്കന്മാരുടെ പിടിയിൽനിന്നു തൊഴിലാളികളെ വിടുവിക്കുന്നപക്ഷം ഇന്നത്തെ വർഗ്ഗീയമത്സരം ഒട്ടുമുക്കാലും ശമിക്കുമെന്നുള്ളതു തീർച്ചയാണ്. വിപ്ളവപരമായ വിവർത്തനത്തിനുവേണ്ടിനിലകൊള്ളുന്ന നേതാക്കന്മാർ തൊഴിലാളികളുടെ മോചനമല്ല വർഗ്ഗീയസ്പർദ്ധയുടെ ആളിക്കത്തലാണ് അഭിലഷിക്കുന്നതു്. "കമ്മ്യൂണിസത്തിന്റെ സാക്ഷാൽ സ്വഭാവം ചുരുക്കം ചിലർക്കുമാത്രമേ മനസ്സിലായിട്ടുള്ളു. പഞ്ചാരവാക്കുകളിലും വാഗ്ദാനങ്ങളിലും വളരെ സാമർത്ഥ്യപൂർവ്വം ഗോപനം ചെയ്തിരിക്കുന്ന അതിന്റെ കള്ളത്തരങ്ങൾക്കു ഭൂരിപക്ഷവും അടിപ്പെട്ടുപോകുന്നു. തൊഴിലാളികളുടെ ഉന്നമനമാണു തങ്ങളുടെ ഏകലക്ഷ്യമെന്നുള്ള ഭാവത്തിൽ, മുതലാളിത്തവ്യവസ്ഥിതിയുടെ നാശകരമായ ഫലങ്ങൾക്കെതിരായി ചന്ദ്രഹാസമിളക്കിക്കൊണ്ടു ലോകത്തിലുള്ള സ്വത്തു മുഴുവൻ നീതിപൂർവ്വം വിതരണം ചെയ്യണമെന്നു വാദിക്കുന്ന കമ്മ്യൂണിസ്റ്റുകാരൻ വാസ്തവത്തിൽ ഇന്നത്തെ സാമ്പത്തികമായ ദുർഘടസന്ധിയെ അവസരമാക്കി ജനങ്ങളെ വശീകരിക്കുവാനാണു ശ്രമിക്കുന്നതു്. സൈനികഭരണത്തിന്റേയും ഭൗതികമാത്രവാദത്തിന്റേയും തത്ത്വങ്ങളോട് അനുഭാവമില്ലാത്തവർപോലും അവരുടെ വലയിൽ ഉൾപ്പെട്ടുപോകും. കാരണം, അവർ ചൂണ്ടിക്കാണിക്കുന്ന ലക്ഷ്യം അത്ര പൂർണ്ണമായും നിസ്സന്ദേഹമായും നിയമാനുസൃതമത്രേ. ഏതൊരസത്യത്തിലുമുണ്ടായിരിക്കുമല്ലോ അല്പം സത്യാംശം. തങ്ങളുടെ സിദ്ധാന്തത്തിൽ അന്തർഭവിച്ചിരിക്കുന്ന ഇത്തരം അർദ്ധസത്യങ്ങളെ സാഹചര്യങ്ങൾക്കൊത്തപോലെ ചിത്രീകരിച്ചു കാണിക്കുവാൻ കമ്മ്യൂണിസ്റ്റുകാർക്കുള്ള വിരുതു് അ

ശ്ചയ്യാവഹമാണ്. കമ്മ്യൂണിസത്തിൻെറ തത്വങ്ങളിൽ അട ങ്ങിയിരിക്കുന്ന ബീഭത്സതയും മൃഗീയതയും ആവശ്യാനുസര ണം അവർ ഗോപനം ചെയ്തുകൊള്ളും: സാമാന്യം അറിവുള്ള വർപോലും അവർ പ്രസംഗിക്കുന്ന ആദർശങ്ങൾ അഭികാമ്യ മാണെന്നു സമ്മതിച്ചുപോകയും ചെയ്യും. ഇവരുടെ അനുഭാവം കമ്മ്യൂണിസത്തിന് ഒരു വലിയ നേട്ടമാണ്. അടുത്ത നിമിഷ ത്തിൽ ഇവർതന്നെ കമ്മ്യൂണിസത്തിൻെറ സജീവപ്രേഷിത ന്മാരായി രംഗപ്രവേശം ചെയ്യുകയും, അഭ്യസ്തവിദ്യരെങ്കിലും വേണ്ടത്ര വിവേചനാശക്തിയും പാകതയുമില്ലാത്തവരായ ജന ങ്ങളുടെയിടയിൽ ഇവരുടെ നൂതനാശയങ്ങൾ പടർന്നുപിടി ക്കുകയും ചെയ്യും. ജാതിസ്പർദ്ധകളും രാഷ്ട്രീയഭിന്നതകളും കമ്മ്യൂണിസ്റ്റുപ്രവർത്തകന്മാരുടെ വിദഗ്ദ്ധഹസ്തങ്ങളിൽ പ്രസ്തുതാശയങ്ങളുടെ പ്രചരണത്തിനു സമർത്ഥമായ കരുക്ക ളായി മാറും. സർവ്വകലാശാലകളിൽപ്പോലും തങ്ങളുടെ മുറി യുക്തികളുമായി അവർ നുഴഞ്ഞുകയറും. അവിടത്തെ പ്രബു ദ്ധതയില്ലായ്മയും അജ്ഞേയവാദത്തിൽ ചുവടുറപ്പിച്ചിരിക്കുന്ന ശാസ്ത്രത്തിൻെറ ഇന്നത്തെ സ്വഭാവവും അവരുടെ സിദ്ധാന്ത ങ്ങൾക്കു വളമായിത്തീരുകയും ചെയ്യും"

(ദിവീനി റെഡെംപ്തോരിസ്).

വർഗ്ഗീയസമരമല്ല വ്യവസായജീവിതത്തിൻെറ കാ തൽ. എന്തുകൊണ്ടെന്നാൽ ഒരു വിറകുകെട്ടിനു വില പറയുന്ന തുപോലെ തൊഴിലാളിയുമായി കൂലി പേശുന്നവൻ അവൻെറ മനുഷ്യത്വത്തെ വിഗണിക്കുന്നു. ഒരു വർഗ്ഗം മറെറാരു വർഗ്ഗത്തി ൻെറ ശത്രുവാണെന്നും ധനവാനും ദരിദ്രനും തമ്മിൽ ആജന്മ ശത്രുതയിൽ വർത്തിക്കുവാൻ പ്രകൃതിനിയമംതന്നെ നിർദ്ദേ ശിക്കുന്നുവെന്നുമുള്ള ധാരണ പരമാബദ്ധമാണ്. "അവയവങ്ങ ളുടെ ചേർച്ച മനുഷ്യശരീരത്തിൻെറ സുസ്ഥിതിക്ക് എങ്ങനെ യോ അതുപോലെയാണ രാജ്യാഭിവൃദ്ധിക്ക ഭിന്നവർഗ്ഗങ്ങൾ ത മ്മിലുള്ള യോജിപ്പ്. അതു പ്രകൃതിയുടെ നിയമംതന്നെയാ

ണ്. ഒരംഗം മറെറാരംഗത്തോടു യോജിച്ചുനിന്നെങ്കിൽമാത്രമേ രാഷ്ട്രശരീരത്തിനു നേരേ നില്ക്കുവാൻ സാധിക്കൂ. ഭിന്നവർഗ്ഗങ്ങൾ അന്യോന്യം ആശ്രയിച്ചുനില്ക്കുന്നു. മുതലാളിയെക്കൂടാതെ തൊഴിലാളിക്കും തൊഴിലാളിയെക്കൂടാതെ മുതലാളിക്കും ജീവിക്കുക സാദ്ധ്യമല്ല. അവർ തമ്മിൽ യോജിച്ചുപോയാൽ എവിടെയും ക്രമവും സ്വസ്ഥതയും കാണും. മത്സരിച്ചാൽ വ്യവസായം താറുമാറാകും. അഴിമതികൾ വർദ്ധിക്കുകയും ചെയ്യും" (൧൩-ാം നൊവാരും).

വ്യവസായത്തിൽനിന്നുണ്ടാകുന്ന ആദായം ഇരുകൂട്ടരുടേയും സഹകരണത്തിന്റെ ഫലമായതുകൊണ്ട് അതിന്റെ അംശം തൊഴിലാളികൾക്കുകൂടെ കിട്ടേണ്ടതാണ്. പക്ഷേ, ആദായവീതത്തിനു തൊഴിലാളികൾക്ക് അവകാശമില്ലെന്നു മുതലാളിവർഗ്ഗവും മുതലാളികൾക്ക് അവകാശമില്ലെന്നു കാറൽ മാക്ക്സ് പ്രഭൃതികളും തട്ടിമൂളിക്കുന്നു. "ഒരു കൂട്ടർ മറെറാരുകൂട്ടരെ ആദായവീതത്തിൽനിന്നു മാററിനിർത്തുന്ന നയം നിഷിദ്ധമാണ്. അമിതസമ്പത്തുകൊണ്ടു മതിമറന്ന ചില കുബേരന്മാർ തൊഴിലാളികൾക്കു കൊടുക്കാതെ ആദായം മുഴുവൻ തങ്ങളെടുക്കുന്നതു നീതിയാണെന്നു കരുതുന്നുണ്ടെങ്കിലും പരിപാവനമായ ഒരു നിയമം യാതൊരുത്തരവാദിത്വചിന്തയുമില്ലാതെ അതിലംഘിക്കുകയാണ് അവർ ചെയ്യുന്നത്. അതുപോലെ ഉടമസ്ഥാവകാശമില്ലെങ്കിലും ലാഭം മുഴുവൻ തങ്ങളുടെ വിയർപ്പുതുള്ളികളുടെ ഫലമാണെന്നും തന്മൂലം അതു മുഴുവനായും തങ്ങൾക്കു കിട്ടേണ്ടതാണെന്നും അവകാശവാദം മുഴക്കുന്ന തൊഴിലാളികളും പ്രസ്തുത നിയമം ലംഘിക്കുന്നു. മുതലാളി കാണിക്കുന്ന അനീതി അവരെ കലികൊള്ളിക്കുകയും, ന്യായാനുസൃതമായ ഒരവകാശം സ്ഥാപിച്ചുകിട്ടുവാനുള്ള ശ്രമത്തിൽ അവർ അതിരുകടന്നു പല സാഹസകൃത്യങ്ങളിൽ ചെന്നുചാടുകയും ചെയ്യുന്നു. തൊഴിൽചെയ്തു സമ്പാദിക്കാത്തതായ ഉടമയും ആദായവും എല്ലാം ഒന്നാകെ ഉന്മൂലനം ചെയ്യുവാൻ അ

വർ ഇറങ്ങിത്തിരിക്കുന്നു. ആദായം എന്തുതരത്തിലുള്ളതാണെന്നോ ഉടമാവകാശത്തിനു മനുഷ്യസമുദായത്തിലുള്ള സ്ഥാനമെന്താണെന്നോ അവർ നോക്കുകയില്ല. ജോലിചെയ്തു സമ്പാദിച്ചതല്ലെന്നുള്ള ഏകകാരണത്താൽ അവയെല്ലാം നശിപ്പിക്കപ്പെടണമത്രെ. . . . ആകയാൽ ഓരോ വർഗ്ഗത്തിനും അതർഹിക്കുന്ന ആദായാംശം കിട്ടേണ്ടതാണു്. രാജ്യത്തിൻെറ പൊതുനന്മയും സാമൂഹികനീതിയുമനുസരിച്ചു വിഭവങ്ങൾ വിതരണം ചെയ്യുകയും വേണം. സ്വത്തു മുഴുവൻ ചിലരുടെ കൈകളിൽ തടിച്ചുകൂടുകയും അധികംപേരും നിലയില്ലാത്ത ദാരിദ്ര്യത്തിൽ മുങ്ങുകയും ചെയ്യുന്നതുനിമിത്തം ഉണ്ടാകുന്ന ഭയങ്കരമായ അസമത്വമാണു് ആധുനികസമുദായത്തിലെ ഏററവും വലിയ വിപത്തെന്നു് ഓരോ സൂക്ഷ്മനിരീക്ഷകനും മനസ്സിലായിട്ടുണ്ടു്. ഇനിയെങ്കിലും ഇങ്ങനെ പററാതെ നാം സൂക്ഷിക്കണം. ആദായത്തിൻെറ ന്യായ്യമായ ഓഹരിമാത്രം മുതലാളിയുടെ കൈയിൽ ചെന്നു ചേരുവാനും ആവശ്യത്തിനു ധാരാളം മതിയാകുന്ന സ്വത്തു തൊഴിലാളികളുടേതായിരിക്കുവാനും നാം കരുതലുള്ളവരായിരിക്കണം. തൊഴിലാളി തൊഴിലിൽനിന്നു ക്രമേണ വിരമിക്കണമെന്നല്ല ഇതിൻെറ സാരം. ആകാശസഞ്ചാരം പക്ഷികൾക്കു് എങ്ങനെയോ അതുപോലെ തൊഴിൽ മനുഷ്യർക്കു നൈസർഗ്ഗികമാണു്..... കിട്ടുന്ന പണം സൂക്ഷിച്ചു ചെലവുചെയ്തു കുടുംബസംരക്ഷണം നടത്തുകയും സന്താനങ്ങൾക്കായി അല്പമൊക്കെ സമ്പാദിക്കുകയും ചെയ്യുവാൻ തൊഴിലാളികൾ സാധിക്കണം.

"നമ്മുടെ മുൻഗാമി ഈ ആശയങ്ങൾ സൂചിപ്പിക്കുകമാത്രമല്ലചെയ്തിട്ടുള്ളതു്. അസന്ദിഗ്ദ്ധമായ ഭാഷയിൽ അദ്ദേഹം അവ ലോകത്തോടു പ്രഖ്യാപനം ചെയ്തു. ഈ വിശ്വലേഖനത്തിൽ നാം അതു പൂർവ്വാധികം ശക്തിപൂർവ്വം ആവർത്തിച്ചുകൊള്ളുന്നു. സർവ്വശക്തികളുമുപയോഗിച്ചും കാലവിളംബംകൂടാതെയും പ്രസ്തുതാദർശങ്ങൾ പ്രവൃത്തിയിലേക്കു പകർത്തിയില്ലെ

ങ്കിൽ ഇന്നത്തെ വിപ്ലവശക്തികൾക്കെതിരായി മനുഷ്യസമുദായത്തിന്റെ ശാന്തിയും സമാധാനവും നിലനിർത്തിക്കൊണ്ടു പോകാമെന്ന് ആരും ആശിക്കേണ്ടാ" (ക്വാഡ്രജെസിമോ ആന്നോ).

അപ്പോൾ, ഇന്നു നിലവിലിരിക്കുന്ന കൂലിസമ്പ്രദായത്തിൽ പല ഭേദഗതികളും വരുത്തണമെന്നാണോ സഭയുടെ അഭിപ്രായം? അതേ; അങ്ങനെതന്നെ. "ഇന്നത്തെ കൂലിസമ്പ്രദായം കഴിയുന്നത്ര പങ്കുപങ്കാതിയായി രൂപാന്തരപ്പെടുത്തുക അഭിലഷണീയവും അധുനാതന സാമൂഹികസ്ഥിതിക്കു കൂടുതൽ അനുയോജ്യവുമായിരിക്കുമെന്നാണു നമ്മുടെ പക്ഷം. പരീക്ഷിച്ചുനോക്കിയതിൽ, തൊഴിലാളികൾക്കും മുതലാളികൾക്കും അതു പലപ്രകാരത്തിലും ഗുണകരമായിരിക്കുമെന്നാണു കാണുന്നതും. ഇതുവഴിയായി വ്യവസായത്തിന്റെ ഉടമസ്ഥതയിലും നടത്തിപ്പിലും ആദായത്തിലും തൊഴിലാളികൾകൂടി പങ്കുകാരായിത്തീരുന്നു" (ക്വാഡ്രജെസിമോ ആന്നോ).

പറഞ്ഞൊത്ത കൂലിയല്ലാതെ തൊഴിലാളിക്കു കൂടുതലെന്തെങ്കിലും കൊടുക്കുവാൻ മുതലാളി ബാദ്ധ്യസ്ഥനാണോ? അല്പം വിഷമമുള്ള ചോദ്യമാണിതു്. ലെയോ പതിമ്മൂന്നാമൻ തന്നെ അതിനു മറുപടി പറയട്ടെ: "വളരെ പ്രധാനമായതും, ശരിയായി ചിന്തിക്കാത്തപക്ഷം അമിതാഭിപ്രായങ്ങളിൽ ചെന്നു ചാടുവാൻ എളുപ്പമുള്ളതുമായ ഒരു വിഷയത്തെക്കുറിച്ചാണു നാം പ്രതിപാദിക്കുവാൻതുടങ്ങുന്നതു്. ചിലർ പറയും, കൂലി ഇരുകൂട്ടരും സ്വതന്ത്രമായും പൂർണ്ണസമ്മതത്തോടുകൂടിയും പറഞ്ഞൊക്കുന്നതാണു്, അതുകൊണ്ടു കരാറനുസരിച്ചുള്ള കൂലി കൊടുത്തുതീർക്കുന്നതിൽക്കൂടുതലൊന്നും ഉടമസ്ഥനു ചെയ്യുവാനില്ലെന്നു്. മുതലാളി പറഞ്ഞൊത്ത കൂലി മുഴുവൻ കൊടുക്കാതിരിക്കുകയോ തൊഴിലാളി ഏറ്റേറ്റിടത്തോളം ജോലി ചെയ്തുതീർക്കാതിരിക്കയോ ചെയ്യുന്നതുമാത്രമേ അനീതിയാകുക

യുള്ളൂ. അതുകൊണ്ടു് അപ്പോൾമാത്രം രാഷ്ട്രം ഇടപെട്ടാൽ മതിയത്രേ.

"ഇങ്ങനെ വാദിക്കുന്നവർ അതിപ്രധാനമായ പല കാര്യങ്ങളും നിശ്ശേഷം അവഗണിക്കുകയാണു ചെയ്യുന്നതു്. തന്മൂലം നീതിബോധമുള്ള ഒരു മനുഷ്യൻ അതു സമ്മതിച്ചുതരുകയില്ല."

ഉടമ്പടിയനുസരിച്ചുള്ള കൂലിമാത്രം കൊടുത്താൽപ്പോരെന്നു പറയുന്നതിന്റെ കാരണവും പരിശുദ്ധപിതാവു ചൂണ്ടിക്കാണിക്കുന്നു. തൊഴിലിനു രണ്ടു വശങ്ങൾ അഥവാ ധർമ്മങ്ങളുണ്ടു്: വ്യക്തിപരമെന്നും സാമൂഹികമെന്നും. ഇക്കാര്യത്തിൽ തൊഴിലും സ്വകാര്യസ്വത്തും തമ്മിൽ വളരെ സാധർമ്മ്യമുണ്ടു്. സ്വത്തുണ്ടായിരിക്കുവാൻ വ്യക്തികൾക്കുള്ള അവകാശം അനിഷേധ്യമാകയാൽ സ്വത്തു വ്യക്തിപരമാണു്. എന്നാൽ പൊതുനന്മയ്ക്കു് ഹാനി സംഭവിക്കാത്തവിധത്തിൽമാത്രമേ സ്വകാര്യസ്വത്തു് ഉപയോഗിക്കാവൂ എന്നുള്ളതുകൊണ്ടു സ്വത്തു സാമൂഹികമാണെന്നും പറയാം.

വ്യക്തിപരമായ നിലയിൽ നോക്കുന്നപക്ഷം, അദ്ധ്വാനിക്കുന്ന ഒരു തൊഴിലാളി തന്റെ സ്വന്തമായ ഒരു വസ്തു വ്യവസായത്തിനു കൊടുക്കുകയാണു ചെയ്യുന്നതു്. വിഭവോൽപാദനത്തിനു് ആവശ്യമുള്ള ഇതരപദാർത്ഥങ്ങൾ മററുള്ളവർ എങ്ങനെ വ്യവസായത്തിനു കൊടുക്കുന്നുവോ അതുപോലെ തൊഴിലാളി തന്റെ ദേഹശക്തി വ്യവസായത്തിനുവേണ്ടി വ്യയംചെയ്യുന്നു. ജോലി കഴിയുമ്പോഴേക്കു അവൻ ക്ഷീണശരീരനായി കാണപ്പെടുന്നതു് അതുകൊണ്ടാണു്. ഇതാണു തൊഴിലിന്റെ വ്യക്തിപരമായ വശം.

പക്ഷേ തൊഴിലാളി വെറുമൊരു വ്യക്തിയല്ല. അയാൾ ഒരു കുടുംബാംഗമാണു്; ഒരുപക്ഷേ കുടുംബത്തലവനായിരിക്കും. അതുപോലെ, അയാൾ ജോലി ചെയ്യുന്നതു മുതലാളികളോടും മാനേജരന്മാരോടും ചേർന്നുകൊണ്ടാണു്, അല്ലാതെ തനിച്ചല്ല.

ഉടമസ്ഥനോടും മാനേജരോടും യോജിച്ചുകൊണ്ട് അസംസ്കൃതപദാർത്ഥങ്ങളെ അയാൾ സാമ്പത്തികവിഭവങ്ങളായി രൂപാന്തരപ്പെടുത്തുന്നു. ഈ നിലകളിൽ പരിഗണിക്കുമ്പോളാണു തൊഴിലിൻെറ സാമൂഹികധർമ്മം വ്യക്തമാകുന്നത്. വിഭവോൽപാദനത്തിൽ പങ്കെടുക്കുന്ന ഘടകങ്ങൾ മൂന്നാണ്— മൂലധനം (ഇതിൽ അസംസ്കൃതപദാർത്ഥങ്ങൾ, കെട്ടിടങ്ങൾ, യന്ത്രങ്ങൾ മുതലായവയെല്ലാം ഉൾപ്പെടുന്നു), ബുദ്ധിശക്തി, അദ്ധ്വാനം. പക്ഷേ, വിഭവോൽപാദകഘടകങ്ങൾ ഏതൊക്കെയാണെന്നു ചോദിച്ചാൽ, മൂലധനവും തൊഴിലും എന്നുമാത്രമായിരിക്കും അധികംപേരും ഇന്നു മറുപടിപറയുന്നത്. ബുദ്ധിശക്തിയുടെ അഥവാ നിർവ്വഹണശക്തിയുടെ കാര്യം അത്ര എടുത്തുപറയാറില്ല. തൊഴിലും മൂലധനവും വ്യവസായത്തിന് അപരിത്യാജ്യങ്ങളാണ്. ഇവ രണ്ടിൽ ഏതാണു പ്രധാനമെന്നു ചോദിക്കുന്നത്, വലത്തുകാലിനാണോ ഇടത്തുകാലിനാണോ കൂടുതൽ പ്രാധാന്യമെന്നു ചോദിക്കുന്നതുപോലെയാണ്.

വ്യക്തിപരമായ നിലയിൽ തൊഴിലാളിക്ക് ഒരു പ്രതിഫലം കിട്ടുന്നുണ്ട്; അതാണു കൂലി. എന്നാൽ തൊഴിലിൻെറ സാമൂഹികധർമ്മത്തിന് ഒരു പ്രതിഫലവും അയാൾക്കു കിട്ടുന്നില്ല; അതു ന്യായമായി കിട്ടേണ്ടതാണ്. സ്വത്തിൻെറ ഉൽപാദനത്തിൽ അയാൾകൂടി സഹകരിച്ചിട്ടുള്ള നിലയ്ക്ക്, അതിൽനിന്ന് എന്തെങ്കിലും ആദായമുണ്ടായാൽ അതിലും ഒരംശത്തിന് അയാൾക്കവകാശമുണ്ട്. ഇന്നത്തെ സാഹചര്യങ്ങൾ കൂടി പരിഗണിക്കുന്നപക്ഷം ഈ അവകാശവാദത്തിനുള്ള സാംഗത്യവും ശക്തിയും ഒന്നുകൂടി സ്പഷ്ടമാകും. പണം മുടക്കുന്നവനല്ല ഇക്കാലത്തു വ്യവസായം അല്ലെങ്കിൽ വ്യാപാരം നടത്തുന്നത്. ധനത്തിൻെറ ഉടമസ്ഥതയിൽ ധനം കൈകാര്യം ചെയ്യുവാനുള്ള അവകാശംകൂടി അന്തർഭവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുതാവകാശം ഉടമസ്ഥൻ മറെറാരാളിനു വിട്ടുകൊടുക്കുന്നു. അ

യാളാണ് ഓർഗനൈസർ അല്ലെങ്കിൽ നിർവ്വാഹകൻ. വ്യവസായത്തിൻെറ ഉത്തരവാദിത്വം മുഴവൻ ഓർഗനൈസർക്കാണ്. ഉടമാവകാശത്തിൻെറ ഒരു മൌലികഘടകമായ ഉത്തരവാദിത്വം ഇങ്ങനെ ഒരു നിർവ്വാഹകനു വിട്ടുകൊടുത്തശേഷം, ആദായം മുഴവൻ തനിക്കു കിട്ടണമെന്നു മുതലാളി വാദിക്കുന്നതു നീതിയല്ല. ഉടമസ്ഥതയും ഉത്തരവാദിത്വവും ഒരാളിൽ നിക്ഷിപ്തമായിരുന്ന പഴയകാലത്തു് ആ വാദത്തിനു ശക്തിയുണ്ടായിരുന്നു. ആധുനിക വ്യവസായപ്രവൎത്തനങ്ങളിൽ തൊഴിലാളിയാണു സജീവമായി പങ്കെടുക്കുന്നതു്. മുതലാളി സജീവമായി യാതൊന്നും ചെയ്യുന്നില്ല. സ്വത്തിൻെറ ഉൽപാദനത്തിൽ മുതലാളിയെക്കാൾ കൂടുതൽ സജീവമായി പങ്കെടുക്കുന്ന തൊഴിലാളിക്കുകൂടി ലാഭത്തിൻെറ ഒരംശം കിട്ടണമെന്നു വാദിക്കുന്നതു നീതിയല്ലെന്നു പറയുവാൻ ആർക്കു കഴിയും?

മൂലധനം, കായികാദ്ധ്വാനം, ബുദ്ധിശക്തിയുടെ വ്യാപാരം— ഇവ മൂന്നിൻെറയും സഹകരണംകൂടാതെ ഒരു വ്യവസായവും സാദ്ധ്യമല്ല. ശരീരത്തിനു ശ്വാസകോശമെങ്ങനെയോ അങ്ങനെയാണു വ്യവസായത്തിനു തൊഴിൽ. തൊഴിലാളികളിൽ ഏതെങ്കിലും പ്രത്യേകവ്യക്തികളുടെ സേവനം വേണ്ടെന്നു വയ്ക്കുവാൻ കഴിയും. പക്ഷേ, ഒരു തൊഴിലാളിയുടേയും സഹായംകൂടാതെ മൂലധനവും മററുപകരണങ്ങളുംകൊണ്ടുമാത്രം സമുദായത്തിനു് ആവശ്യമുള്ള സാമ്പത്തികവിഭവങ്ങൾ നിൎമ്മിക്കാമെന്നു കരുതുന്നതു ഭോഷത്തമാണു്. സഹകരിച്ചു പ്രവൎത്തിക്കുകയെന്നതു മനുഷ്യൻെറ സ്വഭാവമാണു്. "വൎദ്ധിച്ചു പെരുകുക" എന്നു കല്പിച്ചുകൊണ്ടു ഭൂമിയെ ജനനിബിഡമാക്കുന്ന കാൎയ്യത്തിൽ തന്നോടു സഹകരിക്കുവാൻ ദൈവം ആരംഭത്തിൽത്തന്നെ മനുഷ്യനെ ക്ഷണിച്ചു. കാലത്തിൻെറ തികവിൽ ഈ ക്ഷണം പ്രകൃത്യതീതമായ മണ്ഡലത്തിലേയ്ക്കു കൂടി വ്യാപിച്ചു. പീഡാനുഭവത്തിൻെറ തലേരാത്രിയിൽ, "എൻെറ ഓൎമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ" എന്നിങ്ങനെ

ഭോജനശാലയിൽവച്ച ക്രിസ്തുനാഥന്റെ അധരപുടങ്ങളിൽനിന്നും ആ നിശയുടെ നിശ്ശബ്ദതയിലേയ്ക്കു് അടർന്നുവീണ തിരുമൊഴികൾ, തന്റെ ദിവ്യബലി സൂര്യോദയംമുതൽ അസ്തമയംവരെ ലോകാവസാനത്തോളം വീണ്ടും വീണ്ടും നവീകരിക്കുവാൻ അവിടുന്നു മനുഷ്യവർഗ്ഗത്തോടു ചെയ്ത ഗഹനഗംഭീരമായ ഒരാഹ്വാനമായിരുന്നു. പരിഷ്കാരം എത്ര പുരോഗമിച്ചാലും, ജീവിതം എത്ര കെട്ടുപിണഞ്ഞതായിത്തീർന്നാലും ശക്തി, പരസ്പരസഹകരണം മനുഷ്യർക്കു് അപരിത്യാജ്യമാണെന്നുള്ള തത്വത്തിനു മാററമൊന്നുമില്ല. തൊഴിലാളിയുടെ സേവനം മൂലധനത്തോളംതന്നെ വ്യവസായത്തിനു് ആവശ്യകമല്ലെന്നു വിശ്വസിക്കുന്ന മുതലാളിമാരുണ്ടെങ്കിൽ അവർ തൊഴിലാളിയെക്കൂടാതെ തങ്ങളുടെ വ്യവസായം നടത്തിക്കൊണ്ടുപോകാമോ എന്നു് ഒന്നു പരീക്ഷിച്ചുനോക്കട്ടെ. അപ്പോളറിയാം അതിന്റെ അസാദ്ധ്യത.

## ആദായം

തൊഴിലാളികൾക്കു ചെല്ലേണ്ട ജീവനക്കൂലിയും മുതലാളിക്കു കൊടുക്കേണ്ട ന്യായ്യമായ ആദായവും കെട്ടിടങ്ങളുടേയും യന്ത്രങ്ങളുടേയും മററും കേടുപാടുകൾ പോക്കുന്നതിനു് ആവശ്യമുള്ള തുകയും കൊടുത്തുതീർത്തശേഷം ബാക്കിയുള്ള ആദായത്തിന്റെ ഒരംശം തൊഴിലാളിക്കുകൂടി നല്കുന്നതിനാണു് ആദായവിഭജനമെന്നു് ഇവിടെ പറയുന്നതു്. ഇതു കേൾക്കുമ്പോൾ, "കിട്ടാനുള്ള കൂലി തൊഴിലാളിക്കു കിട്ടിക്കഴിഞ്ഞില്ലേ? വ്യവസായത്തിന്റെ കാര്യത്തിൽ അയാൾക്കു യാതൊരുത്തരവാദിത്വവും വഴിയില്ലാത്ത സ്ഥിതിക്കു് ആദായത്തിനു് എന്തവകാശമാണുള്ളതു്?" എന്നു മുതലാളി ചോദിച്ചേക്കാം. കൂലി, തൊഴിലാളിയിൽനിന്നു ലഭിക്കുന്ന വ്യക്തിപരമായ പ്രയോജനത്തിന്റെ വില മാത്രമേ ആകുന്നുള്ളുവെന്ന പരമാർത്ഥം ഓർമ്മിക്കാത്തതുകൊണ്ടാണു മുതലാളി ഇങ്ങനെ ആക്രോശിക്കുവാൻ ഇട

യാകുന്നതു്. കൂലി തൊഴിലാളിയുടെ സാമൂഹികസഹകരണത്തിനുള്ള പ്രതിഫലമല്ല. സ്വത്തിന്റെ ഉൽപാദനത്തിൽ മുതലാളിയോടും വ്യവസായത്തിന്റെ പ്രവർത്തകന്മാരോടും സഹകരിക്കുന്നുവെന്ന സാമൂഹികസേവനത്തിനു തൊഴിലാളിക്കു കൂലിക്കുപുറമേ വേറെ പ്രതിഫലം കിട്ടേണ്ടതാണു്. സ്വകാര്യവ്യക്തിയെന്നും സമുദായാംഗമെന്നുമുള്ള വ്യത്യസ്തങ്ങളായ രണ്ടു നിലകൾ എല്ലാ മനുഷ്യർക്കുമുണ്ടു്. രണ്ടു നിലകളിലും അവർക്കുള്ള ചുമതലകളും അവകാശങ്ങളും വിഭിന്നങ്ങളുമായിരിക്കും. ഇങ്ങനെതന്നെയാണു തൊഴിലാളിയുടെ കാര്യവും. വ്യവസായത്തിന്റെ ലാഭനഷ്ടങ്ങളെക്കുറിച്ചു തൊഴിലാളിക്കു് ഉൽകണ്ഠയ്ക്കു് അവകാശമില്ലെന്നുള്ള വാദം വിലപ്പോകുകയില്ല. തൊഴിലാളിക്കുമുണ്ടു് ഉൽകണ്ഠ. തൊഴിലില്ലായ്മ, ജോലിയുടെ അസ്ഥിരസ്വഭാവം, പ്രവർത്തകന്മാരുടെ നോട്ടപ്പിശകുകൊണ്ടു വ്യവസായത്തിനു നേരിടാവുന്ന പരാജയം മുതലായവയെക്കുറിച്ചുള്ള അനേകം ഭയാശങ്കകൾ ഏതൊരു തൊഴിലാളിയെയും അലട്ടിക്കൊണ്ടാണിരിക്കുന്നതു്.

എന്നാൽ ലാഭമല്ല, നഷ്ടമാണുണ്ടാകുന്നതെന്നു കരുതുക. അപ്പോൾ നഷ്ടത്തിലും തനിക്കു പങ്കുവേണമെന്നു തൊഴിലാളി അവകാശപ്പെടുമോ? ഒരു വ്യവസായം തുടങ്ങിയാൽ, അതിനു മുടക്കിയിരിക്കുന്ന പണത്തിനു ലഭിക്കേണ്ട ന്യായമായ പലിശ, അതിലേർപ്പെട്ടിരിക്കുന്നവരുടെ ശമ്പളം, മററിനങ്ങളിലുള്ള ചെലവുകൾ ഇവയെല്ലാം കഴിച്ചു് ഒരു തുക മിച്ചമുണ്ടാകുന്നതുവരെ ആദായവിഭജനത്തെക്കുറിച്ചു ചിന്തിക്കേണ്ടതേയില്ലെന്നാണു് ഇതിനുള്ള മറുപടി. വ്യവസായം ഒന്നു ചുവടുപിടിച്ചു് ആണ്ടുതോറും ഒരു സംഖ്യ ആദായം കിട്ടിത്തുടങ്ങുന്നതുവരെ ആദായവിഭജനം നടത്തണമെന്നു് ആരും ആവശ്യപ്പെടുന്നില്ല. അതുകൊണ്ടു്, നഷ്ടംവന്നാലും തൊഴിലാളികൾകൂടി സഹിക്കണമെന്നു പറയുന്നതു വെറും മുട്ടാപ്പോക്കാണു്. ലാഭമൊന്നുമില്ലെങ്കിൽത്തന്നെയും മുതലാളിക്കും തൊഴിലാളിക്കും ന്യായമായ

പ്രതിഫലം കിട്ടുന്നുണ്ടു്. ആ സ്ഥിതിക്കു്, കൂടുതലുണ്ടാകുന്ന ആദായത്തിന്റെ ഒരു ചെറിയ ഭാഗമെങ്കിലും തൊഴിലാളികൾക്കു കൂടി കൊടുക്കണമെന്നുള്ള സഭയുടെ അഭിപ്രായത്തിൽ എന്തു് അസാംഗത്യമാണുള്ളതു്?

ചില തൊഴിലാളിനേതാക്കന്മാർക്കു് ഈ പദ്ധതി അത്ര പിടിക്കാറില്ല. ആദായവീതമെന്നു പറയുന്നതു മുതലാളിയുടെ മഹാമനസ്കതമൂലം നല്കുന്ന ഏതോ ഒരു ദാനംപോലെയാണെന്നും അതു സ്വീകരിക്കുന്നതു തൊഴിലാളികളുടെ അഭിമാനത്തിനു ചേർന്നതല്ലെന്നുമൊക്കെയാണു് അവർ കൊണ്ടുവരുന്ന തടസ്സങ്ങൾ. പക്ഷേ ആദായവിഭജനസമ്പ്രദായം തൊഴിലാളിയുടെ അന്തസ്സിനു യോജിച്ചതല്ലെന്നു പറയുന്ന നേതാക്കന്മാരുടെ ആത്മാർത്ഥതയെപ്പററി സംശയിക്കണം. തൊഴിലാളികൾക്കു പോരായ്മയാണെന്നതിനെക്കാൾ, അവർക്കു വ്യവസായത്തോടുള്ള ബന്ധം മുറുകുന്നതോടൊപ്പം അവരുടെമേൽ തങ്ങൾക്കുള്ള സ്വാധീനശക്തി നഷ്ടപ്പെട്ടുകുമെന്നുള്ള ഇക്കൂട്ടരുടെ ഭയമല്ലായിരിക്കുമോ യഥാർത്ഥമായ കാരണം? മുതലാളി നല്കുന്ന സഹായത്തിനു് ഒരു 'സംരക്ഷണഭാവ'ത്തിന്റെ മട്ടുണ്ടെങ്കിൽ, രാഷ്ട്രം നല്കുന്ന സംരക്ഷണത്തിനു് അതില്ലെന്നു വരുന്നതെങ്ങനെ? രാഷ്ട്രത്തിന്റെ യജമാനത്വത്തെക്കാൾ സ്വകാര്യവ്യക്തികളുടെ യജമാനത്വമാണു തൊഴിലാളികൾക്കു നല്ലതെന്നു റഷ്യ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലെ അനുഭവം ഉദ്ഘോഷിക്കുന്നു.

ആദായവിഭജനം കൂലി തികയാതെവരുന്നതിനുള്ള ഒരു പ്രതിവിധിയല്ല. അതിനുള്ള പ്രതിവിധിയായിരിക്കുവാൻ സാധിക്കുകയുമില്ല. തൊഴിലാളികളെ വ്യവസായത്തിന്റെ അടിമകളാക്കിത്തീർക്കുകയുമല്ല അതിന്റെ ഉദ്ദേശ്യം. തൊഴിലാളികൾ ഒത്തുപിടിച്ചാൽ കൂലി കുറെയൊക്കെ കൂട്ടിവാങ്ങിക്കുവാൻ കഴിയും. പക്ഷേ കൂലി കൂട്ടുന്നതിനും ഒരതിരുണ്ടു്. അതിൽക്കൂടുതൽ ചോദിക്കുവാൻ തൊഴിലാളിക്കും കൊടുക്കുവാൻ മുതലാ

ളിക്കും സാധിക്കുകയില്ല. തന്മൂലം, എത്ര കൂട്ടിയാലും കൂലി പരിമിതമായിരിക്കും. ക്ലിപ്തമായ ഒരു വരവുമാത്രമേ തൊഴിലാളിക്ക് എന്നും ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽ ജീവനക്കൂലിക്കു പുറമേ ആദായത്തിൻെറ ഒരു വീതംകൂടി ലഭിക്കുന്ന പക്ഷം വ്യവസായം അഭിവൃദ്ധമാകുന്നതിനോടൊപ്പം തൊഴിലാളിയുടെ വരവു വളർന്നുകൊണ്ടുമിരിക്കും. താൻകൂടി സഹകരിച്ചുണ്ടാക്കുന്ന സ്വത്തിൽ തനിക്കും ഒരവകാശമുണ്ടെന്നുള്ള വിചാരം അവനിൽ ഉത്തരവാദിത്വബോധം ഉളവാക്കുകയും അങ്ങനെ അവൻെറ സ്വാതന്ത്ര്യം പരിപൂർണ്ണമാകുകയും ചെയ്യും. സാക്ഷാത്തായ സ്വാതന്ത്ര്യത്തിൻെറ അവിഭാജ്യഘടകമാണല്ലോ ഉത്തരവാദിത്വം.

## മാനേജ്മെൻറു്

ആദായത്തിൽമാത്രം പോരാ, വ്യവസായത്തിൻെറ നടത്തിപ്പിലും തൊഴിലാളികൾ കുറേയൊക്കെ പങ്കുണ്ടായിരിക്കണം. മാനേജ്മെൻറിൽ പങ്കുണ്ടായിരിക്കണമെന്നു പറഞ്ഞാൽ, തൊഴിലാളി മാനേജരെ അനുസരിക്കുന്നതിനുപകരം ഇനിമേൽ ആജ്ഞകൾ പുറപ്പെടുവിച്ചുകൊള്ളണമെന്നല്ല നാം ധരിക്കേണ്ടതു്. വ്യവസായനിർവ്വഹണത്തിൻെറ പല കാര്യങ്ങളിലും തൊഴിലാളികളെക്കൂടി സഹകരിപ്പിക്കണമെന്നാണു വിവക്ഷ. മൂലധനം സമ്പാദിക്കുവാനും യന്ത്രസാമഗ്രികൾ വാങ്ങിക്കുവാനും ഉൽപന്നങ്ങൾ വിതരണം ചെയ്യുവാനും മററും തൊഴിലാളി ശക്തനായിരിക്കയില്ല. അക്കാര്യങ്ങളിൽ കാര്യമായ സഹകരണം അവനിൽനിന്നു പ്രതീക്ഷിക്കേണ്ടതുമില്ല. എന്നാൽ ആരോഗ്യസംരക്ഷണം മുതലായ ചില്ലറക്കാര്യങ്ങളിൽമാത്രം അവനോടു് ആലോചിച്ചാൽപ്പോരാതാനും. മുതലാളിയേയും തൊഴിലാളിയേയും ഒപ്പം സ്പർശിക്കുന്ന ചില കാര്യങ്ങളുണ്ടു്— കൂലിനിരക്കു്, ജോലിസമയം, ജോലിയുടെ വ്യവസ്ഥകൾ മുതലായവ. അങ്ങനെയുള്ള കാര്യങ്ങളിൽ തൊഴിലാളികളുടെ അഭിപ്രായ

കൂടി ആരായുവാനും അതിനെ ആദരിക്കുവാനും മാനേജരന്മാർ ബാധ്യസ്ഥരാണു്. ഉടമസ്ഥന്മാരുടേയും തൊഴിലാളികളുടേയും പ്രതിനിധികളടങ്ങിയ ഒരു സമിതി ഓരോ വ്യവസായത്തിനു മുണ്ടായിരിക്കണമെന്നാണു സഭ അഭിപ്രായപ്പെടുന്നതു്. വിഭവോൽപാദനത്തിൽ രണ്ടുകൂട്ടരും സഹകരിക്കുന്നുവെന്നും ഇരുകൂട്ടരുടേയും പ്രവൃത്തി വാസ്തവത്തിൽ ഒരു പൊതുസേവനമാണെന്നുമുള്ളതാണു് അതിന്റെ കാരണം. മാനേജരന്മാർ മാത്രമല്ല വ്യവസായത്തിൽ ബുദ്ധിശക്തിയുപയോഗിക്കുന്നതു്. കായികാദ്ധ്വാനം ചെയ്യുന്ന തൊഴിലാളിയും തന്റെ മതിപ്രകർഷം യഥാർഥം പ്രയോഗിക്കുന്നുണ്ടു്. അവന്റെ അഭിപ്രായവും വിലയുള്ളതാണു്. തൊഴിലാളികളും മുതലാളികളും തമ്മിലുണ്ടാകാവുന്ന അഭിപ്രായവ്യത്യാസങ്ങളും കലഹങ്ങളും ശക്തിപരീക്ഷയ്ക്കിടകൊടുക്കാതെ മനുഷ്യോചിതമാംവിധം ന്യായാന്യായവിചിന്തനം ചെയ്തു തീരുമാനിക്കുവാനും പ്രസ്തുത പ്രതിനിധിസമിതികൾ സവിശേഷം ഉപകരിക്കും. തൊഴിലാളിയുടെ അത്മാഭിമാനവും ഉത്തരവാദിത്വവും വ്യവസായപുരോഗതിയിലുള്ള താൽപര്യവും വർദ്ധിച്ചുവരും. മുതലാളിയുടെ മനസ്സമാധാനവും ആദായംതന്നെയും അടിക്കടി വളർന്നുകൊണ്ടിരിക്കും. സ്ഥിതിഗതികൾ നിയന്ത്രിക്കുവാൻ പോലീസിന്റെ സഹായം അയാൾ കൂടെക്കൂടെ തേടേണ്ടിവരികയില്ല.

## ഉടമസ്ഥത

സഹകരണത്തിനുവേണ്ടിയുള്ള കത്തോലിക്കാസഭയുടെ മൂന്നാമത്തെ നിർദ്ദേശം തൊഴിലാളിക്കു വ്യവസായത്തിന്റെ ഉടമസ്ഥതയിൽക്കൂടി പങ്കുണ്ടായിരിക്കണമെന്നതാണു്. എല്ലാ സാമ്പത്തികമൂല്യങ്ങളും തൊഴിലിൽനിന്നാണു് ഉത്ഭവിക്കുന്നതെന്നുള്ള മാർക്ക്സിന്റെ സിദ്ധാന്തം അവർ പൊട്ടുന്നനെ നിഷേധിക്കുന്നു. "സ്വന്തം വസ്തുവിന്മേൽ ചെയ്യുന്ന അദ്ധ്വാനത്തിന്റെ ഫലത്തിനുമാത്രമേ തൊഴിലാളിക്കു പൂർണ്ണാവകാ

ശമുണ്ടായിരിക്കകയുള്ളൂ" (പതിനൊന്നാം പീയൂസ്). നാം എത്ര സമയം ജോലി ചെയ്താലും പ്രത്യക്ഷമായി യാതൊരു സാമ്പത്തികോല്പന്നവും ഉണ്ടാകാത്ത ചില തൊഴിലുകളുണ്ട്. ഉദാഹരണമായി, അദ്ധ്യാപനം മുതലായവ. മൂലധനവും അസംസ്കൃതപദാർത്ഥങ്ങളും മററും ഒരുവിധത്തിലാലോചിച്ചാൽ തൊഴിൽപോലെതന്നെ വ്യവസായത്തിന് അനപേക്ഷണീയങ്ങളാണ്. തൊഴിലാളി വായുവിൽ വൃഥാ കയ്യടിച്ചതുകൊണ്ടു മാത്രം സാമ്പത്തികവിഭവങ്ങളുണ്ടാകയില്ല. "മനുഷ്യന്റെ ശക്തിവിശേഷങ്ങളെ പ്രകൃതിവിഭവങ്ങളുടെമേൽ പ്രയോഗിക്കുന്നതിനാണു തൊഴിലെന്നു പറയുന്നതു്" (പതിനൊന്നാം പീയൂസ്). തൊഴിൽകൊണ്ടുമാത്രം വിഭവോൽപാദനം നടക്കുകയില്ലെന്നു ചുരുക്കം.

അതുപോലെ തൊഴിൽകൂടാതെ മൂലധനംകൊണ്ടുമാത്രവും വിഭവങ്ങൾ നിർമ്മിക്കുക അസാദ്ധ്യമാണ്. ജീവിതവിപര്യയങ്ങളെ തരണം ചെയ്യുവാൻമാത്രം മുതൽ തൊഴിലാളികളുണ്ടായിരിക്കണം. അതായതു്, അവനും കുറെയൊക്കെ സ്വകാര്യസ്വത്തു് അഥവാ ഉടമസ്ഥതയുണ്ടായിരിക്കണം. ഒരു ഫാക്ടറിയിൽ ജോലിചെയ്യുന്ന തൊഴിലാളിക്ക്, അതേ കാരണത്താൽ വ്യവസായത്തിന്റെ ഉടമസ്ഥതയിലും വാസ്തവത്തിൽ പങ്കുണ്ടെന്നു പറയാമോ എന്നുള്ള കാര്യം സംശയാസ്പദമാണ്. എന്നാൽ ഉടമസ്ഥാവകാശത്തിൽ അവനുകൂടി ഏറെക്കുറെ പങ്കുണ്ടാകത്തക്കവിധം കൂലിസമ്പ്രദായം പങ്കുപദ്ധതിയാക്കി ഭേദപ്പെടുത്തണമെന്നുള്ള അഭിപ്രായം തീർച്ചയായും ആദരണീയംതന്നെ. ഒരു രാജ്യം സമ്പൽസമൃദ്ധമായിത്തീരുന്നതു് അവിടുത്തെ തൊഴിലാളികളുടെ അദ്ധ്വാനംമൂലമാകയാൽ, രാജ്യത്തിലെ സ്വത്തു വർദ്ധിക്കുന്നതിനോടൊപ്പം അതിന്റെ ഉടമസ്ഥതയിൽ അവർക്കുള്ള അവകാശവും വർദ്ധിക്കണമെന്നു പറയുന്നതിൽ പക്ഷാന്തരത്തിനു വകയില്ല. ഇതിനും പുറമേ, ഇന്നത്തെ രീതിക്കു വ്യവസായപ്രവർത്തനങ്ങളിൽ മുതലാളി

നിർവഹിക്കുന്ന ഭാഗം തൊഴിലാളിയുടേതിനോളം സജീവമല്ലെന്നുള്ള വസ്തുത മുതലാളിയുടെ അവകാശത്തെ ദുർബലമാക്കുകയാണു ചെയ്യുന്നത്. കൂടുതൽ സജീവമായ ഭാഗം നിർവ്വഹിക്കുന്നതു തൊഴിലാളികളാകയാൽ അവരുടെ അവകാശം കൂടുതൽ ബലവത്തായിത്തീരുന്നു. തൊഴിലാളികളെ വ്യവസായത്തിൽ പങ്കുകാരാക്കുവാൻ പല മാർഗ്ഗങ്ങളുമുണ്ട്. അതിലൊന്ന് അവർക്കുകൂടി ഷെയറുകൾ കൊടുക്കുകയാണ്. പക്ഷേ തൊഴിലാളികൾക്കു കൊടുക്കുന്ന ഷെയറുകൾ കൈമാററം ചെയ്യാവുന്നവയോ വില്ക്കാവുന്നവയോ ആണെങ്കിൽ അവരതു വിററുകളയുവാൻ എളുപ്പമുണ്ട്. തന്മൂലം തൊഴിലാളിക്കു വ്യവസായത്തിലുള്ള ഉത്സാഹം നിലനില്ക്കുകയും അവന്റെ ആദായം സുനിശ്ചിതമായിരിക്കുകയും വേണമെന്നുണ്ടെങ്കിൽ കൈമാററം ചെയ്യുവാൻ പാടില്ലാത്ത ഷെയറുകളായിരിക്കണം അവനു കൊടുക്കുന്നത്.

തൊഴിലിന്റെ സാമൂഹികധർമ്മം വിസ്മരിച്ച്, കൂലി കൊടുക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്ന മുതലാളിയും മനുഷ്യന്റെ വ്യക്തിപരമായ അവകാശങ്ങളെ വിഗണിച്ചു സാമൂഹികവശം മാത്രം പരിഗണിക്കുന്ന കമ്മ്യൂണിസ്ററും തൊഴിലാളിയെ ഉപഭോക്താവായി മാത്രമേ കണക്കാക്കുന്നുള്ളു. മുതലാളിയിൽനിന്നായാലും രാഷ്ട്രത്തിൽനിന്നായാലും ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കുവാനുള്ള പണത്തിൽ കൂടുതലായി അവനു യാതൊന്നും ലഭിക്കുന്നില്ല. എന്നാൽ സാധനങ്ങൾ വാങ്ങിക്കുവാനുള്ള കഴിവല്ല സ്വാതന്ത്ര്യമെന്നു പറയുന്നത്. മനുഷ്യൻ വെറുമൊരു ഭോക്താവല്ല. വിഭവങ്ങളുടെ അനുഭവത്തിലല്ല, അവയുടെ ഉൽപാദനത്തിലാണു സ്വാതന്ത്ര്യം പ്രധാനമായി അടങ്ങിയിരിക്കുന്നത്. സ്വന്തം വ്യക്തിമുദ്ര വസ്തുക്കളുടെമേൽ പതിക്കുവാനും അവയെ എങ്ങനെയുപയോഗിക്കണമെന്നു തീർച്ചപ്പെടുത്തുവാനും, യഥേഷ്ടം അവയെ രൂപവൽകരിക്കുവാനും ആ രൂപവൽകരണത്തിനു ഉത്തരവാ

ദിയായിരിക്കുവാനുമുള്ള അവകാശത്തെയാണു സ്വാതന്ത്ര്യമെന്നു നാം വ്യവഹരിക്കുന്നതു്.

കൂടുതൽ കൂടുതൽ സാമ്പത്തികവിഭവങ്ങൾ സമ്പാദിക്കുവാൻമാത്രം ശ്രമിക്കുന്ന തൊഴിലാളികൾ അടിമത്തത്തിലേക്കാണു പലായനം ചെയ്യുന്നതു്. തൊഴിലാളിയെ ഉപഭോക്താവായിമാത്രം പരിഗണിക്കുന്നതുനിമിത്തം അവരുടെ പ്രവൎത്തനഗതി കമ്മ്യൂണിസത്തിനു വഴിതെളിക്കുന്നു ഉടമസ്ഥത ഒരാളിലും മാനേജ്മെൻറ് മററൊരാളിലുമായതുകൊണ്ടാണു മുതലാളിത്തസമ്പ്രദായം ഇത്രയധികം നാശം വരുത്തിക്കൂട്ടിയതു്. അതുപോലെ തൊഴിലാളികളുടെ സംഘടനയും അവരുടെ നേതൃത്വവും രണ്ടായിത്തീരുന്നപക്ഷം അതും പല ദുരിതങ്ങൾക്കു കാരണമായിത്തീരുമെന്നു കാണുവാൻ വലിയ ദീൎഘദൃഷ്ടിയൊന്നും ആവശ്യമില്ല. ഉടമസ്ഥാവകാശമില്ലാത്ത മാനേജർന്മാരെയെന്നപോലെ തൊഴിലുമായി ബന്ധമില്ലാത്ത തൊഴിലാളിനേതാക്കന്മാരേയും വ്യവസായലോകത്തിൽ കാണുവാൻ കഴിയും.

ധനത്തിന്റെ ഉടമസ്ഥതയും അതിന്റെ മാനേജ്മെൻറും തമ്മിലും, തൊഴിലാളികളുടെ സംഘടനകളും അവരുടെ നേതൃത്വവും തമ്മിലും ഉണ്ടാകുന്ന പ്രസ്തുത വിഭജനം സമുദായത്തിന് എന്നും ദോഷകരമാണ്. സമുദായമദ്ധ്യത്തിൽ സമാധാനം സംസ്ഥാപിക്കുവാൻ ഒരു മാൎഗ്ഗമേയുള്ളു — അതായതു്, മുതലാളികളെയും തൊഴിലാളികളെയും പൊതുജനക്ഷേമത്തെ മുൻനിൎത്തിയുള്ള ഒരു പ്രവൎത്തനത്തിൽ പങ്കുകാരാക്കിത്തീൎത്തുകൊണ്ടു് അവരിൽ ഉത്തരവാദിത്വം പുനഃപ്രതിഷ്ഠിക്കുക. സ്വാതന്ത്ര്യത്തിന്റെ മൗലികഘടകമായ ഉത്തരവാദിത്വം ഏറെറടുക്കുവാൻ തൊഴിലാളികൾ സന്നദ്ധരാണോ? അതാണറിയേണ്ടതു്.

ഈ തീരുമാനം മിക്കവാറും തൊഴിലാളികൾക്ക് അത്ര സമ്മതമല്ല. 'തൊഴിലാളികൾ ചോര നീരാക്കി പണിയെടുത്തു

കൊള്ളട്ടെ; ആദായം മുഴുവൻ ഞങ്ങളെടുത്തുകൊള്ളാം' എന്നു മുതലാളിമാർ പണ്ടു പറഞ്ഞിരുന്നതുപോലെ, 'ഉത്തരവാദിത്വം മുഴുവൻ മുതലാളികൾതന്നെയിരിക്കട്ടെ, ഞങ്ങൾക്ക് ആദായംമാത്രം മതി' എന്നാണ് ഇന്നു തൊഴിലാളിവർഗ്ഗം ആവശ്യപ്പെടുന്നത്. ഉത്തരവാദിത്വം കൂടാതെ സ്വാതന്ത്ര്യമനുഭവിക്കുക അസാധ്യമാണെന്ന് അവർ ധരിക്കുന്നില്ല. ഏബ്രഹാം ലിങ്കൺ ചെയ്തതുപോലെ വെറുമൊരു തൂലികാപ്രയോഗംകൊണ്ടു വേണമെങ്കിൽ ഒരു ജനതയ്ക്കു രാഷ്ട്രീയസ്വാതന്ത്ര്യം നേടിക്കൊടുക്കാം. പക്ഷേ, ഉടമാവകാശത്തിൻെറ അവശ്യാംശമായ ഉത്തരവാദിത്വം ഏറെറടുക്കുവാൻ തയ്യാറില്ലാത്ത ജനങ്ങൾക്കു സാമ്പത്തികസ്വാതന്ത്ര്യം സമ്പാദിച്ചുകൊടുക്കുക അസാധ്യമാണ്. മുതലാളിത്തസമ്പ്രദായം നിരവധി ദോഷങ്ങൾ നമുക്കു വരുത്തിവച്ചു. മനുഷ്യൻെറ സ്വാശ്രയബുദ്ധി അതു തീരെ നശിപ്പിച്ചുകളഞ്ഞു. ചിലർ കമ്മ്യൂണിസത്തെ ആശ്ലേഷിച്ചുകൊണ്ടു സ്വാതന്ത്ര്യം ഒന്നാകെ നശിപ്പിക്കുവാനും മററു ചിലർ കാലാകാലത്തോളം 'കൂലിവാങ്ങി'കളായി കഴിഞ്ഞുകൂടുവാനും ആഗ്രഹിക്കുന്നത് അതുകൊണ്ടാണ്. സാമ്പത്തികസ്വാതന്ത്ര്യമനുഭവിക്കുവാൻ മനുഷ്യർക്കു വാസ്തവത്തിൽ ആഗ്രഹമില്ലെന്നുള്ളത് ഇക്കാലത്തെ ഏററവും ശോചനീയമായ പരമാർത്ഥങ്ങളിൽ ഒന്നുമാത്രമാണ്. ഇതെങ്ങനെ സംഭവിച്ചുവെന്നു നിശ്ചയമില്ല. ഒരുപക്ഷേ, മതബോധത്തോടൊപ്പം കത്തവ്യബോധവും വിസ്മരിച്ചിട്ട് അവകാശങ്ങളെമാത്രം മുറുകെപ്പിടിച്ചതുകൊണ്ടു പിണഞ്ഞ അബദ്ധമായിരിക്കണം ഇത്.

ഉടമസ്ഥാവകാശം ഏറെക്കുറെ പ്രേമബന്ധംപോലെയാണ്. ഒരു യുവതിയെ സ്വന്തമാക്കുന്ന യുവാവു സ്വയം അവളുടെ സ്വന്തമായും തീരുന്നു. അങ്ങനെയല്ലാത്ത പ്രേമം ശാശ്വതമല്ല. നാം ഒരു തോട്ടത്തിൻെറ ഉടമസ്ഥനാണെങ്കിൽ ആ തോട്ടം നമ്മുടെ അദ്ധ്വാനത്തിൻെറ ഉടമസ്ഥനാണ്. നാം ഉടമസ്ഥനായതുകൊണ്ടു നമുക്കു തോട്ടത്തിന്മേൽ അവകാശമുണ്ട്. തോ

ട്ടം നമ്മുടെ അദ്ധ്വാനത്തിന്റെ ഉടമസ്ഥനാകയാൽ അതിനോ ടു നമുക്ക് ഒരു ചുമതലമുണ്ട്. ഇതാണു ഉടമയും ചുമതലയും തമ്മിലുള്ള ബന്ധം. ഈ ബന്ധം അഭേദ്യമാണ്. ഇങ്ങനെ തൊ ഴിലാളി ഉൽപാദകനും ഉടമസ്ഥനും പങ്കുകാരനുമായിത്തീരാ ത്തപക്ഷം അയാൾ അടിമത്തത്തിന്റെ അടിത്തട്ടിലേയ്ക്കു താ ഴുകയായിരിക്കും ചെയ്യുന്നത്.

അവസാനമായി, തൊഴിലാളി എന്ന പദത്തിന് ഒരു വി ശദീകരണംകൂടി നല്കേണ്ടിയിരിക്കുന്നു. കമ്മ്യൂണിസത്തി ന്റെ സിദ്ധാന്തമനുസരിച്ച് കൂലിവേലക്കാർമാത്രമേ തൊഴി ലാളിവർഗ്ഗത്തിൽ ഉൾപ്പെടുന്നുള്ളു. കൂലിപ്പണിക്കാരല്ലാത്തവ രൊക്കെ തൊഴിലാളികളുടെ ശത്രുക്കളാണുപോലും. തൊഴിലി ന് എന്തോ ഒരു പ്രത്യേകതയുണ്ടെന്നും, അതൊരു പ്രത്യേകവ ർഗ്ഗത്തിന്റെ കുത്തകയാണെന്നുമത്രേ അവരുടെ അഭിപ്രായം. മുഷിഞ്ഞ മുണ്ടുമുടുത്ത്, ഉറച്ച ശരീരവും ഉരുണ്ട മാംസപേശി കളുമായി, മൺവെട്ടി അഥവാ ചുററിക മാറാതെ ധരിച്ചുകൊ ണ്ടു നടക്കുന്ന ഒരു പ്രത്യേകജാതി — എന്നിങ്ങനെയാണു കമ്മ്യൂണിസം തൊഴിലാളികളെ വിവരിക്കുന്നത്. റഷ്യയിലെ സ്വേച്ഛാധിപത്യത്തെ അതു തൊഴിലാളിവാഴ്ചയെന്നു നാമകര ണം ചെയ്യുകയും ചെയ്യുന്നു. പക്ഷേ, വാസ്തവത്തിൽ തൊഴിലാ ളികൾ ഒരു പ്രത്യേകവർഗ്ഗമല്ല. മൂലധനം മുടക്കി വ്യവസായം നടത്തുന്ന മുതലാളിയഥാർത്ഥത്തിൽ ഒരു തൊഴിലാളിയാണ്. സർവ്വകലാശാലയിൽ ഉന്നതമായ സ്ഥാനത്തിരിക്കുന്ന പ്രൊഫ സ്സറും തൊഴിലാളിയാണ്. ആശുപത്രിയിൽ ആതുരപരിചര ണം നടത്തുന്ന നേഴ്സും തൊഴിലാളികളുടെ വർഗ്ഗത്തിലുൾ പ്പെടുന്നു. ആത്മരക്ഷയ്ക്കു് അനുപേക്ഷണീയമായ വിത്തമാം സ മ്പാദിക്കുവാൻവേണ്ടി ആരൊക്കെ ജീവിതവിഭവങ്ങൾ ശേഖ രിക്കുവാൻ ശ്രമിക്കുന്നുവോ, ആരൊക്കെ അയൽക്കാരനുവേണ്ടി സാമ്പത്തികോൽപന്നങ്ങൾ നിർമ്മിക്കുന്നുവോ, നാഗരികതയു ടെ പുരോഗമനത്തെ ലക്ഷ്യമാക്കിക്കൊണ്ടു ഭൗതികപദാർത്ഥങ്ങ

ളെ ആദ്ധ്യാത്മികമണ്ഡലത്തിലേയ്ക്കു് ആരൊക്കെ ഉയത്തുന്നുവോ, അവരെല്ലാം കത്തോലിക്കാസഭയുടെ അഭിപ്രായത്തിൽ തൊഴിലാളികൾ എന്ന പേരിന് അർഹരാണു്.

തങ്ങൾ ഇരുവരും മനുഷ്യരാകയാൽ ഒപ്പം തൊഴിലാളികളാണെന്നും ഒരാളെക്കൂടാതെ ജീവിക്കുക ഇതരന് അസാദ്ധ്യമാണെന്നും മുതലാളിയും തൊഴിലാളിയും എപ്പോൾ ഗ്രഹിക്കുന്നുവോ അപ്പോൾമുതൽ ഒരു പുതിയ ലോകമായിരിക്കും അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതു്. സർവ്വലോകങ്ങളുടേയും അധിനാഥനായ ദൈവം ഭൂമിയിലേയ്ക്കിറങ്ങിവരുന്നതും നസറത്തിലെ വിനീതഗ്രാമത്തിൽ ഇരുപതിൽപ്പരം കൊല്ലങ്ങൾ ഒരു തൊഴിലാളിയുടെ ജീവിതം അവിടുന്നു നയിക്കുന്നതും അവർക്കു ഗോചരീഭവിക്കും.

എന്നാലും 'തൊഴിലാളിയായ ക്രിസ്തു' എന്നു ക്രിസ്തുവിനെ അഭിസംബോധനം ചെയ്തുകൊണ്ടു് അവിടുന്നു തങ്ങളുടെ സ്വന്തമാണെന്നു സ്ഥാപിക്കുവാൻ ഒരു വർഗ്ഗവും ശ്രമിക്കാതിരിക്കട്ടെ. ജീവിതത്തിൽ അധികഭാഗവും കായികാദ്ധ്വാനം ചെയ്താണ് അവിടുന്നു കഴിച്ചുകൂട്ടിയതെന്നുള്ളതു വാസ്തവംതന്നെ. പക്ഷേ, ഇതരവർഗ്ഗങ്ങളിലൊന്നും ഉൾപ്പെടാതെ ഏതെങ്കിലുമൊരു പ്രത്യേകവർഗ്ഗത്തിൽമാത്രം ഉൾപ്പെട്ടവനായിരുന്നു അവിടുന്നെന്നു പറഞ്ഞുകൂടാ. ലോകത്തെ മുഴുവൻ രക്ഷിക്കുവാൻ വന്നവൻ എങ്ങനെയാണു് ഒരു പ്രത്യേകവർഗ്ഗത്തിന്റെ സ്വന്തമാകുന്നതു്?

ശ്രീയേശുനാഥനു മനുഷ്യകുലത്തോടുള്ള ബന്ധം ഒരു പ്രത്യേകതരമാണു്. തൊഴിലിനെ സ്വയം വരിച്ചതുകൊണ്ടു ലോകത്തിലേയ്ക്കു വന്ന ഏകതൊഴിലാളിയാണു് അവിടുന്നു്. അന്ന് ഏദൻതോട്ടത്തിൽവച്ചു് ആദം ചെയ്ത പാപത്തിന്റെ ഫലമായി മനുഷ്യവംശത്തിന്റെമേൽ ദൈവം ചുമത്തിയ ശിക്ഷയാണു് അദ്ധ്വാനം അഥവാ തൊഴിൽ. എന്നാൽ പര

മപരിശുദ്ധിയായ ക്രിസ്തുനാഥൻ ആ ശിക്ഷയ്ക്കു വിധേയനല്ലായിരുന്നു. എങ്കിലും തൊഴിലാളികളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടുവാൻ അവിടുന്നു തിരുമനസ്സായി. അങ്ങനെ തൊഴിലാളിയുടെ നില സ്വയം തിരഞ്ഞെടുത്തതുകൊണ്ടാണു തൊഴിലാളിയെന്ന നിലയിൽ അവിടുത്തേയ്ക്കു ലോകത്തോടുള്ള ബന്ധം പ്രത്യേകതരമാണെന്നു പ്രസ്താവിച്ചതു്. മുതലാളിയോടു് എതിർക്കുന്നതരത്തിലുള്ള ഒരു തൊഴിലാളിയല്ലായിരുന്നു അവിടുന്നു്. ഈ വിഷയത്തിൽ ഒരു തെററിദ്ധാരണ പലർക്കുമുണ്ടു്. ക്രിസ്തുനാഥൻ ഒരു സാധാരണ ദരിദ്രനല്ലായിരുന്നു. അവിടുന്നു സ്വയം ദാരിദ്ര്യം കൈവരിച്ച ഒരു ധനികനാണു് — തൻെറ ദാരിദ്ര്യം വഴിയായി നമ്മെ സമ്പന്നരാക്കുവാൻവേണ്ടി ദാരിദ്ര്യം സ്വയം വരിച്ച ഒരു കുബേരൻ. ഏതൊരു വസ്തുവിന്മേൽ അവിടുന്നു് അദ്ധ്വാനിച്ചുവോ അതു് അങ്ങയുടെ സ്വന്തമായിരുന്നുവെന്നും യാതൊന്നു് അങ്ങയുടെ സ്വന്തമായിരുന്നുവോ അതിന്മേലാണു് അവിടുന്നു് അദ്ധ്വാനിച്ചതെന്നുമുള്ളതിനു് അവിടുന്നു് തിരഞ്ഞെടുത്ത ആശാരിത്തൊഴിൽതന്നെ തെളിവാണു്. അവിടുന്നു് അന്യരുടെ സ്ഥലത്തു ജോലിചെയ്യുന്ന ഒരു തൊഴിലാളിയോ, സ്വന്തം സ്ഥലത്തു ജോലിചെയ്യുവാൻ അന്യരെ കൂലിക്കു നിർത്തുന്ന ഒരു മുതലാളിയോ ആയിരുന്നില്ല. സ്വന്തം ചിത്രഫലകത്തിന്മേൽ ചിത്രമെഴുതുന്ന ഒരു കലാകാരനെപ്പോലെ, തൻെറ സ്വന്തമായ ഈ പ്രപഞ്ചത്തിൽ അവിടുന്നു തൊഴിൽ ചെയ്യുന്നു. തന്മൂലം ലോകരക്ഷകൻ തങ്ങളുടെമാത്രം രക്ഷാധികാരിയാണെന്നു മുതലാളികൾക്കാകട്ടെ തൊഴിലാളികൾക്കാകട്ടെ അവകാശപ്പെടുവാൻ തരമില്ല. ക്രിസ്തുനാഥൻ ഒരു തൊഴിലാളിയായിരുന്നുവെന്ന കാരണത്താൽത്തന്നെ അവിടുന്നു വർഗ്ഗീയപരിഗണനയ്ക്കു് അതീതനായിരുന്നു. മുതലാളിയെ വെറുക്കുന്ന കൂലിക്കാരനും കൂലിക്കാരനെ അടിമയാക്കിത്തീർക്കുന്ന മുതലാളിയും തൊഴിലാളി എന്ന പേരിനു് അർഹരല്ല. യഥാർത്ഥതൊഴിലാളി തൻെറ അദ്ധ്വാനംവഴിയായും അദ്ധ്വാനത്തിൽനിന്നു

ണ്ടാകുന്ന ക്ലേശങ്ങളുടെ സഹനംവഴിയായും ദൈവത്തോടു സ്വയം ബന്ധിതനായിത്തീരുന്നു. ജീവിതവിഭവങ്ങൾ നിർമ്മിച്ചുകൊണ്ടു് അവൻ തന്നെത്തന്നെ അയൽക്കാരനോടു ബന്ധിക്കുന്നു. ഈശ്വരച്ഛായയിൽ സൃഷ്ടിക്കപ്പെട്ട തന്റെ വ്യക്തിവിലാസത്തെ പ്രകൃതിവിഭവങ്ങളിൽ മുദ്രണംചെയ്തുകൊണ്ടു പ്രകൃതിയോടും അവൻ ബന്ധം സ്ഥാപിക്കുന്നു. ഈ തത്വങ്ങൾ വിസ്മരിച്ചതുകൊണ്ടാണു വിശ്വശില്പിയായ ക്രിസ്തുവിനെ ശില്പികൾതന്നെ അന്നു കുരിശിൽ തറയ്ക്കുവാൻ ഇടയായതു്. അങ്ങനെ ക്രിസ്തുവിനെ കുരിശിൽ തറയ്ക്കുന്നതുകൊണ്ടുണ്ടാകുന്ന നഷ്ടം മുതലാളിക്കും തൊഴിലാളിക്കും തുല്യമാണു്. ആ നഷ്ടം അപരിഹരണീയവുമായിരിക്കും.

# എട്ടാം അധ്യായം

## രാഷ്ട്രവും സ്വാതന്ത്ര്യവും.

വ്യക്തി സമുദായത്തിൽനിന്നു തികച്ചും വ്യത്യസ്തനാണെന്നായിരുന്നു ഒരു നാല്പതുകൊല്ലംമുമ്പു പൊതുവേയുണ്ടായിരുന്ന അഭിപ്രായം. പക്ഷേ, ആ അഭിപ്രായം ഇതിനകം ഒന്നു തകിടംമറിഞ്ഞു. ഇന്നു വ്യക്തി സമുദായത്തിൽ ലയിച്ചിരിക്കയാണ്. കമ്മ്യൂണിസം തുടങ്ങിയ പുതിയ ഇസങ്ങളുടെ സിദ്ധാന്തമനുസരിച്ച്, സമുദായമാകുന്ന മഹാസൗധത്തിന്റെ ഒരു കല്ല് എന്നതിൽക്കൂടുതലായി വ്യക്തിക്ക് ഒരു വിലയുമില്ല. അവൻ നശിച്ചാലും സൗധം നിലനില്ക്കും. അതിനുമാത്രമേ 'അമർത്ത്യത്'യുള്ളൂ. സമുദായത്തിന്റെ ഭാവിനന്മയ്ക്കായി എല്ലാ ത്യാഗങ്ങളും അവൻ സഹിച്ചുകൊള്ളണം. എന്നാൽ അതിന്റെ അംഗമെന്ന നിലയിൽ തനിക്ക് അതിന്റെമേൽ എന്തെങ്കിലും അവകാശമുണ്ടെന്നോ, അതിന്റെ സൗഭാഗ്യത്തിൽ തനിക്കും പങ്കുണ്ടായിരിക്കുമെന്നോ ഒരു മനുഷ്യനും വ്യാമോഹിച്ചുപോകരുത്. വ്യക്തിക്കു സമുദായത്തോടു കടമകളല്ലാതെ, അതിന്റെമേൽ അവകാശമൊന്നുമില്ല.

കത്തോലിക്കാസഭയുടെ പ്രബോധനം വ്യക്തി നശിക്കുകയില്ലെന്നാണ്. സർവ്വാധിപത്യസിദ്ധാന്തമനുസരിച്ചു രാഷ്ട്രം അഥവാ സമുദായമാണു നശിക്കാതെ നില്ക്കുന്നത്. വ്യക്തി അഴിഞ്ഞ്, രാഷ്ട്രത്തിനു വളമായിത്തീരണം. ഈ സിദ്ധാന്തം സ്ഥാപിക്കുവാൻവേണ്ടി സർവ്വാധിപതികൾ കണ്ടുപിടിച്ച കെട്ടുകഥയാണു ദേശീയസിദ്ധാന്തം അഥവാ വർഗ്ഗീയവാദം. വർഗ്ഗത്തിന്റെ അടിമയായിത്തീരുന്നവൻ സാമുദായികനന്മയെ ത്വരിതപ്പെടുത്തുകയാണു ചെയ്യുന്നതെന്ന് അവർ മനുഷ്യരെ

മയക്കി വിശ്വസിപ്പിക്കുന്നു. മയക്കിവിശ്വസിപ്പിക്കുന്നുവെന്നു പറഞ്ഞതു കാരണംകൂടാതെയല്ല. വ്യക്തിക്കുമാത്രമേ ആത്മബോധമുള്ളു. സമുദായത്തിനാകട്ടെ വർഗ്ഗത്തിനാകട്ടെ തന്നെത്തന്നെ അറിയുന്നതിനു ശക്തിയില്ല. ആത്മബോധവും വികാരശക്തിയും ചിന്താശക്തിയുമുള്ള ഒരു മനുഷ്യനെക്കൊണ്ടു് അവൻെറ മനുഷ്യത്വം ഒന്നാകെ ഉപേക്ഷിപ്പിക്കണമെങ്കിൽ, അതിനു് ഒരു മയക്കമരുന്നുകൂടാതെ സാധിക്കുകയില്ല. സാമാന്യബോധമുള്ള ഒരു മനുഷ്യനും ഒരു നിർജ്ജീവവസ്തുവായി കണക്കാക്കപ്പെടുവാൻ സമ്മതിക്കുകയില്ല. അതുകൊണ്ടാണു വ്യക്തിത്വം നശിച്ചെങ്കിലേ രാഷ്ട്രത്തിനു മനുഷ്യരെക്കൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടാകുകയുള്ളുവെന്ന കെട്ടുകഥ കണ്ടുപിടിച്ചു പ്രയോഗിക്കുവാൻ സർവ്വാധിപതിമാർ നിർബന്ധിതരായതു്. വ്യക്തികളെ ബലികഴിച്ചു രാഷ്ട്രമാകുന്ന മഹാദേവതയെ പ്രസാദിപ്പിച്ചെങ്കിൽമാത്രമേ കമ്മ്യൂണിസ്ററുപറുദീസാ ലോകത്തിൽ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളു. പുരോഗമനത്തിനു മാർഗ്ഗനിരോധനം ചെയ്യുന്ന സ്വതന്ത്രചിന്തയെ വേരോടെ പിഴുതുകളയണം.

രാഷ്ട്രസിദ്ധാന്തമാകുന്ന ഈ കെട്ടുകഥ ലിബറലിസ്ററുസിദ്ധാന്തംപോലെതന്നെ അബദ്ധമാണു്. പൂർണ്ണമനുഷ്യനെയല്ല അവ രണ്ടും പരിഗണിക്കുന്നതു്. ഒരു കൂട്ടർ മനുഷ്യൻെറ വ്യക്തിവൈശിഷ്ട്യത്തെ അവഗണിക്കുന്നെങ്കിൽ, മറേറക്കൂട്ടർ അവൻെറ സാമൂഹികവശം പുറംതള്ളുന്നു. സ്വാതന്ത്ര്യത്തിനു കോട്ടംതട്ടുന്നുവെന്നതാണു് രണ്ടിൻേറയും പരിണതഫലം. യഥാർത്ഥസ്വാതന്ത്ര്യം മനുഷ്യൻെറ വ്യക്തിഗതമായ അവകാശങ്ങളുടെ അംഗീകരണത്തിൽനിന്നു മുളയെടുക്കുകയും അവൻെറ സാമൂഹിക ചുമതലകളുടെ അംഗീകരണത്തിൽ തഴച്ചുവളരുകയും ചെയ്യുന്നു. അവകാശവും ചുമതലയും അവിഭാജ്യങ്ങളാണു്. അകമില്ലാതെ പുറവും കേന്ദ്രമില്ലാതെ വൃത്തവും ഉണ്ടായിരിക്കുകയില്ലല്ലോ. അതുപോലെ അവകാശവും ചു

മതലയും പരസ്പരം ഒട്ടിച്ചേർന്നേ നില്ക്കുകയുള്ളൂ. ഒരു ചുമതലയുമില്ലാതെ അവകാശംമാത്രം അനുഭവിക്കുവാൻ ആർക്കും കഴിയുന്നതല്ല.

ഇതിൻെറ കാരണം മനുഷ്യസ്വഭാവത്തിൽത്തന്നെയാണു നാം ആരായേണ്ടതു്. മനുഷ്യൻ ഒരു വ്യക്തിയും അതേയവസരത്തിൽ ഒരു സാമൂഹികജീവിയുമാണു്. അവനു വ്യക്തിത്വവും പൗരത്വവുമുണ്ടു്. അവയുടെ അന്യോന്യബന്ധം അറിയണമെങ്കിൽ മനുഷ്യസ്വഭാവത്തെ അപഗ്രഥിച്ചുനോക്കിയാൽമതി. ആത്മാവും ശരീരവുമുള്ള ഒരു ജീവിയാണു മനുഷ്യൻ. ചിന്താലോകത്തിൽവച്ചു് ഈ പരമാൎത്ഥം നാം നിഷേധിച്ചേക്കാമെങ്കിലും പ്രായോഗികജീവിതത്തിൽ നാമെല്ലാവരും അതു വകവച്ചുകൊടുക്കുന്നുണ്ടു്. ശരീരത്തിൻെറ ദുർവ്വാസനകൾക്കെതിരായി നമ്മിൽ മുഴങ്ങുന്ന അന്തഃകരണത്തിൻെറ സ്വരംതന്നെ ശരീരത്തിൽനിന്നു വിഭിന്നമായ ഒരാത്മാവു നമ്മിലുണ്ടെന്നു തെളിയിക്കുന്നു. മരുന്നു കുടിച്ചിട്ടു 'പത്ഥ്യം' പാലിക്കുന്ന രോഗി വാസ്തവത്തിൽ മനസ്സിൻെറ ആജ്ഞാശക്തിക്കു ശരീരത്തെ വിധേയമാക്കുകയാണു ചെയ്യുന്നതു്. ഇച്ഛാശക്തി ശരീരത്തിൽനിന്നു വ്യത്യസ്തമല്ലെങ്കിൽ പത്ഥ്യമെടുക്കുവാൻ ആർക്കും സാധിക്കുകയില്ല. ശരീരമുള്ളതുകൊണ്ടു് മനുഷ്യനു ഭക്ഷിക്കുവാൻ കഴിയും. ആത്മാവുള്ളതുകൊണ്ടു അവനു ചിന്തിക്കുവാനും കഴിയും. മനുഷ്യൻ ചിന്താശക്തിയുള്ള ഒരു മൃഗമാണെന്നു നാം പറയുന്നതു് ഈ അൎത്ഥത്തിലാണു്.

മനുഷ്യൻെറ ഒരംശം ഭൂതാത്മകമാകയാൽ അവൻ മററൊന്നിൻെറ അംശമാണെന്നു സിദ്ധിക്കുന്നു. അക്കാരണത്താൽ അവൻ പരാശ്രയിയുമാണു്. ഈ അൎത്ഥത്തിൽ നോക്കിയാൽ, "മനുഷ്യൻ ജന്മനാ സ്വതന്ത്രനാണെ"ന്നുള്ള റൂസോയുടെ ജല്പനം വെറും അസംബന്ധമാണെന്നു കാണാം. മനുഷ്യൻ ജന്മനാ പരതന്ത്രനാണെന്നു പറയുകയായിരിക്കും അതിനെക്കാൾ ശരി. മനുഷ്യൻെറ ശരീരഘടനതന്നെ,ശൈശവത്തിൽ മാതാപിതാ

ങ്ങന്മാരെ ആശ്രയിക്കുവാൻ അവനെ നിർബ്ബന്ധിക്കുന്നു. അതു പോലെ, വളർന്നു വരുമ്പോഠ ജീവിതാവശ്യങ്ങളെല്ലാം ഒററയ്ക്കു നിർവ്വഹിക്കുവാൻ ശക്തിയില്ലാത്തതുനിമിത്തം അവൻ സമുദായത്തെയും അവശ്യം സമാശ്രയിക്കുന്നു. ഭൂതാത്മകമായ ഏതൊരു വസ്തുവും മറെറാന്നിൻെറ അംശമായിരിക്കും. ഭൂതാത്മകമായി ലോകത്തിലുള്ള ഇതരവസ്തുക്കളോട് അതിനു ബന്ധമുണ്ടായിരിക്കുകയും ചെയ്യും. അതു് അതിൻെറ സ്വഭാവമാണ്. അവയുടെ പരസ്പരസംസക്തി അത്ര ഗാഢമായതുകൊണ്ടാണ് ആധുനികശാസ്ത്രജ്ഞന്മാർ അവയെ സ്വാംഗികങ്ങളെന്നു (organic) വിളിക്കുന്നതു്. ഒരു മാമ്പഴം മാവിൻെറ അംശമാണ്; മാവാകട്ടെ ഒരു തോട്ടത്തിൻെറ അംശമാണ്; തോട്ടം പുരയിടത്തിൻെറ അംശം; പുരയിടം പ്രദേശത്തിൻെറ അംശം; പ്രദേശം രാജ്യത്തിൻെറ അംശം—അങ്ങനെ പദാർത്ഥങ്ങളുടെ പരാശ്രയത്വം വളർന്നുവളർന്നു പോകുന്നു. മനുഷ്യനും ഇതുപോലെയാണ്. അവൻെറ ഇപ്പോഴത്തെ സ്വഭാവമനുസരിച്ച്, അവൻ സമുദായത്തെ ആശ്രയിക്കേണ്ടവനാണ്. ഒററതിരിഞ്ഞോ കുടുംബസഹിതമോ ശ്രമിച്ചാൽ സാധിക്കാത്ത പലതും അവനു സാധിക്കേണ്ടതായുണ്ട്. അവൻെറ വ്യക്തിവിലാസം പരിപൂർണ്ണമായി വികസിപ്പിക്കുവാൻ അവ അനപേക്ഷണീയങ്ങളാണുതാനും. തന്മൂലം അവ സാധിക്കുവാൻ സമുദായത്തിൻെറ ഇതരാംഗങ്ങളുമായി അവൻ അവശ്യം ഒത്തു ശ്രമിക്കേണ്ടിവരുന്നു. "ലൗകികജീവിതത്തിനുപകരിക്കുന്ന കാര്യങ്ങഠ മനുഷ്യനു നേടിക്കൊടുക്കുകയെന്നതാണു രാഷ്ട്രത്തിൻെറ പ്രഥമവും സ്വാഭാവികവുമായ ഉദ്ദേശ്യം" എന്നു ലെയോ പതിമ്മൂന്നാമൻ ഉദ്ബോധിപ്പിക്കുന്നു. പരിഷ്കാരം സങ്കീർണ്ണമാകുന്തോറും സമുദായത്തെ നാം കൂടുതൽകൂടുതൽ ആശ്രയിക്കുന്നു. നമ്മുടെ ജീവിതം സമുദായത്തെ എന്തുമാത്രം ആശ്രയിച്ചാണു സ്ഥിതിചെയ്യുന്നതെന്നറിയുവാൻ ഒരു ചെറിയ പരീക്ഷണം നടത്തിയാൽ മതി. അഞ്ചു മിനിററുസമയത്തേയ്ക്കു് ഒരു പട്ടണാ

ത്തിലെ വൈദ്യുതകേന്ദ്രത്തിന് എന്തെങ്കിലും തകരാറു സംഭവിക്കുന്നുവെന്നിരിക്കട്ടെ. കറൻറ് കിട്ടുന്നില്ല. വെളിച്ചം, ചൂട് മുതലായവ ലഭിക്കാതെ അക്കാരണത്താൽ എത്രായിരം പേരായിരിക്കും കഷ്ടപ്പെടുന്നത്? ചിലരുടെ ശരീരപോഷണത്തെപ്പോലും അതു സ്തംഭിപ്പിച്ചേക്കാം. ഈ അന്യോന്യാശ്രയത്തിൻേറയും ബന്ധത്തിൻേറയുമെല്ലാം അടിസ്ഥാനം മനുഷ്യൻെറ ഭൗതികാംശമാണ്. അതു് അവനെ സമുദായത്തിൻെറ ഒരംശവും, മനുഷ്യവർഗ്ഗത്തിൻെറ ഒരംഗവും, രാജ്യത്തിലെ ഒരു പൗരനും, പൊതുനന്മയ്ക്കുവേണ്ടി യത്നിക്കുവാൻ ബാദ്ധ്യസ്ഥനായ ഒരു വ്യക്തിയും ആക്കിത്തീർക്കുന്നു. ഒററവാക്കിൽപ്പറഞ്ഞാൽ മനുഷ്യൻ ഒരംഗമാണ്—അതായതു്, പലരിലൊരുവനാണു്.

മനുഷ്യൻ ഒരു സാമൂഹികജീവിയാണെന്നു പറഞ്ഞതിൽ നിന്നു്, അവനു വ്യക്തിഗതമായ അവകാശങ്ങളൊന്നുമില്ല എന്നനുമിക്കരുതു്. മനുഷ്യനു ശരീരംമാത്രമല്ല, ആത്മാവുമുണ്ടു്. അഭൗതികം അഥവാ ചിന്മാത്ര (spiritual) മായ ആത്മാവിനാകട്ടെ, മറെറാരുവസ്തുവിൻെറ അംശമായിരിക്കാൻ സാധിക്കുകയില്ല. ഉദാഹരണമായി, ഈശ്വരവിശ്വാസം ആദ്ധ്യാത്മികമായ ഒരു സുകൃതമാണ്. തന്മൂലം, ഹൃദയം ശരീരത്തിൻെറ അംശമായിരിക്കുന്നതുപോലെ, ഈശ്വരവിശ്വാസമാകുന്ന ആദ്ധ്യാത്മികസുകൃതത്തിനു മറെറാന്നിൻെറ ഭാഗമോ അംശമോ ആയിരിക്കുവാൻ സാധിക്കുകയില്ല. അതുപോലെ, ചിന്മാത്രമായ ആത്മാവുള്ളതുകൊണ്ടു മനുഷ്യനും മറെറാന്നിൻെറ അംശമല്ല. അവൻ അവിഭക്തനാണ്, പൂർണ്ണനാണ്: സ്വന്തമായി ഒരു ലക്ഷ്യവും ആ ലക്ഷ്യം പ്രാപിക്കുവാൻവേണ്ട മാർഗ്ഗങ്ങളും സ്വയം തിരഞ്ഞെടുക്കുവാൻ അവനു കഴിയും. ആദ്ധ്യാത്മികമായ അവൻെറ പ്രകൃതിയിൽനിന്നു് ഉറവെടുക്കുന്ന ചില അവകാശങ്ങളും, ആത്മാവിൻെറ പിതൃസ്വത്തായി ലഭിച്ചിട്ടുള്ള ഒരു സ്വാതന്ത്ര്യവും അവനുണ്ടു്. സഭയുടെ സാങ്കേതികഭാഷയിൽ

പറഞ്ഞാൽ മനുഷ്യൻ ഒരു ധാർമ്മികവ്യക്തി (person)യാണ്. ധാർമ്മികവ്യക്തിയായതുകൊണ്ടാണ് അവന് അവകാശങ്ങളുള്ളത്. ധാർമ്മികവ്യക്തികൾക്ക് അന്യോന്യമുള്ള ഒരധികാരമാണ് അവകാശം. വസ്തുവിന്മേലുള്ള അവകാശത്തെക്കുറിച്ചു സംസാരിക്കുമ്പോഴും യഥാർത്ഥത്തിൽ ധാർമ്മികവ്യക്തികളുടെമേൽ അഥവാ ആളുകളുടെമേൽ ഉള്ള അവകാശത്തെക്കുറിച്ചാണു നാം പ്രതിപാദിക്കുന്നത്. മൺകട്ടയ്ക്കാകട്ടെ മരക്കഷണത്തിനാകട്ടെ അവകാശമൊന്നുമില്ല. ഒരു വ്യക്തി അവൻെറ സ്വന്തമാണ്. ഒരു വസ്തുവിന് ഒരിക്കലും അതിൻെറ സ്വന്തമായിരിക്കുവാൻ സാധിക്കുകയില്ല. അത് ഒരാളിൻേറതായിരിക്കും.

ഇങ്ങനെ വ്യത്യസ്തങ്ങളായ രണ്ടു ഘടകങ്ങളുടെ സമുച്ചയമാണു മനുഷ്യൻ. ഇതിൽനിന്ന് എന്തു സിദ്ധിക്കുന്നുവെന്നോ? മനുഷ്യൻ രാഷ്ട്രത്തിൻെറ ഒരംഗമാണ്. എന്നാൽ രാഷ്ട്രത്തിൽനിന്നു ലഭിക്കാത്ത ചില അവകാശങ്ങളും അവനുണ്ട്. അവൻ വിപുലമായ ഒരു സൈന്യത്തിലെ സാധാരണഭടനും അതേസമയം തൻെറതന്നെ സേനാനായകനുമാണ്. അവനു രാഷ്ട്രത്തോടു പല ചുമതലകളുണ്ടെങ്കിലും രാഷ്ട്രത്തിന് അവനോടും ചില ബാദ്ധ്യതകളെല്ലാമുണ്ട്. സമുദായവ്യവസ്ഥിതിയാകുന്ന ചട്ടക്കൂട്ടിൽ ഒതുങ്ങിനില്ക്കുന്ന ആ വ്യക്തി ഒരു വിധത്തിൽ സമുദായത്തിന് അതീതനാണ്. അവൻ രാജ്യത്തിൽ ജീവിക്കുന്നു. എന്നാൽ രാജ്യത്തിൻേറതല്ല. സ്വവ്യവസ്ഥിതങ്ങളായ രണ്ടു ഭിന്നലോകങ്ങളാണ് അവൻെറ വ്യാപാരമണ്ഡലത്തിൽ ഉൾപ്പെടുന്നത്. അവനൊരു സാമുദായികജീവിയും അതേസമയം ഒരാദ്ധ്യാത്മികസൃഷ്ടിയുമാണ്. വ്യക്തിയെന്ന നിലയിൽ മനുഷ്യൻ സമുദായത്തിൻെറ ഒരംഗമാണ്; അതിൻെറ സൗഭാഗ്യത്തിനുവേണ്ടി പരിശ്രമിക്കുവാൻ അവനു ചുമതലയുണ്ട്. ഒരു ധാർമ്മികജീവിയെന്ന നിലയിൽ അവൻ യാതൊരു ലൗകികശക്തിക്കും അവഗണിക്കുവാൻ കഴിയാത്ത

അനേകം അവകാശങ്ങളോടുകൂടിയ ഒരീശ്വരസൃഷ്ടിയാണ്. സീസറിന്ന കപ്പംകൊടുക്കുന്നതു നീതിയുക്തമാണോ എന്നു ചോദിച്ച വക്രബുദ്ധികളോടു ക്രിസ്തുനാഥൻ പറഞ്ഞ മറുപടിയിലും ഈ വസ്തുതയാണ് അഭിവ്യഞ്ജിക്കുന്നത്: "സീസറിന്റേതു സീസറിനും ദൈവത്തിന്റേതു ദൈവത്തിനും കൊടുക്കുക." സീസറിന്റേതു സീസറിന്നു കൊടുക്കുക: എന്തുകൊണ്ടെന്നാൽ നിങ്ങൾ സമുദായത്തെ ആശ്രയിച്ചു ജീവിക്കേണ്ടവരും സീസറിന്റെ പൊതുനന്മയെ ലാക്കാക്കി പ്രവൎത്തിക്കേണ്ടവരുമാണ്. എന്നാൽ 'ദൈവത്തിന്റേതു ദൈവത്തിനും കൊടുക്കുക.' എന്തുകൊണ്ടെന്നാൽ അമർത്ത്യമായ ഒരാത്മാവും നിങ്ങൾക്കുണ്ട്. സമുദായത്തിനും രാഷ്ട്രത്തിനും അതീതമായ ഒരു മണ്ഡലത്തിലേയ്ക്ക് അതു നിങ്ങളെ ഉയൎത്തുന്നു. വിശാലമായ ഈ ദൃശ്യപ്രപഞ്ചത്തിനപ്പുറത്തു നിങ്ങൾക്കു മറ്റൊരു ലക്ഷ്യമുണ്ട്. അവിടെയാണു നിങ്ങൾ ചെന്നു ചേരേണ്ടതു്.

മനുഷ്യസ്വഭാവത്തെ വിശകലനംചെയ്തു നടത്തിയ ഈ പഠനത്തിൽനിന്നു രണ്ടു നിഗമനങ്ങൾ നമുക്കു സിദ്ധിക്കുന്നു— ഒന്ന്, മനുഷ്യൻ സമുദായത്തിൽനിന്ന് അഥവാ രാഷ്ട്രത്തിൽനിന്നു സ്വതന്ത്രനാണ്; രണ്ട്, എന്നാൽ അവൻ സമുദായത്തെ ആശ്രയിക്കേണ്ടവനാണ്. ആത്മാവുള്ളതുകൊണ്ട്, ഒരു ധാർമ്മികവ്യക്തിയെന്ന നിലയിൽ ആന്തരികമായ ഒരു പാവനത അല്ലെങ്കിൽ പൂജ്യത മനുഷ്യനുണ്ട്. അതുപോലെ അനിഷേധ്യങ്ങളായ ചില അവകാശങ്ങളും. ആ അവകാശങ്ങളെ രാഷ്ട്രം സൃഷ്ടിച്ചതോ പ്രദാനം ചെയ്തതോ അല്ല. തന്മൂലം രാഷ്ട്രത്തിന് അവ എടുത്തുകളയുവാനും പാടില്ല. അവ സ്രഷ്ടാവിൽനിന്നു മനുഷ്യനു നേരിട്ടു കിട്ടിയിട്ടുള്ള അലംഘ്യങ്ങളായ അവകാശങ്ങളാണ്. കത്തോലിക്കാസഭയുടെ ഔദ്യോഗികാഭിപ്രായവും ഇതുതന്നെയാണെന്നു ലെയോ പതിമ്മൂന്നാമന്റെ വിശദീകരണത്തിൽനിന്നു വ്യക്തമാകുന്നുണ്ട്: "പ്രകൃതിനിയമവും ദൈവികനിയമങ്ങളും മാനുഷികമായ എല്ലാ വ്യതിയാന

ങ്ങൾക്കും അതീതമാകയാൽ അവയെ ഭേദപ്പെടുത്തുവാൻ രാഷ്ട്രീയനിയമങ്ങൾക്ക് അധികാരമോ അവകാശമോ ഇല്ല. നീതിക്കും സദാചാരത്തിനും വിരുദ്ധമല്ലാത്ത ഏതൊന്നിനോടും അവ പരിപൂർണ്ണമായി യോജിക്കുന്നു. തന്മൂലം രാഷ്ട്രീയമായ കക്ഷിഗണനയിൽനിന്നെല്ലാം അവ തീർത്തും സ്വതന്ത്രമാണ്. അവ അവശ്യം സ്വതന്ത്രമായിരിക്കേണ്ടതുമാണ്. ഒരു രാജ്യത്തിലെ ഭരണകൂടത്തിനുണ്ടാകാവുന്ന തകിടംമറിച്ചിലുകളൊന്നും അവയെ ബാധിക്കുകയില്ല."

രാഷ്ട്രത്തോടു വ്യക്തികൾക്കുള്ള ചുമതലകളെയും ബന്ധത്തെയുംകുറിച്ച് അവിടുന്ന് ഇങ്ങനെ തുടരുന്നു: "ക്രൈസ്തവപ്രജാപ്രഭുത്വത്തിന്റെ പേരിൽ ജനങ്ങളുടെ അനുസരണബോധം നശിപ്പിക്കണമെന്നോ, നിയമാനുസരണമുള്ള ഭരണാധികാരികളിൽനിന്നു ജനങ്ങളെ ഭിന്നിപ്പിക്കണമെന്നോ അർക്കും ഉദ്ദേശ്യമില്ല. ഓരോരോ നിലകളിലുള്ള നമ്മുടെ രാഷ്ട്രീയാധികാരികളെ നാം ആദരിക്കണമെന്നും നീതിനിഷ്ഠമായ അവരുടെ എല്ലാ ആജ്ഞകൾക്കും നാം വിധേയരാകണമെന്നും സ്വാഭാവികനിയമവും ദൈവികനിയമവും അനുശാസിക്കുന്നു. ബാഹ്യമായിമാത്രമല്ല, ആന്തരികമായും നാം അനുസരിക്കേണ്ടതു മനുഷ്യരും ക്രിസ്തുവിന്റെ അനുഗാമികളുമെന്ന നിലയ്ക്കു നമ്മുടെ കടമയാണ്. ഉന്നതമായ അധികാരത്തിനു മനസ്സാക്ഷിയനുസരിച്ച് ആത്മാവിനെ വിധേയമാക്കിക്കൊള്ളണമെന്നുള്ള വി. പൗലോസിന്റെ നിർദ്ദേശത്തിൽ ഈ തത്വമാണ് അന്തർഭവിച്ചിരിക്കുന്നത്."

മനുഷ്യനു സമുദായത്തോടുള്ള ഈ ബന്ധം ഏറെക്കുറെ നമ്മുടെ അവയവങ്ങൾക്കു ശരീരത്തോടുള്ള ബന്ധംപോലെയാണ്. ചില അവയവങ്ങൾക്കു പ്രാധാന്യക്കൂടുതലുണ്ട്—ഉദാഹരണമായി, ഹൃദയം. ഹൃദയത്തിന്റെ ധർമ്മം നിർവ്വഹിക്കുവാൻ മററ് ഒരവയവത്തിനും സാധിക്കുകയില്ല. അതിന്റെ അവകാശങ്ങളും മററംഗങ്ങളുടേതിനെക്കാൾ പ്രാമാണ

മുള്ളവയാണു്. അതിനു സ്വന്തമായ ഒരു പ്രകൃതിയും പ്രവൎത്തനവുമുണ്ടു്. എന്നാൽ, ഇങ്ങനെയൊരു പ്രത്യേകതയും സ്വാതന്ത്ര്യവും ഏദയത്തിനുണ്ടെങ്കിലും അതു മനുഷ്യശരീരത്തിൽനിന്നു സ്വതന്ത്രമാണെന്നു പറഞ്ഞുകൂടാ. ശരീരത്തോടു വിയോജിച്ചുനിന്നുകൊണ്ടു് അതിന്റെ ധൎമ്മം നിൎവ്വഹിക്കുവാൻ അതിനു ശക്തിയില്ല. ഏതാണ്ടിതുപോലെയാണു മനുഷ്യന്റെ കാൎയ്യവും. അവൻ ഒരു രാജ്യത്തിലാണു ജീവിക്കുന്നതെങ്കിലും രാജ്യത്തിന്റെ സ്വന്തമല്ല. ചിന്മയമായ ഒരാത്മാവുള്ളതുകൊണ്ടു സകല രാഷ്ട്രീയമണ്ഡലങ്ങളേയുംകാൾ ഉന്നതമായ ഒരു ലക്ഷ്യം അവനുണ്ടു്—ആത്മരക്ഷ എന്നാൽ, മനുഷ്യൻ ഒരു സാമുദായികജീവികൂടി ആയതുകൊണ്ടു രാഷ്ട്രീയമായും അവനൊരു ലക്ഷ്യമുണ്ടു്. മനുഷ്യൻ രാഷ്ട്രത്തിനുവേണ്ടിയാണെന്നു ജല്പിക്കുന്ന ചിന്തകന്മാർ, അവൻ രാഷ്ട്രമാകുന്ന മഹായന്ത്രത്തിന്റെ വെറുമൊരു ഭാഗമല്ലെന്നും സ്വകീയാവകാശങ്ങളുള്ള ഒരാൾ എന്ന നിലയിൽ തന്റെ ഭാവിയെ ഇഷ്ടാനുസരണം നിയന്ത്രിക്കുവാൻ കഴിയുന്നവനാണെന്നുമുള്ള പരമാൎത്ഥങ്ങൾ വിസ്മരിച്ചുകളയുന്നു. ലോകം മുഴുവനെതിൎത്താലും പുരുഷാൎത്ഥകമായ തന്റെ പരിപൂൎണ്ണതയ്ക്കായി ശ്രമിക്കുവാൻ വ്യക്തിക്കു് അവകാശമുണ്ടു്. "ശരീരത്തെ ഹനിക്കുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടാ."

വ്യക്തിയുടെ ജീവിതലക്ഷ്യത്തിൽനിന്നു് അവനെ വ്യതിചലിപ്പിക്കുവാൻ രാഷ്ട്രത്തിനു് അവകാശമില്ലെങ്കിലും ലക്ഷ്യപ്രാപ്തിക്കുവേണ്ട ഭൗതികസാഹചൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻ അതിനു ചുമതലയുണ്ടു്. മനുഷ്യൎക്കു മുക്തിമാൎഗ്ഗമുപദേശിക്കുക രാഷ്ട്രത്തിന്റെ ധൎമ്മമല്ല: അതു മതത്തിന്റെ ധൎമ്മമാണു്,—സമ്മതിച്ചു. പക്ഷേ, ഈശ്വരസന്നിധിയിലേയ്ക്കു പ്രയാണംചെയ്യുന്ന വ്യക്തികൾക്കുവേണ്ട ലൗകികസഹായങ്ങൾ നല്കിക്കൊണ്ടു ലക്ഷ്യപ്രാപ്തിക്കു് അവരെ സഹായിക്കുവാനുള്ള കടമ തീൎച്ചയായും രാഷ്ട്രത്തി

ണ്ടു്. മനുഷ്യരെല്ലാവരുംകൂടി തീരുമാനം ചെയ്തുണ്ടാക്കിയ ഒരു കൃത്രിമസൃഷ്ടിയല്ല രാഷ്ട്രം. അതു മനുഷ്യപ്രകൃതിയിൽനിന്നുതന്നെ മുളയെടുത്തിട്ടുള്ള ഒരു സ്ഥാപനമാണു്. മനുഷ്യസ്വഭാവത്തിന്റെ നിർമ്മാതാവു രാഷ്ട്രമല്ലാത്ത സ്ഥിതിക്കു് അതിന്റെ അവകാശങ്ങളെ വെട്ടിക്കുറയ്ക്കുവാനും രാഷ്ട്രത്തിനു് ശക്തിയില്ല. കൂട്ടംകൂടി ജീവിക്കുവാൻ മനുഷ്യനുള്ള നൈസർഗ്ഗികവാസനയുടെ ഫലമാണു കുടുംബവും രാഷ്ട്രവുമെല്ലാം. അക്വിനാസ് പറയുന്നതുപോലെ "മനുഷ്യന്റെ എല്ലാ അംശത്തിനും രാഷ്ട്രീയസമൂഹത്തോടു ബന്ധമില്ല."

അങ്ങനെയെങ്കിൽ രാഷ്ട്രത്തിന്റെ ലക്ഷ്യമെന്താണു്? പൊതുജനക്ഷേമം പുലർത്തുക അഥവാ നന്നായി ജീവിക്കുവാൻ മനുഷ്യനെ ശക്തനാക്കുകയാണു രാഷ്ട്രത്തിന്റെ ലക്ഷ്യമെന്നു മിക്കവരും മറുപടി പറയും: പക്ഷേ എന്താണു് ഈ പൊതുജനക്ഷേമമെന്നു പറയുന്നതു്? "രാഷ്ട്രീയസംഘടനകൾ പൊതുജനക്ഷേമത്തിനുവേണ്ടി നിലകൊള്ളുന്നു. വ്യക്തികളുടെ താല്പര്യങ്ങൾ യഥാസ്ഥാനം, യഥാവിധി പരിരക്ഷിച്ചുകൊണ്ടാണെങ്കിലും പൊതുനന്മയെ ലാക്കാക്കിവേണം രാഷ്ട്രം പ്രവൎത്തിക്കുവാൻ" (ലെയോ പതിമ്മൂന്നാമൻ).

• രാഷ്ട്രം പൊതുനന്മയ്ക്കുവേണ്ടി നിലകൊള്ളുന്നുവെന്ന പ്രസ്താവനയിൽ രണ്ടു് അനുമാനങ്ങൾ അടങ്ങിയിട്ടുണ്ടു്: ഒന്നു് ഒരു പ്രത്യേകവൎഗ്ഗത്തെയോ വംശത്തെയോപോലെ രാഷ്ട്രം ഒരിക്കലും സ്വന്തം നന്മയെയല്ല ലാക്കാക്കുന്നതു്. എല്ലാ ജനങ്ങളുടേയും—ആര്യന്മാരെന്നോ അനാര്യന്മാരെന്നോ, മുതലാളികളെന്നോ തൊഴിലാളികളെന്നോ ഉള്ള യാതൊരു വ്യത്യാസവുംകൂടാതെ രാജ്യത്തിലുള്ള സകല മനുഷ്യരുടേയും—ശ്രേയസ്സിനുവേണ്ടിയായിരിക്കണം രാഷ്ട്രം പ്രവൎത്തിക്കുന്നതു്. രണ്ടു്, പൊതുജനശ്രേയസ്സിനുവേണ്ടിയുള്ള ഈ ശ്രമത്തിൽ വ്യക്തികളുടെ നന്മ പുറംതള്ളപ്പെട്ടുവാൻ ഇടയാകരുതു്.

ഒരു വ്യക്തിയുടെ നന്മയെക്കാൾ സമുദായത്തിൻെറ പൊതുനന്മയ്ക്കാണു കൂടുതൽ പ്രാധാന്യം നല്കേണ്ടതു്. വേണ്ടിവന്നാൽ സ്വകാര്യവ്യക്തികളുടെ താൽപര്യങ്ങളെ അവഗണിച്ചും പൊതുജനക്ഷേമം വളർത്തുവാൻ രാഷ്ട്രം സന്നദ്ധമായിരിക്കണം. സാമാന്യക്ഷേമമെന്നു പറഞ്ഞാൽ സമുദായത്തിൻേറയും അതിൻെറ ഓരോ അംഗത്തിൻേറയും ക്ഷേമമെന്നർത്ഥം. സാമൂഹികജീവിയെന്നുള്ള നിലയിൽ വ്യക്തി സമുദായത്തിനു കീഴിലാണു്. എന്നാൽ വ്യക്തിയുടെ ലക്ഷ്യം ഈശ്വരപ്രാപ്തിയാകയാൽ അതിനു രാഷ്ട്രം ഒരിക്കലും ഒരു പ്രതിബന്ധമായി നിന്നുകൂടാ. കാരണം, മനുഷ്യൻെറ വില മറെറാന്നിനേയും ആശ്രയിച്ചല്ല സ്ഥിതിചെയ്യുന്നതു്. അവൻ പ്രകൃത്യാ അമർത്ത്യനാണു്. ഈശ്വരപ്രാപ്തിക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവനാണു്, എന്നാൽ അവൻെറ ധർമ്മം അഥവാ പ്രവർത്തനം പരാപേക്ഷകമാണു്. സാമൂഹികജീവിയെന്ന നിലയിൽ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ അവനു കടമയുണ്ടു്. അതുകൊണ്ടാണു മനുഷ്യനു് അവകാശങ്ങളും അതേസമയത്തു ചുമതലകളുമുണ്ടെന്നു പ്രസ്താവിച്ചതു്. ഇതുപോലെ സമുദായത്തിനുമുണ്ടു് അവകാശങ്ങളും ചുമതലകളും. രാജ്യത്തിൻെറ സാമാന്യക്ഷേമം പുലർത്തുകയാണല്ലോ രാഷ്ട്രത്തിൻെറ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം പ്രാപിക്കുവാൻ രാഷ്ട്രത്തിനുള്ള അവകാശം അനിഷേധ്യമാണു്. അതുപോലെ വ്യക്തിയുടെ രാഷ്ട്രദത്തമല്ലാത്തതും അലംഘനീയവുമായ അവകാശങ്ങളെ അഭംഗമായി സമാദരിക്കുവാനുള്ള ഒരു ചുമതലയും രാഷ്ട്രത്തിനുണ്ടു്: ക്ഷണികമായ ഈ ജീവിതത്തിനുശേഷം അനന്തവും പരമവുമായ നന്മയെ പ്രാപിച്ചു് അനുഭവിക്കുവാനാണു നാമോരോരുത്തരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ആ ലക്ഷ്യം പ്രാപിക്കുവാനായിരിക്കണം നമ്മുടെ എല്ലാ ശ്രമങ്ങളും. മനുഷ്യവർഗ്ഗത്തിൻെറ സൗഭാഗ്യപൂർണ്ണത പ്രസ്തുത ലക്ഷ്യപ്രാപ്തിയെ ആശ്രയിച്ചിരിക്കുന്നതിനാൽ അതിനോളം നമ്മുടെ സത്വരശ്രദ്ധ

യെ ആകർഷിക്കേണ്ടതായി മററൊരു കാര്യവുമില്ല. ആകയാൽ പൊതുനന്മയ്ക്കുവേണ്ടി നിലകൊള്ളുന്ന രാഷ്ട്രം സമുദായക്ഷേമത്തെ സുഭദ്രമാക്കുന്നതിനോടൊപ്പം, അക്ഷയവും അനശ്വരവുമായ പരമനന്മയെ പ്രാപിക്കുവാൻ ഓരോ വ്യക്തിക്കും കഴിയുന്ന സഹായകമായിരിക്കേണ്ടതുമാണ്. മനുഷ്യനെ ദൈവത്തോടു ബന്ധിക്കുന്ന ശൃംഖലയാണു മതം. തന്മൂലം മതാനുഷ്ഠാനത്തിനു കോട്ടംതട്ടാതെ അതിനെ അഭംഗമായി സംരക്ഷിക്കുവാൻ ഭരണകൂടം പ്രത്യേകം ശ്രദ്ധപതിക്കേണ്ടതാണ്."

(ലെയോ പതിമ്മൂന്നാമൻ)

വ്യക്തിയും സമുദായവും തമ്മിലുള്ള ബന്ധത്തിൽ രണ്ടു കുഴപ്പങ്ങളാണ് ഉണ്ടാകാവുന്നത്: വ്യക്തി സമുദായത്തിൽനിന്നു മാറി ഒററതിരിഞ്ഞു നിന്നേക്കാം; അല്ലെങ്കിൽ അതിൽ ലയിച്ചുവെന്നുവരാം. ഇവയിൽ ഒന്നാമത്തേതിനു ലിബറലിസം അഥവാ വ്യക്തിമാത്രവാദമെന്നും രണ്ടാമത്തേതിനു കളക്ടിവിസം അഥവാ രാഷ്ട്രമാത്രവാദമെന്നും പേർ പറയുന്നു. ഒരു പൗരനെന്നനിലയ്ക്കു മനുഷ്യൻ രാഷ്ട്രത്തിനുവേണ്ടിയാണെന്നു പറയാം. എന്നാൽ ഒരു ധാർമ്മികവ്യക്തിയെന്ന നിലയിൽ രാഷ്ട്രം മനുഷ്യനുവേണ്ടിയാണ്. എന്തെന്നാൽ മനുഷ്യനുമാത്രമേ അനശ്വരമായ ഒരു ജീവിതലക്ഷ്യമുള്ളു. അവൻമാത്രമാണു മററു സകല ലൗകികമൂല്യങ്ങളുടേയും മാനദണ്ഡം. നീതി, സത്യം, സ്വാതന്ത്ര്യം ഇവയോരോന്നും മനുഷ്യനിൽനിന്നാണ് ഉത്ഭവിക്കുന്നത്. പരമമായ ആ മൂല്യത്തിൻെറ മുമ്പിൽ രാഷ്ട്രം തലകുനിച്ചേ മതിയാവൂ. രാഷ്ട്രം മനുഷ്യനുവേണ്ടിയാകയാൽ അത് അവനെ സേവിക്കുന്നു. രാഷ്ട്രത്തിൻെറ നിലനില്പിനു വ്യക്തിയുടെ സേവനം അപരിത്യാജ്യമാകയാൽ അവൻ രാഷ്ട്രത്തെയും സേവിക്കുന്നു.

ലിബറലിസ്ററുസിദ്ധാന്തമാണു മുതലാളിത്തത്തിനു വഴിതെളിച്ചത്. വ്യക്തികളുടെ അവകാശങ്ങളെ ഏതു ത്യാഗം

സഹിച്ചും പരിരക്ഷിക്കയെന്നതിൽക്കവിഞ്ഞു രാഷ്ട്രത്തിന് ഒരു കർത്തവ്യവുമില്ലെന്നു ശഠിക്കുന്ന വ്യക്തിമാത്രവാദമനുസരിച്ചു പ്രബലന്മാർക്കുമാത്രമേ ജീവിക്കുവാൻ സ്വാതന്ത്ര്യമുള്ളൂ വെന്നു വന്നുകൂടി. പൊതുജനസൗകര്യത്തിനുവേണ്ടി സ്വകാര്യ്യ വ്യക്തികളുടെ അവകാശം നിയന്ത്രിക്കുവാൻ രാഷ്ട്രം മാവിക്കുമ്പോഴൊക്കെ, അതു് അനാവശ്യമായ കൈകടത്തലുകളാണെന്നും വ്യവസ്ഥാപിതാവകാശങ്ങളുടേയും ഉടമസ്ഥാവകാശത്തിന്റേയും വിദ്ധ്വംസനമാണെന്നും ചിലർ മുറവിളികൂട്ടുന്നതിന്റെ രഹസ്യമിതാണു്.

സ്പെൻസറും കാൻറുമാണു് ഈ അബദ്ധസിദ്ധാന്തത്തിന്റെ ജനയിതാക്കൾ. "ഇഷ്ടംപോലെ പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം മററുള്ളവർക്കും നാം അനുവദിച്ചുകൊടുക്കുന്നപക്ഷം നമുക്കു് ഇഷ്ടംപോലെ പ്രവർത്തിക്കാം" എന്നു് അവർ പ്രഖ്യാപനംചെയ്തു. ഇതു ശരിയാണെങ്കിൽ ഒരുവൻ അന്യന്റെ ഭാര്യ്യയുമായി വ്യഭിചരിക്കുന്നതിൽ ഒരു തെററുമില്ല; സ്വന്തം ഭാര്യ്യയുമായി വ്യഭിചരിക്കുവാനുള്ള സ്വാതന്ത്ര്യം അയാൾ മററവനും അനുവദിച്ചുകൊടുത്താൽമതി. തെററും ശരിയുമെന്താണെന്നു് അവസാനമായി വിധിക്കേണ്ടതു് ഓരോ വ്യക്തിയുമാണെന്നത്രേ ഇതിൽനിന്നു ലഭിക്കുന്നതു്. മോഷ്ടിക്കുവാനും അപഹരിക്കുവാനുമുള്ള സ്വാതന്ത്ര്യം മററുള്ളവർക്കും നാം അനുവദിച്ചുകൊടുക്കുന്നപക്ഷം അവയൊന്നും അധർമ്മമല്ലെന്നു സിദ്ധിക്കുന്നു. ചുരുക്കത്തിൽ സാമൂഹികക്ഷേമം ഒരു മാനദണ്ഡമേ അല്ലെന്നുവരുന്നു. സാമ്പത്തികരംഗത്തു്, ശക്തന്മാർ അശക്തന്മാരെ ചവുട്ടിമെതിച്ചുതുടങ്ങും. അതു ശരിയല്ലെന്നു് ആരെങ്കിലും ശബ്ദിച്ചുപോയാൽ അയാൾ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരമശത്രുവായി മുദ്രയടിക്കപ്പെടും. തോന്നുന്നതു ചെയ്യുവാനുള്ള കഴിവാണത്രേ സ്വാതന്ത്ര്യം. പക്ഷേ, ഇത്തരം സ്വാതന്ത്ര്യത്തിനു തന്നിഷ്ടമെന്ന പേരായിരിക്കും കൂടുതൽ അനത്ഥം. നമ്മുടെ സ്വാതന്ത്ര്യം മറെറാന്നിന്റെയും

ആശ്രയിച്ചല്ല ഇരിക്കുന്നതെന്നും മനുഷ്യരോരോരുത്തനും ഓരോ രാജാവോ ദൈവംതന്നെയുമോ ആണെന്നും ഉള്ള മിഥ്യാബോധമാണ് ഈ വാദത്തിന്റെ ആധാരം. യജമാനനെന്നുപറഞ്ഞാൽ സ്വാതന്ത്ര്യത്തിന്റെ ശത്രുവെന്നും അധികാരമെന്നുപറഞ്ഞാൽ സ്വാതന്ത്ര്യത്തിന്റെ ഭഞ്ജനമെന്നുമായിരിക്കും ഇക്കൂട്ടർ ധരിക്കുന്നത്. സ്വത്തുമുഴുവൻ ഏതാനുംപേരുടെ പിടിയിൽച്ചെന്നു കുടുങ്ങുവാനും ഭൂരിപക്ഷം ജനങ്ങളും ദാരിദ്ര്യത്തിൽ മുങ്ങുവാനും ഇടയായതിൽനിന്നുതന്നെ ആധുനികസമുദായത്തിലെ വ്യക്തികളിൽ അധികംപേരും തങ്ങളുടെ സാമൂഹികചുമതലകളെക്കുറിച്ച് ഒരിക്കലും ചിന്തിക്കാത്തവരാണെന്നു നിഷ്പ്രയാസം അനുമിക്കാം. അത്തരം സ്വാർത്ഥലോലുപന്മാർ തങ്ങളുടെ നില സാധൂകരിക്കുവാൻ ഒരു വിചിത്രതത്വം ഉന്നയിക്കാറുണ്ട്. എങ്ങനെയെല്ലാമായാലും സത്തുക്കൾ നല്ല നിലയിലെത്തിക്കൊള്ളുമത്രേ; അതുപോലെ, കൊള്ളരുതാത്തവന് ഒരിക്കലും ഗതിയുണ്ടാകുകയുമില്ല. ലൗകികസമ്പത്ത് ഈശ്വരപ്രസാദത്തിന്റെ അനിഷേധ്യലക്ഷ്യമാണെന്നുള്ള പാഷണ്ഡവാദത്തിന്റെ മറെറാരു രൂപംമാത്രമാണ് ഈ സമാധാനവും. ജോബു ദുരിതമനുഭവിച്ചത് അയാൾ അത് അർഹിച്ചതുകൊണ്ടാണെന്നും, ചാണകക്കുണ്ടിൽ അയാൾ കിടക്കുവാൻ ഇടയായത് അയാളുടെ പാപംകാരണമാണെന്നും വിധിപറഞ്ഞ തത്വജ്ഞന്മാരും ഈ അഭിപ്രായക്കാരായിരുന്നു.

ലിബറലിസത്തിന്റെയും അതിന്റെ പരിണതഫലമായ മുതലാളിത്തത്തിന്റെയും വേരുകൾ പറിഞ്ഞുതുടങ്ങിയിരിക്കുന്നു. പക്ഷെ അതു വ്യക്തിയുടെ ധാർമ്മികാവകാശങ്ങൾക്കു പുനഃപ്രതിഷ്ഠ ലഭിച്ചതുകൊണ്ടോ യഥാർത്ഥസ്വാതന്ത്ര്യം പുനജ്ജീവിച്ചതുകൊണ്ടോ സംഭവിക്കുന്നതല്ല. ലിബറലിസം ഇന്നു പൊളിയാനുള്ള കാരണം സർവ്വാധിപത്യരാഷ്ട്രത്തിന്റെ ഉദയമാണ്. സർവ്വാധിപത്യരാഷ്ട്രം മനുഷ്യന്റെ അവിച്ഛേദ്യമായ അവകാശങ്ങളെയും ആത്മവികാസത്തിന് അവനു

ലഭിക്കേണ്ട അവസരങ്ങളെയും കണ്ണുമടച്ചു നിരസിക്കുന്നു. സ്വേച്ഛാധിപതിയുടെ ഹിതത്തിനെതിരായി ചിന്തിക്കുവാനോ പ്രവൎത്തിക്കുവാനോ കഴിയാതിരിക്കത്തക്കവണ്ണം അതു വ്യക്തിയെ വൎഗ്ഗത്തിൽ അഥവാ സമുദായത്തിൽ ലയിപ്പിച്ചുകളയുന്നു. തന്റെ അഭിമതമാണു രാജ്യത്തിന്റെ ക്ഷേമമെന്നു സ്വേച്ഛാപ്രഭു തന്നെത്തന്നെ നീതീകരിക്കുകയും ചെയ്യും. അയാളുടെ അഭിപ്രായത്തിൽ, രാഷ്ട്രം നിൎണ്ണയിക്കുന്ന സദാചാരമാണു യഥാൎത്ഥസദാചാരം;രാഷ്ട്രീയമനസ്സാക്ഷിമാത്രമാണു യഥാൎത്ഥമനസ്സാക്ഷി; രാഷ്ട്രത്തിന്റെ അഥവാ പാർട്ടിയുടെ ഉന്നമനമായിരിക്കണം മനുഷ്യന്റെ ഏകലക്ഷ്യം; മനുഷ്യനല്ല, രാഷ്ട്രമാണു സ്വാതന്ത്ര്യത്തിന്റെ ഉത്ഭവസ്ഥാനം; വർഗ്ഗത്തിനുമാത്രമേ അവകാശങ്ങളുള്ളു; സാമുദായികജീവിതം നയിക്കുന്ന ഒരു ധാർമ്മികവ്യക്തിയല്ല മനുഷ്യൻ; അവൻ ഒരു വസ്തുവിന്റെ അംശവും ഒരു പ്രത്യേകലക്ഷ്യം പ്രാപിക്കുവാനുള്ള ഉപകരണവും മാത്രമാണ്.

ഒരു വസ്തുവിന്റെ ദുരുപയോഗം തടയുവാൻവേണ്ടി, അതിന്റെ ഉപയോഗമേ പാടില്ലെന്നു സുബുദ്ധിയുള്ളവരാരും വിധിക്കുകയില്ല. ഡ്രൈവർമാരുടെ അശ്രദ്ധമൂലം പലരും മരിക്കുന്നുവെന്നു കരുതി മേലാൽ ആരും വണ്ടിയോടിക്കരുതെന്നോ, അമിതപാനംമൂലം പലരും ഉന്മത്തരാകുന്നുവെന്ന കാരണത്താൽ ഒരു മനുഷ്യനും മദ്യമുപയോഗിക്കുവാൻ പാടില്ലെന്നോ വിലക്കുന്നതുപോലെയാണ്, ചിലർ സ്വത്തു ദുർവ്വിനിയോഗിക്കുന്നുവെന്ന ന്യായത്തിന്മേൽ മേലാൽ സ്വകാൎയ്യസ്വത്ത് ആർക്കുമുണ്ടായിക്കൂടാ എന്നു തീരുമാനിക്കുന്നത്. സാക്ഷാൽ വിവേകമുള്ളവരാരും വ്യക്തിമാത്രവാദത്തെയാകട്ടെ രാഷ്ട്രമാത്രവാദത്തെയാകട്ടെ വകവച്ചുകൊടുക്കുകയില്ല. കാരണം, കാടൻമൂരിയെ കയറൂരി വിടുന്നതുപോലെ സാമൂഹികച്ചുമതലകളിൽനിന്നു വ്യക്തിയെ സ്വതന്ത്രനാക്കുകയോ, രാഷ്ട്രമാകുന്ന മഹാസമുദ്രത്തിൽ മനുഷ്യന്റെ വ്യക്തിപ്രാഭ

വത്തെ അരച്ചുകലക്കുകയോ ഏതു ചെയ്താലും യഥാൎത്ഥമായ സ്വാതന്ത്ര്യത്തിന്റെ സമൂലഭഞ്ജനമായിരിക്കും അതിന്റെ ഫലമെന്ന് അവൎക്കു നിശ്ചയമുണ്ട്.

ഇപ്പറഞ്ഞ രണ്ട് അമിതവാദികൾക്കുമിടയ്ക്കു സുവൎണ്ണസുന്ദരമായ ഒരു മദ്ധ്യമാൎഗ്ഗമുണ്ട്. അതനുസരിച്ച്, വ്യക്തിയുമല്ല രാഷ്ട്രവുമല്ല സത്യത്തിന്റെ മാനദണ്ഡം. വസ്തുവും ബുദ്ധിയും തമ്മിലുള്ള സമാശ്ലേഷത്തിനത്രേ സത്യമെന്നു പറയുന്നത്. വസ്തുനിഷ്ഠമായ ലോകത്തോടും മാനുഷികവും പ്രകൃതിദത്തവുമായ നിയമങ്ങളോടും ദൈവത്തിന്റെ പരമാധികാരത്തോടുതന്നെയും മനുഷ്യമനസ്സ് എപ്പോൾ സംയോജിക്കുന്നുവോ അപ്പോൾ അതു സത്യത്തെ പ്രാപിക്കുന്നു. അതുപോലെ കേവലം സ്വേച്ഛാസന്തൎപ്പണമല്ല സ്വാതന്ത്ര്യമെന്നു പറയുന്നത്. അതു സ്വേച്ഛാധിപതിയുടെ ആജ്ഞകൾക്കൊക്കെ കിങ്കരത്വം ചമയുകയുമല്ല. സാമൂഹികവ്യവസ്ഥിതിയുടെ പരിധികളിൽ നിന്നുകൊണ്ട്, ആത്മരക്ഷയ്ക്കും വ്യക്തിമഹിമയുടെ സമ്പൂൎണ്ണതയ്ക്കും ആവശ്യകമായ നന്മയെ തിരഞ്ഞെടുക്കുവാനുള്ള കഴിവാണു യഥാൎത്ഥസ്വാതന്ത്ര്യം. പ്രസ്തുത വ്യവസ്ഥിതിയനുസരിച്ച് ഒരു പൗരനെന്ന നിലയിൽ ഓരോ വ്യക്തിക്കും നിശ്ചിതമായ ചില ധൎമ്മങ്ങളും സാമാന്യക്ഷേമത്തെ മുൻനിറുത്തി നിൎവ്വഹിക്കുവാനുള്ള ചില സാമൂഹികചുമതലകളുമുണ്ടായിരിക്കും. രാഷ്ട്രത്തിന് അതുപോലെ വ്യക്തികളോടും അവരുടെ ധാൎമ്മികാവകാശങ്ങളെ അംഗീകരിച്ചു സംരക്ഷിക്കുവാനും അവരുടെ സന്മാൎഗ്ഗികജീവിതത്തെ സഹായിക്കുവാനും ചുമതലയുണ്ടായിരിക്കും. ഓരോ വ്യക്തിയും ഇങ്ങനെ നന്നാകുമ്പോൾ രാജ്യംമുഴുവൻ നന്നാകുകയും സ്വതന്ത്രപൗരന്മാരെക്കൊണ്ടു ദൈവരാജ്യം നിറയുകയും ചെയ്യും. ഓരോ പൗരനും രാഷ്ട്രത്തിനുവേണ്ടിയും രാഷ്ട്രം ഓരോ ധാൎമ്മികവ്യക്തിക്കുവേണ്ടിയുമാണെന്ന മിതപക്ഷത്തിന് അ

ല്പോൾ പ്രാബല്യം സിദ്ധിക്കും. ഇഷ്ടമുള്ളതെല്ലാം ചെയ്യുന്നതോ ഒരേകാധിപതിയുടെ അടിമയായിത്തീരുന്നതോ അല്ല സ്വാതന്ത്ര്യമെന്നും, പ്രത്യുത, ചെയ്യേണ്ടതു ചെയ്യുന്നതിലാണു യഥാർത്ഥസ്വാതന്ത്ര്യം അന്തർഭവിച്ചിരിക്കുന്നതെന്നും നാം മനസ്സിലാക്കും. അതുതന്നെയായിരിക്കും സാക്ഷാത്തായ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണോദയവും.

# ഒമ്പതാം അദ്ധ്യായം

## സ്വാതന്ത്ര്യവും ജനകീയഭരണവും

കമ്മ്യൂണിസ്ററു പ്രചരണവേലക്കാരുടെ അടവുകളിലൊന്നു കമ്മ്യൂണിസത്തെ ഒരു തനി ഡിമോക്രസിയായി ചിത്രീകരിക്കുകയാണു്. നിരങ്കുശമായ സ്വേച്ഛാധിപത്യത്തെ മറച്ചുവയ്ക്കുവാൻവേണ്ടി അതിനെ ജനാധിപത്യമെന്നു വിളിക്കുവാൻ അവക്കൊരു സങ്കോചവുമില്ല.

കമ്മ്യൂണിസ്ററു റഷ്യ ഒരു സ്വേച്ഛാധിപത്യരാജ്യമല്ല, വാസ്തവത്തിൽ ജനാധിപത്യരാജ്യമാണു് എന്നു വാദിക്കുന്നവർ ജനാധിപത്യം എന്ന പദത്തിന്റെ അത്ഥം വ്യഭിചരിപ്പിക്കുകയാണു ചെയ്യുന്നതു്. "കമ്മ്യൂണിസ്ററുപാർട്ടിയാണു ലോകത്തിലേയ്ക്കും സുശക്തവും വ്യവസ്ഥാപിതവും ശബ്ദായമാനവുമായ പ്രജാപ്രഭുത്വവാദി" എന്നു സ്റ്റലിന്റെ ഏജൻറ് അമേരിക്കയിൽവച്ചു് ഒരിക്കൽ പ്രസ്താവിക്കയുണ്ടായി. ഏററവും കൂടുതൽ ഒച്ചപ്പാടുണ്ടാക്കുന്ന ഒരു വർഗ്ഗമാണു കമ്മ്യൂണിസ്ററുപാർട്ടിയെന്നുള്ളതിൽ തക്കമില്ല. എന്നാൽ അതെന്തുമാത്രം പ്രജാധിപത്യവാദിയാണെന്നുള്ളതു കണ്ടറിയണം. മോസ്കോയിൽനിന്നു കിട്ടുന്ന നിർദ്ദേശമനുസരിച്ചു് എന്തും തട്ടിമൂളിക്കുവാൻ പ്രയാസമില്ല. പക്ഷേ, ഡിമോക്രസിയിൽ അവർക്കു് എന്തുമാത്രം വിശ്വാസമുണ്ടു്? അതാണു നമുക്കറിയേണ്ടതു്. അതിനു് അവരുടെ ഔദ്യോഗികരേഖകൾ പരിശോധിച്ചുനോക്കുകയാണു സുഗമമായ ഒരു മാർഗ്ഗം.

ഡിമോക്രസി എന്ന പദംകൊണ്ടു് ഒരു കമ്മ്യൂണിസ്ററു എന്താണു വിവക്ഷിക്കുന്നതു്? കമ്മ്യൂണിസ്ററുപാർട്ടിയുടെ

ഔദ്യോഗികരേഖയിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കാം: "കമ്മ്യൂണിസ്റ്റുകാരായ നാം സോവ്യററു ഡിമോക്രസിയെ സർവ്വാത്മനാ അനുകൂലിക്കുന്നു. സോവ്യററു യൂണിയനിലേ തൊഴിലാളിപ്രഭുത്വമാണു പ്രസ്തുത ഡിമോക്രസിയുടെ മഹത്തായ മാതൃക" (The Working Class Against Fascism, തൊഴിലാളികൾ ഫാസിസത്തെ എതിർക്കുന്നു, പേജ് 124). മററുവിധത്തിൽ പറഞ്ഞാൽ കമ്മ്യൂണിസത്തിൻെറ ഭാഷയിൽ ഡിമോക്രസി എന്ന പദത്തിനു സോവ്യററു ഡിമോക്രസി എന്നാണർത്ഥം. സോവ്യററു ഡിമോക്രസിയുടെ മാതൃകയാകട്ടെ റഷ്യയാണു്. ആനമാർക്ക പെൻസിലിന്നു് ആനയുമായുള്ള ബന്ധംമാത്രമേ സോവ്യററു ഡിമോക്രസിക്കു യഥാർത്ഥ ഡിമോക്രസിയുമായുള്ളൂ.

ഒരു വിപ്ലവംകൂടാതെ നടപ്പിൽ വരുത്തുവാൻ സാധിക്കുകയില്ലെന്നുള്ളതാണു പ്രസ്തുത ഡിമോക്രസിയുടെ മറെറാരു വിശേഷം. ഇന്നുള്ള ഭരണകൂടവും വ്യവസ്ഥിതിയുമെല്ലാം തല്ലിത്തകർത്തശേഷമേ സോവ്യററുഡിമോക്രസി സ്ഥാപിക്കുവാൻ സാധിക്കൂ. "തൊഴിലാളിവിപ്ലവത്തിൻെറ വിജയമാണു സോവ്യററുഡിമോക്രസിയുടെ നാന്ദി" (പേജ് 36). ദേശീയമായ ഒരു ഡിമോക്രസിയിൽ അവർക്കു വിശ്വാസമുണ്ടെങ്കിൽ, അമേരിക്ക മുതലായ ജനകീയഭരണകൂടങ്ങളെ അവരെന്തിനു തകർക്കുവാൻ ശ്രമിക്കുന്നു? ദേശീയപതാകയെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു പൗരനു സോവ്യററുറഷ്യയുടെ ചെങ്കൊടി ധരിച്ചുകൊണ്ടു നടക്കുവാൻ എങ്ങനെ സാധിക്കും? സ്വരാജ്യസ്നേഹമുള്ള ഏതൊരു പൗരനാണു വിദേശഭരണാധികാരികളുടെ പക്കൽ തൻെറ രാജ്യത്തെക്കുറിച്ചു റിപ്പോർട്ടുകൾ സമർപ്പിക്കുന്നതു്? മോസ്കോയിൽനിന്നു ലഭിക്കുന്ന കല്പനകൾ അണുവും വ്യതിചലിക്കാതെ അനുസരിക്കുന്ന ഒരുവനെ സ്വരാജ്യസ്നേഹിയെന്നു് എങ്ങനെ വിളിക്കാം?

എന്തിനധികം! കമ്മ്യൂണിസ്റ്റുവ്യവസ്ഥിതിയിൽ ജനാ

ധിപത്യത്തിന് എന്തു സ്ഥാനമാണുള്ളതെന്നറിയുവാൻ ഒരൊ
ററക്കാര്യം പരിഗണിച്ചാൽമതി. ഡിമോക്രസി അഥവാ ജനാ
ധിപത്യം എന്ന വാക്കിന്, പച്ചമലയാളത്തിൽപ്പറഞ്ഞാൽ,
ഭിന്നാഭിപ്രായം പുറപ്പെടുവിക്കുവാൻ അല്ലെങ്കിൽ സ്വന്തം
അഭിപ്രായം തുറന്നുപറയുവാൻ വ്യക്തികൾക്കുള്ള അവകാ
ശം എന്നാണർത്ഥം. ജനാധിപത്യത്തിന്റെ എതിരാളികൾക്കു
പോലും അതു പ്രസംഗസ്വാതന്ത്ര്യവും പ്രസിദ്ധീകരണസ്വാ
തന്ത്ര്യവും അനുവദിച്ചുകൊടുക്കും. വിപ്ലവകരമായ പ്രസംഗ
ങ്ങൾ ചെയ്യുവാൻ കമ്മ്യൂണിസ്റ്റുകാർക്കുപോലും അതുകൊ
ണ്ടാണ് അവസരം ലഭിക്കുന്നതു്. കമ്മ്യൂണിസം സ്വാഭിപ്രാ
യപ്രകടനത്തിനു വ്യക്തികൾക്കുള്ള ഈ അവകാശം പാടേ
നിഷേധിക്കുന്നു. കമ്മ്യൂണിസ്റ്റു ഭരണഘടനയും 125–ാമത്തെ
വകുപ്പനുസരിച്ച്, കമ്മ്യൂണിസ്റ്റുസിദ്ധാന്തത്തെ പിൻതാ
ങ്ങുന്നവർക്കുമാത്രമേ റഷ്യയിൽ പ്രസംഗസ്വാതന്ത്ര്യമുള്ളൂ. അ
ഭിപ്രായഭിന്നതകൾക്കു കമ്മ്യൂണിസ്റ്റുവ്യവസ്ഥിതിയിൽ
സ്ഥാനമില്ലെന്ന് അതിന്റെ ഔദ്യോഗികജിഹ്വതന്നെ സമ്മ
തിക്കുന്നു: "ഭരണഘടന മററുരാഷ്ട്രീയകക്ഷിയേയും അം
ഗീകരിക്കുന്നില്ല. അംഗീകരിക്കുവാൻ അതിനു നിവൃത്തിയുമി
ല്ല. അക്കാര്യം അവസാനമായി തീരുമാനിച്ചുകഴിഞ്ഞിരിക്കുന്ന
തിനാൽ അതിനെക്കുറിച്ച് ഇനി ആലോചിക്കയേ വേണ്ടാ. നാം
നിർമ്മാർജ്ജനം ചെയ്തുകഴിഞ്ഞ ശത്രുവർഗ്ഗമാകട്ടെ അവരുടെ
പ്രാതിനിധ്യം വഹിക്കുന്ന പാർട്ടികളാകട്ടെ നമ്മുടെയിട
യിൽ ഉണ്ടായിരിക്കുവാൻ പാടില്ല" (ഇസ്‌വെസ്തിയ). ക
മ്മ്യൂണിസത്തിന്റെ കീഴിൽ ഭരണകൂടവും പാർട്ടിയും ഒ
ന്നാണ്. ജനാധിപത്യസമ്പ്രദായമനുസരിച്ചാവട്ടെ അവ രണ്ടും
രണ്ടാണ്. റഷ്യയിലെ ജനസംഖ്യയിൽ കേവലം ഒന്നരശത
മാനംമാത്രം വരുന്ന കമ്മ്യൂണിസ്റ്റുകാർക്കു ബാക്കിയുള്ള
തൊണ്ണൂറെറട്ടരശതമാനത്തെയും യഥേഷ്ടം അടക്കി ഭരിക്കു
വാൻ സാധിക്കുന്നതിന്റെ രഹസ്യം മറെറാന്നുമല്ല. റഷ്യയി
ലുമുണ്ട് തിരഞ്ഞെടുപ്പും വോട്ടിങ്ങുമെല്ലാം; ശരിയാണ്. പക്ഷേ

ഒരേ ഒരു പാർട്ടിമാത്രമുള്ള രാജ്യത്തിൽ അത്തരം കാട്ടിക്കൂട്ടലുകൾക്കു് എന്തു വിലയാണുള്ളതു്? ഒരേ പാർട്ടിയിലുൾപ്പെട്ട ആളുകളിൽനിന്നു് ഇഷ്ടമുള്ളവരെ തിരഞ്ഞെടുക്കുവാൻ താത്വികമായി ജനങ്ങൾക്കു് അവകാശമുണ്ടു്. എങ്കിലും ഓരോ ഡിസ്ട്രിക്ററിൽനിന്നും ഒരു സ്ഥാനാർത്ഥിക്കുമാത്രമേ നില്ക്കുവാൻ സാധിക്കുന്നുള്ളു. ചുരുക്കം ചിലരെ ജനങ്ങൾ യഥേഷ്ടം തിരഞ്ഞെടുത്താൽത്തന്നെയും, സോവ്യററു സ്വേച്ഛാധിപതിക്കു് അവരെ പിടിച്ചില്ലെങ്കിൽ കോൺഗ്രസ്സിൻെറ പടിവാതിൽക്കലോളംപോലും ചെല്ലുവാൻ അവർക്കു സാധിക്കുകയില്ല. അതാണു് അനുഭവം.

ജനാധിപത്യം രണ്ടുതരത്തിലുണ്ടു്. ഒന്നിനു് വാച്യാർത്ഥത്തിൽ തനി ഡിമോക്രസി അഥവാ പൊതുജനഭരണമെന്നും മറേറതിനു റിപ്പബ്ളിക്കെന്നും പറയാം. ഇവ തമ്മിലുള്ള വ്യത്യാസം ജെയിംസ് മാഡിസൺ എന്ന ഗ്രന്ഥകാരൻ ഇങ്ങനെ വിവരിക്കുന്നു: "തനി ജനാധിപത്യരാജ്യങ്ങൾ കലാപങ്ങളുടെയും അന്തച്ഛിദ്രങ്ങളുടെയും രംഗമായിട്ടാണിരുന്നിട്ടുള്ളതു്. അവിടെ പൊതുജനങ്ങൾ ഭരണത്തിൽ നേരിട്ടു പങ്കെടുക്കുന്നു. റിപ്പബ്ളിക്കൻ രാജ്യങ്ങളിലാകട്ടെ ജനങ്ങൾ തങ്ങളുടെ പ്രതിനിധികൾ മുഖേനയത്രേ ഭരണം നടത്തുന്നതു്. ഈ വ്യത്യാസം മനസ്സിലാക്കാതിരുന്നാൽ പൊതുജനഭരണസമ്പ്രദായത്തേയും റിപ്പബ്ളിക്കൻ സമ്പ്രദായത്തേയുംകുറിച്ചു സംസാരിക്കുമ്പോൾ പല പടലപിണക്കങ്ങളും പററുവാൻ എളുപ്പമുണ്ടു്."

ലോകത്തിൽ ഇന്നുള്ള ജനാധിപത്യരാജ്യങ്ങൾ റിപ്പബ്ളിക്കൻസമ്പ്രദായത്തിൽനിന്നു മാറി പൊതുജനഭരണസമ്പ്രദായം അവലംബിക്കുന്നതുകൊണ്ടാണു് അവ പരാജയപ്പെടുവാൻ പോകുന്നതു്. പ്രശാന്തരും പക്വബുദ്ധികളുമായ ജനകീയപ്രതിനിധികൾവഴി ഭരണകൂടത്തെ നയിക്കുന്നതിനുപകരം, അപ്പോളപ്പോളുണ്ടാകുന്ന വികാരത്തള്ളലുകൾക്കനുസരണമായി പൊ

ത്തു ജനങ്ങൾ ഭരണത്തിൽ നേരിട്ടു കൈകടത്തിത്തുടങ്ങിയാൽ ഗവണ്മെൻറ് എന്നും ദുർബ്ബലവും ഉറപ്പില്ലാത്തതുമായിരിക്കും.

ഏററവും കൂടുതൽ ബഹളമുണ്ടാക്കുന്നവരാണു ജനങ്ങളുടെ പ്രാതിനിധ്യം നന്നായി വഹിക്കുന്നതെന്നൊരു ധാരണ ജനതാമദ്ധ്യത്തിൽ സൃഷ്ടിക്കുവാൻ ചിലർ ശ്രമിക്കുന്നുണ്ട്. ഏതെങ്കിലുമൊരു നിയമം നടപ്പിൽവരുത്തണമെന്നു വാദിച്ചുകൊണ്ട് അമ്പതുപേർ സംഘടിച്ച് ഒരു പ്രകടനം നടത്തിയാൽ, അതിന് അമ്പതിനായിരംപേരുടെ പിന്തുണയുണ്ടെന്നു തോന്നിപ്പോകും. ഒരു വസ്തുവിൻെറ നീളവും വീതിയുമറിഞ്ഞാൽ അതിനെക്കുറിച്ചുള്ള ജ്ഞാനം പൂർണ്ണമായി എന്നു വിചാരിക്കുന്ന ചില വിദ്യാഭ്യാസപ്രവത്തകന്മാരുണ്ട്. അതുപോലെയാണു ജനാധിപത്യവും ഭൂരിപക്ഷഭരണവും ഒന്നാണെന്നു വിചാരിക്കുന്ന ഭരണാധികാരികൾ. പരമാധിപത്യം സ്ഥിതിചെയ്യുന്നതു ജനങ്ങളിലാണ്, ശരിതന്നെ. പക്ഷേ, ജനങ്ങളെന്നു പറയുന്നത് ആരാണ്? തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടുന്നവരാണോ? അങ്ങനെയെങ്കിൽ പരമാധിത്യം ജനങ്ങളിലല്ല ഭൂരിപക്ഷത്തിലാണു സ്ഥിതിചെയ്യുന്നതെന്നു വേണം പറയുവാൻ. ന്യൂനപക്ഷത്തിൻെറ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ടു ഭൂരിപക്ഷം ഭരണം നടത്തുക: ഇതാണു സാക്ഷാത്തായ ജനാധിപത്യത്തിൻെറ അടിസ്ഥാനതത്വം. ഭൂരിപക്ഷത്തിനു സ്വന്തം പരിപാടിയെയും അതിലുപരിയായി ന്യൂനപക്ഷത്തിൻെറ അവകാശങ്ങളെയും സംരക്ഷിക്കുവാൻ ചുമതലയുണ്ട്. ഭൂരിപക്ഷത്തിനു ലഭിക്കുന്ന അധികാരം ഒരു പ്രകാരത്തിലും പരമമല്ല. ഭൂരിപക്ഷം അനുവദിച്ചുകൊടുക്കുന്നതുകൊണ്ടല്ല ന്യൂനപക്ഷത്തിന് അവകാശങ്ങൾ സിദ്ധിക്കുന്നതും. തന്മൂലം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ എടുത്തുകളയുവാൻ ഭൂരിപക്ഷത്തിന് ഒരിക്കലും അനുവാദമില്ല. ഒരു കാര്യത്തിനു ഭൂരിപക്ഷത്തിൻെറ അനുകൂല്യമുണ്ടെന്നു കരുതി അതു ശരിയാകണമെന്നില്ല. ജനങ്ങളിലധികംപേർക്കും ഇഷ്ടം

അതാണെന്നുമാത്രമേ അതിനർത്ഥമുള്ളു. റൂസോയെപ്പോലുള്ള ശുഭാപ്തിവിശ്വാസികൾ (optimists) മനുഷ്യസ്വഭാവം അന്തരികമായി എത്രതന്നെ നല്ലതാണെന്നു വാദിച്ചാലും, ഒരു രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങൾ അനീതിയേയും അസത്യത്തേയും പിൻചെല്ലുവാൻ പാടില്ലായ്കയില്ല. ഭൂരിപക്ഷത്തിനു പരമാധിപത്യമുണ്ടെന്നു നാം സമ്മതിക്കുന്നപക്ഷം അവർ സ്വാതന്ത്ര്യത്തെ നശിപ്പിക്കാതെ പരിരക്ഷിക്കുമെന്നുള്ളതിന് എന്തുറപ്പാണുള്ളത്? നീതിക്കുവേണ്ടിയുള്ള നമ്മുടെ തൃഷ്ണ നശിക്കുന്നതിനോടെ, ധർമ്മബോധത്തിൽ അധിഷ്ഠിതമായ നമ്മുടെ ഐക്യത്തിന് ഉടവുതട്ടുകയും ഭൂരിപക്ഷത്തിന്റെ സമ്മതിദാനത്തെ മാത്രം ആശ്രയിച്ചുനില്ക്കുന്ന ഒരു ക്രിത്രിമബന്ധം തൽസ്ഥാനത്തു സ്ഥലം പിടിക്കുകയും ചെയ്യുന്നു. അതോടുകൂടി, ഏതുതരത്തിലെങ്കിലും ഭൂരിപക്ഷം സമ്പാദിക്കണമെന്നുമാത്രമായിരിക്കും ഓരോ വർഗ്ഗവും ഉദ്ദേശിക്കുന്നത്. രാജ്യത്തിന്റെ യഥാർത്ഥക്ഷേമത്തെക്കുറിച്ച് ആരും ചിന്തിക്കാതെയാകും. പൊതുജനദ്രോഹം അതിന്റെ പാരമ്യത്തിലെത്തുകയും മനുഷ്യന്റെ പരിപാവനമായ അവകാശങ്ങൾ ചവുട്ടിമെതിക്കപ്പെടുകയും ചെയ്യും.

പരമാധികാരവും ഭൂരിപക്ഷത്തിന്റെ ഹിതവും ഒന്നാണെന്നു നാം തെററിദ്ധരിക്കുമ്പോൾ, ആ തെററിദ്ധാരണയുടെ മുതലെടുക്കുന്നതു സ്വേച്ഛാധിപതികളാണ്. തങ്ങൾക്കിഷ്ടമുള്ളതെല്ലാം അവർ ജനങ്ങളുടെ ഹിതപരിശോധന നടത്തി ന്യായീകരിച്ചുതുടങ്ങും. രാജ്യത്തിലാകെ ഒരേയൊരു രാഷ്ട്രീയപാർട്ടിയും ഒരേയൊരു സ്ഥാനാർത്ഥിയും മാത്രമുള്ള അവസരത്തിൽപ്പോലും ഹിററ്ലർ, സ്റ്റലിൻ മുതലായ സ്വേച്ഛാപ്രഭുക്കൾ 'തിരഞ്ഞെടുപ്പുനാടകം' നടത്തുന്നതിന്റെ കാരണമറിയാമോ? തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടുന്നവർക്ക് ഇഷ്ടംപോലെ ഭരിക്കാമെന്നൊരു ധാരണ ജനാധിപത്യരാജ്യങ്ങളിൽ പരന്നതുകൊണ്ടാണ്. പ്രചരണവേലയോ ഭീഷണിയോ എ

ന്നു പ്രയോഗിച്ചായാലും ശരി, ജനഹിതപരിശോധനയിൽ നൂറുശതമാനം വോട്ടു സമ്പാദിക്കുവാൻ കഴിഞ്ഞാൽ ജനാധിപത്യരാജ്യങ്ങളുടെ ദൃഷ്ടിയിൽപ്പോലും തങ്ങളുടെ നില ന്യായീകരിക്കപ്പെട്ടുവെന്നാണ് അവരുടെ ഭാവം.

സ്വേച്ഛാപ്രഭുത്വമെന്നു പറയുന്നതു് ഒരാളിന്റെ ഭരണമാണ്. പക്ഷേ, ഒരു കാര്യം നാം പ്രത്യേകം ഓർമ്മിക്കണം: ഒരാളിന്റെ ഭരണം മാത്രമല്ല ദുഷ്പ്രഭുത്വമായിത്തീരാവുന്നതു്. സമസ്താധികാരങ്ങളും ഒരുവനിൽ നിക്ഷിപ്തമായിരിക്കുന്നതുകൊണ്ടല്ല സ്വേച്ഛാധിപത്യം ദോഷകരമാണെന്നു പറയുന്നതും. പ്രത്യുത, മററുള്ളവരുടെ അവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയുമെല്ലാം ഉത്ഭവസ്ഥാനം താനാണെന്നും പൊതുജനക്ഷേമമെന്നു പറയുന്നതു തന്റെ അഭീഷ്ടംമാത്രമാണെന്നും അയാൾ കരുതുന്നതുകൊണ്ടത്രേ. ഈ വിചാരം ഒരു വ്യക്തിക്കെന്നപോലെ, അധികാരം കൈവരിക്കുന്ന ഭൂരിപക്ഷത്തിനും ഉണ്ടാകാവുന്നതാണ്. വോട്ടുകൊടുക്കുന്നവർ തങ്ങളുടെ അവകാശങ്ങളെയും വച്ചൊഴിയുന്നുവെന്ന് അവർക്കു തോന്നിയേക്കാം. പക്ഷേ എത്ര വമ്പിച്ച ഭൂരിപക്ഷവും സദാ അനുസ്മരിക്കേണ്ട ഒരു മഹാസത്യമുണ്ടു്: അതായതു്, തിരഞ്ഞെടുപ്പിൽ കിട്ടുന്ന വോട്ടുകളുടെ എണ്ണം എത്ര കൂടുതലായിരുന്നാലും ശരി, ന്യൂനപക്ഷത്തിന്റെ മൗലികമായ അവകാശങ്ങൾക്കു തന്മൂലം ഒരു മാററവും സംഭവിക്കുന്നില്ല.

റോസ് ഹോഫ്മൻ എന്ന ഗ്രന്ഥകാരൻ റിപ്പബ്ളിക്കൻ സമ്പ്രദായത്തെക്കുറിച്ചു പറയുന്ന വാക്കുകൾ സവിശേഷം ശ്രദ്ധേയമാണ്. "ആദ്ധ്യാത്മികതത്വങ്ങളെ നിഷേധിക്കുകയോ, വ്യക്തികളുടെ മഹിമയെ അവഗണിക്കുന്ന സർവ്വാധിപത്യവാദങ്ങളിൽ മതിമയങ്ങുകയോ ചെയ്യാത്തതായി റിപ്പബ്ളിക്കൻസിദ്ധാന്തം മാത്രമേയുള്ളു. അതു ക്രൈസ്തവസഭയുടെ രാഷ്ട്രീയപാരമ്പര്യത്തിൽനിന്നു നമുക്കു കിട്ടിയിട്ടുള്ള ഒരു മൂല്യനിക്ഷേപമാണ്. ചരിത്രം പഠിപ്പിക്കുന്ന പാഠങ്ങളെയും

ദൈവത്തിലുള്ള ക്രിസ്തീയവിശ്വാസത്തെയും പാടേ നഷ്ടപ്പെട്ടുത്തിക്കളഞ്ഞ അധുനികലോകം നിർഭാഗ്യവശാൽ, അതിനെക്കുറിച്ചു ചിന്തിക്കുന്നുപോലുമില്ല. റിപ്പബ്ളിക്ക് എന്താണെന്നുതന്നെ അധികംപേർക്കും ഒരു രൂപവുമില്ല. അതു രാജാവില്ലാത്ത രാജ്യമാണ് എന്ന ഒരവ്യക്തബോധമേ അവർക്കുള്ളൂ. എന്നാൽ ക്രൈസ്തവനായ രാഷ്ട്രീയചിന്തകന് അതെന്താണെന്നു നല്ലതുപോലെയറിയാം. റിപ്പബ്ളിക്കെന്നു പറയുന്നതു്, അനേകം സ്വകാര്യ'വസ്തുക്കൾ' ചേർന്നു നിലനിൽത്തിപ്പോരുന്ന ഒരു പൊതുവസ്തുവാണെന്നും, അനേകം കാര്യങ്ങളെ അശ്രയിച്ചാണ് അതു സ്ഥിതിചെയ്യുന്നതെന്നും, അതു സമുദായത്തിനുവേണ്ടിയുള്ള ഒരു സ്ഥാപനമാണ്, അല്ലാതെ സമുദായം അതിനുവേണ്ടിയുള്ളതല്ല എന്നും അയാൾക്കറിയാം. റിപ്പബ്ളിക്കൻ അദർശത്തെ മുറുകെപ്പിടിക്കുകയും, സമുദായം അതിനെ അശ്രയിച്ചാണിരിക്കുന്നതെങ്കിലും സമുദായത്തിന് അതിനെ അതിലംഘിക്കുന്ന പല അവകാശങ്ങളും ഉണ്ടെന്നു ധരിച്ചിരിക്കയും ചെയ്താൽമാത്രമേ മനുഷ്യർക്കു രാഷ്ട്രത്തോടും ദൈവത്തോടുമുള്ള തങ്ങളുടെ ചുമതലകൾ സ്വതന്ത്രമായും സമാധാനമായും നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ."

## അവകാശങ്ങളുടെ ഉൽപത്തിസ്ഥാനം

ഭൂരിപക്ഷത്തിന്റെ അംഗീകാരത്തിൽനിന്നല്ലെങ്കിൽ പിന്നെയെവിടെനിന്നാണു വ്യക്തികൾക്ക് അവകാശം സിദ്ധിക്കുന്നതു്? ഓരോ രാജ്യത്തിന്റേയും ഉത്ഭവമുഹൂർത്തത്തിൽ തന്നെ ആലോചിക്കേണ്ട ഒരു പ്രശ്നമാണിതു്. ഓരോ ഭരണഘടനയും അതിനുത്തരം നല്കേണ്ടതുമാണ്. മനുഷ്യന്റെ അവകാശങ്ങൾ ദൈവത്തിൽനിന്നു സിദ്ധിച്ചിട്ടുള്ളവയാകുന്നു—ഇതാണ് അതിന്റെ ശരിയായ ഉത്തരം. പീലാത്തോസിന്റെ ന്യായാസനത്തിൻമുമ്പിൽ ആനയിക്കപ്പെട്ട ആ തടവുകാരൻ അന്ന് അയാളെ അനുസ്മരിപ്പിച്ചതും ഈ തത്വമാണ്. മൂക

ളിൽനിന്നു നല്കപ്പെട്ട അധികാരമേ അയാൾക്കുണ്ടായിരുന്നുള്ളൂ.

അതുകൊണ്ടാണു രാഷ്ട്രീയാധികാരത്തെ അനുസരിക്കണമെന്നു ക്രിസ്തുമതം ഉദ്ബോധിപ്പിക്കുന്നത്. "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴ്പ്പെട്ടിരിക്കട്ടെ. ദൈവത്തിൽനിന്നുള്ളതായിട്ടല്ലാതെ അധികാരമില്ല. ഉള്ള അധികാരങ്ങൾ ദൈവത്താൽ ഏർപ്പെടുത്തപ്പെട്ടിരിക്കയും ചെയ്യുന്നു. ആകയാൽ അധികാരത്തോട് എതിർത്തുനില്ക്കുന്നവൻ ദൈവത്തിൻെറ കല്പനയോട് എതിർത്തുനില്ക്കുന്നു" (റോമ. xiii,1-2). "ദൈവത്തെ ഭയപ്പെടുക; രാജാവിനെ ബഹുമാനിക്കുക" എന്നത്രേ പ്രേഷിതപ്രഭുവായ പത്രോസിൻെറ ഉദ്ബോധനം. അന്നത്തെ രാജാവു നീറോയായിരുന്നുവെന്നുകൂടി ഓർമ്മിക്കണം!

അവകാശങ്ങളുടേയും സ്വാതന്ത്ര്യത്തിൻേറയുമെല്ലാം ഉൽപത്തിസ്ഥാനം ദൈവമാണെന്നു സമ്മതിക്കുന്നു. എന്നാൽ അവ നമുക്കു നേരിട്ടു ലഭിക്കുന്നത് എവിടെനിന്നാണ്?– ധാർമ്മികവ്യക്തിയിൽനിന്ന്. ധാർമ്മികവ്യക്തിക്കുമാത്രമേ അവകാശങ്ങളുള്ളൂ; കാരണം, ധാർമ്മികവ്യക്തിക്ക് അഥവാ മനുഷ്യനുമാത്രമേ ചിന്താശക്തിയും ഇച്ഛാശക്തിയുമുള്ളൂ. മണ്ണാങ്കട്ടയ്ക്കാകട്ടെ മിന്നാമിനുങ്ങിനാകട്ടെ യാതൊരവകാശവുമില്ല. പക്ഷേ ഒരു പിഞ്ചുപൈതലിന് അവകാശങ്ങളുണ്ട്; ഒരു മദ്യപാനിക്ക് അവകാശങ്ങളുണ്ട്; ഒരു കുഷ്ഠരോഗിക്ക് അവകാശങ്ങളുണ്ട്.

എന്നാൽ ബുദ്ധിശക്തിയുള്ള ഒരു മനുഷ്യന് എങ്ങനെയാണ് അവകാശങ്ങളുണ്ടാകുന്നത്? പറയാം. ധാതുവർഗ്ഗത്തിനോ ഇതരജീവികൾക്കുതന്നെയുമോ ചെയ്യുവാൻ കഴിയാത്ത രണ്ടു പ്രത്യേകപ്രവൃത്തികൾ മനുഷ്യനു ചെയ്യുവാൻ കഴിയും: അതായത്, ഒരു ലക്ഷ്യം അഥവാ പ്രാപ്യസ്ഥാനം തിരഞ്ഞെടുക്കുവാനും അതിൻെറ പ്രാപ്തിക്കു പററിയ മാർഗ്ഗങ്ങൾ യഥേഷ്ടം അവലംബിക്കുകയോ അവലംബിക്കാതിരിക്കുകയോ ചെയ്യുവാനും.

മൃഗത്തെപ്പോലെ അന്ധമായ ഒരു പ്രവണതയല്ല മനുഷ്യനെ നയിക്കുന്നത്. മനുഷ്യൻ ചിന്തിച്ചുനോക്കി സ്വയം തീരുമാനിക്കയത്രേ ചെയ്യുന്നത്. ഇങ്ങനെ മനുഷ്യനുമാത്രം സ്വന്തമായി ഒരു ലക്ഷ്യം തിരഞ്ഞെടുക്കുവാൻ കഴിവുള്ളതുകൊണ്ട്, അതു പ്രാപിക്കുവാനുള്ള അവകാശവും അവനുമാത്രമേയുള്ളൂ. ബുദ്ധിശക്തി സത്യത്തേയും ഇച്ഛാശക്തി നന്മയേയും പ്രാപിക്കുമ്പോളാണല്ലോ മനുഷ്യൻ പരിപൂർണ്ണനായിത്തീരുന്നത്. അതിന് അവൻ ലോകത്തിൽ അവശ്യം ജീവിക്കേണ്ടിയിരിക്കുന്നു. തന്മൂലം ജീവിക്കുവാൻ മനുഷ്യന് അവകാശമുണ്ടെന്നു സിദ്ധിക്കുന്നു. ആകയാൽ മനുഷ്യന്റെ മാനുഷികാവകാശങ്ങൾ നേരിട്ട് ഉത്ഭവിക്കുന്നത് ഹേഗൽ വാദിക്കുന്നതുപോലെ രാഷ്ട്രത്തിൽനിന്നോ, റൂസ്സോ അഭിപ്രായപ്പെടുന്നതുപോലെ വ്യക്തികൾ ഒത്തുചേർന്നുണ്ടാക്കുന്ന ഒരുടമ്പടിയിൽനിന്നോ, സ്പെൻസർ സിദ്ധാന്തിക്കുന്നതുപോലെ ജീവശാസ്ത്രപരമായ ചില പ്രത്യേകഘടകങ്ങളിൽനിന്നോ, ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിൽനിന്നോ, സ്വേച്ഛാധിപതിയിൽനിന്നോ, നിയമനിർമ്മാണസഭയുടെ തീരുമാനത്തിൽനിന്നോ അല്ല. പ്രത്യുത, ദൈവത്തിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടതും, സ്വയം ചിന്തിച്ചു തീരുമാനത്തിലെത്തിച്ചേരുവാനുള്ള വിശിഷ്ടശക്തിയോടുകൂടിയതുമായ ധാർമ്മികവ്യക്തിയാണ് അവകാശങ്ങളുടെ ഉത്ഭവസ്ഥാനം.

ലോകത്തിലേയ്ക്കും വിലയേറിയ വസ്തുവും ധാർമ്മികവ്യക്തിയാണ്. ഒരു മനുഷ്യനോടു താരതമ്യപ്പെടുത്തിനോക്കിയാൽ പ്രപഞ്ചവും അതിലെ സമ്പത്സമൃദ്ധിയും വെറും മണൽത്തരിപോലെ നിസ്സാരമത്രേ. മനുഷ്യനെ രക്ഷിക്കുവാൻവേണ്ടി, യഹൂദന്മാരുടേയും ഗ്രീക്കുകാരുടേയും റോമാക്കാരുടേയും നാഗരികതകൾ ഒരുമിച്ചുചേരുന്ന വഴിക്കവലയിൽ ഒരു കുരിശു നാട്ടപ്പെട്ടുവെന്ന വസ്തുതതന്നെ അവന്റെ അമൂല്യതയെ വിളിച്ചറിയിക്കുന്നു.

നാല്ക്കാലിമൃഗങ്ങളെ സംബന്ധിച്ചിടത്തോളം, വ്യക്തി വർഗ്ഗത്തിനുവേണ്ടിയാണെന്നു പറയുന്നതിൽ തെററില്ല. എന്നാൽ മനുഷ്യൻ അങ്ങനെയല്ല. മനുഷ്യലോകത്തിൽ വ്യക്തിക്കാണു വില. രാഷ്ട്രത്തിൽപ്പോലും അവൻ ലയിച്ചുപോകുന്നില്ല. രാഷ്ട്രം അവൻെറ നന്മയ്ക്കുവേണ്ടിയാകയാൽ അതു് അവൻെറ അവകാശങ്ങളെ അംഗീകരിക്കുകയല്ലാതെ ഒരിക്കലും സൃഷ്ടിക്കുകയല്ല ചെയ്യുന്നതു്. കാരണം, മനുഷ്യവ്യക്തിയും അവൻെറ കുടുംബവും രാഷ്ട്രം ഉണ്ടാകുന്നതിനുമുമ്പുമുതൽ ഉള്ളതാണു്. ദൈവികനിയമം അനുവദിക്കുന്നിടത്തോളം പരിപൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യവും സാമ്പത്തികഭദ്രതയും അനുഭവിക്കുവാൻ അവയ്ക്കു രണ്ടിനുമുള്ള അവകാശം അനിഷേധ്യവുമാണു്.

ഒരു റിപ്പബ്ളിക്കൻരാജ്യമായ അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനയിൽ ഈ തത്ത്വങ്ങൾ എങ്ങനെ ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്നു നോക്കുക: “അവിച്ഛേദ്യമായ ചില അവകാശങ്ങൾ സ്രഷ്ടാവു് അവർക്കു (വ്യക്തികൾക്കു) പ്രദാനം ചെയ്തിട്ടുണ്ടെന്നും, അവയിൽ, ജീവിക്കുവാനും സ്വാതന്ത്ര്യമനുഭവിക്കുവാനും ആനന്ദപ്രാപ്തിക്കായി പരിശ്രമിക്കുവാനുമുള്ള അവകാശങ്ങൾ ഉൾപ്പെടുന്നുവെന്നും, പ്രസ്തുതാവകാശങ്ങളുടെ സംരക്ഷണത്തിനായിട്ടത്രേ രാഷ്ട്രം സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നും, രാഷ്ട്രത്തിനുള്ള ന്യായ്യമായ അധികാരങ്ങൾ പൊതുജനസമ്മതത്തിൽനിന്നു ലഭിക്കുന്നതാണെന്നുമുള്ള സത്യങ്ങൾ സ്വയം വിശദങ്ങളായി ഞങ്ങൾ പരിഗണിക്കുന്നു.”

മനുഷ്യൻെറ അഭേദ്യഘടകങ്ങൾക്കു നല്കിയിരിക്കുന്ന ഈ അംഗീകാരം — ജന്മായത്തമായ മാനുഷികമഹിമയെക്കുറിച്ചുള്ള അസന്ദിഗ്ധമായ ഈ പ്രഖ്യാപനം — സാക്ഷാത്തായ ജനാധിപത്യത്തിൻെറ കാതലാണു്. മനുഷ്യവർഗ്ഗത്തിൻെറ മഹിമയെക്കുറിച്ചല്ല, അതിലെ ഓരോ വ്യക്തിയുടെയും മഹിമയെക്കുറിച്ചാണു് ഇവിടെ പറഞ്ഞിരിക്കുന്നതു് — മാംസരക്തങ്ങ

ളോടുകൂടിയ ഓരോ പ്രത്യേകമനുഷ്യനേയുംകുറിച്ച്. മതം പഠിപ്പിക്കുന്നതും അതുതന്നെയാണ്. ക്രിസ്തുനാഥൻ കുരിശിൽ മരിച്ചതു മനുഷ്യനുവേണ്ടിയാണ്. ഭരണകൂടങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതും അവനുവേണ്ടിത്തന്നെ. അവൻ ഒപ്പം മതത്തിന്റേയും രാഷ്ട്രത്തിന്റേയും കണ്ണിലുണ്ണിയാണ്. നൈസർഗ്ഗികവും പരിപാവനവുമായ അവന്റെ അവകാശങ്ങളെ അന്യൂനമായി സംരക്ഷിക്കുക — അപ്പോൾ കാണാം ഭൗമികരാഷ്ട്രങ്ങളെ രൂപവൽക്കരിക്കുന്ന കാര്യത്തിൽ അവൻ എത്രമാത്രം പ്രയോജനപ്പെട്ടുമെന്ന്. ഭൗമികരാജ്യമാകട്ടെ ദൈവികരാജ്യത്തിലേക്കുള്ള ചവിട്ടുപടിയുമാണ്. ചുരുക്കത്തിൽ, മനുഷ്യന്റെ വില വിസ്മരിക്കപ്പെട്ടുപോയി എന്നുള്ളതാണു നമുക്കു ഇന്നു പററിയിരിക്കുന്ന ഏററവും വലിയ അപകടം.

കമ്മ്യൂണിസത്തിന്റെ സിദ്ധാന്തമനുസരിച്ചു വ്യക്തികൾക്കുള്ള അവകാശങ്ങൾ നിർണ്ണയിച്ചു നല്കുന്നതു പാർട്ടിയാണ്. സോവ്യററു ഭരണഘടനയിൽ പത്തദ്ധ്യായങ്ങളും നൂററിപ്പത്തിനേഴു വകുപ്പുകളും കഴിയുമ്പോളാണ് 'അവകാശം' എന്ന പദംതന്നെ നാം ആദ്യമായിക്കാണുന്നതു്. അവിടെ പറയുന്നതാകട്ടെ അദ്ധ്വാനിക്കുവാനുള്ള അവകാശത്തെക്കുറിച്ചുമാണ്. പാർട്ടിയാണ് അവകാശങ്ങളുടെ ഉൽപത്തികേന്ദ്രമെങ്കിൽ, പാർട്ടിയിൽപ്പെടാത്തവർക്ക് ഒരവകാശവുമില്ലെന്നു സിദ്ധിക്കുന്നു. അവരെ ഉന്മൂലനം ചെയ്യുവാൻ പാർട്ടിക്ക് അവകാശമുണ്ട്. അങ്ങനെയുള്ള സർവ്വാധിപത്യരാജ്യങ്ങളിൽ അസാധാരണമായ വ്യക്തിമഹിമ കാണിക്കുന്നവരൊക്കെ പുണ്യവാന്മാരായിരിക്കും. കാരണം, പുണ്യവാന്മാർമാത്രമേ രാഷ്ട്രത്തെ ദൈവമായി ആരാധിക്കുവാൻ വിസമ്മതിക്കുകയുള്ളു. ഒരു ഷേക്സ്പീയർക്കാകട്ടെ, ജറമിയാസ് പ്രവാചകനാകട്ടെ ഏബ്രഹാം ലിങ്കണാകട്ടെ റഷ്യയെപ്പോലുള്ള സർവ്വാധിപത്യരാഷ്ട്രത്തിൽ സ്ഥാനമുണ്ടായിരിക്കുകയില്ല. അതു് അടിമകളുടെ നാടാണ്. തലയ്ക്കുചേർന്ന തലപ്പാവുണ്ടാക്കുന്നതിനുപ

കരം തലപ്പാവിനു പററിയ രൂപത്തിൽ തല ചെത്തി ശരിപ്പെടുത്തുന്നതുപോലെ, സർവ്വാധിപത്യരാഷ്ട്രങ്ങൾ,പാർട്ടിക്ക് അനുയോജിച്ച രീതിയിൽ വ്യക്തിയെ വാർത്തെടുക്കുന്നു. പക്ഷേ, വ്യക്തിയെ പാർട്ടിയിൽ അഥവാ വർഗ്ഗത്തിൽ ലയിപ്പിക്കുന്നതിലല്ല, അവനെ അതിൽനിന്നു മോചിക്കുന്നതിലാണു രാഷ്ട്രീയസ്വാതന്ത്ര്യം പ്രധാനമായി അടങ്ങിയിരിക്കുന്നത്.

വ്യക്തിയെ സമുദായത്തിൽ ലയിപ്പിക്കുവാനാണ് ആധുനികലോകത്തിൻെറ ശ്രമം മുഴുവൻ. തന്മൂലം മനുഷ്യൻെറ വ്യക്തിമാഹാത്മ്യത്തെ പ്രഖ്യാപനം ചെയ്തുറപ്പിക്കുകയാണ് ഇന്നത്തെ അടിയന്തിരമായ കർത്തവ്യം. രാഷ്ട്രീയവും സാമ്പത്തികവുമായ ഇന്നത്തെ അസ്വാസ്ഥ്യതകളുടെയും സമുദായോദ്ധാരണശ്രമങ്ങളുടെയുമെല്ലാം അടിയിൽക്കാണുന്ന മൗലികപ്രശ്നം മനുഷ്യനെ സംബന്ധിച്ചുള്ളതാണ്. ഏതുതരത്തിലുള്ള വ്യവസ്ഥിതിയാണു ഭാവിയിൽ നാം ഉണ്ടാക്കുവാൻ പോകുന്നത്? തൊഴിലാളികൾക്കോ താദൃശമായ മററതെങ്കിലുമൊരു പ്രത്യേകവർഗ്ഗത്തിനോമാത്രം വേണ്ടിയുള്ളതാണോ? അതോ, മനുഷ്യർക്ക് — ആത്മശരീരങ്ങളോടുകൂടിയവരും സ്രഷ്ടാവായ ദൈവത്തെ പ്രാപിച്ചുകൊണ്ടു തങ്ങളുടെ ജീവിതത്തെ സഫലീകരിക്കുന്നവരും ഐഹികജീവിതത്തെ പാരത്രികജീവിതത്തിനുള്ള ഒരുക്കമായി കരുതുന്നവരുമായ ധാർമ്മികവ്യക്തികൾക്ക് — ജീവിക്കുവാൻ യോജിച്ചതരത്തിലുള്ള ഒരു വ്യവസ്ഥിതിയാണോ? ഏതടിമയിലും സ്വാതന്ത്ര്യപ്രാപ്തിയെക്കുറിച്ചുള്ള ചില പ്രത്യാശാകിരണങ്ങൾ അവശേഷിക്കാതിരിക്കയില്ല. മനുഷ്യത്വത്തിൻെറ പരിപാവനതയെ നാം കൈവെടിയാത്തിടത്തോളംകാലം നിർമ്മലമായ ഒരു മനസ്സാക്ഷിയുടെ ഉൽബോധനത്തെ നമ്മിൽനിന്നു നശിപ്പിച്ചുകളയുവാൻ യാതൊരു ഭൗതികശക്തിക്കും സാധിക്കുന്നതല്ല. നമ്മുടെ അവകാശസ്വാതന്ത്ര്യങ്ങൾ ദൈവത്തിൽനിന്നാകയാൽ അവയെ എടുത്തുകളയുവാൻ ഒരു രാഷ്ട്രീയശക്തിക്കും അധികാരമില്ല; ഈ തത്ത്വം

അർക്കും സ്പഷ്ടമാണ്. ആത്മാവിൽനിന്ന് ഉറവെടുക്കുന്ന മനുഷ്യന്റെ മൗലികാവകാശങ്ങളെ തൊടുവാൻപോലും ഭൗമികാധികാരികൾക്കു നിർവ്വാഹമില്ല. അങ്ങനെയെങ്കിൽ, മതബോധത്തെ നിഷ്കാസനം ചെയ്യുകയും, ഈശ്വരാസ്തിത്വത്തെത്തന്നെ നിഷേധിക്കയും ചെയ്യുന്ന ഒരു രാജ്യം ലോകത്തിലുണ്ടെന്നും അവിടത്തെ ഭരണകൂടം മനുഷ്യന് അനശ്വരമായ ഒരാത്മാവും അനിഷേധ്യമായ ചില അവകാശങ്ങളുമുണ്ടെന്നുള്ള അടിസ്ഥാനതത്വംപോലും സമ്മതിച്ചുകൊടുക്കുന്നില്ലെന്നും നാം അറിയുന്നുവെന്നു സങ്കല്പിക്കുക. അവിടത്തെ ജനങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്നാണു നാം സന്യായം അനുമിക്കേണ്ടത്? നഗ്നമായ അടിമത്തം. സംശയമുണ്ടെങ്കിൽ കമ്യൂണിസ്ററു റഷ്യയിലേക്കു നോക്കുക.

ആത്മാവിനെ നിഷേധിക്കുന്നതിലാണു ദുഷ്പ്രഭുത്വത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും ആരംഭം അടങ്ങിയിരിക്കുന്നതെന്നു സത്യത്തിന് ഒരിക്കലും ഒരിടത്തും അപവാദമില്ല.

ഈശ്വരനും മനുഷ്യാത്മാവുമാണ് എല്ലാ സ്വാതന്ത്ര്യത്തിന്റെയും അവകാശങ്ങളുടേയും ആധാരമെങ്കിൽ മനുഷ്യത്വത്തിന്റെ മഹിമയെ സംരക്ഷിക്കുവാൻവേണ്ടി നിരന്തരമായി യുദ്ധം ചെയ്യുന്ന ഏകസ്ഥാപനം മതമാണെന്നും സമ്മതിച്ചേ തീരൂ. വിദ്യാഭ്യാസരംഗത്തുനിന്നു മതത്തെ ആട്ടിപ്പായിക്കുകയും, മനുഷ്യനെ രസതന്ത്രശാലയിൽവച്ച് അപഗ്രഥിച്ചുനോക്കി, അവൻ ഭൗതികധാതുക്കളുടെ ഒരു സങ്കരം മാത്രമാണെന്നു വിധിപറയുകയും ചെയ്യുന്ന നമ്മുടെ വിദ്യാഭ്യാസപ്രത്തകന്മാർ മനുഷ്യന്റെ മാഹാത്മ്യത്തെ എത്രമാത്രം പരിരക്ഷിക്കും? മനുഷ്യന്റെ ബുദ്ധിശക്തി വികസിപ്പിക്കുന്നതിനെക്കാൾ, അവന്റെ മനസ്സിനു സന്മാർഗ്ഗപരമായ ഒരു പരിശീലനം നല്കുന്നതിനാണു നാം കൂടുതൽ ശ്രദ്ധ പതിക്കേണ്ടതു്. മനസ്സിന് ഒരു പരിശീലനവും നല്കാതെ ബുദ്ധിശക്തിയെമാത്രം വികസിപ്പിക്കുന്നവർ വാസ്തവത്തിൽ തിന്മ പരിശീലിപ്പിക്കുകയാണു

ചെയ്യുന്നതു്. ഈ പ്രാഥമികതത്വങ്ങൾ വിസ്മരിച്ചു പ്രവർത്തിക്കുന്നവരുണ്ടോ മനുഷ്യന്റെ പ്രാഥമികാവകാശങ്ങളേയും സ്വാതന്ത്ര്യത്തെയും സംരക്ഷിക്കുവാൻപോകുന്നു? മതപരമായ വിദ്യാഭ്യാസത്തിനുമാത്രമേ പ്രസ്തുതാവകാശങ്ങൾ സംരക്ഷിക്കുവാൻ കഴിയുകയുള്ളൂ. കാരണം, മതവും മനുഷ്യന്റെ മൗലികാവകാശങ്ങളുംതമ്മിലുള്ള ബന്ധം അഭേദ്യമാണു്. എവിടെ മതബോധം അധഃപതിക്കുന്നുവോ അവിടെ അതേ അളവിൽ, മനുഷ്യസ്വാതന്ത്ര്യവും അധഃപതിക്കുന്നു. മതബോധത്തിനു് എന്തുമാത്രം ഒരു രാജ്യത്തു് ഇടിവു തട്ടുന്നുവോ അത്രമാത്രം അവിടെ ദുഷ്പ്രഭുത്വത്തിനു പ്രാബല്യം സിദ്ധിക്കും. അതുകൊണ്ടാണു മതവിരോധികളായ രാഷ്ട്രങ്ങൾ മനുഷ്യവിരോധികൾ കൂടിയും ആയിത്തീരുന്നതു്. മനുഷ്യനെ രാഷ്ട്രത്തിന്റെ അടിമയാക്കുവാൻ ശ്രമിക്കുന്ന കമ്മ്യൂണിസം ആദ്യംതന്നെ മതത്തെ നശിപ്പിക്കുവാൻ ഉദ്യമിക്കുന്നതിന്റെ കാരണം ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലോ.

മനുഷ്യൻ സർവ്വോപരി രാഷ്ട്രത്തെമാത്രമേ ആരാധിക്കാവൂ എന്നുവന്നാൽ, ദൈവത്തെ ആരാധിക്കുവാൻ തനിക്കവകാശമുണ്ടെന്നു് ഒരു പൗരനും പിന്നീടു ന്യായവാദം ചെയ്യുവാൻ നിവൃത്തിയില്ല. അങ്ങനെ ചെയ്യുന്നതു രാജ്യദ്രോഹമായിരിക്കും. രാഷ്ട്രത്തിനു ജനങ്ങളെ പീഡിപ്പിച്ചു അനുസരിപ്പിക്കുവാൻ വേണ്ട കായികശക്തി ഉള്ളതുകൊണ്ടു് അത്തരം രാജ്യദ്രോഹികളുടെനേരെ രാഷ്ട്രം ആ ശക്തി പ്രയോഗിക്കുകയും ചെയ്യും. അശക്തന്മാർ പരാജിതരാകും. ധീരാത്മാക്കളാകട്ടെ അതിനോടു പൊരുതു മരണം കൈവരിക്കും. ഇത്തരം കാട്ടാളശക്തി പ്രയോഗിച്ചാണു ജർമ്മനിയിൽനിന്നു ഹിററ്ലറും റഷ്യയിൽനിന്നു കമ്മ്യൂണിസ്ററുഗവണ്മെൻറും അനേകം മാതൃകാപൗരന്മാരെ നാടുകടത്തിയതു്. അവരെല്ലാം മാതൃരാജ്യത്തെ തീവ്രമായി സ്നേഹിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ അതിലുപരിയായി അവർ ദൈവത്തെ സ്നേഹിച്ചിരുന്നു. മനുഷ്യൻ ആരെയെ

ങ്കിലും ആരാധിച്ചേ ഇരിക്കൂ. സത്യദൈവത്തെക്കുറിച്ചുള്ള സ്മരണ അവനു നഷ്ടപ്പെട്ടാൽ, തൽസ്ഥാനത്തു മറെറന്തെങ്കിലും ഒരാരാധനാവസ്തു അവൻ ഉണ്ടാക്കാതിരിക്കയില്ല. രാജ്യതന്ത്രമാകുന്ന മൂശയിൽ അങ്ങനെ മനുഷ്യൻ വാർത്തെടുത്ത ഒരു പുതിയ വിഗ്രഹമാണു് ആധുനികരാഷ്ട്രം. പണ്ടു നബുക്കദനോസർ എന്ന രാജാവു തൻെറ പ്രതിമയെ ജനങ്ങൾ ആരാധിക്കണമെന്നും ഇതരദേവന്മാരുടെ ആരാധനകളെല്ലാം നിർത്തിവയ്ക്കണമെന്നും ഒരുഗ്രശാസനം പുറപ്പെടുവിച്ചതായി നാം ചരിത്രത്തിൽ വായിക്കുന്നുണ്ടു്. ഇന്നത്തെ നബുക്കദനോസറന്മാർ പുറപ്പെടുവിക്കുന്ന ആജ്ഞയും അതുതന്നെ: "ദൈവത്തിനു നല്കേണ്ടവകൂടി സീസറിനു നല്കുക." അതിനു വിസമ്മതിക്കുന്നവരുടെ അനുഭവം നാടുകടത്തലോ പീഡനമോ ആയിരിക്കും.

രാഷ്ട്രം മനുഷ്യനുവേണ്ടിയാണു്; അല്ലാതെ മനുഷ്യൻ രാഷ്ട്രത്തിനുവേണ്ടിയല്ല — ശരിതന്നെ. എങ്കിലും സ്വരാജ്യത്തോടുള്ള സ്നേഹം, ഭക്തി എന്ന ധാർമ്മികസുകൃതത്തിൻെറ ഒരു രൂപഭേദമാണെന്നത്രേ ക്രിസ്തുമതം പഠിപ്പിക്കുന്നതു്. സ്വരാജ്യസ്നേഹം ഇന്നെവിടെയും അതിശീഘ്രം അസ്തമിച്ചുവരുന്നു. മാതൃരാജ്യത്തെ ആത്മാർത്ഥമായി സ്നേഹിക്കുവാൻ ഇനിയെങ്കിലും നാം അഭ്യസിക്കാത്തപക്ഷം, തീർച്ചയായും നാം നശിച്ചുപോകും. സ്നേഹിക്കുവാൻ വിസമ്മതിച്ചുവെന്ന പാതകത്തിനു നാം ഉത്തരവാദികളായിത്തീരും.

ജനാധിപത്യത്തിനു പുലർച്ച ലഭിക്കണമെങ്കിൽ അതു മതത്തിനു ശരിയായ പരിഗണന നല്കണം. എന്തുകൊണ്ടെന്നാൽ ജനങ്ങൾ എപ്പോഴും ധർമ്മബോധത്തിനും സുകൃതത്തിനുംവേണ്ടി നിലകൊള്ളുന്നുവെന്ന വിശ്വാസമാണു ജനാധിപത്യത്തിൻെറ അടിസ്ഥാനം. നീതി, ധർമ്മബോധം, സുകൃതാനുഷ്ഠാനം എന്നിവ മനസ്സാക്ഷിയെയും, മനസ്സാക്ഷി ധാർമ്മികനിയമത്തെയും, ധാർമ്മികനിയമം നന്മസ്വരൂപനായ ഒരു നിയ

ധാതാവിനെക്കുറിച്ചു പ്രതിപാദിക്കുന്ന മതത്തേയും ആശ്രയിച്ചുനില്ക്കുന്നു. മതബോധം മനുഷ്യഹൃദയങ്ങളിൽനിന്നു വററിപ്പോകട്ടെ: അപ്പോൾ കാണാം ജനാധിപത്യത്തിന്റെ കാതലായ വിശിഷ്ടസുകൃതങ്ങളും ജനതാമദ്ധ്യത്തിൽനിന്നു വരണ്ടു നശിച്ചുപോകുന്നതു്. അതിന്റെ ഫലമോ? ജനാധിപത്യമെന്നു പറയുന്നതു്, തിന്മയും അധർമ്മവും പ്രവർത്തിക്കുവാനുള്ള അവകാശമാണെന്നു വന്നുകൂടും. ഭൂരിപക്ഷം അനുകൂലിക്കുന്നതെല്ലാം ശരിയാണെന്നുവരും. ആകയാൽ ജനാധിപത്യത്തെക്കുറിച്ചുള്ള നമ്മുടെ വാഗ്കോലാഹലങ്ങളിൽ ഒരു കാര്യം നാം വിസ്മരിക്കാതിരുന്നാൽ കൊള്ളാം. അതായതു്: വിവേകപൂർവ്വം പ്രവർത്തിക്കാത്തപക്ഷം, ഉള്ള ജനാധിപത്യം നശിപ്പിച്ചുകളയുവാനും ഒരു ജനാധിപത്യരാജ്യത്തിനു സാധിക്കും. മതത്തോടു യാത്രപറഞ്ഞിട്ടു ഭൂരിപക്ഷാഭിപ്രായം ചൂണ്ടിക്കാണിക്കുന്ന വിദേശീയാശയങ്ങളുടെ പിന്നാലെ പായുന്ന രാജ്യങ്ങൾ അനീതിയുടേയും അഴിമതികളുടേയും ഏകച്ഛത്രാധിപത്യത്തിനു തലകുനിക്കുവാൻ വലിയ താമസം വേണ്ടിവരികയില്ല. അങ്ങനെ വരുമ്പോൾ സമാധാനം പുനഃസ്ഥാപിക്കുവാൻ രാഷ്ട്രം അതിനു തോന്നുന്ന ഒരു മതം ജനങ്ങളുടെമേൽ അടിച്ചേല്പിക്കും. അതോടുകൂടി മർദ്ദനം അവിടെ ആവിർഭവിക്കുന്നു. കാരണം, ആദ്യം മതരഹിതമായിത്തീരുന്ന രാജ്യം പിന്നീടു മതവിരുദ്ധമായ ഒരു രാജ്യമായിട്ടും പിന്നീടതു് ഒരു മർദ്ദകരാജ്യമായിട്ടും രൂപാന്തരപ്പെടും.

ദുർഭരണം രണ്ടുതരത്തിലുണ്ടു്. ഒന്നാമത്തേതു്, റഷ്യയിലേതുപോലെ ഒരു ന്യൂനപക്ഷത്തിന്റെ ദുർഭരണം. റഷ്യയിൽ രണ്ടുശതമാനംപോലുമില്ലാത്ത കമ്മ്യൂണിസ്റ്റുപാർട്ടി തൊണ്ണൂറെറട്ടുശതമാനത്തിലധികംവരുന്ന അവിടത്തെ മഹാഭൂരിപക്ഷത്തെ യഥേഷ്ടം അടക്കിബ്ഭരിക്കുന്നു. രണ്ടാമത്തേതു ഭൂരിപക്ഷത്തിന്റെ ദുർഭരണമാണു്. രണ്ടും ഒന്നുപോലെ ദോഷകരമാണു്. മതബോധമില്ലാത്ത ഏകാധിപത്യത്തോടൊപ്പം,

മതരഹിതമായ ഭൂരിപക്ഷത്തിന്റെ ഭരണവും ക്രൂരമായിത്തീരാവുന്നതാണ്.

മതബോധം ക്ഷയിക്കുമ്പോൾ സ്വരാജ്യസ്നേഹവും ക്ഷയിക്കുന്നു. മനുഷ്യൻ ദൈവത്തെ സ്നേഹിക്കാതെയാകുമ്പോൾ അയല്ക്കാരനേയും സ്നേഹിക്കാതെയായിത്തുടങ്ങും. ഒന്നാമത്തെ സുവിശേഷകനായ വിശുദ്ധ മത്തായിയുടെ അനുഭവം ഇതിനു മതിയായ തെളിവാണ്. ഒരു കാലത്ത് അദ്ദേഹം മാതൃരാജ്യത്തോട് അല്പംപോലും സ്നേഹമില്ലാതിരുന്ന ഒരു പൗരനായിരുന്നു. ഒരു വിദേശശക്തി അയാളുടെ രാജ്യത്തെ അടിമയാക്കുകയും സഹപൗരന്മാരുടെ പൗരാവകാശങ്ങളിൽ പലതും നശിപ്പിക്കുകയും ചെയ്തപ്പോൾ, തന്റെ ധനതൃഷ്ണ ശമിപ്പിക്കുവാൻ അതൊരവസരമായിക്കരുതി അയാൾ വിദേശീയാധിപത്യത്തെ ഹൃദയപൂർവ്വം സ്വാഗതംചെയ്യുകയാണുണ്ടായത്. വിദേശികളുടെ പക്ഷത്തു ചേർന്നുകൊണ്ട് അവരുടെ കീഴിൽ ആദായകരമായ ഒരുദ്യോഗവും അയാൾ സമ്പാദിച്ചു — ചുങ്കക്കാരന്റെ ഉദ്യോഗം. ഒരു ദിവസം അയാൾ ചുങ്കം പിരിച്ചുകൊണ്ടിരിക്കുമ്പോൾ ദിവ്യരക്ഷകൻ ആ വഴി കടന്നുപോയി. "വരൂ, എന്നെ അനുഗമിക്കു," അവിടുന്ന് അയാളോടരുൾചെയ്തു. യാതൊരു പ്രതിഫലവും അവിടുന്നു വാഗ്ദാനം ചെയ്തില്ല. ഗുരുനാഥന്റെ തിരുമുഖത്തു കളിയാടിയിരുന്ന അനിർവചനീയമായ ഒരു ദിവ്യശാന്തിമാത്രം അയാളെ ആകർഷിക്കുന്നതായിത്തോന്നി. എല്ലാമുപേക്ഷിച്ച് അയാൾ അങ്ങയുടെ പ്രേഷിതനും, സുവിശേഷകനും, ഒടുവിൽ രക്തസാക്ഷിയും ആയിത്തീർന്നു. സർവ്വോപരി, അയാൾ വിശുദ്ധഗ്രന്ഥത്തിൽ കാണുന്ന സ്വരാജ്യസ്നേഹികളിൽ അഗ്രഗണ്യനായിത്തീർന്നു. മത്തായിയുടെ സുവിശേഷം സ്വരാജ്യസ്നേഹത്തിന്റെ ഒരു സുവിശേഷമാണെന്നു പറയാം. തന്റെ വർഗ്ഗത്തിന്റെ പ്രതാപങ്ങളെയും മാതൃദേശത്തിന്റെ പാരമ്പര്യങ്ങളെയും അതിന്റെ ആദ്ധ്യാത്മികവിഷയങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളെയും എണ്ണിയെണ്ണി വിവ

രിക്കുവാൻ അദ്ദേഹത്തിനുള്ള ഉത്സാഹം കുറച്ചൊന്നുമല്ല. ഇസ്രായേൽ ജനതയുടെ പൂർവ്വചരിത്രത്തിലേയ്ക്കു് അദ്ദേഹം കൂടെക്കൂടെ കണ്ണോടിക്കുന്നതും ഇസയ്യാസിന്റെയും ജെരമിയാസിന്റെയും ദാവീദിന്റെയും രാജാക്കന്മാരുടേയും ഗ്രന്ഥങ്ങൾ വീണ്ടും വീണ്ടും മറിച്ചുനോക്കുന്നതും നോക്കുക. തൊണ്ണൂറെറാൻപതു പ്രാവശ്യം ഇസ്രായേൽജനതയുടെ പൂർവ്വചരിത്രത്തെ ആ ദേശാഭിമാനി ഉദ്ധരിക്കുന്നുണ്ടു്. അവയിൽ അത്യന്തം മാറെറാലിക്കൊള്ളുന്ന മൗലികസന്ദേശം ഇതുമാത്രമാണു്: "നിങ്ങൾ എത്രയോ മഹിമയേറിയ ഒരു വർഗ്ഗമാണു്. രക്ഷകൻ ജനിക്കുന്നതു് ഇസ്രായേലിന്റെ വംശത്തിലാണു്. അഭിഷിക്തൻ അവതരിക്കുന്നതു നമ്മുടെ മേഘങ്ങളിൽനിന്നത്രേ. പരിത്രാതാവിനെ പ്രസവിക്കുന്നതു നമ്മുടെ ജന്മഭൂമിയത്രേ. കണ്ടാലും! ക്രിസ്തു നിങ്ങളുടെ രാജാവാകുന്നു!"

അങ്ങനെ, ദൈവത്തെ കണ്ടെത്തിയതുകൊണ്ടു് അദ്ദേഹം സ്വരാജ്യത്തെ സ്നേഹിക്കുവാനും പഠിച്ചു.

# പത്താം അദ്ധ്യായം

## സ്വാതന്ത്ര്യത്തിൻെറ അതിര്

ധർമ്മാനുഷ്ഠാനത്തിനുള്ള കഴിവാണു സ്വാതന്ത്ര്യം. ഭാര്യയെ വെടിവയ്ക്കുവാനും അയല്ക്കാരൻെറ വിളവു നശിപ്പിക്കുവാനും ഒരുവനു ശക്തിയുണ്ടായിരിക്കാം. എന്നാൽ ആ ശക്തി അവൻ പ്രയോഗിച്ചുകൂടാ. ഏതൊരവകാശത്തോടും അനുബന്ധിച്ചു ചില ചുമതലകൾകൂടി ഉണ്ടായിരിക്കും. അവകാശവും കായികമായ കഴിവും തമ്മിൽ വ്യത്യാസമുണ്ട്. അധർമ്മം പ്രവർത്തിക്കുവാൻ ശക്തിയുള്ളതുകൊണ്ട് അതിനു് അവകാശമുണ്ടെന്നു സിദ്ധിക്കുന്നില്ല. യാത്രാനിയമങ്ങൾ ലംഘിക്കുവാൻ ഒരു സൈക്കിൾ സഞ്ചാരിക്കു കഴിഞ്ഞേക്കാം. പക്ഷേ, ആ കഴിവ് അയാൾ പ്രയോഗിച്ചാൽ യാത്രചെയ്യുവാനുള്ള അയാളുടെ അവകാശം അതോടുകൂടി അവസാനിക്കും. തോന്നുന്നതുപോലെയെല്ലാം സ്വാതന്ത്ര്യം പ്രയോഗിക്കുന്നതിനു് അരാജകത്വമെന്നു പേർ. എല്ലാനിയമങ്ങളെയും വെറുക്കുന്ന അരാജകത്വവാദികളും സ്വന്തം നിയമം അനുസരിക്കുന്നു. കഴിവുകളെ വിവേകപൂർവ്വം ബലികഴിക്കുന്നതിലാണു യഥാർത്ഥസ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്. ഒരു ഊഞ്ഞാൽ ശരിയായി ആടണമെങ്കിൽ, ബലമുള്ള കയറുകൊണ്ട് ഇളകാത്ത ഒരു അവലംബത്തോട് അതു ബന്ധിച്ചിരിക്കണം. ആ ബന്ധം എത്ര ദൃഢതരമാണോ അത്രയും സ്വതന്ത്രമായും നിർഭയമായും അതിനു് ആടുവാൻ സാധിക്കും. ഇതുപോലെ സ്വാതന്ത്ര്യത്തിനും ഇളകാത്ത ഒരാലംബമുണ്ട്. അതാണു നിയമം. നിയമം മനുഷ്യനിർമ്മിതവുമാകാം ഈശ്വരനിർമ്മിതവുമാകാം. സ്വാതന്ത്ര്യത്തിൻെറ പ്ര

യോഗം എത്രമാത്രം യുക്തിപൂർവ്വകവും നിയമാനുസൃതവുമായിരിക്കുമോ അത്രമാത്രം അതു പരിപൂർണ്ണമായിത്തീരുന്നു.

സ്വാതന്ത്ര്യവും നിയമവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ലെയോ പതിമ്മൂന്നാമൻ തിരുമനസ്സുകൊണ്ടു പ്രസ്താവിക്കുന്നതു സവിശേഷം ശ്രദ്ധാർഹമാണ്: "നന്മ പ്രവർത്തിക്കുവാനും തിന്മയിൽനിന്നു നിവർത്തിക്കുവാനുമുള്ള വെളിച്ചവും ശക്തിയും യഥാർത്ഥസ്വാതന്ത്ര്യത്തിന് അനുപേക്ഷണീയമാണ്. അവയില്ലെങ്കിൽ നമ്മുടെ ഇച്ഛാശക്തി നാശകാരണമായിട്ടേ പരിണമിക്കുകയുള്ളൂ. ഒന്നാമതായി വേണ്ടതു നിയമമാണ്—അതായതു്, ചെയ്യേണ്ടതും ചെയ്യരുതാത്തതും എന്തൊക്കെയാണെന്നു വ്യക്തമാക്കുന്ന ഖണ്ഡിതമായ ഒരു വ്യവസ്ഥ. കേവലം വാസനകളാൽ പ്രേരിപ്പിക്കപ്പെടുന്ന തിര്യക്കുകളെ ഈ നിയമം ബാധിക്കുകയില്ല...മറ്റുവിധത്തിൽ പറഞ്ഞാൽ, മനുഷ്യനു തന്റെ പരമാന്ത്യം പ്രാപിക്കുന്നതിന് എന്തൊക്കെയാണ് ആരായേണ്ടതും പരിത്യജിക്കേണ്ടതുമെന്നു ചിന്താശക്തി ഇച്ഛാശക്തിക്കു നിർദ്ദേശിച്ചുകൊടുക്കുന്നു. ചിന്താശക്തിയുടെ ഈ നിർദ്ദേശത്തിനു നിയമമെന്നു പറയുന്നു. ആകയാൽ സ്വതന്ത്രമായ നമ്മുടെ ഇച്ഛാശക്തിയിൽ, അഥവാ, നമ്മുടെ മനസ്സിന്റെ വ്യാപാരം ബുദ്ധി നിർദ്ദേശിക്കുന്ന മാർഗ്ഗത്തിൽക്കൂടിയായിരിക്കണമെന്നുള്ള ധാർമ്മികനിർബന്ധത്തിൽ ആണു സ്വാതന്ത്ര്യത്തിന്റെ കാതൽ അടങ്ങിയിരിക്കുന്നതു്. മനുഷ്യൻ പ്രകൃത്യാ സ്വതന്ത്രനാകയാൽ നിയമത്തിൽനിന്ന് അവൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്നു പ്രസ്താവിക്കുന്നിടത്തോളം വലിയ അബദ്ധം വേറെയില്ല. ഈ പ്രസ്താവം വാസ്തവമായിരുന്നെങ്കിൽ, ബുദ്ധിശക്തിയെ ബലികഴിക്കാതെ ആർക്കും സ്വാതന്ത്ര്യമനുഭവിക്കുവാൻ സാധിക്കുമായിരുന്നില്ല. നേരേമറിച്ച്, പ്രകൃത്യാതന്നെ നാം സ്വതന്ത്രരായതുകൊണ്ടാണു നിയമത്തിനു വിധേയരായി ജീവിക്കുവാൻ ചുമതലയും നമുക്കുള്ളതു്."

ഈ തത്ത്വം സാമൂഹികവ്യവസ്ഥിതിയെ എങ്ങനെ ബാ

ധിക്കമെന്നു നോക്കാം. സ്വാതന്ത്ര്യത്തിനു ചില പരിധികൾ നിർണ്ണയിച്ചുകൊടുക്കാതെ ഒരു സമുദായത്തിനും നിലനില്ക്കുവാൻ സാധിക്കുകയില്ല. അങ്ങനെ അതിരു വയ്ക്കുവാൻ സമുദായത്തിന് അവകാശവുമുണ്ടു്. കാരണം, അവയവം ശരീരത്തിന്റെ നന്മയെ ലാക്കാക്കി പ്രവർത്തിക്കുന്നതുപോലെ ഒരു പൗരനെന്നനിലയിൽ വ്യക്തി സമുദായത്തിനുവേണ്ടിവേണം പ്രവർത്തിക്കുവാൻ. തന്മൂലം പൊതുനന്മയ്ക്കായി വ്യക്തികളുടെ ചില അവകാശങ്ങളെ നിയന്ത്രിക്കുവാൻ രാഷ്ട്രത്തിനു പാടുണ്ടെന്നു സിദ്ധിക്കുന്നു. പൊതുനന്മയെന്നു പറയുന്നതു് ഒരു പ്രത്യേക വർഗ്ഗത്തിന്റേയോ പാർട്ടിയുടേയോ നന്മയല്ല. അതു പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. ലെയോ മാർപ്പാപ്പായുടെ ഭാഷയിൽ പറഞ്ഞാൽ, ഒരു രാജ്യത്തിന്റെ പൊതുനന്മയെന്നു പറയുന്നതു് "പൊതുജനങ്ങളുടെ ക്ഷേമവും വ്യക്തികളുടെ അഭിവൃദ്ധിയും ഒരുമിച്ചുചേരുന്നതാണു്...സാമുദായികസമാധാനമാണു് അതിന്റെ ആദ്യത്തെ ഫലം. വ്യക്തികളുടേയും സമുദായത്തിന്റേയും പ്രവത്തനങ്ങൾ തമ്മിൽ ഉരസാതെയും കൂട്ടിമുട്ടാതെയും ഒരുമിച്ചു ചേർന്നുപോകും. അനന്തരഫലം ലൗകികാഭിവൃദ്ധിയാണു്. ഇതിൽ ബുദ്ധിപരവും സാമ്പത്തികവും കലാപരവും ധാർമ്മികവുമായ അഭ്യുന്നതി അന്തർഭവിച്ചിരിക്കുന്നു." വ്യക്തികളുടെ ആദ്ധ്യാത്മികവളർച്ചയ്ക്കു രാഷ്ട്രം ഒരു പ്രതിബന്ധവും വരുത്തിവയ്ക്കരുതെന്നാണു് ഇതിന്റെ ചുരുക്കം.

പൗരന്മാരുടെ അവകാശങ്ങൾക്കു രാഷ്ട്രം ചില അതിർത്തിക്കല്ലുകൾ നാട്ടുന്നതു മൗലികാവകാശങ്ങളെ അതു നിഷേധിക്കുന്നതുകൊണ്ടല്ല; പ്രത്യുത, മൗലികാവകാശങ്ങളെ നാം കണക്കിലധികം മുറുകെപ്പിടിച്ചാൽ പൊതുനന്മയ്ക്കു് അതു ദോഷകരമായിത്തീരുമെന്നുള്ളതുകൊണ്ടാണു്. തനിക്കു തോന്നുന്ന കൂലിയേ വേലക്കാർക്കു കൊടുക്കുകയുള്ളുവെന്നു ശഠിക്കുന്ന ഒരു 'സ്വാതന്ത്ര്യവാദി'യെക്കൊണ്ടു ന്യായമായ കൂലി കൊടുപ്പിക്കുവാൻ ഗവണ്മെന്റിന് അവകാശമുണ്ടു്. വെറും പട്ടിണിക്കൂ

ലിയാണ് അയാൾ നല്കുന്നതെങ്കിൽ, ജീവനക്കൂലി കൊടുക്കുവാൻ അയാളെ നിർബന്ധിക്കുന്ന ഒരു രാഷ്ട്രം അയാളുടെ അവകാശങ്ങളിൽ അന്യായമായി കൈകടത്തുകയാണു ചെയ്യുന്നതെന്നു പറഞ്ഞുകൂടാ. അയാളുടെ സ്വന്തം 'സ്വാതന്ത്ര്യത്തിന്' അല്പം ക്ഷീണം തട്ടുമെങ്കിലും സ്വാതന്ത്ര്യത്തിന്റെ നില പൊതുവേ അഭിവൃദ്ധിപ്പെടുകയാണ് അതുകൊണ്ടു ചെയ്യുന്നത്. യുദ്ധകാലത്തും മററും ചില വ്യക്തികളുടെ സ്വകാര്യസ്വത്തു മുഴുവൻ രാഷ്ട്രം ഏറെറടുക്കാറുണ്ട്. സ്വത്തിന്മേൽ മനുഷ്യനുള്ള അവകാശം പരമവും അപരിമിതവുമാണെങ്കിൽ രാഷ്ട്രത്തിന് ഒരിക്കലും അങ്ങനെ ചെയ്യുവാൻ പാടുണ്ടാകുമായിരുന്നില്ല.

സ്വത്തിനുള്ള അവകാശം പരിമിതമായിരിക്കുന്നതുപോലെ, ജീവിക്കുവാനുള്ള അവകാശത്തിനും ചില അതിരുകളുണ്ട്. ജീവിക്കുവാൻ എല്ലാ മനുഷ്യർക്കും അവകാശമുണ്ട്. എന്നാൽ പ്രസ്തുത പൗരാവകാശവും ഇതരാവകാശങ്ങളോടൊപ്പം പൊതുജനരക്ഷയെ മുൻനിർത്തി ഏറെക്കുറെ നിയന്ത്രിക്കേണ്ടതാണ്. ജീവിക്കുവാനുള്ള നമ്മുടെ അവകാശത്തിൽ അന്യന്റെ ജീവനു ഹാനിവരുത്തുവാനുള്ള അവകാശംകൂടി അടങ്ങിയിട്ടുണ്ടെന്നാണു നാം വ്യാഖ്യാനിക്കുന്നതെങ്കിൽ, നമ്മുടെ അവകാശത്തെ നിയന്ത്രിക്കുവാനുള്ള അധികാരം രാഷ്ട്രത്തിനുണ്ടെന്നും സമ്മതിച്ചേ തീരൂ. ജീവിക്കുവാനുള്ള നമ്മുടെ അവകാശത്തിൽ, സ്വന്തം ജീവനെ രക്ഷിക്കുവാൻ അയല്ക്കാരനുള്ള അവകാശവും അന്തർലീനമായിരിക്കുന്നു. രണ്ടിനും ഒരേ അടിസ്ഥാനമാണുള്ളത്. അങ്ങനെയെങ്കിൽ അന്യന്റെ ജീവനെ നശിപ്പിക്കുന്ന ഒരു മനുഷ്യാധമനിൽനിന്ന് അവന്റെ ജീവനെയും എടുത്തു കളയുന്നതിൽ തെററില്ല. രാഷ്ട്രം അങ്ങനെ ചെയ്യാറുണ്ട്.

മനുഷ്യന്റെ മറെറാരവകാശമാണു സംഘടനാസ്വാതന്ത്ര്യം. ഓരോരോ കാര്യങ്ങൾക്കായി സംഘടനകളും സമാജങ്ങ

ളും രൂപവൽകരിക്കുവാനും അവയുടെ അംഗമായി ജീവിക്കുവാനും മനുഷ്യനു് അവകാശമുണ്ടു്. എന്നാൽ അതും പൊതുനന്മയ്ക്കു വിഘാതമായിത്തീരാതെ സൂക്ഷിക്കണം. പൊതുജനങ്ങളുടേയോ രാഷ്ട്രത്തിന്റേയോ രക്ഷയ്ക്കു് എതിരായി സംഘടിക്കുവാൻ ആർക്കും അവകാശമില്ല. മുതലാളിസ്സംഘടനകൾ ഏർപ്പെടുത്തുവാൻ ഉടമസ്ഥന്മാർക്കും തൊഴിലാളിസ്സംഘടനകൾ നിർമ്മിക്കുവാൻ ജോലിക്കാർക്കും അവകാശമുണ്ടെങ്കിലും, സാമുദായികക്ഷേമത്തിനു ഹാനികരമെന്നു കണ്ടാൽ രാഷ്ട്രത്തിനു് അവയെ പിരിച്ചുവിടാവുന്നതാണു്. നന്മയിൽനിന്നു വ്യതിചലിക്കാതെയും പൊതുജനക്ഷേമത്തിനു് ഉപദ്രവകരമാകാതെയും ഇരിക്കുന്നിടത്തോളം കാലം സ്വാതന്ത്ര്യത്തെ നാം സമാദരിക്കണം. പക്ഷേ ഏതെങ്കിലുമൊരു വ്യക്തി അയാളുടെ സ്വാതന്ത്ര്യം തനിക്കുതന്നെ ഉപദ്രവകരമായ വിധത്തിൽ ഉപയോഗിച്ചുതുടങ്ങിയാൽ അതു് അവശ്യം തടയേണ്ടതാണു്. അതുകൊണ്ടാണു മദ്യോന്മത്തരായ ഡ്രൈവറന്മാരെ വണ്ടിയോടിക്കുവാൻ അനുവദിക്കരുതെന്നു പറയുന്നതു്. അതിനുംപുറമെ, ശക്തന്മാരുടെ ആക്രമണത്തിൽനിന്നു ദുർബ്ബലന്മാരുടെ അവകാശാധികാരങ്ങൾ സംരക്ഷിക്കുവാനും ഗവണ്മെന്റിനു് അവകാശമുണ്ടു്. സ്വാതന്ത്ര്യത്തിന്റേയും നിയന്ത്രണത്തിന്റേയും സമീകരണമാണു സാമുദായികവ്യവസ്ഥിതി. നിയന്ത്രണം അഥവാ അധികാരം അധികമായാൽ ദുഷ്പ്രഭുത്വമായി; സ്വാതന്ത്ര്യം അധികമായാൽ അരാജകത്വമായി. രണ്ടുംകൂടി ഇണക്കിക്കൊണ്ടുപോകുന്നതിലാണു സാമുദായികവ്യവസ്ഥിതിയുടെ വിജയം അടങ്ങിയിരിക്കുന്നതു്.

അങ്ങനെയെങ്കിൽ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി എന്തുമാത്രമുണ്ടു്? ഏതൊരു രേഖയെ അതിലംഘിക്കുമ്പോഴാണു സ്വാതന്ത്ര്യം അതിരുകടന്നുവെന്നു വിധിക്കാവുന്നതു്? ഏതുകാര്യത്തിനും ഒരു പരമാവധിയുണ്ടായിരിക്കും. അതിനപ്പുറം കടക്കുന്നതു് ആത്മഹത്യാപരമായിരിക്കും. ഓരോ മനുഷ്യനും ഇത്ര

മാത്രം ഭക്ഷിക്കാമെന്നു് ഒരു ക്ഌപ്തി അഥവാ കണക്കുണ്ടു്. അതിൽക്കൂടുതൽ ഭക്ഷിച്ചാൽ അതുകൊണ്ടു പ്രയോജനമുണ്ടാകുകയില്ലെന്നുമാത്രമല്ല ഉപദ്രവമുണ്ടാകുകയും ചെയ്യും. വായുമണ്ഡലത്തിൽ പറന്നു സഞ്ചരിക്കുന്ന പക്ഷിക്കു് ഒരു കണക്കിലധികം മുകളിലേയ്ക്കുയരുവാൻ സാധിക്കുകയില്ല. വല്ല പക്ഷിയും അതിനു ശ്രമിച്ചാൽ, പറക്കുവാനുള്ള അതിന്റെ സ്വാതന്ത്ര്യംപോലും നഷ്ടപ്പെടുന്നു. അവകാശത്തിന്റെ സ്വഭാവവും ഇതുതന്നെയാണു്. നിശ്ചിതമായ ഒരു പരിധിക്കപ്പുറത്തേയ്ക്കു് അവകാശവാദവുമായി നാം കാലുകുത്തിയാൽ നമ്മുടെ സകലാവകാശങ്ങളും അതോടെ നശിച്ചുപോകും. ഏതാണു് അവകാശത്തിന്റെ അതിർത്തിരേഖ? ഒരവകാശമുപയോഗിച്ചു മറെറാരവകാശത്തെ നാം നശിപ്പിക്കുന്ന ഓരോ അവസരത്തിലും നമ്മുടെ അവകാശം അതിരുകടക്കുന്നുവെന്നു പറയാം. സ്വകാര്യസ്വത്തു സമ്പാദിക്കുവാൻ അവകാശമുണ്ടെന്നു വാദിച്ചുകൊണ്ടു് അന്യന്റെ മുതൽ മോഷ്ടിച്ചെടുക്കുന്നവൻ തന്റെ സമ്പാദനാവകാശത്തിന്റേയും, പ്രസംഗസ്വാതന്ത്ര്യമുപയോഗിച്ചു് അന്യരുടെ താദൃശ്യസ്വാതന്ത്ര്യം നശിപ്പിക്കുന്നവൻ തന്റെ പ്രസംഗസ്വാതന്ത്ര്യത്തിന്റേയും അടിത്തറ മാന്തുകയാണു ചെയ്യുന്നതു്. അവകാശങ്ങളുടെ പരിധി ലംഘിക്കുന്നവൻ അവയുടെ ഉദ്ദേശ്യവും സ്വഭാവവും ഒന്നാകെ വിസ്മരിക്കുന്നു. അങ്ങനെയുള്ളവനിൽനിന്നു് അവ എടുത്തു കളയേണ്ടതാണു്.

പൊതുനന്മയ്ക്കു് ഉപദ്രവകരമായവിധത്തിൽ ഒരു വ്യക്തി സ്വത്തു സമ്പാദിച്ചുകൂട്ടുന്നുവെന്നു കരുതുക. അയാളുടെ അർജ്ജനസ്വാതന്ത്ര്യം നിയന്ത്രിക്കുവാൻ ഗവണ്മെന്റിനു് അവകാശമുണ്ടു്. പക്ഷേ അതു കമ്മ്യൂണിസ്ററുഗവണ്മെൻറു ചെയ്യുന്നതുപോലെ സ്വകാര്യസ്വത്തു സമ്പാദിക്കുവാനുള്ള സകലമനുഷ്യരുടേയും അവകാശം റദ്ദുചെയ്തുകൊണ്ടായിരിക്കരുതു്. പ്രത്യുത, അമിതാർജ്ജനം തടയുന്നതിനു് അനുയോജ്യമായ നിയ

മങ്ങൾ നിർമ്മിച്ചുകൊണ്ടായിരിക്കണം. വ്യക്തിക്കെന്നപോലെ രാഷ്ട്രത്തിനും ആത്മസംരക്ഷണത്തിന് അവകാശമുണ്ട്. ആ അവകാശം ഒരേ തോതിലല്ലെന്നുമാത്രമേയുള്ളു. രാഷ്ട്രം മനുഷ്യൻെറ നന്മയ്ക്കുവേണ്ടിയാകയാൽ അതിൻെറ അധഃപതനം അവൻെറ സാമൂഹികജീവിതത്തേയും സാമ്പത്തികഭദ്രതയേയും സാരമായി സ്പർശിക്കുന്നതാണ്. അനല്പമായ ഒരു നഷ്ടമായിരിക്കും അതുമൂലം അവൻെറ ശരീരത്തിനും ആത്മാവിനും നേരിടുന്നതു്.

ഇന്നു സർവ്വത്ര കേൾക്കാറുള്ള അവകാശവാദങ്ങളിൽ ഒന്നു പ്രസംഗസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളതാണ്. തന്മൂലം പ്രസംഗസ്വാതന്ത്ര്യം ജന്മായത്തമായ ഒരവകാശമാണോ എന്നും പ്രസ്തുതാവകാശത്തിന് എന്തെങ്കിലും അതിരു കല്പിക്കാമോ എന്നും ചിന്തിച്ചുനോക്കാം. തൻെറ അഭിപ്രായങ്ങൾ പുറമേ പ്രകാശിപ്പിക്കുവാൻ ഒരു വ്യക്തിക്കുള്ള നിയമാനുസൃതവും ധാർമ്മികവുമായ കഴിവിനെയാണല്ലോ പ്രസംഗസ്വാതന്ത്ര്യം എന്ന പദംകൊണ്ടു നാം ഉദ്ദേശിക്കുന്നതു്. ഈ അർത്ഥത്തിൽ പ്രസംഗസ്വാതന്ത്ര്യം ഒരവകാശമാണെന്നു പറയാം. സംസാരശക്തി മനുഷ്യസ്വഭാവത്തിൻെറ ഒരു അവിഭാജ്യഗുണമാകയാൽ പ്രസ്തുതാവകാശം പ്രകൃതിസിദ്ധമാണെന്നും ലഭിക്കുന്നു. സംസാരശക്തി മനുഷ്യൻെറ ഒരു പ്രത്യേകതയാണ്. ചിന്താശക്തിയുള്ള ഒരാത്മാവുള്ളതുകൊണ്ടാണു മനുഷ്യനു സംസാരിക്കുവാൻ സാധിക്കുന്നതു്. എന്നാൽ സംസാരസ്വാതന്ത്ര്യം മനുഷ്യൻെറ സ്വാഭാവികാവകാശംമാത്രമല്ല. അതൊരു പൗരാവകാശംകൂടിയാണ്. സംസാരസ്വാതന്ത്ര്യംകൂടാതെ, ജനകീയഭരണം അസാദ്ധ്യമാണെന്നുതന്നെ പറയാം. പൊതുജനക്ഷേമത്തെയാകട്ടെ, ദൈവികനിയമങ്ങളെയാകട്ടെ, മനുഷ്യത്വത്തിൻെറ പാവനതയെയാകട്ടെ ബാധിക്കാതെ മനുഷ്യൻെറ അഭിപ്രായമനുസരിച്ചു യഥേഷ്ടം ചെയ്യാവുന്നതായി അനേകം കാര്യ

ങ്ങളുണ്ടു്. "മനുഷ്യന്റെ അഭിപ്രായത്തിനും സ്വതന്ത്രചർച്ച യ്ക്കുമായി ദൈവം വിട്ടുകൊടുത്തിട്ടുള്ള എല്ലാക്കാര്യങ്ങളിലും എല്ലാവർക്കും സ്വതന്ത്രമായി ചിന്തിക്കുവാനും സംസാരിക്കുവാനും പ്രകൃത്യാ അവകാശമുണ്ടു്. എന്തുകൊണ്ടെന്നാൽ പ്രസ്തുത സ്വാതന്ത്ര്യം സത്യം കണ്ടുപിടിക്കുവാനും പ്രസിദ്ധപ്പെടുത്തുവാനുമല്ലാതെ അതിനെ ഗോപനം ചെയ്യുവാൻ ഒരിക്കലും കാരണമായിത്തീരുകയില്ല" (ലെയോ പതിമ്മൂന്നാമൻ). "പൊതുക്കാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാനായി സമാധാനപൂർവ്വം സമ്മേളിക്കുവാനും സങ്കടങ്ങൾ പരിഹരിച്ചുകിട്ടുവാൻവേണ്ടി പരാതിപ്പെടുവാനും പൗരന്മാർക്കുള്ള അവകാശമാണു റിപ്പബ്ലിക്കൻ ഭരണതത്ത്വത്തിൽ പ്രധാനമായി അടങ്ങിയിരിക്കുന്നതു്" എന്നുള്ള അമേരിക്കയിലെ സുപ്രീംകോടതിയുടെ പ്രഖ്യാപനവും ഇവിടെ സ്മരണീയമാണു്. അവകാശമല്ല വെട്ടിക്കുറയ്ക്കേണ്ടതു്; അവകാശത്തിന്റെ ദുരുപയോഗമാണു്. സംസാരസ്വാതന്ത്ര്യം ന്യൂനപക്ഷത്തെ സംരക്ഷിക്കുന്നു. തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുവാനും അതിനു മററുള്ളവരുടെ പിന്തുണ സമ്പാദിക്കുവാനും അതുകൊണ്ടാണു് അവർക്കു കഴിയുന്നതു്. എതിർപ്പും മത്സരവും വഴിയായി അറിവു വർദ്ധിക്കുന്നതിനും, വ്യക്തികളുടെ സ്വതന്ത്രചിന്തവഴിയായി ഭൂരിപക്ഷത്തിന്റെ തീരുമാനങ്ങൾ നിയന്ത്രിക്കപ്പെടുന്നതിനും തദ്വാരാ രാജ്യം പൊതുവെ അഭിവൃദ്ധി പ്രാപിക്കുന്നതിനും പ്രസംഗസ്വാതന്ത്ര്യം അവശ്യാവശ്യകമത്രേ. പ്രസംഗസ്വാതന്ത്ര്യമില്ലാത്തിടത്തു വിമർശനമേ കാണുകയില്ല. കമ്മ്യൂണിസ്ററുറഷ്യയിൽ ഒരു വിമർശനവുമില്ല. അവിടെ പാർട്ടി പാടുന്ന പല്ലവി വ്യക്തികൾ ഏററുപാടിക്കൊള്ളണം. രാഷ്ട്രത്തിന്റെ അഭിപ്രായത്തിന്റെ അസ്സൽ പ്രതിധ്വനിയാണോ തങ്ങളുടെ യഭിപ്രായം എന്നുമാത്രം വ്യക്തികൾ നോക്കിക്കൊണ്ടാൽമതി. പ്രസംഗസ്വാതന്ത്ര്യമല്ല, പ്രതിധ്വനിസ്വാതന്ത്ര്യമാണു വാസ്തവത്തിൽ അവിടത്തെ ജനങ്ങൾക്കുള്ളതു്.

ആകട്ടെ, പ്രസംഗസ്വാതന്ത്ര്യത്തിന് അതിരു കല്പിക്കാമോ? തീർച്ചയായിട്ടും. മററു സാമൂഹികാവകാശങ്ങൾക്കെന്നപോലെ പ്രസംഗസ്വാതന്ത്ര്യത്തിനും സമുദായം ചില അതിരുകൾ നിർണ്ണയിക്കും. പ്രകൃതിസിദ്ധമായ ഇതരാവകാശങ്ങളെന്നപോലെ സംസാരസ്വാതന്ത്ര്യവും പൊതുനന്മയ്ക്കു ബാധകമാകരുതു്.

പ്രസംഗസ്വാതന്ത്ര്യം എത്രത്തോളം അനുവദിച്ചുകൊടുക്കാമെന്നു് ആരായുന്നതിനുമുമ്പു നമ്മുടെ മനസ്സിൽ വിശദമായി പതിഞ്ഞിരിക്കേണ്ട ഒരു തത്ത്വമുണ്ടു്. അതായതു്, പ്രസംഗം അല്ലെങ്കിൽ സംസാരം ഒരു ലക്ഷ്യമല്ല: ലക്ഷ്യത്തിലേയ്ക്കുള്ള മാർഗ്ഗമാണു്: അതു് ഒരു വാഹനംപോലെയാണു്: ആശയവിനിമയത്തിനുള്ള ഒരുപകരണം. വാക്കുകളാകുന്ന വാഹനത്തിൽ കയറി ആശയങ്ങൾ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുകയാണു്. യാത്രയുടെ ഉപകരണവും യാത്രോദ്ദേശ്യവും തമ്മിൽ വ്യത്യാസമുണ്ടു്. ഒരു യാത്ര നല്ലതോ ചീത്തയോ എന്നു തീരുമാനിക്കുന്നതു് അതിന്റെ ഉപകരണത്തെ നോക്കിയിട്ടല്ല, ഉദ്ദേശ്യത്തെ നോക്കിയിട്ടാണു്. കാറിൽ കയറി മോഷ്ടിക്കുവാൻപോകുന്ന ഒരു കള്ളന്റെ യാത്ര അധാർമ്മികമാണെന്നു നാം പറയുന്നതു കാറിൽ യാത്രചെയ്യുന്നതു തെററായതുകൊണ്ടല്ല; പ്രത്യുത, അയാളുടെ ലക്ഷ്യം അഥവാ യാത്രയുടെ ഉദ്ദേശ്യം നീചമായതുകൊണ്ടാണു്. കാറിൽ സഞ്ചരിക്കുവാൻ എല്ലാവർക്കും അവകാശമുണ്ടു്; എന്നു കരുതി, അന്യന്റെ വിളവിനു നടുവേ കാറോടിക്കുവാൻ ആർക്കും അവകാശമില്ല. അതുപോലെ പ്രസംഗസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കുമുണ്ടു്. എന്നാൽ പൊതുജനങ്ങളുടെ സന്മാർഗ്ഗബോധമാകുന്ന വിളവിനു നടുവേ ആ വാഹനം ഓടിക്കുവാൻ ഒരു മനുഷ്യനും അവകാശമില്ല. സംസാരത്തിന്റെ ഉദ്ദേശ്യം ഗ്രഹിച്ചതിനുശേഷംമാത്രമേ സംസാരസ്വാതന്ത്ര്യം എത്രത്തോളം അനുവദിക്കാമെന്നു വിധിക്കുവാൻ നിവൃത്തിയുള്ളു.

അങ്ങനെയെങ്കിൽ, പ്രസംഗത്തിന്റെ ഉദ്ദേശ്യമെന്താണ്? രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം, പൊതുജനക്ഷേമം പുലത്തുകയാണ പ്രസംഗത്തിന്റെ സർവ്വപ്രധാനമായ ഉദ്ദേശ്യമെന്ന പറയാം. എന്നു പറഞ്ഞാൽ പാർട്ടിയുടെ ഏതഭിപ്രായത്തിനും വ്യക്തികൾ വായ് പൊത്തി 'ഉത്തരവു്' പറഞ്ഞുകൊള്ളണമെന്നല്ല അത്ഥം. യുക്തിയുക്തങ്ങളായ ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ അവകാശമുണ്ടായിരിക്കണമെന്നു സാരം. സംസാരശക്തി, വിശേഷബുദ്ധിയുള്ളവക്കമാത്രം ലഭിച്ചിരിക്കുന്ന പ്രത്യേകാനുഗ്രഹമാകയാൽ അതു നാം പ്രയോഗിക്കുന്നതും ബുദ്ധിപൂർവ്വകമായിരിക്കണം. അതുകൊണ്ടാണ യുക്തിയുക്തമായ അഭിപ്രായഭിന്നതകളെന്നു പ്രത്യേകം എടുത്തു പറഞ്ഞതു്. സത്യം, നീതി മുതലായ ധാർമ്മികസുകൃതങ്ങളുടെ അനുഷ്ഠാനത്താൽ പൊതുജനക്ഷേമം അഭിവൃദ്ധി പ്രാപിക്കുകയും, അധർമ്മത്തിന്റേയും അനീതിയുടേയും വിളയാട്ടത്തോടുകൂടി അതു ക്ഷയിച്ച് ഇല്ലാതാകുകയും ചെയ്യുന്നു. അക്കാരണത്താൽത്തന്നെ, അഭിവൃദ്ധിക്കു പ്രസംഗസ്വാതന്ത്ര്യം എത്രമാത്രം സഹായകമാകുമോ അത്രയുംമാത്രമേ പ്രസ്തുത സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുവാൻ പാടുള്ളുവെന്നു സിദ്ധിക്കുന്നു. തന്മൂലം പ്രസംഗസ്വാതന്ത്ര്യം അനിയന്ത്രിതമല്ല. അതു് എന്തും വിളിച്ചുപറയുവാനുള്ള ലൈസൻസുമല്ല. അതുകൊണ്ടാണ് അശ്ലീലങ്ങളായ സാഹിത്യകൃതികളും വ്യക്തികൾക്കു മാനഹാനിവരുത്തുന്ന പ്രസ്താവങ്ങളും തെററിദ്ധാരണയുളവാക്കുന്ന പരസ്യങ്ങളും മററും നിയമവിരുദ്ധങ്ങളായി ഗവണ്മെൻറു പരിഗണിക്കുന്നതു്. അന്യരുടെ ന്യായ്യമായ അവകാശങ്ങൾക്കു പ്രസംഗസ്വാതന്ത്ര്യം ഒരിക്കലും ഹാനികരമായിത്തീരരുതു്. ശരീരത്തിന്റെ മററംഗങ്ങളെക്കാൾ നാവിന് എന്തോ സ്വാതന്ത്ര്യക്കൂടുതലുണ്ടെന്നൊരു ധാരണ ഇന്നു പലക്കുമുണ്ട്. നാവിനെ നിയന്ത്രിക്കണമെന്നു പറയുന്നവർ സ്വാതന്ത്ര്യത്തിന്റെ ശത്രുക്കളാണെന്നത്രേ അവരുടെ ഭാവം. വാ

സ്ഥവത്തിൽ കരചരണാദികൾക്കുള്ളതിനെക്കാൾ ഉപരിയായ യാതൊരു പൂജ്യതയും നാവിനില്ല. കൈകാലുകളോടൊപ്പം മനുഷ്യന്റെ നാവും ദുഷ്പ്രയോഗിക്കപ്പെടാവുന്നതാണ്. അന്യന്റെ കഴുത്തിനു പിടിക്കുവാൻ കൈക്ക് അവകാശമില്ലാത്തതുപോലെ, അന്യന്റെ യശസ്സിനു കളങ്കം വരുത്തുവാനോ, പൊതുജനക്ഷേമത്തിനു ഹാനിവരുത്തുവാനോ, നാവിനും അവകാശമില്ല. അമേരിക്കയിലെ സുപ്രീംകോടതി പ്രസ്താവിക്കുന്നതുപോലെ, ഉത്തരവാദിത്വം ഏതൊരു വ്യവസ്ഥാപിതാവകാശത്തിന്റേയും അവശ്യഘടകമാണ്. തന്റെ പ്രസ്താവനകളുടെ ഉത്തരവാദിത്വം വഹിക്കുവാൻ സന്നദ്ധതയുള്ളവനുമാത്രമേ പ്രസംഗസ്വാതന്ത്ര്യം അനുവദിക്കുവാൻ നിവൃത്തിയുള്ളൂ.

കത്തോലിക്കാസഭയുടെ പ്രബോധനത്തിലും ഈ അഭിപ്രായംതന്നെയാണു പ്രതിഫലിക്കുന്നത്. കഴിയുന്നതും കൂടുതലാളുകൾ അറിയുന്നതിനുവേണ്ടി "യഥാർത്ഥവും ആദരണീയവുമായ കാര്യങ്ങൾ, രാജ്യമൊട്ടുക്ക് സ്വതന്ത്രമായും വിവേകപൂർവ്വം പ്രചരിപ്പിക്കുവാൻ ജനങ്ങൾക്ക് അവകാശമുണ്ട്. എന്നാൽ വ്യാജപ്രസ്താവനകളാകുന്ന സാംക്രമികരോഗത്തിനും, മനുഷ്യമനസ്സിനേയും സാന്മാർഗ്ഗികജീവിതത്തേയും നശിപ്പിക്കുന്ന ഇതരതിന്മകൾക്കും എതിരായി ഗവണ്മെന്റ് കർശനനയംതന്നെ അവലംബിക്കേണ്ടതാണ്. അല്ലാത്തപക്ഷം രാഷ്ട്രത്തിന്റെ സമ്പൂർണ്ണനാശത്തിന് അവ കാരണമായിത്തീരും. മുട്ടാളന്മാരുടെ ആക്രമണത്തിൽനിന്നു കായികശക്തി കുറഞ്ഞവരെ രക്ഷിക്കുന്നതുപോലെ, ശിക്ഷണബോധമില്ലാത്ത പ്രതിഭാശാലികളുടെ പിടിയിൽനിന്ന്, അജ്ഞരായ പാവങ്ങളെ രക്ഷപ്പെടുത്തുവാനും രാഷ്ട്രീയാധികാരികൾക്ക് ചുമതലയുണ്ട്. വ്യാമോഹകരങ്ങളായ കൗശലങ്ങളിൽനിന്ന്, വിശിഷ്യ, വിഷയാസക്തിയെ ഉത്തേജിപ്പിക്കുന്ന പ്രലോഭനങ്ങളിൽനിന്ന്, സ്വയം ഒഴിഞ്ഞുമാറുവാൻ ത്രാണിയില്ലാത്തവരാണു സാമാന്യജനങ്ങളിൽ ഭൂരിപക്ഷവും. അങ്ങനെ നോക്കുമ്പോൾ, അവരെ

അവയിൽനിന്ന രക്ഷിക്കുവാൻ ഗവൺമെൻറിനുള്ള കടമ വളരെ ഗുരുതരമാണെന്നും സിദ്ധിക്കുന്നു. എഴുത്തിനും പ്രസംഗത്തിനും നിരങ്കുശമായ സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ടെന്നുവന്നാൽ സമാദരണീയവും പരിപാവനവുമായി ലോകത്തിൽ യാതൊന്നും ശേഷിക്കുകയില്ല. മനുഷ്യവംശത്തിൻെറ മുഴുവൻ അമൂല്യപിതൃസ്വത്തായി സന്യായം പരിഗണിക്കപ്പെട്ടുപോരുന്ന മഹത്തായ മൗലികനിയമങ്ങളെപ്പോലും അവർ വെല്ലുവിളിച്ചുതുടങ്ങും. സത്യത്തിൻെറ പ്രകാശം നിരോധിക്കപ്പെടുകയും അങ്ങനെ അസത്യം ഇരുളിൽ തഴച്ചുവളരുന്നതിന് ഇടയാകുകയും ചെയ്യും. അങ്ങനെയാണു പലപ്പോഴും സംഭവിക്കുന്നത്. മാത്രമല്ല, സ്വാതന്ത്ര്യത്തിൻെറ നഷ്ടം തോന്ന്യാസത്തിനു (licence) ലാഭമായിത്തീരുകയും ചെയ്യും. കാരണം, തന്നിഷ്ടത്തെ നാം നിയന്ത്രിക്കുന്നതനുസരിച്ചുമാത്ര സ്വാതന്ത്ര്യം വളർച്ച പ്രാപിക്കുന്നത്."

സത്യംതന്നെ അവസാനം വിജയിക്കും; അതുകൊണ്ടു സത്യവും അസത്യവും ഒന്നുപോലെ അനുവദിച്ചുവിടുക്കണമെന്നു വാദിക്കുന്നവരുണ്ട്. സത്യം അവസാനം ജയിക്കുമെന്നു പറയാം. പക്ഷേ ആ അവസാനം എന്നാണു വരുക? അവസാനമാകുന്നതിനുമുമ്പ, സത്യം അവസാനിച്ചുവെന്നു വരരുതോ? രോഗവും ആരോഗ്യവും തമ്മിലുള്ള വടംപിടുത്തത്തിൽ ആരോഗ്യമേ അവസാനം ജയിക്കുകയുള്ളുവെന്നു നമുക്കറിയാം. എന്നാൽ അതുകൊണ്ടു തൽക്കാലം എത്രയായിരംപേർ വേണമെങ്കിലും രോഗത്തിനിരയായി മരിച്ചുകൊള്ളട്ടെയെന്നു വയ്ക്കാമോ? തങ്ങൾക്കു നേരിട്ട് ഒരിക്കലും അനുഭവിക്കുവാൻ സാധിക്കയില്ലാത്ത ഒരു സൗഭാഗ്യത്തിനുവേണ്ടി മനുഷ്യർ ജീവൻ ബലികഴിക്കണമെന്നുണ്ടോ?

പോരെങ്കിൽ, കാര്യസിദ്ധിക്ക് ഏതു നീചമാർഗ്ഗവും അവലംബിക്കുവാൻ അസത്തുക്കൾക്ക് ഒരു സങ്കോചവുമില്ലാത്തതിനാൽ സത്തുക്കളുടെ സദുദ്ദേശ്യം സാധിക്കുന്നതിനുമുമ്പ

അസത്തുക്കൾ തങ്ങളുടെ അധമോദ്ദേശ്യം സാധിച്ചുവെന്നുവരാം. തന്മൂലം ധർമ്മത്തിനും അധർമ്മത്തിനും, സത്യത്തിനും അസത്യത്തിനും, ഒരിക്കലും തുല്യസ്വാതന്ത്ര്യം അനുവദിച്ചുകൂടാ. ശാരീരികരോഗത്തെ സംബന്ധിച്ചിടത്തോളം, രോഗത്തിനും ആരോഗ്യത്തിനും ഒന്നുപോലെ സ്വാതന്ത്ര്യം അനുവദിച്ചുകൂടെങ്കിൽ ആദ്ധ്യാത്മികരോഗത്തിന്റെ കാര്യത്തിൽ അതൊട്ടും പാടില്ല. അവസാനം സത്യം വിജയിക്കുമെങ്കിലും ഇടയ്ക്കുള്ള കാലഘട്ടത്തിൽ അനേകം തലമുറകൾ കേവലം പരീക്ഷണമൃഗങ്ങളെപ്പോലെ ജീവാർപ്പണം ചെയ്യേണ്ടതായിവരുന്നു. തങ്ങളെ നേരിട്ട് അഭിമുഖീകരിക്കുന്ന പരമദയനീയങ്ങളായ അനേകം ജീവൽപ്രശ്നങ്ങൾക്ക് ഒരുത്തരവും കാണാതെയാണ് അവർ ജീവിതത്തോടു യാത്രപറയുന്നത്. അതുകൊണ്ട്, ഒടുവിലെല്ലാം ശുഭമായിട്ടേ പര്യവസാനിക്കയുള്ളുവെങ്കിൽത്തന്നെയും ധർമ്മാധർമ്മങ്ങൾക്കു താൽക്കാലികമായി തുല്യസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുവാൻ പാടില്ല. ഇന്നു തങ്ങൾ അനാവശ്യമായി സഹിക്കുന്ന കഷ്ടപ്പാടുകളുടെയെല്ലാം ഫലം അനേകനൂററാണ്ടുകൾ കഴിഞ്ഞു ജനിക്കുന്ന ഒരു തലമുറ അനുഭവിച്ചുകൊള്ളുമെന്നു ചിന്തിച്ചു സമാധാനിക്കുവാൻ എത്രപേർക്കു കഴിയും? സനാതനമായ സത്യത്തിനുവേണ്ടി അനുസ്യൂതം ദാഹിക്കുന്ന ഒരു ബുദ്ധിയും പരമനന്മയെ പ്രാപിക്കുന്നതുവരെ അടങ്ങാത്ത ഒരിച്ഛാശക്തിയുമാണു മനുഷ്യാത്മാവിനുള്ളത്. ആ സ്ഥിതിക്ക്, തന്റെ യാതനകളുടെ ഫലം വിദൂരമായ ഒരു ഭാവിതലമുറയ്ക്കല്ലാതെ തനിക്കുതന്നെ അനുഭവിക്കുവാൻ ഇടവരികയില്ലെന്നുള്ള ബോധം ഏതു മനുഷ്യനാണു സമാശ്വാസകരമായി തോന്നുക? ചുരുക്കത്തിൽ, നന്മയ്ക്കും തിന്മയ്ക്കും ഒന്നുപോലെ സ്വാതന്ത്ര്യമനുവദിക്കണമെന്നുള്ള വാദം മനുഷ്യവ്യക്തിയെ ഇതരോദ്ദേശ്യങ്ങൾ സാധിക്കുവാനുള്ള ഉപകരണമായി കണക്കാക്കുന്ന ആധുനികമനോഭാവത്തിന്റെ ഒരു പ്രതിഫലനം മാത്രമാണ്. വ്യക്തിപരമായ മൂല്യതയുടെ ഉത്ഭവസ്ഥാനമാണു

മനുഷ്യനെന്നുള്ള തത്ത്വം വിസ്മരിക്കപ്പെടുന്നു. മനുഷ്യകലത്തിന്റെ ഭാവി എത്ര അഭികാമ്യമായിത്തീരുമെന്നുണ്ടെങ്കിലും ശരി, ഇന്നു ജീവിച്ചിരിക്കുന്ന ഒരു വ്യക്തി സഹിക്കുന്ന പീഡകൾക്കു് അതൊരിക്കലും മതിയായ പ്രതിഫലമാകുന്നില്ല. സമാപ്തി ശുഭമായിരിക്കുമെന്നു വിശ്വസിച്ചുകൊണ്ടു്, അധർമ്മവും സാംക്രമികരോഗങ്ങളും തൽക്കാലം പരിപൂർണ്ണസ്വാതന്ത്ര്യത്തോടെ പടർന്നുകൊള്ളട്ടെ എന്നനുവദിക്കുന്നവർ മനുഷ്യരോടു തീരെ അനുകമ്പയില്ലാത്തവരത്രേ. കൂടാതെ, മുമ്പു സൂചിപ്പിച്ചതുപോലെ, സജ്ജനങ്ങൾക്കുള്ളതിനെക്കാൾ കൂടുതൽ കഴിവുകളും പ്രചരണവൃത്തിക്കുള്ള സൗകര്യങ്ങളും ദുർജ്ജനങ്ങൾക്കാണുള്ളതു്.

ഉദാഹരണമായി, ഇന്നത്തെ പ്രസിദ്ധീകരണങ്ങളുടെ കാര്യംതന്നെ എടുക്കുക. വളരെക്കാലമായി സന്തോഷത്തോടു പ്രദർശിപ്പിച്ചുപോരുന്ന അനാസ്ഥനിമിത്തം, ഗ്രന്ഥകർത്താവു പറയുന്നതു ശരിയാണോ തെററാണോ എന്നു വിവേചിക്കുന്നതിനുപോലും കഴിയാത്തവിധത്തിൽ, വായനക്കാരുടെ മനസ്സു് അത്ര ദുർബ്ബലമായിത്തീരാം. എന്തു പറയുന്നുവെന്നല്ല, എങ്ങനെ പറയുന്നുവെന്നാണു് അധികംപേരും ഇന്നു നോക്കുന്നതു്. ഏതൊരാശയവും, കറകളഞ്ഞ ഭാഷയിൽ, ഹൃദ്യമായ രീതിയിൽ, പലയാവൃത്തി പ്രകാശിപ്പിച്ചാൽ മതി, അനുവാചകലോകം അതു തലകുലുക്കി സമ്മതിക്കും. ഏതു ഹിമാലയനബദ്ധവും, പലപ്രാവശ്യം കേട്ടാൽ അതു സത്യമാണെന്നു വിശ്വസിച്ചുപോകും. ഇന്നത്തെ പരസ്യമെഴുത്തുകാരും പ്രചരണവേലക്കാരും ഈ തത്ത്വം നന്നായി മനസ്സിലാക്കിയിട്ടുണ്ടു്. സമുദായത്തിനു നാശകരമായ ഒരബദ്ധതത്ത്വം പ്രചരിക്കുവാൻ അനുവദിക്കുന്ന രാഷ്ട്രം ഇന്നു ജീവിക്കുന്നവരോടും ഭാവിതലമുറയോടുമുള്ള അതിന്റെ കർത്തവ്യത്തെ അവഗണിക്കുകയത്രേ ചെയ്യുന്നതു്. വിതയ്ക്കുന്നതു് എന്തബദ്ധമായാലും വേണ്ടുകയില്ല, വിളയുന്നതു സുബദ്ധമേ ആയിരിക്കുക

യുള്ളൂവെന്നാണു് അക്കൂട്ടരുടെ വിചാരം.

അനിയന്ത്രിതമായ പ്രസംഗസ്വാതന്ത്ര്യത്തെ ധാർമ്മികബോധമാകട്ടെ നിയമസംഹിതയാകട്ടെ അനുവദിച്ചുകൊടുക്കുകയില്ല. അവകാശം എന്ന പദത്തിന് ആധുനികലോകം കല്പിക്കുന്ന പ്രാധാന്യം കണ്ടാൽ ചുമതല അഥവാ ഉത്തരവാദിത്വം എന്ന വാക്ക് അതു മറന്നുകഴിഞ്ഞുവെന്നു തോന്നിപ്പോകും. ഏതൊരവകാശത്തോടും അനുബന്ധിച്ച് ഒരു ചുമതലയും കാണും. ചുമതല അവകാശത്തിൻെറ മറുപുറമാണു്. എനിക്ക് ഒരവകാശമുണ്ടെങ്കിൽ ആ അവകാശത്തെ ആദരിക്കുവാൻ അന്യന് ഒരു ചുമതലയുമുണ്ട്. പ്രസംഗസ്വാതന്ത്ര്യം ധാർമ്മികദൃഷ്ട്യാ എത്രമാത്രം അനുവദനീയമാണെന്നു തീരുമാനിക്കുവാൻ ഈ പരമാർത്ഥം ഓർമ്മിച്ചിരുന്നാൽ മതി. രാഷ്ട്രത്തിൻെറ ലക്ഷ്യപ്രാപ്തിക്ക് — സാമുദായികക്ഷേമം സുഭദ്രമാക്കുവാനും പൌരസഞ്ചയത്തിൻെറ സുഖസൌകര്യങ്ങൾ വർദ്ധിപ്പിക്കുവാനും — പ്രസംഗസ്വാതന്ത്ര്യം എത്രമാത്രം പ്രയോജനപ്പെടുന്നു? — അത്രമാത്രം പ്രസംഗസ്വാതന്ത്ര്യം അനുവദനീയമാണു്. ജനങ്ങൾ തങ്ങളുടെ അവകാശങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുകയും രാഷ്ട്രത്തോടുള്ള കർത്തവ്യം വിസ്മരിക്കുകയും ചെയ്യുമ്പോഴാണു്, അതിരുകടന്ന പ്രസംഗസ്വാതന്ത്ര്യത്തിൻെറ ന്യായ്യമായ നിയന്ത്രണംപോലും മൌലികാവകാശങ്ങളുടെമേലുള്ള ഒരു കയ്യേററമായി അവരെണ്ണുന്നതു്. വിപ്ലവപരമായ പ്രസംഗങ്ങൾ ഗവണ്മെൻറിനെതിരായി ചെയ്യുകയും പ്രസംഗസ്വാതന്ത്ര്യം മനുഷ്യൻെറ അനിഷേദ്ധ്യാവകാശങ്ങളിലൊന്നാണെന്നു് ഉദ്ഘോഷിക്കുകയും ചെയ്യുന്ന മൈതാനപ്രസംഗകന്മാരിലാരും അതെന്തുകൊണ്ടാണു് അനിഷേദ്ധ്യാവകാശമായതെന്നു പറഞ്ഞുകേട്ടിട്ടില്ല. സമസ്താധികാരവും രാഷ്ട്രത്തിൽ ലയിക്കുന്ന ഒരു വ്യവസ്ഥിതി സ്ഥാപിക്കുവാനാണു് അവർ കണ്ഠക്ഷോഭം ചെയ്യുന്നതു്. രാഷ്ട്രമാണു സ്വാധിപതിയെന്നും എല്ലാ അവകാശങ്ങളും രാഷ്ട്രത്തിൽനിന്നാണു പുറപ്പെടുന്നതെ

ന്നും വന്നാൽ വ്യക്തിയുടെ ഒരവകാശവും അനിഷേധ്യമായി രിക്കയില്ലെന്നുള്ള തത്വം അവരോർമ്മിക്കുന്നില്ല.

സ്വാതന്ത്ര്യത്തിന്റെ പ്രയോഗം ഒരിക്കലും ആത്മഹത്യാപരമായിരിക്കരുത്. സ്വാതന്ത്ര്യമുപയോഗിച്ചു സ്വാതന്ത്ര്യത്തെത്തന്നെ നശിപ്പിക്കുന്നവൻ ഒന്നെങ്കിൽ ഭ്രാന്തനാണ്, അല്ലെങ്കിൽ വഞ്ചകനാണ്. വാർട്ടർ ലിപ്മൻ പറയുന്നതു കേൾക്കുക: "ഒരു മനുഷ്യനും തന്റെ അവകാശം നശിപ്പിച്ചുകളയുവാൻ അവകാശമില്ല. തങ്ങളുടെ പ്രസംഗാവകാശം സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യർക്കുമാത്രമേ പ്രസംഗിക്കുവാൻ അവകാശമുള്ളു. വോട്ടവകാശം നശിപ്പിച്ചുകളയാതെ അനന്തരതലമുറകൾക്കും അതു സൂക്ഷിച്ചുകൊടുക്കാമെന്നുള്ളവർക്കുമാത്രമേ വോട്ടുചെയ്യുവാൻ വാസ്തവത്തിൽ അവകാശമുള്ളു. ഒരു ഭൂരിപക്ഷത്തിന്റെ ഭരണം ധാർമ്മികദൃഷ്ട്യാ സാധുവാണെന്നു പറയണമെങ്കിൽ, ആവശ്യമെന്നു തോന്നുന്നസമയം അതിനു വിരാമമിടുവാൻ മററൊരു ഭൂരിപക്ഷത്തിനു സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഇതാണു പ്രജാധിപത്യത്തിന്റെ മൂല തത്വം. ഇതിനോടു വിയോജിക്കുന്നവർ, പ്രജാധിപത്യത്തിനു തന്നെത്തന്നെ സംരക്ഷിക്കുവാൻ പ്രജാധിപത്യതത്വമനുസരിച്ച് അനുവാദമില്ലെന്ന അനുമാനത്തിലാണു ചെന്നുചേരുന്നത്. ജനങ്ങൾ ജനകീയഭരണം വച്ചൊഴിഞ്ഞുകൊള്ളണമെന്നു യാതൊരു ജനകീയതത്വവും ആവശ്യപ്പെടുകയില്ല. സ്വന്തം നിലനില്പിന് ആവശ്യകമായ നടപടികൾ സ്വീകരിക്കുവാൻ ജനാധിപത്യഭരണത്തിന് എപ്പോഴും ചുമതലയുണ്ട്. പ്രസംഗിക്കുവാനും സമ്മേളനങ്ങൾ നടത്തുവാനുമുള്ള പ്രജാധിപത്യസ്വാതന്ത്ര്യങ്ങൾ പ്രയോഗിച്ചുകൊണ്ടുതന്നെ പ്രജാധിപത്യത്തെ തകർക്കുവാൻ ബദ്ധകങ്കണരായ അനേകം സംഘങ്ങൾ ഇന്നു മിക്ക രാജ്യങ്ങളിലും കാണാം. ജനകീയഗവണ്മെന്റിന് അവയെ അമർച്ചചെയ്യുവാൻ അവകാശമുണ്ട്. ജനാധിപത്യത്തെ ജനാധിപത്യസ്വാതന്ത്ര്യമുപയോഗിച്ചുതന്നെ നശി

പ്പിക്കുവാൻ വ്യക്തികൾക്ക് അവകാശമുണ്ടെന്നും ജനാധിപത്യത്തിനെതിരായി പൊട്ടിപ്പുറപ്പെടുന്ന ഏതു മഹാവിപ്ലവത്തേയും അതു സഹിഷ്ണുതയോടുകൂടിത്തന്നെ വീക്ഷിച്ചുകൊള്ളണമെന്നും ആരെങ്കിലും അഭിപ്രായപ്പെടുമോ? ഒരു സ്വാതന്ത്ര്യരാഷ്ട്രത്തിനു പലതും അനുവദിച്ചുകൊടുക്കുവാൻ കഴിയും. പല കാര്യങ്ങളിലും സഹിഷ്ണുതയായിരിക്കും അതിന്റെ അത്യുത്തമമായ രക്ഷാകവചവും. വിപ്ലവകരമായ പ്രസ്ഥാനങ്ങൾക്കു വിജയം സിദ്ധിക്കുകയില്ലെന്ന് ഉറപ്പുള്ളിടത്തോളം കാലം അവ അല്പാല്പമായി അവിടവിടെ പ്രത്യക്ഷപ്പെട്ടാലും ഗവണ്മെന്റ് അതു വകവയ്ക്കണമെന്നില്ല. പക്ഷേ, കേവലം വാദപ്രതിവാദസമാജങ്ങളെന്ന നില കവിഞ്ഞു് പ്രവൎത്തനസന്നദ്ധങ്ങളായ അധൃഷ്യസംഘടനകളായി അവ രൂപാന്തരപ്പെടുമ്പോൾപ്പോലും അവയുടെനേരെ ഗവണ്മെന്റ് കണ്ണടച്ചാൽ അതു് ആത്മഹത്യാപരമായിരിക്കും. ഏതു സ്വാതന്ത്ര്യം അവയുടെ വളർച്ചയ്ക്കു സഹായകമായിരുന്നുവോ ആ സ്വാതന്ത്ര്യത്തിന്റെതന്നെ നാരായവേരിനു കത്തിവയ്ക്കുവാനാണു് അവയുടെ ഉദ്യമം. താദൃശമായ ഒരു സന്ദർഭം ഉദയം ചെയ്യുന്നപക്ഷം സ്വതന്ത്രജനതയുടെ സർവ്വശക്തികളുമുപയോഗിച്ച് അവയെ അമർച്ച ചെയ്യുവാൻ ശ്രമിക്കാത്ത ഗവണ്മെന്റ് പരിപാവനമായ സ്വാതന്ത്ര്യത്തെ വാസ്തവത്തിൽ ഒററിക്കൊടുക്കുകയാണു ചെയ്യുന്നതു്."

# പതിനൊന്നാം അദ്ധ്യായം

## സ്വാതന്ത്ര്യവും സമത്വവും

സ്വത്തുള്ളവനെ സ്തുതിക്കയെന്നുള്ളതായിരുന്നു പണ്ടത്തെ പരിഷ്കാരം. ഇന്നത്തെ പരിഷ്കാരമാകട്ടെ സ്വത്തുകാരെയൊക്കെ ചീത്ത പറയുകയാണ്. സ്വത്തുകാരനെന്നു പറഞ്ഞാൽ അന്നത്തെ അർത്ഥം സമ്പത്തുള്ളവനെന്നായിരുന്നു. ഇന്ന് അതു 'ചൂഷണം ചെയ്യുന്നവൻ' എന്ന പദത്തിന്റെ പര്യായമായിത്തീർന്നിരിക്കയാണ്. പഴയകാലമെല്ലാം മാറിപ്പോയി. ഇന്നു പണക്കാരൻ മര്യാദ പറയുകയും പാവപ്പെട്ടവൻ കടന്നാക്രമിക്കുകയുമാണു ചെയ്യുന്നത്. പണക്കാരെ ഇറക്കിവിട്ടിട്ടു പാവപ്പെട്ടവൻ അവരുടെ സ്ഥാനത്തു കയറി ഇരിപ്പുറപ്പിച്ചിരിക്കയാണ്.

വാസ്തവത്തിൽ ഈ രണ്ടു മനോഭാവവും തെററാണ്. ഒരു രാജ്യത്തിലെ കോടീശ്വരന്മാരുടെ എണ്ണമാണ് അവിടത്തെ പരിഷ്കാരത്തിന്റെ മാനദണ്ഡമെന്നു വന്നാൽ, അതു വെറും മൂന്നാംകിടയിൽപ്പെട്ട പരിഷ്കാരമേ ആയിരിക്കൂ. അപ്രകാരം തന്നെ, കോടീശ്വരന്മാർ സമ്പാദിച്ചതുപോലെ ധനം പരിശ്രമിച്ചു സമ്പാദിക്കാതെ അവരുടെ സ്വത്ത് ഏതുവിധേനയും കരസ്ഥമാക്കണമെന്നുമാത്രം കരുതി അത്യാഗ്രഹികളായ പാവങ്ങൾ അതിനു ശ്രമിച്ചുതുടങ്ങുമ്പോഴും പരിഷ്കാരത്തിന്റെ കാതൽ ദ്രവിച്ചുതുടങ്ങിയെന്നുവേണം അനുമാനിക്കുവാൻ. അഗാധവും അനീതിപരവുമായ അസമത്വത്തിൽനിന്ന്, സകലത്തിലും സമത്വം വേണമെന്ന എതിർപക്ഷത്തേയ്ക്കുള്ള ഒരു കുതിച്ചോട്ടമാണ് ഇവിടെ നാം കാണുന്നത്. അമിതാർജ്ജനത്തിൽനിന്നും മുതലാളിത്തത്തിൽനിന്നും ഉണ്ടാകുന്ന ദുരിത

ങ്ങൾക്കു കമ്മ്യൂണിസം ചൂണ്ടിക്കാണിക്കുന്ന പ്രതിവിധിയാണതു്.

സമത്വം എന്താണെന്നു ശരിയായി മനസ്സിലാക്കണമെങ്കിൽ അതിന്റെ ചരിത്രവും വിവിധവ്യാഖ്യാനങ്ങളും ആദ്യമായി ഗ്രഹിച്ചിരിക്കണം. രാഷ്ട്രീയസമത്വം, സാമ്പത്തികസമത്വം, ആദ്ധ്യാത്മികസമത്വം എന്നിങ്ങനെ സമത്വം മൂന്നു തരത്തിലാകാം.

രാഷ്ട്രീയസമത്വം

സമത്വമെന്നു പറഞ്ഞാൽ നീതിരഹിതമായ പ്രത്യേകാവകാശങ്ങളുടെ നേരേയുള്ള പ്രതിഷേധം എന്നാണു പതിനെട്ടാംനൂററാണ്ടിലെ രാഷ്ട്രീയചിന്തകന്മാർ ധരിച്ചിരുന്നതു്. നിയന്ത്രണരാഹിത്യമാണു സ്വാതന്ത്ര്യമെന്നു ഗ്രഹിച്ചിരുന്നതുപോലെ, സമത്വമെന്നു പറഞ്ഞാൽ പ്രത്യേകാവകാശങ്ങളൊന്നുമില്ലാതിരിക്കുന്ന അവസ്ഥയാണെന്നു് അവർ തെററിദ്ധരിച്ചുവെന്നുമാത്രം. ഈ അർത്ഥത്തിലുള്ള ഒരു സ്വാതന്ത്ര്യത്തെയാണു ഫ്റഞ്ചുവിപ്ലവത്തിന്റെ ജനയിതാക്കൾ വിഭാവനം ചെയ്തതു്. അതുകൊണ്ടാണു് അന്നുണ്ടായിരുന്ന സാമുദായികപദവികളും ഉച്ചനീചത്വങ്ങളുമെല്ലാം അവർ തട്ടിനിരപ്പാക്കിയതു്. അന്നുണ്ടായിരുന്ന അസമത്വങ്ങളിലധികവും രാഷ്ട്രീയമായിരുന്നു. സമുദായസൌധത്തിന്റെ നിലകൾ തമ്മിലുള്ള തരംതിരിവു പ്രധാനമായി ധനത്തെയല്ല രാഷ്ട്രീയാവകാശങ്ങളെയാണു് അന്നു് ആശ്രയിച്ചിരുന്നതു്. നിയമനിർമ്മാണം, വിദ്യാഭ്യാസം, ഭരണം, സ്വത്തു്, ഉദ്യോഗം ഇവയെല്ലാം പ്രഭുവർഗ്ഗത്തിന്റെ നിയന്ത്രണത്തിലായിരുന്നു. ഇവയൊന്നിലും കയറിപ്പററുവാൻ സാമാന്യജനങ്ങളെ അവരുടെ സാമൂഹികനില അനുവദിച്ചിരുന്നില്ല: ഉദാഹരണമായി, ഒരു കർഷകനു് ഒരിക്കലും നിയമപണ്ഡിതനായിത്തീരുവാൻ നിവൃത്തിയില്ലായിരുന്നു. വിദ്യാഭ്യാസത്തിന്റെ ഭരണത്തിൽ സാമാന്യജനങ്ങളെ

ക്കൂടി പങ്കുകാരാക്കിയാൽ അധികാരികളോടുള്ള അവരുടെ ആദരം നഷ്ടപ്പെട്ടുമെന്നു പറഞ്ഞുകൊണ്ട് അന്നത്തെ ഭരണകർത്താക്കൾ അതിൽനിന്നുപോലും ജനങ്ങളെ അകററിനിർത്തുകയാണു ചെയ്തതു്.

ഇത്തരം വക്രപ്രഭുത്വത്തിനെതിരായി ഒരു വിപ്ലവം ആളിക്കത്തിയതിൽ അത്ഭുതപ്പെട്ടുവാനില്ല. അതു് അന്നു നിലവിലിരുന്ന അസമത്വങ്ങളുടെ പ്രകൃതിക്ക് അനുസരണമായ ഒരു രൂപം കൈക്കൊണ്ടതും സ്വാഭാവികമാണ്. അന്നത്തെ ഉച്ചനീചത്വങ്ങളധികവും രാഷ്ട്രീയമായിരുന്നതുകൊണ്ടു വിപ്ലവത്തിന് ഒരു രാഷ്ട്രീയസ്ഥായ ലഭിക്കുന്നതിനും മുഖ്യമായി രാഷ്ട്രീയാസമത്വങ്ങൾ അതിലെരിഞ്ഞു ഭസ്മമാകുന്നതിനും ഇടയായെന്നേയുള്ളു.

വിപ്ളവം വിജയിച്ചു. പ്രഭുഭരണം ഫ്രാൻസിൽ നാമാവശേഷമായി. ഉച്ചനീചത്വമണ്ഡലങ്ങൾ നിർമാർജ്ജിതങ്ങളായി. മനുഷ്യരെല്ലാവരും ജന്മനാ സമന്മാരാണെന്നുള്ള പുളകോദ്ഗമകമായ പ്രഖ്യാപനം സർവ്വത്ര മാറെറാലിക്കൊണ്ടു. ഇനിമുതലുള്ള ഭരണം ജനങ്ങളുടെ ഭരണമാണ്. എല്ലാവരും ഒപ്പം നികുതി കൊടുക്കണം. വിദ്യാഭ്യാസത്തിനും ഉദ്യോഗലബ്ധിക്കും വൈദ്യസഹായത്തിനുമുള്ള അവകാശം കർഷകനും കുബേരകുമാരനും ഇനിമുതൽ തുല്യമാണ്. കുലീനത്വവും അനുഗ്രഹീതവംശത്തിലുള്ള ജനനവുമല്ല, വ്യക്തിപരമായ കഴിവും കാര്യപ്രാപ്തിയുമാണ് ഇനിമേൽ ഉയർച്ചയ്ക്കുള്ള യോഗ്യതകൾ എന്ന നില വന്നു. വിപ്ളവത്തിൻെറ പ്രഥമഫലം തികച്ചും തൃപ്തികരമായിത്തോന്നി.

പക്ഷെ, രാഷ്ട്രീയമായ ഒരു സമത്വത്തെക്കുറിച്ചുമാത്രമേ അന്നത്തെ ആളുകൾക്കു ബോധമുണ്ടായിരുന്നുള്ളു. സമത്വത്തിൻെറ മറെറാരുവശത്തെയുംകുറിച്ച് അതുകൊണ്ടവർ ചിന്തിച്ചില്ല. നിയമത്തിൻെറ മുമ്പിലും സമ്മതിദാനം നല്കുന്ന സ്ഥലത്തും എല്ലാവർക്കും സമത്വം ലഭിച്ചാൽ സാമ്പത്തികാ

സമത്വങ്ങൾ താനേ നീങ്ങിക്കൊള്ളുമെന്നു് അവർ വ്യാമോഹിച്ചുപോയി. പ്രഭുക്കന്മാർക്ക ധനമുണ്ടായിരുന്നതുകൊണ്ടല്ല, പ്രത്യേക രാഷ്ട്രീയാവകാശങ്ങളുണ്ടായിരുന്നതുകൊണ്ടാണ പാവപ്പെട്ടവർ അന്നു് അവരോടെതിർത്തതു്. രാഷ്ട്രീയമണ്ഡലത്തിലുള്ള പ്രത്യേകാവകാശങ്ങളും മുൻഗണനകളും ഇല്ലാതാക്കിയാൽ സ്വത്തു് ആർക്കും സമ്പാദിക്കാമെന്നായിരുന്നു അവരുടെ വിശ്വാസം.

കുബേരനും കുചേലനും തമ്മിലുള്ള വ്യത്യാസം മുതലാളിയും തൊഴിലാളിയും തമ്മിലുള്ള അസമത്വമായി രൂപമെടുക്കുന്ന ഒരു ദിവസം വരുമെന്നു് അവരാരും നിനച്ചിരുന്നില്ല. രാഷ്ട്രീയസമത്വവും സാമ്പത്തികസമത്വവും ഒന്നാണെന്നു കരുതുന്നതു അബദ്ധമാണു്. രാഷ്ട്രീയരംഗത്തു നിയമദൃഷ്ട്യാ എല്ലാവരും തുല്യരായതുകൊണ്ടു സാമ്പത്തികരംഗത്തും അതുല്യത പ്രത്യക്ഷപ്പെടണമെന്നില്ല. നേരേമറിച്ചു്, സാമ്പത്തികാസമത്വങ്ങൾ ഒന്നുകൂടി തഴച്ചു വളരുവാനാണ കൂടുതൽ എളുപ്പം. മുമ്പുണ്ടായിരുന്ന രാഷ്ട്രീയാസമത്വങ്ങളെ ആട്ടിപ്പായിച്ച ഫ്റഞ്ചുവിപ്ലവം ഭാവിയിൽ വ്യവസായരംഗത്തു് ഉണ്ടാകുവാനിരുന്ന അസമത്വങ്ങൾക്ക വാസ്തവത്തിൽ വഴിയൊരുക്കുകയാണു ചെയ്തതെന്നു ടോണി (Tawney) എന്ന ഗ്രന്ഥകാരൻ പറഞ്ഞതു് എത്രയോ പരമാത്ഥം! ഒരു പുതിയ പ്രഭുവർഗ്ഗം അങ്ങനെ ആവിർഭവിച്ചു—കുലീനവംശത്തിൽ ജനിച്ചതുകൊണ്ടല്ല, കൂടുതൽ സമ്പാദിക്കുവാൻ സാധിച്ചതുകൊണ്ടുമാത്രം പ്രഭുക്കന്മാരായ ഒരു പുതിയവർഗ്ഗം. പുതിയ പുതിയ യന്ത്രങ്ങൾ ഉണ്ടായിത്തുടങ്ങിയതിനോടേ മുമ്പുണ്ടായിരുന്ന കർഷകവർഗ്ഗം ക്ഷയിച്ചു തൽസ്ഥാനത്തു തൊഴിലാളിവർഗ്ഗം രംഗപ്രവേശം ചെയ്തു. ചുരുക്കം ചില സാധാരണന്മാർക്ക നല്ല നിലയിലെത്തുവാൻ കഴിഞ്ഞെങ്കിലും അങ്ങനെ ഉയരുവാൻ സാധിക്കാ

തെപോയ അനേകലക്ഷങ്ങളോടു താരതമ്യപ്പെടുത്തി നോക്കിയാൽ ഇവരുടെ സംഖ്യ ഒട്ടും പരിഗണനീയമല്ലായിരുന്നു.

പ്രത്യേകാവകാശങ്ങൾ അനുഭവിച്ചിരുന്നവരും അവയില്ലാതിരുന്നവരും എന്ന രണ്ടു വിഭാഗങ്ങളുടെ സ്ഥാനത്ത്, മുതലാളികളും തൊഴിലാളികളുമെന്നു രണ്ടു പുതിയ വർഗ്ഗം ഉണ്ടായിവന്നു. അങ്ങനെ അസമത്വം രാഷ്ട്രീയമണ്ഡലത്തിൽനിന്നു സാമ്പത്തികമണ്ഡലത്തിലേയ്ക്കു മാറി. സ്വത്തിന്റെ അധികഭാഗവും അടക്കിഭരിക്കുന്ന മുതലാളിമാർ ഒരുവശത്ത്; അന്നന്നു വേലചെയ്തു ഉപജീവിക്കുന്ന തൊഴിലാളിലക്ഷങ്ങൾ മറുവശത്ത് — ഇങ്ങനെയായി സമുദായത്തിന്റെ അവസ്ഥ. ഇതൊരു പുതിയ പ്രശ്നമായിത്തീർന്നു. ഈ പുതിയ അസമത്വം എങ്ങനെ പരിഹരിക്കാമെന്നു ജനങ്ങൾ ആരാഞ്ഞുതുടങ്ങി. കമ്മ്യൂണിസ്റ്റുകാർ അതിനു ഇങ്ങനെയൊരു പ്രതിവിധി നിർദ്ദേശിച്ചു. "ഉൽപാദകോപകരണങ്ങൾ കൈവശമുള്ളവനു അവയില്ലാത്തവനെ ചൂഷണം ചെയ്യുവാൻ സാധിക്കുന്നതുകൊണ്ടാണു സാമ്പത്തികരംഗത്തു അസമത്വങ്ങളുണ്ടാകുന്നതു്. അതുകൊണ്ടു്, ഉൽപാദകവസ്തുക്കളുടെമേൽ സ്വകാര്യവ്യക്തികൾക്കുള്ള ഉടമാവകാശം ഒരു വിപ്ളവംവഴിയായി മായിച്ചുകളയുകയാണെങ്കിൽ അസമത്വങ്ങളും അതോടെ അസ്തമിച്ചുകൊള്ളും." ഫ്റഞ്ചുവിപ്ളവത്തിന്റെ ദൃഷ്ടി പ്രധാനമായി രാഷ്ട്രീയാസമത്വത്തിൽമാത്രം പതിഞ്ഞതുപോലെ, കമ്മ്യൂണിസ്റ്റുകാർ സാമ്പത്തികാസമത്വത്തെമാത്രം പ്രധാനമായി കണക്കാക്കിയതുകൊണ്ടാണു് ഇത്ര വിചിത്രമായ ഒരു പ്രതിവിധി അവർ നിർദ്ദേശിച്ചതു്.

## സാമ്പത്തികസ്വാതന്ത്ര്യം

ഫ്റഞ്ചുവിപ്ലവം അന്യായ്യമായ അവകാശങ്ങളെയാണു് ഇല്ലാതാക്കിയതെങ്കിൽ, കമ്മ്യൂണിസം ന്യായ്യമായ അവകാശങ്ങളെപ്പോലും നശിപ്പിച്ചുകളയുന്നു. സാമ്പത്തികമായ ഒരു വ്യാ

ഖ്യാനമാണു കമ്മ്യൂണിസം സമത്വത്തിനു നല്കുന്നതു്. ഒരേ വസ്തു എല്ലാവരുംകൂടി അനുഭവിക്കുന്നപക്ഷം എല്ലാവരും സമന്മാരായിപ്പോലും! ഇതിൽനിന്നു വരുന്നതു സമത്വം ഉള്ളിലല്ല പുറമേയാണെന്നത്രെ. മനുഷ്യൻ എന്തു് ആയിരിക്കുന്നുവെന്നല്ല, അവനു് എന്തുണ്ടു് എന്നാണു നോക്കേണ്ടതു്. അവന്റെ മാഹാത്മ്യമല്ല, സമ്പാദ്യമാണു കാര്യമായിട്ടുള്ളതു്. സാമ്പത്തികസമത്വം സൃഷ്ടിക്കുവാൻവേണ്ടി ഉൽപാദകസ്വത്തു മുഴുവൻ രാഷ്ട്രം ഏറെറടുക്കുകയെന്നതാണു കമ്മ്യൂണിസത്തിന്റെ ആദർശം. സ്വത്താണു ജനങ്ങളുടെയിടയിൽ വർഗ്ഗഭേദം സൃഷ്ടിക്കുന്നതു്. ഒന്നിലധികം വർഗ്ഗങ്ങളാകട്ടെ പാർട്ടികളാകട്ടെ രാജ്യത്തിൽ ഉണ്ടായിക്കൂടാ. മററുവിധത്തിൽ പറഞ്ഞാൽ, മനുഷ്യരെല്ലാവരും ഒരേ വിധത്തിൽ ചിന്തിക്കുകയും ജീവിക്കുകയും ഒന്നുപോലെ ആയിത്തീരുകയും ചെയ്യുവാൻവേണ്ടി, സ്വേച്ഛാധിപത്യമാകുന്ന മൂശയിൽ അവരെ വാർത്തെടുത്തു സാമുദായികരംഗം നിരപ്പാക്കുകയെന്നതാണു കമ്മ്യൂണിസത്തിന്റെ ലക്ഷ്യം. എല്ലാമനുഷ്യരും 'തൊഴിലാളി'കളാകയാൽ ഏതു മനുഷ്യനും ഏതു ജോലിയും തുല്യസാമർത്ഥ്യത്തോടുകൂടി ചെയ്യുവാൻ കഴിയുമത്രെ!

കമ്മ്യൂണിസം സാമുദായികവ്യത്യാസങ്ങളെല്ലാം ഇങ്ങനെ തട്ടിനിരത്തി ഐകരൂപ്യം വരുത്തുന്നതുകൊണ്ടു രണ്ടു ദോഷങ്ങളാണുണ്ടാകുന്നതു്. ഒന്നു്: സമത്വം സമ്പാദിക്കുവാൻ അതു സ്വാതന്ത്ര്യത്തെ ബലികഴിക്കുന്നു. കാരണം, ഗവണ്മെൻറു് അനുവദിച്ചുകൊടുക്കുന്ന സ്വാതന്ത്ര്യമേ വ്യക്തികൾക്കു കാണുകയുള്ളൂ. വ്യക്തിയുടെ സ്വാതന്ത്ര്യമെന്നു പറഞ്ഞാൽ ഏകാധിപതിയോടു പ്രദർശിപ്പിക്കുന്ന നിരുപാധികമായ അനുസരണമെന്നർത്ഥം.

മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഭദ്രതയ്ക്കു സ്വകാര്യസ്വത്തു് എത്ര അനുപേക്ഷണീയമാണെന്നു നേരത്തേ നാം തെളിയിച്ചുകഴിഞ്ഞു. ഉൽപാദകസ്വത്തിന്റെ ഉടമാവകാശമാണു വ്യ

ക്തിസ്വാതന്ത്ര്യത്തിന്റെ ആലംബം. ഫ്രഞ്ചുവിപ്ലവം നിയമത്തിന്റെ ദൃഷ്ടിയിൽ എല്ലാവരേയും തുല്യരാക്കിത്തീർത്തു. കമ്മ്യൂണിസം സാമ്പത്തികദൃഷ്ട്യാ എല്ലാവരേയും സമന്മാരാക്കി. പക്ഷെ, സാമ്പത്തികസമത്വത്തിലല്ല യഥാർത്ഥസ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു്.

സമത്വസുന്ദരമായ ഒരു സമുദായം സൃഷ്ടിക്കുകയാണു തങ്ങളുടെ പരമോദ്ദേശ്യമെന്നു കമ്മ്യൂണിസ്റ്റുകാർ ആത്മപ്രശംസ ചെയ്യാറുണ്ടെങ്കിലും അതൊരിക്കലും സാധിതമായിത്തീർന്നിട്ടില്ലെന്നുള്ളതാണു കമ്മ്യൂണിസത്തിന്റെ രണ്ടാമത്തെ ദോഷം. വലിയ ബാങ്കുടമസ്ഥന്മാരെയും വർത്തകപ്രമാണികളെയും അവർ നശിപ്പിക്കുമെങ്കിലും അവരുടെ സ്ഥാനത്തു് ഒരു പുതിയ വർഗ്ഗത്തെ — പ്രത്യേകാവകാശങ്ങളോടുകൂടിയ ഒരു ഉദ്യോഗസ്ഥവർഗ്ഗത്തെ — അവർ സൃഷ്ടിക്കുന്നു. ഉടമാവകാശവും ഭരണാധികാരവും രണ്ടു കൂട്ടരിലായിത്തീർന്നാൽ ഇങ്ങനെ സംഭവിക്കാതിരിക്കുവാൻ വഴിയില്ല. അനീതിയിൽ ആരംഭിക്കുന്ന ഒരു ഭരണം ഒടുവിൽ അനീതിയിൽനിന്നു വിട്ടുമാറുമെന്നു തൊഴിലാളികളിൽ തലച്ചോറുള്ളവരാരും വിശ്വസിക്കുകയില്ല. മുതലാളിത്തത്തിന്റെ കീഴിൽ സ്വത്തുള്ളവർക്കു പ്രത്യേകാവകാശങ്ങൾ ലഭിക്കുകയാണു ചെയ്തതെങ്കിൽ, കമ്മ്യൂണിസത്തിന്റെ വ്യവസ്ഥിതിയിൽ പ്രത്യേകാവകാശങ്ങളുള്ളവർ സ്വത്തു സമ്പാദിക്കുകയാണു ചെയ്യുന്നതു്. ഇതു മാത്രമാണു മുതലാളിത്തവും കമ്മ്യൂണിസവും തമ്മിലുള്ള വ്യത്യാസം.

തങ്ങൾ വാഗ്ദാനം ചെയ്ത സമത്വം ലോകത്തിനു പ്രദാനം ചെയ്യുവാൻ ഫ്രഞ്ചുവിപ്ലവത്തിന്റെ നേതാക്കന്മാർക്കാകട്ടെ സ്ഥിതിസമത്വവാദത്തിന്റെ പ്രണേതാക്കൾക്കാകട്ടെ സാധിച്ചില്ല. ആദ്യത്തെ കൂട്ടർ സമത്വത്തെ ഒരു രാഷ്ട്രീയകാര്യമായിട്ടും രണ്ടാമത്തെ കൂട്ടർ അതിനെ ഒരു സാമ്പത്തികകാര്യമായിട്ടും മാത്രം പരിഗണിച്ചതാണ് ഈ പരാജയത്തിന്റെ കാരണം.

### ആദ്ധ്യാത്മികസമത്വം

കത്തോലിക്കാസഭ ആദ്ധ്യാത്മികമായ ഒരർത്ഥമാണു സമത്വത്തിനു നല്കുന്നതു്. അവളുടെ അഭിപ്രായത്തിൽ, സമത്വം അധിഷ്ഠിതമായിരിക്കുന്നതു രാഷ്ട്രീയനിയമത്തിലുമല്ല സമ്പത്തിലുമല്ല; പ്രത്യുത, മനുഷ്യനിലത്രേ. സമത്വത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം ഇങ്ങനെ സംക്ഷേപിക്കാം.

1. എല്ലാ മനുഷ്യരും തുല്യരാണു്.
2. ഒരു മനുഷ്യനും മറെറാരുവനോടു തുല്യനല്ല.

ഈ പ്രസ്താവങ്ങൾ രണ്ടും രണ്ടുകാര്യങ്ങളെക്കുറിച്ചാണെന്നു പറയേണ്ടതില്ലല്ലോ. ഒന്നാമത്തേതു മനുഷ്യപ്രകൃതിയുടെ കാതലായ അംശത്തെയും രണ്ടാമത്തേതു അതിപ്രധാനങ്ങളായ ഇതരാംശങ്ങളെയും പരാമർശിക്കുന്നു.

കാതലായിട്ടുള്ള കാര്യങ്ങളിൽ എല്ലാ മനുഷ്യരും തുല്യരാണു്. കാരണം, എല്ലാ മനുഷ്യർക്കും ആത്മാവും ശരീരവുമെന്ന രണ്ടു ഘടകങ്ങളുണ്ടു്; എല്ലാ മനുഷ്യരുടേയും പരമാന്ത്യം ഒന്നാണു് — സമ്പൂർണ്ണജീവനും സത്യവും സ്നേഹവുമാകുന്ന ഈശ്വരനോടുള്ള ഐക്യം. എല്ലാവരും ദിവ്യരക്ഷകനായ ക്രിസ്തുനാഥനാൽ രക്ഷിക്കപ്പെട്ടവരാണു്. "എല്ലാവരും ഒരേ മനുഷ്യവംശത്തിന്റെ അംഗങ്ങളും ഒരേ മനുഷ്യപ്രകൃതിയോടുകൂടിയവരും ഒരേ പരമലക്ഷ്യത്തിൽ ചെന്നുചേരേണ്ടവരും ഒന്നുപോലെ ക്രിസ്തുവിനാൽ പരിത്രാണം ചെയ്യപ്പെട്ടവരും ആണെന്നുള്ള വസ്തുത പരിഗണിച്ചാൽ എല്ലാ മനുഷ്യരും തുല്യരാണു്."

(ലെയോ പതിമ്മൂന്നാമൻ)

എന്നാൽ അപ്രധാനങ്ങളായ മററുകാര്യങ്ങളിലൊന്നിലും മനുഷ്യർ തുല്യരല്ല. ബുദ്ധിശക്തി, ദേഹബലം, പരിശ്രമശീലം, വാസനകൾ മുതലായവയെല്ലാം ഓരോരുത്തർക്കും ഓരോ അളവിലാണു്. സാരാംശത്തിൽ മാത്രമേ മനുഷ്യനു സമത്വമു

ളളുവെന്നും ബാഹ്യാംശങ്ങളിൽ അസമത്വമാണുള്ളതെന്നും ക്രിസ്തുനാഥന്റെ വാക്കുകളിൽനിന്നുതന്നെ സ്പഷ്ടമാകുന്നുണ്ട്.

മനുഷ്യാത്മാവു ദൈവത്തിന്റെ രൂപത്തിലും പ്രതിച്ഛായയിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുനിമിത്തം എല്ലാ മനുഷ്യരും തുല്യരാണ്. മൗലികാവകാശങ്ങളും പ്രാഥമികചുമതലകളും എല്ലാവർക്കും ഒപ്പമാണ്. അതുകൊണ്ടാണ് 'അന്യർ നിന്നോടു പ്രവർത്തിക്കണമെന്നു നീ ആഗ്രഹിക്കുന്നതുപോലെ നീ അന്യരോടും പ്രവർത്തിക്കുക' എന്നു ദിവ്യരക്ഷകൻ ആജ്ഞാപിക്കുന്നതു്. സുവിശേഷം ഒരു പ്രത്യേകവർഗ്ഗത്തിനുമാത്രമായിട്ടുള്ളതല്ല. "പാവപ്പെട്ടവരോടും സുവിശേഷം പ്രസംഗിക്കപ്പെടുന്നു." സകല സൃഷ്ടികളോടും തന്റെ രക്ഷാകരമായ സന്ദേശം പ്രസംഗിക്കുവാനാണ് അവിടുന്നു നിർദ്ദേശിച്ചതു്. ഈശ്വരനു വർഗ്ഗീയഗണനയില്ല. വെറും കല്ലുകളിൽനിന്നുപോലും അബ്രാഹത്തിനു സന്താനങ്ങളെ ഉൽപാദിപ്പിക്കുവാൻ അവിടുത്തേയ്ക്കു സാധിക്കും. എന്തുകൊണ്ടെന്നാൽ, ഉള്ളിലേയ്ക്കു കടന്നു നോക്കിയാൽ ഒരു മനുഷ്യനും ഇതരനിൽനിന്നു വ്യത്യസ്തനല്ല.

സ്വഭാവംമാത്രമല്ല, ലക്ഷ്യവും എല്ലാ മനുഷ്യർക്കും ഒന്നാണ്. പരലോകജീവിതത്തിനുള്ള ഒരു പരിശീലനരംഗം അഥവാ പരീക്ഷണഘട്ടമാണു മനുഷ്യന്റെ ലോകജീവിതം. നീതിമാനായ ആ നിത്യന്യായാധിപന്റെ മുമ്പാകെ പ്രത്യക്ഷപ്പെടുമ്പോൾ നാമെല്ലാവരും തുല്യരായിരിക്കും. അവിടെ കുബേരകുചേലഭേദമോ പണ്ഡിതപാമരവ്യത്യാസമോ ഉണ്ടായിരിക്കുകയില്ല. ഓരോ മനുഷ്യനും അവനവന്റെ പ്രവൃത്തിക്കനുസരണം വിധിക്കപ്പെടും. ധനികന്റെ മടിശ്ശീലയുടെ ഭാരമനുസരിച്ചു നിത്യനീതിയുടെ ത്രാസിന്റെ തട്ടുകൾ ഒരിക്കലും ചരിഞ്ഞുകൊടുക്കുകയില്ല. അവിടെ ദരിദ്രനായ ലാസറിനാണു ധനികനായ ദീവസിനെക്കാൾ സ്ഥാനമുള്ളതു്. പ്രീശരെയും ഫരിസേയരെയുംകാൾ മുമ്പു വ്യഭിചാരിണികളും ചുങ്കക്കാരുമായി

രിക്കും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. ദൈവദാനം ഓരോരുത്തർക്കും ഓരോ തരത്തിലാണു നല്കപ്പെട്ടിരിക്കുന്നതു്; ശരിതന്നെ. പക്ഷെ, സ്വീകരിച്ച ദാനങ്ങളുടെ അളവനുസരിച്ചല്ല, അവയെ വിനിയോഗിച്ച വിധമനുസരിച്ചായിരിക്കും ഓരോരുത്തരേയും ഒടുവിൽ വിധിക്കുന്നതു്. ഇതാണു സാക്ഷാത്തായ സമത്വം.

ഒരേ പ്രകൃതിയും ഒരേ ലക്ഷ്യവുമുള്ളതുകൊണ്ടു മററു കാര്യങ്ങളിലും മനുഷ്യരെല്ലാം സമന്മാരാണെന്നു ധരിക്കരുതു്. ചില ഭൃത്യന്മാർക്കു പത്തു നാണയങ്ങളും മററുചിലർക്കു് അഞ്ചു നാണയങ്ങളും വീതം കൊടുക്കുന്ന ഒരു യജമാനനെപ്പോലെയാണു ദൈവം. കൂടുതൽ കിട്ടുന്നവനു് ഉത്തരവാദിത്വവും കൂടുതലുണ്ടെന്നു ക്രിസ്തുനാഥൻ അനുസ്മരിപ്പിക്കുന്നു. എഴുപത്തിരണ്ടുപേരെയാണു ദിവ്യരക്ഷകൻ ശിഷ്യന്മാരായി തിരഞ്ഞെടുത്തതു്. അവരിൽ പന്ത്രണ്ടുപേരെ അപ്പസ്തോലന്മാരായി അവിടുന്നു നിയമിച്ചു. ഈ പന്ത്രണ്ടിൽ മൂന്നുപേർ അവിടുത്തെ സവിശേഷവാത്സല്യത്തിനു പാത്രീഭവിച്ചു. അവരിലൊരുവനെ തൻെറ ദൃശ്യപ്രതിനിധിയും സാർവ്വലൗകികസഭയുടെ പരമാദ്ധ്യക്ഷനുമായി അവിടുന്നു നിയമിച്ചു. ഇങ്ങനെ പ്രകടമായ പല അസമത്വങ്ങളും ആ ലോകഗുരു വകവച്ചുകൊടുത്തെങ്കിലും എല്ലാം ദൈവത്തിൻെറ ദാനങ്ങളാണെന്നു കൂടെക്കൂടെ അനുസ്മരിപ്പിച്ചുകൊണ്ടു് അവരെ എളിമയിൽ ഉറപ്പിക്കുവാൻ അവിടുന്നു സദാ ജാഗരൂകനായിരുന്നു. വലത്തുകൈ ചെയ്യുന്നതെന്തെന്നു് ഇടത്തുകൈ അറിയരുതെന്നു് അവിടുന്നു പ്രത്യേകം നിഷ്കർഷിച്ചു. "എന്തുകൊണ്ടെന്നാൽ തന്നെത്തന്നെ ഉയർത്തുന്നവരെല്ലാം താഴ്ത്തപ്പെടും. തന്നെത്തന്നെ താഴ്ത്തുന്നവനാരോ അവനുയർത്തപ്പെടും. എല്ലാവരുടേയും യജമാനൻ എല്ലാവർക്കും ദാസനായിരിക്കണം" (വി. മത്തായി XX; 25-28). അന്യോന്യസ്നേഹം — അതാണു ക്രിസ്തുവിൻെറ യഥാർത്ഥശിഷ്യന്മാരുടെ ലക്ഷണം.

സമത്വത്തിന്റെ അടിസ്ഥാനം നിയമവും സ്വത്തുമല്ല, മനുഷ്യനാണ് എന്നുള്ള കത്തോലിക്കാസഭയുടെ പ്രബോധനത്തിൽ മൂന്നു പ്രായോഗികതത്ത്വങ്ങൾ അടങ്ങിയിരിക്കുന്നു.

ഒന്ന്: മനുഷ്യരെല്ലാവരും സാരാംശത്തിൽ സമന്മാരും മററുകാര്യങ്ങളിൽ വ്യത്യസ്തരുമാകയാൽ അവരുടെ സാമൂഹികജീവിതത്തിലും പ്രസ്തുത സമത്വവും അസമത്വവും നിഴലിക്കാതിരിക്കുകയില്ല. എല്ലാവരും തൊഴിലാളികളോ ആഢ്യവംശജന്മാരോ മാത്രമായിരിക്കുന്ന നിർജ്ജീവമായ ഒരു സമത്വം അവിടെ ഉണ്ടായിക്കൂടാ. പല നിരകളുള്ള ഒരു മണ്ഡലമാണു സമുദായം. വ്യത്യസ്തധർമ്മങ്ങളോടുകൂടിയ അനേകം അവയവങ്ങൾ ചേർന്ന് ഒരു ശരീരമുണ്ടാകുന്നു. അതുപോലെ ഭിന്നനിലകളിലുള്ള അനേകം വർഗ്ഗങ്ങൾ അഥവാ ജനവിഭാഗങ്ങൾ ചേർന്നുണ്ടാകുന്നതാണു രാഷ്ട്രശരീരവും. കൈയും കാലും തമ്മിലുള്ള വ്യത്യാസം മനുഷ്യശരീരത്തിന് എങ്ങനെ അവശ്യാവശ്യകമാണോ അതുപോലെയാണു സമുദായാംഗങ്ങൾ തമ്മിലുള്ള അസമത്വം സമുദായത്തിനും. ജലനിരപ്പ് എല്ലായിടത്തും ഒപ്പമായിരുന്നാൽ ആററിലെ വെള്ളത്തിന് ഒഴുക്കു കാണുകയില്ല. വിദ്യുച്ഛക്തി പ്രവഹിക്കണമെങ്കിൽ അതിന്റെ ധ്രുവങ്ങൾ തമ്മിൽ വ്യത്യാസമുണ്ടായിരിക്കണം. അതുപോലെ സാമുദായികജീവിതം സ്തംഭിച്ചു നിശ്ചേഷ്ടമായിത്തീരരുതെന്നുണ്ടെങ്കിൽ അതിന്റെ അംശങ്ങൾ തമ്മിലുള്ള അസമത്വം അപരിത്യാജ്യമാണ്. "സമുദായത്തിലുള്ള നിലവ്യത്യാസം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നിലവ്യത്യാസംമൂലമുളവാകുന്ന മത്സരവും വടംവലികളുമില്ലെങ്കിൽ സമുദായം നിർജ്ജീവമായേ ഇരിക്കുകയുള്ളൂ. സമുദായമദ്ധ്യത്തിൽനിന്ന് അസമത്വം അന്തർദ്ധാനം ചെയ്യുന്നപക്ഷം ജീവിതത്തിൽനിന്നു പഠിക്കേണ്ട അനുഭവപാഠങ്ങൾ എല്ലാംതന്നെ മനുഷ്യർക്കു നഷ്ടപ്പെടും. വ്യക്തികൾ തമ്മിലുള്ള ഈ വ്യത്യാസങ്ങളാണു ജീ

വിതശൃംഖലയുടെ കണ്ണികൾ. ജീവിതത്തിൽ ഒരു സമത്വവുമില്ലെന്നുവന്നാൽ സംസ്കാരം, കല, പ്രണയബന്ധം, ചരിത്രം തുടങ്ങിയ മൂല്യങ്ങളുടെ സ്ഥിതി എന്തായിരിക്കും? ഏതു സാമൂഹികജീവിയിലും രൂഢമൂലമായിരിക്കുന്ന വാസനകളിലൊന്നാണ് അഭിവൃദ്ധിക്കുവേണ്ടി സദാ പ്രയത്നിക്കുവാനുള്ള പ്രവണത. കഷ്ടിച്ചു കഴിഞ്ഞുകൂടുവാൻ മാത്രമുള്ള വകയിൽക്കവിഞ്ഞ് ആർക്കും ഒന്നും ഉണ്ടായിരിക്കരുതെന്നു ശഠിക്കുന്ന ഒരു സാമൂഹികവ്യവസ്ഥിതിയിൽ പ്രസ്തുത നൈസർഗ്ഗികവാസന ഒരിക്കലും നിലനില്ക്കുകയില്ല." – (മഡരിയാഗ)

അതുകൊണ്ട് സാമുദായികമണ്ഡലത്തിൽ സമത്വവും അസമത്വവുമുണ്ടായിരിക്കും— മനുഷ്യന്റെ പ്രകൃതിയെ സംബന്ധിച്ചിടത്തോളം സമത്വം: അവന്റെ ധർമ്മത്തെ സംബന്ധിച്ചിടത്തോളം അസമത്വം. മനുഷ്യത്വത്തിന്റെ വില എല്ലാവർക്കും തുല്യമാണ്. മരണമില്ലാത്ത ഒരാത്മാവും രാഷ്ട്രീയ പരിഗണനകൾക്കുപോലും അതീതമായ ചില മൗലികാവകാശങ്ങളും എല്ലാ മനുഷ്യർക്കുമുണ്ട്. പക്ഷേ, ധർമ്മത്തിൽ അഥവാ കർത്തവ്യത്തിൽ ഈ സമത്വമുണ്ടായിരിക്കുകയില്ല. വ്യക്തികളുടെ കഴിവുകൾ വ്യത്യസ്തമായ തോതിലും തരത്തിലുമാകയാൽ ചില ജോലികൾ ചെയ്യുവാൻ ചിലർക്കു മററുള്ളവരെക്കാൾ സാമർത്ഥ്യം കാണും. അവയവങ്ങളുടെ ധർമ്മം വ്യത്യസ്തമായിരിക്കുന്നതുപോലെ സമുദായാംഗങ്ങളുടെ ധർമ്മവും വ്യത്യസ്തമാണ്. എങ്കിലും അവയുടെയെല്ലാം അവസാനലക്ഷ്യം ഒന്നായിരിക്കും: ശരീരത്തിന്റെ അഥവാ സമുദായത്തിന്റെ സാമാന്യക്ഷേമം. അതുകൊണ്ടാണ് വ്യക്തികളുടെ പ്രവൃത്തനങ്ങൾ പൊതുനന്മയ്ക്ക് ഒരിക്കലും പ്രതിബന്ധമായിത്തീരരുതെന്ന് ആവർത്തിച്ചുപറയുന്നത്.

പക്ഷേ, ഒരു നൂററാണ്ടിൽ കൂടുതലായി മനുഷ്യസമുദായം അംഗീകരിച്ചുപോന്ന തത്ത്വം ഇതല്ല. ഉടമ്പടി അല്ലെങ്കിൽ

ഉഭയസമ്മതമാണു സാമൂഹികബന്ധത്തിന്റെയെല്ലാം അടിസ്ഥാനമെന്ന അഭിപ്രായമായിരുന്നു പൊതുവേയുണ്ടായിരുന്നതു്. അവകാശവും ചുമതലയുമെല്ലാം ഉടമ്പടിയിൽനിന്നു് ഉത്ഭവിക്കുന്നവയാണത്രെ. "എനിക്കു നിങ്ങൾ ഇത്രയും തരുന്ന പക്ഷം നിങ്ങൾക്കു ഞാൻ അത്രയും തരാം" — ഈ മന:സ്ഥിതിയാണു സമുദായത്തിൽ സർവ്വത്ര വ്യാപിച്ചിരുന്നതു്. സാമ്പത്തികരംഗത്തിലാണെങ്കിൽ, കൂലിനിരക്കു ന്യായ്യമാണോ എന്നു നിർണ്ണയിക്കുന്നതു തൊഴിലാളിയുടെ മനുഷ്യത്വത്തെയോ മററവകാശങ്ങളെയോ പരിഗണിച്ചല്ല. എത്ര താഴ്ന്ന നിരക്കായാലും തൊഴിലാളി സമ്മതിച്ചതാണെങ്കിൽ അതു ന്യായ്യമായ കൂലിയാണെന്നായിരുന്നു വയ്പു്. പ്രചരണവേലകളാൽ വഞ്ചിതനായ ഒരു ആവശ്യക്കാരൻ കൊടുക്കുവാൻ തയ്യാറുള്ള ഏററവും വലിയ തുകയായിരുന്നു ഒരു വസ്തുവിന്റെ ന്യായ്യമായ വില. ഉടമാവകാശത്തിന്റെ കാര്യത്തിലും ഉടമ്പടിക്കായിരുന്നു സർവ്വപ്രാധാന്യം. അന്യന്മായി ഉണ്ടാക്കുന്ന ഒരു കരാറനുസരിച്ചു് എത്ര നീചമായ കാര്യത്തിനും തന്റെ സ്വത്തു വിനിയോഗിക്കുന്നതിൽ തെററില്ലെന്നു് ഉടമസ്ഥൻ വിശ്വസിച്ചുപോന്നു മതത്തോടു കൈക്കൊള്ളുന്നതും ഈ മനോഭാവം തന്നെയാണു്. "സഭ എനിക്കുവേണ്ടി എന്തു ചെയ്തിട്ടുണ്ടു്?" എന്നാണു് ഓരോരുത്തരും ചോദിക്കുന്നതു്. പക്ഷേ, ഇങ്ങനെ ചോദിക്കുന്നവരെല്ലാംതന്നെ, "സഭയ്ക്കുവേണ്ടി നിങ്ങൾ എന്തു ചെയ്തിട്ടുണ്ടു്?" എന്നു് അങ്ങോട്ടു ചോദിച്ചാൽ ഉത്തരമില്ലാതെ മുഖം തിരിച്ചുകളയും. ദാമ്പത്യബന്ധത്തിനുപോലും ഒരുടമ്പടിയെന്നതിൽക്കവിഞ്ഞു് ഒരു വിലയുമില്ലെന്നു ധരിക്കുന്നതുകൊണ്ടാണു വിവാഹമോചനം, കുടുംബജീവിതത്തിന്റെ ശിഥിലീകരണം മുതലായ സാമൂഹികതിന്മകൾ ജനതാമദ്ധ്യത്തിൽ ഇത്ര ദയനീയമാംവിധം വളർന്നുവരുന്നതു്.

ഉടമ്പടിയിൽ കാണുന്ന അസമത്വങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻവേണ്ടി പലപ്പോഴും അവശന്മാർ അക്രമപരമായ

മാർഗ്ഗങ്ങൾ അവലംബിക്കുന്നുവെന്നുള്ളതാണു് ഇത്തരം സാമുദായികവ്യവസ്ഥിതിയുടെ മറെറാരു ദോഷം. മുതലാളികളും തൊഴിലാളികളും പരസ്പരം കടന്നാക്രമിക്കുന്നു. ആരുടേയും സ്വത്തു സുരക്ഷിതമല്ല. അന്തർദ്ദേശീയമണ്ഡലത്തിലാണെങ്കിൽ, നീതിയിലും വ്യവസ്ഥയിലുമല്ല, കായികശക്തിയുടെ സമീകരണം(Balance of Power) എന്ന ഉടമ്പടിസമ്പ്രദായത്തിലാണു സമാധാനം അടിയുറപ്പിച്ചിരിക്കുന്നതു്. യഥാർത്ഥസമാധാനം എന്താണെന്നറിയുകതന്നെ വിഷമമായിത്തീർന്നിരിക്കുന്നു. സമാധാനത്തിനുവേണ്ടി അത്യുച്ചത്തിൽ വാദിക്കുന്നവർതന്നെയാണു യുദ്ധം ചെയ്യുവാൻ ഏററവും സന്നദ്ധരായി കാണപ്പെടുന്നതു്. യുദ്ധത്തിനുവേണ്ട സജ്ജീകരണങ്ങൾ അതിവിപുലമായ തോതിൽ ചെയ്യുകയും അതേസമയം സമാധാനമന്ത്രവുമായി ലോകംമുഴുവൻ ഓടിനടക്കുകയും ചെയ്യുന്ന സോവ്യററു പ്രതിനിധികളെത്തന്നെ നോക്കുക. സമാധാനമെന്നു പറയുന്നതു യുദ്ധത്തിനുള്ള ഒരുക്കം പൂർത്തിയാക്കുവാൻ വേണ്ട വിശ്രമസമയമാണെന്നു തോന്നിപ്പോകും.

രണ്ടു്: നീതിപൂർവ്വകമായ സമത്വത്തോടൊപ്പം നീതിപൂർവ്വകമായ അസമത്വവും സമുദായത്തിൽ ഉണ്ടായിരിക്കണമെന്ന തത്വത്തെയാണു കത്തോലിക്കാസ്സഭ അംഗീകരിക്കുന്നതു്. ഭിന്നധർമ്മങ്ങളോടുകൂടിയ വ്യക്തികളുടെ ഒരു ക്രമീകൃതമണ്ഡലമാണു (Hierarchy) സമുദായം. അതിൻെറ അംഗങ്ങൾക്കു് അന്യോന്യമുള്ള ബന്ധം ആകസ്മികമോ കൃത്രിമമോ അല്ല. പൊതുവായ ഒരു ലക്ഷ്യവും ജീവിതധർമ്മവുമുള്ള സമുദായാംഗങ്ങൾ, അവയവങ്ങൾ ശരീരത്തോടെന്നപോലെ, സമുദായത്തോടു സ്വാംഗികമായി (organic) ബന്ധിക്കപ്പെട്ടിരിക്കുന്നു. തന്മൂലം, വ്യക്തികൾ തമ്മിലുണ്ടാകുന്ന കരാറല്ല, സമുദായശരീരത്തോടു് അവർക്കുള്ള സ്വാംഗികബന്ധമാണു സാമൂഹികജീവിതത്തിൻെറ അണിക്കല്ലു്. ഒരവയവത്തിനും ഒററതിരിഞ്ഞുനിന്നു് അതിൻെറ ധർമ്മം നിർവ്വഹിക്കുവാൻ കഴി

വില്ല. കണ്ണ ശരീരത്തിൽനിന്ന വേർപെടുന്നതിനോടെ അതിൻെറ ദർശനശക്തിയും നശിക്കുന്നു. കുലമഹിമ, പാരമ്പര്യം മുതലായവയെ അസ്പദമാക്കിയുള്ള പ്രത്യേകാവകാശങ്ങളനുസരിച്ചോ, സകല ജനങ്ങളുടേയും മാനുഷികാവകാശങ്ങൾ റദ്ദുചെയ്ത് അവരെയെല്ലാം "രാഷ്ട്രത്തിൻെറ തൊഴിലാളികളാ"ക്കുന്ന കൃത്രിമസമത്വമനുസരിച്ചോ അല്ല സമുദായത്തെ പല വർഗ്ഗങ്ങളായി വിഭജിക്കേണ്ടതു്. രാജ്യത്തിൻെറ പൊതുനന്മയ്ക്കുവേണ്ടി ഓരോ കൂട്ടരും നിവ്വഹിക്കുന്ന സേവനമാണ വർഗ്ഗവ്യത്യാസത്തിൻെറ സാക്ഷാത്തായ മാനദണ്ഡം.

അസമത്വം സ്വാതന്ത്ര്യത്തിൽനിന്നുത്ഭവിക്കുന്നതാണ്. ഇഷ്ടമുള്ള തൊഴിലും ജീവിതസരണിയും തിരഞ്ഞെടുക്കുവാൻ ഓരോരുത്തക്കും സ്വാതന്ത്ര്യമുള്ളതുകൊണ്ടാണ സാമൂഹികജീവിതത്തിൽ ഇത്രയേറെ വർഗ്ഗവ്യത്യാസം ഉണ്ടാകുന്നതു്. പ്രകൃതിയുടെ പ്രവത്തനങ്ങളിലും ഈ തത്വത്തിന സ്ഥാനമുണ്ട്. മനുഷ്യന ബുദ്ധിശക്തിയുള്ളതുകൊണ്ടു തൻെറ തൊഴിലും സാമുദായികനിലയും അവൻ സ്വയം നിണ്ണയിക്കുന്നു. സ്വയം നിണ്ണയിക്കുവാനുള്ള അവൻെറ സ്വാതന്ത്ര്യം അവനിൽനിന്ന് എടുത്തുകളയുക: അപ്പോൾ കാണാം ന്യായ്യമായ സമത്വംപോലും അവന നഷ്ടപ്പെടുന്നതു്.

രാഷ്ട്രീയകാര്യങ്ങളിൽ അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ഇല്ലെന്നിരിക്കട്ടെ: അതിൻെറ അത്ഥം, ഏകാധിപതിയുടെ കല്പനയനുസരിച്ചു വോട്ടുചെയ്യുന്ന കാര്യ്യത്തിൽ സകലർക്കും സമത്വമുണ്ടായിരിക്കുമെന്നാണ്. യഥേഷ്ടം എവിടെയും വസിക്കുവാനുള്ള തൻെറ സ്വാതന്ത്ര്യം ബലികഴിക്കുന്ന ഒരുവന പ്രതിഫലമായി കിട്ടുന്നതു താമസസൗകര്യ്യങ്ങളിലുള്ള നിർബന്ധപൂർവ്വകമായ ഒരു സമത്വമായിരിക്കും. മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം നശിപ്പിച്ചുകളയുന്നവൻ രാഷ്ട്രത്തെ ദൈവമായി ആരാധിക്കുന്ന കാര്യ്യത്തിൽ മററുള്ള

വരോടു സമനായിത്തീരുവാൻ നിർബന്ധിക്കപ്പെടുന്നു. നിർബന്ധപൂർവ്വകമായ ഒരു സമത്വത്തെ ലക്ഷ്യമാക്കി നാം വയ്ക്കുന്ന ഓരോ ചുവടും യഥാർത്ഥസ്വാതന്ത്ര്യത്തിൽനിന്നു നമ്മെ അകററുകയാണു ചെയ്യുന്നതെന്നാണ്രെ ഇതിൽനിന്നു് അനുമിക്കേണ്ടതു്.

എല്ലാ അസമത്വവും നീതിരഹിതമല്ല — ഇതാണു മൂന്നാമത്തെ പ്രായോഗികതത്ത്വം. മനുഷ്യന്റെ മൗലികാവകാശങ്ങളെയും മററും സംബന്ധിച്ചിടത്തോളം സമത്വമുണ്ടായിരിക്കുക നീതിപൂർവ്വകമാണു്. അതുപോലെ നീതിയുക്തങ്ങളായ അസമത്വങ്ങളുമുണ്ടു്. ഉദാഹരണമായി, ജന്മവാസനകളിലും വ്യക്തിഗതമായ കഴിവുകളിലും സ്വഭാവത്തിലും മററും മനുഷ്യർ തമ്മിലുള്ള അസമത്വം. എല്ലാ അസമത്വങ്ങളും തെററായിരിക്കണമെന്നില്ല എന്നുള്ള പരമാർത്ഥം മനസ്സിലാക്കാത്തതാണു് കമ്മ്യൂണിസത്തിനു പററുന്ന ഭീമാബദ്ധം. കമ്മ്യൂണിസ്ററുകാരുടെ അഭിപ്രായത്തിൽ, ചിലർ ധനികരും ചിലർ ദരിദ്രരും ആയിരിക്കുന്നതുതന്നെ അനീതിയാണു്. എന്നാൽ അതു് അവശ്യം അനീതിയായിരിക്കണമെന്നില്ല. മനുഷ്യശരീരത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, തലയും കാലും സമമല്ല. കാലില്ലെങ്കിലും ജീവിക്കുവാൻ കഴിയും. പക്ഷേ, തല അനുപേക്ഷണീയമാണു്. അതുകൊണ്ടു ചിലപ്പോഴെങ്കിലും തലകുത്തി നടക്കാതെ എപ്പോഴും കാലുകൊണ്ടുമാത്രം സഞ്ചരിക്കുന്ന ഒരു മനുഷ്യൻ കാലിനോടു് അനീതി പ്രവർത്തിക്കുന്നുവെന്നു പറഞ്ഞുകൂടാ.

കമ്മ്യൂണിസ്ററുകാർ അസമത്വത്തെ എതിർക്കുന്നതു നീതിയോടു് അവർക്കുള്ള സ്നേഹാധിക്യംകൊണ്ടല്ല. ദൈവമില്ലാത്തിടത്തു് എങ്ങനെയാണു നീതി കാണുക? അവരെതിർക്കുന്നതു വെറും അസൂയകൊണ്ടാണു്. എത്ര ന്യായ്യമായി സമ്പാദിച്ച മുതലാണെങ്കിലും കൊള്ളാം, കൂടുതൽ മുതലുള്ളവനോടൊക്കെ

അവർക്കു വെറുപ്പാണ്; കാരണം, ആ മുതൽ എങ്ങനെയും തങ്ങൾക്കു കൈവശപ്പെട്ടുത്തണമെന്നാണ് അവരുടെ നോട്ടം. അസമത്വങ്ങൾ ഉത്ഭവിക്കുന്നതു മനുഷ്യപ്രകൃതിയിൽനിന്നല്ല, സാമ്പത്തികഘടനയിൽനിന്നാണെന്നത്രേ അവർ വിശ്വസിക്കുന്നത്. ജനങ്ങൾ തങ്ങളുടെ പണം ബാങ്കുടമസ്ഥന്മാരെയും വ്യവസായപ്രവർത്തകന്മാരെയും ഏല്പിക്കാതിരുന്നാൽ മതി, വർഗ്ഗീയമത്സരം താനേ നിലച്ച് സകലരും സമന്മാരായിക്കൊള്ളുമെന്നു കമ്മ്യൂണിസം സിദ്ധാന്തിക്കുന്നു. എല്ലാം ഗവണ്മെൻറുവകയായിരിക്കും. പക്ഷേ ഉടമാവകാശം വ്യക്തികളിൽനിന്നു വിടർത്തി ഗവണ്മെൻറിൽ നിക്ഷേപിക്കുന്നതുകൊണ്ടുമാത്രം അവസാനിക്കുന്ന ഒന്നല്ല അസമത്വം. സ്വത്തു കൈകാര്യം ചെയ്യുന്നതും വിതരണം ചെയ്യുന്നതും എങ്ങനെയുള്ളവരാണെന്നാണ് നോക്കേണ്ടത്. സത്യസന്ധരല്ലാത്ത ജനങ്ങൾ ഉണ്ടായിരിക്കുകയും, സ്വത്തിൻെറ ഉടമാവകാശവും ഭരണാവകാശവും വ്യത്യസ്തകരങ്ങളിലായിരിക്കുകയും ചെയ്യുന്നിടത്തോളംകാലം അസമത്വം നിലനില്ക്കുക തന്നെ ചെയ്യും.

"സോഷ്യലിസ്ററു രാജ്യത്തിൽനിന്ന് ഒരിക്കലും ഉന്മൂലനം ചെയ്യുവാൻ സാധിക്കാത്ത ഒരു വിശേഷാവകാശമുണ്ട്. അതായതു്, ഭരിക്കുവാനുള്ള അവകാശം.ആസൂത്രണം ചെയ്തുണ്ടാക്കുന്ന ഏതൊരു പദ്ധതിയിലും വിധാതാക്കളെന്നും വിധേയരെന്നും രണ്ടുകൂട്ടരുണ്ടായിരിക്കും—ഒരു കൂട്ടർ ഭരിക്കുവാനും മററവർ ഭരിക്കപ്പെടുവാനും. ഇത്രയേറെ അധികാരങ്ങളോടു കൂടിയ ഒരു വിധാതാവിനെയോ ഭരണകർത്താവിനെയോ, ഭരണാധികാരികൾക്കു സഹജമായ ദോഷങ്ങളിലൊന്നുപോലും തീണ്ടാതിരിക്കുക അസാധ്യമാണ്. അമ്മാതിരി ദോഷങ്ങൾ ഭരണാധികാരിയെ ബാധിക്കരുതെന്നുണ്ടെങ്കിൽ, കുറിയിട്ടുകിട്ടുന്ന വല്ല ഷണ്ഡന്മാരെയുമേ അധികാരസ്ഥാനത്തു പ്രതിഷ്ഠിക്കാവൂ എന്നോ മററോ വല്ല വ്യവസ്ഥയുമുണ്ടായി

രിക്കണം. തേനീച്ചകളുടെ റാണിയെപ്പോലെ അവരെ കൂട്ടിലടച്ചു സൂക്ഷിച്ചിട്ടു്, ഒരു കു്ഞപ്പകാലം അവർ ഭരണം നടത്തിക്കഴിയുമ്പോൾ വധിച്ചു സബഹുമാനം അങ്ങു സംസ്കരിച്ചുവച്ചാൽ മതി! അങ്ങനെയുള്ള വല്ല സമ്പ്രദായങ്ങളുമുണ്ടെങ്കിലേ ഭരണാധികാരപ്രാപ്തിക്കുവേണ്ടിയുള്ള മത്സരം ശമിക്കുകയുള്ളു. കമ്മ്യൂണിസ്ററു ഭരണാധികാരികളോടും ഇതേ കാർക്കശ്യത്തോടെ പെരുമാറുന്നില്ലെങ്കിൽ, അവർക്കു പ്രത്യേകസ്വാതന്ത്ര്യവും സൗകര്യങ്ങളും ഉത്തരവാദിത്വം വഹിക്കുന്നതിനാവശ്യകമായ അധികാരവും നാം അനുവദിച്ചുകൊടുക്കുന്നുവെങ്കിൽ, അവരും മററു മനുഷ്യരെപ്പോലെ സുഖമായി ജീവിക്കുകയും പ്രമാണികളായി പരിണമിക്കുകയും ചെയ്യും." (വാൾട്ടർ ലിപ്മാൻ)

അന്യായ്യമായ അസമത്വങ്ങൾക്കു കാരണമായ തിന്മ പദാർത്ഥങ്ങളിലല്ല, മനുഷ്യരിലാണു സ്ഥിതിചെയ്യുന്നതെന്നതത്രേ പരമാർത്ഥം. അതുപോലെ, ആശാസ്യമായ അസമത്വങ്ങൾക്കു ഹേതുഭൂതമായ നന്മയും വസ്തുക്കളിലല്ല മനുഷ്യരിലാണു സ്ഥിതിചെയ്യുന്നതു്. കവർന്നെടുത്ത മുതൽ പങ്കിടുന്ന കാര്യം വന്നപ്പോഴാണു സ്റ്റാലിനും കമനെവും സിനോവിയെവും തമ്മിൽ ഭിന്നിച്ചതു്. ഇക്കാര്യത്തിൽ കമ്മ്യൂണിസ്ററു നേതാക്കന്മാർ അവസാനംവരെ ഭിന്നിക്കുകയുംചെയ്യും. സ്വത്തിന്റെ കാര്യത്തിൽ മാത്രമല്ല, പ്രത്യേകാനുകൂല്യങ്ങളുടേയും അവകാശങ്ങളുടേയും കാര്യത്തിലും മനുഷ്യർ പരസ്പരം അസൂയാലുക്കളായിത്തീരുമെന്നുള്ള വസ്തുത കമ്മ്യൂണിസ്ററുകാർ വിസ്മരിച്ചുകളയുന്നു. ഒരു സമുദായം എത്ര വർഗ്ഗരഹിതമായിത്തീന്നാലും മനുഷ്യന്റെ സമ്പാദനതൃഷ്ണ വേരോടെ പിഴുതുകളയുവാൻ അതിനു സാധിക്കുകയില്ല. സമ്പാദനതൃഷ്ണയാകട്ടെ ഉടമാവകാശത്തിലല്ല മനുഷ്യഹൃദയത്തിലാണു വേരൂന്നിയിരിക്കുന്നതു്.

മനുഷ്യർ അസമത്വത്തെയല്ല വാസ്തവത്തിൽ വെറുക്കുന്നത്; ആദ്ധ്യാത്മികമായ യാതൊരടിസ്ഥാനവുമില്ലാത്തതും നീതിവിരുദ്ധവുമായ അസമത്വത്തോടാണു് അവർക്കു വെറുപ്പ്. അവരവരുടെ സാമുദായികനിലയ്ക്കു് അനുസൃതമായ വിധത്തിൽ നാഗരികതയുടെ സാമാന്യഫലങ്ങൾ അനുഭവിക്കുവാൻ എല്ലാവർക്കും അവകാശമുണ്ടു്. പ്രസ്തുതാവകാശത്തെ നിഷേധിക്കുന്ന തരത്തിലുള്ള അസമത്വങ്ങളെയാണു നീതിവിരുദ്ധങ്ങളെന്നു വിളിക്കുന്നതു്. യുദ്ധക്കളത്തിൽവച്ചു പ്രകടിപ്പിച്ച പരാക്രമത്തിനു പ്രതിഫലമായി ഒരു ഭടനു കീർത്തിമുദ്ര ലഭിക്കുന്ന പക്ഷം കൂട്ടുപടയാളികൾ അതിൽ അസൂയാകുലരാകുന്നില്ല. എന്നാൽ ജീവിതകാലത്തു സ്വന്തം പരിശ്രമത്താൽ ഒരു കാശുപോലും സമ്പാദിക്കാത്തവനും സുഖലോലുപതയിൽ മുങ്ങിക്കുളിക്കുന്നവനുമായ ഒരു കോടീശ്വരകുമാരനോടു ദരിദ്രന്മാർക്കു അസൂയ തോന്നും. അതു് അകാരണവുമല്ല. പല ധനികന്മാരും തങ്ങളുടെ ചുമതല വേണ്ടവിധത്തിൽ നിർവ്വഹിക്കുന്നില്ല. സ്വത്തു് ഒരു ചുമതലയാണു്. ഉത്തരവാദിത്വത്തോടുകൂടി അതു കൈകാര്യം ചെയ്യാത്തവന്റെ പ്രവൃത്തിയെ പൊതുജനങ്ങൾ വിമർശിക്കതന്നെ ചെയ്യും. എന്നാൽ ചില ധനികന്മാർ തങ്ങളുടെ ധർമ്മം നിർവ്വഹിക്കാത്തതുകൊണ്ടു് എല്ലാ ധനികന്മാരെയും നശിപ്പിക്കണമെന്നു പറയുന്നതു് അസംബന്ധമാണു്. പരോപകാരപ്രവർത്തനങ്ങൾകൊണ്ടും പൊതുജനസേവനംകൊണ്ടും തങ്ങളുടെ ചുമതല വേണ്ടവിധം നിർവ്വഹിക്കുന്ന സമ്പന്നന്മാർ ഉടമാവകാശം നീതിനിഷ്ഠമാണെന്നു തെളിയിക്കുകയത്രേ ചെയ്യുന്നതു്.

ആദർശചരിതന്മാരായ വീരപുരുഷന്മാർ ഇല്ലാതെ പോകുമ്പോഴാണു സമത്വത്തെക്കുറിച്ചും വർഗ്ഗവ്യത്യാസമില്ലാത്ത സമുദായവ്യവസ്ഥിതിയെക്കുറിച്ചും മററും ഇത്രയധികം ഒച്ചപ്പാടുണ്ടാകുന്നതു്. സജ്ജനങ്ങളിൽ കാണാറുള്ള നീതിപൂർവ്വകമായ ഉൽകർഷേച്ഛയ്ക്കു പകരം ഇതരന്റെ നന്മയിൽ സ്വാർത്ഥബു

ധികരാക്കുണ്ടാകാറുള്ള ഈർഷ്യ അഥവാ മനോവേദനയത്രേ ഇന്നു പരക്കെ കാണ്മാനുള്ളത്. നാം ഇന്നു കാര്യമായി ഗണിക്കുന്നത് ആളുകളെയല്ല, അവരുടെ മുതലാണ്. പണക്കൊഴുപ്പിലും പാർട്ടിനേതൃത്വത്തിലും അധിഷ്ഠിതരല്ലാത്തവരും നന്മയിലേയ്ക്കു മററുള്ളവരെ നിരന്തരമായി ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നവരുമായ ഏതാനും ഉൽകൃഷ്ടചരിതന്മാരുണ്ടായെങ്കിൽ മാത്രമേ സമുദായം അഭിവൃദ്ധി പ്രാപിക്കുകയുള്ളൂ. ഹോമറിന്റെ കഥാപാത്രങ്ങളായിരുന്നു ഗ്രീക്കുകാരുടെ ആദർശപുരുഷന്മാർ. കത്തോലിക്കർ തങ്ങളുടെ വിശുദ്ധന്മാരെ മാതൃകയായി സ്വീകരിക്കുന്നു. തനിക്കില്ലാത്തതും എന്നാൽ ഉണ്ടായിക്കാണുവാൻ ആഗ്രഹിക്കുന്നതുമായ ഒരു ഗുണവിശേഷത്തെയാണു മനുഷ്യൻ തന്റെ ആദർശത്തിൽ ദർശിക്കുന്നത്. അതുപോലെ സമുദായത്തിനും അനുകരണാർഹരായ ഒരുകൂട്ടം മഹാപുരുഷന്മാർ ഉണ്ടായിരിക്കണം. അവരുടെ മഹത്വം അസ്സീസിയിലെ അത്ഭുതപുരുഷന്റെ മഹത്വത്തോടൊപ്പം സാമ്പത്തികപരിഗണനകൾക്ക് അതീതവും പുണ്യവാനായ ലൂയീസ് രാജാവിന്റേതുപോലെ വങ്കത്വത്തിനു വിധേയമല്ലാത്തതുമായിരിക്കണം. ക്രിസ്തീയവിശ്വാസം സംരക്ഷിക്കുവാൻവേണ്ടി അടുത്തകാലത്തു് ആയിരക്കണക്കിനു രക്തം ചൊരിഞ്ഞ സ്പെയിനിന്റെ വീരസന്താനങ്ങളായ ആ സന്യാസിനീസന്യാസികളെപ്പോലെ അവർ വിശ്വാസസ്ഥിരതയുള്ളവരുമായിരിക്കണം. ഭാവിയിലെ വിപ്ലവം ഒരാദ്ധ്യാത്മികവിപ്ലവമായിരിക്കും. തന്നെത്താൻ രക്ഷപെടുവാൻ സാമാന്യജനങ്ങൾക്കു സാധിക്കുകയില്ല. അവക്കു താങ്ങും തണലുമായി വർത്തിക്കുവാൻ ഒരു വർഗ്ഗം ആദ്ധ്യാത്മികപ്രഭുക്കന്മാർ ഉദയം ചെയ്യാത്തപക്ഷം മനുഷ്യസമുദായത്തിന്റെ ഭാവിയെപ്പററി ആശയ്ക്കു വഴിയില്ല.

സമത്വംകൊണ്ടുമാത്രം പുനരുദ്ധരിക്കാവുന്ന ഒന്നല്ല സാമൂഹിക വ്യവസ്ഥിതി. അതിന്റെ പുനരുദ്ധാരണത്തിനു സാമ്പത്തികവും രാഷ്ട്രീയവുമായ ഉച്ചനീചത്വങ്ങളോടുകൂടിയ

ത്തും, എന്നാൽ സ്വധർമ്മനിർവ്വഹണത്തിന് എല്ലാവർക്കും തുല്യമായ അവസരം അനുവദിച്ചുകൊടുക്കുന്നതുമായ ഒരു ക്രമീകൃതമണ്ഡലം കൂടിയേ കഴിയൂ. അതിനാവട്ടെ മതബോധം അനപേക്ഷണീയമാണ്. കാരണം നീതി, സത്യസന്ധത, ആത്മപരിത്യാഗം മുതലായ സാമൂഹികസുകൃതങ്ങളനുഷ്ഠിക്കുവാൻ മതമാണു മനുഷ്യനെ പ്രേരിപ്പിക്കുന്നത്. കമ്മ്യൂണിസത്തിന്റെ ആസ്ഥാനകേന്ദ്രങ്ങളെ നശിപ്പിക്കുന്നതുകൊണ്ടുമാത്രം മനുഷ്യസമുദായത്തെ രക്ഷിക്കാമെന്നു കരുതുന്നതു മൗഢ്യമാണ്. കമ്മ്യൂണിസത്തെ അടിച്ചമർത്തുവാൻ പ്രയാസമില്ല. അതിന്റെ കോട്ടകൾ അധൃഷ്യങ്ങളോ പടയാളികൾ അജയ്യരോ അല്ല. എന്നാൽ നമ്മുടെതന്നെ വക്രബുദ്ധിയും സ്വാർത്ഥചിന്തയും അധർമ്മവും—ഇവയാണു വാസ്തവത്തിൽ ജയിച്ചടക്കുവാൻ പ്രയാസം.

# പന്ത്രണ്ടാം അദ്ധ്യായം

## സ്വാതന്ത്ര്യവും സംയമനവും

കുറെ കൊല്ലങ്ങൾക്കുമുമ്പു ശിക്ഷണം അഥവാ നിയന്ത്രണം ലോകത്തിൽ തീരെ കുറവായിരുന്നു. ഇന്നാകട്ടെ, സർവ്വത്ര നിയന്ത്രണമാണു്: ധാർമ്മികഭ്രഷ്ട്യാ വകവച്ചുകൊടുക്കുവാൻ പാടില്ലാത്ത തരത്തിലുള്ള ഒരുവക നിയന്ത്രണം. ലിബറലിസത്തിന്റെ കാലത്തു്, എല്ലാ നിയന്ത്രണങ്ങളും അന്യായ്യമായ കൃച്ഛവിലങ്ങുകളാണെന്നും യാതൊരു നിയന്ത്രണവും കൂടാതിരിക്കുന്നതാണു യഥാർത്ഥമായ 'ആത്മാവിഷ്കരണ'മെന്നും ജനങ്ങൾ വിചാരിച്ചു. ആത്മസംയമനം കേവലം മദ്ധ്യശതകങ്ങളിലെ ഒരു പഴഞ്ചൻ സമ്പ്രദായമായി പുറംതള്ളപ്പെട്ടു. ആന്തരികവും ബാഹ്യവുമായ നിയന്ത്രണങ്ങളൊന്നുമില്ലാത്തവനാണു സാക്ഷാൽ സ്വതന്ത്രനെന്നായിരുന്നു അന്നത്തെ ധാരണ. വ്യാമോഹകങ്ങളായ ലൗകികസുഖങ്ങളോടു യാത്രപറഞ്ഞു്, വിശുദ്ധിയുടെ വിളനിലങ്ങളായ സന്ന്യാസമന്ദിരങ്ങളെ അഭയം പ്രാപിക്കുന്ന യുവതീയുവാക്കന്മാർ ഏതോ പ്രണയനൈരാശ്യത്തിൽ കുടുങ്ങിയതുമൂലം അങ്ങനെ ചെയ്യുന്നതാണെന്നത്രെ അധികംപേരും കരുതിപ്പോന്നതു്. അനുരാഗബന്ധത്തിൽ ആശാഭംഗം നേരിടുന്ന യുവജനങ്ങൾക്കും ജീവിതത്തിൽ വിരാഗികളായിത്തീരുന്ന അരസികന്മാർക്കുമുള്ള അഭയകേന്ദ്രങ്ങളായിരുന്നുപോലും സന്ന്യാസഭവനങ്ങൾ. പക്ഷേ പരമാർത്ഥം ഇതിൽനിന്നു് എത്രയോ വിഭിന്നമാണു്! തങ്ങളുടെ പ്രേമഭാജനത്തെ അതിനുള്ളിൽ കണ്ടെത്തുന്നതുകൊണ്ടും സനാതനമായ ജീവിതസൗഭാഗ്യം പ്രാപിക്കുവാനുള്ള സുകരമാർഗ്ഗം അതാണെ

ന്നു ബോധപ്പെടുന്നതുകൊണ്ടുമാത്രമാണു ജനങ്ങൾ സന്യാസജീവിതത്തിലേയ്ക്കു് ആകൃഷ്ടരായിട്ടുള്ളതു്.

ഇതുപോലെ, സദാചാരത്തെക്കുറിച്ചും വളരെ വിചിത്രമായ ഒരു ബോധമായിരുന്നു അന്നത്തെ വ്യക്തിമാത്രവാദികൾക്കുണ്ടായിരുന്നതു്. അധികംപേരും സ്വീകരിച്ചുപോന്ന ആചാരരീതിയനുസരിച്ചു ജീവിക്കുന്നതിലായിരുന്നു സന്മാർഗ്ഗം അന്തർഭവിച്ചിരുന്നതു്. ഭൂരിപക്ഷം കാണിക്കുന്നതെന്തും ശരി; ന്യൂനപക്ഷംമാത്രം ചെയ്യാതിരിക്കുന്നതെല്ലാം തെററു്; സന്മാർഗ്ഗമെന്നു പറയുന്നതു്, ജനങ്ങൾ സാധാരണമായി സ്വീകരിച്ചുപോന്ന സമ്പ്രദായങ്ങളനുസരിച്ചു പ്രവർത്തിക്കുന്നതാണു്; അല്ലാതെ ധാർമ്മികനിയമങ്ങളോടും ജീവിതോദ്ദേശ്യത്തോടുമുള്ള മനുഷ്യപ്രവൃത്തിയുടെ പൊരുത്തമല്ല, എന്നിങ്ങനെയായിരുന്നു അവരുടെ ചിന്താഗതി. ചിന്താസ്വാതന്ത്ര്യം ചിന്തയിൽനിന്നുള്ള സ്വാതന്ത്ര്യമായി പര്യവസാനിച്ചു. മനുഷ്യൻെറ ജീവിതോദ്ദേശ്യത്തെ തൃണവൽഗണിച്ചുകൊണ്ടുള്ള ഈ ചിന്താഗതി അധികകാലം തുടർന്നിരുന്നുവെങ്കിൽ ലോകത്തിൻെറ ക്രമവും വ്യവസ്ഥിതിയുമെല്ലാം പക്ഷേ നാമാവശേഷമായേനെ. 'സുവിശേഷം' അവൻ മാററിയെഴുതി. അന്നന്നു നേരിടുന്ന കുരിശുകൾ സന്തോഷപൂർവ്വം വഹിക്കുവാനും ജീവനെ രക്ഷിക്കുവാൻവേണ്ടി അതിനെത്തന്നെ വ്യയം ചെയ്യുവാനും മനുഷ്യരെ ഉദ്ബോധിപ്പിക്കുന്ന ഗ്രന്ഥങ്ങളെല്ലാം പഴഞ്ചരക്കുകളായി മുദ്രയടിക്കപ്പെട്ടു. ക്രിസ്തു ദൈവമാണെന്നുള്ള വിശ്വാസം ആധുനികചിന്തയുടെ വെളിച്ചത്തിൽ വിലപ്പോകുന്ന ഒന്നല്ലെന്നു് അവൻ തീരുമാനിച്ചു. മതസത്യങ്ങളനുസരിച്ചു ജീവിക്കുന്നതിനുപകരം ജീവിതത്തിനനുസരിച്ചു മതസത്യങ്ങളെ ശരിപ്പെടുത്തുവാനാണു് അവർ ശ്രമിച്ചതു്. ഊർജ്ജതന്ത്രത്തിൻെറയും ജീവശാസ്ത്രത്തിൻെറയും പുതിയപുതിയ സങ്കല്പങ്ങളോടൊപ്പം ഈശ്വരനെക്കുറിച്ചുള്ള ബോധവും മാറിക്കൊണ്ടിരുന്നു. യാതൊരു വിധേയത്വവുമില്ലാതിരിക്കുകയാണു സ്വാത

ന്ത്ര്യമെന്നുള്ള ബോധം അവരിൽ ദൃഢമൂലമായി.

ഈ മനോഭാവത്തിന്റെ തിരിച്ചടിയാണു് ഇന്നു നാം കാണുന്നതു്. സർവ്വകാര്യങ്ങളിലും സ്വാതന്ത്ര്യം എന്ന നിലവിട്ടു സകലത്തിലും നിയന്ത്രണം എന്ന സ്ഥിതിയിൽ നാം എത്തിച്ചേർന്നിരിക്കുന്നു. വ്യക്തിയുടെ പ്രവർത്തനങ്ങളെ നിയന്ത്രിച്ചുകൂടാ എന്നു ശഠിച്ചിരുന്നവരുടെ സ്ഥാനത്തു് ഇന്നു കാണുന്നതു മനുഷ്യന്റെ വ്യക്തിമഹിമയെത്തന്നെ നിഷേധിക്കുന്നവരെയാണു്. "മനുഷ്യന്റെ രാജ്യം സമീപിച്ചിരിക്കുന്നതിനാൽ തപസ്സു ചെയ്യുവിൻ" എന്ന തപോനിയമത്തിലാണു് ഇന്നത്തെ സർവ്വാധിപത്യരാഷ്ട്രങ്ങളെല്ലാം അടിയുറപ്പിച്ചിരിക്കുന്നതു്. തപോനുഷ്ഠാനം ഒരു പരിഷ്കാരമായിത്തീർന്നുകഴിഞ്ഞു. വ്യക്തികളുടെ സ്വത്തും സ്വാതന്ത്ര്യവും അസ്തിത്വംതന്നെയും വർഗ്ഗദേവതയ്ക്കുവേണ്ടി അഥവാ രാഷ്ട്രത്തിനുവേണ്ടി ബലികഴിക്കുവാൻ ഇന്നു നിർബന്ധിക്കപ്പെടുന്നു. ശുദ്ധീകരണങ്ങൾ (purges) ഇക്കാലത്തെ ഒരു ഫാഷനാണു്. പ്രസ്തുത തപശ്ചര്യ സോവിയററുഭരണകൂടത്തെപ്പോലെ കഴിഞ്ഞ പത്തൊൻപതു നൂററാണ്ടുകൾക്കുള്ളിൽ ഇത്ര തീവ്രമായി അനുഷ്ഠിച്ചിട്ടുള്ള ഒരു രാഷ്ട്രീയസംഘടന വേറെ കാണുകയില്ല. ആത്മസംയമനത്തിലേയ്ക്കുള്ള സുന്ദരാഹ്വാനം കാൽവരിയിൽനിന്നു മുഴങ്ങിയില്ലായിരുന്നുവെങ്കിൽ രാഷ്ട്രത്തിനുവേണ്ടി തപസ്സനുഷ്ഠിക്കുവാൻ ഇത്ര വിജയപൂർവ്വം വ്യക്തികളോടാവശ്യപ്പെടുവാൻ സോവിയററു പ്രണയികൾക്കു സാധിക്കുമായിരുന്നോ എന്നു സംശയമാണു്. അനശ്വരമായ ഒരു ജീവിതലക്ഷ്യത്തിനുവേണ്ടി ത്യാഗങ്ങൾ സഹിക്കുവാനും ആത്മനിഗ്രഹം ചെയ്യുവാനും മതം മനുഷ്യരെ പഠിപ്പിച്ചു. ക്രമേണ മതബോധം ക്ഷയിച്ചതിനോടെ, മറെറാരു ലക്ഷ്യപ്രാപ്തിക്കായി ആത്മനിഗ്രഹമനുഷ്ഠിക്കുവാൻ മാർക്സ് പ്രഭൃതികൾ ആവശ്യപ്പെട്ടു. നിത്യസൗഭാഗ്യമല്ല സാമ്പത്തികവിഭവങ്ങളുടെ ഉൽപാദനമാണു് മാർക്സ് ചൂണ്ടിക്കാണിച്ച ലക്ഷ്യം. ഒരു കാലത്തു സജ്ജനങ്ങളുടെ സുനിശ്ചി

തലക്ഷണമായിരുന്ന ആത്മപരിത്യാഗം മാർക്സിന്റെ കാലത്തോടുകൂടി അങ്ങനെ അസത്തുക്കളുടേയും മുദ്രയായിത്തീൎന്നു.

അതിരുവിട്ട വ്യക്തിസ്വാതന്ത്ര്യത്തിൽ മുങ്ങിക്കുളിച്ചിരുന്ന അനന്തര ലോകം ഇത്തരത്തിലുള്ള ഒരു തപോജീവിതത്തിനു വാസ്തവത്തിൽ സ്വയം തയ്യാറാകുകയായിരുന്നുവെന്നു പറയാം. ആത്മസംയമനത്തിനുള്ള ഒരാഹ്വാനത്തിനായി ലോകം ചെവിയോർത്തിരിക്കുകയായിരുന്നു. അപ്പോഴാണു കാറൽ മാർക്സ് തന്റെ നൂതനസിദ്ധാന്തവുമായി രംഗപ്രവേശം ചെയ്തതു്. ആ പുതിയ രാജ്യത്തിൽ പ്രവേശിക്കുവാനാഗ്രഹിക്കുന്നവർ പലതും പരിത്യജിക്കേണ്ടിയിരുന്നു. മാർക്സ് വിഭാവനംചെയ്ത ഭൗമികപറുദീസായുടെ വാതില്ക്കൽ അഗ്നേയഖഡ്ഗവും ധരിച്ചുകൊണ്ടു് ഒരു കാവൽക്കാരൻ നിലയുറപ്പിച്ചു. രാഷ്ട്രത്തിനുവേണ്ടി വ്യക്തിത്വം ബലികഴിക്കുന്നവർക്കുമാത്രമേ അയാൾ പ്രവേശനം അനുവദിക്കുകയുള്ളു. പാർട്ടിയുടെ നിർദ്ദേശങ്ങൾ കണ്ണുമടച്ചു് അനുസരിക്കുക, എല്ലാത്തിനും അവകാശിയായിത്തീരുവാൻവേണ്ടി വ്യക്തികളുടെ ഉൽപാദകസ്വത്തു മുഴുവൻ വച്ചൊഴിയുക, ഈ നൂതന വ്യവസ്ഥിതിയുടെ അടിസ്ഥാനഘടകം തൊഴിലാളികൾ മാത്രമായിരിക്കുവാൻവേണ്ടി കുടുംബബന്ധംപോലും ശിഥിലമാക്കുക—ഇവയെല്ലാമാണു് ഈ നവീനപറുദീസായിൽ പ്രവേശിക്കുവാനുള്ള വ്യവസ്ഥകൾ.

ക്രിസ്തുമതത്തിന്റെ മാർഗ്ഗങ്ങൾതന്നെയാണു കമ്മ്യൂണിസവും പ്രയോഗിക്കുന്നതു്. രണ്ടുകൂട്ടരുടേയും ലക്ഷ്യം രണ്ടാണെന്നുമാത്രം. ക്രിസ്തുമതത്തിന്റെ ലക്ഷ്യം ആത്മാവിന്റെ നിത്യരക്ഷയാണെങ്കിൽ കമ്മ്യൂണിസത്തിന്റെ ലക്ഷ്യം സാമ്പത്തികവിളവുകളുടെ ഉൽപാദനമാണു്. 'വ്യക്തികളുടെ ആത്മപ്രകാശനം' എന്ന പേരുപോലും ഇക്കാലത്തു കേൾക്കാനില്ല. ലിബറലിസ്റ്റുമനഃസ്ഥിതിക്കാരായ വല്ല 'പിന്തിരിപ്പന്മാ'രും ആ നാമം ഉച്ചരിച്ചെങ്കിലായി! ക്രിസ്തുമതവും അതിന്റെ

ശത്രുവായ സോവ്യററുവ്യവസ്ഥിതിയും ഇന്നു ബലപ്രയോഗത്തിനുവേണ്ടി ഒപ്പം വാദിക്കുന്നുവെന്ന വസ്തുത ശ്രദ്ധേയമായിരിക്കുന്നു. മനുഷ്യകുലത്തിൻെറ അഞ്ചിൽ നാലുഭാഗവും രക്തപ്പുഴയിൽ മുങ്ങി നശിക്കേണ്ടിവന്നാലും ബാക്കിയുള്ളവർ തനി കമ്മ്യൂണിസ്ററുകാരായിത്തീരുമെങ്കിൽ ആ നാശം പുല്ലുപോലെയേ താൻ ഗണിക്കുകയുള്ളുവെന്നു ലെനിൻ പ്രസ്താവിച്ചു. സ്വർഗ്ഗരാജ്യം ബലവശ്യമാകുന്നുവെന്നും ബലശാലികൾമാത്രമേ അതു സമ്പാദിക്കുകയുള്ളുവെന്നും ക്രിസ്തു അരുൾചെയ്തു. അതിൽ പ്രവേശിക്കുവാൻ വേണ്ടിവന്നാൽ, കണ്ണുകൾ ചുഴന്നു കളയുവാനും കൈകാലുകൾ ഛേദിച്ചുകളയുവാനും ദിവസംപ്രതി കുരിശു ചുമക്കുവാനു ജീവനെത്തന്നെ നശിപ്പിക്കുവാനും മടിക്കരുതെന്നു ക്രിസ്തുനാഥൻ ഉദ്ബോധിപ്പിക്കുന്നു.

പക്ഷേ ഈ സാധർമ്മ്യങ്ങൾ ഉപരിതലത്തെ മാത്രമേ സ്പർശിക്കുന്നുള്ളു. ഉള്ളിലേക്കിറങ്ങി പരിശോധിച്ചാൽ, ലെനിൻ പഠിപ്പിക്കുന്ന സംയമനവും ക്രിസ്തു പഠിപ്പിക്കുന്ന സംയമനവും തമ്മിലുള്ള വ്യത്യാസം എത്ര മൗലികമാണെന്നു വിശദമാകും. കമ്മ്യൂണിസം അതിൻെറ സംയമനം ജനങ്ങളുടെമേൽ അടിച്ചേല്പിക്കുന്നു: ക്രിസ്തുമതമാകട്ടെ സ്വമനസ്സാ ആത്മസംയമനം ചെയ്യുവാൻ ജനങ്ങളോടുപദേശിക്കുന്നു — ഇതാണു് ഒന്നാമത്തേ വ്യത്യാസം. ഉദാഹരണമായി, സ്വകാര്യസ്വത്തിൻെറ കാര്യംതന്നെ എടുക്കുക. കമ്മ്യൂണിസ്ററുകാർക്കു സ്വകാര്യസ്വത്തില്ല: കർമ്മലീത്താക്കാർക്കും സ്വകാര്യസ്വത്തില്ല. രണ്ടുകൂട്ടരും തങ്ങളുടെ ഉടമാവകാശം ബലികഴിച്ചവരാണു്. ഒരു കാലത്തു് അതു രണ്ടുകൂട്ടർക്കുമുണ്ടായിരുന്നു. എന്നാൽ കമ്മ്യൂണിസ്ററുകാരൻെറ സ്വത്തു് അയാളിൽനിന്നു് എടുക്കപ്പെട്ടു. കർമ്മലീത്താ സന്യാസിനിയാകട്ടെ അതു സ്വയം ഉപേക്ഷിച്ചു. വ്യക്തികൾക്കു് ഉൽപാദകസ്വത്തു് ഉണ്ടായിരിക്കുവാൻ പാടില്ലെന്നു തീർച്ചപ്പെടുത്തിക്കൊണ്ടു രാ

ഷ്ട്രം കമ്മ്യൂണിസ്റ്റുകാരനെക്കൊണ്ടു നിർബന്ധിച്ചു ദാരിദ്ര്യവ്രതം അനുഷ്ഠിപ്പിക്കുന്നു. കർമ്മലീത്താകന്യകയുടെ ദാരിദ്ര്യവ്രതമാകട്ടെ സ്വാതന്ത്ര്യസുന്ദരമായ ഒരാത്മാർപ്പണമാണ്. പരപ്രേരണയുടെ നിഴൽപോലും അതിനെ സ്പർശിക്കുന്നില്ല. മോസ്കോയിലെ നിർമ്മാണശാലയിൽ പട്ടിണിക്കൂലിക്കു ജോലിചെയ്യുന്ന ഒരു കമ്മ്യൂണിസ്റ്റു തൊഴിലാളിക്കും കർമ്മലീത്താസഭയിൽ പ്രവേശിച്ച ഒരു യുവതിക്കും തങ്ങളുപേക്ഷിച്ചുപോന്ന സ്വത്തുക്കളെക്കുറിച്ചുണ്ടാകുന്ന അനന്തരചിന്തകൾ വ്യത്യസ്തങ്ങളായിരിക്കും. 1917-നുമുമ്പു തനിക്കുണ്ടായിരുന്ന ഉൽപാദകസ്വത്തു മുഴുവൻ രാഷ്ട്രത്തിനു വിട്ടുകൊടുത്തതിനെക്കുറിച്ചു പശ്ചാത്താപമാണ് ഇന്ന് ആ തൊഴിലാളിക്കു തോന്നുന്നതെങ്കിൽ, ലൗകികസമ്പത്തുകളോടു യാത്രപറഞ്ഞു പോന്നതിൽ അനല്പമായ ചാരിതാർത്ഥ്യമായിരിക്കും ഒരു യുവസന്യാസിനിക്ക് അനുഭവപ്പെടുക. ഒരിക്കൽ, ഒരാശ്രമത്തിന്റെ സന്ദർശനമുറിയിൽവച്ച്, ദൂരെക്കാണാമായിരുന്ന ഒരു മനോഹരസൗധം ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു സന്ദർശകൻ അടുക്കൽനിന്ന ഒരു സന്യാസിനിയോട് ഇങ്ങനെ ചോദിച്ചു: "സഹോദരി ആശ്രമത്തിൽ പ്രവേശിക്കുന്നതിനുമുമ്പ്, ആ കാണുന്ന മാളികയിൽ വസിച്ച് അതിലെ സകല സുഖസൗഭാഗ്യങ്ങളും അനുഭവിക്കുവാൻ ആരെങ്കിലും സഹോദരിയെ ക്ഷണിച്ചിരുന്നുവെങ്കിൽ ഇങ്ങോട്ടു പോരുമായിരുന്നോ?" ആ കന്യക മന്ദഹസിച്ചുകൊണ്ടു മറുപടി പറഞ്ഞു: "എന്റെ വീടാണത്. അവിടെനിന്നാണു ഞാനിങ്ങോട്ടു പോന്നത്."

സ്വകാര്യസ്വത്തിൽ കമ്മ്യൂണിസ്റ്റുകാർക്കു തീരെ വിശ്വാസമില്ല. അതുകൊണ്ടു സകലരും നിസ്വതാവ്രതം സ്വീകരിച്ചുകൊള്ളണമെന്നു കമ്മ്യൂണിസം നിർദ്ദേശിക്കുന്നു. പക്ഷേ ആ നിർദ്ദേശം സ്വീകരിക്കുന്നവരെല്ലാം തങ്ങളുടെ സ്വാതന്ത്ര്യം തീറെഴുതുകയാണു ചെയ്യുന്നത്. സ്വത്തു മുഴുവൻ വിറ്റു് അഗതികൾക്കു ദാനം ചെയ്തശേഷം തന്നെ അനുഗമിക്കു

വാൻ ക്രിസ്തു ധനികനായ ആ യുവാവിനോടു് ഉപദേശിച്ചുതല്ലാതെ, അവിടുന്ന് അവന്റെ സ്വത്തു ബലാൽക്കാരമായി അവനിൽനിന്ന് എടുത്തുകളഞ്ഞില്ല. രാജ്യത്തിൽ ഒരു പാർട്ടി മാത്രമേ ഉണ്ടായിരിക്കാവൂ എന്നു ശഠിക്കുന്ന കമ്മ്യൂണിസം, വാസ്തവത്തിൽ ജനകീയഭരണത്തിലുള്ള അതിന്റെ അവിശ്വാസം അതുവഴിയായി രേഖപ്പെടുത്തുകയാണു ചെയ്യുന്നതു്. തന്നെ അനുഗമിക്കുവാൻ ക്രിസ്തുനാഥൻ ശിഷ്യന്മാർക്കു നല്കിയ ആഹ്വാനം കമ്മ്യൂണിസത്തിന്റെ ആഹ്വാനത്തിൽനിന്നു വിഭിന്നമാണു്. കമ്മ്യൂണിസ്റ്റുകാർ ട്രോട്സ്കിയുടെ അനുചരന്മാരെ ഉന്മൂലനം ചെയ്തതുപോലെ, ക്രിസ്തു തന്റെ പ്രബോധനങ്ങൾ കടുപ്പമാണെന്നു പറഞ്ഞു് ഉപേക്ഷിച്ചുപോയ യഹൂദന്മാരെ ഒരിക്കലും മർദ്ദിച്ചില്ല.

കമ്മ്യൂണിസം ദൈവത്തിൽ വിശ്വസിക്കുന്നില്ല. അതുകൊണ്ടു ദൈവത്തെ ആരാധിക്കുവാൻ അതു് ആരെയും അനുവദിക്കുന്നില്ല. മനുഷ്യാത്മാവിന്റെമേൽ കമ്മ്യൂണിസ്റ്റുകാർ അടിച്ചേല്പിക്കുന്ന അവസാനപരിത്യാഗമാണു നിരീശ്വരത്വം. മതപ്രചരണത്തിനുള്ള മൗലികസ്വാതന്ത്ര്യംപോലും കമ്മ്യൂണിസ്റ്റു ഭരണഘടനയുടെ നൂററിയിരുപത്തിനാലാമത്തെ വകുപ്പു ജനങ്ങളിൽനിന്ന് എടുത്തുകളയുന്നു. ക്രിസ്തുവാകട്ടെ, കുരിശിൽ കിടന്നുകൊണ്ടു്, മതവിരോധികളായ ശത്രുക്കൾക്കുവേണ്ടി മാപ്പപേക്ഷിക്കുകയാണു ചെയ്തതു്. മതവിരോധികളായിരിക്കുവാനുള്ള സ്വാതന്ത്ര്യം അവിടുന്നു മനുഷ്യർക്കു് അനുവദിച്ചുകൊടുത്തു. എന്നാൽ മതവിശ്വാസികളായിരിക്കുവാനുള്ള സ്വാതന്ത്ര്യം കമ്മ്യൂണിസ്റ്റുകാർ മനുഷ്യർക്കു് അനുവദിക്കുന്നില്ല.

ചുരുക്കത്തിൽ കമ്മ്യൂണിസം വ്യക്തികളുടെ ഇഷ്ടത്തിനു യാതൊന്നും വിട്ടുകൊടുക്കുന്നില്ല. എല്ലാക്കാര്യങ്ങളും ജനങ്ങളുടെമേൽ ബലം പ്രയോഗിച്ചു ചുമത്തുകയാണു്. ഭരണാധി

കാരികൾ ജനങ്ങളെയെല്ലാം മരവുരി ധരിപ്പിക്കുകയും അവരെ ക്കൊണ്ടു തപസ്സനുഷ്ഠിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ, രാജ്യം മുഴുവൻ നിർബന്ധിതതാപസന്മാരുടെ ഒരു ഭ്രാന്താലയമായി ത്തീരുന്നു. സന്യാസവ്രതം ഏറെറടുക്കാതെതന്നെ അവിടെ യുള്ളവരെല്ലാം സന്യാസികളായിത്തീരുന്നു. കമ്മ്യൂണിസ്ററു സിദ്ധാന്തവും മനുഷ്യനെങ്ങനെ ജീവിച്ചാലും ദൈവം വിധിച്ച തുപോലെയേ സംഭവിക്കുകയുള്ളുവെന്നു വാദിക്കുന്ന കാൽവി നിസ്ററുസിദ്ധാന്തവും തമ്മിൽ വളരെ സാമ്യമുണ്ടു്. പ്രസ്തുത പാഷണ്ഡസിദ്ധാന്തമനുസരിച്ചു്, മോക്ഷത്തിലാകട്ടെ നരക ത്തിലാകട്ടെ സ്വേച്ഛയാ പോകുവാൻ ഒരുത്തക്കും സാധിക്കുക യില്ല. നന്മ പ്രവത്തിച്ചാലുംകൊള്ളാം തിന്മ പ്രവത്തിച്ചാലും കൊള്ളാം ഈശ്വരൻ വിധിച്ചിരിക്കുന്നേടത്തു നാം അവശ്യം ചെന്നു ചേരും. ഇഷ്ടംപോലെ ഒരു പുണ്യവാനോ പിശാചോ ആയിത്തീരുവാൻ ആർക്കും സ്വാതന്ത്ര്യമില്ലത്രെ; ദൈവം ന മ്മെ എന്താക്കുന്നുവോ അതു നാം ആയിത്തീരുന്നുവെന്നുമാത്രം. ഇക്കാര്യത്തിൽ കമ്മ്യൂണിസത്തോടു സാദൃശ്യം വഹിക്കുന്ന മ ററൊരു സിദ്ധാന്തമാണു മധുവർജ്ജനവാദം. മധുവർജ്ജനവാ ദികൾക്കു ഡിന്നാറിനു വൈൻ ഇഷ്ടമില്ല. അതുകൊണ്ടു് ആരും വൈൻ ഉപയോഗിച്ചുകൂടാ എന്നു് അവർ വിലക്കുന്നു. കാൽ വിനിസ്ററുകാർ നൃത്തവിനോദാദികളെയും പൂർണ്ണമധുവർജ്ജ നവാദികൾ ലഹരിപദാർത്ഥങ്ങളെയും ബഹിഷ്കരിക്കുന്നതു പോലെ കമ്മ്യൂണിസ്ററുകാർ സ്വകാര്യസ്വത്തിനെ ബഹി ഷ്കരിക്കുന്നു. വേണമെങ്കിലും വേണ്ടെങ്കിലും ഭരണാധികാരി കളുടെ ഈ 'തപോവ്രതം' സാമാന്യജനങ്ങളും സ്വീകരിച്ചു കൊള്ളണം. "ഈ നില്ക്കുന്ന സ്ത്രീയുടെ വരനായിരിക്കുവാൻ നി നക്കു സമ്മതമാണോ?" എന്നു ചോദിക്കുകയല്ല, "ഇവളെ ഭാര്യ യായിനീ സ്വീകരിച്ചുകൊള്ളണം" എന്നാജ്ഞാപിക്കുകയാണു കമ്മ്യൂണിസം ചെയ്യുന്നതു്. ദുരുപയോഗത്തിൻെറ അനിഷ്ടഫ ലങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ വസ്തുക്കളുടെ ഉപയോഗം

പോലും നിയമവിരുദ്ധമാക്കിയതുപോലെ മനുഷ്യന്റെ സ്വാ
ർത്ഥചിന്തയ്ക്കു പ്രതിവിധിയായി തങ്ങളൊഴികെയുള്ള സകലരു
ടേയും സ്വാതന്ത്ര്യത്തെ അവരെടുത്തുകളയുന്നു. ഒരു മനുഷ്യനും
മാംസം ഉപയോഗിക്കരുതെന്നു ശഠിക്കുന്ന ചില തനി സസ്യ
ഭുക്കുകളെപ്പോലെ കമ്മ്യൂണിസ്റ്റുനേതാക്കന്മാർ തങ്ങളുടെ
സ്വന്തം അഭിപ്രായങ്ങൾ അന്യരുടെമേൽ അടിച്ചേല്പിക്കുന്നു.
ഭോഗാസക്തരായ പ്രസ്തുത നേതാക്കന്മാർക്കല്ലാതെ ഒരുത്തർ
ക്കും ഈ പുതിയ തപശ്ചര്യകൊണ്ടു യാതൊരു പ്രയോജനവും
ഉണ്ടാകുന്നില്ല.

നിർബന്ധിച്ചു തപസ്സുചെയ്യിക്കുന്ന ഈ സമ്പ്രദായത്തി
നു സഭയുടെ ഭാഷയിൽ മർദ്ദനം അഥവാ ദുഷ്പ്രഭുത്വമെന്നു
പറയും. താൻ കരിശു ചുമന്നുവെന്ന കാരണത്താൽ മററുള്ള
വരെക്കൊണ്ടു ക്രിസ്തു കരിശു ചുമപ്പിക്കുകയോ, അവിടുന്നു ക്രൂ
ശിതനായതുകാരണം മററുള്ളവരെ പിടിച്ചു കരിശിൽ തറയ്ക്കു
കയോ ചെയ്തില്ല. അവിടുന്നു ബ്രഹ്മചാരിയായിരുന്നതുനിമി
ത്തം ഒരു മനുഷ്യനും വിവാഹം കഴിക്കുകയാകട്ടെ കുടുംബസു
ഖം ആസ്വദിക്കുകയാകട്ടെ ചെയ്തുകൂടെന്നും ക്രിസ്തു കല്പിച്ചി
ല്ല. തനിക്കു തല ചായിക്കുവാൻ സ്ഥലമില്ലാഞ്ഞതിനാൽ ആ
രും വീടുകളിൽ കിടന്നുറങ്ങരുതെന്നും ആ ലോകഗുരു ആവ
ശ്യപ്പെട്ടില്ല. "ഈ പാനപാത്രത്തിൽനിന്നു നിങ്ങൾക്കു കുടി
ക്കുവാൻ കഴിയുമെന്നു നിങ്ങൾ വിചാരിക്കുന്നുവോ?" എന്നു
ചോദിച്ചുകൊണ്ടു് ഈ ത്യാഗങ്ങളെല്ലാം ശിഷ്യന്മാരുടെ ഇഷ്ട
ത്തിനു വിട്ടുകൊടുക്കുകയത്രേ അവിടുന്നു ചെയ്തതു്.

പക്ഷേ നമ്മുടെ പുതിയ കമ്മ്യൂണിസ്റ്റു സന്യാസിക
ളുടെ പ്രമാണം അതല്ല. സ്വേച്ഛാധിപതി കല്പിക്കുന്നതു നി
ങ്ങൾ ചെയ്തുകൊള്ളണം. അല്ലെങ്കിൽ യാതൊന്നും ചെയ്യു
വാൻ നിങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയില്ല. ഒരു പ്ര
ത്യേകവംശത്തിന്റെ രക്തമേ നിങ്ങളുടെ സിരകളിൽക്കൂടി
പായാവൂ; അല്ലാത്തപക്ഷം നിങ്ങളുടെ രക്തത്തിന് അയാള

ടെ സാമ്രാജ്യത്തിന്റെ സീമയിൽ ഒഴുകുവാൻ അനുവാദമുണ്ടായിരിക്കുകയില്ല. രാഷ്ട്രമല്ലാതെ മറെറാരു മതം നിങ്ങൾക്കുണ്ടായിരിക്കരുതു്. ഒരു പ്രത്യേകമതത്തെ മുറുകെപ്പിടിച്ചുകൊണ്ടു് അതനുസരിച്ചു രാഷ്ട്രീയാഭിപ്രായം രൂപവൽക്കരിക്കുവാൻ തുടങ്ങുന്നപക്ഷം അതിന്റെ ഫലം നിങ്ങൾ അനുഭവിക്കും; സ്വേച്ഛാപ്രഭുവിന്റെ അഭിപ്രായങ്ങളെ പിൻതാങ്ങുന്നിടത്തോളംകാലം നിങ്ങൾക്കു പ്രസംഗിക്കുവാനും എഴുതുവാനും സ്വാതന്ത്ര്യമുണ്ടു്. അദ്ദേഹത്തിനെതിരായി നിങ്ങൾ ശബ്ദിച്ചുപോയാൽ അടുത്ത നിമിഷം മൃത്യുവിന്റെ അഗാധമായ വിസ്മൃതിയിൽ നിങ്ങൾ ആണ്ടുപോകുമെന്നറിഞ്ഞുകൊള്ളുക. ഇവയൊക്കെയാണു വിചിത്രമായ ഈ തപോജീവിതത്തിന്റെ നിയമങ്ങൾ. എന്നാൽ ഒരു കാര്യം നാം ഓർത്തിരിക്കണം: മർദ്ദനം എവിടെയുദിക്കുന്നുവോ അവിടെ സ്വാതന്ത്ര്യം അസ്തമിക്കുന്നു. നിയന്ത്രണവും ആശാനിഗ്രഹവുമെല്ലാം ആവശ്യകമത്രേ. പക്ഷേ നാം ബലംപ്രയോഗിച്ചു മററുള്ളവരെക്കൊണ്ടു് അവ അനുഷ്ഠിപ്പിക്കുമ്പോൾ അവ നിഷ്പ്രയോജകങ്ങളും നിരർത്ഥകങ്ങളുമായിത്തീരുന്നു. വെടിവയ്ക്കുമെന്നു ഭയപ്പെടുത്തി ഒരാളെ വിവാഹത്തിനു സമ്മതിപ്പിക്കുന്നപക്ഷം ആ സമ്മതത്തിനു് എന്തു വിലയാണുള്ളതു്? അതുപോലെ ആയുധശക്തിയെ ഭയപ്പെട്ടുകൊണ്ടുള്ള അനുസരണവും സാക്ഷാൽ അനുസരണമല്ല. അങ്ങനെയുള്ള അനുസരണാവാദാനം പാലിക്കുവാൻ മനസ്സാക്ഷി നമ്മെ നിർബന്ധിക്കുന്നുമില്ല. മനുഷ്യരെല്ലാം പരിത്യാഗികളും പരാർത്ഥജീവികളുമായിത്തീരുന്നപക്ഷം അതു വളരെ വളരെ നല്ലതുതന്നെ. അത്തരമൊരു സാമൂഹികവ്യവസ്ഥിതി സർവ്വഥാ അഭികാമ്യവുമാണു്. പക്ഷേ മനുഷ്യർ സ്വമനസാ അങ്ങനെയായിത്തീരുന്നതിനുപകരം നാം കഴുത്തിനു പിടിച്ചു് അവരെ പരിത്യാഗികളാക്കുവാൻ ശ്രമിച്ചാൽ സമുദായവ്യവസ്ഥിതി മുൻപിലത്തേതിലും വഷളാകുകയേയുള്ളൂ. ഒരുവന്റെ ഭാര്യയെ ബലംപ്രയോഗിച്ചു് അവനിൽനിന്നു് അക

റവുന്നതുകൊണ്ടു് അവൻ ബ്രഹ്മചാരിയായിത്തീരുന്നില്ല. അതുപോലെ വ്യക്തികളുടെ ഉൽപാദകസ്വത്തു മുഴുവൻ രാഷ്ട്രം കണ്ടുകെട്ടുന്നതുകൊണ്ടു മനുഷ്യരുടെ സമ്പാദനതൃഷ്ണയും നശിക്കുന്നില്ല. നിർബന്ധിതനിയന്ത്രണമല്ല സ്വമേധയാ ഉള്ള ആത്മനിയന്ത്രണമാണു് ഇന്നത്തെ ലോകത്തിനാവശ്യം. മനുഷ്യസംസർഗ്ഗത്തിൽനിന്നെല്ലാം വിട്ടുമാറി, ആയുസ്സിലധികഭാഗവും ഒരു ഉന്നതമായ മാർബിൾത്തൂണിൽ കഴിച്ചുകൂട്ടിയ വിശുദ്ധ സൈമൻെറ ജീവിതപരിശുദ്ധിയെ കത്തോലിക്കാസഭ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ശരിതന്നെ. എന്നാൽ വിശുദ്ധരാകുവാൻ ആഗ്രഹിക്കുന്നവരെല്ലാം ഭൂസ്പർശമേല്ക്കാതെ വല്ല ഗോപുരത്തിൻെറയും മുകളിൽ ജീവിച്ചുകൊള്ളണമെന്നു് അവർ ഒരിക്കലും ആവശ്യപ്പെടുന്നില്ല. ചെറുപുഷ്പത്തിനു പുണ്യപട്ടം നല്കിയ സഭാമാതാവു് ഒരു സ്ത്രീയേയും കന്യകാലയത്തിൽ പ്രവേശിക്കുവാൻ നിർബന്ധിക്കുന്നില്ലെന്നുള്ളതു ചിന്താർഹമായിരിക്കുന്നു. ദൈവസ്നേഹത്തെ പ്രതിയുള്ള ബ്രഹ്മചര്യം വിവാഹജീവിതത്തെക്കാൾ അനേകമടങ്ങു മഹത്തരമാണെന്നു സഭ പഠിപ്പിക്കുന്നു. എന്നാൽ വിവാഹം കഴിക്കുന്നതു ശരിയല്ലെന്നു് ആരെങ്കിലും അഭിപ്രായപ്പെട്ടാൽ അയാൾ സഭാഭ്രഷ്ടനാകും. സർവ്വസമ്പത്തും സംത്യജിച്ചുകൊണ്ടു ദാരിദ്ര്യത്തെ സ്വയംവരണം ചെയ്യുന്ന തൻെറ വത്സലസന്താനങ്ങളുടെ പേരിൽ സഭാമാതാവു് അഭിമാനവും ആനന്ദവും കൊള്ളുന്നുണ്ടെങ്കിലും ഉൽപാദകസ്വത്തിൻെറ ഉടമാവകാശം വ്യക്തികൾക്കു പാടില്ലെന്നുള്ള കമ്മ്യൂണിസ്റ്റുവാദം അവളുടെ പ്രതിഷേധത്തെയാണു് അർഹിക്കുന്നതു്. അതുപോലെ മദ്യപാനത്തിൽ മിതത്വം പാലിക്കണമെന്നു സഭ പഠിപ്പിക്കുകയും മദ്യം നിശ്ശേഷം വർജ്ജിക്കുന്നവരെ പ്രശംസിക്കുകയും ചെയ്യുന്നുണ്ടെങ്കിലും മദ്യപാനം അതിൽത്തന്നെ തെററാണെന്നു ശഠിക്കുന്ന പരിപൂർണ്ണനിരോധനവാദികളോടു് അവർ വിയോജിക്കുന്നു. കാൻറർബറിയിലെ

മെത്രാപ്പോലീത്തായായിരുന്ന വിശുദ്ധ തോമസ് ബെക്കററു ത ന്റെ പട്ടവസ്ത്രങ്ങൾക്കുള്ളിൽ ദേഹത്തോട്ടു ചേർത്തു് ഒരു പരു പരുപ്പൻ രോമവസ്ത്രംകൂടി ധരിച്ചിരുന്നു. രോമച്ചട്ടയുടെ ഗു ണം തനിക്കും പുറമേയുള്ള വിലയേറിയ ശുക്ലാംബരങ്ങളുടെ ഗുണം കാണികൾക്കും ഉണ്ടായിക്കൊള്ളട്ടെയെന്നായിരുന്നു അ ദ്ദേഹത്തിന്റെ ഉദ്ദേശ്യം. എന്നാൽ തന്റെ കീഴിലുണ്ടായിരു ന്നവരെ ഒരിക്കലും രോമവസ്ത്രം ധരിക്കുവാൻ അദ്ദേഹം നിർബ ന്ധിച്ചിട്ടില്ല. ചുരുക്കത്തിൽ കമ്മ്യൂണിസ്റ്റുകാർ നിർദ്ദേശി ക്കുന്ന തപശ്ചര്യ യഥാർത്ഥത്തിൽ അപഹരണമാണു്. കാര ണം, അതു ബലംപ്രയോഗിച്ച് അനുഷ്ഠിപ്പിക്കുന്നതാണു്. ക്രി സ്തുമതം പഠിപ്പിക്കുന്ന തപശ്ചര്യയാകട്ടെ സാക്ഷാൽ മോചന മന്ത്ര. എന്തുകൊണ്ടെന്നാൽ, അതു് ഓരോരുത്തനും സ്വയം വരിക്കുന്നതാണു്.

കമ്മ്യൂണിസമാകുന്ന തപോജീവിതം മനുഷ്യരെ ലോക ത്തിൽത്തന്നെ ഒതുക്കിനിർത്തുന്നു; ക്രൈസ്തവതപോവൃത്തിയാ കട്ടെ, അവനെ ലോകാതീതമായ ഒരു മണ്ഡലത്തിലേക്കുയർത്തു ന്നു — ഇതാണു് ഇവ തമ്മിലുള്ള രണ്ടാമത്തെ വ്യത്യാസം. അനന്തമായ നിത്യതയിൽ ജീവിക്കുവാൻവേണ്ടിയാണു താൽ ക്കാലികമായി മരിക്കുവാൻ സഭ നമ്മോടാവശ്യപ്പെടുന്നതു്. ലോകത്തിനു നാം മരിക്കുന്നുവെങ്കിൽ അതു ക്രിസ്തുവിനുവേ ണ്ടി ജീവിക്കുവാനാണു്. പക്ഷേ കമ്മ്യൂണിസ്റ്റുതത്വമനുസ രിച്ച്, നാം ലോകത്തിനു മരിച്ചശേഷം ലോകത്തിനായിത്ത ന്നെയാണു ജീവിക്കേണ്ടതു്. സാമ്പത്തികമണ്ഡലത്തിൽ നാം എത്രമാത്രം ആത്മനിഗ്രഹം പരിശീലിച്ചാലും അതിനു് അതീ തമായ മറെറാരു ഉൽകൃഷ്ടമണ്ഡലത്തിലേയ്ക്കു് ഉയരാമെന്നു് ആശിക്കേണ്ടാ. നില്ക്കുന്ന നിലയിൽത്തന്നെ അവസാനംവരെ കഴിച്ചുകൂട്ടുവാൻ നാം നിർബന്ധിതരാകുന്നു. കമ്മ്യൂണിസത്തി ന്റെ കീഴിൽ സ്വത്തുക്കളെല്ലാം ഉപേക്ഷിക്കുവാൻ നാം നിർ ബന്ധിക്കപ്പെടുന്നുവെങ്കിലും സ്വത്തിന്റെ രൂപഭേദമായ പ്ര

ത്യാഗാവകാശങ്ങൾ നമുക്കു ചുററും എന്നുമുണ്ടായിരിക്കും. ഉൽപാദകവസ്തുക്കൾ നാം വിട്ടൊഴിഞ്ഞാലും അനുഭവവസ്തുക്കളെക്കുറിച്ചുള്ള പ്രശ്നം നമ്മെ അലട്ടിക്കൊണ്ടിരിക്കും. വ്യക്തിപരമായ സ്വാർത്ഥതയെ നാം ബലികഴിക്കുന്നതു സാമൂഹികമായ മററൊരു സ്വാത്ഥതയാൽ ഗ്രസിക്കപ്പെടുന്നതിനായിരിക്കും. ചുരുക്കത്തിൽ കമ്മ്യൂണിസമാകുന്ന കടുംതപസ്സു മനുഷ്യനെ പൂവ്വാവസ്ഥയിൽനിന്ന് ഒരിഞ്ചുപോലും ഉയത്തുന്നില്ല. ഇതെത്ര അസംതൃപ്തിജനകമാണെന്നു പറയേണ്ടതില്ലല്ലോ. നാം സ്വയം സംയമനം ചെയ്യുന്നതിന്റെ ഏകോദ്ദേശ്യം ഇപ്പോഴത്തേതിൽനിന്ന് ഉൽകൃഷ്ടമായ ഒരവസ്ഥയിൽ എത്തിച്ചേരുക എന്നതാണ്. ഒരു നവജീവനെ പ്രാപിക്കുവാൻവേണ്ടിയാണു മനുഷ്യൻ താൽകാലികമരണത്തെ സ്വാഗതം ചെയ്യുന്നതു്. സമ്പത്തിനെക്കാൾ ഉൽകൃഷ്ടമായ ഒന്നിലുള്ള ആകാംക്ഷനിമിത്തമാണു സമ്പൽസുഖങ്ങളെ പരിത്യജിക്കുവാൻ നാം സന്നദ്ധരാകുന്നതു്. ഇപ്പോഴുള്ളതിനെക്കാൾ ശോഭനവും അഭികാമ്യവുമായ ഒരവസ്ഥയിൽ എത്തിച്ചേരാമെന്നുള്ള പ്രതീക്ഷയാണ് എല്ലാ പരിത്യാഗങ്ങളുടേയും ആത്മസംയമനങ്ങളുടേയും അടിസ്ഥാനം.

ക്രൈസ്തവസിദ്ധാന്തമനുസരിച്ചു തപസ്സെന്നു പറയുന്നതു വെറുമൊരുറക്കമല്ല. ഒരു ജോലി ചെയ്തു തളർന്നവൻ ഉറങ്ങിയെഴുന്നേററു തത്തുല്യമായ മററൊരു ജോലിയിൽ പ്രവേശിക്കുന്നതുപോലെ, മുമ്പിലത്തേതിനോടു സമാനമായ ഒരു സ്ഥിതിയിൽ തുടരുവാനല്ല മനുഷ്യൻ തപസ്സു ചെയ്യുന്നതു്. ഉൽകൃഷ്ടമായ ഒരു നൂതനജീവിതത്തിലേയ്ക്കു പ്രവേശിക്കുകയെന്നതാണ് എല്ലാ ആത്മനിഗ്രഹത്തിന്റേയും ലക്ഷ്യമെന്നതിനു പ്രകൃതിയിൽത്തന്നെ ധാരാളം തെളിവുകളുണ്ടു്. മൃഗങ്ങൾക്ക് ആഹാരമായിത്തീർന്നു് അവയിൽ ജീവിക്കുന്നതിനുവേണ്ടി സസ്യങ്ങൾ സ്വജീവൻ ബലികഴിക്കുന്നു. മൃഗങ്ങൾ മനുഷ്യനിൽ ജീവിക്കുവാനായി ജീവാപ്പണം ചെയ്യുന്നു. ഉൽകൃഷ്ടജീ

വിയായ മനുഷ്യനാകട്ടെ ക്രിസ്തുവിൽ ഒരു ദൈവികജീവിതം നയിക്കുവാനായി ആത്മനിഗ്രഹം അനുഷ്ഠിക്കുന്നു. "ആത്മനിഗ്രഹം സാധിക്കാത്തപക്ഷം എൻെറ രാജ്യത്തിൽ ജീവിക്കുവാൻ നിങ്ങൾക്കു കഴിവുണ്ടാകുകയില്ല." ലോകജീവിതംതന്നെ ഒന്നുകൂടി സൗഭാഗ്യപ്രദമാക്കിത്തീർക്കുവാനല്ല, പരലോകസൗഭാഗ്യത്തെ പ്രാപിക്കുവാനത്രേ ക്രിസ്തുമതതത്വപ്രകാരം നാം ആത്മദമനം പരിശീലിക്കുന്നത്. സ്വത്തു മുഴുവൻ സ്വാർത്ഥമതികളായ മുതലാളികളിൽനിന്ന് അവരോടൊപ്പം സ്വാർത്ഥമതികളായ കമ്മ്യൂണിസ്ററു ഭരണാധികാരികളിലേയ്ക്കു കൈമാററം ചെയ്യുന്നതിനുവേണ്ടിമാത്രം ഇത്ര ക്രൂരവും ഭയാനകവുമായ ഒരു വിപ്ലവത്തിൽ മനുഷ്യവർഗ്ഗം മുഴുവൻ നീന്തിത്തുടിക്കുന്നതു വെറും ഭോഷത്തമാണ്. നേരേമറിച്ചു രക്തച്ചൊരിച്ചിലില്ലാത്തതും സർവത്ര സഹോദരസ്നേഹം തിരതല്ലുന്നതും സമാധാനമൂർത്തിയും സ്നേഹസ്വരൂപനുമായ ഈശ്വരനിൽ സമസ്തമനുഷ്യരും ഒരുമിക്കുന്നതുമായ ഒരു ഭാവിവ്യവസ്ഥിതിയിൽ എത്തുപെടുവാൻവേണ്ടി ഐഹികസുഖസന്തോഷങ്ങളെ മുഴുവൻ വെടിഞ്ഞാലും അതൊരിക്കലും അധികമാകുന്നതല്ല. സാമ്പത്തികസ്ഥിതി നന്നാക്കുന്നതിനും സ്വത്തു മുഴുവൻ മുതലാളികളിൽനിന്നെടുത്തു കമ്മ്യൂണിസ്ററു നേതാക്കന്മാർക്കു നല്കുന്നതിനുംവേണ്ടിമാത്രം ഈ നിർബ്ബന്ധിതതപോവൃത്തി അനുഷ്ഠിക്കുന്നതിൽ ഒരു മുതലുമില്ലെന്നുചുരുക്കം. യാതൊരു പരപ്രേരണയും കൂടാതെ നാം സ്വയം അനുഷ്ഠിക്കുന്നതായാൽപോലും പരിത്യാഗം ക്ലേശകരമാണ്. താൻ സഹിക്കുന്ന ത്യാഗത്തിനു പ്രതിഫലമായി രാഷ്ട്രീയപ്രക്ഷോഭണങ്ങളേയും സാമ്പത്തികവ്യതിയാനങ്ങളേയുംകാൾ കാര്യമായി എന്തെങ്കിലും ലഭിക്കേണ്ടതാണെന്ന് ഏതു മനുഷ്യനും ന്യായം അവകാശപ്പെടാവുന്നതുമാണ്. ആ സ്ഥിതിക്ക് അനേകയാതനകൾ അനുഭവിച്ചശേഷവും പഴയ കുഴിയിലേയ്ക്കുതന്നെയാണു താൻ നിപതിക്കുന്നതെന്നറിഞ്ഞു

കൊണ്ടു ദുരിതമനുഭവിക്കുവാനും ആത്മനിയന്ത്രണമനുഷ്ഠിക്കുവാനും എത്ര പേരുണ്ടായിരിക്കും? ത്യാഗങ്ങൾ സഹിക്കുകയും കഷ്ടപ്പാടുകളെ വെല്ലുവിളിക്കുകയും ചെയ്യുന്ന ഏതൊരു മനുഷ്യനും അവയെല്ലാമപ്പുറത്തു സമാധാനപൂർണ്ണവും സൗഭാഗ്യസുന്ദരവുമായ ഒരു ഭാവിയെ ദർശിക്കുന്നതുകൊണ്ടാണു് അങ്ങനെ ചെയ്യുന്നതു്. ഇങ്ങനെ നോക്കുന്നപക്ഷം ലൗകികവിപ്ലവങ്ങളെല്ലാം വെറും നഷ്ടമാണെന്നു കാണാം. സ്വത്തു് അങ്ങോട്ടുമിങ്ങോട്ടും മാററുകയും മറിക്കുകയും ചെയ്യുന്നതല്ലാതെ ഒരു വിപ്ലവകാരിയും ഇന്നത്തെ ദുരിതങ്ങളുടെ മൗലികകാരണത്തിനു പരിഹാരമുണ്ടാക്കുന്നില്ല. മററുള്ളവരുടെ അത്യാഗ്രഹം മാററി തൽസ്ഥാനത്തു തങ്ങളുടെ അത്യാഗ്രഹത്തെ പ്രതിഷ്ഠിക്കുകമാത്രമേ അവർ ചെയ്യുന്നുള്ളു. അവരുടെ പോക്കററു നിറയ്ക്കുവാനും അവർക്കു പ്രത്യേകാവകാശങ്ങൾ സൃഷ്ടിച്ചുകൊടുക്കുവാനുംവേണ്ടി ജനസാമാന്യം എന്തിന് ഇത്രയധികം കഷ്ടപ്പെടുന്നു?

കമ്മ്യൂണിസമാകുന്ന ത്യാഗാനുഷ്ഠാനം വെറും നഷ്ടക്കച്ചവടമാണെന്നു ജനങ്ങൾ മനസ്സിലാക്കുന്ന ഒരു ദിവസം വരും. കാരണം, കമ്മ്യൂണിസം മനുഷ്യരെ കൊല്ലുന്ന ഒരു മതമാണു്; അല്ലാതെ പുനർജ്ജീവിപ്പിക്കുന്ന ഒരു മതമല്ല. നൂതനമായ യാതൊരു സ്വാതന്ത്ര്യവും അതു മനുഷ്യനു പ്രദാനം ചെയ്യുന്നില്ല. വിപ്ലവത്തിൽനിന്നുത്ഭവിക്കുന്ന സ്വാതന്ത്ര്യം സാക്ഷാത്തായ സ്വാതന്ത്ര്യത്തിൻെറ നിർമ്മൂലനത്തിൽ ചെന്നവസാനിക്കുന്നുവെന്നുള്ളതിനെ ഫ്റഞ്ചുവിപ്ലവത്തിൻെറയും റഷ്യൻവിപ്ലവത്തിൻെറയും ഗുണപാഠങ്ങൾതന്നെ തെളിവു്. ജനകീയസ്വാതന്ത്ര്യത്തിനു സ്ഥിരപ്രതിഷ്ഠ നല്കുവാൻവേണ്ടിയാണല്ലോ ഈ നൂററാണ്ടിൽത്തന്നെ രണ്ടുപ്രാവശ്യം നാം ഭൂഗോളത്തെ അഗ്നിയിലും രക്തത്തിലും ശുദ്ധിചെയ്തതു്. എന്നാൽ അതുകൊണ്ടു് എന്തു നേട്ടമുണ്ടായി? നമ്മുടെ കൃഷിസ്ഥലങ്ങളെ രക്തമൊഴുകുന്ന യുദ്ധക്കളങ്ങളായി രൂപാന്തരപ്പെടുത്തുകയും വ

യലുകളിൽ മൃതശരീരങ്ങൾകൊണ്ടു വളമിടുകയും ചെയ്തിട്ട് എന്തു വിളവാണു നമുക്കു കിട്ടിയതു്? പുത്രനഷ്ടം സഹിച്ച മാതാക്കളുടെ തോരാത്ത കണ്ണുനീരും മൗലികാവകാശങ്ങൾപോലും നഷ്ടപ്പെട്ട വ്യക്തികളുടെ ദുരന്തദുരിതങ്ങളുംമാത്രം ശേഷിച്ചു. നാഗരികതയെ നാം കുത്തിമുറിവേല്പിച്ചു. അതിന്റെ ശിരസ്സിൽ ഒരു മുൾക്കിരീടം നാം അടിച്ചിറക്കി. എന്നാൽ ആ മുറിവു സുഖപ്പെടുത്തുകയാകട്ടെ ആ ശിരസ്സിന് ഒരു കനകകിരീടം തീർക്കുകയാകട്ടെ നാം ചെയ്തില്ല. അർത്ഥശൂന്യങ്ങളായ മുദ്രാവാക്യങ്ങൾക്കും സാമ്രാജ്യവിസ്തൃതിക്കും വാണിജ്യസൗകര്യങ്ങൾക്കുംവേണ്ടിയാണു നാം യുദ്ധത്തിലേർപ്പെട്ടതു്. തന്മൂലം ഈ ഉഗ്രദുരിതങ്ങളെല്ലാം സഹിച്ചതിനുശേഷവും നാം പൂർവ്വസ്ഥിതിയിൽത്തന്നെ നില്ക്കുന്നതേയുള്ളൂ.

നമ്മുടെ സ്വാർത്ഥതയ്ക്കും ദുർവ്വാസനകൾക്കും ഒരു ശമനമുണ്ടാകുന്നില്ലെങ്കിൽ തപസ്സുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്? നമ്മുടെ അവസ്ഥ അല്പംപോലും അഭിവൃദ്ധിപ്പെടുന്നില്ലെങ്കിൽ ബന്ധനം സഹിക്കുന്നതും ആത്മനിയന്ത്രണം പരിശീലിക്കുന്നതുമെല്ലാം വെറും പാഴ്പണിയാണു്. നമ്മുടെ വ്യക്തിസ്വാതന്ത്ര്യവും സ്വത്തും മൗലികാവകാശങ്ങളും തീറെഴുതിയിട്ടുപകരം ഒരു കൃത്രിമവ്യവസ്ഥിതി നാം വാങ്ങിക്കുന്നുവെങ്കിൽ നാം വഞ്ചിക്കപ്പെടുകയാണു ചെയ്യുന്നതു്. കാരണം, ഉള്ള വസ്തുക്കൾതന്നെ അധികമുണ്ടാകുന്നതിലല്ല മനുഷ്യന്റെ സൗഭാഗ്യം അടങ്ങിയിരിക്കുന്നതു്. കൂടുതൽ ഒരിക്കലും ആവശ്യപ്പെടേണ്ടതായി വരികയില്ലാത്ത ഒരു സ്ഥിതിയെ പ്രാപിക്കുന്നതാണു യഥാർത്ഥസൗഭാഗ്യം. കൂടുതൽ ഭക്ഷണമോ കൂടുതൽ പാനീയമോ അല്ല, ഒരിക്കലും വിശക്കുകയില്ലാത്ത തരത്തിലുള്ള ഭക്ഷണവും ഒരിക്കലും ദാഹിക്കുകയില്ലാത്ത തരത്തിലുള്ള പാനീയവുമാണു മനുഷ്യനു വേണ്ടതു്. കുറേക്കൂടി നല്ല ഒരു ലോകമല്ല, ഒരു പുതിയ ലോകമാണു് അവനു വേണ്ടതു്. ജീവിതത്തിനുവേണ്ടിയല്ല ജീവനുവേണ്ടിയാണു് അവൻ ദാഹിക്കുന്ന

തു്. വിദ്യാഭ്യാസത്തെയല്ല സത്യത്തെയാണു് അവൻ ആരായു ന്നതു്. സുരക്ഷിതത്വത്തെയല്ല, സ്വാതന്ത്ര്യത്തെയാണു് അവൻ അന്വേഷിക്കുന്നതു്. ഇവയിലൊന്നുപോലും ലോകത്തിൽ കിട്ടുന്നതല്ല; സ്വർഗ്ഗരാജ്യത്തിൽ വേണം ഇവയെല്ലാം അന്വേഷിക്കുവാൻ.

അങ്ങനെയെങ്കിൽ നമ്മുടെ പരമാന്ത്യമായ ഈശ്വരനെ പ്രാപിക്കുവാനും നമ്മുടെ വ്യക്തിവിലാസം (Personality) എവിടെവച്ചു വികസിച്ചു പരിപൂർണ്ണതയിലെത്തുന്നുവോ ആ പ്രകൃത്യതീതമായ സൗഭാഗ്യപറുദീസായിലെത്തുവാനുംവേണ്ടി ഏതു തപസ്സും ഇവിടെവച്ചനുഷ്ഠിക്കുവാൻ നാം മടിച്ചുകൂടാ. മനുഷ്യനിൽ ഒരു പരിവത്തനം വരുത്തുന്ന തരത്തിലുള്ള വിപ്ലവത്തിനുമാത്രമേ നാം പരിശ്രമിക്കേണ്ടതായിട്ടുള്ളു. എന്തുകൊണ്ടെന്നാൽ ലോകം മുഴുവൻ സമ്പാദിച്ചാലും അനശ്വരമായ നമ്മുടെ ആത്മാവു നശിച്ചുപോയാൽ നമുക്കെന്തു ലാഭമാണുള്ളതു്? ക്രിസ്തുനാഥൻ ലോകത്തിലവതരിച്ചതുതന്നെ ലോകാതീതമായ ഒരു മണ്ഡലത്തിലേയ്ക്കു നമ്മെ ഉയത്തുന്ന ഈ തപശ്ചര്യ നമുക്കുപദേശിച്ചുതരുവാനാണു്. "നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നിറങ്ങിവരിക" എന്നിങ്ങനെ പരിഹാസസ്വരത്തിൽ ശത്രുക്കൾ അങ്ങയെ വെല്ലുവിളിച്ചപ്പോഴത്തേതുപോലെ അത്ര തീക്ഷ്ണവും അസന്ദിഗ്ധവുമായ ഭാഷയിൽ മറെറാരവസരത്തിലും അവിടുന്നു് അതു ലോകത്തിനുപദേശിച്ചിട്ടില്ലതന്നെ. അവകാശപ്പെട്ടതുപോലെ കുരിശിൽനിന്നിറങ്ങിവരുവാൻ ക്രിസ്തു വിസമ്മതിച്ചപ്പോൾ, വാസ്തവത്തിൽ ഒരുവൻ കുരിശിൽ തൂങ്ങുന്നതു് അഥവാ കുരിശു വഹിക്കുന്നതു വീണ്ടും ലോകത്തിലേയ്ക്കു് ഇറങ്ങിവരുവാനല്ലെന്നുള്ള അനർഘതത്വം വാക്കുകളെക്കാൾ ശക്തിമത്തായ ഭാഷയിൽ ലോകത്തോടുപദേശിക്കുകയാണു് അവിടുന്നു ചെയ്തതു്. കുരിശിൽനിന്നിറങ്ങി പഴയ ലോകത്തിലേയ്ക്കുതന്നെ പിന്തിരിയുന്ന തരത്തിലുള്ള ഒരു പരിവത്തനം യഥാത്ഥപരിവത്തനമല്ല. പ്ര

ത്തൃത, അതൊരു പരാജയമാണ്. നമ്മുടെ പരിവത്തനം അനശ്വരമാകണമെങ്കിൽ ലോകം നമ്മെ മൃതരായി പരിഗണിച്ചു സംസ്കരിക്കത്തക്കവിധത്തിൽ അതിനോടുള്ള ബന്ധം അത്ര പൂർണ്ണമായി നാം വിച്ഛേദിക്കണം. ഭൗതികബന്ധങ്ങളിൽനിന്നുള്ള വിമുക്തി നമ്മെ സംബന്ധിച്ചിടത്തോളം എത്ര വമ്പിച്ച ഒരു വിജയമാണോ ലോകത്തെ സംബന്ധിച്ചിടത്തോളം അത് അത്രയും വലിയ ഒരു അപജയവുമാണ്. അതുകൊണ്ടാണ് അക്ഷയവും അജയ്യവുമായ പ്രതാപത്തോടുകൂടി ലോകൈകസാമ്രാട്ടായ ക്രിസ്തു പുനരുത്ഥാനം ചെയ്ത അവസരത്തിൽ, മരിച്ചു സംസ്കരിക്കപ്പെട്ടിരുന്നവർ ഭൂഗർഭത്തിൽനിന്നു പുനർജ്ജീവിച്ചു പുറത്തുവന്നതു്. അവരെ പുറത്തേയ്ക്കു വമിച്ചു ഭൂമി തന്റെ പരാജയത്തെ അതുവഴിയായി ഏററു പറയുകയാണു ചെയ്തതു്.

ക്രിസ്തുമതത്തിന്റെയും കമ്മ്യൂണിസത്തിന്റെയും തപോനിയമങ്ങൾ തമ്മിലുള്ള അവസാനവ്യത്യാസമിതാണ്: ക്രൈസ്തവൻ തന്നോടുതന്നെ ബലംപ്രയോഗിക്കുന്നു, കമ്മ്യൂണിസ്ററുകാരനാകട്ടെ മററുള്ളവരോടു ബലംപ്രയോഗിക്കുന്നു. രണ്ടുപേരും ബലപ്രയോഗത്തിൽ വിശ്വസിക്കുന്നുണ്ടു്. രണ്ടുപേരുടെയും ഉദ്ദേശ്യം വ്യത്യസ്തങ്ങളായതുനിമിത്തം വ്യത്യസ്തരായ ആളുകളുടെനേരെയാണ് അവർ മർദ്ദനശക്തി പ്രയോഗിക്കുന്നതെന്നുമാത്രം. ക്രിസ്തീയസംയമനം പരസ്നേഹത്തിൽനിന്നാണു പുറപ്പെടുന്നതെങ്കിൽ കമ്മ്യൂണിസം പരദ്വേഷത്തിൽനിന്നാണ് ഉത്ഭവിക്കുന്നതു്. കമ്മ്യൂണിസം വിപ്ലവപരമായ മനഃസ്ഥിതിക്കാണു വളം വയ്ക്കുന്നതെങ്കിൽ ക്രിസ്തുമതം മാനസികമായ വിപ്ലവത്തെ അഥവാ പരിവത്തനത്തെയാണു ലക്ഷ്യമാക്കുന്നതു്. കമ്മ്യൂണിസത്തിന്റെ മർദ്ദനപരിപാടി 'മുതലാളി'കളും 'വൈദികരും' 'പിന്തിരിപ്പന്മാരു'മായ ഇതരജനങ്ങളുടെനേരെ പ്രയോഗിക്കപ്പെടുന്നു. ക്രൈസ്തവനാകട്ടെ തന്നിൽത്തന്നെയുള്ള അഹങ്കാരം, സ്വാർത്ഥതൽപരത, ദ്രവ്യാഗ്രഹം,

വിഷയാസക്തി, പരദ്വേഷം തുടങ്ങിയ ദുർഗ്ഗുണങ്ങളോട് യുദ്ധം ചെയ്യുന്നു. കമ്മ്യൂണിസ്റ്റുകാരൻ അയല്ക്കാരനെ ശുചീകരിക്കുന്നു. ക്രൈസ്തവൻ തന്നെത്തന്നെ ജയിച്ചടക്കുന്നു. അയല്ക്കാരന്റെ കണ്ണിലെ കരട കാണുവാൻ ഒരു കമ്മ്യൂണിസ്റ്റുകാരന് എപ്പോഴും സാധിക്കും. സ്വന്തം കണ്ണിലെ തടി ഒരിക്കലും അയാളുടെ ദൃഷ്ടിയിൽപ്പെടുകയില്ല. അയല്ക്കാരന്റെ സ്വാതന്ത്ര്യം നശിപ്പിക്കുവാനും അയാളുടെ വസ്തുക്കൾ അപഹരിക്കുവാനും അത്യുത്സാഹം പ്രദർശിപ്പിക്കുന്ന കമ്മ്യൂണിസ്റ്റുകാരൻ തന്റെതന്നെ ദുസ്സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുവാനോ അത്യാഗ്രഹത്തിന് അതിരുവയ്ക്കുവാനോ ഒരിക്കലും തയ്യാറില്ല. അയാളുടെ എല്ലാ ആയുധങ്ങളും അന്യരുടെനേരെയാണു നീട്ടിയിരിക്കുന്നത്. സ്വന്തം ഹൃദയമാണു സകല കുഴപ്പങ്ങളുടേയും ഉത്പത്തിസ്ഥാനമെങ്കിലും അങ്ങോട്ട് അയാളുടെ ശ്രദ്ധ ഒരിക്കലും തിരിയുകയില്ല. സ്വന്തം രോഗത്തിന് അന്യരെ മരുന്നു കുടിപ്പിക്കുന്നതുപോലെയാണിത്. ഇത്തരത്തിലുള്ള തപോവൃത്തി ഒരിക്കലും രക്ഷാകരമല്ല. ആദ്യം തന്നെത്തന്നെ പരിഷ്കരിക്കുക: അതാണു സകല പരിഷ്കാരത്തിന്റെയും ആരംഭം. അവനവന്റെ മനസ്സാക്ഷിയെത്തന്നെ പരിശോധിക്കുന്നിടത്തോളം വൈഷമ്യമേറിയ ഒരു വിപ്ലവോല്ഘാടനം വേറെയില്ല. വിശുദ്ധന്മാർക്കേ അതിനു ധൈര്യമുണ്ടാകുകയുള്ളു. മനുഷ്യന്റെ സ്വാർത്ഥചിന്തയ്ക്കു കമ്മ്യൂണിസംകൊണ്ടു പൂർണ്ണവിരാമമിടാമെന്നു കരുതുന്നതു വെറും വ്യാമോഹമാണ്. സ്വത്തല്ല സ്വത്തുടമസ്ഥന്മാരുടെ തൻകാര്യപ്രസക്തിയാണു നമ്മുടെ സാമൂഹികദുരിതങ്ങളുടെയെല്ലാം നാരായവേര്. പണമല്ല പണക്കൊതിയാണു സകലതിന്മകളുടേയും കാരണം. തന്മൂലം കമ്മ്യൂണിസ്റ്റുവിപ്ലവം ലോകത്തെ മുഴുവൻ ജയിച്ചടക്കിയാലും അതുകൊണ്ടു സ്വത്തു മുഴുവൻ ഒരു ചൂഷകവർഗ്ഗത്തിന്റെ കൈയിൽനിന്നു മറെറാരു ചൂഷകവർഗ്ഗത്തിന്റെ കൈയിലേയ്ക്കു മാറുമെന്നല്ലാതെ സോവ്യറ്റുഭക്തന്മാർ വിഭാവനം ചെയ്യു

ന്ന നവ്യലോകം ഒരുനാളും ഉദയം ചെയ്യുകയില്ല. വർഗ്ഗവ്യത്യാസം ഇല്ലാതെയാകുമെന്നുള്ള വാദവും മിഥ്യയാണ്. പേരെന്തുതന്നെയായിരുന്നാലും ശരി, നയിക്കുന്നവരും നയിക്കപ്പെടുന്നവരുമെന്നു രണ്ടുകൂട്ടർ എക്കാലത്തുമുണ്ടായിരിക്കും. പകയും പരപീഡനവുംകൊണ്ടു ഭിന്നവർഗ്ഗങ്ങളെ ഒന്നു കശക്കിക്കുത്താമെന്നല്ലാതെ വർഗ്ഗീയമത്സരമേയില്ലാതാക്കാമെന്നു സുബുദ്ധിയുള്ളവരാരും വിശ്വസിക്കുകയില്ല. നായ് നരിയെ ഓടിക്കുന്നതിനുപകരം നരി നായെ ഓടിക്കുമെന്ന വ്യത്യാസമേ വരികയുള്ളു. ഓടിക്കൽ ഏതായാലുമുണ്ടായിരിക്കും.

നമ്മിൽത്തന്നെയുള്ള അധമവികാരങ്ങൾക്കെതിരായി നടത്തുന്ന സമരംകൊണ്ടുമാത്രമേ യഥാർത്ഥവിജയത്തിൽ നാം എത്തിച്ചേരുകയുള്ളു. ലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം നമ്മുടെ ദുർവ്വാസനകളുടെമേൽ പരിപൂർണ്ണവിജയം നേടുകയെന്നതു് അസാദ്ധ്യമാണെങ്കിലും ആഡംബരപ്രിയം, മത്സരബുദ്ധി, അത്യാഗ്രഹം തുടങ്ങിയ ദുർഗ്ഗുണങ്ങളെ പിഴുതുകളഞ്ഞു സാമ്പത്തികമായ ഒരു സ്ഥിതിസമത്വം സ്ഥാപിക്കുവാൻ പരസ്നേഹചൈതന്യത്തിനു സാധിക്കുമെന്നതു തീർച്ചയാണ്. സ്വത്തിന്റെ ഉടമ സാമൂഹികമായിരിക്കുകയും സ്വന്തമായി യാതൊരു ഉദ്പാദകസമ്പത്തും വ്യക്തികൾക്കില്ലാതിരിക്കുകയും എല്ലാം എല്ലാവരുംകൂടി അനുഭവിക്കുകയും ചെയ്യുന്ന ക്രൈസ്തവസന്ന്യാസാശ്രമങ്ങളിൽ, വ്യാപകമായ അർത്ഥത്തിൽ പറഞ്ഞാൽ, സ്ഥിതിസമത്വമാണു നടപ്പിലിരിക്കുന്നതു്. ഇത്തരം കമ്മ്യൂണിസം അവിടെ വിജയപൂർവ്വം നടപ്പിൽവരുന്നതിന്റെ ഏക രഹസ്യം ഈ ആശ്രമങ്ങളുടെ ഭിത്തിക്കുള്ളിൽ നിറഞ്ഞുതുളുമ്പുന്ന സഹോദരസ്നേഹവും ദൈവസ്നേഹവുമത്രേ. റഷ്യയെ പരസ്നേഹത്തിന്റെ കണികപോലുമില്ലാത്ത ഒരാശ്രമമായി പകർത്തുവാൻ ശ്രമിച്ചതാണു ലെനിനു പററിയ ഭീമാബദ്ധം. പരസ്നേഹം തണൽവിരിക്കാത്ത ഒരന്തരീക്ഷത്തിൽ പൊതുവുടമയെ നട്ടുവളർത്തുവാൻ അദ്ദേഹം ശ്രമിച്ചു. അതസാദ്ധ്യമാണെ

ന്നുള്ള ബോധം അദ്ദേഹത്തിനു പോയില്ല. സ്വകാര്യസ്വത്തിനെയും ജനാധിപത്യതത്വങ്ങളെയും മതത്തെയുമെല്ലാം തീവ്രമായി വെറുക്കുവാനും ഇഷ്ടംപോലെ കൊള്ളചെയ്യുവാനും ജനങ്ങളെ അഴിച്ചുവിട്ടുശേഷം കൊള്ളയും പങ്കുവയ്പുമെല്ലാം കഴിയുമ്പോൾ അവർ സ്വയം സമാധാനപ്രിയരും അനുസരണശീലരുമായിക്കൊള്ളുമെന്നു പ്രതീക്ഷിക്കുവാൻ ആക്കെങ്കിലും സാധിക്കുമോ? രോഗബീജങ്ങളെ പ്രചരിപ്പിക്കുന്നതുകൊണ്ടു സകലരും ആരോഗ്യവാന്മാരായിത്തീരുമെന്നു കരുതുന്നതാണു് അതിനെക്കാൾ യുക്തിയുക്തം. കള്ളംമാത്രം പറയുവാൻ വിപ്ലവകാലത്തു പരിശീലിപ്പിക്കപ്പെട്ടുന്നവർ സ്വേച്ഛാധിപതിയുടെ ആവിർഭാവത്തോടെ എങ്ങനെയാണു സത്യസന്ധന്മാരായിത്തീരുക? സാമുദായികശാന്തി കൈവരണമെങ്കിൽ നീതിബോധവും സഹോദരസ്നേഹവും മനുഷ്യഹൃദയങ്ങളിൽ ബീജാവാപം ചെയ്യുകയാണു് ആദ്യമായി വേണ്ടതു്.

ഇതിനെ ഉദാഹരിക്കുന്ന ഒരു കഥ പറയാം. സ്വകാര്യസ്വത്തുനിമിത്തം മുതലാളിത്തരാജ്യങ്ങളിൽ കലാപങ്ങളും സോവ്യറ്റുരാജ്യങ്ങളിൽ ശുദ്ധീകരണനടപടികളും എങ്ങനെയുണ്ടാകുന്നുവെന്നു് ഒരിക്കൽ ഒരു ക്രൈസ്തവസന്ന്യാസി മറ്റൊരു സന്ന്യാസിയെ പറഞ്ഞുകേൾപ്പിക്കുകയായിരുന്നു. അടുത്തുകിടന്ന ഒരു കല്ലു തൊട്ടുകാണിച്ചുകൊണ്ടു് ഒന്നാമൻ പറഞ്ഞു.

"ഇതാ, ഈ കല്ലു് എൻേറതാണു്."

പരസ്നേഹത്താൽ പ്രേരിതനായി ഉടൻ മറ്റെയാൾ പ്രതിവചിച്ചു:

"കൊള്ളാം, അതു സഹോദരൻേറതന്നെയിരിക്കട്ടെ."

ഒന്നാമൻ: "ഹേയ്, അങ്ങനെ പറയരുതു്. 'ഇതു് എൻേറതാണു്' എന്നു നിങ്ങളും പറയണം."

രണ്ടാമൻ: "ശരി. ഇതെൻേറതാണു്."

ഉടനെ ഒന്നാമൻ പറഞ്ഞു: "കൊള്ളാം. അതു സഹോദ

രൻ എടുത്തു കൊള്ളൂ."

അങ്ങനെ അവരുടെ പരസ്നേഹം നിമിത്തം ആ വാഗ്വാദം നീട്ടിക്കൊണ്ടുപോകുന്നതിനും വഴക്കുണ്ടാക്കുന്ന വിധം ഉദാഹരണസഹിതം കാണിക്കുന്നതിനും കഴിയാതെവന്നു. തങ്ങളോടുതന്നെയല്ലാതെ അന്യന്റെനേരെ ബലംപ്രയോഗിച്ച് അവർക്കു പരിചയമില്ലാതിരുന്നതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതു്. തന്നോടുതന്നെയുള്ള ബലപ്രയോഗത്തിൽനിന്നും തൽഫലമായ പരിവത്തനത്തിൽനിന്നുമാണു യഥാർത്ഥസമാധാനം ഉത്ഭവിക്കുന്നതു്. തന്നെത്തന്നെ പീഡിപ്പിക്കുന്നതിനു പകരം അയല്ക്കാരന്റെനേരെമാത്രം നാം സമരപ്രതിജ്ഞ നടത്തുന്നെങ്കിൽ നാഗരികതയെ നശിപ്പിക്കാമെന്നല്ലാതെ അതുകൊണ്ടു് ഒരു പ്രയോജനവുമുണ്ടാകുകയില്ല.

നാം തപസ്സുചെയ്യണമോ വേണ്ടയോ എന്നുള്ളതല്ല ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നം. തപസ്സുചെയ്യണമെന്നുള്ളതു തീർച്ചയാണു്. എന്നാൽ, ഏതു തപസ്സാണു നാം ചെയ്യേണ്ടതു്? സ്വയം തിരഞ്ഞെടുക്കുന്നതോ സ്വേച്ഛാധിപതി കല്പിക്കുന്നതോ? വ്യക്തിയെ ലോകത്തിലുള്ളതിലേയ്ക്കും അമൂല്യവസ്തുവാക്കിത്തീർക്കുന്നതോ, ഒരു പ്രത്യേകവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടി വ്യക്തിയെ ബലികഴിക്കുന്നതോ? രണ്ടിലൊന്നു തിരഞ്ഞെടുക്കാതെ ഗത്യന്തരമില്ല. ഒന്നെങ്കിൽ ദൈവരാജ്യത്തിനുവേണ്ടി, ലോകത്തെക്കാൾ ശ്രേഷ്ഠവും ഉന്നതവുമായ മറ്റൊരു മണ്ഡലത്തിലേയ്ക്കു് ഉയർന്നെത്തുവാൻവേണ്ടി, നമുക്കു പരിത്യാഗവും ആത്മസംയമനവും അഭ്യസിക്കാം. അല്ലെങ്കിൽ സീസറിന്റെ സാമ്രാജ്യത്തിനുവേണ്ടി, അല്പം ചില വ്യത്യാസങ്ങളോടുകൂടിയാണെങ്കിലും പഴയ കുഴിയിലേയ്ക്കു തന്നെ നമ്മെ വീഴിക്കുന്നതായ ആ വ്യവസ്ഥിതിക്കുവേണ്ടി, നമുക്കു പീഡനങ്ങൾ സഹിക്കാം. സ്വാർത്ഥതയെ — അതു ലിബറലിസ്റ്റുകാരുടെ വ്യക്തിപരമായ സ്വാർത്ഥതയായാലും കൊള്ളാം, കമ്മ്യൂണിസ്റ്റുകാരുടെ സർവ്വാധിപത്യസ്വാ

ത്ഥതയായാലും കൊള്ളാം—ലോകത്തിൽനിന്നു പിഴതുകള യുക: അതാണു് ഇന്നത്തെ ആവശ്യം. അതിനു രണ്ടു മാൎഗ്ഗങ്ങ ളേയുള്ളു. നമ്മുടെ സ്വാൎത്ഥതയെ ഒന്നെങ്കിൽ ആത്മസംയമനം കൊണ്ടു നാം തന്നെ ജയിച്ചടക്കണം. അല്ലാത്തപക്ഷം നമ്മു ടെ വ്യക്തിവിലാസത്തെ നശിപ്പിച്ചുകൊണ്ടു് അതിനെ നിയ ന്ത്രിക്കുവാൻ മററുള്ളവർ മുൻപോട്ടു വരണം. ഇവയിൽ ഏതു നാം തിരഞ്ഞെടുക്കുന്നുവെന്നതിനെ ആശ്രയിച്ചാണു നമ്മുടെ സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നതു്. ആത്മപരിത്യാഗം ഓരോ രുത്തരും സ്വയം തിരഞ്ഞെടുക്കുന്നതാകയാൽ അതു സ്വതന്ത്ര മാണു്. സ്വേച്ഛാധിപത്യമാകട്ടെ രാജ്യത്തെ മുഴുവൻ ബാധി ക്കുന്നതാകയാൽ അതു മർദ്ദനമാണു്. സ്വാൎത്ഥതയെ നാം സ്വയമേവ ബലികഴിച്ചാൽമാത്രമേ സ്വാതന്ത്ര്യത്തെ സംര ക്ഷിക്കുവാൻ സാധിക്കു. സ്വാതന്ത്ര്യമനുഭവിക്കണമെങ്കിൽ കു രിശു ചുമക്കണം. എങ്കിലും അതു ചുമക്കുന്നതിനു് ഒരുവനെ യും നിർബന്ധിക്കുവാൻ പാടില്ല. ഓരോരുത്തരും സ്വമനസ്സാ ചുമക്കേണ്ടതാണു്. അതുകൊണ്ടാണു കുരിശു ചുമക്കുവാൻ നമ്മെ പഠിപ്പിക്കുവാൻവന്ന ഗുരുനാഥൻ സ്വയം കുരിശു ചു മന്നുകൊണ്ടു് ആ തത്വം നമുക്കുപദേശിച്ചതു്. ക്രൂശിക്കപ്പെ ട്ട പരമസത്യം ആരെയും നിർബന്ധിക്കുന്നില്ല. വിദാരിതങ്ങ ളായ ഹസ്തങ്ങൾക്കു് അന്യരുടെ നേരെ ബലപ്രയോഗം നട ത്തുവാനോ കുരിശിൽ തറയ്ക്കപ്പെട്ട പാദങ്ങൾക്കു് എതിരാളി യെ തേടി പായുവാനോ സാധിക്കുകയില്ല. ദീനങ്ങളെങ്കിലും സ്നേഹമസൃണങ്ങളായ കണ്മുനകൾമാത്രമേ അന്യരെ കുരിശി ൻെറ പക്കലേയ്ക്കു ക്ഷണിക്കുവാൻ അങ്ങേയ്ക്കുണ്ടായിരുന്നുള്ളു. സ്വയം ക്രൂശിക്കപ്പെടുന്നതിനുപകരം അയല്ക്കാരൻെറനേ രെ ബലം പ്രയോഗിക്കുവാനാണു് ആ പരമസത്യം മുതിന്നിരു ന്നതെങ്കിൽ ക്രിസ്തുമതം പണ്ടേ പരാജയമടഞ്ഞേനെ. ആ യുധശക്തി പ്രയോഗിച്ചു മനുഷ്യരെക്കൊണ്ടു് ആത്മസംയമനം പരിശീലിപ്പിക്കാമെന്നു സൎവ്വാധിപതിമാർ വിശ്വസിക്കുന്നു.

അതസാധ്യമാണ്. ആത്മസംയമനത്തിലേ മനുഷ്യരെ വശീകരിക്കുവാനേ സാധിക്കൂ. പുറത്തുനിന്ന് ആക്രമിച്ചു കീഴടക്കാവുന്ന ഒന്നല്ല സ്വാതന്ത്ര്യം. അതു് ഓരോരുത്തരും സ്വയം വളർത്തിയെടുക്കേണ്ടതാണ്. അന്യർ ജീവിക്കുവാൻവേണ്ടി സ്വയം മരിക്കുവാനുള്ള നിസ്സ്വാർത്ഥസന്നദ്ധത ആർക്കുണ്ടോ ആ സ്നേഹപ്രഭാവനുമാത്രമേ സ്വാതന്ത്ര്യം കീഴടങ്ങുകയുള്ളൂ. കാൽവരിയിൽനിന്നു പ്രസരിക്കുന്ന സംയമനചൈതന്യത്തിനുമാത്രമേ സ്വാർത്ഥതയെ നശിപ്പിച്ചു സ്വാതന്ത്ര്യത്തെ സുഭദ്രമാക്കുവാൻ കഴിവുള്ളൂ. ഈശ്വരനെ ലോകത്തിൽനിന്നു പലായനം ചെയ്യിച്ചു കഴുമരത്തിൽ കയററിയ ആധുനികമനുഷ്യൻ തന്റെ പ്രവൎത്തനഗതിയിൽനിന്നു പശ്ചാത്തപിച്ചു പിന്തിരിഞ്ഞാൽ മാത്രമേ സമാധാനവും സ്വാതന്ത്ര്യവും കൈവരികയുള്ളൂ.

പാപിയെയല്ല, പാപത്തെയാണു നശിപ്പിക്കേണ്ടതു്. മുതലാളിയെയല്ല മുതലിന്റെ ദുരുപയോഗത്തെയാണ് ഇല്ലാതാക്കേണ്ടതു്. അയല്ക്കാരനെ വെറുക്കുകയല്ല നാം ചെയ്യേണ്ടതു്. അയല്ക്കാരനെ വെറുക്കുന്ന നമ്മെത്തന്നെയാണു നാം വെറുക്കേണ്ടതു്. ഇത്തരം ബലപ്രയോഗമാണു സ്വർഗ്ഗസമ്പാദനത്തിനാവശ്യകം. ബലം പ്രയോഗിക്കുന്നവർ മാത്രമേ സ്വർഗ്ഗം സമ്പാദിക്കുകയുമുള്ളൂ.

# പതിമ്മൂന്നാം അധ്യായം

## സ്വാതന്ത്ര്യവും മതവും

സ്വാതന്ത്ര്യം രണ്ടുതരമുണ്ട്. ഒന്ന് ഇച്ഛാപരമായ സ്വാതന്ത്ര്യം; മറേറത് പരിപൂർണ്ണതാപരമായ സ്വാതന്ത്ര്യം. ബുദ്ധി നിർദ്ദേശിക്കുന്ന ഒരു പ്രത്യേകനന്മയെ അഥവാ വസ്തുവിനെ ആഗ്രഹിക്കുകയോ ആഗ്രഹിക്കാതിരിക്കുകയോ ചെയ്യുന്നതിൻ മനസ്സിനുള്ള കഴിവാണ് ഇച്ഛാപരമായ സ്വാതന്ത്ര്യം. ഉച്ചഭക്ഷണത്തിനു മത്സ്യം വേണമോ മാംസം വേണമോ എന്നു നാം ആലോചിക്കുന്നുവെന്നിരിക്കട്ടെ. രണ്ടോ അതിലധികമോ വസ്തുക്കളിൽനിന്ന് ഒന്നിനെ യഥേഷ്ടം തിരഞ്ഞെടുക്കുവാനുള്ള ഈ കഴിവിനാണ് ഇച്ഛാസ്വാതന്ത്ര്യമെന്നു പറയുന്നത്. ഒരു പ്രത്യേകവസ്തുവിനെ തിരഞ്ഞെടുക്കുവാൻ യാതൊരു ബാഹ്യശക്തിയും മനസ്സിനെ പ്രേരിപ്പിക്കാത്തപക്ഷം നമുക്ക് ഇച്ഛാസ്വാതന്ത്ര്യമുണ്ടെന്നു പറയാം.

ഇച്ഛാസ്വാതന്ത്ര്യം അനുദിനജീവിതത്തിൽ അനേകം കാര്യങ്ങളിൽ നാം പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇവയെക്കാളെല്ലാം ഉപരിയായ മറെറാരു സ്വാതന്ത്ര്യമുണ്ട്—പരിപൂർണ്ണത പ്രാപിക്കുവാനുള്ള സ്വാതന്ത്ര്യം. ആരോഗ്യം, ധനം, അറിവ്, സുഖം തുടങ്ങിയ പ്രത്യേകനന്മകളെയാണ് ഇച്ഛാസ്വാതന്ത്ര്യം പരാമർശിക്കുന്നതെങ്കിൽ, പരിപൂർണ്ണതാസ്വാതന്ത്ര്യം പരമനന്മയെ സംബന്ധിച്ചുള്ളതാണ്. നമ്മുടെ ബുദ്ധിക്കു സമ്പൂർണ്ണമായ സത്യവും മനസ്സിനു പരിപൂർണ്ണമായ സ്നേഹവും, അസ്തിത്വത്തിനു പരിപൂർണ്ണമായ ജീവനും പ്രദാനംചെയ്യുന്ന പരമനന്മയാണ് അതിന്റെ വിഷയം. ജീവിതത്തിൽ നിമിഷംതോറും നാം ആരാഞ്ഞുകൊണ്ടിരിക്കുന്ന അനേകായിരം പ

ദീമിതലക്ഷ്യങ്ങൾക്ക് അതീതമായ ഒരു പരമലക്ഷ്യം മനുഷ്യനുണ്ട്. അതായത്, യാതൊന്നിനുവേണ്ടി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ, യാതൊന്നിൽ അവന്റെ പരമാനന്ദം അടങ്ങിയിരിക്കുന്നുവോ, ആ ഈശ്വരപ്രാപ്തി.

ലക്ഷ്യപ്രാപ്തിയുടെ ഫലമാണ് ആനന്ദം. ഒരു വിളക്കിന് ആത്മാവബോധമുണ്ടായിരുന്നുവെങ്കിൽ കത്തുമ്പോൾ അതു സന്തോഷിക്കുമായിരുന്നു. ഒരു പൂവിനു തന്നെത്തന്നെ അറിയുന്നതിനു കഴിവുണ്ടായിരുന്നുവെങ്കിൽ അതു വികസിച്ചു പരിമളം വീശുമ്പോൾ സ്വയം ആനന്ദിക്കുമായിരുന്നു. മനുഷ്യൻ മനുഷ്യനെന്ന നിലയിൽ അനന്തനന്മയായ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു ശുശ്രൂഷിക്കുവാനത്രേ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവന്റെ പരിപൂർണ്ണതയും ആനന്ദവും പ്രസ്തുത ലക്ഷ്യം പ്രാപിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. ആകയാൽ മനുഷ്യന്റെ ഇച്ഛാസ്വാതന്ത്ര്യം അവന്റെ പരമലക്ഷ്യമായ പരിപൂർണ്ണതാസ്വാതന്ത്ര്യത്തിലേയ്ക്കുള്ള ഒരു മാർഗ്ഗം മാത്രമാണെന്നു സിദ്ധിക്കുന്നു. ഇച്ഛാസ്വാതന്ത്ര്യം ശരിയായി വിനിയോഗിച്ചാൽ നമ്മുടെ വ്യക്തിമാഹാത്മ്യം ഇവിടെവച്ചു വികാസം പ്രാപിക്കുകയും മരണാനന്തരം ഈശ്വരപ്രാപ്തിയോടുകൂടി പരിപൂർണ്ണതയിലെത്തുകയും ചെയ്യും. വ്യക്തിമാഹാത്മ്യത്തിന്റെ വികാസം നമ്മുടെ സ്വതന്ത്രപ്രവൃത്തികൾമൂലം നാം സമ്പാദിക്കുന്ന സുകൃതസ്വത്തിനെ ആശ്രയിച്ചിരിക്കുന്നു. പരമലക്ഷ്യത്തോട് ഏകീഭവിക്കുന്ന നിമിഷത്തിൽ അതു പരിപൂർണ്ണമായും ഭവിക്കുന്നു. നമ്മുടെ വ്യക്തിമാഹാത്മ്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു വസ്തുവല്ല ദൈവം. അങ്ങയുടെ നിയമങ്ങളെ ഒരു രാജാവിന്റെയോ, സഭാദ്ധ്യക്ഷന്റെയോ ആജ്ഞകൾപോലെയല്ല നാം അനുസരിക്കേണ്ടതും. ദൈവം നമ്മുടെ പരിപൂർണ്ണതയാണ്. പുഷ്പത്തിനു വികാസം എങ്ങനെയോ അങ്ങനെയാണു നമ്മുടെ വ്യക്തിമാഹാത്മ്യത്തിനു ദൈവികമായ ഒരു ജീവിതം. ദൈവത്തോടു ഐക്യപ്പെട്ടുള്ള ജീവിതം നമ്മുടെ

പരിപൂർണ്ണതയുടെ ആരംഭമാണ്. സ്വർഗ്ഗരാജ്യമാകുന്ന പരിപൂർണ്ണതാസ്വാതന്ത്ര്യത്തിലേക്കുള്ള ഒരു പാലമാണ് ഇച്ഛാസ്വാതന്ത്ര്യം. ഇച്ഛാസ്വാതന്ത്ര്യമെന്നു പറഞ്ഞാൽ ഏതോ ഒന്നിൽനിന്നുള്ള സ്വാതന്ത്ര്യമെന്നും മറെറന്തോ ഒന്നിനുവേണ്ടിയുള്ള സ്വാതന്ത്ര്യമെന്നുമാണ് അർത്ഥം. അതു് ഒരിക്കലും അതിൽത്തന്നെ ഒരു ലക്ഷ്യമല്ല. പ്രത്യുത, ദൈവത്തിൻെറ കേവലപരിപൂർണ്ണതയിൽ താരതമ്യേനയുള്ള മനുഷ്യൻെറ പരിപൂർണ്ണതയും കണ്ടെത്തുക എന്ന പരമാന്ത്യത്തിലേക്കു് അവനെ നയിക്കുന്ന ഒരു മാർഗ്ഗംമാത്രമേ ആകുന്നുള്ളു.

ഇവയെല്ലാം വച്ചു നോക്കുമ്പോൾ, നിഷ്പക്ഷതയാകുന്ന ലിബറലിസ്റ്റു സ്വാതന്ത്ര്യവും നിർബന്ധമാകുന്ന സർവ്വാധിപത്യസ്വാതന്ത്ര്യവും എത്ര പൊള്ളയാണെന്നു കാണാം. ലിബറലിസം ഇച്ഛാസ്വാതന്ത്ര്യത്തെ മുറുകെ പിടിച്ചുകൊണ്ടു പരിപൂർണ്ണതാസ്വാതന്ത്ര്യത്തെ വിസ്മരിച്ചു. സർവ്വാധിപത്യം ദൈവത്തിലല്ല, ദൈവത്തിൻെറ സ്ഥാനത്തു് ഒരു സ്വേച്ഛാധിപതിയെ പ്രതിഷ്ഠിച്ചുകൊണ്ടു് അയാളിലാണു പരിപൂർണ്ണതാസ്വാതന്ത്ര്യം കണ്ടെത്തുവാൻ ശ്രമിക്കുന്നതു്. അതു് ഇച്ഛാസ്വാതന്ത്ര്യത്തെ ഇല്ലാതെയാക്കി. ഇച്ഛാസ്വാതന്ത്ര്യം വേണമെന്നുള്ള ലിബറലിസ്റ്റുകാരുടെ വാദം ശരിയായിരുന്നു. ആ സ്വാതന്ത്ര്യത്തിനു മറെറാരു ലക്ഷ്യമുണ്ടെന്നുള്ള വസ്തുത വിസ്മരിച്ചതിലാണ് അവർക്കു തെററുപററിയതു്. ലക്ഷ്യമാണു സർവ്വപ്രധാനമെന്നുള്ള സർവ്വാധിപത്യവാദവും ആദരണീയമാണ്. എന്നാൽ പ്രസ്തുത ലക്ഷ്യം കമ്മ്യൂണിസ്റ്റുകാർ പറയുന്നതുപോലെ വിഭവോൽപാദനമാണെന്നോ ഹിററ്ലർ പറഞ്ഞതുപോലെ ആര്യവംശമഹിമയാണെന്നോ ശഠിക്കുന്നതാണ് അബദ്ധം. ദൈവത്തിലെത്തി പരിപൂർണ്ണതയെ പ്രാപിക്കുകയെന്നതാണു മനുഷ്യൻെറ പരമലക്ഷ്യം. ലിബറലിസം ജീവിതലക്ഷ്യത്തെ നശിപ്പിച്ചുകളഞ്ഞു. സർവ്വാധിപത്യം ലക്ഷ്യത്തെയും ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗത്തെയും നശിപ്പിച്ചുകളഞ്ഞു. ഇ

ഷ്ടംപോലെ പ്രവർത്തിക്കുവാൻ ഓരോ മനുഷ്യനും സ്വാതന്ത്ര്യമുണ്ടെന്നു വാദിച്ചുകൊണ്ടു മനുഷ്യന്റെ വ്യക്തിവികാസത്തെ കേവലം ഇച്ഛാസ്വാതന്ത്ര്യത്തിൽ ഒതുക്കി നിറുത്തുവാനാണു ലിബറലിസം ശ്രമിച്ചതു്. സർവ്വാധിപത്യമാകട്ടെ സ്വേച്ഛാധിപതിയുടെ ഹിതമാണു വ്യക്തിയുടെ പരമലക്ഷ്യമെന്നും അയാളുടെ ഏതു നിരങ്കുശാധികാരത്തിനും തല കുനിക്കുന്നതിലാണു വ്യക്തിയുടെ പരിപൂർണ്ണത അടങ്ങിയിരിക്കുന്നതെന്നും സിദ്ധാന്തിച്ചുകൊണ്ടു മനുഷ്യന്റെ വ്യക്തിമഹിമയെ ഉന്മൂലനം ചെയ്യുന്നു. ലിബറലിസം ദൈവത്തെ വിസ്മരിച്ചു. സർവ്വാധിപത്യവാദം സ്വാതന്ത്ര്യത്തെ വിസ്മരിച്ചുകൊണ്ടു സീസറിനെ ദൈവമായി അവരോധിച്ചു. ലിബറലിസം പരിപൂർണ്ണതാസ്വാതന്ത്ര്യത്തെ വിസ്മരിച്ചു. സർവ്വാധിപത്യതത്വം പരിപൂർണ്ണതാസ്വാതന്ത്ര്യത്തെയും ഇച്ഛാസ്വാതന്ത്ര്യത്തെയും ഒപ്പം വിസ്മരിച്ചുകൊണ്ടു്, രാഷ്ട്രത്തിനും വർഗ്ഗത്തിനും അതീതമായ ഒരു പരിപൂർണ്ണതയെ പ്രാപിക്കുവാൻ വ്യക്തികൾക്കുള്ള അവകാശത്തെത്തന്നെ നിഷേധിക്കുന്നു.

കത്തോലിക്കാസഭ എന്തുകൊണ്ടാണെന്നോ ലിബറലിസത്തെയും രാഷ്ട്രീയസർവ്വാധിപത്യത്തെയും എതിർക്കുന്നതു്? അവ രണ്ടും മനുഷ്യപ്രകൃതിയെ കോട്ടി വളയ്ക്കുകയും അവിഭക്തങ്ങളായിരിക്കേണ്ടവയെ വിഭജിക്കുകയും ചെയ്യുന്നതുകൊണ്ടുതന്നെ. ഇച്ഛാസ്വാതന്ത്ര്യത്തെ അതിന്റെ ലക്ഷ്യമായ പരിപൂർണ്ണതാസ്വാതന്ത്ര്യത്തിൽനിന്നു വേർപെടുത്തുന്നതു് ഒരിക്കലും ശരിയല്ല. സ്വാതന്ത്ര്യം ഒരു പരീക്ഷണരംഗവും അതേസമയം ഒരു പ്രാപ്യസ്ഥാനവുമാണു്. ഇച്ഛാസ്വാതന്ത്ര്യവും പരിപൂർണ്ണതയും ഒരുമിച്ചിരിക്കണമെന്നാണു ദൈവാഭീഷ്ടം. അവയെ തമ്മിൽ വേർപെടുത്തുന്നവർ വർണ്ണത്തെ ദർശനശക്തിയിൽനിന്നും ശബ്ദത്തെ ശ്രവണശക്തിയിൽനിന്നും വേർപെടുത്തുന്നതുപോലുള്ള ഒരു കടുംകയ്യായിരിക്കും മനുഷ്യനോടു പ്രവർത്തിക്കുന്നതു്. പരിമിതമായ ഒരു നന്മയെ പ്രാപിക്കു

വാൻവേണ്ടി മറെറാരു പരിമിതനന്മയേയും, അതിനെ പ്രാപിക്കുവാൻവേണ്ടി മറെറാരു പരിമിതനന്മയേയും അങ്ങനെ ഒരിക്കലുമവസാനിക്കാത്തവിധത്തിൽ തിരഞ്ഞെടുത്തുകൊണ്ടു് അനന്തമായ പരമനന്മയെമാത്രം തിരഞ്ഞെടുക്കുവാനിടയാകാതെ ജീവിച്ചു മരിക്കുവാനല്ല മനുഷ്യനെ ലോകത്തിലേയ്ക്കു് അയച്ചിരിക്കുന്നതു്. തിരഞ്ഞെടുക്കുവാനുള്ള കഴിവുമാത്രമാണു സ്വാതന്ത്ര്യത്തിന്റെ കാതലെന്നു വാദിക്കുന്നവർ, എങ്ങോട്ടുമല്ലാത്ത കുറേ വഴികൾ ഒരുമിച്ചുചേരുന്ന ഒരു കവലയിൽ മനുഷ്യനെ വിട്ടിട്ടു് ഇഷ്ടമുള്ള മാർഗ്ഗം തിരഞ്ഞെടുത്തുകൊള്ളുവാൻ അവനോടു പറയുകയാണു ചെയ്യുന്നതു്. ഒരിടത്തേയ്ക്കുമല്ലാത്ത ഒരു വഴി തിരഞ്ഞെടുക്കുന്നതിൽ ഒരർത്ഥവുമില്ല. ഒരു പ്രത്യേകസ്ഥലത്തേയ്ക്കു് — അതെത്ര ദൂരെയുമായിക്കൊള്ളട്ടെ — ഒരു വഴി നമ്മെ നയിക്കുമെങ്കിൽമാത്രമേ അതു തിരഞ്ഞെടുക്കുന്നതിൽ അർത്ഥമുള്ളൂ. പ്രണയാർപ്പണത്തിന്റെ ഉദ്ദേശ്യം വിവാഹമാണു്. അതുപോലെ എല്ലാ തിരഞ്ഞെടുപ്പിന്റേയും പരമോദ്ദേശ്യമായി ഒരു ലക്ഷ്യം അഥവാ പരിപൂർണ്ണതയുണ്ടായിരിക്കും. പക്ഷേ ഈ പരമാർത്ഥം ലിബറലിസ്ററുകാർ വിസ്മരിച്ചുകളഞ്ഞു.

അതുപോലെ, നാഗരികതയുടെ വഴിക്കവലയിൽനിന്നുകൊണ്ടു് "എന്റെ അധികാരത്തേയും പ്രതാപത്തേയും വളർത്തുന്ന ഈ ഒരു വഴിയേ നിങ്ങളെല്ലാവരും പൊയ്ക്കൊള്ളണം; അല്ലാത്തപക്ഷം നിങ്ങളുടെ ജീവൻ പണയത്തിലാണു്" എന്നാക്രോശിക്കുന്ന ഒരു സ്വേച്ഛാപ്രഭുവിന്റെ മുമ്പിൽ മുട്ടുമടക്കുവാനുമല്ല നാം ലോകത്തിലേയ്ക്കു വരുന്നതു്. സർവ്വാധിപത്യവാദമനുസരിച്ചു മനുഷ്യന്റെ പരിപൂർണ്ണത ഒരു സമൂഹത്തിൽ അഥവാ വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്നു. മനുഷ്യനല്ല വർഗ്ഗമാണു സ്വാതന്ത്ര്യമനുഭവിക്കുന്നതു്.

പരമമായ ഒരു ജീവിതോദ്ദേശ്യത്തിനുപകരം പരിമിതങ്ങ

ളും നിസ്സാരങ്ങളുമായ അനേകം ജീവിതലക്ഷ്യങ്ങളുണ്ടായിവ ന്നതുകൊണ്ടാണ് ആധുനികലോകത്തിൽ ഇത്രയധികം ദുരിത ങ്ങൾ നാം കാണുന്നത്. ആകാശത്തിലേയ്ക്കു സ്വച്ഛന്ദം പറ ന്നുയരുവാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ ചിറകുകൾ അ രിഞ്ഞുകളഞ്ഞശേഷം പൊടിമണ്ണിൽ കിടന്നുരുളുന്നു. അനന്ത മായ ജീവനേയും സനാതനമായ സത്യത്തേയും സമ്പൂർണ്ണമായ സ്നേഹത്തേയും പ്രാപിച്ചു നിത്യമായി ആനന്ദിക്കേണ്ട മനു ഷ്യൻ താൽക്കാലികസന്തോഷങ്ങളുടേയും അർദ്ധസത്യങ്ങളുടേ യും ജഡികസന്തർപ്പണത്തിന്റെയും പിന്നാലെ ഓടിനടന്ന് ആയുസ്സു പാഴാക്കുന്നു. ആദർശവും അനുഭവവും തമ്മിലുള്ള ഈ വിടവു എത്ര അഗാധമാണെന്നു നോക്കുക. ആദ്ധ്യാത്മികവും ദൈവികവുമായ ഒരന്തരീക്ഷത്തിലേയ്ക്കു വളന്നുയരുവാനുള്ള ക ഴിവിനെ തിരസ്കരിച്ചുകൊണ്ടു തന്റെ സംതൃപ്തി മുഴുവൻ ലോ കത്തിൽ കണ്ടെത്തുവാനാണു മനുഷ്യന്റെ ശ്രമം. ജീവിത ത്തിന്റെ ഏകലക്ഷ്യം പ്രാപിക്കുവാൻവേണ്ടി രാഷ്ട്രീയവും സാമൂഹികവും ബുദ്ധിപരവും വികാരപരവും ആദ്ധ്യാത്മികവും ശാരീരികവുമായ തന്റെ കഴിവുകളെയെല്ലാം ഏകീകരിച്ചു നിയന്ത്രിക്കുന്നതിനുപകരം അവയെല്ലാം നാലുവഴിക്കും ചിത റിച്ച്, മനുഷ്യത്വത്തിന്റെ ഏകാഗ്രതയെ ഭഞ്ജിച്ച്, മനുഷ്യ ഹൃദയത്തിൽ ഒരാഭ്യന്തരസമരം ഇളക്കിവിടുകയാണ് അവൻ ചെയ്യുന്നത്.

സ്വശക്തികളെല്ലാം ഇങ്ങനെ താറുമാറായി, സമാധാന രഹിതമായിത്തീരുന്ന ഒരാത്മാവ്, തന്റെ ഭ്രമണരേഖയിൽ നിന്നു വ്യതിചലിക്കുന്ന ജ്യോതിർഗോളം എരിഞ്ഞു ഇല്ലാ തായിത്തീരുന്നതുപോലെ, നാശത്തിനു വിധേയമായി ഭവിക്കു ന്നു. ജീവിതത്തിന്റെ തിക്കിലും തിരക്കിലും വികാരബഹളങ്ങ ളിലും മുങ്ങിക്കുളിച്ചാൽ ഈ ദുരവസ്ഥയിൽനിന്നു് ഒരു താൽക്കാ ലികമോചനം ചിലപ്പോഴൊക്കെ അവന് അനുഭവപ്പെട്ടേക്കാം.

ഈ താൽകാലികാശ്വാസം അവൻ അന്വേഷിക്കുന്നത് തന്നെ സദാ കുററപ്പെടുത്തിക്കൊണ്ടിരിക്കുന്ന അന്തഃകരണത്തിന്റെ അനിഷേധ്യസ്വരം ഏകാന്തതയിലിരുന്നു ശ്രവിക്കുവാൻ ധൈയ്യമില്ലാത്തതുകൊണ്ടുമാത്രമാണ്. താൻ ചെയ്യുന്നതു തെററാണെന്നു സമ്മതിക്കുവാൻ അവനു മനസ്സില്ല. തന്റെ പരാജയങ്ങൾ പരാജയങ്ങളാണെന്നു സമ്മതിക്കുവാൻ തക്ക മനക്കരുത്ത് അവനുണ്ടായിരുന്നുവെങ്കിൽ ആ നിമിഷം മുതൽ അവൻ സ്വതന്ത്രനാകുമായിരുന്നു. കാരണം, പാപത്തെക്കാൾ നികൃഷ്ടമായി എന്തെങ്കിലും ലോകത്തിലുണ്ടെങ്കിൽ അതു താൻ പാപിയാണെന്നു വിശ്വസിക്കുവാൻ വിസമ്മതിക്കുന്ന ഒരു പാപിയാണ്. വഴി തെററിയ ഒരുവനു നേർവഴി കണ്ടുപിടിക്കുവാൻ താൽപയ്യമുണ്ടെങ്കിൽ അയാളുടെ കായ്യത്തിൽ ആശയ്ക്കു വകയുണ്ട്. എന്നാൽ കണ്ണുതുറന്നു നോക്കുവാൻപോലും വിസമ്മതിക്കുന്ന മാർഗ്ഗഭ്രഷ്ടനും സ്വാതന്ത്ര്യലബ്ധിയെ ആഗ്രഹിക്കപോലും ചെയ്യാത്ത അടിമയ്ക്കും ഒരു രക്ഷയുമില്ല.

ഈശ്വരപ്രാപ്തിയാകുന്ന കുറിയിൽ കൊള്ളുവാൻ പയ്യാപ്തങ്ങളായ നല്ല നല്ല അമ്പുകൾ ജീവിതമാകുന്ന തൂണീരത്തിൽനിന്നു തിരഞ്ഞെടുത്തു ലക്ഷ്യം തെററാതെ ഒരുവൻ എയ്യുന്നുവെന്നു കരുതുക. തിരഞ്ഞെടുക്കുവാനുള്ള അവന്റെ സ്വാതന്ത്ര്യം അവസാനിക്കുകയും എന്നാൽ യഥാർത്ഥസ്വാതന്ത്ര്യം അവൻ അനുഭവിക്കുകയും ചെയ്യുന്ന ഒരു സമയം എന്നെങ്കിലുമുണ്ടാകുമോ? തീർച്ചയായും. സ്വർഗ്ഗസൗഭാഗ്യമാകുന്ന ജീവിതോദ്ദേശ്യത്തെ പ്രാപിക്കുന്ന നിമിഷം അവന്റെ ഇച്ഛാസ്വാതന്ത്ര്യം അവസാനിക്കുകയും പരിപൂർണ്ണതാസ്വാതന്ത്ര്യം അനുഭവപ്പെടുകയുംചെയ്യും. സച്ചിദാനന്ദസ്വരൂപനായ ഈശ്വരനിലെത്തി തന്റെ വ്യക്തിവിലാസത്തെ സമ്പൂർണ്ണമാക്കുന്ന ഒരു മനുഷ്യന് ആഗ്രഹിക്കത്തക്കതായി മറെറാന്നുമില്ലാത്തതിനാൽ അവന്റെ ഇച്ഛാസ്വാതന്ത്ര്യത്തിന് അപ്പോൾ അറുതിവരുന്നു. സമ്പൂർണ്ണനു കാമിക്കത്തക്കതായി ഒരു വസ്തുവുമില്ലല്ലോ. പരി

പൂർണ്ണതയെ നാം ദർശിക്കുന്ന മാത്രയിൽ അതിനെ വിട്ടു മറെറാന്നിനെയെങ്കിലും തിരഞ്ഞെടുക്കുവാൻ നാം അശക്തരായിത്തീരുന്നു. ദർശനമാത്രയിൽ നാം അതിനടിമയായിത്തീരും. ആ അടിമത്തം അധികാരപ്രമത്തതയുടെ മുമ്പിലുള്ള ഒരു തലകുനിക്കലല്ല. പ്രത്യുത, സ്നേഹത്തിന്റെ മധുരശക്തിക്കു തന്നെത്തന്നെ കയ്യാളിക്കുന്ന ഒരു വിധേയത്വമാണ്.

ലോകത്തിലുള്ള ഏതൊരു വസ്തുവിന്റേയും നേരെ നിഷ്പക്ഷമായിരിക്കുവാൻ മനുഷ്യന്റെ ഇച്ഛാശക്തിക്കു സാധിക്കും. കാരണം, സമ്പൂർണ്ണനന്മയ്ക്കുമാത്രമേ മനുഷ്യമനസ്സിനെ നിശ്ശേഷം ആകർഷിച്ചു കീഴടക്കുവാൻ ശക്തിയുള്ളു. ലോകത്തിലെ ഏററവും കാമ്യമായ വസ്തുവിൽപ്പോലുമുള്ള നന്മയാകട്ടെ പരിമിതവും അപൂർണ്ണവുമത്രേ. കാന്തം ഇരുമ്പിനെ ആകർഷിക്കുന്നു. എന്നാൽ ദുർബലമായ ഒരു കാന്തത്തിന് ഒരിരുമ്പുകഷണത്തെ ആകർഷിക്കുവാൻ കഴിയുമെങ്കിലും അതു തന്നിലേയ്ക്കു വലിച്ചടുപ്പിക്കുവാൻ സാധിക്കുകയില്ല. മനുഷ്യമനസ്സും ഇതുപോലെയാണ് സൃഷ്ടവസ്തുക്കളിൽ എത്രമാത്രം സത്യവും നന്മയും സ്നേഹവും ജീവനുമുണ്ടോ അത്രമാത്രം അവയ്ക്കു മനുഷ്യമനസ്സിനെ ആകർഷിക്കുവാൻ സാധിക്കും. സൃഷ്ടവസ്തുക്കളാകട്ടെ, അസൃഷ്ടസൗന്ദര്യവും അനന്തനന്മയുമായ ദൈവത്തിന്റെ ഗുണങ്ങളുടെ അണുവോളമുള്ള ഒരംശംമാത്രമേ ഉൾക്കൊള്ളുന്നുള്ളു. തന്മൂലം മനുഷ്യമനസ്സിനെ അവശ്യം വശീകരിക്കുവാൻ സൃഷ്ടവസ്തുക്കൾ അപര്യാപ്തങ്ങളാണ്. സമ്പൂർണ്ണജീവനും സത്യവും സ്നേഹവുമാകുന്ന ഈശ്വരന്റെ ആകർഷണപരിധിയിൽ പ്രവേശിക്കുന്ന മനസ്സു തൽക്ഷണം ഇരുമ്പു കാന്തത്തിലേയ്ക്കെന്നപോലെ അവിടുത്തെ പക്കലേയ്ക്കു കുതികൊള്ളുന്നു. അവിടുന്നുമായുള്ള ഐക്യത്തിൽ ആത്മാവ് അതിന്റെ സർവ്വസംതൃപ്തിയും സമ്പൂർണ്ണതയും കണ്ടെത്തുന്നു. ദൈവത്തെയാണു മനുഷ്യഹൃദയം നിരന്തരമായി ദാഹിക്കുന്നത്.

മറെറാരുദാഹരണമെടുക്കാം. ഒരു യുവാവു തന്റെ സഹ

ധർമ്മിണിയാകുവാൻ യോഗ്യതയുള്ള ഒരു തരുണിയെ തിരഞ്ഞെടുത്തു് അവൾക്കു പ്രേമാർപ്പണം ചെയ്യുന്നു. ആ പ്രത്യേക യുവതിയെ തിരഞ്ഞെടുക്കുവാൻ ആരും അയാളെ നിർബന്ധിക്കുന്നില്ല. എന്നാൽ ഒരിക്കൽ സ്വയം തിരഞ്ഞെടുത്തു കഴിഞ്ഞാൽപ്പിന്നെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം വീണ്ടും ഉണ്ടായിരിക്കണമെന്നു് അയാൾ ആവശ്യപ്പെടുകയില്ല. മറെറാരാളെ തിരഞ്ഞെടുക്കുന്ന കാര്യത്തെക്കുറിച്ചു ചിന്തിക്കുന്നതുപോലും അയാൾക്കു വെറുപ്പായിരിക്കും. കാരണമറിയാമോ? തൻെറ ഹൃദയേശ്വരിയുമായുള്ള ആജീവനാന്തവും അഭേദ്യവുമായ ഐക്യം തൻെറ ഇച്ഛാസ്വാതന്ത്ര്യത്തിൻെറ മകുടം ചാർത്തലാണെന്നു് ആ പ്രണയസമ്പന്നനു നിശ്ചയമുണ്ടു്. അവളുടെ അടിമയായിരിക്കുകയെന്നതു തൻെറ സ്വാതന്ത്ര്യത്തിൻെറ പാരമ്യമാണെന്നു് അയാൾക്കു ദൃഢബോധമുണ്ടു്. പരമനന്മയെ തിരഞ്ഞെടുത്തു് അതിനു് ആത്മാർപ്പണം ചെയ്യുന്ന മനുഷ്യഹൃദയത്തിനു സംഭവിക്കുന്നതും ഇതുതന്നെ. ആ ദിവ്യപ്രണയമൂർത്തിയെ സ്നേഹിക്കാതിരിക്കുവാൻ അതിനു ശക്തിയില്ല. ഈശ്വരൻെറ പ്രേമമാധുരിയിൽ ലയിച്ചു സ്വയം അങ്ങേക്കടിമയായിത്തീരുന്ന മനുഷ്യാത്മാവു് അങ്ങുമായുള്ള ഐക്യത്തിൽ അതിൻെറ സ്വാതന്ത്ര്യത്തിൻെറ സമ്പൂർണ്ണതയെ ദർശിക്കുന്നു. കാരണം, സർവ്വശക്തനോടുകൂടിയാണു് അതു് ഐക്യം പ്രാപിച്ചിരിക്കുന്നതു് ഇപ്രകാരം ദൈവവുമായുള്ള ഐക്യത്തിൽ മനുഷ്യൻെറ വ്യക്തിവിലാസം മുഴുവനായി വികസിച്ചു പരിപൂർണ്ണതാസ്വാതന്ത്ര്യം അവനു കരഗതമാകുന്നതോടെ ഇച്ഛാസ്വാതന്ത്ര്യം സമാപിക്കുന്നു. ദൈവികനിയമം ലംഘിക്കുവാനുള്ള കപടസ്വാതന്ത്ര്യത്തിനും അറുതിവരുന്നു. എന്തുകൊണ്ടെന്നാൽ പാപം ചെയ്യുവാനുള്ള കഴിവു സ്വാതന്ത്ര്യത്തിൻെറ അടയാളമാണെങ്കിലും ഒരിക്കലും പാപം ചെയ്യാതിരിക്കുവാനും നിരന്തരമായി സ്നേഹിക്കുവാനുമുള്ള കഴിവാണു് അതിനെക്കാൾ ഉൽകൃഷ്ടമായ സ്വാതന്ത്ര്യം.

സൃഷ്ടവസ്തുക്കളെ കാലാകാലത്തോളം തിരഞ്ഞെടുത്തു കൊണ്ടിരിക്കുവാനോ തിരഞ്ഞെടുപ്പിനുള്ള അവകാശം ഒരു സർവ്വാധിപത്യരാഷ്ട്രത്തിനു വച്ചൊഴിയുവാനോ ഉള്ള സ്വാതന്ത്ര്യത്തെയല്ല മനുഷ്യനാഗ്രഹിക്കുന്നതു്. അവൻെറ നോട്ടം മുഴുവൻ മറെറാന്നും പിന്നീടു തിരഞ്ഞെടുക്കേണ്ടതായി വരുകയില്ലാത്തവിധത്തിലുള്ള ഒന്നിനെ തിരഞ്ഞെടുക്കുവാനാണു്. ഒന്നിനെ പ്രാപിക്കുമ്പോൾ മറെറാന്നിനെ ആരായുവാൻ നാം നിർബന്ധിതരാകുന്നു. ഈ നിരന്തരതൃഷ്ണയിൽനിന്നു മനുഷ്യഹൃദയത്തെ മോചിപ്പിക്കുന്ന സാക്ഷാത്തായ സ്വാതന്ത്ര്യത്തെയാണു് നാം കൊതിക്കുന്നതു്.

അന്വേഷണത്തിൽ ഒരാനന്ദമുണ്ടു്. കണ്ടെത്തലിലും ഒരാനന്ദമുണ്ടു്. രണ്ടിനുംവേണ്ടി നാം അങ്ങോട്ടുമിങ്ങോട്ടും ഓടുകയാണു്. പക്ഷേ, ഈ രണ്ടുതരം ആനന്ദങ്ങളും ഒരുമിച്ചു നമുക്കു തരുവാൻ ലോകത്തിലുള്ള ഒരു വസ്തുവിനും സാധിക്കുകയില്ല. വേട്ടമൃഗത്തെ പിടിക്കാമെന്നുള്ള പ്രതീക്ഷയാണു നായാട്ടിലുള്ള രസത്തിൻെറ ആധാരം. ഓടിച്ചു മൃഗത്തെ പിടികിട്ടിയെന്നുള്ളതാണു് അതിനെ കിട്ടുമ്പോളുണ്ടാകുന്ന ആഹ്ളാദം. പക്ഷേ മൃഗത്തെ പിടികിട്ടുമ്പോൾ ഓടിക്കലിലുള്ള ആനന്ദം അവസാനിച്ചുപോകുന്നു. ഒരിക്കലും പിടികിട്ടാത്തപക്ഷം നായാടുന്നതിലും രസമില്ലെന്നു വരും. അതുപോലെ പ്രണയാത്ഥനയുടെ ഉദ്ദേശ്യം വിവാഹമാണു്. എന്നാൽ വിവാഹത്തോടുകൂടി, പ്രണയാത്ഥന ചെയ്യുന്നതിലുള്ള ആനന്ദം അവസാനിക്കുന്നു. ഇതാണു ലോകത്തിലേ അനുഭവം.

ലോകത്തിൽ നാം എത്ര തീവ്രമായി ആഗ്രഹിക്കുന്ന വസ്തുവായാലും അതിനെ പ്രാപിച്ചുകഴിയുമ്പോൾ നമ്മുടെ മനസ്സിനെ പൂർണ്ണമായി തൃപ്തിപ്പെടുത്താൻ അതു് അപയ്യാപ്തമാണെന്നു നമുക്കനുഭവപ്പെടുന്നു. കാരണം മറെറാന്നുമല്ല. ഭൗതികമായ ഏതൊരാഗ്രഹവും അതിൻെറ നിവൃത്തിയിൽ, ഒരുവിധ

ത്തിൽ പറഞ്ഞാൽ, നശിക്കുകയത്രേ ചെയ്യുന്നതു്. ഒരുന്നതമായ ഉദ്യോഗം നാം ആശിക്കുന്നുവെന്നിരിക്കട്ടെ. വളരെയധികം ശ്രമിച്ചു നാം അതു സമ്പാദിച്ചുകഴിയുമ്പോൾ അതു നാം വിചാരിച്ചിടത്തോളം മെച്ചമൊന്നുമല്ല എന്നൊരു ബോധം നമുക്കു ജനിക്കുന്നു. ആത്മാവു് അപരിമിതനന്മയെയാണു് അന്വേഷിക്കുന്നതെന്നതത്രേ ഇതിന്റെ കാരണം. ഒരു സ്വർണ്ണപർവ്വതത്തെ വേണമെങ്കിലും ഭാവനാലോകത്തിൽ നമുക്കു രൂപീകരിക്കാം. എന്നാൽ വാസ്തവലോകത്തിൽ നാം അങ്ങനെയൊന്നു കണ്ടെത്തുകയില്ല. സാധിതമായിത്തീരുന്നതിനോടെ നമ്മുടെ ആഗ്രഹം ഒരു തരത്തിൽ ഭൗതികമായി ഭവിക്കുന്നു. പദാർത്ഥങ്ങൾക്കു സഹജമായ പരിമിതത്വം അതിനുണ്ടാകുന്നു. നാം ആദ്യം മനസ്സിൽ കണ്ട ആദർശവും നമുക്കനുഭൂതമായ ആദർശവും തമ്മിലുള്ള അന്തരം ഉടൻ നാം ഗ്രഹിക്കുന്നു. അതിനോടെ നാം അസംതൃപ്തരായും തീരുന്നു. തന്റെ സർവ്വാഭിലാഷങ്ങളും ലോകത്തിൽവച്ചു സാധിതമായി എന്നു് ആരെങ്കിലും പറഞ്ഞാൽ അയാളുടെ ആശകളും ആദർശങ്ങളും അത്ര താഴ്ന്ന തരത്തിലുള്ളവയായിരുന്നുവെന്നുമാത്രമേ അതിനർത്ഥമുള്ളൂ. അയാളുടെ വിജയം വാസ്തവത്തിൽ പരാജയമാണു്. അഭീഷ്ടസിദ്ധിയിൽ പരിപൂർണ്ണതൃപ്തി അനുഭവപ്പെടാതിരിക്കുകയും ആശിച്ചതു കിട്ടിക്കഴിയുമ്പോൾ കൂടുതൽ ആശ അനുഭവപ്പെടുകയും ചെയ്യുന്നവർ തങ്ങളുടെ വ്യാമോഹത്തിൽനിന്നു യഥാർത്ഥത്തിൽ ഉണരുകയത്രേ ചെയ്യുന്നതു്. കിട്ടിയവസ്തുവിനോടു നമുക്കു തോന്നുന്ന വിപ്രതിപത്തി അഥവാ വിരസത നമ്മുടെ ആത്മാവിന്റെ ദാഹം പൂർണ്ണമായി ശമിച്ചിട്ടില്ലെന്നു സൂചിപ്പിക്കുന്നു. ലോകത്തിലുള്ള ഒരു വസ്തുവിനും തങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കാത്തതുകൊണ്ടു സംപൂർണ്ണസംതൃപ്തി ഒരിക്കലും ഒരിടത്തും സാദ്ധ്യമല്ലെന്നു നിരാശപ്പെടുന്ന ചില വിഷാദാത്മകരുണ്ടു്. ഉപ്പുവെള്ളം എത്ര കുടിച്ചിട്ടും ദാഹം ശമിക്കാത്തതുനിമിത്തം ദാഹം ശമിപ്പിക്കുവാൻ ഒരു

വെള്ളവും ശക്തമല്ലെന്നു വാദിക്കുന്നതുപോലെയത്രേ അതു്.

അന്വേഷണവും സമ്പ്രാപ്തിയും ഒരുമിച്ചു ചേരുന്നതാണു യഥാർത്ഥമായ ആനന്ദം. പക്ഷേ, ഇതെങ്ങനെ സാധിക്കും? അന്വേഷണം ലക്ഷ്യത്തിന്റെ സംപ്രാപ്തിയിലെത്തുകയും ലക്ഷ്യം പ്രാപിച്ചതിനുശേഷവും അന്വേഷണം അവസാനിക്കാതിരിക്കുകയും ചെയ്യത്തക്കവണ്ണം അന്വേഷണവും സമ്പ്രാപ്തിയും തമ്മിൽ എങ്ങനെയാണു യോജിപ്പിക്കുക? ദൈവത്തിനു വേണ്ടി ജീവിക്കുകയും അങ്ങയെ കണ്ടെത്തുകയും ചെയ്യുന്ന സുകൃതികളുടെ ആത്മാക്കൾക്കുമാത്രമേ ഇതു സാധിക്കൂ. അനന്തജീവനും അനന്തസത്യവും അനന്തസ്നേഹവുമായ ദൈവത്തെ പ്രാപിക്കുന്ന ഒരാത്മാവിന്ന് അങ്ങയുടെ അനന്തതയുടെ ആഴം അളക്കുന്നതിന്ന് അനന്തകാലം വേണ്ടിയിരിക്കുന്നു. അങ്ങനെ നിത്യമായ അന്വേഷണവും നിത്യമായ സമ്പ്രാപ്തിയും ഒരുമിച്ചു ചേരുന്ന ഈശ്വരനിൽമാത്രമേ മനുഷ്യാത്മാവു് അതിന്റെ പരമാനന്ദം കണ്ടെത്തുകയുള്ളൂ.

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പരമോൽകൃഷ്ടമായ ഈ ബോധം നമുക്കു നല്കുവാൻവേണ്ടിയാണു ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതു്. അവിടുന്നു് അരുൾചെയ്യുന്നു: "എന്റെ വചനത്തിൽ നിങ്ങൾ ഉറച്ചുനിന്നാൽ നിങ്ങൾ എന്റെ യഥാർത്ഥശിഷ്യന്മാരായിത്തീരും. നിങ്ങൾ സത്യം ഗ്രഹിക്കുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം പ്രദാനം ചെയ്താൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരായിരിക്കും." ജീവിതോദ്ദേശ്യത്തെ ഗ്രഹിക്കുന്നതിലാണു് ഈ സത്യം അടങ്ങിയിരിക്കുന്നതു്. ജീവിതോദ്ദേശ്യമെന്തെന്നറിയാതെ ജീവിക്കുന്നതുകൊണ്ടു പ്രയോജനമില്ലല്ലോ. ഉദ്ദേശ്യം നാം നന്നായി ഗ്രഹിക്കുമ്പോൾ ഏതൽപ്രാപ്തിക്കു് അവലംബിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും നമുക്കറിവുണ്ടാകും. നമുക്കു ജീവൻ സമൃദ്ധമായുണ്ടാകുവാൻവേണ്ടി സ്വ

ശരീരരക്തങ്ങളെ നമുക്കു പ്രദാനംചെയ്ത മിശിഹായുടെ പ്രസാദവരം നമ്മെ ജീവിതലക്ഷ്യത്തിലെത്തിക്കും. അക്കാൽ നമ്മിൽത്തന്നെയല്ല, ദൈവത്തിലാണു നമ്മുടെ അസ്തിത്വത്തിന്റെ കേന്ദ്രം. തിരഞ്ഞെടുക്കുവാനുള്ള കഴിവല്ല, അനന്തമായ പരമനന്മയാണു നമ്മുടെ സ്വാതന്ത്ര്യത്തിന്റെ കാതൽ.

സ്വാതന്ത്ര്യപ്രാപ്തിക്ക് ഇക്കാലത്ത് ഏററവും വലിയ വിലങ്ങുതടിയായി നില്ക്കുന്നതു സ്വന്തം കുററം സമ്മതിക്കുന്ന കാര്യത്തിൽ നമുക്കുള്ള വൈമുഖ്യമാണ്. അന്യർ നമ്മോടു ചെയ്യുന്ന തെററുകളെക്കുറിച്ചു നമുക്കു നല്ല ബോധമുണ്ട്. നാം ചെയ്യുന്നതിൽ എന്തെങ്കിലും തെററുള്ളതായിമാത്രം ഒരിക്കലും തോന്നുകയില്ല. കുററം അന്യന്റെമേൽ ചുമത്തുവാൻ ആധുനികമനുഷ്യർക്കുള്ള വാസന അത്ഭുതാവഹമാണെങ്കിലും സകല കുററത്തിന്റേയും അടിസ്ഥാനമായ സ്വന്തം ദുസ്സ്വാതന്ത്ര്യത്തെ ആരും പഴിക്കാറില്ല. ക്രൈസ്തവോചിതമായ ഭാഷയിൽ പറഞ്ഞാൽ, നമുക്ക് എളിമ തീരെയില്ല. എളിമ ഒരാശ്രിതമനോഭാവമാണ്. അഹങ്കാരമെന്നു പറഞ്ഞാൽ ദൈവത്തെക്കൂടാതെ ജീവിക്കാമെന്നുള്ള മന:സ്ഥിതിയെന്നാണർത്ഥമെങ്കിൽ, വിനയമെന്നു പറയുന്നതു ദൈവത്തോടു ചേർന്നേ ജീവിക്കുവാൻസാധിക്കു എന്നുള്ള ബോധമാണ്. ദൈവത്തിൽനിന്നു വേർപെട്ടാൽ നാം കേവലം അശക്തരും അയോഗ്യരുമാണെന്നുള്ള മഹാസത്യത്തെ വിനയം നമ്മെ സദാ അനുസ്മരിപ്പിക്കുന്നു. തന്മൂലം വിനയമാണു നമ്മുടെ സ്വാർത്ഥസ്നേഹത്തിനുള്ള മറുമരുന്ന്. ലൗകികശക്തിയെ അനുസരിക്കുകയോ അതിന്റെ ബലപ്രയോഗത്തിന് അടിപ്പെടുകയോ ചെയ്യുന്നതിലല്ല വിനയം അടങ്ങിയിരിക്കുന്നത്. നേരേമറിച്ച്, ലോകത്തിനു കീഴ്പ്പെടുവാനുള്ള ഒരു വിസമ്മതമാണു വിനയം. ശരീരം ആയിരം ഇരുമ്പുചങ്ങലകളാൽബന്ധിക്കപ്പെട്ടാലും ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ചിന്തമുഖേന ആത്മാവിൽ നാമനുഭവിക്കുന്ന ആന്തരികസ്വാതന്ത്ര്യമാണു സാക്ഷാത്തായ എളിമ. ഭൗതികപദാർത്ഥങ്ങളിലല്ല,

ആത്മാവിലാണു സ്വാതന്ത്ര്യം അധിഷ്ഠിതമായിരിക്കുന്നതു്. ഭൗതികമായ ലോകത്തിലേയ്ക്കിറങ്ങുന്നവനു സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. അതുകൊണ്ടാണു ക്രിസ്തുവിനെ കുരിശിൽ തറച്ചവർ, അതിൽനിന്നിറങ്ങിവരുവാൻ അങ്ങേയോടാവശ്യപ്പെട്ടതു്. "താഴെയിറങ്ങുക" എന്ന പദം അടിമത്തത്തിന്റെ പര്യായമാണു്. താഴത്തേയ്ക്കിറങ്ങുന്നവൻ ഭൂമിയിലേയ്ക്കും വിദ്വേഷത്തിലേയ്ക്കുമാണു് ഇറങ്ങിവരുന്നതു്.

"ഇറങ്ങിവരിക" എന്നു കുരിശിന്റെ ചുവട്ടിൽനിന്നു് ഏകസ്വരത്തിൽ അവർ വിളിച്ചുപറഞ്ഞപ്പോൾ, തന്റെ കുരിശാരോഹണത്തെക്കുറിച്ചു ക്രിസ്തുനാഥൻ മുമ്പൊരിക്കൽ പറഞ്ഞിരുന്ന മറെറാരു വാക്യത്തിന്റെ പ്രതിധ്വനിയും ആ മലയുടെ മുകളിൽ അലതല്ലുന്നുണ്ടായിരുന്നു: "ഞാനുയർത്തപ്പെട്ടാൽ എല്ലാ വസ്തുക്കളേയും എന്റെ പക്കലേയ്ക്കു ഞാനാകർഷിക്കും." സ്വാതന്ത്ര്യത്തെസംബന്ധിച്ചുള്ള സകല പ്രശ്നങ്ങളും "ഇറങ്ങുക" "ഉയരുക" എന്നീ രണ്ടു പദങ്ങളിൽ സംഗ്രഹിക്കാം. സ്വാതന്ത്ര്യത്തിന്റെ നാശം എപ്പോഴും ഒരവരോഹണമാണു് — ഭൗമികമായ പരിമിതവസ്തുക്കളിലേയ്ക്കുള്ള ഒരിറക്കം. യഥാർത്ഥസ്വാതന്ത്ര്യം 'താഴത്തേയ്ക്കിറങ്ങിവരിക' എന്നു നാം ദൈവത്തോടാവശ്യപ്പെടുന്നതിലല്ല, 'മുകളിലേയ്ക്കുയരുക' എന്നു ദൈവം നമ്മോടാവശ്യപ്പെടുന്നതിലത്രെ അന്തർഭവിച്ചിരിക്കുന്നതു്. സ്വാതന്ത്ര്യപ്രാപ്തി ഒരാരോഹണമാണു് — സത്യത്തിലേയ്ക്കും, ജീവിതലക്ഷ്യത്തിലേയ്ക്കും, വ്യക്തിവിലാസത്തിന്റെ സമ്പൂർണ്ണതയിലേയ്ക്കും, കുരിശിൽ തൂങ്ങുന്ന അവസരത്തിൽപ്പോലും അനുഭവവേദ്യമാകുന്ന ആത്മീയസ്വാതന്ത്ര്യത്തിലേയ്ക്കും ഉള്ള ഒരുൽപതനം. ഒററവാക്കിൽ, സ്വാതന്ത്ര്യം ദൈവത്തിങ്കലേയ്ക്കുള്ള ഒരു കുതിച്ചുയരലാണു്!

L. D. V. M.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M200 SHE.S Acc. No. 11440

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M200
SHE.5

11440

ഷ്രീൽ, മോൺ ഫൾട്ടൽ. ജെ
സ്വാതന്ത്ര്യത്തിലേക്കു.

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No M200 SHE:S Acc. No 11440

Author ഷീൻ, മോൺ. ഫുൾട്ടൺ. ജെ

Title സ്വാതന്ത്ര്യത്തിലേക്ക്

gpura.org